**KOTTAYAM PUBLIC LIBRARY**

Call No M 330.109 Acc. No 82011

Author ഉമ്മൻ തെക്സി

Title വേണാട്ടിന്റെ പുരോഗതി
ചരിത്രത്തിലൂടെ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

DISTRIBUTING LIBRARY
No............
KOTTAYAM.
~~10504~~

# ധനശാസ്ത്ര പുരോഗതി
# ജീവചരിത്രങ്ങളിലൂടെ

[Malayalam]

# DHANASASTRA PUROGATHI JEEVACHARITHRANGALILOOTE

(History of Economic Thought)

By

**PROF: K C. PETER, M. A., LL. B.,**

First Impression - October, 1965

Copyright to the author

Copies 1000

Publishers:

**C. I. C. C. BOOK HOUSE**

T. B. Road, Ernakulam - Phone: 3557

Printed at

S. D, PRINTING WORKS
Thevara Road, Ernakulam - 6
Phone: 689

Price Rs. 5-00

# ധനശാസ്ത്ര പുരോഗതി
# ജീവചരിത്രങ്ങളിലൂടെ

**പ്രൊഫസ്സർ കെ. സി. പീററർ,**
എം. ഏ , എൽഎൽ. ബി.,

C.I.C.C. BOOK HOUSE
ERNAKULAM

പ്രസാധകർ :

**സി. ഐ. സി. സി. ബുക്ക് ഹൌസ്**

ടി. ബി. റോഡ്, എറണാകുളം

ഫോൺ: 3557

വില: 5—00

330.109
Pet. D.

# ഉള്ളടക്കം

DISTRICT LIBRARY No.......... KOTTAYAM

പേജ്

1. ധനശാസ്ത്രം മൂശയിൽ 1

ആരാണിവർ?—പ്രാകൃതജീവിതത്തിൽ—സമയത്തിലൂടെ പിന്നോട്ട്— ലാഭം—കമ്പോളം—ഫ്യൂഡൽ സമ്പ്രദായം—എവിടെയും പാപ്പർമാർ—പശ്ചാത്തലം— പുതിയ പനി.

2. ആഡം സ്മിത്ത് 36

പ്രാക്തന സംസ്കൃതികളിൽ—വളച്ച്യുച്ചുവളം—മൺ സിദ്ധാന്തം—കോറംബർട്ടിസം— ചില തത്വചിന്തകരം— ഫിസിയോക്രാററുകരം—ആരെല്ലാം ചിരിക്കാതിരിക്കും—വ്യക്തിത്വം—വടിയും പിടിച്ച് കവാത്ത്—ചരിത്രം—ഷേക്സ്പിയർ നല്ല നാടകകൃത്തല്ല—പ്രതിഭാശാലി —പര്യടനം—എടാ നായിന്റെ—ആ ഗ്രന്ഥം—മക്കൻടിലിസത്തെ കൊല്ലാൻ—കമ്പോളസമ്പ്രദായ നിയമങ്ങരം—സ്വാതന്ത്ര്യം: മത്സരം—ഇന്നു് എങ്ങനെ?—ദരിദ്രരുടെ ദാരിദ്ര്യം ധനമാണ്—സമൃദ്ധിയിലേക്ക് — എങ്ങനെ?—സ്വയം പ്രവർത്തിക്കുന്ന സമ്പ്രദായം—കുറച്ചു ഭരിക്കുക—കഴുത്തിലെ കനം —ശാശ്വതമായ സ്മാരകം

3. വൈദികൻ മാറംത്തസ്സ്, ഭാഗ്യവാൻ റിക്കാർഡോ 66

ജനസംഖ്യ കൂട്ടുവാൻ—ഗോഡ്‌വിന്റെ സ്വപ്ന സ്വർഗ്ഗം—ആ ഗ്രന്ഥം—റിക്കാഡോ കണ്ട ലോകം—ധാന്യ നിയമങ്ങരം —ഉണക്ക റൊട്ടിയേ കിട്ടൂ—അപ്രഖ്യാപിത യുദ്ധം—അവരെ കാണുക—വിവാഹം വേണം; മക്കരം വേണ്ട—ജനന നിയന്ത്രണം—ധനശാസ്ത്രം കീർത്തിനേടി— സുഹൃത്തുക്കരം—പൊട്ടിച്ചിരികരം —ഇത്രയ്ക്കധികം സ്നേഹം!—ഒരു കഥ—ക്ഷേത്രഗണിതവും അങ്കഗണിതവും—ഇവിടെയും അവിടെയും — ചരടുപിടിക്കുന്ന ശക്തികരം — ക്രൂര

ലോകം—എന്തു ലോകം!—ചോദ്യത്തിനല്ല മറുപടി സംഭാവന.

4. യൂട്ടോപ്പിയ 87

ബ്ലിങ്കോയുടെ കഥ—നമ്മെ രക്ഷിക്കുന്നതാര്? സ്വർഗ്ഗം ഇവിടെ—ലോകത്തിൻെറ നന്മയാണ് നയം—യൂട്ടിലിറേററിയനിസം—മുന്നൂറിൽ കുറഞ്ഞ് എനിക്കു വേണ്ട!—കടവും ധനവും—സ്വഭാവത്തിന്മേൽ പ്രേരണ—സഹകരണഗ്രാമം—അമേരിക്കയിലേക്ക്—വീണ്ടും ഇംഗ്ലണ്ടിൽ—സ്പിരിച്വലിസം—ബാബീഫ്—ഇക്കാറിയ—സെയ്ൻറ് സൈമൺ—ജനാധിപത്യസ്നേഹം—കാറൽമാൻ ചക്രവർത്തി ഞാനാണ്—മദാം സ്റ്റെയ്ൽ—ദാരിദ്ര്യത്തിൽ—സിമോണിസം—ഫൂറിയർ—എവിടെയും താളലയം—ഒന്ന് രണ്ട് മൂന്നാം ക്ലാസ്സ്—കൂടെ ബോണസ്സും—പ്രൂധോൺ—ബ്ലാങ്ക്—ഭൂമിയിലേയ്ക്കിറങ്ങിയ സ്വപ്നസ്വർഗ്ഗം.

5. ഡെമോക്രാററിക് സോഷ്യലിസം 113

സിസ്മോണ്ടി—ആർക്കാണീ ധനം?—വിശേഷാനുമാനമാർഗ്ഗം—ആഡം മ്യൂളർ—അഖണ്ഡമാണ് ജീവിതം—ആത്മീയ മൂലധനം—ഫ്രഡറിക് ലിസ്റ്റ്—മൂന്നു തത്വങ്ങൾ—മാത്യു കാരി—ഹെൻറി കാരി—ഒരത്ഭുത ബാലൻ—അതിരുകവിഞ്ഞ വിദ്യാഭ്യാസം—ബുദ്ധിക്കു മാത്രം സ്ഥാനം—കാമുകി—മില്ലിൻെറ ഗ്രന്ഥം—തുരുമ്പുപിടിച്ച അനാസ്ഥ—ഭാവിയിൽ ആശ—വൈവിധ്യം വേണം—സങ്കലിത സമ്പദ്വ്യവസ്ഥ—എതിരാളിക്കു സഹായം—ഷോടതിയിൽ സമ്മാനം.

6. കാൾ മാർക്സ് 135

പശ്ചാത്തലം—മാനിഫെസ്റ്റോ എന്തു പറഞ്ഞു? രണ്ടു സുഹൃത്തുക്കൾ—മാർക്സും എൻഗൽസും—മാഞ്ചെസ്റ്ററിൽ—ഹെഗലിയൻ വൈരുദ്ധ്യവാദം—ദ്വന്ദ്വാത്മക ഭൌതികവാദം—സാമ്പത്തിക പ്രക്രിയ—വർഗ്ഗസമരം—ജെന്നി—ലണ്ടനിൽ—മാർക്സും എൻഗൽസും—ആ മഹാഗ്രന്ഥം—രണ്ടു ഗുസ്തിക്കാർ—

പൊൻമുട്ടയിടുന്ന താറാവു്—ദുരന്തനാടകം അവസാനിക്കുന്നു— ഗവമ്മേണ്ടു് അടന്നുവീഴും— അധികവും ശരി— ലോകം വിറച്ചു.

**7. ഹെൻറി ജോർജ്ജു്, ഹോബ്സൺ, മാർഷൽ** 161

കെയർനെസ്—എഡ്ജ്‌വർത്ത്—മനുഷ്യർ സുഖാന്വേഷികൾ—ജെവൺസു്—വെറും ഗവേഷണോപകരണം — മാൻഡ്‌വിൽ— ബാസ്റ്റിയ — ഹാസ്യസമ്രാട്ടു് — ചാടിക്കടിക്കുന്ന പേന— ചായക്കപ്പിലെ കോളിളക്കം — ഞാൻ മരിച്ചിട്ടില്ല!—ഹെൻറി ജോർജ്ജു്—പ്രധാന ലേഖകൻ—ദർശനം! വെളിപാടു! അമിതപാട്ടം എന്ന വില്ലൻ— ഒററമൂലിക— ശരിയോ?—ഒരുത്തൻ— ഭൂരിപക്ഷം — അവസാനത്തെ യാത്ര—ഹോബ്സൺ—അവിശ്വാസി പുറത്തു്!— മോചനമാർഗ്ഗം—സഹിഷ്ണുത യുദ്ധം ഒഴിവാക്കും— ആൽഫ്രഡ് മാർഷൽ—സംഭാവന—ബുദ്ധിപരമായ ട്രാജഡി.

**8. തോർസ്റ്റൻ വെബ്ലൻ: സവിശ്രമവർഗ്ഗം** 188

ജന്മനാ അമേരിക്കൻ—സ്വഭാവവൈചിത്ര്യം— വിശ്വസനീയ ഗുണങ്ങൾ— പരാജയ ചരിത്രം— വായിക്കും, വായിക്കും, തെണ്ടിത്തിരിയും—നിരീശ്വരൻ, അവിശ്വാസി— പ്രൊഫസ്സർ— കാമിനിമാർ, കാമുകിമാർ— വെബ്ളൻെറ ഗ്രന്ഥം— സവിശ്രമ അലസവർഗ്ഗം— ഇന്നു് പണത്തിനു വേണ്ടി—അന്തസ്സിൻെറ അടിസ്ഥാനം— മത്സരത്തിൽനിന്നു ഭദ്രത— ഉല്പാദനയന്ത്രത്തിൻെറ ശത്രു?— ഫാഷിസം— വിവാഹമോചനം — വെബ്ലനിസത്തിൻെറ കാലഘട്ടം— നീണ്ട സാബത്തു്— വിലയിരുത്തൽ—കോമൺസു്—സാമ്പത്തിക സ്ഥാപനങ്ങൾ—മിച്ചൽ.

**9. കെയ്ൻസീയൻ വിപ്ലവം** 212

സാമ്പത്തികത്തകർച്ച — വിഷമവൃത്തം— ഒരു സകലകലാവല്ലഭൻ— ജ്വലിച്ചുയരുന്ന പ്രതിഭ—ഇന്ത്യൻ

നാണ്യപ്രശ്നങ്ങൾ — സൌന്ദര്യറാണി — നിർഭാഗ്യകരമായ സന്ധി— തിരക്കിന്നിടയിൽ വിവാഹം— നാം മരിച്ചുപോയിട്ടുണ്ടാകും— എന്തുകൊണ്ടു് സാമ്പത്തിക ചക്രങ്ങൾ— സമൃദ്ധി അളക്കുക—സമ്പാദ്യവും നിക്ഷേപവും— വ്യാവസായിക സാഹസികത്വം— 'സേഫ്ടി സ്വിച്ച്' അവിടെയില്ല—തകർച്ചയിൽ നിന്നു് രക്ഷ?— ഗവൺമെണ്ടു മുന്നിട്ടുവരണം—പുനരുദ്ധാരണം — ഉയിത്തെഴുന്നേല്പ്— ഹൃദ്രോഗംകൊണ്ടു കുഴപ്പമില്ല— കൈയടികൾ, ഹർഷാരവം— അത്ര ഭാഗ്യമില്ല!—കെയ്ൻസിൻെറ രഹസ്യം.

10. മുതലാളിത്തം നശിക്കുകയാണോ? 237

ക്രി. പി. 2030-ൽ—വിശ്രമവേളയിൽ എന്തു ചെയ്യും?—വർഗ്ഗസമരം നടന്നില്ല, കാരണം?—ഇന്നു് എങ്ങനെ?— അമേരിക്കയിൽ—മുതലാളിത്തം ചലിക്കുന്നു —കോർപ്പറേഷൻ വിപത്തു്—ഇവരുടെ രാജവാഴ്ച—വരുമാനത്തിനുള്ള ടിക്കററുകൾ—ഒരു പുതിയ വർഗ്ഗം—ആസൂത്രണ ദോഷങ്ങൾ— ആസൂത്രണമെന്ന നേർവര—ശൃംഖലാബന്ധം—കുമ്പടഞ്ഞു?—ആവശ്യത്തിനു് ജനവദ്ധനയില്ല—നിശ്ചലാവസ്ഥ—ഭാവിഎങ്ങനെ?—കമ്പോളസ്വരൂപം—കുത്തകയുടെ മെച്ചം—സാദ്ധ്യമാണോ?—പ്രചോദനം ഗവൺമെണ്ടിൽനിന്നു്—അടിമത്തത്തിലേയ്ക്കു്.

11. ക്ഷേമരാഷ്ട്രം 258

പുതിയ മതം—കൃത്രിമമായ ആവശ്യം—സമൂഹത്തിൻെറ ആവശ്യങ്ങൾ— എങ്ങോട്ടു്?—മുതലാളിത്തത്തിനു ഭാവിയുണ്ടോ? — നാശം — എന്തുകൊണ്ടു്?—കാരണം സാമ്പത്തികമല്ല—സമൂഹത്തിൻെറ ആവശ്യങ്ങൾ—രണ്ടു ഘടകങ്ങൾ— പൂണ്ണവീക്ഷണം ജീവൻെറ അപ്പം—മൂന്നുതരം രാഷ്ട്രങ്ങൾ — പരിമിതികൾ—പരിവത്തനദശ.

Select Bibliography

സൂചിക

# ധനശാസ്ത്രം മൂശയിൽ

**ധ**നശാസ്ത്രപുരോഗതി ജീവചരിത്രങ്ങളിലൂടെ!

ഏതാണ്ടു മൂന്നു കൊല്ലമായി ഈ ലേഖന പരമ്പരയ്ക്കാവശ്യമായ വിശദവിവരങ്ങൾ ഞാൻ ശേഖരിക്കുവാൻ തുടങ്ങിയിട്ട്. ഭാരിച്ച പണിയാണെങ്കിലും എനിയ്ക്കതിൽ ബഹുരസം തോന്നി.

രസികന്മാരാണ് ഈ ധനശാസ്ത്രജ്ഞന്മാർ. അവർ സാമ്രാജ്യങ്ങൾ പിടിച്ചടക്കിയില്ല, സൈന്യങ്ങളെ നയിച്ചില്ല, കൊല്ലും കൊലയും നടത്തിയില്ല, ചരിത്രത്തിലെ വിധിനിർണ്ണായകങ്ങളായ തീരുമാനങ്ങളെടുത്തില്ല. രാഷ്ട്രത്തിന്റെ സ്നേഹിയ്ക്കപ്പെടുന്ന മഹാന്മാരോ വെറുക്കപ്പെട്ട "വില്ല"ന്മാരോ ആയിരുന്നില്ല അവർ. അവരെ ആരുമത്ര ഗൗനിച്ചില്ല. അവർ ആരേയും ഗൗനിച്ചില്ല!

പക്ഷേ,—സുപ്രധാനമാണ് ഈ 'പക്ഷേ'—ചിറകു വിടർത്തി പറന്ന അവരുടെ ചിന്തകൾ ചരിത്രം സൃഷ്ടിച്ചു. പ്രത്യയശാസ്ത്രങ്ങൾക്കു ജീവൻ നൽകി, സുശക്തവും വിപ്ലവാത്മകവുമായ രാഷ്ട്രീയ-സാമൂഹ്യ പ്രസ്ഥാനങ്ങൾ തൊടുത്തു വിട്ടു. അവരോ, ഒന്നും അറി

ഞ്ഞില്ലെന്ന മട്ടിൽ, യവനികയുടെ പിന്നിൽ കൈയ്യും കെട്ടി കുത്തിയിരുന്നു!

അവരുടെ ബോംബുകൾ പൊട്ടി കിരീടവും ചെങ്കോലും വാളും നിലംപൊത്തി, സാമ്രാജ്യങ്ങൾ തകന്നു, രാഷ്ട്രഘടനകൾ ഛിന്നിച്ചിതറി. വർഗ്ഗം എതിർവർഗ്ഗത്തോടു സമരം ചെയ്തു. നീതിയുടെ ക്രുദ്ധ ശരങ്ങൾ അനീതി സഹിച്ചില്ല. വിപ്ലവം!

ധനശാസ്ത്രജ്ഞന്മാരുടെ ആശയങ്ങളാണു് ബോംബുകളായി മാറിയതു്. സത്യം പറഞ്ഞാൽ അവരിൽ അക്രമപ്രവണതകളില്ല. വെറും ചിന്തകന്മാർ മാത്രമാണവർ. അവരിലധികം പേരും മുഷ്ടി ചുരുട്ടുകപോലും ചെയ്തില്ല. അവരിൽ പ്രമുഖർ ചെറുവിരലനക്കിയില്ല.

## ആരാണിവർ ?

ധനപ്രശ്നങ്ങളാണു് മനുഷ്യരുടെ മേൽ ഏററവുമധികം സമ്മർദ്ദം ചെലുത്തുന്നതു്. വലിയ തത്വജ്ഞാനികളേയും രാജ്യതന്ത്രജ്ഞന്മാരേയും പോലെ ഇവർ പ്രസിദ്ധരാണോ? അല്ല. ഇവരുടെ തർക്കവിഷയങ്ങൾ സാങ്കേതികങ്ങളാണെന്നും മനസ്സിലാവാത്തവയാണെന്നും പൊതുജനങ്ങൾ പറയുന്നു. അതത്ര കാര്യമാക്കേണ്ട. ധനശാസ്ത്രം രസംകൊല്ലിയാണെന്നു വാദിക്കുന്നവർ, പാചകകലയെപ്പററി വായിച്ചു് "കറികൾ കൊള്ളില്ല" എന്നു വാദിക്കുന്നവരത്രേ.

സാമ്പത്തിക പ്രശ്നങ്ങൾ നമ്മെ സദാ അലട്ടുന്നു. അരിയും തുണിയും കിടപ്പിടവും ഏഷ്യൻ ജനതക്കിന്നും

പ്രശ്നങ്ങളാണു്. നമ്മുടെ പ്രശ്നങ്ങളിലധികവും സാമ്പത്തികമാണെന്നിരിക്കെ, ധനശാസ്ത്രജ്ഞന്മാരുടെ ആശയങ്ങൾ ലോകത്തെ വിറപ്പിക്കുവാൻ പര്യാപ്തങ്ങളെന്നിരിക്കെ, നാശങ്ങൾ വാരിവിതറിയ അവരുടെ 'ഹിമാലയൻ' തെററുകൾ അക്ഷന്തവ്യങ്ങളാണെന്നിരിക്കെ, ധനശാസ്ത്രഗ്രന്ഥങ്ങൾ കാണുമ്പോൾ നാം മുഖം തിരിക്കുന്നതു വിഡ്ഢിത്തമാണു്.

പ്രസിദ്ധധനശാസ്ത്രജ്ഞൻ കെയ്ൻസ് പ്രഭു എഴുതി: "തെററായാലും ശരിയായാലും സാധാരണ കരുതാവുന്നതിൽ കൂടുതൽ ശക്തമാണു് ധനശാസ്ത്രജ്ഞന്മാരുടേയും രാഷ്ട്രവിജ്ഞാനപണ്ഡിതന്മാരുടേയും ആശയങ്ങൾ. തീർച്ചയായും, മറെറാന്നുമല്ല ലോകത്തെ ഭരിക്കുന്നതു്. മററുള്ളവരുടെ ചിന്തകൾക്കും ബുദ്ധിപരമായ പ്രേരണകൾക്കും വഴങ്ങുകയില്ലെന്നും പ്രായോഗികതയിൽ മാത്രമാണു് തങ്ങൾ വിശ്വസിക്കുന്നതെന്നും കട്ടംപിടുത്തം പിടിക്കുന്നവർ പലപ്പോഴും ശാസ്ത്രജ്ഞന്മാരുടെ വിലകെട്ട സിദ്ധാന്തങ്ങളുടെ അടിമകളാകാറുണ്ടു്. അശരീരികൾ കേൾക്കുന്ന ഭ്രാന്തന്മാരായ അധികാരികൾ മണ്മറഞ്ഞ ഏതോ ചിന്തകൻെറ ബുദ്ധിയിൽനിന്നു പ്രചോദനം സ്വീകരിക്കുകയാകാം. ആശയങ്ങൾ നമ്മുടെ മേൽ നടത്തുന്ന സാവധാനത്തിലുള്ള ആക്രമണവുമായി തട്ടിച്ചുനോക്കുമ്പോൾ, നിക്ഷിപ്ത താല്പര്യങ്ങളുടെ ശക്തി നാം പർവ്വതീകരിക്കുന്നതായി ബോദ്ധ്യപ്പെടുമെന്നു് എനിക്കുറപ്പുണ്ടു്." അതാണു് വാസ്തവം!

എല്ലാ ധനശാസ്ത്രജ്ഞന്മാരും അത്ര വലിയവരല്ല. അവരെഴുതിയ ഗ്രന്ഥങ്ങളിൽ പലതും വായനക്കാരെ ബോറടിക്കും. അവരിൽ പലരും ചെറിയ കാര്യങ്ങൾക്കു വിശദീകരണം കണ്ടെത്താൻ ഒരു ഡിററക്റ്റീവിൻെറ വ്യഗ്രതയോടെ അനേകായിരം നാഴിക സഞ്ചരിക്കുന്നു. ആ ചെറിയ കാര്യമോ? ആ വഴി സഞ്ചരിച്ചതേയില്ല! തന്നിമിത്തം അവർ ഗർജ്ജിക്കുന്നു, ദേഷ്യപ്പെടുന്നു, ആവലാതിപ്പെടുന്നു, ശാഠ്യം പിടിക്കുന്നു, വിപ്ലവമുണ്ടാക്കുന്നു. അവർ ചെയ്യുന്നതെന്തെന്നു അവർ അറിയുന്നില്ല. അവരോടു് ക്ഷമിക്കുക!

## ഒന്നു്:

ലോകത്തെ പുതുക്കിപ്പണിയാൻ യത്നിച്ച ഈ ശില്പികളെ പരിചയപ്പെടുന്നതു നന്നു്. ഭ്രാന്തൻ ഒരാൾ, പാതിരി മററൊരാൾ, ഊഹക്കച്ചവടക്കാരൻ മൂന്നാമൻ. വിപ്ലവകാരി, പ്രഭു, സൗന്ദര്യാസ്വാദകൻ, നിരീശ്വരവാദി, സഞ്ചാരി—എല്ലാ തരക്കാരും അക്കൂട്ടത്തിലുണ്ടു്. ഏതു രാഷ്ട്രത്തിന്നും തൊഴിലിനും മാനസികഘടനയ്ക്കും അക്കൂട്ടത്തിൽ പ്രതിനിധികളുണ്ടു്. പ്രതിഭാശാലികളും ബോറന്മാരും അവരിൽ കുറവല്ല. അവരിൽ മൂന്നു പേർ കോടിക്കണക്കിനു പണമുണ്ടാക്കി. രണ്ടു പേർ കീർത്തികേട്ട വ്യാപാരികളായിരുന്നു. ഒരുവൻ പട്ടണം തോറും അലഞ്ഞു തിരിയുന്ന വില്പനക്കാ

രനായിരുന്നു. പ്രമുഖനായ ഒരു ധനശാസ്ത്രജ്ഞൻ ഉള്ള തെല്ലാം കളഞ്ഞുകുളിക്കുവാൻ മറന്നില്ല.

ഇവരെപ്പോലെ കലഹിക്കുന്ന മറെറാരു വർഗ്ഗമില്ല. "ആറ് ധനശാസ്ത്രജ്ഞന്മാർ ഒരുമിച്ചാൽ അവിടെ ഏഴ ഭിപ്രായം തലപൊക്കുന്നു," എന്നത്രേ പറയുന്നതു്. ഒരാഠം ജീവിതകാലം മുഴുവനും സ്ത്രീകളുടെ അവകാശ ങ്ങഠംക്കായി വാദിച്ചു. വിചിത്രങ്ങളായ വാദങ്ങഠം അ വരുന്നയിച്ചു: സ്ത്രീകഠം പുരുഷന്മാക്കു് കിടനിൽക്കി ല്ലെന്നു് ഒരാഠം; യോഗ്യന്മാരായി ഞെളിയുന്നവർ അ പരിഷ്കൃതരാണെന്നു് രണ്ടാമൻ; യോഗ്യന്മാരല്ലാത്ത വർ പ്രാകൃതരാണെന്നു് മൂന്നാമൻ. ഏററവും ധനിക നായ ഒരു ധനശാസ്ത്രജ്ഞൻ സ്വകാര്യസ്വത്തു് ദേശസാ ല്ക്കരിക്കണമെന്നു് നിർദ്ദേശിച്ചു. ദരിദ്രനായ മറെറാരാഠം ദാനം നൽകൽ നിരുത്സാഹപ്പെടുത്തണമെന്നു് ആഹ്വാ നം ചെയ്തു. തങ്ങഠം ജീവിക്കുന്ന ലോകമാണു് ഏററ വും നല്ലതെന്നു വാദിച്ച ചിലർ പറയുന്നതു തെറെറന്നു സമർത്ഥിക്കുവാൻ ഏതാനും ധനശാസ്ത്രജ്ഞന്മാർ അവ രുടെ ജീവിതകാലം ചെലവാക്കി.

എന്തായാലും, ഈ ധനശാസ്ത്രജ്ഞന്മാരെ ഒരുമിച്ചു് അണിനിരത്തിയതു് ഒന്നു മാത്രമാണു്: സംഭവിക്കു ന്നതെന്തെന്നു് അഴിച്ചഴിച്ചു പരിശോധിക്കുവാനുള്ള കൌതുകം; എന്താണു് സംഭവിക്കാവുന്നതെന്നു് അ റിയുവാനുള്ള താല്പര്യം.

മഹാന്മാരായ ധനശാസ്ത്രജ്ഞന്മാരിൽ ഒന്നാമനായ ആഡം സ്മിത്തിനെപ്പററി നേരേ പറഞ്ഞു തുടങ്ങണമെന്നായിരുന്നു എൻെറ ആഗ്രഹം.

അതു പററില്ല. അമേരിക്കൻ വിപ്ലവകാലത്തു് ജീവിച്ച പ്രതിഭാശാലിയാണല്ലൊ ആഡം സ്മിത്ത്! എഴുതപ്പെട്ട ചരിത്രത്തിലെ ആറായിരം വഷങ്ങളെടുത്തു, നമുക്കാദ്യത്തെ ധനശാസ്ത്രജ്ഞനെ കിട്ടുവാൻ. എന്തിനായി ലോകം ആറായിരം വഷങ്ങൾ കാത്തു നിന്നു? ഒരദ്ധ്യായമെടുക്കും ഈ പ്രശ്നം കൈകാര്യം ചെയ്യുവാൻ. അതിനാൽ ധൃതിപ്പെടേണ്ട.

## പ്രാകൃതജീവിതത്തിൽ

സുപ്രസിദ്ധമാണു് മരത്തിൽ നിന്നിറങ്ങി വന്ന മനുഷ്യനു് അഭിമുഖീകരിക്കേണ്ടിവന്ന ജീവന്മരണ പ്രശ്നം. സമൂഹാംഗമെന്ന നിലയിൽ അവനു ജീവിക്കണം. ഇന്നു് അവൻ ജീവിക്കുന്നു എന്നതിനത്ഥം, അന്നു് അവൻ ആ വൻപ്രശ്നം പരിഹരിച്ചു എന്നത്രെ. ഭാഗികമായിരുന്നു ആ വിജയം. അല്ലെങ്കിൽ എന്തിനിന്നു് ഏററവും പുരോഗതി പ്രാപിച്ച രാഷ്ട്രങ്ങൾ പോലും ദാരിദ്ര്യവുമായി ഗുസ്തി പിടിക്കുന്നു?

ഈ ഗ്രഹത്തിൻെറ പുറം തൊണ്ടിൽനിന്നു ജീവിക്കുവാനുള്ളതു സമ്പാദിക്കുക എളുപ്പമല്ല. എത്രമാത്രം യത്നിച്ചിട്ടാകും ആദ്യമനുഷ്യർ മൃഗങ്ങളെ മെരുക്കിയെടുത്തതു്! കൃഷിയുടെ പിന്നിലെ രഹസ്യം കണ്ടെത്തി

യതു്! തീയുണ്ടാക്കിയതു്! അതൊന്നും ഓക്കാതെ ഭൂമിയിൽ പറുദീസ പണിയാത്തതിന്നു് അവരെ പഴിക്കാതിരിക്കുക!

വ്യക്തികളുടെ സഹകരണത്തിൽ നിന്നുദിക്കുന്ന സാമൂഹ്യബോധം മനുഷ്യന്റെ നിലനില്പിനു് അത്യന്താപേക്ഷിതമെന്നു വന്നപ്പോറം, അതൊരു വൻപ്രശ്നമായി. സാമൂഹ്യവാസനകറം, പ്രത്യേകിച്ചും സഹകരണബോധം, സ്വന്തമാക്കിയതിനു ശേഷം ഉടലെടുത്ത ഏറുമ്പല്ലല്ലോ മനുഷ്യൻ. സഹകരണം, സ്വാത്ഥ്യം— കടകവിരുദ്ധങ്ങളായ ഈ രണ്ടു പ്രവണതകളും അവനെ ഇരുഭാഗത്തേയ്ക്കും വലിക്കുകയായി. വലിയുടെ ശക്തിയനുസരിച്ചു് അവൻ ഇരുഭാഗത്തേയ്ക്കും തേങ്ങുകയായി. ആ തേങ്ങലിന്റെ തോതു നിർണ്ണയിക്കുന്നതു് സാഹചര്യങ്ങളും!.

പട്ടിണി പ്രാകൃതസമൂഹത്തെ തുറിച്ചുനോക്കി. ആ സമൂഹത്തിലെ വ്യക്തികളുടെ നില അപകടത്തിലായി. തന്നിമിത്തം അവർ ഒത്തൊരുമിച്ചു് വേട്ടയാടി. മീൻ പിടിച്ചു. ഭക്ഷണം സമ്പാദിച്ചു-സ്വാത്ഥ്യത്തിന്റെ വശ്യത കുറഞ്ഞു. സമൂഹത്തിന്റെ ഭദ്രത വ്യക്തിയുടെ നിലനില്പിനു് അനുപേക്ഷണീയമായി. ആവശ്യകതയുടെ സമ്മർദ്ദമാണു് ആഫ്രിക്കൻ നായാടിസ്സമൂഹങ്ങളേയും എസ്കിമോകളേയും സഹകരണത്തിലേക്കു നീക്കിയതു്. ഇത്തരം സാഹചര്യങ്ങളുടെ സമ്മർദ്ദം പുരോഗതി പ്രാപിച്ച സമൂങ്ങളിൽ കുറവായിരിക്കും; സ്വാത്ഥ്യം അത്ര്യധികവും. ഒരു സമൂഹത്തിൽ അധികം പേരും കൃ

ഷി ചെയ്യുന്നില്ലെങ്കിൽ, ഖനനത്തിൽ ഏൎപ്പെടുന്നില്ലെങ്കിൽ, കന്നുകാലികളെ വളൎത്തുന്നില്ലെങ്കിൽ, കൈകൊണ്ടു ജോലി ചെയ്യുന്നില്ലെങ്കിൽ, ആ സമൂഹത്തിലെ വ്യക്തികളുടെ നിലനില്പ് സാമൂഹ്യമായി ഒരാശ്ചൎയ്യമായിരിക്കും

## രണ്ട്:

ആധുനികസമൂഹം ഒട്ടേറെ ആപത്തുകൾ നേരിടുന്നു. കൃഷി നശിച്ചാലോ? ആവശ്യത്തിനു ഭക്ഷണമില്ലെങ്കിലോ? റോഡുണ്ടാക്കുന്നവരും തീവണ്ടിപ്പാത നിൎമ്മിക്കുന്നവരും പണി മുടക്കിയാലോ? ആയിരമായിരം സങ്കീൎണ്ണങ്ങളായ തൊഴിലുകൾ സമൂഹത്തിൽ നടക്കാതെ വന്നാൽ വ്യാവസായികഘടനയുടെ കുത്തഴിയും. എന്താണു് മനുഷ്യർ നാളെ ചെയ്യാൻ പോകുന്നതെന്നു് ഇന്നെങ്ങനെ നാം നിശ്ചയിക്കും? ഒരു ദിവസം പൊടുന്നനെ സമൂഹാംഗങ്ങളെല്ലാം അന്യോന്യം പറയാതെ കാശിക്കു പോകുന്നു, വീട്ടിലിരുന്നു മൌനം ദീക്ഷിക്കുന്നു, വേട്ടയ്ക്കു പോകുന്നു. അങ്ങനെ സംഭവിച്ചെന്നുവരില്ല. എന്നാൽ, അവരിലധികം പേരും ജോലിയെടുക്കാൻ വന്നില്ലെന്നുവരാം. സ്വയംനിൎണ്ണയാവകാശമുള്ള മനുഷ്യൻ ചെയ്യാൻ പോകുന്നതെന്തെന്നു് മുൻകൂട്ടി പ്രവചിക്കുക വയ്യ.

ഈ അനിശ്ചിതാവസ്ഥയെ തരണം ചെയ്യുവാൻ സമൂഹത്തിനു സാധിക്കണം. അതാണു് സമൂഹത്തിന്റെ

ആവശ്യം. നൂററാണ്ടുകളിൽ കൂടി മനുഷ്യനാർജ്ജിച്ച അനുഭവത്തിൻെറ വെളിച്ചത്തിൽ ഈ ആപത്തിനെ നേരിടാൻ മൂന്നു മാർഗ്ഗങ്ങളുണ്ടു്.

## മൂന്നു്:

ഒന്നു്: പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ സംഘടിപ്പിക്കാം. ആചാരവും വഴക്കവും അധികാരമേറെറടുക്കുന്നു. ഇന്നിന്ന ജാതിക്കാർ ഇന്നിന്ന തൊഴിൽ ചെയ്യണമെന്നു് ഇവ വിധിക്കുന്നു. മകൻ അച്ഛൻെറ തൊഴിൽ സ്വീകരിക്കുന്നു. തൊഴിലുകൾ പരമ്പരാഗതമായിത്തീരുന്നു. ഇന്ത്യയിലതാണു് സംഭവിച്ചതു്. ഈജിപ്ഷ്യൻ സമൂഹവിഭജനത്തെപ്പററി ആഡംസ്മിത്തു് പറയുന്നു: "മതപരമായ നിബന്ധനകളനുസരിച്ചു് അച്ഛൻെറ തൊഴിൽ മകൻ പിന്തുടരുന്നു. മകൻ മറെറാരു തൊഴിൽ സ്വീകരിച്ചാൽ അതു ദൈവദൂഷണമാണു്, ധമ്മലംഘനമാണു്; പൊറുക്കാവതല്ല." വ്യാവസായികപുരോഗതി കൈവരാത്ത അല്പവികസിത രാഷ്ട്രങ്ങളിലിന്നും മകൻ ജനിക്കുന്നതു് അച്ഛൻെറ തൊഴിൽവസ്ത്രങ്ങളണിഞ്ഞുകൊണ്ടത്രേ!

രണ്ടു്: കാര്യനിവ്വഹണത്തിൽ ഏററവും കൂടുതൽ കാര്യക്ഷമത കാണിക്കുന്നതു് ഏകാധിപത്യമത്രേ. ഈജിപ്തിലെ പിരമിഡുകളും നമ്മുടെ താജ്മഹലും ആകാശത്തുനിന്നിറങ്ങിവന്നവയല്ല. ഏകാധിപത്യരാഷ്ട്ര

ത്തിൽ ഏതു പഞ്ചവത്സര പദ്ധതിയും വിജയിക്കും. മു കളിൽ നിന്നു വരുന്ന ആജ്ഞകൾ അനുസരിച്ചേ മതി യാകൂ. ആജ്ഞകൾ വഴി ജനതയുടെ സാമ്പത്തിക നി ലനിൽപ്പു ഭദ്രമാക്കാം, കല്ലിട്ടുറപ്പിക്കാം.

ഈ രണ്ടു മാർഗ്ഗങ്ങൾക്കും അവയുടേതായ മെച്ചങ്ങ ളുണ്ടു്. രാഷ്ട്രങ്ങൾ ഇവയിലേതെങ്കിലും ഒരു മാർഗ്ഗം സ്വീകരിച്ചു. നൂററാണ്ടു് നൂററാണ്ടിനെ ഓടിച്ചു പുറം കടത്തുകയായി. ആജ്ഞയോ പാരമ്പര്യമോ ഈ സാ മ്പത്തികപ്രശ്നം കൈകാര്യം ചെയ്ത കാലത്തോളം ധന ശാസ്ത്രത്തിൻെറ ആവശ്യമില്ലായിരുന്നു. അവിശ്വസ നീയമായ വൈവിദ്ധ്യത്തിൽ കൂടിയും വൈചിത്ര്യ ത്തിൽ കൂടിയും ലോകചരിത്രം മുന്നോട്ടു നീങ്ങി. പല സമൂഹങ്ങളും അവയുടെ രാജാക്കന്മാരേയും വർഗ്ഗാധി പന്മാരേയും പുകഴ്ത്തി; അവരുടെ സ്തുതിഗീതങ്ങൾ പാ ടി. ഉണക്കമത്തിയേയും കന്നുകാലികളേയും പണമാ യുപയോഗിച്ച സമൂഹങ്ങൾ കുറവല്ലായിരുന്നു. ഉല്പാ ദിപ്പിച്ച വസ്തുക്കൾ സമം പങ്കുവെച്ചോ മതശാസനങ്ങള നുസരിച്ചു പങ്കുവെച്ചോ സമൂഹത്തിൽ വിതരണം ചെ യ്തു. ആജ്ഞയുടേയോ പാരമ്പര്യത്തിൻേറയോ ശക്തി എപ്പോഴും മുൻതള്ളിനിന്നു. അന്നത്തെ ലോകത്തിലെ പ്രത്യേകതകൾ വിവരിക്കുവാനും പരിഷ്ക്കരിക്കുവാനും വിദഗ്ദ്ധന്മാരെ വേണം—ഭരണതന്ത്രജ്ഞന്മാരെയും ചരി ത്രകാരന്മാരെയും തത്വചിന്തകന്മാരെയും, ധനശാസ്ത്ര ജ്ഞന്മാരെ വേണ്ട!

# നാല്:

മനുഷ്യസമൂഹത്തിന്റെ നിലനില്പിനുള്ള മൂന്നാമത്തെ മാർഗ്ഗം, തയ്യാറെടുത്ത് വേഷംകെട്ടി യവനികയ്ക്കു പുറത്തു കാത്തുനിന്നു. അതു രംഗപ്രവേശം ചെയ്തില്ല. സമൂഹത്തിൽ അതേ സമയം ഒരു പുതിയ പ്രവണത പൊങ്ങിവന്നു: വ്യക്തിസ്വാതന്ത്ര്യം— അവനവനിഷ്ടമുള്ളതു് നിർമ്മിക്കാം, വില്ക്കാം, വാങ്ങാം, ഉപയോഗിക്കാം ഇങ്ങനെ വന്നപ്പോൾ വ്യക്തി അവനു ലാഭകരമായി തോന്നുന്നതു് ചെയ്യുമെന്നായി. ലാഭം—അതായി വ്യക്തിയുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്ന ഘടകം. "മാർക്കററ് (കമ്പോള) സമ്പ്രദായം" രൂപം കൊള്ളുകയായി. ആജ്ഞയുടെ ചാട്ടയും പാരമ്പര്യത്തിന്റെ ചെങ്കോലും വിലപ്പോയില്ല. സ്വതന്ത്രനായ വ്യക്തി, സ്വതന്ത്രമായ കമ്പോളം. മനുഷ്യൻ തൊഴിലെടുക്കുന്നതു് ലാഭമുണ്ടാക്കുന്നതിനായി. മൂക്കുയർത്തിപ്പിടിച്ചു് ലാഭത്തിന്റെ മണം വരുന്നിടത്തേയ്ക്കു് അവൻ പുറപ്പെട്ടുകയായി. ഭൂമിയുടെ ഉപയോഗവും തൊഴിലെടുക്കലും മൂലധനനിക്ഷേപവും വ്യവസായവല്ക്കരണവും എല്ലാം ലാഭം കിട്ടുന്നതിന്നായി. ഈ സാമ്പത്തിക പരിഗണനയിലൂന്നി മനുഷ്യന്റെ നിലനില്പ്. അതായതു്, "കമ്പോള സമ്പ്രദായം" നിലവിൽ വന്നു.

സാമ്പത്തികപരിഗണനയുടെ അടിസ്ഥാനത്തിൽ മനുഷ്യൻ തൊഴിലെടുക്കുവാനും യത്നിക്കുവാനും തുട

ങ്ങിയതോടെ യവനിക ഉയൻ്റു, ധനശാസ്ത്രജ്ഞൻ രംഗപ്രവേശം ചെയ്തു. ഭൂവുടമ, തൊഴിലാളി, മൂലധനമിറക്കുന്നവൻ—ഇവരാരും ആജ്ഞയുടേയോ പാരമ്പര്യത്തിൻേറയോ പ്രേരണയ്ക്കു് കീഴ്പ്പെട്ടങ്ങിയില്ല. ലാഭം: അതിൻെറ പിന്നാലെ തിരിച്ചു. ഭൂമിയും തൊഴിലും മൂലധനവും. പഴയ മൂല്യങ്ങൾ നശിക്കുകയായി. പുതിയ മൂല്യങ്ങൾ രൂപം കൊള്ളുകയായി.

## അഞ്ചു്:

പഴയ ലോകം കുഴഞ്ഞുമറിഞ്ഞു് കീഴ്മേൽ മറിഞ്ഞു. അതുവരെ, കമ്പോളസമ്പ്രദായം ജനിക്കുന്നതുവരെ, ധനശാസ്ത്രജ്ഞൻെറ ആവശ്യമുണ്ടായില്ല; അയാൾ കൈകാര്യം ചെയ്യുന്ന ധനശാസ്ത്രവുമുണ്ടായില്ല. കുഴഞ്ഞു മറിഞ്ഞ സാമ്പത്തിക വ്യവസ്ഥയുടെ പിന്നിലെ രഹസ്യങ്ങൾ കണ്ടെത്തിയതു് ധനശാസ്ത്രജ്ഞനാണു്. അതായതു്, ആജ്ഞയുടേയോ പാരമ്പര്യത്തിൻേറയോ ശക്തി ക്ഷയിക്കുന്നതുവരെ കുഴപ്പമുണ്ടായിരുന്നില്ല. അവനവൻ അവനവൻെറ കാര്യം ലാഭത്തിൻെറ അടിസ്ഥാനത്തിൽ നോക്കുമെന്നു വന്നപ്പോൾ, കുഴപ്പമായി; നിലവിലുണ്ടായിരുന്ന സമ്പദ്‌വ്യവസ്ഥ ശിഥിലീകരിക്കപ്പെട്ടു. ആരാണു് കുഴപ്പമുണ്ടാക്കിയതു്? കമ്പോളസമ്പ്രദായം.

പരമാർത്ഥത്തിൽ ഇതൊരു വിപ്ലവമായിരുന്നു—ആധ്യധികസമൂഹത്തെ മൂശപ്പെടുത്തുന്നതിനു അനുപേക്ഷണീയമായ വിപ്ലവം! ഫ്രഞ്ചു്—അമേരിക്കൻ—റഷ്യൻ വിപ്ലവങ്ങൾ ഇത്രയ്ക്കൂധികം സമൂഹത്തെ തകിടം മറിച്ചില്ല!

## സമയത്തിലൂടെ പിന്നോട്ടു്

ഈ വിപ്ലവത്തിന്റെ പ്രാധാന്യം വ്യക്തമാകണമെങ്കിൽ എച്ചു്. ജി. വെത്സിന്റെ 'സമയയന്ത്ര'ത്തിൽ കയറി നാം സഞ്ചരിക്കണം:

1305: ഫ്രാൻസ്:

ഉത്സവച്ഛന്ത. പുലച്ചയ്ക്കു തന്നെ ആയുധധാരികളായ കാവൽക്കാരുടെ അകമ്പടിയോടെ കച്ചവടക്കാർ സാമാനങ്ങളുമായി എത്തിക്കഴിഞ്ഞു. പല നിറങ്ങളിൽ, വരയുള്ള തുണിക്കൂടാരങ്ങളുയർന്നു. കച്ചവടക്കാർ അന്യോന്യം കൊടുക്കൽ—വാങ്ങലുകളിൽ ഏർപ്പെട്ടിരിക്കുകയാണു്. നാട്ടുകാരെത്തി സാധനങ്ങൾ വാങ്ങാൻ. സിൽക്കു്, ടാഫററ, സുഗന്ധദ്രവ്യങ്ങൾ, വാസനത്തൈലങ്ങൾ, തോൽസ്സാധനങ്ങൾ—എല്ലാം നിരത്തി വെച്ചിട്ടുണ്ടു്. കിഴക്കൻ ലോകത്തിൽനിന്നെത്തിയ സാധനങ്ങളിന്മേലാണു് പ്രഭുക്കന്മാരുടേയും പ്രഭ്വികളുടേയും നോട്ടം. വാങ്ങുന്നതിനോടൊപ്പംതന്നെ അവയുടെ പേരും അവർ ചോദിച്ചു മനസ്സിലാക്കുന്നുണ്ടു്: ദീവാൻ, സിറപ്പു്, ജാർ.

ഒരു ക്രൂടാരത്തിനകത്തേക്കു നമുക്കു കടക്കാം—കണക്കുപുസ്തകങ്ങൾ മേശമേൽ തുറന്നുവെച്ചിരിക്കുന്നു. ഒരു പുസ്തകത്തിൽനിന്നു കച്ചവടക്കാരനിങ്ങനെ വായിച്ചു: "കഴിഞ്ഞ ക്രിസ്തുമസ്സിന്റെ തലേദിവസം ഒരുത്തൻവന്നു 100 സ്വർണ്ണനാണയത്തിനു സാമാനം വാങ്ങി. പണം തന്നതേയില്ല. അവന്റെ പേരു ഞാൻ മറന്നുപോയി" റോമൻ അക്കങ്ങൾ ആണു് അവർ ഉപയോഗിക്കുന്നതു്. കൂട്ടൽപോലും തെററു്. ഹരിക്കൽ ബുദ്ധിപരമായ ഒരു കസത്തും. പൂജ്യത്തിന്റെ ഉപയോഗം അവക്കു പിടിയില്ല. തിരക്കിനു കുറവില്ല. ഒരു വർഷത്തിൽ ഫ്രാൻസിൽ വന്നെത്തുന്ന ചരക്കുകൾ ഇന്നത്തെ ഒരു ഗുഡ്സ് ട്രെയ്നിൽ കയററിയാൽ അതു നിറയുകയില്ല. വെനീഷ്യൻ കപ്പലുകൾ ആകെ ഒരു വർഷത്തിൽ ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ ഇന്നത്തെ ഒരു സാമാനക്കപ്പലിൽ നിറയ്ക്കുവാനുണ്ടാകയില്ല.

1550: ജർമ്മനി: ധാരാളം കച്ചവടച്ചരക്കുകളുമായി, നീണ്ട കോട്ടു ധരിച്ച, താടിക്കാരൻ ആൻഡ്രിയാസ് റിഫ് വരികയാണു്, ബാദനിലെ തന്റെ വീട്ടിലേക്കു്. വളരെ ദൂരം കുതിരപ്പുറത്തു യാത്ര ചെയ്കതിനാൽ ചന്തിയിലെല്ലാം തഴമ്പു പിടിച്ച ആൻഡ്രിയാസ് റിഫിനു് കൊളോൺ നഗരത്തിനും ബേസിൽ നഗരത്തിനുമിടയ്ക്കു 31 സ്ഥലത്തു ചുങ്കം കൊടുക്കേണ്ടി വന്നു.

റിഫ് സന്ദർശിച്ച ഓരോ സമൂഹത്തിനും അതിന്റേതായ നാണ്യമുണ്ടു്, നിയമമുണ്ടു്, നിയമപാല

നരീതിയുണ്ടു്. ബാദൻ ജില്ലയിൽ മാത്രം 112 തരം നീളമളവുകളുണ്ടു്. 92 തരം ചതുരയളവുകളുണ്ടു്. 123 തരം ധാന്യയളവുകളുണ്ടു്, 161 തരം ദ്രാവകയളവുകളുണ്ടു്. 63 തരം മദ്യയളവുകളുണ്ടു്, 83 തരം ഘനയളവുകളുണ്ടു്. പോരേ!

1644: അമേരിക്ക: ബോസ്റ്റൺ കോടതിയിൽ ബഹളം. വിചാരണ നടക്കുന്നു. കൂട്ടിൽ നില്ക്കുന്നതോ? ധനികൻെറ ഏകപുത്രൻ, മതസ്വാതന്ത്ര്യമനുഭവിക്കുവാൻ മാതൃരാജ്യം വിട്ടു് അമേരിക്കയിലെത്തിയവൻ, സുവിശേഷ പ്രാസംഗികൻ, തിയോളജി (ദൈവശാസ്ത്ര) പ്രൊഫസർ—റോബർട്ടു് കീൻ. കുററം: ഒരു ഷില്ലിങ്ങിന്മേൽ ആറു പെൻസ് ലാഭമെടുത്തു. നീചവും വിശ്വാസപ്രമാണങ്ങളെ ലംഘിക്കുന്നതുമായ ഭയങ്കര കുററം! തീരാപ്പാപവും! ഇയാളെ മഹറോൻ ചൊല്ലി ക്രിസ്തുസഭയിൽ നിന്നു് പുറം കടത്തണമോ എന്നതാണു് കോടതി ചർച്ച ചെയ്യുന്നതു്. വിധി: "ഇത്രനാളും സജ്ജീവിതം നയിച്ചു്, ക്രിസ്തു മാർഗ്ഗത്തിലേക്കു ജനങ്ങളെ നയിച്ചു്, മാതൃകാ ജീവിതത്തിൽ സമൂഹത്തിൻെറ അന്തസ്സുയർത്തിയ മിസ്റ്റർ കീനിനു് ഈ കോടതി 200 പവൻ പിഴയിടുന്നു." ലാഭേച്ഛയാൽ പ്രേരിതമായ തൻെറ ഹൃദയം കണ്ണീരോടെ തുറന്നു കാണിച്ചു് അദ്ദേഹം സർവ്വരോടും ക്ഷമ യാചിച്ചു. മി. കീനിനെ ഉദാഹരിച്ചുകൊണ്ടു് പിറേറ ഞായറാഴ്ച പുരോഹിതൻ പ്രസംഗിച്ചു: "ഒന്നു്: കുറഞ്ഞ വിലയ്ക്കു വാങ്ങി,

കൂടിയ വിലയ്ക്കു വിററു—പാപം. രണ്ടു്: വഴിക്കു കച്ചവടച്ചരക്കുകൾ നഷ്ടപ്പെട്ടുകയാൽ കൈവശമുള്ള ചരക്കുകൾക്കു വിലകൂട്ടി—പാപം മൂന്നു്: കൂടിയ വിലയ്ക്കു വാങ്ങേണ്ടി വന്നു എന്ന കാരണത്താൽ അതേ വിലയ്ക്കു വിററു—പാപം." ആ പാപത്തിൻെറ പേരാണു് ദുരാഗ്രഹം!

1670: ഇംഗ്ലണ്ടും ഫ്രാൻസും: ഇംഗ്ലണ്ടിൽ ഏതാനും കച്ചവടക്കാരൊരുമിച്ചു് ഒരു കമ്പനി തുടങ്ങി. കമ്പനിയിലെ പങ്കുകാർ പാലിക്കേണ്ട നിയമങ്ങൾ—ചീത്ത വാക്കു പറയരുതു്, കലഹിക്കരുതു്, ചീട്ടുകളിക്കരുതു് നായാട്ടുനായ്ക്കളെ വളർത്തരുതു്, തെരുവിൽ കൂടി വൃത്തികെട്ട സാധനങ്ങൾ കൊണ്ടുപോകരുതു്. ഇന്നാണു് എങ്കിലോ?

ഫ്രാൻസിൽ നെയ്ത്തുവ്യവസായം വളർന്നു. 1666-ൽ കോൾബർട്ടിൻെറ നിയമം വന്നു—തുണിയിൽ ഇത്രയിത്ര നൂലുണ്ടാകണം. അല്ലെങ്കിൽ ആ തുണിയെല്ലാം കണ്ടു കെട്ടും. മൂന്നാം പ്രാവശ്യം ഈ കുററം ചെയ്യുന്നവരുടെ വസ്തുവഹകളെല്ലാം ഗവമ്മേണ്ടിലേയ്ക്കു കണ്ടുകെട്ടുന്നതാണു്.

ഇത്രയും പറഞ്ഞതിൽ നിന്നു് രണ്ടു കാര്യങ്ങൾ സ്പഷ്ടമാണു്: ഒന്നു്—ധനവ്യവസ്ഥ ലാഭത്തിൻെറ അടിസ്ഥാനത്തിലല്ലായിരുന്നു. രണ്ടു്—രാഷ്ട്രീയവും സാമൂഹ്യവും മതപരവുമായ ഘടകങ്ങൾക്കുള്ളിൽ സാമ്പത്തിക ഘടകം ഒളിച്ചിരുന്നു.

## ലാഭം

ലാഭം—അതു് പുതിയ ഒരാശയമത്രേ. കൗതുകമുള്ളതെല്ലാം സ്വന്തമാക്കുവാൻ വെമ്പുന്ന ഒരു ജീവിയാണു് മനുഷ്യൻ; അവൻ കച്ചവടക്കാരനെപ്പോലെ പെരുമാറും എന്നെല്ലാം നമുക്കിപ്പോൾ തോന്നും. ലാഭേച്ഛ—അതിനു മനുഷ്യനോളം പഴക്കമുണ്ടെന്നു നമുക്കു തോന്നിപ്പോകുന്നു. പരമാർത്ഥമതല്ല. ലാഭമുണ്ടാക്കുക എന്ന ആശയം ഇന്നും ലോകത്തിലെ ഭൂരിപക്ഷം രാഷ്ട്രങ്ങളും സ്വീകരിച്ചു കഴിഞ്ഞിട്ടില്ല. പതിനേഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന കച്ചവടക്കാരനും വൈദ്യനും സംഗീതപണ്ഡിതനും രാഷ്ട്രീയ ഗണിതം (Political Arithmetic) എന്ന വിജ്ഞാനശാഖയുടെ സ്ഥാപകനുമായ സർ വില്യം പെററി എഴുതുന്നു: "കൂലി കൂട്ടിയാൽ തൊഴിലാളികളുടെ സംഖ്യ കുറയും. എന്തുകൊണ്ടെന്നാൽ അവർ തിന്നും കുടിച്ചും രസിച്ചും, പണിയെടുക്കാൻ കൂട്ടാക്കില്ല." വങ്കത്തം? അല്ല, അദ്ദേഹം ഒരു സത്യം എടുത്തു കാണിക്കാൻ ശ്രമിച്ചെന്നേയുള്ളു. ഇന്നും അല്പവികസിതരാജ്യങ്ങളിലെ സ്ഥിതിയിതാണു്. അറിവില്ല. യന്ത്രശാലയ്ക്കകത്തു നിന്നാൽ ശ്വാസം മുട്ടും, സ്വഗ്രാമം വിട്ടുപോകാൻ തയ്യാറില്ല. ഉയന്ന ജീവിതനിലവാരത്തിലുന്നമില്ല. പഴയ സംസ്കാരങ്ങളും മധ്യശതകങ്ങളിലെ സംസ്കാരങ്ങളും ലാഭമെന്ന ആശയത്തിനു് വില കല്പിച്ചില്ല. നവോത്ഥാന-നവീകരണ കാലഘട്ടത്തിൽ ഈ ആശയത്തിന്നു് ലഘുവായ സ്വീ

കരണം ലഭിച്ചു. അച്ചടിപോലെ പുതിയൊരു കണ്ടു പിടുത്തമാണു് ലാഭേച്ഛ.

ലാഭക്കൊതിക്കു് അംഗീകാരം നൽകുവാൻ രാഷ്ട്ര ങ്ങൾ തയ്യാറായില്ല. ക്രിസ്ത്യാനി കച്ചവടക്കാരനാകാൻ പാടില്ല. ഷേക്സ്പിയരുടെ കാലത്തു് സാധാരണക്കാ രൻെറ ചുമതല സ്വന്തം ധനസ്ഥിതി മെച്ചപ്പെടുത്തു കയില്ല, അതു നിലനിർത്തുകയായിരുന്നു. അമേരിക്ക യിൽ കുടിയേറിപ്പാർത്ത തീർത്ഥാടകരെ സംബന്ധിച്ചി ടത്തോളം, ലാഭമെടുക്കുന്നതു് ചെകുത്താനു് വഴിപ്പെട ലായിരുന്നു.

ലോകത്തിൻെറ ആദ്യദശതൊട്ടു് ധനമുണ്ടായി രുന്നു; ധനമുണ്ടാക്കാനുള്ള ആഗ്രഹവും. ഈ ആഗ്രഹ ത്തിനു കുറച്ചു പേർ വഴങ്ങിക്കാണും — ഫിനീഷ്യൻ നാവികർ, വെനീഷ്യൻ വ്യാപാരികൾ, റോമിലെ ഊ ഹക്കച്ചവടക്കാർ, സ്പാനിഷ്—പോർത്തുഗീസ് സാഹ സികന്മാർ. എന്നാൽ ലാഭേച്ഛ സാർവ്വത്രികമല്ലായി രുന്നു. പതിനാറാം ശതകത്തിലെ പ്രസിദ്ധബാങ്കുടമക ളാണു് ഫ്യൂഗ്ഗർ കുടുംബം. അവർ സ്വർണ്ണം വെള്ളി ഖനി കൾ സ്വന്തമാക്കി, പല രാഷ്ട്രങ്ങളിലും കച്ചവടം ചെ യ്യാനുള്ള അവകാശം വാങ്ങി. ചക്രവർത്തിമാർക്കു് യുദ്ധം ചെയ്യാൻ പണം കടംകൊടുത്തു. പ്രായാധിക്യം മൂലം ആൻടൺ ഫ്യൂഗ്ഗർ മരിച്ചു. അദ്ദേഹത്തിൻെറ പിൻ ഗാമികളായ ഹാൻസജേക്കബും ജോർജ്ജും ക്രിസ്റ്റോഫറും കുടുംബവ്യവസായം ഏറെറടുത്തില്ല. ആഢംസ്മിത്തിനു

രണ്ടു നൂററാണ്ടു മുമ്പുവരെ പണമുണ്ടാക്കുവാൻ ശ്രമി ക്കുന്നവൎക്ക് സമൂഹത്തിലെ സ്ഥാനം നഷ്ടപ്പെട്ടിരുന്നു. ലാഭേച്ഛക്കെതിരായി സാമൂഹ്യവ്യവസ്ഥയും മതവും പൊരുതി. ഇഹത്തിലെ ജീവിതം പരലോക ജീവി തത്തിന്നുള്ള തയ്യാറെടുക്കലെങ്കിൽ, പണമുണ്ടാക്കിയി ട്ടെന്തു കാര്യം? കമ്പോള സമ്പ്രദായം—അതിനെപ്പററി ആരും കേട്ടിട്ടുപോലുമില്ല; കേൾക്കാനിഷ്ടപ്പെട്ടുമില്ല.

## കമ്പോളം

കമ്പോളത്തിനും മനുഷ്യനും പ്രായമൊന്നാണു്. മനുഷ്യസമുദായത്തോളം പഴക്കമുണ്ടു് കമ്പോളത്തിനു്. സാധനങ്ങൾകൊടുത്തു സാധനങ്ങൾ വാങ്ങുന്ന "ബാർട്ടർ" സമ്പ്രദായത്തിനു വളരെ പഴക്കമുണ്ടു്. ആഫ്രിക്കൻ ചോദിക്കും: "എത്ര കന്നുകാലികളെ തന്നാൽ ആ പെ ണ്ണിനെ തരും?" അപരിഷ്കൃതൻ? ശരി തന്നെ. പ രിഷ്കൃതരായ നാം ചോദിക്കുന്നതു മറിച്ചാണെന്നുമാത്രം: "എത്ര രൂപ തന്നാൽ ആ ചെറുക്കനെ തരും?"

കമ്പോളത്തിൻെറ ഉദ്ദേശം കൈമാറലാണു്, കൊ ടുക്കൽ - വാങ്ങലാണു്. കമ്പോള സമ്പ്രദായം കൊടു ക്കൽ - വാങ്ങലല്ല, ജനസമൂഹത്തെ വളൎത്തുവാനും നില നിൎത്തുവാനും ഉയൎത്തുവാനുമുള്ള ഉപാധിയാണു്. ലാ ഭേച്ഛ സമൂഹത്തെ ഒരുമിപ്പിച്ചെന്നു പറഞ്ഞാൽ പറ ഞ്ഞവൻ ഭ്രാന്തനാണെന്നു് അക്കാലത്തുണ്ടായിരുന്നവർ വിധിക്കും. കാരണം, ഉല്പാദനത്തിനു് അത്യന്താപേക്ഷി തമായ ആ മൂന്നു ഘടകങ്ങളെ—ഭൂമി, തൊഴിൽ, മൂല

ധനം—സംബന്ധിച്ച് അവക്കൊരു പിടിയുമില്ലായിരുന്നു. എന്നാൽ ഈ മൂന്നു ഘടകങ്ങളും മണ്ണ്, മനുഷ്യർ, ഉപകരണങ്ങൾ എന്ന നിലയിൽ അവിടെത്തന്നെയുണ്ടായിരുന്നു.

## ആറ്:

ഇഷ്ടം പോലെ വില്ക്കുകയും വാങ്ങുകയും ചെയ്യാവുന്ന, പാട്ടം കിട്ടുന്ന, ഭൂമി അവർ കണ്ടില്ല. അന്തസ്സിൻേറയും പദവിയുടേയും അടിസ്ഥാനമായിരുന്നു ഭൂമി. സൈനിക—നീതിന്യായ—ഭരണ സമ്പ്രദായങ്ങളുടെ ഘടന ഭൂമിയുടെ അടിസ്ഥാനത്തിലായിരുന്നു. കൊടുക്കൽ വാങ്ങലുകൾക്കതീതമെന്നു കരുതപ്പെട്ടിരുന്നവയിൽ പെട്ട ഭൂമിയും.

തൊഴിലിൻെറ കഥയും മറെറാന്നല്ല. മണ്ണും മനുഷ്യരും സാമൂഹ്യ വ്യവസ്ഥയിലെ സ്ഥിരതയുള്ള ഘടകങ്ങളായി. തൊഴിലെവിടെ നിക്ഷേപിക്കണമെന്ന് പാരമ്പര്യം അനുശാസിച്ചു. കൂലി നിശ്ചയിക്കുവാൻ തൊഴിലാളി - മുതലാളി മല്പിടുത്തം ആവശ്യമായി വന്നില്ല. തൊഴിൽക്കമ്പോളമെന്നൊന്ന് ഇല്ലായിരുന്നു അന്ന്.

മൂലധനത്തിൻേറയും സ്ഥിതി വ്യത്യസ്തമല്ല. മൂലധനം സ്വകാര്യസ്വത്തെന്ന നിലയിൽ ആദ്യം മുതല്ക്കുണ്ടായിരുന്നു. സ്വകാര്യസ്വത്തുപയോഗിച്ച് പുതിയ

വ്യാവസായിക സംരംഭങ്ങൾക്ക് ആരും തുനിഞ്ഞില്ല. മൂലധനം അപകടപ്പെടുത്തരുതല്ലോ! അവർ മൂലധനം സുരക്ഷിതമാക്കുവാൻ പഴയ ഉല്പാദനമാർഗ്ഗങ്ങൾ മുറുകെ പിടിച്ചു. അതിനാൽ, വൻതോതിൽ തുണിയുല്പാദനം (16-ാം ശതകത്തിൽ) തുടങ്ങിയപ്പോൾ, ഇംഗ്ലണ്ടിലെ വ്യവസായ ഗിൽഡുകൾ രാജാവിൻെറ അടുത്തു് പ്രതിഷേധം രേഖപ്പെടുത്തി. മേന്മയുള്ള വില കുറഞ്ഞ തുണി ഉല്പാദിപ്പിക്കുന്നതു് രാജദ്രോഹമായി. രാജകീയാജ്ഞയനുസരിച്ചു് ഗവൺമെണ്ടു് ഇങ്ങനെ പ്രഖ്യാപിച്ചു: "ഇത്രയധികം കാര്യക്ഷമതയും മൂലധനവും ഒരു ഉല്പാദനശാലയിൽ കേന്ദ്രീകരിക്കുന്നതു് ചീത്ത വഴക്കമാണു്."

## ഫ്യൂഡൽ സമ്പ്രദായം

ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നതിതാണു്: ആജ്ഞയുടേയും പാരമ്പര്യത്തിൻേറയും അടിസ്ഥാനത്തിൽ സമൂഹം കെട്ടിപ്പടുത്ത പഴയ ലോകം ഉല്പാദനത്തിനുവേണ്ട ഘടകങ്ങളെപ്പററി ചിന്തിക്കുകയുണ്ടായില്ല. സ്വയം പ്രവർത്തിക്കുന്ന ഒരു യന്ത്രമായിരുന്നു ഫ്യൂഡൽ സമ്പ്രദായം. ആ യന്ത്രം പ്രവർത്തിപ്പിച്ചതോ? ക്രിസ്ത്യൻ സഭയുടെ മേധാവിത്വവും സമൂഹം അംഗീകരിച്ച നിബന്ധനകളും. വ്യാപാരപ്രഭുക്കളും മതശ്രേഷ്ഠന്മാരും തമ്മിലായിരീ പിന്നീടു് മൽപ്പിടുത്തം. അതും സദാചാരത്തെ സംബന്ധിച്ചു്; സാമ്പത്തിക പരിഗണനകളെ സംബന്ധിച്ചല്ല. അക്കാലത്താണു് ആഡം സ്മിത്ത് ജീവിച്ചിരുന്നതെങ്കിൽ, അദ്ദേഹം ഒരു തത്വ

ചിന്തകനാകുമായിരുന്നു; ധനശാസ്ത്രജ്ഞനാകുമായിരുന്നില്ല. കാരണം, ധനശാസ്ത്രജ്ഞനു ജോലിയൊന്നുമുണ്ടാകില്ല.

നൂററാണ്ടുകളങ്ങനെ നീങ്ങി. പഴയ ലോകം ക്രമേണ ഒരഗ്നിപവ്വതമായുയൎന്നു. മൂളൽ, മുരളൽ, ഗജ്ജനം—അവസാനം അതുപൊട്ടി, സമൂഹഘടനയെ കുലുക്കിപ്പറിച്ചുകൊണ്ടു്. വിപ്ലവം!

പാരമ്പര്യം വഴുതി വീണു. ആജ്ഞ അനുസരിക്കുവാൻ ആളില്ലാതായി. അധികാരിയുടെ അധികാരം നഷ്ടപ്പെട്ടു. വൃക്ഷങ്ങൾ വേരോടെ പറിഞ്ഞു പോന്നു. ദാസനും അടിമയും വേലക്കാരനും അകമ്പടിക്കാരനും തൊഴിലാളിവൎഗ്ഗത്തിലമൎന്നു. സാമ്പത്തിക വനഗൎഭത്തിലെ കാടൻ നിയമങ്ങൾ വേണ്ടിവന്നു, ഭൂവുടമയേയും ധനികനേയും മുതലാളിയാക്കുവാൻ. ലാഭേച്ഛയുടെ അടിസ്ഥാനത്തിൽ തൊഴിലാളിവൎഗ്ഗവും മുതലാളിവൎഗ്ഗവും വികാരഭരിതരായി. അവരിൽ കോപാഗ്നി കത്തിയാളി.

ജീവിതത്തെ കച്ചവടമാക്കി മാററുന്ന ഈ ദുരന്തം ആരും ഇഷ്ടപ്പെട്ടില്ല. ഒരു സമരംതന്നെ വേണ്ടിവന്നു ഈ പുതിയ പരമാൎത്ഥങ്ങളുമായി ലോകം രമ്യപ്പെടുവാൻ.

## ഏഴു്:

1666: ഫ്രാൻസ്: കമ്പോള സമ്പ്രദായം തൊട്ടുതൂവിട്ടതും സാമ്പത്തിക ബന്ധനങ്ങളിൽ വന്നതുമായ പരിവൎത്തനം മുതലാളികൾ ചെറുത്തു.

പുതിയ സങ്കേതവിദ്യയിൽക്കൂടി നെയ്ത്തുവ്യവസായത്തിൽ ഉല്പാദനവൎദ്ധനവു വരുത്തിയാലോ? സാധ്യമല്ല. അതിനെതിരായി നിയമം വന്നു. നിയമം: 'നഗരത്തിലെ ജഡ്ജിമാരുടെ അനുവാദത്തോടുകൂടി മാത്രമേ പുതിയ സങ്കേതവിദ്യ ഒരു നെയ്ത്തുകാരൻ പ്രായോഗികമാക്കാവൂ." ജഡ്ജിമാരോ? തഴക്കവും പഴക്കവുമുള്ള നാലു കച്ചവടക്കാർ, നാലു നെയ്ത്തു സംഘടനാനേതാക്കൾ! അവരുടെ തീൎപ്പ്: "അനുവദനീയമല്ല!'' നെയ്ത്തു വ്യവസായത്തിൽ പുതിയ സങ്കേതമാൎഗ്ഗങ്ങളുപയോഗിക്കുന്നവൻ മററു നെയ്ത്തുവ്യവസായികളെ കുഴപ്പത്തിലാക്കുകയാണു്. അതു വയ്യ.

അതു കഴിഞ്ഞപ്പോൾ ബട്ടൻ വ്യവസായികൾ യുദ്ധകാഹളം മുഴക്കി. എന്തേ? "എന്താണോ? കേട്ടുകേൾവി പോലുമില്ലാത്ത ഏൎപ്പാടു്: തുന്നല്ക്കാർ തുണി കൊണ്ടു് ബട്ടനുണ്ടാക്കുന്നു. ഞങ്ങളുടെ കഞ്ഞി വെള്ളത്തിലായി.''

"അഹാ, അത്രയ്ക്കായോ?'' ഗവമ്മേണ്ടിന്നു കലിവന്നു കലി വരാതിരിക്കുമോ? ബട്ടൻ തൊഴിലാളികൾ സമരത്തിലേക്കു്! തുണിബട്ടനുകളുണ്ടാക്കിയതുന്നല്ക്കാരല്ലേ കാരണമുണ്ടാക്കിയതു്? സമാധാനപാലനം ഗവമ്മേണ്ടിൻെറ കൎത്തവ്യമാണല്ലോ. ഗവമ്മേണ്ടു് ഉത്തരവിറക്കി: "തുണിബട്ടനുണ്ടാക്കുന്നവരെ ഗവമ്മേണ്ടു് പിഴശിക്ഷയ്ക്കു വിധേയരാക്കുന്നതാണു്. തുണിബട്ടനുണ്ടാക്കുന്നവരും അവയുള്ള ഉടുപ്പു ധരിക്കുന്നവരും ശിക്ഷാൎഹരാണു്.''

ഉദ്യോഗസ്ഥന്മാൎക്കധികാരം ലഭിച്ചു, വീട്ടകേറി തുണി ബട്ടനുകൾ കണ്ടെടുത്തു് തൊണ്ടിയാക്കുവാൻ, അവയുടെ ഉടമസ്ഥന്മാരേയും നിൎമ്മാതാക്കളേയും എപ്പോഴും എവിടെവെച്ചും അറസ്റ്റ് ചെയ്തു് ലോക്കപ്പിലാക്കാൻ.

## എട്ട്:

പുതിയ സങ്കേതവിദ്യ ആപല്ക്കരമാണു്. മൂലധനമിറക്കി പഴയ സങ്കേതമാൎഗ്ഗമുപയോഗിക്കുന്ന വ്യവസായങ്ങളെ വളൎത്തുന്നവൎക്കു് ഭീമമായ നഷ്ടമുണ്ടാകും. അതുകൊണ്ടാണു് മൂലധനമിറക്കിയവർ പുതിയ സങ്കേതവിദ്യയെ എതിൎത്തതു്. എളുപ്പത്തിൽ കാലുറ നിൎമ്മിക്കുന്നതിനു് പുതിയ സങ്കേതവിദ്യ കണ്ടുപിടിച്ചവനു 1623-ൽ ഗവൎമ്മേണ്ടു് "പേററൻറ്" നൽകിയില്ല. മാത്രമല്ല, അത്യുന്നതകോടതി അതുപയോഗിക്കുന്നതു് നിയമവിരുദ്ധമാക്കി. വസ്ത്രനിൎമ്മാണത്തിനു കാലിക്കോ ഇറക്കുമതി ചെയ്യുന്നതു് നിയമവിരുദ്ധമാക്കുകയാൽ 16,000 പേൎക്കു് അവരുടെ അന്നന്നത്തെ അപ്പം നഷ്ടപ്പെട്ടു. നിരോധിക്കപ്പെട്ട കാലിക്കോ തുണിയുമായി ബന്ധപ്പെട്ടതിനു് 77 പേർ കൊലമരത്തിലേറി, 55 പേരെ എല്ലു ഞെരിച്ചു കൊന്നു, 631 പേരെ കഠിന തടവിനു വിധിച്ചു. ഒരാളെ മാത്രം കോടതി ശിക്ഷിക്കാതെ വിട്ടു!

## എവിടെയും പാപ്പർമാർ

82011

1600: ഇംഗ്ലണ്ടു്:

പതിനാറാം നൂററാണ്ടിൻെറ അന്ത്യത്തിൽ, സാഹസയാത്രകളുടെ കാലഘട്ടത്തിൽ, ബ്രിട്ടീഷ് രാജ്ഞി എലിസബത്തു് തൻെറ രാഷ്ട്രത്തിൻെറ വിവിധഭാഗങ്ങൾ സന്ദർശിക്കുകയായിരുന്നു. തിരിച്ചുവന്ന രാജ്ഞി ഇങ്ങനെ പ്രസ്താവിച്ചു: "എവിടെയും പാപ്പരായവർ!" ഇംഗ്ലണ്ടിൻെറ നട്ടെല്ലായ സ്വതന്ത്രഭൂവുടമകളെപ്പററിയാണു് രാജ്ഞി പറഞ്ഞതു്: എവിടെയും പാപ്പരായവർ!

എന്താണു് സംഭവിച്ചതു്?

കമ്പിളിക്കു വില കൂടി. കുടിയാന്മാരായ ചെറുകിട കൃഷിക്കാർ തൊഴിലെടുത്തിരുന്ന ഭൂമിയെല്ലാം ഫ്യൂഡൽ പ്രഭു വേലികെട്ടി വളച്ചെടുത്തു് അവിടെ ചെമ്മരിയാടുകളെ വളർത്തുകയായി. 1549-ൽ ജോൺ ഹെയ്സ് രേഖപ്പെടുത്തി: "നാലുതാളുകൾ കാലയാപനത്തിനുപയോഗിയ്ക്കുന്ന ഭൂമി ഒട്ടനവധി ചെമ്മരിയാടുകളും അവയെ നോക്കുന്ന ആട്ടിടയനും കൈയേറിയിരിക്കുന്നു... ഈ ആടുകളാണു് വിപ്ലവകാരികൾ. തിന്നുതീർക്കാൻ പററാത്ത വിധം അവ എണ്ണത്തിൽ വദ്ധിച്ചിരിക്കുന്നു. അവ സ്ഥലം കവർന്നെടുത്തു, കൃഷിക്കാരനെ കരകടത്തി. ഇന്നു് 'ആടു്, ആടു്' എന്നൊന്നേയുള്ളു എവിടെയും."

ബ്രിട്ടനിലെ വേലികെട്ടു പ്രസ്ഥാനം വരുത്തിവെച്ച നാശം സമൂഹത്തിൻെറ അഗാധതലങ്ങളെ സ്പർശിച്ചു. നൂറു കൊല്ലത്തിനുള്ളിൽ ഭൂരിഭാഗം കൃഷിക്കാരും പാപ്പരായി. അധഃപതിച്ച ഈ വിഭാഗം പിന്നത്തെ ഇരുനൂറു വർഷക്കാലം ബ്രിട്ടനെ അലട്ടി. ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ഒരേയൊരു ലഹളയിൽ 3500 ലഹളക്കാർ കൊല്ലപ്പെട്ടു. നേതൃത്വമേറെറടുത്ത റോബർട്ട് കെററ് കൊലമരത്തിൽ തൂങ്ങി. സതർലണ്ട് പ്രഭ്വി 7,94,00 ഏക്കർ സ്ഥലത്തുനിന്ന് 15,000 കൃഷിക്കാരെ കുടിയിറക്കി. അത്രയും സ്ഥലത്ത് 1,31,000 ആടുകൾ വാഴുകയായി. കുടിയിറക്കപ്പെട്ടവർക്ക് പ്രഭ്വി കൃഷിക്കുതകാത്ത രണ്ടേക്കർ ഭൂമി വീതം നൽകി. അമേരിക്കൻ വിപ്ലവത്തിന് അമ്പതു കൊല്ലത്തിനു ശേഷമാണിതു് നടന്നതു്.

## ഒമ്പതു്:

ഈ ദുരന്തനാടകത്തിൻെറ പ്രത്യാഘാതങ്ങളോ? ഭൂമി നഷ്ടപ്പെട്ടവർ പട്ടിണിയായി. വലിയ യന്ത്രവൽകൃതവ്യവസായങ്ങളില്ലായിരുന്നു, അവർക്കുദ്യോഗം നൽകുവാൻ. പാപ്പരായ കൃഷിക്കാരൻ തൻെറ കുടുംബത്തിനു ആഹാരം സമ്പാദിക്കുവാൻ കഴിയാതെ കള്ളനായി, തെണ്ടിയായി, ഭിക്ഷക്കാരനായി, കൂലിക്കാരനായി. പാപ്പരത്തമാകുന്ന വെള്ളപ്പൊക്കം അതാതു പ്രവിശ്യ

യിൽ കെട്ടിനിർത്തുവാൻ പാർലമെൻററ് യത്നിച്ചു. അ ലഞ്ഞു തിരിയുന്നവക്കു കടുത്ത ശിക്ഷ നൽകി. ഇടവ കയിൽനിന്നു കിട്ടുന്ന 'ദുരിതാശ്വാസം' (പട്ടിണിക്കഞ്ഞി) മാത്രം സ്വീകരിക്കുവാൻ അവർ നിർബന്ധിതരായി. ആ ഢംസ്മിത്തിൻെറ സമകാലീനനായ ഒരു സാമൂഹ്യപരി ഷ്കർത്താവു് ശഠിച്ചു, ഈ തെമ്മാടിവർഗ്ഗത്തെ നിലയ്ക്കുനി ർത്തണമെന്നു്. ബ്രിട്ടനിലെ ഭരണാധികാരികൾക്കു ഹൃ ദയമില്ലെന്നല്ല ഇതിൻെറ അർത്ഥം. കമ്പോള സമ്പ്ര ദായത്തിൻെറ നിയമമനുസരിച്ചു്, തൊഴിലാളികൾക്കു്, തൊഴിൽ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന കമ്പോള മാണാവശ്യം. അക്കാര്യം ബ്രിട്ടീഷ് ഭരണാധികാരി കൾ അറിഞ്ഞില്ല തൊഴിലിനേയും മൂലധനത്തേയും വ്യാപാരച്ചരക്കാക്കുന്നതിൽനിന്നു് അവയുടെ ഉടമ സ്ഥന്മാർ വെറുപ്പോടെ ഒഴിഞ്ഞുമാറി.

ഭയങ്കരമായ വേദനയിൽക്കൂടി കമ്പോള സമ്പ്ര ദായം പിറന്നു. ഭൂമി, തൊഴിൽ, മൂലധനം എന്നിവ അതിൻെറ ഘടകങ്ങളായി. കമ്പോള സമ്പ്രദായം സ മൂഹത്തെ ഭരിക്കുകയായി. ബട്ടനുണ്ടാക്കുന്നവക്കു രക്ഷ കിട്ടിയില്ല; തുണിബട്ടനുകൾ വിജയിച്ചു. "പേറെറൻറ്" നിഷേധിക്കപ്പെട്ട ആ സങ്കേതവിദ്യ കാലുറവ്യവസായ ത്തിൻെറ കാതലായി. കാലിക്കോ തുണിയുടെ ഇറക്കു മതി നിർത്താനല്ല, അതിൻെറ കയററുമതി വർദ്ധിപ്പി ക്കുവാൻ ഗവമ്മേണ്ടു് തയ്യാറായി. കമ്പോള സമ്പ്രദാ യത്തിൽ തൊഴിൽ അതർഹിക്കുന്ന സ്ഥാനത്തേയ്ക്കുയർത്ത

പ്പെട്ടു. കമ്പോള സമ്പ്രദായമാകുന്ന യന്ത്രം, 'ലാഭം, ലാഭം, ലാഭം!' എന്ന മന്ത്രമുരുവിട്ടുകൊണ്ടു്, സമൂഹത്തെ സമൃദ്ധിയിലേയ്ക്കു നയിക്കുകയായി.

## പശ്ചാത്തലം

വിപ്ലവാത്മകമായ ഈ പരിവത്തനം—ആജ്ഞയിൽനിന്നും വഴക്കത്തിൽനിന്നും കമ്പോള സമ്പ്രദായത്തിലേക്കു-സാദ്ധ്യമാക്കിയ പശ്ചാത്തലം നാം പരിശോധിക്കേണ്ടതുണ്ടു്. വലിയ പ്രസ്ഥാനങ്ങൾ, വലിയ സംഭവങ്ങൾ, പ്രസിദ്ധരായ ആളുകൾ—ഒന്നും ഈ പരിവത്തനത്തെ സഹായിച്ചില്ല. എങ്കിലും, കമ്പോള സമ്പ്രദായം കരുപ്പിടിക്കുകയുണ്ടായി.

കൃഷിക്കാരുടെ വിപ്ലവങ്ങളും, രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും, ദേശീയ പ്രസ്ഥാനങ്ങളും ഫ്യൂഡലിസംതകത്തു് ദേശീയരാഷ്ട്രങ്ങൾക്കു് രൂപംനൽകി. രാജവാഴ്ച ദേശീയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചു. പൊതുവായ അളവുകൾ, തൂക്കങ്ങൾ, നാണയങ്ങൾ എന്നിവ പ്രചാരത്തിൽവന്നു. കണ്ടെത്തലുകൾക്കും കണ്ടുപിടുത്തങ്ങൾക്കും രാഷ്ട്രം പിന്തുണ നൽകി. 15-ാംനൂററാണ്ടിൽ കൊളംബസ്സ് സ്പാനിഷ് രാജ്ഞി ഇസബെല്ലയുടെ സഹായത്തോടെ സാഹസികമായ കപ്പൽയാത്ര നടത്തി അമേരിക്ക കണ്ടെത്തി. സ്പാനിഷ്-പോത്തുഗീസ്-ഇംഗ്ലീഷ് നാവികർ രാഷ്ട്രത്തിനു വേണ്ടി പുതിയ കരകളും കപ്പൽമാർഗ്ഗങ്ങളും അന്വേഷിച്ചിറങ്ങി.

കൊളംബസ്സ് രേഖപ്പെടുത്തി: "അത്ഭുതകരമായ ഒന്നാണു് സ്വർണ്ണം. അതാക്കുണ്ടോ അവനാണു് മേധാവി. അവന്ന വേണ്ടതെല്ലാം അവൻ സ്വന്തമാക്കുന്നു. സ്വർണ്ണം കൈയിലുണ്ടെങ്കിൽ ആത്മാക്കളെപ്പോലും സ്വർഗ്ഗത്തിലാക്കാം." പേരേ പൊന്നിൻെറ മഹിമ? ഇതായിരുന്നു കമ്പോള സമ്പ്രദായം സ്വീകരിച്ച ലോകത്തിലെ പ്രമാണം. ലോകം ഓടി, പണ (ലാഭ) ത്തിൻെറ പിന്നാലെ. സാഹസിക യാത്രകൾ വഴിയായും സാഹസങ്ങൾ വഴിയായും സർ ഫ്രാൻസിസ് ഡ്രെയ്ക്ക് കൊണ്ടുവന്ന സ്വർണ്ണം കൊണ്ടു് എലിസബത്ത് രാജ്ഞി ഇംഗ്ലണ്ടിൻെറ കടങ്ങൾ വീട്ടി, ബജററിലെ കട-ധനനില സമീകരിച്ചു. ബാക്കി വന്ന ധനം മറുനാടുകളിൽ മൂലധനമായി നിക്ഷേപിച്ചു. 1930-ൽ ബ്രിട്ടന്നുണ്ടായിരുന്ന ഭീമമായ വിദേശധനനിക്ഷേപം ഇതിൽനിന്നത്രേ ഉണ്ടായതു്.

## പത്തു്:

ഫ്യൂഡലിസത്തിൻെറ തകർച്ചയിൽനിന്നു ദേശീയ രാഷ്ട്രങ്ങളുടലെടുത്തു. അവ കമ്പോള സമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചു. അപ്പോഴേക്കും ഇററലിയിൽനിന്നുരുണ്ടുകയററിയ നവോത്ഥാന പ്രസ്ഥാനം യൂറോപ്യരെ ചിന്തിക്കുവാൻ പഠിപ്പിച്ചു. ഏതിനേയും ചോദ്യംചെയ്യുക, യുക്തിക്കു നിരക്കുന്നതു മാത്രം സ്വീകരിക്കുക,

മനുഷ്യത്വത്തിനുവേണ്ടി നിലകൊള്ളുക എന്നീ തത്വങ്ങൾക്കാണ് നവോത്ഥാനം വില കല്പിച്ചതു്. അതോടെ ഇഹലോകവാസം പ്രാധാന്യമുള്ളതായി. അങ്ങനെയെങ്കിൽ, മനുഷ്യനു് ജീവിതാവശ്യങ്ങൾ സാധിച്ചു് സംതൃപ്തനായി ജീവിക്കുവാൻ സാധിക്കണം. മനുഷ്യൻെറ ജീവിതനിലവാരമുയരണം. ദൈവംതന്ന കഴിവുകൾ ഉപയോഗപ്രദമാകുന്നതു് തെററല്ലെന്നു പ്രോട്ടസ്റ്റൻറ് സഭ പ്രഖ്യാപിച്ചു. ധനമാർജ്ജിക്കുന്നതു് ജീവിതസുഖമനുഭവിച്ചു് ദൈവത്തിൻെറ മാർഗ്ഗത്തിൽക്കൂടി മുന്നേറാനാണെങ്കിൽ, അതിൽ തെററില്ല. പക്ഷേ, അവിടെനിന്നൊരിഞ്ചു വേണ്ടു ധനത്തെ ആദ്ധ്യാത്മിക മേന്മയായും ധനികനെ പുണ്യവാളനായും വ്യാഖ്യാനിക്കുവാൻ.

കാലക്രമേണ രാഷ്ട്രത്തിലെവിടെയും ചരക്കുകളെത്തിക്കുവാൻ നഗരങ്ങളേയും ഗ്രാമങ്ങളേയും ബന്ധിക്കുന്ന റോഡുകൾ പുതുക്കുകയായി. ക്രയവിക്രയത്തിൻെറ തോതു വർദ്ധിച്ചു. ജനങ്ങൾ പണമായും കമ്പോളമായും പരിചയപ്പെട്ടു. കണക്കു കൂട്ടലിലും കണക്കുവെയ്ക്കുന്നതിലും കാര്യമായ പുരോഗതിയുണ്ടായി. നാഗരികതയുടെ അനുഗ്രഹങ്ങൾ നാട്ടിൻപുറത്തേക്കു വ്യാപിക്കുകയായി. കമ്പോളസമ്പ്രദായത്തിനു് സ്ഥിരപ്രതിഷ്ഠ ലഭിച്ചു.

# പതിനൊന്നു്:

നവോത്ഥാനം മനുഷ്യനിലുണർത്തിയ ജിജ്ഞാസ കണ്ടുപിടുത്തങ്ങൾക്കും കണ്ടെത്തലുകൾക്കും വഴിതെളിയിച്ചു. സങ്കേതവിദ്യ (Technology) വികാസം പ്രാപിച്ചു. ആഡംസ്മിത്തിനു മുമ്പുതന്നെ അച്ചടിയന്ത്രം, കടലാസ്സുമില്ലുകൾ, കാററാടിയന്ത്രം, താനേ നടക്കുന്ന ക്ലോക്കു്, ഭൂപടങ്ങൾ എന്നിവ നിലവിലുണ്ടായിരുന്നു. പതിനെട്ടാം ശതകത്തിന്റെ പുലരിയിൽ ആഡംസ്മിത്ത് ജനിക്കുവാൻ ഇനിയും 23 വർഷങ്ങൾ കാത്തിരിക്കണം. ലോകം പുതിയ സിദ്ധാന്തങ്ങൾ സ്വീകരിച്ചു. അവയിൽ ചിലതിതാ:

"മനുഷ്യൻ ലാഭമുണ്ടാക്കുവാനിഷ്ടപ്പെടുന്നു."

"അതിനെതിരായി നിയമമില്ല."

"കച്ചവട സമ്പ്രദായത്തിന്റെ കാതൽ ലാഭേച്ഛയാണു്."

ഇത്രയുമായപ്പോൾ, തലയിൽ കണക്കുകൂട്ടലുമായി നടക്കുന്ന "സാമ്പത്തികമനുഷ്യൻ" എന്ന ജീവിയെപ്പററി കേൾക്കുവാൻ തുടങ്ങി. ഏകാന്തതയിൽ മുഴുകിയ ദ്വീപുകളിലെത്തുന്ന 'സാമ്പത്തിക മനുഷ്യരാ"യ റോബിൻസൺ ക്രൂസോമാരെപ്പററി ഗ്രന്ഥങ്ങളിറങ്ങുകയായി.

## പുതിയ പനി

പണമുണ്ടാക്കണം, എങ്ങനേയും പണമുണ്ടാക്കണം—ഈ പുതിയ പനി പടൎന്നുപിടച്ചു. 1718-ൽ ജോൺ ലോ എന്ന സ്കോട്ട്ലണ്ടുകാരനായ സാഹസികൻ മിസിസ്സിപ്പി കമ്പനി തുടങ്ങി. ഉദ്ദേശം: അമേരിക്കൻ പൎവ്വതങ്ങളിൽനിന്നു് സ്വൎണ്ണം ഖനിച്ചെടുക്കുക! ഓഹരികൾ വാങ്ങുവാൻ ആയിരക്കണക്കിനാളുകൾ മുന്നോട്ടുവന്നു. ക്യൂ സമ്പ്രദായം അന്നില്ലായിരുന്നതിനാൽ, 'ശക്തൻ ശേഷിക്കും' എന്ന പ്രാകൃതനിയമം വിജയിച്ചു. തെരുവുയുദ്ധങ്ങൾ നടന്നു, കൊലപാതകങ്ങൾ നടന്നു-ഷെയറുകൾ സ്വന്തമാക്കുവാൻ. ഓഹരികൾ കരിഞ്ചന്തയിൽ വിററു് കൊള്ളലാഭമെടുത്തവർ കോടീശ്വരന്മാരായി. ഓഹരികൾ കൊണ്ടു് കരിഞ്ചന്ത നടത്തിയ ഒരു ഹോട്ടൽ ജോലിക്കാരൻ മൂന്നു കോടി സമ്പാദിച്ചു.

മല കുഴിച്ചാൽ സ്വൎണ്ണം കിട്ടണമെന്നില്ല. കമ്പനി പൊളിഞ്ഞു. ബുദ്ധിയുള്ളവരാരും കഷ്ടപ്പെട്ടുണ്ടാക്കിയ പണം ഈ കമ്പനിയിൽ നിക്ഷേപിക്കില്ല. പണക്കൊതി എന്ന പനി തലയ്ക്കുകൊണ്ടാൽ പിന്നെ രക്ഷയില്ലല്ലോ!

## പന്ത്രണ്ടു്:

കമ്പോളസമ്പ്രദായം ജനിച്ചു കഴിഞ്ഞു. ഇനി അതിനെ കൊന്നു കുഴിച്ചിടാൻ പററില്ല. എവിടെയും

അതിന്നു രക്ഷിതാക്കളുണ്ടായി. മനുഷ്യരുടെ ലാഭേച്ഛ യിലടിയുറച്ച കമ്പോളസമ്പ്രദായം സ്വയം പ്രവൎത്തി ക്കുന്നു. ഇതാണു് 'ക്യാപ്പിററലിസം' അഥവാ മുതലാ ളിത്തം.

മുതലാളിത്തം! അതിനൊരു പുതിയ തത്വശാസ്ത്രം വേണം. ആചാരമോ ആജ്ഞയോ കിരീടം ധരിച്ചി രിക്കുമ്പോൾ ദാരിദ്ര്യം ഒരു പ്രശ്നമല്ല. അരിസ്റ്റോട്ടിൽ എഴുതി: "ജനിക്കുന്ന മണിക്കൂർ മുതൽ ചിലർ അ നുസരിക്കുവാനും ചിലർ ആജ്ഞാപിക്കുവാനും കടപ്പെ ട്ടവരാണു്." നൂററാണ്ടുകളിലെ അനുഭവങ്ങളിൽ കൂടി, അങ്ങനെയല്ല കഥയെന്നു തെളിഞ്ഞു. വേണ്ട പണമു ണ്ടാക്കിയാൽ, കൊളംബസ്സ് പറയുംപോലെ, സ്വൎഗ്ഗ ത്തിൽ കൂടി സീററു പിടിക്കാമെന്നായി.

രാഷ്ട്രത്തിലെ സാഹസികന്മാർ മാത്രമല്ല, കമ്പോള സമ്പ്രദായത്തിന്റെ മുന്നോടികൾ കൂടിയായിരുന്നു കൊ ളംബസ്സും ഡ്രെയ്ക്കും. ആൎത്ഥികപുരോഗതിക്കവർ കളമൊരുക്കി.

പതിനാറും പതിനേഴും ശതകങ്ങളിലെ 'ബുള്ളി യണിസ്റ്റ്സ്' എന്ന പേരിലറിയപ്പെടുന്ന ചിന്തകന്മാർ ശാഠ്യം പിടിച്ചു, സ്വൎണ്ണനിധിയാണു് രാഷ്ട്രത്തെ സ മ്പൽസമൃദ്ധമാക്കുന്നതെന്നു്. പതിനെട്ടാം ശതകത്തിൽ തല പൊക്കിയ രാഷ്ട്രീയഗണിത(Political Arithmetic) പണ്ഡിതന്മാർ സമൎത്ഥിച്ചു, സ്വൎണ്ണനിധിയല്ല, കച്ചവ ടമാണു് രാഷ്ട്രത്തിനു് ധനം നേടിക്കൊടുക്കുന്നതെന്നു്.

അങ്ങനെയെങ്കിൽ, കച്ചവടച്ചരക്കുകളുണ്ടായാലല്ലേ കച്ചവടം ചെയ്യാൻ സാധിക്കൂ? കച്ചവടസാധനങ്ങളുല്പാദിപ്പിക്കുവാൻ തൊഴിലാളികൾ ഇല്ലാതെ പററില്ല. തൊഴിലാളികൾ ദരിദ്രരല്ലെങ്കിൽ അവർ പണിയെടുക്കാൻ വരില്ല. തന്നിമിത്തം തൊഴിലാളികളെ ദരിദ്രരാക്കുക തന്നെ വേണം. 1725-ൽ ഒരു തത്വചിന്തകൻ രേഖപ്പെടുത്തി: "അധികം പേരും കട്ടത്ത യാതനയനുഭവിക്കുന്ന ദരിദ്രരാവുകയത്രേ രാഷ്ട്രത്തിന് ക്ഷേമം നൽകാനുള്ള മാർഗ്ഗം." നല്ല തത്വജ്ഞാനം!

## പതിമൂന്ന്:

പണക്കൊതിയും കമ്പോളസമ്പ്രദായവും സമൂഹത്തിൻെറ കുത്തഴിച്ചു. എല്ലാം താറുമാറായിക്കിടക്കുന്നു! ഈ കുഴപ്പക്കുഴിയിലിറങ്ങി അടുക്കും ചിട്ടയും വീണ്ടെടുത്തു് സമൂഹത്തെ രക്ഷിക്കാൻ ആൎക്കാണു കഴിയുക? എന്താണു് മാർഗ്ഗം? ധാരാളം സ്വൎണ്ണമുണ്ടാക്കിയാൽ മതി എന്നൊരു കൂട്ടർ (ബുള്ളിയണിസ്റ്റ്സ്). കൂടുതൽ വ്യാപാരം—അന്തോണിയോ സേറ വാദിച്ചു. വാങ്ങുന്നതിനേക്കാൾ കൂടുതൽ വില്ക്കുക എന്നായി തോമസ് മൺ. രാഷ്ട്രത്തിൻെറ വ്യവസായവല്ക്കരണം ത്വരിതപ്പെടുത്തുക—ജീൻ ബാപ്റ്റിസ്റ്റ് കോൾബർട്ട് സമൎത്ഥിച്ചു. കൃഷി പ്രോത്സാഹിപ്പിക്കുക — ഫ്രാൻസ്വാ

കെചനെയും ടർഗോട്ടും വാദിച്ചുനോക്കി. അവക്കെല്ലാം അനുയായികളേയും കിട്ടി.

ബുദ്ധിപരമായ ഈ അടിപിടി ഒരു കാര്യം തെളിയിച്ചു—പരുഷവും സ്വയം പ്രവൎത്തിക്കുന്നതുമായ കമ്പോളസമ്പ്രദായത്തിൻെറ രഹസ്യങ്ങൾ ജനങ്ങൾക്കറിയണം. അറിഞ്ഞേ തീരൂ എന്നായി അവർ. ധനശാസ്ത്രജ്ഞൻെറ വരവിനുള്ള സമയമായി.

ആഡം സ്മിത്ത് രംഗപ്രവേശംചെയ്തു. 1776-ൽ 'രാഷ്ട്രങ്ങളുടെ ധനം' (The Wealth of Nations) എന്നു ഗ്രന്ഥം വെളിച്ചം കണ്ടു. അററ്ലാൻററിക് സമുദ്രത്തിനക്കരെ ഒരു ജനകീയ റിപ്പബ്ലിക് രൂപം കൊണ്ടു; ഇക്കരെ ആഡംസ്മിത്തിൻെറ മഹത്തായ ഗ്രന്ഥവും. ചരിത്രം സൃഷ്ടിച്ച രണ്ടു സംഭവങ്ങളാണിവ. ആഡംസ്മിത്തിൻെറ ഭാഷ്യം വായിച്ചവർ കമ്പോളസമ്പ്രദായത്തിൻെറ പിന്നിലെ രഹസ്യങ്ങൾ കണ്ടെത്തി.

# ആഡം സ്മിത്ത്

കിറുക്കനെന്നു് കീർത്തിനേടിയ ആഡം സ്മിത്തത്രേ,
ആധുനികാർത്ഥത്തിൽ, ആദ്യത്തെ ധനശാസ്ത്രജ്ഞൻ.

പത്തൊമ്പതാം നൂററാണ്ടിന്റെ രണ്ടാം പകുതിയിൽ ഇംഗ്ലണ്ടു് സന്ദർശിച്ചവരാരും കിറുക്കനായ ആഡം സ്മിത്തിനെപ്പററി കേൾക്കാതിരുന്നിട്ടില്ല. ഗ്ലാസ്ഗോ സർവ്വകലാശാലയിലെ പ്രൊഫസ്സർ ആഡംസ്മിത്ത്, സാർവ്വത്രികമായ പ്രസിദ്ധി നേടിയില്ലെങ്കിലും, ഇംഗ്ലണ്ടിലെവിടെയും അറിയപ്പെട്ടു. ഫ്രഞ്ചു് വിപ്ലവകാരി വോൾട്ടെയർ അദ്ദേഹവുമായി കാലികപ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ടു്. തത്വചിന്തയിൽ വിപ്ലവാത്മകമായ പരിവർത്തനം വരുത്തിയ സ്കോട്ടിഷ് ചിന്തകൻ ഡേവിഡ് ഹ്യൂം റഷ്യയിൽനിന്നു് വന്നെത്തി ആഡം സ്മിത്തിന്റെ പ്രസംഗങ്ങൾ കേൾക്കുവാൻ.

ഓർമ്മക്കുറവിന്നു് കുപ്രസിദ്ധി നേടിയ ആഡം സ്മിത്ത് എവിടെയും ആളുകളെ ആകർഷിച്ചു, ആനന്ദിപ്പിച്ചു. പ്രസിദ്ധനായ ഒരു സ്നേഹിതനൊന്നിച്ചു് ഗൗരവമേറിയ ഏതോ പ്രശ്നം ചർച്ചചെയ്തുകൊണ്ടു് നടന്നുപോയിരുന്ന ആഡം സ്മിത്ത് ആറേഴടി താഴ്ചയുള്ള ഒരു കുഴിയിൽ വീണുപോയി. സ്നേഹിതൻ തിരിഞ്ഞു നോക്കിയപ്പോൾ പ്രൊഫസ്സറെ കണ്ടില്ല. കുഴിയിൽ നിന്നു് ചർച്ചക്കു വിഷയമായ പ്രശ്നത്തെപ്പററി ഏതാനും വാദങ്ങൾ മാത്രം കേട്ടു. മറെറാരിക്കൽ കൂട്ടുകാരുമൊത്തു് താൻ

തന്നെ റൊട്ടിയും വെണ്ണയും ചേത്തു പാകം ചെയ്തെടുത്ത പാനീയം അകത്താക്കിക്കൊണ്ടിരുന്ന പ്രൊഫസ്സർ പെട്ടെന്നു കുപിതനായി. "ഇതിനുമുമ്പൊരിക്കലും ഇത്ര വഷളായ ചായ ഞാൻ കുടിച്ചിട്ടില്ല. ഏതു തിരുമണ്ടനുണ്ടാക്കിയതാണീ ചായ?'' വ്യക്തിപരമായ ഈ ഓർമ്മക്കേടുകഠം പൊട്ടിച്ചിരികഠംക്കിടയാക്കിയെങ്കിലും, അദ്ദേഹത്തിൻെറ ബുദ്ധിയുടെ വൈശദ്യത്തെ അലങ്കോലപ്പെടുത്തിയില്ല. തികഞ്ഞ ചിന്തകനായി അദ്ദേഹം ജീവിതം തുടന്നു.

## പ്രാക്തനസംസ്കൃതികളിൽ

മനുസ്മൃതി, കൌടില്യൻെറ അത്ഥശാസ്ത്രം, ഹമ്മുറബിയുടെ ശാസനങ്ങഠം, ബൈബിഠം, ഖുർആൻ എന്നിവയിൽ ചില ധനശാസ്ത്രസിദ്ധാന്തങ്ങളുണ്ടു്. അഥീനിയൻ സംസ്കാരം പൂണ്ണപ്രായത്തിലെത്തിയപ്പോഠം തത്വചിന്തകൻ പ്ലാറേറാ തൻെറ ചിന്തകഠംക്കു് പ്രചാരം നൽകി—സമൂഹം സ്വത്തുക്കളുടെ ഉടമയാകണം. സാമ്പത്തികമായ ഉച്ചനീചത്വങ്ങഠം സമൂഹത്തിലുണ്ടാകരുതു്. ആരും സ്വതസ്സിദ്ധമായ വാസനയുള്ളതു ചെയ്തു മററുള്ളവമററുള്ളവക്കു വിട്ടുകൊടുക്കണം. ഓരോരുത്തക്കും അവസരസമത്വം നൽകുമാറു് സ്റ്റേററു് ചെറുതായിരിക്കണം; പണക്കൊതിയെ നിരുത്സാഹപ്പെടുത്തണം. പ്ലാറേറായുടെ ശിഷ്യൻ അരിസ്റ്റോട്ടിൽ കൂടുതൽ ശാസ്ത്രീയമായി ചിന്തിച്ചു: ജീവിതത്തിന്നത്യാവശ്യമായ സാധനങ്ങളാണു് ശരിയായ സ്വത്തു്. നാണയം വേണമെന്നില്ല, കൊടുക്കൽ–വാങ്ങലുകഠം വേണം. കൃഷിയാണു് അത്യുന്നതമായ വ്യവസായം. സ്വത്തു് പൊതുവുടമയിലാക്കുക പ്രായോഗികമല്ല. പ്ലാറേറായെപ്പോലെ സോക്രട്ടീസിൻെറ ശിഷ്യനും യോദ്ധാവും ചരിത്രകാരനുമായിരുന്ന ക്സെനഫോൺ 'ഓയിക്കനോമിഃക്കോസ്' (കുടുംബ വക സ്വത്തുക്കളുടെ ഭരണം) എന്ന ഗ്രന്ഥത്തിൽ പ

റഞ്ഞു: വിദേശവ്യാപാരം വേണം; കച്ചവടം വഴി രാഷ്ട്രത്തിൻെറ ധനം വദ്ധിക്കുന്നു. സമാധാനകാലത്തെ സാമ്പത്തിക പ്രവത്തനങ്ങളാണ് യുദ്ധകാലത്തേതിനേക്കാഠം മെച്ചം. തൊഴിൽ വിഭജനം അത്യന്താപേക്ഷിതമാണ്. സാമൂഹ്യഭദ്രതയ്ക്കുതകുന്ന വ്യവസായങ്ങഠം പൊതുവുടമയിലാക്കണം.

റോമക്കാർ ഇതേ ആശയങ്ങഠം തന്നെ പരിഷ്കരിച്ചു സ്വീകരിച്ചു. റോമാ സാമ്രാജ്യത്തിൻെറ പതനത്തോടെ നാം മധ്യശതകങ്ങളിലേയ്ക്കു കടക്കുകയായി. പാരമ്പര്യത്തിലുറച്ചുനിന്നു ഫ്യൂഡൽ വ്യവസ്ഥ. അരിസ്റ്റോട്ടലിൻെറ ആശയങ്ങളെ ക്രിസ്ത്യൻ സഭ മുറുകെ പിടിച്ചു. ഇക്കാലത്ത് ചിന്താമണ്ഡലത്തെ ഭരിച്ചിരുന്നതു് തോമസ്സ് അക്വിനാസ് പുണ്യവാളനായിരുന്നു. ഒരു സാധനത്തിൻെറ സത്ത അതിൻെറ അളവാണെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി. നീതിപൂർവ്വമായ വിതരണം മിതമായ വില, ന്യായമായ കൂലി എന്നിവയിലദ്ദേഹം ഊന്നി. പലിശ, ലാഭം എന്നിവ നിഷിദ്ധങ്ങളായി. മുതലാളി പ്രവണതകഠം മുളയിൽ തന്നെ നുള്ളുവാൻ ആ കാലഘട്ടം തീരുമാനമെടുത്തു.

## വളച്ചുകെട്ട് വളം

കമ്പോള സമ്പ്രദായം വളരുകയായി. അതിനു സഹായം നൽകുവാൻ പല മഹാന്മാരും ഓടിയെത്തി. ഫ്ളോറൻസ് കാരൻ രാജ്യതന്ത്രജ്ഞൻ നിക്കോളൊ മക്കിയവല്ലി (1469–1527) നൈതികാടിസ്ഥാനത്തിൽ രാഷ്ട്രീയമണ്ഡലത്തിൽനിന്നു പുരോഹിത വർഗ്ഗത്തിൻെറ പ്രേരണകഠം തുത്തുമാററി. ക്രിസ്ത്യൻ സഭയടക്കം എല്ലാ ശക്തികഠംക്കും ഉപരിയാണു സ്റ്റേററു്; സാമൂഹ്യക്ഷേമതത്വങ്ങഠം സാക്ഷാല്ക്കരിക്കുവാൻ യത്നിക്കുന്ന രാജാവു് സദാചാരത്തിനതീതനാണു്. രാഷ്ട്രത്തിൻെറ

ഭദ്രതയും ശക്തിയും പുരോഗതിയും—അവയ്ക്കായി എന്തുപാധികളും രാഷ്ട്രം സ്വീകരിക്കുന്നതിൽ തെററില്ലെന്നദ്ദേഹം സമർത്ഥിച്ചു. മക്കിയവല്ലി മരിച്ച് മൂന്നു വർഷങ്ങൾക്കു ശേഷം ജനിച്ച ഫ്രഞ്ച് പൗരൻ ജീൻബോഡിൻ പറഞ്ഞു, പരമാധികാരം രാജാവിൽ നിന്നനുഭവിക്കുന്നതിനാൽ അദ്ദേഹം നിയമങ്ങൾക്കതീതനാണെന്ന്. ബോഡിൻ മരിക്കുന്നതിനു മുമ്പ് രംഗപ്രവേശം ചെയ്ത ഇററലിക്കാരൻ അൻടോണിയോ സീറ വ്യാവസായികോല്പാദനം കൃഷിയേക്കാൾ മെച്ചമാണെന്ന് വാദിച്ചു.

താമസിയാതെ രാഷ്ട്രത്തിൻെറ ലക്ഷ്യം ധനാർജ്ജനമാണെന്ന തത്വം വ്യാപിക്കുകയായി. "ബുള്ളിയണിസ്റ്റുകൾ" ഇങ്ങനെ വാദിച്ചു: നാണ്യങ്ങളുടെ കാതൽ സ്വർണ്ണവും വെള്ളിയുമല്ലേ? അവ രാജ്യത്തിനു വെളിയിൽ പോകാതെ സൂക്ഷിക്കുന്നതിനോടൊപ്പം വിദേശവ്യാപാരം വഴി കൂടുതൽ വെള്ളിയും സ്വർണ്ണവും സംഭരിക്കണം. പതിനേഴാം നൂററാണ്ടിൽ സ്ഥാപിതമായ ഈസ്റ്റിന്ത്യാകമ്പനി ഈ സിദ്ധാന്തം പ്രായോഗികമാക്കുകയായി. പക്ഷേ, 1613-ൽ സ്വർണ്ണവും വെള്ളിയും കൊണ്ടുപോകുന്ന ഒരു കപ്പൽ നടുക്കടലിൽ മുങ്ങിയതോടെ ഈ തത്വത്തിൻെറ സ്വീകാര്യതയെപ്പററി നാടെങ്ങും വാദപ്രതിവാദമുണ്ടായി.

## മൺസിദ്ധാന്തം

കമ്പനിയുടെ നിലപാട് ന്യായീകരിക്കുവാൻ മുതിർന്നത് കമ്പനി ജോലിക്കാരനും ധനികനായ ലണ്ടൻ കച്ചവടക്കാരൻെറ ഏകപുത്രനും പണ്ഡിതനുമായ തോമസ്സ് മൺ ആണ്. വിദേശവ്യാപാരം കൊണ്ടു മാത്രമേ ഇംഗ്ലണ്ടിൻെറ ധനം വർദ്ധിക്കുകയുള്ളു. അതിന് ഇറക്കുമതി ചെയ്യുന്നതിനേക്കാൾ കൂടുതൽ കയററുമതി ചെയ്യണം. കിട്ടുന്നത് രാഷ്ട്രത്തിന് ലാഭ

മാണ്. ഈ ലാഭമുപയോഗിച്ച് രാഷ്ട്രത്തിന്ന കൂടുതൽ ലാഭ മുണ്ടാക്കാമോ? "തീർച്ചയായും. അതിൽനിന്ന് ഒരു ലക്ഷം പവന് കിഴക്കുനിന്നും കുരുമുളകു വാങ്ങി തുക്കിയിലോ ഇററലിയിലോ ഏഴു ലക്ഷം പവന്നു വില്ക്കുക. ആറു ലക്ഷം പവൻ ലാഭം കിട്ടും. പുറമെ, തൊഴിലാളികൾക്കു ജോലിയും ശമ്പളവും കപ്പൽക്കൂലിയും കിട്ടുന്നു." മൺ ഒരു പടികൂടി ക്കടന്ന് ഇങ്ങനെ വാദിച്ചു: "രാഷ്ട്രത്തിന്നകത്തു പണമധികമാകുമ്പോൾ സാധനങ്ങൾക്കു വില വദ്ധിക്കുന്നു. വിലക്കൂടുതൽ നമുക്കു നഷ്ടം വരുത്തിവെക്കുന്നു. ധനമാജ്ജിക്കുന്നതു കൊണ്ടു നാം നഷ്ടപ്പെടരുതല്ലോ. കിട്ടുന്ന ലാഭം നാം ഉടനടി വിദേശവ്യാപാരത്തിലിറക്കിയാൽ നഷ്ടമുണ്ടാകുകയില്ലെന്നു മാത്രമല്ല, ധാരാളം ലാഭമുണ്ടാകുകയും ചെയ്യും." ചുരുക്കത്തിൽ, പണം രാഷ്ട്രത്തിനകത്തു കെട്ടിക്കിടക്കാതെ (കെട്ടിക്കിടന്നാൽ വില വദ്ധനയാകും ഫലം) അതു വിദേശവ്യാപാരത്തിൽ ഉടൻ നിക്ഷേപിക്കണം.

## കോൾബർട്ടിസം

കട്ടിനാൾ മസ്സാറിൻെറ സ്വകാര്യസ്വത്തുക്കൾ അതിസമത്ഥമായി ഭരിച്ച കമ്പിളിക്കച്ചവടക്കാരൻെറ മകൻ ചെറുപ്പക്കാരൻ ജീൻ ബാപ്ററിസ്റ്റ് കോൾബർട്ടിനെ ഫ്രഞ്ച് ചക്രവത്തി ലൂയി 14-ാമൻ തൻെറ ധനകാര്യമന്ത്രിയാക്കി. 'കോൾബർട്ടിസം' എന്നറിയപ്പെടുന്ന അദ്ദേഹത്തിൻെറ നയം വിജയിച്ചു: ഇറക്കുമതിച്ചുങ്കം അന്യരാജ്യങ്ങളുടെ ചരക്കുകളിന്മേൽ ചുമത്തി ഫാക്ടറികൾക്കു ധനസഹായം ചെയ്ത് ഉല്പാദനം പ്രോത്സാഹിപ്പിച്ച്, കുറഞ്ഞ കൂലിക്കു തൊഴിലാളികളെ കിട്ടുമാറ് ഗതാഗതസൗകര്യങ്ങൾ വികസിപ്പിച്ച്, കണ്ടുപിടുത്തങ്ങൾ ഉപയുക്തമാക്കി, മാതൃകാ വ്യവസായങ്ങൾ സംഘടിപ്പിക്കുവാൻ ഗവമ്മേണ്ടു വക പണം ചെലവുചെയ്തു

വിദേശവ്യാപാരം വർദ്ധിപ്പിച്ചു വെറും പത്തുകൊല്ലം കൊണ്ടു് അദ്ദേഹം ചക്രവർത്തിയുടെ വാർഷികവരുമാനം ഇരട്ടിപ്പിച്ചു. കോളനികളിൽനിന്നു ഫ്രാൻസു് ചുരുങ്ങിയ വിലക്കു് അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങി; ഫ്രാൻസുല്പാദിപ്പിക്കുന്ന ചരക്കുകൾ കോളനികളിൽ വിററഴിച്ചു. 'കോൾബട്ടിസ'മാണു് പിന്നീടു് 'മർക്കൻടലിസ'മായി മാമോദീസ മുങ്ങിയതു്.

## ചില തത്വചിന്തകൾ

അങ്ങേ ലോകത്തിന്റെ മഹത്വത്തിൽ വിശ്വസിച്ചിരുന്ന പഴയ ലോകം ഇഹലോകത്തിന്റെ മഹത്വം വാഴ്ത്തുകയായി. ശാസ്ത്രവും കണ്ടുപിടുത്തങ്ങളും മനുഷ്യസഹായത്തിനോടിയെത്തി. സാഹസങ്ങൾക്കും കണ്ടെത്തൽ യത്നങ്ങൾക്കും മനുഷ്യൻ തയ്യാറായി

പ്രകൃതി! ഒരു പുതിയ ദൈവം. അല്ലെങ്കിൽ ദൈവം പ്രകൃതി നിയമങ്ങളിൽക്കൂടി പ്രവർത്തിക്കുകയാകാം. പ്രകൃതിനിയമങ്ങൾ ലംഘിക്കുകയാലാകാം ദാരിദ്ര്യവും കഷ്ടപ്പാടും മനുഷ്യൻ സഹിക്കേണ്ടിവരുന്നതു്.

പ്രകൃതിനിയമങ്ങൾക്കു വഴങ്ങിയ ആദിമസമൂഹങ്ങൾ കമ്യൂണിസ മാതൃകയിലായിരുന്നുവെന്നു ചിലർ പറഞ്ഞു. അവ വ്യക്ത്യധിഷ്ഠിതമെന്നു മററു ചിലർ ശഠിച്ചു. പതിനേഴാം ശതകത്തിലേയ്ക്കു ലോകം കടന്നു. ഡച്ചുകാരൻ ഹ്യൂഗൊ ഗ്രേഷ്യസ് പറഞ്ഞു, മനുഷ്യൻ അവന്റെ "അടിസ്ഥാനപരമായ സാമൂഹ്യബോധത്തിൽനിന്നു് അനശ്വരവും അവിഭക്തവുമായ അവകാശങ്ങൾ കൈവരുത്തി"യെന്നു്. ജീവശാസ്ത്രപരമായി സ്വാർത്ഥനും സ്വതന്ത്രനുമാണു് മനുഷ്യൻ: തന്മൂലം മനുഷ്യർ തമ്മിൽ ഒരുങ്ങിക്കൂടി ജീവിയ്ക്കേണ്ടി വന്നതിനാൽ, സ്വാഭാവികമായ തങ്ങളുടെ അധികാരാവകാശങ്ങൾ അടിയറവെച്ചു് പൊതുവായ കരാറിൽ കൂടി പരമാധികാരമുള്ള രാഷ്ട്രം

സ്ഥാപിച്ചെന്നു ബ്രിട്ടീഷ് ചിന്തകൻ തോമസ്സ് ഹോബ്ബ്സ് വിശദീകരിച്ചു. പ്രകൃതിദത്തങ്ങളായ ജീവിതത്തിനും സ്വാതന്ത്ര്യത്തിനുമുള്ള അവകാശങ്ങറം അടിസ്ഥാനമാക്കി ഉത്തരവാദഭരണമുണ്ടായെന്നും സ്വന്തം തൊഴിലിൻെറ ഫലമനുഭവിക്കുവാൻ മനുഷ്യനവകാശമുണ്ടെന്നും ജോൺ ലോക് വാദിച്ചു. ഫ്രഞ്ച് രാഷ്ട്രത്തെ വിപ്ലവത്തിലേക്കു നയിച്ച ജീൻ ജാക്ക് റൂസ്സോ പ്രകൃതിക്കു കീഴ്‌വഴങ്ങി ജീവിച്ചിരുന്ന മനുഷ്യർ "നല്ലവരും സമന്മാരും സ്വതന്ത്രരും" ആയിരുന്നെന്നു സമർത്ഥിച്ചു. ഈ സിദ്ധാന്തങ്ങറം അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിൻെറ ശില്പികളിൽ പ്രമുഖനായ തോമസ്സ് ജെഫേർസനെ ഹഠാദാകർഷിച്ചു. ചരിത്രപ്രസിദ്ധമായ ഈ സ്വാതന്ത്ര്യപ്രഖ്യാപനരേഖയിൽ അവർ പറഞ്ഞു: ദൈവം മനുഷ്യനു നൽകിയ പ്രകൃതിദത്തവും അനിഷേദ്ധ്യങ്ങളുമായ അവകാശങ്ങളാണ് തങ്ങറം സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ ഉറംപ്പെടുത്തുന്നതെന്ന്. ജീവിതം, സ്വാതന്ത്ര്യം, സന്തുഷ്ടി എന്നിവ ആസ്വദിക്കാനുള്ള അവകാശങ്ങറം.

## ഫിസിയോക്രാററുകറം

പ്രകൃതിയുടെ വാഴ്ചയെ ഉയർത്തിപ്പിടിക്കുന്നവരാണ് "ഫിസിയോക്രാററുകറം." എല്ലാത്തരത്തിലുള്ള ധനവും ഭൂമിയിൽ നിന്നുയരുന്നു. ശരിയായ ഉല്പാദകർ കൃഷിക്കാരാണ്. കൃഷിയില്ലാതെ മററു വ്യവസായങ്ങറം സാദ്ധ്യമല്ല. ഇതാണ് 'ഫിസിയോക്രസി'യുടെ തത്വസംഹിത. പ്രസിദ്ധനായ ഡോക്ടർ ഫ്രഞ്ചു ചക്രവർത്തിയുടെ സ്നേഹിതൻ, ചിന്തകന്മാരിൽ പ്രമുഖൻ, 'ഫിസിയോക്രസി'യുടെ സ്ഥാപകൻ, യോഗ്യനായ കെ്വനെ, വിപ്ലവകാരി മിരാബെ്യാ, ലൂയി 16-ാമൻെറ ധനകാര്യമന്ത്രി ടർഗോട്ട്, വിപ്ലവകാലത്ത് വധശിക്ഷക്കു വിധിക്കപ്പെട്ടെങ്കിലും രക്ഷപ്പെട്ട് അമേരിക്കയിലെത്തി, ജെഫേർസൻെറ ആഗ്രഹ

പ്രകാരം അമേരിക്കൻ വിദ്യാഭ്യാസ പദ്ധതി ആസൂത്രണംചെയ്ത 'ഫിസിയോക്രസി' എന്ന പദത്തിന്റെ ജനയിതാവ് ഡ്യൂപോൺണ്ട്—ഈ 'ഫിസിയോക്രാററുകാര്' പ്രഖ്യാപിച്ചു: "പ്രകൃതിദത്തമാണ് സമ്പദ വ്യവസ്ഥ. അതിലാരും കൈകടത്തരുത്. ലോകം താനേ രക്ഷതേടിക്കൊള്ളും." ഈ പദ്ധതി വിജയിച്ചില്ല. ധനകാര്യമന്ത്രി ടർഗോട്ടിന്റെ 'ഫിസിയോക്രാററിക' നയം അമർഷത്തിന്നിടയാക്കി അദ്ദേഹത്തെ പിരിച്ചുവിട്ടുകൊണ്ട് ചക്രവർത്തി ലൂയി സങ്കടപ്പെട്ടു: "ജനങ്ങൾക്കു വേണ്ടി പാടുപെടുന്നതു ഞാനും ടർഗോട്ടും മാത്രം." അക്കഥ ആരറിഞ്ഞു!

തത്വചിന്തയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പററി ആഡം സ്മിത്ത് ഗ്ലാസ്ഗോ സർവ്വകലാശാലയിൽ പ്രസംഗിച്ചുപോന്നു. നീതിശാസ്ത്രവും നിയമശാസ്ത്രവും രാഷ്ട്രീയ ധനശാസ്ത്രവും (Political Economy) കലങ്ങി മറിഞ്ഞ സമൂഹത്തിന് എങ്ങനെ അടുക്കും ചിട്ടയും നൽകും എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്താവിഷയം. പ്രകൃതി നിയമങ്ങളുടെ പ്രവർത്തനം അദ്ദേഹം അഴിച്ചഴിച്ചു പരിശോധിക്കുന്നതു കേൾക്കുമ്പോൾ ഏതു പണ്ഡിതനും തല കുലുക്കും. പക്ഷേ, ദൈനംദിനജീവിതത്തിൽ ക്രമവൽക്കരണം കണ്ടെത്തുവാൻ അദ്ദേഹം ശ്രമിക്കുമ്പോൾ ഏതു പണ്ഡിതനും ചിരിച്ചുപോകും. അത്രയ്ക്കധികം വലിച്ചുനീട്ടാമോ തത്വചിന്ത എന്നവർ സ്വയം ചോദിക്കും.

## ആരെല്ലാം ചിരിക്കാതിരിക്കും

സുഖസമൃദ്ധിയിൽ കിടന്നുരുളുന്ന ധനികവർഗ്ഗം, പെരുമാററത്തിലും ജീവിതത്തിലും ആഭിജാത്യവും അന്തസ്സും പാലിച്ചുപോന്നു. അവരുടെ ഹൃദയത്തിൽ കലയ്ക്കും സംസ്കാരത്തിനും കാതലുണ്ട്. താഴോട്ടിറങ്ങിയാലോ? ക്രൂരത, അസൂയ, പണ

ക്കൊതി, കലഹം, കശപിശ! ജെയിംസ് വാട്ടിൻെറ 'ആവി യന്ത്രം' (തീവണ്ടി എൻജിൻെറ മുത്തച്ഛൻ) പോലെയത്രേ സമൂഹം—പുക പുരണ്ടതു്, ലഹള കൂട്ടുന്നതു്, അപകടമുണ്ടാക്കുന്നതു്, ശക്തിയില്ലാത്തതു്—ഇവിടെ അടുക്കും ചിട്ടയും എവിടെ?

കോൺവാളിലെ കൽക്കരിഖനികളിൽ പോയി നോക്കു: ഖനിത്തൊഴിലാളികൾ ഭൂഗർഭത്തിലേക്കിറങ്ങുന്നു. താഴെയെത്തി, ഓരോരുത്തരും അരയിൽനിന്നൊരു മെഴുകുതിരി കത്തിച്ചു് ക്ഷീണം തീക്കാൻ കിടന്നുറങ്ങുന്നു. പിന്നെ രണ്ടുമൂന്നു മണിക്കൂർ നേരം കല്ക്കരി വെട്ടിയെടുക്കുന്നു. അതിനു ശേഷം പുക വലിക്കാനും വിശ്രമിക്കാനും ഒരു മണിക്കൂർ. ചുരുക്കിപ്പറഞ്ഞാൽ, പകുതിനേരം പണി, പകുതിനേരം വിശ്രമം. ഡർഹാം, നോത്തംബർലൻഡ് എന്നിവിടങ്ങളിലെ കല്ക്കരി ഖനികളിൽ സ്ഥിതിഗതികൾ കൂടുതൽ വഷളാണു്. അർദ്ധനഗ്നന്മാരും അർദ്ധനഗ്നകളുമായ മനുഷ്യജീവികൾ വിയർപ്പിൽ മുങ്ങി പണിയെടുക്കുന്നു. ഒരുമിച്ചു കിടന്നുറങ്ങി സദാചാരം അപകടത്തിലാക്കുന്നു. പണിക്കിറങ്ങുന്ന ആൺകുട്ടികളും പെൺകുട്ടികളും സദാചാരബോധം നശിപ്പിച്ചാണു് കഴിഞ്ഞുകൂടുന്നതു്. ലൈംഗികാസക്തികൾ ഖനികൾക്കുള്ളിൽ കത്തിയാളുന്നു. കുതിരകളെപ്പോലെ ഗർഭിണികൾ കല്ക്കരി കയററിയ വണ്ടികൾ വലിക്കുന്നു; പലപ്പോഴും ഇരുളടഞ്ഞ മൂലകളിൽ കിടന്നു പ്രസവിക്കുന്നു.

കഴിഞ്ഞില്ല. മറുഭാഗവും നാം പരിശോധിക്കേണ്ടതുണ്ടു്. അരവയറു നിറയ്ക്കാനുതകില്ല തൊഴിലാളികൾക്കു കിട്ടുന്ന വേതനം; ശരി തന്നെ. എന്നാൽ ലോംബെ സഹോദരന്മാർ (1742) പടുത്തുയർത്തിയ ഫാക്ടറി കണ്ടാൽ അത്ഭുതപ്പെട്ടുപോകും: അഞ്ഞൂറടി നീളം, ആറു നിലകൾ, അകത്തെല്ലാം യന്ത്രങ്ങൾ പ്രവർത്തിക്കുന്നു — വ്യാവസായിക വിപ്ലവത്തിൻെറ പ്രതീകം!

സാഹിത്യകാരൻ ഡാനിയൽ ഡീഫൊ വിവരിക്കുന്നു: "26,586 ചക്രങ്ങൾ, 97,746 തിരിച്ചിലുകൾ—73,726 വാര സില്ക്കു നൂൽ ജനിക്കുന്നു. മിനിററിൽ മൂന്നു പ്രാവശ്യം വലിയ ചക്രം ചുററുന്നു, സിൽക്കുനൂൽ തെറുത്തുകൊണ്ടു്...." യന്ത്രങ്ങൾ നിയന്ത്രിക്കുന്ന കുട്ടികൾ പ്രതിദിനം 12—14 മണിക്കൂർ പണിയെടുത്തു് അവിടെതന്നെ ഭക്ഷണം പാകംചെയ്തു കഴിച്ചു് കിടന്നുറങ്ങുന്നു. "ക്ലോക്കു ചുററി" യന്ത്രങ്ങൾ അവിശ്രാന്തം പ്രവർത്തിക്കുന്നു. യന്ത്രങ്ങളുടെ ചിട്ടയ്ക്കു് മനുഷ്യനിരയാവുക! ലാഭേച്ഛയുടെ ആജ്ഞ തൊഴിലാളികൾ വകവെക്കുക! ഈ അരാജകത്വത്തിനത്രേ പ്രൊഫസർ സ്മിത്തു് മനോഹാരിതയും അച്ചടക്കവും കല്പിക്കുന്നതു്. ആരെല്ലാം ചിരിക്കാതിരിക്കും!

## വ്യക്തിത്വം

തൻെറ ഗ്രന്ഥശാല ഒരു സുഹൃത്തിനു കാട്ടിക്കൊടുത്തുകൊണ്ടു് സ്മിത്ത് അവകാശപ്പെട്ടു: "ഗ്രന്ഥങ്ങളുടെ കാര്യമൊഴിച്ചു് മററൊന്നിലും ഞാൻ അഴകുരാവണനല്ല." സുന്ദരനല്ല പ്രൊഫസർ സ്മിത്തു്. കീഴ്പോട്ടു പതിക്കുന്ന വലിയ മൂക്കു് തള്ളിനില്ക്കുന്ന കീഴ്ച്ചുണ്ടിന്മേൽ മുട്ടുന്നുണ്ടോ എന്നു സംശയം. ഉന്തി നില്ക്കുന്ന വലിയ കണ്ണുകൾ. അവയ്ക്കു് മുകളിൽ കനത്ത കണ്പോളകൾ. ഞരമ്പു രോഗഫലമായി അദ്ദേഹം എപ്പോഴും കഴുത്തൊരുഭാഗത്തേയ്ക്കു ചരിച്ചുകൊണ്ടിരിക്കും. പ്രസംഗമോ? പതുക്കെ തുടങ്ങും, പിന്നെ ധൃതിയിൽ, പിന്നെയും പതുക്കെ—അങ്ങനെ.

കൂടാതെ കുപ്രസിദ്ധമായ മറവിയും. അറപതിലേക്കു് അടുക്കുകയായി പ്രൊഫസർ സ്മിത്ത്. കീർത്തിമാനും അവിവാഹിതനുമായ ആ പൗരൻ നടന്നുപോകുന്നതു് കാണുവാൻ എഡിൻബറോവിലെ നിരത്തിൽ ആളുകൾ തിങ്ങിക്കൂട്ടും. അദ്ദേഹം അതാ വരുന്നു: കണ്ണുകൾ അനന്തതയിൽ നട്ടു്, വർത്തമാനം

പറയുംപോലെ ചുണ്ടുകൾ ചലിപ്പിച്ചുകൊണ്ട്, പരന്ന തൊപ്പിയും ധരിച്ച്, കയ്യിലൊരു വടിയുംപിടിച്ച്.......ഒന്നുരണ്ടടി മുമ്പോട്ടു വെയ്ക്കുമ്പോൾ അദ്ദേഹം നില്ക്കും—മറെറാരു വഴിക്കു തിരിയാനെന്നപോലെ, വന്ന വഴിക്കു മടങ്ങാനെന്നപോലെ. അദ്ദേഹത്തിൻെറ നടത്തത്തെ ഒരു സ്നേഹിതനിങ്ങനെ വിവരിച്ചു—"അട്ടയുടേതു്."

## വടിയും പിടിച്ച് കവാത്ത്

ഒരു പ്രഭാതത്തിലദ്ദേഹം ഉറങ്ങുമ്പോളിടുന്ന അയഞ്ഞ കാലുറയും അയഞ്ഞ മേലുടുപ്പും ധരിച്ച് എന്തോ ചിന്തിച്ചുകൊണ്ട് തോട്ടത്തിലേക്കിറങ്ങി. പൂന്തോട്ടത്തിലെ ബെഞ്ചിന്മേലിരുന്നു് ചിന്തിക്കുക ഈ "ശാശ്വതാവിവാഹിത"ൻെറ വിനോദമാണു്. പക്ഷേ, ചിന്തയ്ക്കുചൂടുപിടിച്ചപ്പോൾ അദ്ദേഹം അതേ വേഷത്തിൽ, നഗരവാസികളെ അമ്പരപ്പിച്ചുകൊണ്ട്, പടികടന്നു നടന്നങ്ങുപോയി. പതിനഞ്ചു നാഴിക നടന്നുകഴിഞ്ഞപ്പോൾ മാത്രമാണു് താൻ പൂന്തോട്ടത്തിലല്ലെന്നു് അദ്ദേഹത്തിനു മനസ്സിലായതു്!

മറെറാരിക്കൽ സ്മിത്ത് ഒരു സുഹൃത്തൊരുമിച്ചു് നടക്കാനിറങ്ങി. ഏതോ ഒന്നിനെപ്പററി അവർ ചർച്ച ചെയ്യുകയായിരുന്നു കോട്ടയുടെ കവാടത്തിലെത്തിയപ്പോൾ കാവൽ ഭടൻ തൻെറ കുന്തമുയർത്തി അദ്ദേഹത്തെ സലാം ചെയ്തു. 'അററൻഷ'നായി നിന്നു തൻെറ വടി 'കുന്ത'മാക്കി കാവൽ ഭടനു് സലാം മടക്കിക്കൊടുത്ത ശേഷം, കാവൽ ഭടനെപ്പോലെ അദ്ദേഹം കവാത്തു തുടങ്ങി. സ്നേഹിതൻ സ്തംഭിച്ചു നിന്നുപോയി നാലഞ്ചു മിനിററുനേരം ഈ കവാത്തു നടന്നു. പെട്ടെന്നു വടി താഴ്ത്തി സ്മിത്ത് നിന്നു, തൻെറ സ്നേഹിതൻെറ അടുത്തേക്കുവന്നു നിർത്തിയ സ്ഥലത്തുനിന്നു ചർച്ച തുടന്നു, ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ!

## ചരിത്രം

സ്കോട്ട്ലണ്ടിലെ കിർക്കാഠംഡിയിൽ (1723-ൽ) ആഡം സ്മിത്ത് ജനിച്ചു. നഗരത്തിൻെറ പല ഭാഗത്തും ആണികഠം പോലും പണമായുപയോഗിച്ചിരുന്ന കാലം. വഴിയേപോയ ഒരു സംഘം ജിപ്സികഠം നാലു വയസ്സുള്ള സ്മിത്തിനെ കട്ടുകൊണ്ടുപോയി. മകൻെറ പിറവിക്കു മുമ്പു തന്നെ പിതാവ് മൃതിയടഞ്ഞിരുന്നു സ്മിത്തിനെ തട്ടിക്കൊണ്ടുപോയെന്നറിഞ്ഞ അമ്മാമൻ കൂട്ടുകാരെ വിളിച്ചുകൂട്ടി ജിപ്സികളുടെ പുറകെ പാഞ്ഞു. സ്മിത്തിനെ കാനയിൽ നിക്ഷേപിച്ച്; ജിപ്സികഠം ഓടി രക്ഷപ്പെട്ടു. ഒരു ജീവചരിത്രകാരൻ എഴുതി, "പാവപ്പെട്ട സ്മിത്ത് ഒരു പാവപ്പെട്ട ജിപ്സിയായിത്തീർന്നേനെ!"

മിടുക്കനായിരുന്ന സ്മിത്ത് 14-ാം വയസ്സിൽ ഗ്ലാസ്ഗോ സർവ്വകലാശാലയിൽ ചേൎന്നു. "നല്ലവനായ ദൈവത്തിൻെറ മഹത്വത്തിൽ സ്വാതന്ത്ര്യം" എന്ന മുദ്രാവാക്യമുയൎത്തി "ഏററവുമധികം പേരുടെ ഏററവും കൂടുതൽ നന്മ" എന്ന സിദ്ധാന്തം വാൎത്തെടുത്ത ഫ്രാൻസിസ് ഹച്ചിസൺ അദ്ദേഹത്തിൻെറ അദ്ധ്യാപകരിൽ ഒരാളായിരുന്നു. മൂന്നു കൊല്ലത്തെ പഠനാനന്തരം, ആറു കൊല്ലത്തെ സ്കോളർഷിപ്പ് നേടി ആദ്യമായി കുതിരപ്പുറത്തു സവാരി ചെയ്തു് അദ്ദേഹം ഓക്സ്ഫാർഡ് സർവ്വകലാശാലയിൽ ചേൎന്നു. പാണ്ഡിത്യത്തിൻെറ കേന്ദ്രമല്ലായിരുന്ന ഓക്സ്ഫോർഡിനെപ്പററി ഒരു സന്ദർശകൻ രേഖപ്പെടുത്തി: "1788-ൽ ഞാനവിടെ ഒരു വാദപ്രതിവാദം കേഠക്കുവാൻ പോയി. പങ്കെടുക്കുമെന്നു പറഞ്ഞവരിൽ നാലു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ പ്രസംഗിച്ചില്ല. നിശ്ശബ്ദമായി അവർ നോവൽവായനയിലേർപ്പെട്ടു." പഠിപ്പിക്കാനാളില്ലാത്തതിനാൽ ലൈബ്രറിയിലെ ഗ്രന്ഥങ്ങഠം സ്മിത്ത് ഇഷ്ടാനുസരണം കരളുകയായി. പിന്നീടൊരിക്കൽ, നിഷിദ്ധ

മെന്നു കരുതപ്പെടുന്ന ഡേവിഡ് ഹ്യൂമിൻെറ ഗ്രന്ഥം (A Treatise on Human Nature) അധികാരികറം സ്മി ത്തിൻെറ മുറിയിൽനിന്നു കണ്ടെടുത്തു. അദ്ദേഹം ഓക്സ്ഫോർ ഡിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടുമെന്നായി. പക്ഷേ, അതു് സംഭവിച്ചില്ല.

## ഷേക്‌സ്പിയർ നല്ല നാടകകൃത്തല്ല

സാമ്പത്തികപ്രശ്നങ്ങളുമായി സദാ ഗുസ്തി പിടിച്ചിരുന്ന സ്മിത്തിനു തോന്നി, പുരോഹിതനാകണമെന്നു്. പക്ഷേ, ആത്മീ യതയുടെ ബാഹ്യരൂപം ഇഷ്ടപ്പെടാത്തതിനാൽ അദ്ദേഹം ആ വഴിക്കു തിരിഞ്ഞില്ല. ബിരുദമെടുത്ത ശേഷം ആംഗ്ലേയസാ ഹിത്യത്തിൽ ലക്ചററായി എഡിൻബറോ സർവ്വകലാശാല അദ്ദേഹത്തെ നിയമിച്ചു. ഷേക്‌സ്പിയർ അത്ര നല്ല നാടകകൃ ത്തല്ലെന്നു പറയുന്ന ഈ വിപ്ലവകാരിയുടെ അഭിപ്രായങ്ങറം അധികാരികറംക്കു രുചിച്ചില്ല. പക്ഷേ, വിദ്യാർത്ഥികളുടെ കൈയടികറം അദ്ദേഹത്തെ പുകഴ്ത്തി.

ഗ്ലാസ്ഗോ സർവ്വകലാശാലയിലേയ്ക്കു മടങ്ങിയ ഇരുപ ത്തെട്ടുകാരൻ സ്മിത്ത് ആദ്യം 'തർക്കശാസ്ത്ര'ത്തിൻെറയും പിന്നീടു 'സാമ്പത്തികതത്വചിന്ത'യുടേയും പ്രൊഫസ്സറായി. മററുപ്രൊഫ സർമാർ സ്മിത്തിനെ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിൻെറ നർമ്മ ബോധവും സാധാരണ രീതിയും അവർ വെറുത്തു. പള്ളി യിലെ പുണ്യകർമ്മങ്ങളിൽ പങ്കുകൊള്ളുമ്പോറം അറിയാതെ ചിരിച്ചുപോകുന്ന ഹ്യൂമിൻെറ ഗ്രന്ഥങ്ങറം ഉത്തമങ്ങളെന്നുൽ ഘോഷിക്കുന്ന, വേദപാഠം നേരമ്പോക്കാക്കുന്ന, പ്രാർത്ഥന ഉപയോഗശൂന്യമെന്നു് പരസ്യമായി പറയുന്ന ഈ താന്തോ ന്നിയെ എങ്ങനെ വെറുക്കാതിരിക്കും!

പക്ഷേ, അദ്ദേഹത്തിനു ജീവിതം സുഖമായിത്തോന്നി പണ്ഡിത സദസ്സുകളിൽ പങ്കുകൊണ്ടു്, വൈകുന്നേരം ക്ലബ്ബിൽ

പോയി ചീട്ടുകളിച്ച് അദ്ദേഹം സമാധാനത്തോടെ ജീവിച്ചു. ഡോക്ടർ ജോൺസൻെറ ജീവചരിത്രകാരനായ ബോസ്വൽ പോലും അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കാനെത്തി. 'ആവിയന്ത്രം' കണ്ടുപിടിച്ച ജേയിംസ് വാട്ട് അദ്ദേഹമൊന്നിച്ച് അത്താഴം കഴിച്ചു. അദ്ദേഹത്തിൻെറ ഊർദ്ധ്വകായ പ്രതിമകൾ പുസ്തകവ്യാപാരികൾ വില്പനയ്ക്കുവെച്ചു.

## പ്രതിഭാശാലി

താമസിയാതെ പുറത്തുവന്ന സ്മിത്തിൻെറ ഗ്രന്ഥം (The Theory of Moral Sentiments—1759) അദ്ദേഹത്തെ ആംഗ്ലേയ തത്വചിന്തകരിൽ അദ്വിതീയനാക്കി. നന്മയും തിന്മയും സ്വാർത്ഥിയായ മനുഷ്യൻ തിരിച്ചറിയുന്നതെങ്ങനെ എന്നതായിരുന്നു പ്രതിപാദ്യവിഷയം. സ്മിത്ത് സമർത്ഥിച്ചു: മനുഷ്യന് സ്വാർത്ഥം വെടിഞ്ഞ്, നിഷ്പക്ഷത പാലിച്ച്, സൃഷ്ടിപരമായി ചിന്തിക്കുവാൻ കഴിയുന്നു. അതുകൊണ്ട് നന്മതിന്മകൾ അവൻ മനസ്സിലാക്കുന്നു. അവൻ നന്മയെ പ്രോത്സാഹിപ്പിക്കുകയും തിന്മയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. ഏവിടെയും ചൂടേറിയ ചർച്ചയ്ക്കു വിധേയമായ ഈ സ്മിത്തിയൻ സിദ്ധാന്തത്തെ പ്രതിഭാശാലിയും ചിന്തകനുമായ ലൂൺഷെൻഡ് പോലും ശക്തിയുക്തം പിന്താങ്ങി.

'പതിനെട്ടാം ശതകത്തിലെ പ്രതിഭാശാലി'യാണത്രെ ലൂൺഷെൻഡ്. ഹോരസ്സ് വാൾ പോൾ വിധി കല്പിച്ചു: "പ്രതിഭാശാലി!.......സാമാന്യ ബോധവും ആത്മാർത്ഥതയും സ്ഥിരതയുംകൂടി ഉണ്ടായിരുന്നെങ്കിൽ പതിട്ടൊം നൂററാണ്ടിലെ ഏററവും വലിയ മഹാനാകുമായിരുന്നു, അദ്ദേഹം." തൻെറ ഒരു പല്ലുമയ്ക്കു ശക്തിയായ വേദന സഹിക്കാതെ അദ്ദേഹം ഡോക്ടരെ വിളിച്ചുവരുത്തി. "ഏതു വശത്താണ് വേദന?" ഡോക്ടർ ചോദിച്ചു. "നിശ്ചയമില്ല" എന്നായിരുന്നു അദ്ദേ

ഹത്തിൻെറ മറുപടി. അമേരിക്കക്കാൎക്ക് ന്യായാധിപന്മാരെ നിയമിക്കുവാനുള്ള പരമ്പരാഗതമായ അവകാശം നിഷേധിച്ചും, പിന്നീട് അമേരിക്കൻ ചായയുടെമേൽ ഭാരിച്ച നികുതി ചുമത്തിയും, വെറും ചായക്കോപ്പയിലെ കാററും കോളും അദ്ദേഹം രാഷ്ട്രവ്യാപകമായ അമേരിക്കൻ വിപ്ലവമാക്കി മാററി. ബ്രിട്ടീഷ് ധനകാര്യമന്ത്രിയായിരുന്നു അന്നദ്ദേഹം.

എങ്കിലും ചിന്താമണ്ഡലത്തോട് ലൂൺഷെൻഡ് നീതിപുലൎത്തി: ആഡം സ്മിത്തിൻെറ ആരാധകനായി. ധനികയായ പ്രഭ്വിയുടെ ഭൎത്താവായ ലൂൺഷെൻഡ് സ്വഭാൎയ്യയുടെ ആദ്യവിവാഹത്തിൽ പിറന്ന പ്രഭുകുമാരന് ഒരദ്ധ്യാപകനെ തിരഞ്ഞു. ആഡം സ്മിത്തിനെ അദ്ദേഹം തെരഞ്ഞെടുത്തു. ശമ്പളം: സൎവ്വചെലവും കഴിച്ച് വൎഷത്തിൽ മുന്നൂറു പവൻ; പിന്നീട് മുന്നൂറു പവൻ പെൻഷൻ. അന്നു കോളേജുകളിൽ പ്രൊഫസർമാർ നേരിട്ട് കുട്ടികളുടെ കൈയിൽനിന്നു ഫീസ് പിരിക്കുകയായിരുന്നു പതിവ്; 175 പവനിൽ കൂടുതൽ പ്രൊഫസർ സ്മിത്തിനു കിട്ടിയിരുന്നുമില്ല. പുതിയ ജോലി സ്വീകരിച്ച സ്മിത്ത് വിദ്യാൎത്ഥികളിൽനിന്നു വാങ്ങിയ ഫീസ് തിരിച്ചു കൊടുക്കുവാൻ തയ്യാറായെങ്കിലും, വിദ്യാൎത്ഥികളതു വാങ്ങിയില്ല.

## പര്യടനം

ഇളമുറ പ്രഭുവിൻെറ കൂടെ നാല്പത്തിരണ്ടുകാരൻ സ്മിത്ത് യൂറോപ്പിലൊരു പര്യടനത്തിന്നിറങ്ങി. ലൗളസ് എന്ന ഫ്രഞ്ച് നാഗരത്തിൽ പതിനെട്ടു മാസം അവർ കഴിച്ചുകൂട്ടി. പരിചയക്കാരില്ല, തനിക്കറിയാവുന്ന ഫ്രഞ്ചുഭാഷ അപര്യാപ്തം— സ്മിത്ത് നന്നേ വിഷമിച്ചു. അവരിരുവരും തെക്കൻ ഫ്രാൻസിലേക്കും, അവിടെനിന്നു ജനീവയിലേക്കും പാരീസിലേക്കും തിരിച്ചു. എഡിൻബറോവിൽവെച്ചുതന്നെ ഡേവിഡ് ഹ്യൂമും

മററു പണ്ഡിതന്മാരുമായി നടത്തിയ ചർച്ചകഠം അദ്ദേഹത്തെ ഒരു ധനശാസ്ത്രഗ്രന്ഥമെഴുതുവാൻ പ്രേരിപ്പിച്ചു; അതിനദ്ദേഹം മുതിൻു. പാരീസിലെത്തിയപ്പോഴേയ്ക്കും ഫ്രഞ്ചു് ഭാഷ അദ്ദേഹത്തിനു വഴങ്ങിക്കൊടുത്തു. വോഠംട്ടയറുമായി അദ്ദേഹം സമ്പക്ത്തിലേർപ്പെട്ടു. കെപനെ, ഡ്യൂപോൺഡ്, ടർഗോട്ടു് എന്നിവരുമായി അദ്ദേഹം പല കാര്യങ്ങളും ചർച്ചചെയ്തു. അദ്ദേഹത്തിനിഷ്ടപ്പെട്ടവരിൽ അമേരിക്കൻ നേതാവു് തോമസ്സ് ജെഫേർസണും പെടും.

സ്വർണ്ണമാണു് ധനം എന്ന സിദ്ധാന്തത്തെ ശസ്ത്രക്രിയാവിദഗ്ദ്ധൻെറ സാമർത്ഥ്യത്തോടെ ഖണ്ഡിച്ചുകൊണ്ടു്, കെപനെ വാദിച്ചു: എല്ലാ വ്യവസായങ്ങളുടേയും അടിസ്ഥാനം കൃഷിയാണു്; ധനമുണ്ടാക്കുന്നവർ കൃഷിക്കാരാണു്. ഈ 'ഫിസിയൊക്രാററിക' സിദ്ധാന്തം സ്മിത്ത് നിഷേധിച്ചു. വ്യാവസായിക വിപ്ലവം കൈവരുത്തിയ കണ്ടുപിടുത്തങ്ങളും സാങ്കേതികവിദ്യയും ഉപയോഗിച്ച് ഫാക്ടറികളിലുല്പാദിപ്പിക്കുന്നതു് ധനമല്ലെങ്കിൽ മററെന്താണു്? എങ്കിലും, ഫ്രഞ്ചു് ഡോക്ടർ കെപന ആരാധ്യനായിരുന്നു സ്മിത്തിൻെറ ദൃഷ്ടിയിൽ. അദ്ദേഹം മരിക്കുന്നതിനു മുമ്പു് സ്മിത്തിൻെറ ഗ്രന്ഥം വെളിച്ചം കണ്ടിരുന്നെങ്കിൽ ആ ഗ്രന്ഥം അദ്ദേഹം കെപനെയ്ക്കു സമപ്പിക്കുമായിരുന്നു.

## എടാ നായിൻെറ—

രണ്ടു കൊല്ലത്തെ യൂറോപ്പു് പര്യടനത്തിനുശേഷം പ്രഭുവും സ്മിത്തും തിരിച്ചെത്തി. പ്രഭു ഡാൽക്കീത്തിലേക്കു് മടങ്ങി; കുറച്ചു ദിവസം ലണ്ടനിൽ തങ്ങിയ ശേഷം സ്മിത്തു് കിർക്കാഠംഡിയിലേക്കും. ലണ്ടനിലേക്കു വരണമെന്ന ഹ്യൂമിൻെറ അഭ്യർത്ഥന വകവെക്കാതെ സ്മിത്ത് പിന്നത്തെ പത്തുകൊല്ലം സ്വഭവനത്തിൽ കഴിച്ചുകൂടി, തൻെറ ഗ്രന്ഥം മുഴുമിക്കുവാൻ.

തീ കാഞ്ഞു നിന്നു ചുമരിന്മേൽ തലയുരച്ചുകൊണ്ടു് പറഞ്ഞു കൊടുത്തെഴുതിച്ചതാണത്രെ ഗ്രന്ഥത്തിൻെറ അധികഭാഗവും. തലയുരച്ച പാടുകരം ഇപ്പോഴും ചുമരിന്മേലുണ്ടത്രെ. ഇടയ്ക്കിടക്കദ്ദേഹം ഡാൽക്കീത്തിൽ പോയി പ്രഭുവിനെ സന്ദർശിക്കും. അല്ലെങ്കിൽ ലണ്ടനിലെത്തി പണ്ഡിതന്മാരുമായി ചർച്ചകരം നടത്തും. ആംഗ്ലേയ സാഹിത്യസമ്രാട്ടായ ഡോക്ടർ സാമുവൽ ജോൺസൻെറ ക്ലബ്ബിലെ ഒരംഗമായിരുന്നു സ്മിത്ത്. ആ നിഘണ്ടുരചയിതാവും ഈ സാമ്പത്തിക ശാസ്ത്രജ്ഞനും തമ്മിൽ ലോഹ്യമല്ലായിരുന്നു. അവരുടെ ആദ്യത്തെ കൂടിക്കാഴ്ചയെപ്പററി നോവലിസ്റ്റ് സർ വാരംട്ടർ സ്ക്കോട്ട് കുറിക്കുന്നു: "സ്മിത്തിൻെറ ചില ന്യായങ്ങരം ജോൺസണ് രുചിച്ചില്ല. ജോൺസൺ അദ്ദേഹത്തെ ക്രൂരമായി എതിർത്തു. സ്മിത്ത് പറഞ്ഞു: "താൻ നുണയാണു് പറയുന്നതു്." കുപിതനായ ജോൺസൺ നിയന്ത്രണം വിട്ടു പറഞ്ഞുപോയി:

"എടാ, നായിൻെറ—" എന്നു്.

ഇക്കാലത്താണു് ആഡം സ്മിത്ത് രസികനും ബുദ്ധിമാനുമായ ബഞ്ചമിൻ ഫ്രാങ്ക്ളിനിൽനിന്നും അമേരിക്കൻ കോളനികളുടെ സ്ഥിതിയെപ്പററി വിശദമായറിഞ്ഞതു്. തുടന്നു് എതിർപ്പുകളെ നേരിട്ടുകൊണ്ടു് ആഡം സ്മിത്ത് പ്രഖ്യാപിച്ചു: "അമേരിക്കൻ കോളനികരം ഒരു തികഞ്ഞ രാഷ്ട്രമാണു്—ലോകത്തിലെ ഏററവും ശക്തവും മഹത്തുമായ രാഷ്ട്രം!"

അൻപത്തിമൂന്നാംവയസ്സിൽ, 1776-ൽ ആഡംസ്മിത്തിൻെറ "രാഷ്ട്രങ്ങളുടെ ധനം" (Wealth of Nations) എന്ന ഗ്രന്ഥം പുറത്തിറങ്ങി. "ഫലത്തിൽ ഈ ഗ്രന്ഥം ഇന്നേവരെ എഴുതപ്പെട്ടവയിൽവെച്ചു് ഏററവും മഹത്താണു്" എന്നത്രേ എഡ്മണ്ടു് ബർക്ക് അഭിപ്രായപ്പെട്ടതു്.

## ആ ഗ്രന്ഥം

ഗ്രന്ഥമോ?

"ബൃഹത്തായ ഒരു ബുദ്ധിയുടെ പ്രവാഹം. അതിലേറെ ഒരു കാലഘട്ടത്തിൻെറ പൂർണ്ണപ്രതിബിംബം" എന്നിപ്രകാരമാണ് പണ്ഡിതലോകം ഈ ഗ്രന്ഥത്തെ വാഴ്ത്തിയതു്. മുന്നൂറിൽ പരം ഗ്രന്ഥകാരന്മാരോടുള്ള കടപ്പാടു് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. വെറും മാനസിക വ്യായാമത്തിനുവേണ്ടിയാണത്ര അദ്ദേഹം ഈ ഗ്രന്ഥമെഴുതിയതു്. മററുള്ളവരെപ്പോലെ കുറെ കാര്യങ്ങൾ വ്യാഖ്യാനിക്കുകയോ വിശദീകരിക്കുകയോ സമർത്ഥിക്കുകയോ മാത്രമല്ല അദ്ദേഹം ചെയ്തതു്. സാമ്പത്തിക മണ്ഡലത്തിലാകെ അദ്ദേഹം വെളിച്ചം പരത്തി. സൂചിക (Index) തന്നെ 63 പേജുകൾ വന്നു. ഒന്നും വിട്ടുകളയാത്ത ഈ ഗ്രന്ഥത്തിലെ 900 പേജുകൾ വായിച്ചു തീരുന്നതോടെ പതിനെട്ടാം ശതകത്തിലെ ബ്രിട്ടൻെറ പൂർണ്ണചിത്രം നമ്മുടെ മുമ്പിൽ മുററിനില്ക്കുന്നു.

ബുദ്ധിമുട്ടാണു് ഈ പുസ്തകം വായിച്ചു തള്ളുവാൻ. എല്ലാ അറിവുകളും ഉൾക്കൊണ്ട, ബൃഹത്തായ ഒരു ബുദ്ധിയുടെ, സൂക്ഷ്മമായ പ്രവർത്തനം ഓരോ ഖണ്ഡികയിലും കാണാം. ഒന്നും വിട്ടുകളയുന്നില്ല; ഒന്നിനേയും സംക്ഷേപിക്കുന്നില്ല; ഒന്നിനേയും ഭയപ്പെടുന്നുമില്ല, ഈ ഗ്രന്ഥകാരൻ. അമ്പതു പേജുകളിൽക്കൂടി വിശദമാകുന്ന ഒരാശയം സംക്ഷേപിക്കുവാൻ സ്മിത്ത് ശ്രമിക്കുന്നില്ല. 'വെള്ളി'യെപ്പററി സൂചിപ്പിക്കുവാനിടയായതിനാൽ പിന്നത്തെ 50 പേജുകൾ അതിനെപ്പററിയെഴുതി. ഇടയ്ക്കു് 'മത'മെന്നു പറഞ്ഞതിനാൽ ഒട്ടേറെ പേജുകൾ സന്മാർഗ്ഗത്തിൻെറ സാമൂഹ്യശാസ്ത്രത്തിനു ലഭിച്ചു. അത്രയ്ക്കു കനപ്പെട്ടവയല്ല സിദ്ധാന്തങ്ങൾ—പക്ഷേ, സൂക്ഷ്മങ്ങളായ പരാമർശങ്ങൾ, വിശദാംശങ്ങളിലേക്കു് ചുഴിഞ്ഞിറങ്ങുന്ന വിവരണ

ങ്ങൾ, പുള്ളിക്കുകൊള്ളുന്ന പദപ്രയോഗങ്ങൾ. ചില സാമ്പി ളുകൾ:

ഷാപ്പുടമകളുടെ രാഷ്ട്രമാണ് ഇംഗ്ലണ്ട്.

തത്വചിന്തകനും കൂലിക്കാരനും തമ്മിൽ രണ്ടു തരം നാ യ്ക്കൾ തമ്മിലുള്ള വ്യത്യാസമേയുള്ളു.

ഈസ്റ്റിന്ത്യാ കമ്പനിയിൽ ഉദ്യോഗം നേടി നാടുവിടുന്ന ആംഗ്ലേയർ, സ്വരാജ്യം ഭൂമികുലുക്കത്തിനു വിധേയമായാൽ പോലും തിരിഞ്ഞു നോക്കില്ല.

## മർക്കൻടിലിസത്തെ കൊല്ലാൻ

പാഠപുസ്തകമല്ല സ്മിത്തിൻെറ ഗ്രന്ഥം. സാമ്രാജ്യഭരണ ത്തിനുതകിയ സിദ്ധാന്തങ്ങളാണദ്ദേഹം വാർത്തെടുത്തതു്. 'മർക്കൻ ടിലിസം' എന്ന വ്യാഘ്രത്തെ കൊല്ലുവാൻ സ്മിത്തിനു 200 പേജുകൾ വേണ്ടിവന്നു; അദ്ദേഹത്തിൻെറ കാലത്തു് അതു ചത്തതുമില്ല.

ഈ ഗ്രന്ഥം വിപ്ലവം സൃഷ്ടിച്ചു. കാർഷിക പ്രഭുവർഗ്ഗത്തെ അതു തകിടം മറിച്ചു; കിരീടം സാധാരണക്കാർക്കു നൽകി ഗ്രന്ഥമാണ് വിപ്ലവകാരി, സ്മിത്തല്ല. വ്യാവസായിക വിപ്ല വത്തിൻെറ നാദമായ അദ്ദേഹം ഫാക്ടറി സമ്പ്രദായത്തെ പുകഴ്ത്തി; അതിലമന്ന ഏവരുടേയും ഉല്പാദനശക്തിയെ മാനിച്ചു. "സമൂഹാംഗങ്ങളെല്ലാം ഉപയോഗിക്കുന്ന സാധനങ്ങളാണ് ധനം." സമൂഹാംഗങ്ങളെല്ലാം—തനി ജനകീയമാണീ ആശയം; തന്നിമിത്തം വിപ്ലവാത്മകവും. വെള്ളിയും സ്വർണ്ണവും ധന മായി കരുതുന്ന കാലം പോയി; കൃഷിക്കാരുടെ മേല്ക്കോയ്മ യുടെ കാലം പോയി. ആധുനിക ലോകത്തിലാണ് നാം— ഏവരുടേയും ആവശ്യങ്ങൾ സാധിപ്പിക്കുകയാണ് സാമ്പത്തിക പ്രവർത്തനങ്ങളുടെ ലക്ഷ്യമെന്നു് പ്രഖ്യാപിക്കുന്ന ആധുനിക ലോകം.

## കമ്പോളസമ്പ്രദായ നിയമങ്ങൾ

സ്മിത്തിൻെറ സിദ്ധാന്തങ്ങളോ?

രണ്ടു വൻപ്രശ്നങ്ങൾ അദ്ദേഹത്തെ തുറിച്ചുനോക്കി. ഒന്നു്: സമൂഹത്തിൻെറ പൊതുവായ താല്പര്യങ്ങൾ ഭദ്രമാക്കുംവിധം, സ്വാർത്ഥത്തിലൂന്നുന്ന വ്യക്തികളുടെ വികാരങ്ങളേയും താല്പര്യങ്ങളേയും നയിക്കുന്ന 'അദൃശ്യഹസ്തമേതു്? രണ്ടു്: സമൂഹം ഇനി എങ്ങോട്ടു്? സമൂഹമാകുന്ന പമ്പരം നിവന്നു ചുററുന്നു. അതിൻെറ പിന്നിലെ നിയമങ്ങൾ കമ്പോളസമ്പ്രദായത്തിൻെറ നിയമങ്ങളത്രേ. ചുററുന്ന പമ്പരം ഏതു വഴിക്കാണിനി ചലിക്കുക? സമൂഹം തലമുറയിൽ നിന്നു് തലമുറയിലേക്കു നിശ്ചലമായി കടന്നു പോകുന്നതായി സ്മിത്തു് കണക്കാക്കി. എങ്കിൽ തന്നെയും, സമൂഹത്തെ മുന്നോട്ടു തള്ളുന്ന ശക്തികളേതു്? കമ്പോളസമ്പ്രദായത്തിൽതന്നെ അവ ഒളിഞ്ഞുകിടക്കുന്നുണ്ടാകാം. കമ്പോളസമ്പ്രദായത്തിൻെറ നിയമങ്ങൾ—അവ മനസ്സിലാക്കാതെ സ്മിത്തിൻെറയോ മാർക്സിൻെറയോ നമ്മുടേയോ ലോകത്തെ മനസ്സിലാക്കുക സാദ്ധ്യമല്ല—കണ്ടെത്തണം.

ചോര ചൂടുപിടിപ്പിക്കുന്നതോ വികാരപ്രധാനങ്ങളോ സങ്കീർണ്ണങ്ങളോ അല്ല ഈ നിയമങ്ങൾ. വിടന്നുവരുന്ന ലാഭക്കൊതിയുമായി സ്വാർത്ഥികളായ കച്ചവടക്കാർ കമ്പോളത്തിലെത്തുന്നു. അവർ തമ്മിൽ മത്സരം—ആരാണു് ഏററവും കൂടിയ വിലയ്ക്കു് വില്ക്കുക? വാങ്ങുന്നവനും വാങ്ങുന്നവനും തമ്മിൽ മത്സരം-ആരാണു് ഏററവും കുറഞ്ഞ വിലയ്ക്കു വാങ്ങുക? കച്ചവടക്കാരനും വാങ്ങുന്നവനും തമ്മിൽ മത്സരം—അവർ വില പേശുന്നു വിലപേശലിൽ നിന്നു കമ്പോളവില രൂപം കൊള്ളുന്നു-ആക്രമിപ്പോൾ നഷ്ടമില്ല. ത്രികോണമത്സരംതന്നെ. നോവലിലെ ത്രികോണമത്സരം ഒരു സ്ത്രീയുടെ ഹൃദയത്തിനു വേണ്ടി; കമ്പോളത്തിലെ ത്രികോണമത്സരം ലാഭത്തിനുവേണ്ടി.

സ്ഥിത്ത് പറയുന്നു: "കശാപ്പുകാരൻേറയും ചാരായംവാററുകാരൻേറയും അപ്പമുണ്ടാക്കുന്നവൻേറയും കാരുണ്യത്തിന്മേലല്ല, അവരുടെ സ്വാൎത്ഥത്തിന്മേലാണ്, നമ്മുടെ ഭക്ഷണത്തിൻെറ നില്പ്. നമ്മുടെ ആവശ്യത്തെപ്പററിയോ അവരുടെ മഹാമനസ്കതയെപ്പററിയോ പറയാതെ സ്വാൎത്ഥപരമായ അരുവടെ ലാഭത്തെപ്പററി മാത്രം നാമവരെ ഓൎമ്മിപ്പിക്കുന്നു."

കൊള്ളലാഭമെടുക്കാൻ അവർ അമിതവില ചുമത്തിയാലോ? സാധ്യമല്ല. മിതമായ വിലയ്ക്കു് വില്ക്കുവാൻ മററു വ്യാപാരികരം തയ്യാറാകും. അമിതവില വസൂലാക്കുന്നവൻെറ പക്കൽ നിന്നു് ആരും വാങ്ങില്ല. മിതമായ വില കൊടുക്കാൻ തയ്യാറില്ലാത്തവൻ വെറുംകൈയോടെ വീട്ടിൽ പോകും. മിതവിലയ്ക്കു് ഏവനും സാധനങ്ങരം ലഭിക്കും. ന്യായവില കമ്പോളത്തിൽ കൊടി നാട്ടും.

ആവശ്യക്കാൎക്കു വേണ്ടത്ര സാധനങ്ങളില്ലാതെവന്നാൽ വില കൂടുകയില്ലേ? പ്രദാനവും ചോദനവും സമമല്ലെങ്കിൽ വില വ്യത്യാസപ്പെടും. ചോദനം: 1000 ചാക്കു് അരി. പ്രദാനം: 500 ചാക്കു്. വില കൂടും. വില കൂടുമ്പോരം ലാഭം കൂടും. അപ്പോരം മററുല്പാദകർ ഈ വ്യവസായത്തിലേക്കു് വരും. പ്രദാനം വൎദ്ധിക്കും, വില കുറയും.

## സ്വാൎത്ഥം: മത്സരം

മറിച്ചാണെങ്കിലോ? പ്രദാനം: 1000 റേഡിയോ; ചോദനം: 500 റേഡിയോ. വിലയിടിയും. റേഡിയോ ഉല്പാദകർ മററു ലാഭകരമായ വ്യവസായങ്ങളിൽ പ്രവേശിക്കും. റേഡിയോ ഉല്പാദനം കുറയും, വില കയറും ചോദനവും പ്രദാനവും സമമാകുമ്പോരം ന്യായവില സ്ഥാപിതമാകും.

ഭൂമി, തൊഴിൽ, മൂലധനം, സംഘടന (ആദ്യത്തെ മൂന്നിനേയും സംഘടിപ്പിക്കുന്നതാണു് സംഘടന) എന്നീ ഉല്പാദന

ഘടകങ്ങൾ കൂടുതൽ ലാഭം നൽകുന്ന വ്യവസായങ്ങൾ തേടി പ്പോകുന്നു. ചോദനം ഏതേതു സാധനങ്ങൾക്കാണോ അധികം, ആ വ്യവസായങ്ങൾ കൂടുതൽ ലാഭകരമാകുമല്ലോ! അങ്ങനെ, ഉല്പാദന ഘടകങ്ങളായ ഉടമകളുടെ സ്വാതന്ത്ര്യത്തിൽനിന്നുത്ഭ വിക്കുന്ന മത്സരം സമൂഹത്തിന്റെ ഭദ്രത നിലനിർത്തുന്നു.

മനുഷ്യന്റെ സ്വാതന്ത്ര്യം ഒരു ഭാഗത്ത്; മത്സരം മറെറാരു ഭാഗത്ത്—ഇവ, സ്വയം പ്രവർത്തിക്കുന്നതും സ്വയം നിയന്ത്രി ക്കുന്നതുമായ കമ്പോള സമ്പ്രദായത്തിന് രൂപം നൽകുന്നു. ചുരു ക്കിപ്പറഞ്ഞാൽ: 1. ഉല്പാദനച്ചെലവും വില്പനവിലയും തമ്മിൽ വ്യത്യാസമുണ്ടാകുന്നതെങ്ങനെയെന്നു സ്മിത്ത് വ്യക്തമാക്കി. 2. സമൂഹത്തിന്റെ ആവശ്യങ്ങൾ സാധിച്ചുപോരുന്നതെങ്ങ നെയെന്ന് അദ്ദേഹം വിശദീകരിച്ചു. 3. കൂടിയ വിലയും കുറഞ്ഞ വിലയും കാലക്രമത്തിൽ മിത (ന്യായ) വിലയിലെത്തു ന്നതെങ്ങനെയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വ്യക്തിയുടെ സാമ്പത്തിക സ്വാതന്ത്ര്യവും സമൂഹത്തിന്റെ ഭദ്രതയും കടക വിരുദ്ധങ്ങളല്ലെന്ന് സമർത്ഥിച്ച ആദ്യത്തെ സാമ്പത്തികശാസ്ത്ര ജ്ഞൻ ആഡംസ്മിത്തത്രേ.

## ഇന്ന് എങ്ങനെ?

കമ്പോള സമ്പ്രദായത്തിന്റെ ഇന്നത്തെ പ്രവർത്തനം ആഡം സ്മിത്ത് വിവരിച്ച വിധത്തിലാണോ?

മുഴുവനായും അല്ല. കമ്പോളത്തിന്റെ പ്രകൃതി തന്നെ മാറി യിരിക്കുന്നു. ഒഴുക്കിനെതിരായി ആക്കം നീന്താൻ വയ്യാത്ത പതിനെട്ടാം ശതകത്തിലെ "മത്സരം" ഇന്നില്ല. വലിയ കുത്ത കവ്യവസായ–വ്യാപാര കോർപ്പറേഷനുകൾ ഇന്നുണ്ട്. അതു പോലെ, രാഷ്ട്രവ്യാപകങ്ങളും ലോകവ്യാപകങ്ങളുമായ തൊഴി ലാളിസംഘടനകൾ ഇന്നുണ്ട്. മത്സരം, ഊന്നിറങ്ങുന്ന വില,

സാമ്പത്തികത്തകർച്ച എന്നിവയെ അതിജീവിക്കുവാൻ ഇവയ്ക്കു കെൽപ്പുണ്ട്. കുറഞ്ഞ കൂലി ഉയർത്തുന്നതിനു് വിപുലമായ തൊഴിൽമുടക്കുകൾ നടത്തുന്ന തൊഴിലാളി സംഘടനകൾ. അതാതു ദിവസത്തെ കൊടുക്കൽ-വാങ്ങലുകൾ, കമ്പോളവിലനിർണ്ണയം, ചോദനം, പ്രദാനം എന്നീ താല്ക്കാലിക പ്രേരണകൾക്കു വഴങ്ങുന്നില്ല വൻകിട വ്യാപാരസ്ഥാപനങ്ങൾ. ഗവൺമെണ്ടിൻെറ അടിക്കടി വർദ്ധിച്ചുവരുന്ന കൈകടത്തലും സാമ്പത്തിക നയങ്ങളും—നികുതിനയം, വിദേശവ്യാപാരനയം, വ്യവസായനയം, ബാങ്കിങ്ങ്നയം, സാമ്പത്തികാസൂത്രണനയം തുടങ്ങിയവ—സാമ്പത്തിക മണ്ഡലത്തെ ആകമാനം സ്പർശിക്കുന്നു. ചില സാമ്പത്തികമേഖലകളിൽ ഗവൺമെണ്ടു തന്നെ കുത്തകവ്യാപാരം നടത്തുന്നു. മററു മേഖലകളിൽ സ്വകാര്യ വ്യവസായസ്ഥാപനങ്ങളുമായി മത്സരിക്കുന്നു, സ്വകാര്യ മേഖലയെ നിയന്ത്രിക്കുന്നു. ഇതൊക്കെക്കാരണം ആഡംസ്മിത്തിൻെറ നിയമങ്ങൾക്കു് അത്രയ്ക്കു പ്രസക്തിയില്ലാതായിരിക്കുന്നു. പുറകെ വരുന്ന സാമ്പത്തികശാസ്ത്രജ്ഞന്മാർ ഈ പ്രശ്നങ്ങൾ വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്നുണ്ടു്. എങ്കിലും സ്മിത്തിൻെറ സിദ്ധാന്തങ്ങൾ അടിസ്ഥാനപരമാണു്.

## ദരിദ്രരുടെ ദാരിദ്ര്യം ധനമാണു്

ഈ ഗ്രന്ഥം വെളിച്ചം കണ്ടിട്ടു് 90 വർഷങ്ങൾ കഴിഞ്ഞപ്പോൾ കാൾമാർക്സ്, സാമൂഹ്യ - സമ്പദ്‌വ്യവസ്ഥയിലുണ്ടാകുന്ന ചലനത്തിൻെറ നിയമങ്ങൾ കണ്ടെത്തി. മുതലാളിത്തം പതുക്കെ, വിസമ്മതത്തോടെ, നിർബ്ബന്ധിതമായി അതിൻെറ പതനത്തിലേക്കു നീങ്ങുന്നു! സമൂഹത്തിൻെറ മുന്നോട്ടുള്ള ആയൽ ആഡംസ്മിത്തും കണ്ടു—പതുക്കെ, സമ്മതത്തോടെ, അനശ്വരമായ ക്ഷേമത്തിലേയ്ക്കു്!

സന്ദർശകൻ സർ ജോൺ ബിങ്ങ് (1792-ൽ) കുതിരവണ്ടിയുടെ ജനാലയിൽ കൂടി കണ്ട ലോകം ശോചനീയമായിരുന്നു:

"ഒന്നാന്തരം ഫാക്ടറി.........പക്ഷേ താഴ്‌വര താവമാറായി. ഭംഗിയെവിടെ?.........കണ്ടുപിടുത്തങ്ങൾ നന്ന്. സർ റിച്ചാർഡ് ആക്ക്റൈററ് സ്വകുടുംബത്തിനും രാഷ്ട്രത്തിനും ധനമാർജ്ജിച്ചു കൊടുത്തിരിക്കാം....കഷ്ടം! നാസ്സുളുടെ മാളമായിത്തീർന്നിരിക്കുന്നു മാഞ്ചെസ്റ്റർ." സ്ത്രീകളുടെ മുടി വിററു നടന്ന ആക്ക്റൈററു 'സ്പിന്നിങ്ങ് ത്രോസിൽ' എന്ന യന്ത്രം കണ്ടുപിടിച്ചു. കൊച്ചു കുട്ടികളെ കൂലിക്കു നിർത്തി അദ്ദേഹം പണമുണ്ടാക്കി. ധർമ്മിഷ്ഠനാണത്രേ അദ്ദേഹം!

ഫാക്ടറിവേലയ്ക്കു കൂലിക്കാർ വേണം. കൂലിയധികമെങ്കിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കു വില കൂടും. വില കൂടിയാൽ ആവശ്യക്കാർ കുറയും വില കുറഞ്ഞാൽ ഭൂരിപക്ഷം പേർക്കും അതൊരനുഗ്രഹമാകും. സാധനങ്ങളുടെ വില കുറയണമെങ്കിൽ കൂലി കുറയണം, കുറഞ്ഞ കൂലിക്കു പണിയെടുക്കുവാൻ തൊഴിലാളികൾ വേണം. അതാണ് രാഷ്ട്രത്തിൻെറ ക്ഷേമത്തിന്നാവശ്യം. "ദരിദ്രരുടെ ദാരിദ്ര്യമാണ് (കുറഞ്ഞകൂലി) രാഷ്ട്രത്തെ സമ്പന്നമാക്കുന്നതു്." സ്മിത്ത് ഈ നിഗമനം ഖണ്ഡിച്ചു: "അധികം പേരും ദരിദ്രരും കഷ്ടപ്പെടുന്നവരും ആണെങ്കിൽ ആ സമൂഹത്തിൽ സന്തുഷ്ടിയും സമൃദ്ധിയും ഉണ്ടാകില്ല."

## സമൃദ്ധിയിലേക്കു —എങ്ങനെ?

സമൂഹം അഭിവൃദ്ധി പ്രാപിക്കുകയാണെന്ന് അദ്ദേഹം വാദിച്ചു. ഫാക്ടറി സമ്പ്രദായത്തിൻെറ സവിശേഷത തൊഴിൽ വിഭജനമാണ്. "....ഒരാൾ ഇരുമ്പുകമ്പി വലിച്ചു നീട്ടുന്നു; രണ്ടാമൻ അതു നിവർത്തുന്നു; മൂന്നാമൻ മുറിക്കുന്നു; നാലാമൻ അതിനു മുനയുണ്ടാക്കുന്നു..........പത്തു പേർ കൂടി ദിവസത്തിൽ

12 റാത്തൽ മൊട്ടുസൂചി തയ്യാറാക്കുന്നു ......ഒററയ്ക്കാണെങ്കിൽ ഒരാഠംക്ക് 20 സൂചിയുണ്ടാക്കാൻ പററില്ല, ചിലപ്പോഠം ഒരു സൂചി പോലും ഉണ്ടാക്കുവാൻ പററില്ല,'' സ്മിത്ത് വിശദീകരിച്ചു. സങ്കീർണ്ണമായ ഉല്പാദനം ലളിതമാക്കുന്നതു തൊഴിൽ വിഭജനമാണ്; ഉല്പാദനം അനേകമടങ്ങു വർദ്ധിക്കുന്നു; "സാർവ്വത്രികമായ സമൃദ്ധി ക്രമേണ സാമ്പത്തികശേഷി കുറഞ്ഞ വർഗ്ഗത്തെ അനുഗ്രഹിക്കുന്നു.''

എന്താണ് സമൂഹത്തെ സമൃദ്ധിയിലേക്കു നയിക്കുന്നത്? മനുഷ്യൻെറ സൃഷ്ടിപരമായ കഴിവുകളാഠംക്കൊണ്ട് അവനെ പുതിയ സങ്കേത വിദ്യയിലേയ്ക്കും കണ്ടുപിടുത്തത്തിലേയ്ക്കും ഉല്പാദന വികസനത്തിലേയ്ക്കും സാഹസങ്ങളിലേയ്ക്കും നയിക്കുന്നതു ഭാഗികമായി കമ്പോളസമ്പ്രദായമാണ്. കമ്പോളസമ്പ്രദായത്തിൻെറ മുന്നേററത്തെ സഹായിക്കുന്ന നിയമങ്ങഠം പരിണാമമാർഗ്ഗേണ രൂപംകൊണ്ടവയാണ്.

ഒന്ന്: മൂലധനസംഭരണ നിയമം. ലാഭം കുമ്പാരംകൂട്ടി, ആ ധനം വ്യവസായികഠം പഴയ ഫാക്ടറികഠം പുതുക്കുവാനും പുതിയ ഫാക്ടറികഠം തുടങ്ങുവാനും നൂതനയന്ത്രവൽകൃത വ്യവസായങ്ങഠം സ്ഥാപിക്കുവാനും ഉപയുക്തമാക്കുന്നുവെന്ന് സ്മിത്തു പറഞ്ഞു. കൂടുതൽ തൊഴിലാളികളെയെടുക്കുക, വിവിധ തുറകളിൽ ഉല്പാദനം വർദ്ധിപ്പിക്കുക, പിന്നെയും ലാഭമെടുക്കുക—ഉല്പാദനം തുടരുന്നു പരമാർത്ഥമാണോ? അതെ. ക്ഷുരകൻെറ കൂടെ വിദ്യ പഠിച്ച ആർക്ക് റൈററ്, മരിച്ചപ്പോഠം 5 ലക്ഷം പവൻ സമ്പാദിച്ചിരുന്നു. കൊല്ലനായ സാമുവൽ വാക്കർ ഫാക്ടറി സ്ഥാപിച്ച് 2 ലക്ഷം പവൻ വാരിക്കൂട്ടി. ഒററക്കാലൻ ജോസിയാ വെഡ്ജ്‌വുഡ് ചാടിച്ചാടി നടന്ന് അലസന്മാർക്ക് "ഇതു പററില്ല, ജോസ്" എന്ന കുറിപ്പയച്ച് 2.4ലക്ഷം പവൻ സമ്പാദിച്ചു. വ്യാവസായികവിപ്ലവത്തിൻെറ അനുഗ്രഹങ്ങഠം കമ്പോളസമുദായത്തിൽ കൂടി!

രണ്ട്: ജനസംഖ്യാ നിയമം. സ്മിത്ത് പറയുന്നു, വില്പനച്ചരക്കാണ് തൊഴിലെന്ന്. പ്രത്യേകതയിതാണ്: കൂലി കൂടുമ്പോൾ തൊഴിലാളികൾ വർദ്ധിക്കും; കൂലി കുറയുമ്പോൾ തൊഴിലാളികൾ കുറയും. കൂലി കുറയുമ്പോൾ ദരിദ്രരായ തൊഴിലാളികൾക്കു ജീവിതാവശ്യങ്ങൾ സാധിച്ചു കിട്ടില്ല. തൽഫലമായി ആദ്യം ശിശുമരണ നിരക്കു വർദ്ധിക്കും, പിന്നീട് മരണനിരക്കും. കൂലി കൂടുമ്പോൾ മറിച്ചു സംഭവിക്കുന്നു. തൊഴിലാളികളുടെ സംഖ്യ വർദ്ധിക്കുന്നു.

## സ്വയം പ്രവർത്തിക്കുന്ന സമ്പ്രദായം

ധനം കുമ്പാരം കൂടുന്നതിൻെറ ആദ്യഫലം കൂടിയ കൂലിനിരക്കാണ്. അതോടെ തൊഴിലാളികളുടെ സംഖ്യ വർദ്ധിക്കുന്നു. ഉല്പാദനച്ചെലവു വർദ്ധിക്കുകയാൽ വിലക്കേററമുണ്ടാകുന്നു. പിന്നീട് ഉല്പാദനം ആവശ്യത്തിലധികം വർദ്ധിക്കുകയാൽ, സാധനങ്ങളുടെ വില കുറയുന്നു. അതോടെ കൂലിയും കുറയുന്നു. ഉല്പാദനം കുറഞ്ഞു കുറഞ്ഞു ആവശ്യത്തിൽ കുറവാകുമ്പോൾ വില വർദ്ധിക്കുന്നു, കൂലി വർദ്ധിക്കുന്നു ഉല്പാദനമെന്തിനു കുറയ്ക്കുന്നു? വില കുറയുമ്പോൾ ലാഭം കുറയുന്നു; ലാഭമില്ലെങ്കിൽ കൂടുതലുല്പാദിപ്പിക്കുന്നതെന്തിന്? സ്വയം തെററു തിരുത്തുന്നതാണ് കമ്പോളസമ്പ്രദായം—പിന്നെയും തെററു ചെയ്യുമെന്നു മാത്രം.

സ്വയം പ്രവർത്തിക്കുകയും സ്വയം നിയന്ത്രിക്കുകയും ചെയ്യുന്ന കമ്പോളസമ്പ്രദായത്തിൽ ആരും ഇടങ്കോലിടരുതെന്ന് സ്മിത്ത് ശഠിച്ചു. സ്വതന്ത്രമായും അനുസ്യൂതമായും മൂലധനസംഭരണം അഭിവൃദ്ധിപ്പെടുമ്പോൾ ദരിദ്രരുടെ വരുമാനം ക്രമേണ വർദ്ധിച്ചുവരുമെന്നദ്ദേഹം വിശ്വസിച്ചു. ആഡം സ്മിത്തിൻെറ ഗ്രന്ഥം തീർച്ചയായും 'യൂട്ടോപ്പിയ' (സങ്കല്പസ്വർഗ്ഗം) യെപ്പററി അല്ല, പ്രവർത്തനത്തിനുള്ള പദ്ധതിയെപ്പററിയാണ്.

## കുറച്ചു ഭരിക്കുക

പ്രസിദ്ധീകരിച്ചയുടനെ ഈ ഗ്രന്ഥത്തെ ആക്ഷേപിക്കുവാൻ ചില പാർലമെൻറ് അംഗങ്ങറം മുതിൎന്നു. എട്ടു വഷങ്ങറംക്കു ശേഷം ഈ ഗ്രന്ഥത്തിൽ നിന്നുള്ള ഉദ്ധരണികറം പാർലമെൻറിൽ മുഴങ്ങി. അംഗീകാരം ലഭിച്ചപ്പോറം, അതു് അപ്രതീക്ഷിതമായ വിഭാഗത്തിൽ നിന്നുമായി. സാമൂഹ്യസമത്വവും നീതിയും മനുഷ്യത്വവും വെടിഞ്ഞ വ്യവസായ പ്രഭുക്കറം ഫാക്ടറിനിയമങ്ങളെ എതിൎക്കുവാനാണു് സ്മിത്തിൻെറ ഗ്രന്ഥത്തിൽ നിന്നുദ്ധരിച്ചതു്. അതേ ഗ്രന്ഥത്തിൽ ആഡംസ്മിത്ത് അവരെപ്പററി പറയുന്നതു നോക്കുക: "കച്ചവടക്കാരുടേയും വ്യവസായികളുടേയും നികൃഷ്ടമായ കവൎച്ചവാസന........ എന്തും കുത്തകയാക്കാനുള്ള ആവേശം!....അവർ മനുഷ്യഗണത്തിൻെറ ഭരണാധിപന്മാരല്ല; ഭരണാധിപന്മാർ ആകരുതു്...." "കമ്പോള സമ്പ്രദായത്തെ വെറുതെ വിടുക" എന്ന സ്മിത്തിൻെറ മുദ്രാവാക്യം അവരുയൎത്തിക്കാട്ടി.

ഒരു വൎഗ്ഗത്തിൻേറയും വക്താവല്ലായിരുന്നു സ്മിത്ത്. അദ്ദേഹത്തിനു് ആരോടെങ്കിലും പ്രതിപത്തിയുണ്ടായിരുന്നെങ്കിൽ അതു് ഉപഭോക്താക്കളോ (സാധനങ്ങറം വാങ്ങി ഉപയോഗിക്കുന്നവർ) ടായിരുന്നു: "സാധനങ്ങളുടെ ഉപയോഗം അനുഭവിക്കുക—അതാണു് ഉല്പാദനത്തിൻെറ ഏക ലക്ഷ്യവും ഉദ്ദേശവും." ഉപഭോക്താക്കളുടെ താല്പര്യങ്ങറംക്കു സ്ഥാനം നൽകാത്ത 'മൎക്കൻടിലിസ' പ്രസ്ഥാനം അദ്ദേഹം തച്ചുടച്ചു.

കമ്പോളസമ്പ്രദായത്തിൻെറ സ്വതന്ത്രമായ പ്രവൎത്തനത്തിൽ ഇടങ്കോലിടരുതു്. ഏററവും കുറച്ചു ഭരിക്കുക — അതാണു് സൽഭരണം. കാരണം: ഗവൎമ്മേണ്ടുകറം അമിതമായി ചെലവു ചെയ്യുന്നു, ചുമതലബോധമില്ലാതെ പ്രവൎത്തിക്കുന്നു; സൃഷ്ടിപരമായി പ്രവൎത്തിക്കുന്നുമില്ല. ഗവൎമ്മേണ്ടു് ജനക്ഷേമത്തെ ഉയ

ത്തിപ്പിടിക്കുന്ന പക്ഷം, ഗവമ്മേണ്ടിൻെറ പ്രവത്തനങ്ങൾക്കെതിരല്ല ആഡംസ്മിത്ത്. "വൻതോതിലുള്ള ഉല്പാദനം വ്യക്തികളുടെ സൃഷ്ടിപരമായ കഴിവുകളെ ഹനിക്കുകയും സ്വഭാവഗുണങ്ങളെ ക്ഷതപ്പെടുത്തുകയും ചെയ്യും, ഗവമ്മേണ്ട് ഇവയ്ക്കെതിരായി നടപടികളെടുത്തില്ലെങ്കിൽ'' എന്നദ്ദേഹം മുന്നറിയപ്പു നൽകുന്നുണ്ട്. തൊഴിലാളികളുടെ ക്ഷേമം കാത്തുരക്ഷിക്കുന്ന ഒരു ഗവമ്മേണ്ട് (അദ്ദേഹത്തിൻെറ കാലത്തുള്ള ഗവമ്മേണ്ട് കച്ചവടക്കാരുടെ ഭാഗത്തായിരുന്നു) സാമൂഹ്യക്ഷേമപ്രവത്തനങ്ങൾ നടത്തുന്നതിന്ന് സ്മിത്ത് എതിരല്ല. "വ്യവസായികൾ പൊതുജനങ്ങളെ കബളിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരാണെന്നദ്ദേഹംപറഞ്ഞിട്ടുണ്ട്. എല്ലാംകണ്ടു് കൈയും കെട്ടിയിരിക്കുന്ന ഗവമ്മേണ്ടിൻെറ മനുഷ്യത്വത്തിൽ അദ്ദേഹം വിശ്വസിച്ചില്ല.

## കഴുത്തിലെ കനം

യുക്തിയും ചിട്ടയും നീതിയും വിജയിക്കുമെന്നു സ്മിത്ത് വിശ്വസിച്ചു. വേഗത്തിൽ നീതി ലഭിക്കുവാൻ നല്ലതു് വാദിയും പ്രതിയും നേരിട്ടു് ജഡ്ജിയ്ക്കു് പണം കൊടുക്കുകയാണെന്നദ്ദേഹം ശഠിച്ചു. ലാഭകരമാകയാൽ, അടിമത്തം നിത്തിക്കളയണമെന്നു് അദ്ദേഹം ഉപദേശിച്ചു. "ഉപഭോക്താവാണു് രാജാവു്"—ആവശ്യക്കാരനാണു് ഏതു വേണമെന്നു തീരുമാനിക്കുന്നതു്; ആ സാധനത്തിനാകുമല്ലോ ചോദനം; അതുനൽകുവാനാണല്ലോ ഉല്പാദനം.

അവസാനം, സ്മിത്തിൻെറ സിദ്ധാന്തങ്ങളിൽ ഏതെല്ലാം ബാക്കിയായി? സ്മിത്ത് നിശ്ചലമായ ഒരു സമൂഹത്തെപ്പററിയാണു ചിന്തിച്ചതു്. സമൂഹം നിശ്ചലമല്ല. സാമ്പത്തികബന്ധങ്ങളിൽ മാററം വന്നു. പുറകെ വന്ന ധനശാസ്ത്രജ്ഞന്മാർ ഇവ ചർച്ചചെയ്തു. "സ്വത്തുകാരുടെ അമിതമായ

ധനവും ആഡംബരഭ്രമവും സുഖഭോഗങ്ങളും" സ്പർശിച്ച ആഡം സ്മിത്ത്, 150 വർഷങ്ങൾക്കുശേഷം വെബ്ളൻ കണ്ട 'വിശ്രമവർഗ്ഗ'ത്തെ മുൻകൂട്ടി കണ്ടു. അസാമാന്യബുദ്ധിശക്തിയുള്ള രാജ്യതന്ത്രജ്ഞൻ കൂടിയായിരുന്ന സ്മിത്ത് വ്യക്തമാക്കി: "മുഴുവൻ സാമ്രാജ്യത്തേയും സംരക്ഷിപ്പാൻ ബ്രിട്ടനു് കെല്പില്ലെങ്കിൽ കഴുത്തിൽനിന്നു് ഈ കനം (സാമ്രാജ്യം) അഴിച്ചു കളയുകയാണു് ഭേദം." അതൊരു പ്രവചനമായിരുന്നു. നിഷ്പക്ഷവും ശാസ്ത്രീയവുമായിരുന്നു അദ്ദേഹത്തിൻെറ സമീപനരീതി.

## ശാശ്വതമായ സ്മാരകം

ആഡം സ്മിത്ത് ജീവിതത്തിൻെറ സായാഹ്നത്തിലേക്കു് നീങ്ങി. ആദരവും കീർത്തിയും അദ്ദേഹമാർജ്ജിച്ചു. രാജ്യതന്ത്രജ്ഞൻ ബക്ക് അദ്ദേഹത്തെ എഡിൻബറോയിൽ പോയി കണ്ടു. ഗ്ലാസ്ഗോ സർവ്വകലാശാല സ്മിത്തിനെ 'ലോർഡ് റെക്ടർ' ആക്കി. അദ്ദേഹത്തിൻെറ ഗ്രന്ഥം ഡാനിഷ്, ഫ്രഞ്ച്, ജർമ്മൻ, ഇററാലിയൻ, സ്പാനിഷ് എന്നീ ഭാഷകളിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ടു. ഓക്സ്ഫോർഡ് അദ്ദേഹത്തെ അവഗണിച്ചു; 'ഓണററി' ബിരുദം പോലും കൊടുത്തില്ല. ആഡിങ്ടൺ, വിൽബർഫോർസ്, ഗ്രെൻവിൽ എന്നീ മഹാന്മാരുമായി സംഭാഷണം നടത്തുന്ന പ്രധാനമന്ത്രി പിററ്, സ്മിത്തിൻെറ സാന്നിദ്ധ്യം പ്രത്യേകക്ഷണം മൂലം അഭ്യർത്ഥിച്ചു സ്മിത്ത് സദസ്സിലേയ്ക്കു വന്നപ്പോൾ, എവരും എഴുന്നേററു, ആദരവോടെ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു സ്വീകരിച്ചു. "നിങ്ങളിരുന്നാലും," സ്മിത്ത് ശബ്ദമുയർത്തി. "ഇല്ല. താങ്കളിരുന്നിട്ടേ ഞങ്ങളിരിക്കുന്നുള്ളു. താങ്കളുടെ ശിഷ്യന്മാരാണു് ഞങ്ങൾ," പ്രധാനമന്ത്രി പിററ് വിനയത്തോടെ മറുപടിപറഞ്ഞു.

അറുപത്തേഴാം വയസ്സിൽ (1790) ആഡംസ്മിത്ത് മരിച്ചു. ഫ്രഞ്ച് വിപ്ലവവും വ്യാവസായികവിപ്ലവവും വികാസം പ്രാ

പിക്കുന്ന കാലം. അധികം പേരും അദ്ദേഹത്തിൻെറ മരണ വാൎത്ത അറിഞ്ഞില്ല. അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങ ളിലേയ്ക്കു് വിരൽ ചൂണ്ടികൊണ്ടു് 'ചർച്ച് ഗെയ്ററ്' പള്ളി ശ്മശാനത്തിൽ ഒരു സ്മാരകം, കാലത്തിൻെറ പ്രഹരമേററ്, മങ്ങി നിൽപ്പുണ്ടു്. എന്താണതിന്മേൽ കൊത്തിയിട്ടുള്ളതു്? "ആഡം സ്മിത്ത്, 'രാഷ്ട്രങ്ങളുടെ ധനം' എന്ന ഗ്രന്ഥത്തിൻെറ കൎത്താവു്, ഇവിടെ അന്ത്യനിദ്ര കൊള്ളുന്നു." ആ ഗ്രന്ഥത്തേക്കാരം ശാശ്വതമായ ഒരു സ്മാരകം മറെറന്തുണ്ടു്?

# വൈദികൻ മാറത്തസ്, ഭാഗ്യവാൻ റിക്കാർഡോ

ആത്മസുഹൃത്തുക്കളാണ് രണ്ടുപേരും. കടകവിരുദ്ധങ്ങളാണ് അവരുടെ ആശയങ്ങൾ. വൈദികൻ പരമാത്ഥങ്ങളുടെ ലോകത്തിലേയ്ക്കിറങ്ങി; ഊഹക്കച്ചവടക്കാരൻ സിദ്ധാന്തങ്ങളുടെ ലോകത്തിലേയ്ക്കു കയറി. ഇരുവരും മൂക്കിന്മേൽ വിരൽവെച്ചു: കഷ്ടം, ഈ ലോകം!

രണ്ടു പ്രശ്നങ്ങൾ: നോക്കുന്നിടത്തെല്ലാം ദാരിദ്ര്യം—എന്താണിങ്ങനെ? ബ്രിട്ടന്റെ അധഃപതനത്തിനു കാരണം ജനവദ്ധനയില്ലായ്കയല്ലെ?

രണ്ടും ബ്രിട്ടീഷ് ജനതയെ ക്ഷോഭിപ്പിച്ചു. ആകെ ബ്രിട്ടനിൽ എത്ര പേരുണ്ടു്? ആദ്യത്തെ തലയെണ്ണലിനു (1801) നാം പത്തൊമ്പതാം ശതകത്തിന്റെ പുലരിവരെ ക്ഷമയോടെ കാത്തിരിക്കണം. അക്ഷമരാണ്, പക്ഷേ, ജനങ്ങൾ. നികുതിരേഖകളും മാമോദീസാ കണക്കുകളും ആധാരമാക്കി ഭൂപടനിമ്മാതാവു് ഗ്രിഗറി കിങ്ങ് പറഞ്ഞു (1696–ൽ), ബ്രിട്ടനിൽ 55 ലക്ഷം ജനങ്ങളുണ്ടെന്നു്. ആശ്ചര്യമെന്നേ പറയേണ്ടു, ഈ നിഗമനം ശരിയായിരുന്നു. “600 വഷങ്ങൾക്കു ശേഷം (2300) ജനസംഖ്യ ഇരട്ടിക്കും; 1300 വർഷങ്ങൾക്കുശേഷം (3600) വീണ്ടും ഇരട്ടിക്കും.” ആ ഭൂപടനിമ്മാതാവു് ഇത്രയും

കൂടി കൂട്ടിച്ചേർത്തു: "അന്നുവരെ ഈ ലോകം നിലനില്ക്കുന്ന പക്ഷം!"

## ജനസംഖ്യ കൂട്ടുവാൻ

അപ്പോഗം ജനവദ്ധനനിരക്കു് കുറയുന്നില്ലല്ലോ. "കുറഞ്ഞിട്ടുണ്ടു്" ഹൗട്ടണിലെ കാപ്പി—ചായ വ്യാപാരിയും വൈദ്യനും വൈദികനുമായ ഡോക്ടർ പ്രൈസാണു് മറുപടി പറഞ്ഞതു്. "രാജവാഴ്ചയുടെ പുനഃസ്ഥാപനത്തിനു ശേഷം ജനസംഖ്യ മൂന്നിലൊരു ഭാഗം കുറഞ്ഞു"—അദ്ദേഹം സമത്ഥിച്ചു. ഇതുയും കേഗക്കേണ്ട താമസം, മതപരിഷ്കത്താവു് വില്യം പാലി വിലപിച്ചു: "ക്ഷയിക്കുന്ന ജനസംഖ്യ—ഈ രാഷ്ട്രത്തിനു സഹിക്കേണ്ടിവരുന്ന ഏററവും വലിയ വിപത്താണിതു്. ജനവദ്ധനനയത്തിനു് മററു രാഷ്ട്രീയപരിഷ്കാരത്തേക്കാളധികം വില കല്പിക്കേണ്ടിയിരിക്കുന്നു." ദരിതാശ്വാസ നിയമം വഴി ജനവദ്ധനനിരക്കു് തള്ളിക്കയററുവാൻ പ്രധാനമന്ത്രി പിററ് തയ്യാറായി. ദരിദ്രരെങ്കിലും കൂടുതൽ മക്കളുള്ളവർ ഉൽകൃഷ്ടമായ രാഷ്ട്രസേവനമാണു് അനുഷ്ഠിക്കുന്നതെന്നദ്ദേഹം ചൂണ്ടിക്കാട്ടി. സുന്ദരമായ ഭാവിയിലേയ്ക്കു് കണ്ണുകളുയത്തിക്കൊണ്ടു് വില്യം ഗോഡ്വിൻ എഴുതി: "ധനവിതരണത്തിൽ സമത്വവും ആക്കും സ്വാതന്ത്ര്യവും നൽകിയാൽ "ധനികർ കുറവു്, ദരിദ്രർ അധികം" എന്ന നില മാറും. യുദ്ധം, ചീത്ത കോടതികഗ, ഗവമ്മേണ്ടു് എന്നിവ ഒഴിവാക്കാം. രോഗം, അമഷം, മ്ലാനത എന്നിവ പമ്പകടക്കും." ഗോഡ്വിൻെറ ഗ്രന്ഥത്തിൻെറ വില വളരെ കൂടുതലായതിനാൽ അധികമാരും വായിക്കുകയില്ല എന്ന ന്യായത്തിന്മേൽ 'പ്രിവി കൗൺസിൽ' ഗോഡ്വിനെ ശിക്ഷിക്കുവാൻ തയ്യാറായില്ല. ഗോഡ്വിൻെറ ആശയങ്ങഗ ചൂടുപിടിച്ച വാദപ്രതിവാദങ്ങഗക്കിടയാക്കി.

## ഗോഡ്‌വിൻെറ സ്വപ്നസ്വർഗ്ഗം

ഗിൽഡ്ഫോർഡിനടുത്തുള്ള 'ആൽബറി ഭവന'ത്തിലത്രേ ഈ വാദപ്രതിവാദങ്ങൾ കേന്ദ്രീകരിച്ചതു്. "ജെൻറിൽമാൻസ് മാഗസിൻെറ" ഭാഷയിൽ പറഞ്ഞാൽ, അവിടെ താമസം "ഒരു തനി കിറുക്കനെ"ത്രേ. അദ്ദേഹത്തിൻെറ പേർ: ഡാനിയൽ മാൽത്തസ്സ്—ഡേവിഡ് ഹ്യൂമിൻെറ സ്നേഹിതൻ, ഫ്രഞ്ചു് വിപ്ലവകാരി റൂസ്സോയുടെ ആത്മസുഹൃത്തു്! റൂസ്സോയുടെ പ്രേരണപ്രകാരം അദ്ദേഹം മനോഹരമായ ഒരു സസ്യശാസ്ത്രത്തോട്ടവും ഒന്നാന്തരം ലൈബ്രറിയും സമ്പാദിച്ചു. തർക്കിക്കുന്നതിൽ സമർത്ഥനും, ചിന്തകനും, മഹാമനസ്കനുമായ ഡാനിയൽ തന്നെ വെല്ലുന്ന മററൊരു ബുദ്ധിമാനെ കണ്ടെത്തിയതു് സ്വപുത്രനായ റവറണ്ടു് തോമസ്സ് റോബർട്ടു് മാൽത്തസ്സിലത്രേ.

ഗോഡ്‌വിൻെറ സ്വപ്നസ്വർഗ്ഗം രണ്ടു മാൽത്തസ്സുമാരും തമ്മിൽ ചർച്ചചെയ്തു. യുക്തികൾ നിറയുന്നവയാണു് ഗോഡ്‌വിൻെറ ആശയങ്ങൾ എന്നാണു് മൂത്ത മാൽത്തസ്സിനു തോന്നിയതു്. സമൂഹത്തിലെ പ്രവണതകൾ തികച്ചും മനസ്സിലാക്കിയ ഇളയ മാൽത്തസ്സ് പിതാവിൻെറ ന്യായങ്ങൾക്കെതിരായി ഡസൻകണക്കിനു് എതിർന്യായങ്ങൾ ചൊരിഞ്ഞു. പിതാവിനെ ബോദ്ധ്യപ്പെടുത്തുവാൻ ഇളയ മാൽത്തസ്സ് തൻെറ ന്യായങ്ങൾ ഏററവും വ്യക്തമായി എഴുതി. ഈ ന്യായങ്ങൾ മൂത്ത മാൽത്തസ്സിനെ സന്തുഷ്ടനാക്കി. മകനെഴുതിയ പ്രബന്ധം പ്രസിദ്ധപ്പെടുത്തണമെന്നു് പിതാവുപദേശിച്ചു. അത്രയ്ക്കു ശക്തിയുള്ളതായിരുന്നു റവറണ്ടു് മാൽത്തസ്സിൻെറ പ്രബന്ധം.

## ആ ഗ്രന്ഥം

'സമൂഹത്തിൻെറ പുരോഗതിയെ സ്പർശിക്കുന്ന ജനസംഖ്യാസിദ്ധാന്തത്തെപ്പററിയുള്ള പ്രബന്ധം' 1798-ൽ ഗ്രന്ഥകർത്താ

വിൻെറ പേരില്ലാതെ പ്രസിദ്ധീകൃതമായി. 50,000 വാക്കുകളുള്ള ഈ പ്രബന്ധം സുഖസ്വപ്നപ്രതീക്ഷകളെ, "സമത്വസുന്ദരമായ സങ്കല്പസ്വർഗ്ഗ"ത്തെ, ഒരടിക്കു തകർത്തു. മലപ്പൊടി പാറിപ്പറന്നു; മ്ലാനത അന്തരീക്ഷത്തിൽ പരന്നു. ചുരുക്കത്തിൽ, വൈദികൻ മാൽത്തസ്സ് പറഞ്ഞതിതാണ്: "അനിയന്ത്രിതമായി കുട്ടികൾ ജനിക്കുന്നു; ജനങ്ങൾ വദ്ധിക്കുന്നു. തന്നിമിത്തം ഓരോരുത്തക്കും ആവശ്യത്തിനു ഭക്ഷണമില്ലാതെവരുന്നു." വെറുതെയല്ല, ഈ ഗ്രന്ഥം വായിച്ചതിനു ശേഷം കാർലൈൽ പറഞ്ഞതു്, ധനശാസ്ത്രം ഇരുളടഞ്ഞതാണെന്നു്, വിഷാദാത്മകമെന്നു്. പുരോഗതിയുടെ സ്നേഹിതന്മാരെ മാൽത്തസ്സ് പിന്തിരിപ്പന്മാരാക്കി മാററി എന്നായിരുന്നു ഗോഡ്വിൻെറ ആവലാതി.

## റിക്കാർഡോ കണ്ട ലോകം

പാതിരി മാൽത്തസ്സ് മനുഷ്യഗണത്തിൻെറ സുഖസ്വപ്നം തകർത്തപ്പോൾ, കമ്പനി ഷെയറുകൾ വിററു കോടീശ്വരനായിത്തീൎന്ന ഊഹക്കച്ചവടക്കാരൻ റിക്കാർഡോ പുതിയ സാമ്പത്തിക സിദ്ധാന്തങ്ങൾ വഴി ആഡംസ്മിത്തു് വിഭാവനംചെയ്ത സ്വയംസമൃദ്ധിയിലേയ്ക്കുയരുന്ന ലോകം തച്ചുടയ്ക്കുകയായി. ആഡംസ്മിത്തു് കണ്ട ലോകം ഒരു 'എസ്കലേററർ'പോലെയാണ്—യന്ത്രശക്തിയാൽ താനേ മുകളിലേയ്ക്കുയരുന്ന കോണിപ്പടികൾ—ക്രമവല്ക്കരിക്കപ്പെട്ട പുരോഗതി. ഈ എസ്കലേറററുടെ പ്രവർത്തനം റിക്കാർഡോ സൂക്ഷിച്ചു നോക്കി. കണ്ടതോ? പ്രയാസമെന്യേ ചിലർ നേരെ മുകളിലെത്തുന്നു. ചിലർ പകുതിയിട ചെന്നു് നിലംപതിയ്ക്കുന്നു. കൂടാതെ, മുകളിലെത്തുന്നവരല്ല 'എസ്കലേററർ' പ്രവർത്തിപ്പിക്കുന്നതു്. മുകളിലേയ്ക്കുയരുന്നവരുടെ ഇടയിൽതന്നെ കിടമത്സരമുണ്ടു്. എന്തിനു്? നില്ക്കുവാൻ ഏററവും ഭദ്രമായ സ്ഥാനം നേടുവാൻ.

ആഡം സ്മിത്തിനെ സംബന്ധിച്ചിടത്തോളം, വലിയ ഒരു കുടുംബമാണ് സമൂഹം. ആ കുടുംബത്തിലെ അംഗങ്ങളെ, കഴുത്തറിയ്ക്കുന്ന കിടമത്സരത്തിൽ വ്യാപൃതരായിട്ടാണ് റിക്കാർഡോ കണ്ടതു്. സ്മിത്തിൻെറ ഗ്രന്ഥം വെളിച്ചം കണ്ടിട്ടു് 40 വർഷം കഴിഞ്ഞു. എന്താണിപ്പോഠം സംഭവിക്കുന്നതു്? പാർലമെൻററംഗത്തിനും സാമൂഹ്യസ്ഥാനത്തിനും വേണ്ടി ഫാക്ടറിയുടമകളും വ്യവസായികളും പുതുമടിശ്ശീല വെറക്കുന്ന, പരമ്പരാഗതമായ സ്ഥാനമാനങ്ങളിഷ്ടപ്പെടുന്ന, ഭൂവുടമകളുമായി മല്പിടുത്തത്തിലേർപ്പെട്ടിരിക്കുന്നു.

## ധാന്യനിയമങ്ങഠം

ഫാക്ടറി ഉടമകഠം പണമുണ്ടാക്കുന്നതിൽ ഭൂവുടമകഠംക്കു് അസൂയയില്ല. ഭക്ഷണസാധനങ്ങളുടെ വില അടിക്കടി വദ്ധിക്കുകയാണു്. തന്നിമിത്തം ലാഭം കിട്ടുന്നതു് ഭൂവുടമകഠംക്കാണു്. നഷ്ടം സഹിക്കുന്നതു് ഫാക്ടറിയുടമകളും. ഇതാണു് ഫാക്ടറി ഉടമകളുടെ അമർഷത്തിനു കാരണം. ഭക്ഷണ സാധനങ്ങഠം കയററമതി ചെയ്തിരുന്ന ഇംഗ്ലണ്ടു്, ഇന്നവ ഇറക്കുമതി ചെയ്യുന്നു. ജനവദ്ധന കാരണം ഗോതമ്പിൻെറ വില നാലിരട്ടി വദ്ധിച്ചു വില കൂടിയതോടെ ഭൂമിയുടെ പാട്ടം കൂടി, ഭൂവുടമകളുടെ ലാഭം കൂടി.

. ധാന്യങ്ങളുടെ വില അടിക്കടി കയറുകയായി. അതിനാൽ മിടുക്കന്മാരായ കച്ചവടക്കാർ മററു രാജ്യങ്ങളിൽ നിന്നു് ധാന്യങ്ങളിറക്കുമതി ചെയ്തു് ലാഭമെടുക്കുകയായി. ഭൂവുടമകളുടെ വൻകിടവ്യവസായമാണു് കൃഷി. കാർഷികോല്പന്നങ്ങളുടെ വിലത്തോതനുസരിച്ചാണു് അവരുടെ വരുമാനം. മററു നാടുകളിൽനിന്നു് ധാന്യങ്ങഠം വന്നതോടെ വിലയിടിയുകയായി; അവരുടെ ലാഭം കുറയുകയായി. അവർ സ്വാധീനം ചെലുത്തി പാർലമെൻറിൽ 'ധാന്യനിയമങ്ങഠം' (Corn Laws)

പാസ്സാക്കി. ഇറക്കുമതി ചെയ്യുന്ന ധാന്യങ്ങളിന്മേൽ ചുങ്കം വന്നതോടെ ധാന്യവില വൎദ്ധിച്ചു. കൃഷിനാശവും, നെപ്പോളിയനുമായുള്ള യുദ്ധവും—ധാന്യവില കൂടുതൽ വൎദ്ധിച്ചു. കിട്ടുന്ന കൂലികൊണ്ടു ഫാക്ടറിത്തൊഴിലാളികൾക്കു് ജീവിക്കാൻ പററില്ലെന്നായി

## ഉണക്ക റൊട്ടിയേ കിട്ടു

വ്യവസായികൾ വിട്ടില്ല. ഭക്ഷ്യസാധനങ്ങളുടെ വില കുറയണമെന്നു് അവർ ആവശ്യപ്പെട്ടു. കാരണം സ്പഷ്ടം: ഭക്ഷ്യസാധനങ്ങൾക്കു വില കൂടുമ്പോൾ തൊഴിലാളികളുടെ കൂലി കൂട്ടണം. (അവൎക്കു ജീവിക്കണമല്ലോ) വ്യവസായികളുടെ ലാഭം കുറയും. മാത്രമല്ല, വിലവൎദ്ധനയും വൎദ്ധിച്ച കൂലിയും ഉല്പാദനച്ചെലവു വൎദ്ധിപ്പിക്കുന്നതിനാൽ, എല്ലാ സാധനങ്ങൾക്കും വില കൂടുന്നു. തന്നിമിത്തം പൊതുജനങ്ങൾ വലയുന്നു. "വില കുറഞ്ഞ ഭക്ഷണം," വ്യവസായികൾ മുദ്രാവാക്യം വിളിച്ചു. മനുഷ്യസ്നേഹം കൊണ്ടല്ല—സ്വാൎത്ഥംകൊണ്ടു്; ലാഭത്തിനു വേണ്ടി! ഭൂവുടമകളുടെ വക്താവു് അലക്സാണ്ടർ ബാറിങ്ങ് പാർലമെൻറിൽവെച്ചു പ്രസ്താവിച്ചു: "ഫാക്ടറിത്തൊഴിലാളികൾക്കിതിൽ കാര്യമില്ല. ധാന്യവില കുറഞ്ഞാലും കൂടിയാലും അവൎക്കു് ഉണക്കറൊട്ടിയേ കിട്ടു." വില കുറഞ്ഞാൽ കുറഞ്ഞ കൂലി. വില കൂടിയാൽ കൂടിയ കൂലി—എപ്പോഴും ഉണക്ക റൊട്ടി മാത്രമേ തൊഴിലാളികൾക്കു കിട്ടുകയുള്ളു. കൂടിയ വില വ്യവസായികളുടെ ലാഭം പിഴിഞ്ഞു കളയുകയാണു്. വ്യവസായികൾ ഭീമഹൎജ്ജികൾ ഗവമ്മേണ്ടിൻേറയും പാർലമെൻറിൻേറയും നേക്കെററിയുകയായി. പാർലമെൻറിലെ ഉപരിസഭയും കീഴ്സഭയും രണ്ടു കമ്മിററികൾ സംഘടിപ്പിച്ചു് കൈയുംകെട്ടിയിരുന്നു. ധാന്യനിയമങ്ങൾ ദുത്തുവാരുവാൻ 30 കൊല്ലമെടുത്തു. അത്രയും കാലം ഭൂവുടമകൾക്കു പാർലമെൻറിൻെറ മേലുള്ള സ്വാധീനം വിജയിച്ചു.

## അപ്രഖ്യാപിതയുദ്ധം

ഊഹക്കച്ചവടക്കാരൻ റിക്കാർഡോ, സത്യത്തിൽ, ഭൂവുടമയാണ്. പക്ഷേ, അദ്ദേഹമിങ്ങനെ വാദിച്ചു: ഭൂവുടമ—വ്യവസായി സംഘട്ടനമാണ് നടക്കുന്നതു്. സാങ്കേതികവിദ്യയുപയോഗിച്ച് ഫാക്ടറികരം സംഘടിപ്പിച്ച് രാഷ്ട്രത്തിനു് ധനമുണ്ടാക്കിക്കൊടുക്കുന്ന വ്യവസായിവർഗ്ഗം വിജയിക്കണം. വിജയിക്കേണ്ടവർ പരാജയപ്പെടാതിരിക്കണമെങ്കിൽ ധാന്യങ്ങളുടെ വിലക്കയററം തടയണം—എങ്ങനേയും! "ഭൂവുടമകളുടെ താല്പര്യങ്ങരം സമൂഹത്തിലെ ഇതരവർഗ്ഗങ്ങളുടെ താല്പര്യങ്ങരംക്കെതിരാണ്," അദ്ദേഹം രേഖപ്പെടുത്തി. അതോടെ പ്രഖ്യാപിതമല്ലാത്ത യുദ്ധം തുടങ്ങി. മാരംത്തസ് ചമച്ചിറക്കിവിട്ട ജനവദ്ധനപ്പിശാച് ലോകത്തെ വിഴുങ്ങിയില്ലെങ്കിൽ, റിക്കാർഡോ ഇറക്കിവിട്ട ഈ ആഭ്യന്തരയുദ്ധപ്പിശാച് ആ കമ്മം നിവ്വഹിക്കും!

## അവരെ കാണുക

മാരംത്തസ്സ്, റിക്കാർഡോ ഇവരെ പരിചയപ്പെടുക: വിവിധങ്ങളായ ജീവിത പാതകരം സ്വീകരിച്ച രണ്ടു വ്യക്തികരം. വിഭിന്നങ്ങളാണ് അവരുടെ സാമൂഹ്യ പശ്ചാത്തലം: ഇടത്തരക്കാരൻ ക്രിസ്ത്യൻ ഭൂവുടമയാണ്. പുത്തൻ ചിന്തകരം ആത്തിയോടെ ഒപ്പിയെടുക്കുന്ന, മാരംത്തസ്സിൻെറ പിതാവ്; ഹോളണ്ടിൽനിന്നു കുടിയേറിപ്പാത്തു്, ധനികനും ബാങ്കറുമായിത്തീന്ന യഹൂദനാണ് റിക്കാർഡോയുടെ പിതാവ്. ഉല്പതിഷ്ണുവായ പിതാവിൻെറ മേൽനോട്ടത്തിലായിരുന്നു മാരംത്തസ്സിൻെറ വിദ്യാഭ്യാസം. ഫ്രഞ്ചു വിപ്ലവത്തെ പിന്താങ്ങിയ അദ്ദേഹത്തിൻെറ ഒരദ്ധ്യാപകൻ ജയിലിലടയ്ക്കപ്പെട്ടു. പതിന്നാലാം വയസ്സിൽ റിക്കാർഡോ പിതാവിൻെറ ബിസിനസ്സിൽ പ്രവേശിച്ചു. അതേ സമയം ഗവേഷണത്തിൽ അഭി

രുചിയുള്ള മാഠംത്തസ്സ് ഈസ്റ്റിന്ത്യാക്കമ്പനി ഉദ്യോഗസ്ഥന്മാക്ക ശിക്ഷണം നൽകുന്ന ഹെയ്ലിബറി കോളേജിലെ സാമ്പത്തികശാസ്ത്ര പ്രൊഫസ്സറായി ഇരുപത്തിരണ്ടാം വയസ്സിൽ റിക്കാർഡോ സ്വന്തം വ്യവസായസ്ഥാപനങ്ങളുണ്ടാക്കി സ്വന്തം കാലിന്മേൽ നിന്നു. ഇരുപത്താറു വയസ്സുകാരൻ മാഠംത്തസ്സ് സാമ്പത്തികമായി വിഷമിക്കുമ്പോഠം, അതേ പ്രായക്കാരൻ റിക്കാർഡോ 800 പവൻ മൂലധനമിറക്കിത്തുടങ്ങിയ ബിസ്സിനസ്സ് വളർത്തിയെടുത്ത് കോടിക്കണക്കിനു പണം സമ്പാദിച്ചു. വ്യവസായത്തിൽനിന്നു 42-ാംവയസ്സിൽ വിരമിച്ചു. സത്യത്തിൽ, ലോകത്തിലെ പരമാത്ഥങ്ങളെ വിശകലനംചെയ്തു പഠിച്ചതു്, അവയുടെ തനിനിറത്തിൽ കണ്ടറിഞ്ഞതു്, വൈദികൻ മാഠംത്തസ്സാണു്. ഊഹക്കച്ചവടക്കാരൻ റിക്കാഡോ സിദ്ധാന്തങ്ങളുടെ ലോകത്തിലമന്നു. ചെറിയ വരുമാനമുള്ള മാഠംത്തസ്സ് ധനികവർഗ്ഗത്തിനുവേണ്ടി വാദിച്ചു: ധനികനായ റിക്കാഡോ സ്വവഗ്ഗത്തിൻെറ താൽപയ്യങ്ങളെ എതിത്തു.

## വിവാഹം വേണം: മക്കഠം വേണ്ട

അവരിരുവരുടേയും ജീവിതപശ്ചാത്തലവും, ശിക്ഷണവും, ജോലിയും ഭിന്നങ്ങഠംതന്നെ. അവരുടെ കൃതികഠംക്കു ലഭിച്ച സ്വീകരണവും ഭിന്നങ്ങഠംതന്നെ. മാഠംത്തസ്സിനെപ്പററി ജീവചരിത്രകാരൻ ജോസ്ബോണാർ എഴുതുന്നു: "തൻെറ കാലഘട്ടത്തിൽ ഏററവുമധികം തെറി കേഠംക്കേണ്ടിവന്ന ചിന്തകൻ! നെപ്പോളിയൻ ബോണപ്പാർട്ടു പോലും ഇദ്ദേഹത്തെപ്പോലെ മനുഷ്യഗണത്തിൻെറ ശത്രുവല്ലത്രേ—മസൂരിയും, അടിമത്തവും, ശിശുഹത്യയും പ്രോത്സാഹിപ്പിച്ച, ദുരിതാശ്വാസവും ചെറുപ്പത്തിലുള്ള വിവാഹവും നിരുത്സാഹപ്പെടുത്തിയ, മറെറാരു മനുഷ്യനില്ല........കുടുംബജീവിതത്തിൻെറ വിനകളെപ്പററി പ്രസംഗിച്ച ഇദ്ദേഹത്തിനു വിവാഹം ചെയ്യുവാനുള്ള നെഞ്ഞൂക്കുണ്ടായതാണു് കഷ്ടം!....ആദ്യം മുതല്ക്കേ അവഗണനയല്ല മാഠം

ത്തസ്സ് വിധേയനായതു്; നിശിതവിമശനശരങ്ങറം അദ്ദേഹത്തിൻെറ മേൽ വഷിക്കപ്പെട്ടു.”

## ജനനനിയന്ത്രണം

നിശിതവിമശനം ജീവിതകാലം മുഴുവനും അദ്ദേഹത്തെ പിന്തുടന്നു. എന്താണദ്ദേഹം ചെയ്ത പാതകം? “സദാചാരപരമായ നിയന്ത്രണം” കുട്ടികളുണ്ടാകുന്ന കായ്യത്തിൽ വേണമെന്നദ്ദേഹം അറിയിച്ചു. തൊഴിലാളികറംക്കുള്ള ഭവനനിമ്മാണപദ്ധതിയേയും ദുരിതാശ്വാസപദ്ധതിയേയും അദ്ദേഹമെതിത്തു. എന്തിനു്? അവരുടെ ഉന്നമനത്തിനുവേണ്ടിത്തന്നെ. ഏതെങ്കിലും വിധത്തിൽ അവരുടെ ജീവിതനിലവാരമുയന്നാൽ അവർ കൂടുതൽ കുട്ടികളെ ഭൂമിയിലേയ്ക്കിറക്കും. അതവരുടെ ദാരിദ്ര്യം വദ്ധിപ്പിക്കും, അനേകമിരട്ടി വദ്ധിപ്പിക്കും. അങ്ങനെ, മററുള്ളവരുടെ കാരുണ്യം അവക്കാപത്തായിത്തീരും. മനുഷ്യഗണത്തിൻെറ ശോകാത്മകമായ അന്ത്യത്തെപ്പററി ആശങ്കപ്പെടുന്നവൻ ജനതതിയുടെ കൈയടികറം നേടുകയില്ല. സ്വപ്നസ്വഗ്ഗം വാത്തെടുത്ത ഗോഡ്‌വിൻ, മാറംത്തസ്സിൻെറ സിദ്ധാന്തത്തെ ചിത്രീകരിച്ചതിങ്ങനെയാണു്: “മനുഷ്യസമൂഹത്തിൻെറ അഭിലാഷങ്ങറം ഞെക്കി ഞെരുക്കുവാൻ വെമ്പുന്ന കറുത്ത സത്വം!” പലരും പറഞ്ഞു ആ കറുത്ത സത്വം വൈദികൻ മാറംത്തസ്സ് തന്നെയാണെന്നു്.

## ധനശാസ്ത്രം കീത്തി നേടി

ഭാഗ്യദേവതയുടെ വളത്തുപുത്രൻ, ധനികനായ യഹൂദൻ— പക്ഷേ, റിക്കാഡോ ഒരു ക്വാക്കർവനിതയിൽ അനുരക്തനായി. തൻെറ കുടുംബവുമായി ഇക്കാരണത്താൽ പിണങ്ങപ്പിരിയേണ്ടതായി വന്ന അദ്ദേഹം ആ ക്വാക്കർ വനിതയെ വിവാഹം ചെയ്തു, വേണ്ടതിലധികം പണമുണ്ടാക്കി, സമൂഹത്തിൽ ഉൽകൃഷ്ടസ്ഥാനം കൈയടക്കി. പിന്നീടു് പാർലമെ

ൻറംഗമായിത്തീൻ അദ്ദേഹത്തോട്ട് ഒരിക്കൽ സ്വന്തം പാർട്ടിയും പ്രതിപക്ഷവും പ്രസംഗിക്കണമെന്നാവശ്യപ്പെട്ടു. അദ്ദേഹം തുടങ്ങി: "എന്നെ ബാധിച്ചിരിക്കുന്ന അപകടബോധം കീഴടക്കാമെന്ന എൻെറ ആശ എൻെറ ശബ്ദം കേട്ട മാത്രയിൽ എന്നെ വിട്ടുപിരിഞ്ഞിരിക്കുന്നു."

"പരുപരുത്തതും ധീര''വുമായിരുന്നു ആ ശബ്ദം എന്നൊരാഠം; "മധുരവും ആശനിറഞ്ഞതു"മാണെന്നു് മറെറാരാഠം—എന്തായാലും, ആ ശബ്ദമുയൻന്നപ്പോഠം, പാർലമെൻറ് ശ്രദ്ധയോടെ ചെവികൊണ്ടു. കോമൺസ് സഭയെ ധനശാസ്ത്രം പഠിപ്പിക്കുന്ന വിദഗ്ധൻ എന്നത്രേ, പല ചിന്തകന്മാരും റിക്കാർഡോയെ ചിത്രീകരിച്ചതു്. എവിടെയും അഭിപ്രായസ്വാതന്ത്ര്യത്തിനും സംഘടനാസ്വാതന്ത്ര്യത്തിനും അദ്ദേഹം പിൻബലം നൽകി.

പുകഴ്ത്തിയവൎക്കു് അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങഠം ശരിക്കു മനസ്സിലായോ എന്നറിയില്ല. റിക്കാഡോയുടെ ഗ്രന്ഥം (Principles of Political Economy– 1817) ഏററവും സങ്കീൎണ്ണമാണു്. അദ്ദേഹം ഊന്നിയൂന്നിപ്പറഞ്ഞു: ഭ്രൂവുടമകളുടെ താൽപയ്യങ്ങഠം വ്യവസായികളുടെ താൽപയ്യങ്ങഠംക്കെതിരാണു്. ഭ്രൂവുടമകളാണു് സമൂഹത്തിൻെറ ശത്രുക്കഠം. വ്യവസായികഠം റിക്കാഡോയെ തങ്ങളുടെ നേതാവാക്കി. ധനശാസ്ത്രം പെട്ടെന്നു കീൎത്തി നേടി. അതറിയാത്ത അദ്ധ്യാപകന്മാരെ, തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുവാൻ കുബേരന്മാർ അനുവദിച്ചില്ലത്രേ!

## ശ്ശ്ശ്! ശ്ശ്ശ്!

റിക്കാഡോ ദൈവത്തെപ്പോലെ തലയുയൎത്തി നടന്നു. വാസ്തവത്തിൽ, അദ്ദേഹം വിനീതനാണു്; തല ഉള്ളിലേയ്ക്കു വലിക്കുന്നവനാണു്. എത്രയോ താഴ്ന്ന സ്ഥാനമാണു് ജനങ്ങഠം മാഠംത്തസ്സിനു കല്പിച്ചതു്! അദ്ദേഹത്തിൻെറ 'ജനവൎദ്ധ

ന് പ്രബന്ധം പലവുരു വായിച്ച ചിന്തകന്മാരുണ്ട്. അവരാരും തല കുലുക്കിയില്ല. എന്നാൽ, അതിൽ തൊട്ടുത്തുവിട്ട ന്യായങ്ങളുടെ ശക്തി അവർ ശരിക്കു മനസ്സിലാക്കി. സാമ്പത്തികതകർച്ചക്കിടയാക്കിയ 'അമിതോല്പാദന' (Glut) ത്തെപ്പററി. 'ഉല്പാദിപ്പിച്ചതു വാങ്ങാൻ പണമില്ല' എന്ന അപകടസന്ധിയെപ്പററി പറഞ്ഞ ആദ്യത്തെ ധനശാസ്ത്രജ്ഞൻ മാററത്തസ്സത്രേ "അബദ്ധം!" റിക്കാഡോ തട്ടിവിട്ടു. അബദ്ധമല്ല ഇതെന്നു് ആധുനികപൗരന്മാക്കറിയാം. ആപത്തെവിടെയുണ്ട്, അതു കണ്ടറിയുവാൻ മാററത്തസ്സിനു കഴിയും. ആശയങ്ങാം യുക്തിയുക്തമായി വായനക്കാരുടെ മുമ്പിൽ വെയ്ക്കുവാൻ അദ്ദേഹത്തിനറിഞ്ഞുകൂടാ. ഇക്കായ്യത്തിൽ ഊഹക്കച്ചവടക്കാരനാണ് പതിരട്ടി മെച്ചം.

തക്കിക്കുന്നതിനുള്ള വാസന ബ്രിട്ടീഷ് സമൂഹത്തിൽ തഴച്ചുവളന്നു. മാററത്തസ്സിൻെറ ഗ്രന്ഥം (Principles of Political Economy–1923) പുറത്തിറങ്ങിയപ്പോഠം റിക്കാഡോ അതു വായിച്ച്, 220 പേജ് നോട്ടെടുത്ത് വൈദികൻെറ സിദ്ധാന്തങ്ങളിൽ വ്യക്തമായ വിടവുകഠം കണ്ടെത്തി. തൻെറ ഗ്രന്ഥത്തിൽക്കൂടി മാററത്തസ്സ് പല റിക്കാഡിയൻ സിദ്ധാന്തങ്ങളും ഖണ്ഡിച്ചിരുന്നു.

## സുഹൃത്തുക്കഠം

റിക്കാർഡോയും മാററത്തസ്സും ആത്മസുഹൃത്തുക്കളായിരുന്നു എന്നതാണ് വാസ്തവം ജീവിതകാലംമുഴുവനും നിലനിന്നു ഈ സൗഹാർദ്ദം. അവരന്യോന്യം കൂടക്കൂടെ കണ്ടു. "ഒരുമിച്ച് സത്യത്തെ വേട്ടയാടിയ അവർ അതിനെ ലഹളക്കൂട്ടി കാട്ടിൽനിന്നു് പുറത്തിറക്കി. ആരാണതിനെ ആദ്യം കണ്ടതു്? ഇതാരും ഒരു പ്രശ്നമാക്കിയില്ല" എന്നത്രേ മറിയ എഡ്ജ്വത്ത് തൻെറ ഡയറിയിൽ രേഖപ്പെടുത്തിയതു്. അവരുടെ ചർച്ചകളെപ്പോഴും ഗൗരവമുള്ളതായിരുന്നെന്നു് ധരിക്കരുതു്.

തൻെറ 'ജനവദ്ധ്ന'സിദ്ധാന്തത്തോടുള്ള ബഹുമാനം കാട്ടുവാനാകാം, വളരെ വൈകിയാണ് മാാത്തസ്സ് വിവാഹം കഴിച്ചതു്. എന്നിട്ടുമദ്ദേഹം കൂട്ടുകാരുമൊരുമിച്ച് സമയംപോക്കുവാനിഷ്ടപ്പെട്ടു. മാാത്തസ്സിൻെറ മരണാനന്തരം അദ്ദേഹത്തിൻെറ ഒരു വിദ്യാത്ഥി എഴുതി: "മനോഹരമായ ആ കോളേജ്ജീവിതം: തയ്യാറെടുത്തുള്ള തമാശകൾ, അദ്ധ്യാപകരോടുള്ള ആദരവും ചെറുപ്പക്കാരുടെ വിപ്ലവപ്രവണതകളും ചെറുപ്പക്കാരികളുടെ അബെയത്ത്, പ്രൊഫസ്സർ മാാത്തസ്സിൻെറ നമ്മബോധവും മയ്യാദയും....എല്ലാം കഴിഞ്ഞു ഇപ്പോൾ!"

'സാത്താൻ' എന്നുതന്നെ നിരൂപകർ അദ്ദേഹത്തെ വിളിച്ചു. നീണ്ടുയന്ന, സുന്ദരനും യോഗ്യനുമായ, ഈ പ്രൊഫസ്സറെ വിദ്യാത്ഥികൾ 'അഭിവന്ദ്യപിതാവു'' എന്നു വിളിച്ചുപോന്നു. പരമ്പരാഗതമായ (പിതാമഹനിൽനിന്നു കിട്ടിയ) ഒരു ന്യൂനത അദ്ദേഹത്തിൻെറ ഉച്ചാരണം വികൃതമാക്കി. 'എൽ' എന്ന അക്ഷരം അദ്ദേഹം ഉച്ചരിക്കുന്നതു കേട്ടാൽ ചിരിച്ചുപോകും. 'ലൌ' എന്ന വാക്കിനോടു് പകപോക്കി 'ജനവദ്ധ്ന' സിദ്ധാന്തം അദ്ദേഹം ഭൂശപ്പെടുത്തിയെന്നു് അദ്ദേഹത്തിൻെറ വിദ്യാത്ഥികൾ പറഞ്ഞിരുന്നു. ഒരു സുഹൃത്തു് രേഖപ്പെടുത്തി: "അവിവാഹിതൻ മാാത്തസ്സ് കഴിഞ്ഞയാഴ്ച വന്നിരുന്നു....അടുത്തകാലത്തു് സന്താനസമ്പത്തുണ്ടാകുന്ന ലക്ഷണമില്ലെങ്കിലും നല്ലവനായ മാാത്തസ്സ് എല്ലാ മഹിളകളോടും ഏററവും സൗഹൃദത്തോടെ പെരുമാറി."

## പൊട്ടിച്ചിരികൾ

റിക്കാർഡോയുടെ പ്രാതൽ സല്ലാരങ്ങൾ പ്രസിദ്ധങ്ങളാണ്. രസികനാണ് ഈ കോടീശ്വരൻ. അദ്ദേഹത്തിൻെറ കടങ്കഥകൾ കേൾക്കാത്തവരില്ല. നാടകീയരംഗങ്ങൾ സൃഷ്ടിക്കുന്നതിലും വിദഗ്ധൻ. മിസ്സ് എഡ്ജ്‌വത്ത് എഴുതുന്നു: "....സ്മിത്ത്, റിക്കാർഡോ, ഫാനി, ഹാരിയട്ട്. തലമുടി ചീകിക്കൊ

ണ്ട് മറിയ "ശരി, ശരി, ശരി"യെന്നു പറയുന്നുണ്ട്. സുന്ദര വിസ്ഥി ചമഞ്ഞ് നീണ്ട ഭാഷണത്തിനു് കച്ചകെട്ടിയിറങ്ങി മി. റിക്കാർഡോ....പൊട്ടിച്ചിരികഠം.'' ബിസിനസ്സുകാരൻ റിക്കാർഡോയെപ്പററി അദ്ദേഹത്തിൻെറ സഹോദരൻ പറയുന്നു. "അസാധാരണമാണ് ധനമാജ്ജിക്കുന്നതിനുള്ള റിക്കാർഡോയുടെ കഴിവു്. എല്ലാ ന്യൂലാമാലകളും അദ്ദേഹത്തിനറിയാം. പെട്ടെന്നായിരിക്കും കണക്കുകൂട്ടൽ. കൊടുക്കൽ—വാങ്ങൽ നിഷ്പ്രയാസം നടക്കും. തണുത്ത പ്രകൃതം ശരിയായ തീരുമാനങ്ങളെടുക്കാനുള്ള അദ്ദേഹത്തിൻെറ കഴിവുകളെ ഒളിപ്പിക്കുന്നു അനുഭവങ്ങഠം തൻെറ കൂടെ ഊഹക്കച്ചവടം ചെയ്യുന്നവരെ അറിയിച്ചു, അവർ വളരെ പിന്നിലാണെന്നു്."പരമാത്ഥമിതാണ്: ലോകത്തിലെ യാഥാത്ഥ്യങ്ങളിലൂന്നുന്ന പാതിരിയല്ല, സിദ്ധാന്തങ്ങളുമായി മല്ലിടുന്ന ഊഹക്കച്ചവടക്കാരനാണ് പണം കോടിക്കണക്കിനു് സമ്പാദിച്ചതു്.

## ഇത്രയ്ക്കധികം സ്നേഹം!

നെപ്പോളിയനുമായുള്ള യുദ്ധം. റിക്കാർഡോ ഗവമ്മേണ്ടു സെക്യൂരിററികഠം വാങ്ങി വില്ക്കുകയായി. മാഠംത്തസ്സിനുവേണ്ടി ഊഹക്കച്ചവടം നടത്തി റിക്കാർഡോ അദ്ദേഹത്തിനു പണമുണ്ടാക്കിക്കൊടുത്തു. യൂറോപ്യൻ സ്ഥിതിഗതികഠം വഷളായി. മാഠംത്തസ്സ് റിക്കാർഡോയ്ക്കെഴുതി: തനിക്കു ഭയമാണെന്നും അല്പം ലാഭത്തോടെ തലയൂരിയാൽ കൊള്ളാമെന്നും. സ്വല്പം ലാഭത്തിനു് മാഠംത്തസ്സിൻെറ സെക്യൂരിററികഠം റിക്കാർഡോ വാങ്ങി. അചഞ്ചലനായി മുന്നോട്ടുനീങ്ങിയ റിക്കാർഡോ വാട്ടർലൂ യുദ്ധത്തിനുശേഷം മാഠംത്തസ്സിനെഴുതി: ''വിലക്കയററത്തിൽനിന്നു് ഞാനാശിച്ചപോലെ നല്ല മെച്ചം കിട്ടി. താങ്കഠം എനിക്കു നൽകിയ കടത്തിന്മേൽ ഞാൻ ലാഭമെടുത്തു....ഇനി നമുക്കു പഴയ വിഷയത്തിലേക്കു കടക്കാം." അങ്ങനെ കത്തുക

ളിൽക്കൂടി അവരുടെ വാദപ്രതിവാദം പുരോഗമിച്ചു— 1823 വരെ. അക്കൊല്ലം റിക്കാർഡോയുടെ അവസാനത്തെ കത്തു് മാറത്തസ്സിനു ലഭിച്ചു: "ഇപ്പോൾ, എൻെറ പ്രിയ മാറത്തസ്സ്, എനിക്കു പറയാനുള്ളതു്" ഞാൻ പറഞ്ഞുകഴിഞ്ഞു. ചർച്ച്യക്കു ശേഷവും എൻെറ അഭിപ്രായങ്ങൾ ഞാൻ മുറുകെ പിടിക്കുന്നു; താങ്കളുടേതു് താങ്കളും. നമ്മുടെ സൗഹാർദ്ദത്തെ ഒന്നും സ്പർശിക്കുന്നില്ല നമ്മൾ അഭിപ്രായൈകൃത്തിലെത്തിയാലും നമ്മുടെ സൗഹാർദ്ദത്തിനു് ഇന്നത്തേതിൽനിന്നു് വ്യത്യാസം വരില്ല." അക്കൊല്ലം, 51-ാമത്തെ വയസ്സിൽ, റിക്കാർഡോ മരിച്ചു. പതിനൊന്നു വഷങ്ങൾകൂടി മാറത്തസ്സ് ജീവിച്ചു. റിക്കാർഡോയെപ്പററിയുള്ള ഓർമ്മകൾ അയവിറക്കിക്കൊണ്ടു് മാറത്തസ്സ് പറഞ്ഞു: "എൻെറ കുടുംബത്തിനു വെളിയിൽ ഞാനൊരിക്കലും ഇത്രയധികം ആരേയും സ്നേഹിച്ചിട്ടില്ല."

## ഒരു കഥ

ഒരു കാര്യത്തിൽ അവരിരുവരും യോജിച്ചു—മാറത്തസ്സിൻെറ ജനവദ്ധനനിയമം പൂർണ്ണമായും റിക്കാർഡോ സ്വീകരിച്ചിരുന്നു. ദാരിദ്ര്യവും ജനവദ്ധനവും തമ്മിൽ ബന്ധമുണ്ടെന്നു കരുതിയവർ പലരുണ്ടു്. ആഡംസ്മിത്തിനെ വാഴ്ത്തിയ ടൌൺഷെൻഡ് ഒരു കഥയെഴുതി: ചിലിക്കടുത്തുള്ള വിജനമായ ഒരു തുരുത്തു സന്ദർശിച്ച ജൂവാൻ ഫെർനാൻഡസ്സ്, പിന്നീടുപകരിക്കുമല്ലോ എന്നു കരുതി രണ്ടാടുകളെ അവിടെ വിട്ടു. പിന്നീടു് ആ തുരുത്തു സന്ദർശിച്ച ജൂവാൻ അത്ഭുതപ്പെട്ടുപോയി— തുരുത്തു നിറയെ ആടുകൾ. രണ്ടു നായ്ക്കളെ നിത്തിയിട്ടു പോന്നു അദ്ദേഹം പിന്നീടദ്ദേഹം തുരുത്തു സന്ദർശിച്ചപ്പോൾ ആടുകളെ തിന്നൊടുക്കി നായ്ക്കൾ അനേകമിരട്ടി വദ്ധിച്ചിരിക്കുന്നു. "എത്രമാത്രം ഭക്ഷണമുണ്ടെന്നതാണു് ജനവദ്ധനവിനെ നിയന്ത്രിക്കുന്നതു്" എന്നദ്ദേഹം കുട്ടിച്ചേർത്തു.

## ക്ഷേത്രഗണിതവും അങ്കഗണിതവും

ഇംഗ്ലീഷ് സാമൂഹ്യമേഖലയിലാകെ വെളിച്ചംവീശി ക്കൊണ്ട് മാറംത്തസ്സ് തന്റെ ജനവർദ്ധനനിയമം ലോകത്തിനു നൽകി. മാറംത്തസ്സ് വിവരിച്ചു: കൈയ്യുംകണക്കുമില്ലാ തെ ഭക്ഷണം കിട്ടുമെന്നു വെയ്ക്കുക. കാൽനൂററാണ്ടുകൊണ്ട് ജ നസംഖ്യ ഇരട്ടിക്കും. ക്രിസ്തുവർഷം തുടങ്ങിയതിനുശേഷം ഒരേ യൊരു ദമ്പതികറംക്കു ചതുരശ്രവാരയ്ക്കു് നാലെന്ന കണക്കിൽ ഭൂമിയെ ജനങ്ങളെക്കൊണ്ടു നിറയ്ക്കുവാൻ കഴിയും. ഈ നി ഗമനം ജീവിതശാസ്ത്രപരമായി ശരിയെന്ന് അടുത്തകാലത്തു ഹെൻറി പ്രാററ്ഫെയർ ചൈൽഡ് തുടങ്ങിയ ചിന്തകന്മാർ സമർത്ഥിക്കുകയുണ്ടായി. അമേരിക്കയിൽ ഒന്നര നൂററാണ്ടുകൊ ണ്ടു് ജനവർദ്ധനവുണ്ടായതു് തന്റെ സിദ്ധാന്തമനുസരിച്ചാ ണെന്നു് മാറംത്തസ്സ് ചൂണ്ടിക്കാട്ടി. ആരോഗ്യവും സമൃദ്ധിയും കൂടുതലനുഭവിക്കുന്ന ജനത 15 കൊല്ലംകൊണ്ടു് ഇരട്ടിക്കും ജനസംഖ്യ ക്ഷേത്രഗണിതാനുപാതമനുസരിച്ച് (1, 2, 4, 8, 16) വർദ്ധിക്കുമ്പോറം, ഭക്ഷ്യോല്പാദനം അങ്കഗണിതാനുപാതമനുസ രിച്ചു് (1, 2, 3, 4, 5) മാത്രമേ വർദ്ധിക്കുന്നുള്ളൂ. രണ്ടു നൂററാ ണ്ടുകൊണ്ടു് ജനസംഖ്യയും ഭക്ഷ്യോല്പാദനവും തമ്മിലുള്ള അനുപാതം 259:9 എന്ന തോതിലായി മാറുമെന്നു് മാറംത്ത സ്സ് പറയുന്നു.

മനുഷ്യർക്കു ഭക്ഷണമില്ലാതെ ജീവിക്കാനൊക്കില്ലല്ലോ. അതിനാൽ അമിതമായ ജനവർദ്ധനവിനെതിരായി പ്രകൃതി പ്രതിവിധികറം പ്രയോഗിക്കുന്നു: "....അകാലമരണം, പടന്നു വ്യാപിക്കുന്ന തിന്മ.... ഇവയെക്കൊണ്ടായില്ലെങ്കിൽ രോഗം, പ കർച്ചവ്യാധികറം, പ്ലേഗ് മുതലായവ ആയിരക്കണക്കിനാളുക ളെ കൊന്നൊടുക്കുന്നു... പ്രകൃതി ഇനിയും വിജയിച്ചില്ലെങ്കിൽ കടുത്ത ഭക്ഷ്യക്ഷാമം ഒററയടിക്കു ജനസംഖ്യയേയും ഭക്ഷണ ത്തേയും സമീകരിക്കുന്നു." മനുഷ്യനിലുള്ള എക മറുമരുന്നു്:

"സദാചാരപരമായ നിയന്ത്രണം, മുൻകരുതൽ, വൈകിയുള്ള വിവാഹം." ജനസംഖ്യയും ഭക്ഷണവും തമ്മിലുള്ള വിടവു നികത്താനാണ് ശിശുഹത്യ, രോഗം, യുദ്ധം, ദാരിദ്ര്യം എന്നിവ ആവശ്യമായി വന്നതു്. നിരാശയ്ക്കു് മറെറന്തുവേണം! "ഈ കാഴ്ചപ്പാടിനു് ശോകാത്മകമായ നിറമാണുള്ളതു്'' മാൾത്തസ്സ് വെളിവാക്കി. വികാരങ്ങളുടെ മേലുള്ള നിയന്ത്രണങ്ങളേക്കാൾ എത്രയോ ശക്തമാണ് സ്നേഹം, പ്രേമം, പ്രണയം!

## ഇവിടെയും അവിടെയും

മാൾത്തൂസിയൻ സിദ്ധാന്തം പ്രയോഗത്തിലെങ്ങനെയിരുന്നു? ആധുനികഭാരതത്തെ സംബന്ധിച്ചിടത്തോളം മാൾത്തസ്സിൻെറ തീർപ്പ് ശരിയായിരുന്നു: പുരുഷായുസ്സ് 30 വർഷത്തോളം വരും. ഫ്ളൂ 1918) 150ലക്ഷം പേരെ കൊന്നു, മലമ്പനി100 ലക്ഷം പേരെ. ബംഗാൾ ഭക്ഷ്യക്ഷാമം(1943)20 ലക്ഷം പേരെ. എന്നിട്ടും അമിതമായ ജനവദ്ധന!

## ചരടുപിടിക്കുന്ന ശക്തികൾ

ആശ്ചര്യമെന്നേ പറയേണ്ടു, പാശ്ചാത്യരാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം മാൾത്തസ്സിനു് തെററുപററി. ഇംഗ്ലണ്ടിൽ 1860 ൽ 63 ശതമാനം ദമ്പതിമാക്കും നാലിൽകൂടുതൽ മക്കളുണ്ടായിരുന്നു; 1925 ൽ നാലിൽ കൂടുതൽ കുട്ടികളുള്ള ദമ്പതിമാർ 20 ശതമാനമായി കുറഞ്ഞു. കുറെ കഴിഞ്ഞപ്പോൾ രണ്ടു കുട്ടികളുള്ള ദമ്പതിമാരുടെ സംഖ്യ 10 ശതമാനത്തിൽനിന്നു് 50 ശതമാനത്തിലധികമായി. ഏഴിൽ ഒരമേരിക്കൻ കുടുംബത്തിനു മാത്രമേ മൂന്നിലധികം കുട്ടികളുണ്ടാകുന്നുള്ളു.

എന്താണിതിൻെറ പിന്നിൽ? മനുഷ്യൻെറ മാംസളശക്തികൾ കെട്ടുപോയോ? ഇല്ല. ജനനനിയന്ത്രണം, കുടുംബാസൂത്രണം. ഭാഗികമായേ ഇതു വിജയിച്ചുള്ളു. ഇതാണോ നിയോമാൾത്തുസിയനിസം? മാൾത്തസ്സ് ഈ മാർഗ്ഗം (ജനനനിയന്ത്രണം അതും കൃത്രിമമായി)വെറുത്തു— ദുരാചാരം, അസാന്മാർഗ്ഗികം! വാസ്തവത്തിൽ മറേറതൊ ശക്തികൾ പ്രവത്തിക്കുന്നുണ്ടു്. ഒരുമിപ്പി

ച്ചു പറഞ്ഞാൽ, വ്യവസായവല്ക്കരണവും ഉയന്ന ജീവിത നാലവാരവും കടുംബത്തിൻെറ വലുപ്പത്തിനു പരിധി നിശ്ച യിക്കുന്നു. വൈകിയ വിവാഹം, സാമ്പത്തികമായ മുൻകരുതൽ, പ്രസവിക്കാനല്ല സ്ത്രീകൾ, പുരുഷന്മാരെപ്പോലെ ജോലിചെയ്തു മാനമായി ജീവിക്കാനാണു് എന്ന ബോധം, ഉയന്ന ജീവിതനി ലവാരം, ആഹ്ലാദഭരിതമായ ജീവിതത്തോടുള്ള സ്നേഹം— ജനവദ്ധ്നന കുറയുകയായി.ഇന്നു് പാശ്ചാത്യമേഖലയിൽ പലേട ത്തും ജനവദ്ധ്നനയില്ലഎന്ന ഗതികേടിൻെറനിഴൽ നീളുകയാണു്. ഡോക്ടർ റിച്ചാർഡ് പ്രൈസ് പറഞ്ഞ ആ ചായ്‌വ്! ഗോ ഡ്‌വിൻ വിഭാവനംചെയ്ത ആ സ്വപ്നസ്വർഗ്ഗം മൊട്ടിട്ടു വി ടരുകയായോ!

പക്ഷേ മാൾത്തസ്സിൻെറ കാലത്തു് അദ്ദേഹത്തിൻെറ സ ദ്ധാന്തം ഒരിടത്തും തെററല്ലായിരുന്നു. ജനവദ്ധ്നമൂലം സാഹ ചര്യങ്ങൾ ദുഷിക്കുകയായി, വഷളാവുകയായി. കൂടുതൽ ജന വദ്ധ്നന വേണമെന്നു വാദിച്ച പാലി മാൾത്തസ്സിൻെറ പ ക്ഷത്തു കൂടി. പ്രധാനമന്ത്രി പിററ് ദുരിതാശ്വാസബിൽ പിൻ വലിച്ചു് മാൾത്തസ്സിനെ പിന്താങ്ങി. എല്ലാം സംക്ഷേപിച്ചു് സുപ്രസിദ്ധ കവി കോളറിഡ്ജ് എഴുതി: “അവസാനമായി ഈ ശക്തിയേറിയ രാഷ്ട്രത്തെ നോക്കുക. അതിൻെറ നേതാക്കന്മാരും ബുദ്ധിമാന്മാരും പാലിയേയും മാൾത്തസ്സിനേയും പിന്തുടരുക യാണു്. കഷ്ടം! കഷ്ടം!”

## ക്രൂരലോകം

മാൾത്തസ്സിൻെറ ഗ്രന്ഥം വായിച്ചിട്ടും ആശങ്കാകുലരാകാ ത്തവർ റിക്കാർഡോയുടേതു് വായിക്കുന്നതു നന്നു്.

റിക്കാർഡോയുടെ ലോകം ക്രൂരമാണു്. ‘വരണ്ട’തും ചെ റുതുമായ റിക്കാർഡോയുടെ ഗ്രന്ഥത്തിൽ അതിസൂക്ഷ്മമായ ബു ദ്ധിയുടെ പ്രവത്തനം നാം കാണുന്നു. എല്ലാം സംക്ഷേപിച്ചാ ണദ്ദേഹം പറയുന്നതു്. ഒരു ദുരന്തനാടകമാണിതു്. കഥാപാ

ത്തങ്ങളോ? വിവിധ വൎഗ്ഗങ്ങൾ. അവരിൽ ഒരേയൊരു പ്രവണ ത മാത്രം ലാഭക്കൊതി. ലാഭത്തിനുവേണ്ടി സ്വാൎത്ഥം അവരെ വട്ടമിട്ടോടിക്കുന്നു.

ആദ്യം തൊഴിലാളിവൎഗ്ഗം. സാമ്പത്തികശക്തിയുടെ പ്രതീകങ്ങളായ ഇവർ കൂലി കൂടുമ്പോൾ ആഹ്ലാദിക്കുന്നു, പെരുകുന്നു; കൂലി കുറയുമ്പോൾ ദുഃഖിക്കുന്നു, ക്ഷയിക്കുന്നു.

പിന്നെ വരുന്നതു് വ്യവസായിവൎഗ്ഗം. ഒരേ യൂണിഫോമിലാണവർ പ്രത്യക്ഷപ്പെടുന്നതു്. ഏകോദ്ദേശം:ലാഭമുണ്ടാക്കി, വീണ്ടും വ്യവസായങ്ങളിൽ നിക്ഷേപിക്കുക, കൂടുതൽ ലാഭമുണ്ടാക്കുക. ലാഭമുണ്ടാക്കുന്ന ഒരു തരം സാമ്പത്തിക യന്ത്രങ്ങൾ! പരസ്പരം മത്സരിക്കുന്ന ഇവരുടെ ലാഭം കൂലിയെ ആശ്രയിച്ചിരിക്കും. കൂലി കൂടുമ്പോൾ ലാഭം കുറയും.

ഭൂവുടമവർഗ്ഗം രംഗപ്രവേശം ചെയ്യുന്നു. ഇവൎക്കാണു് മെച്ചം. മത്സരത്തേയും ജനവൎദ്ധനയേയും കൂലിനിരക്കിനേയും ആശ്രയിച്ചിരിക്കും. വ്യവസായിയുടെ ലാഭം. എന്നാൽ ഭൂവുടമയ്ക്കു കിട്ടുന്ന പാട്ടം ഭൂമിയുടെ ഫലപുഷ്ടിയെ മാത്രം ആശ്രയിക്കുന്നു. ഭൂമി ഉപയോഗിക്കുന്നതിനുള്ള കൂലിയല്ല പാട്ടം എത്രമാത്രം ഭൂമിയിൽ നിക്ഷേപിച്ചു, എത്രമാത്രം കിട്ടി—ഇവ തമ്മിലുള്ള വ്യത്യാസമാണു് പാട്ടം; നിക്ഷേപത്തേക്കാൾ കൂടുതൽ കിട്ടിയതാണു് പാട്ടം. രണ്ടു ഭൂവുടമകൾ ഒരേ തോതിൽ മൂലധനവും തൊഴിലും മുടക്കി കൃഷിചെയ്യുന്നു. ആദ്യത്തെ ഭൂവുടമയ്ക്കു് 2000 പറ നെല്ലു കിട്ടുന്നു, മററെ ഭൂവുടമയ്ക്കു് 1000 പറ നെല്ലും. ആദ്യത്തെ ഭൂവുടമയുടെ നിലയാണു് മെച്ചം.

റിക്കാർഡോയുടെ 'പാട്ട' സിദ്ധാന്തം മററു സാമ്പത്തിക ബന്ധങ്ങളുമായി കൂട്ടിയിണക്കി നോക്കാം. മൂലധനമിറക്കി വ്യവസായികൾ ഫാക്ടറികൾ വികസിപ്പിക്കുന്നു, കൂടുതൽ വ്യവസായങ്ങളാരംഭിക്കുന്നു. തൊഴിലാളികൾക്കുള്ള ചോദനം വൎദ്ധിക്കുന്നതോടെ കൂലിനിരക്കു് വൎദ്ധിക്കുന്നു, തൽഫലമായി തൊഴി

ലാളികളുടെ സംഖ്യ വർദ്ധിക്കുകയായി. കൂടുതൽ ഭക്ഷണം ആവശ്യമായിത്തീരുന്നു; ഭക്ഷ്യസാധനങ്ങളുടെ വില കയറുന്നു. ധാന്യങ്ങളുടെ വില വർദ്ധിക്കുകയാൽ രണ്ടാംകിട—മൂന്നാംകിട ഭൂമികൾ കൃഷിചെയ്യുന്നതു് ലാഭകരമായി. പാട്ടവും വർദ്ധിക്കുമല്ലോ! ആദ്യം കൂലിനിരക്കു കൂടുന്നു; രണ്ടാമതായി ധാന്യവില വർദ്ധിക്കുന്നു. കൂടിയ കൂലി കൊടുക്കുന്ന വ്യവസായിവർഗ്ഗത്തിൻെറ സാമ്പത്തികനിലയല്ല, നല്ല പാട്ടം കിട്ടുന്ന ഭൂവുടമയുടെ നിലയാണു് മെച്ചപ്പെടുക.

## എന്തു ലോകം!

സാമൂഹ്യ പുരോഗതിക്കു നിദാനമായ വ്യവസായിവർഗ്ഗം ഇരുഭാഗത്തുനിന്നും ഞെരുക്കപ്പെടുന്നു— വർദ്ധിച്ച കൂലി ഒരു ഭാഗത്തു്; ലാഭമില്ലായ്മ മറുഭാഗത്തു്. അതേസമയം പ്രയത്നമൊന്നുമില്ലാതെ കൂടിയ പാട്ടം ഭൂവുടമകൾക്കു കിട്ടുന്നു. ധനാഢ്യരായിത്തീരുന്ന ഭൂവുടമകൾ സമൂഹത്തിൻെറ മുൻപന്തിയിൽനിന്നു് വ്യവസായികളെ തള്ളിമാററുകയായി. വിലവർദ്ധന കാരണം കൂടുതൽ കൂലികിട്ടുന്ന തൊഴിലാളികൾക്കു മെച്ചമൊന്നുമില്ല. റിക്കാർഡോയുടെ ലോകത്തിൽ ഒരു വർഗ്ഗത്തിനേ മെച്ചമുള്ളു—ഭൂവുടമകൾക്കു് ഇതാണു് രാജയോഗം!

വെറുതെയല്ല റിക്കാർഡോ ധാന്യനിയമങ്ങൾക്കെതിരായി ശബ്ദമുയർത്തിയതു്! പാർലമെൻറിൽ ഭൂവുടമകൾ സ്വാധീനംചെലുത്തി ധാന്യനിയമങ്ങൾ മുപ്പതുകൊല്ലക്കാലം നിലനിർത്തി. ഏററവും ബുദ്ധിമുട്ടി സാമ്പത്തികവാഹനം മുന്നോട്ടോടിക്കുന്നതു് വ്യവസായികൾ. ആനന്ദിക്കുന്നതോ? അലസന്മാരായി പുറകിലത്തെ സീററിൽ കാലിന്മേൽ കാലുകയററിയിരിക്കുന്ന ഭൂവുടമകൾ. എന്തു ലോകം!

ആരാണെണീററു പറഞ്ഞതു്. അകാരണമായി റിക്കാർഡോ ഭൂവുടമകളെ അപലപിക്കുകയാണെന്നു്? മാൾത്തസ്സ്.

തൻെറ ഗ്രന്ഥത്തിൽ മാറംത്തസ്സ് പറഞ്ഞു: ധീരതയുടേയും ബുദ്ധിയുടേയും സ്ഥിരോത്സാഹത്തിൻേറയും കഴിവിൻേറയും പരമ്പരാഗതമായ വിവേകത്തിൻേറയും ഫലമാണ് പാട്ടം. ഒരടിക്കുറിപ്പിൽ മാറംത്തസ്സ് വ്യക്തമാക്കി:നല്ലൊരു ഭൂവുടമയായ റിക്കാർഡോ തന്നെ ഭൂവുടമയുടെ ധീരതയ്ക്കു മകുടോദാഹരണമാണ്!

അനുഭവങ്ങളിൽനിന്ന് നാം പഠിക്കേണ്ടതുണ്ട്. അവസാനം ഭൂവുടമകളുടെ പാർലമെൻറിലെ സ്വാധീനത വ്യവസായികാം പൊളിച്ചു: ധാന്യനിയമങ്ങാം റദ്ദായി. ധാന്യവില കുറഞ്ഞു ജനവദ്ധനനിരക്ക് ചുരുങ്ങി. വ്യവസായവൽകരണം ത്വരിതഗതിയിലായപ്പോാം, ആധുനികശാസ്ത്രത്തിൻെറ വെളിച്ചത്തിൽ പുതിയ സാങ്കേതികമാർഗ്ഗങ്ങാം കണ്ടെത്തി. കൃഷി മെച്ചപ്പെടുത്തുവാൻ ലോകം രക്ഷപ്പെട്ടു.

## ചോദ്യത്തിനല്ല മറുപടി

മാറംത്തസ്സിൻെറ ശ്രദ്ധ ക്ഷണത്തിൽ മററൊന്നിലേക്കു പകന്നു— അമിതോൽപാദനത്തിൽനിന്നുണ്ടാകുന്ന സാമ്പത്തികമാന്ദ്യത്തിലേക്ക്. റിക്കാർഡോ പറഞ്ഞു മാറംത്തസ്സിൻെറ നിഗമനം 'നോൺസെൻസ്' ആണെന്ന്. ആഡംസ്മിത്തിൻെറ സിദ്ധാന്തങ്ങാം പുതുക്കിപ്പരിഷ്കരിച്ച ഫ്രഞ്ച് ചിന്തകൻ ജീൻ ബാപ്റ്റിസ്റ്റസേ (1767–1832) റിക്കാർഡോയെ പിന്താങ്ങി. സാധനമുല്പാദിപ്പിക്കുവാനുള്ള ചിലവ് ഉല്പാദനഘടകങ്ങളുടെ ഉടമകാംക്കു കിട്ടുന്ന വരുമാനമാണ്. തന്നിമിത്തം സാധനങ്ങാം ഉല്പാദിപ്പിക്കുമ്പോാം അതു വാങ്ങാനുള്ള വരുമാനം മററുള്ളവക്ക് ലഭിക്കുന്നു. അങ്ങനെയെങ്കിൽ അമിതോല്പാദനമുണ്ടാകുകയില്ലെന്നു സ്പഷ്ടം. "മാറംത്തസ്സ് ഇക്കഥ മറന്നുപോകയെന്നു തോന്നുന്നു: പണം കുന്നിച്ചുകൂട്ടുക എന്നതിനത്ഥം പണം ചിലവാക്കുക എന്നതാണ്", റിക്കാർഡോ വ്യക്തമാക്കി. സത്യത്തിൽ മാറംത്തസ്സിൻെറ നിഗമനമായിരുന്നു ശരി. അമിതോല്പാദനം ഉണ്ടാകില്ലേ എന്ന മാറംത്തസ്സിൻെറ ചോദ്യത്തിന് വാങ്ങാൻ പണമുണ്ടല്ലോ എന്നായിരുന്നു റിക്കാർഡോയുടെ മറുപടി—ചോദ്യത്തിനല്ല മറുപടി! അമ്പതു കൊല്ലമെടുത്തു മാറംത്തസ്സ് പറ

ഞ്ഞതു ശരിയെന്നു് ആധുനികലോകത്തിനു് ബോദ്ധ്യപ്പെട്ട വാൻ.

## സംഭാവന

എന്തായിരുന്നു മാൽത്തസ്സും റിക്കാർഡോയും ധനശാസ്ത്ര ത്തിന്നു നൽകിയ സംഭാവനകൾ?

അമൂർത്തമായ ലോകം പണിയാൻ കഴിയാത്ത മാൽത്തസ്സി ൻെറ സംഭാവന താരതമ്യേന ലഘുവാണു്. അദ്ദേഹത്തിൻെറ ജനവൎദ്ധനസിദ്ധാന്തവും അമിതോല്പാദനം വരുത്തിവെയ്ക്കുന്ന സാമ്പത്തികത്തകർച്ചയെപ്പററിയുള്ള നിഗമനവും നിലനിന്നു.

റിക്കാർഡോ സിദ്ധാന്തങ്ങളുടെ ലോകത്തിൽ ജീവിച്ചു. പ്രാധാന്യമർഹിക്കുന്ന പലതും അദ്ദേഹം ചൂണ്ടിക്കാട്ടി. 'പാട്ട' നിയമം ശാസ്ത്രീയമായി വിവരിച്ചു: (ഇന്നും ഇതിനെപ്പററിയു ള്ള വാദപ്രതിവാദം അവസാനിച്ചിട്ടില്ല) വിദേശവ്യാപാരം, നികുതി, പണം, സാമ്പത്തികനയം എന്നിവയിലേക്കു വിരൽ ചൂണ്ടി.

സത്യത്തിൽ രണ്ടുപേരുടേയും സംഭാവനകൾ ഒരേയൊരു കാരണത്താൽ പഴമയുടെ പശ്ചാത്തലത്തിലമൻ—വ്യവസായവ ൽകരണം ജനവൎദ്ധനവിനെ നിയന്ത്രിച്ചു

രണ്ടുപേരും ശോകാത്മകമായ ലോകത്തിൻെറ ഭാവിയി ലേയ്ക്കു വിരൽ ചൂണ്ടി. തന്നിമിത്തം ചിന്തകന്മാരെ പ്രേരി പ്പിച്ചു, മോചനമാർഗ്ഗം കണ്ടെത്തുവാൻ.

പഴയ ലോകത്തിൽ യുക്തിക്കും ക്രമത്തിനും പുരോഗതി ക്കും വേണ്ടി വാദിച്ച രണ്ടു ധനശാസ്ത്രജ്ഞന്മാരത്രേ ഇവർ.

അവർ മരിച്ചു. സ്കോട്ടിഷ് തത്വചിന്തകൻ സർ ജേംസ് മാക്കിൻടോഷ് അവരെപ്പററി സ്മരിച്ചു: "എനിക്കിവരെ അ റിയാം—ആഡംസ്മിത്തിനെ അല്പമായി, റിക്കാർഡോയെ നല്ല വണ്ണം, മാൽത്തസ്സിനെ ഏററവുമടുത്തു്. ഈ മഹാന്മാർ എനി ക്കറിവുള്ളതിൽ ഏററവും നല്ല മൂന്നു മനുഷ്യരാണെന്നു പറഞ്ഞാ ൽ അവർ കൈകാര്യംചെയ്ത ശാസ്ത്രത്തെപ്പററിയല്ലേ ഞാൻ പറയുന്നതു്?"

# യൂട്ടോപ്പിയ

'സമത്വസുന്ദരമായ ലോകം വിഭാവനംചെയ്ത ജെറമിബെന്താം; ആദർശസ്വർഗ്ഗത്തിനുവേണ്ടി യത്നിച്ച് പരാജയമടഞ്ഞ റോബർട്ട് ഓവൻ; രക്തംപുരണ്ട ജനക്ഷോഭത്തിനാഹ്വാനംചെയ്ത ബാബീഫ്; സാർവ്വത്രിക സാഹോദര്യത്തിനായി ജീവിതം ബലിയർപ്പിച്ച സാഹസികൻ സെയിൻറ് സൈമൺ,തലതിരിഞ്ഞസ്വപ്നങ്ങളാമുറകെപ്പിടിച്ച ഫൂറിയർ; 'കഴിവുപോലെ ഓരോരുത്തരിൽനിന്നും ആവശ്യംപോലെ ഒരോരുത്തക്കും' എന്നു വാദിച്ച ലൂയിബ്ലാങ്ക്;സഹോദരൻ സഹോദരനെ രക്ഷിക്കുമെന്നു് വിശ്വസിച്ച അനാക്കിസ്റ്റ് പ്രൂധോൺ.

പത്തൊമ്പതാം നൂററാണ്ടിലേക്കു നാം കടക്കുകയാണ്.

സ്വാതന്ത്ര്യം, അന്തസ്സ്, പ്രകൃതിനിയമം—എല്ലാം മുതലാളിത്തത്തെ സഹായിക്കുന്നു. ആഡംസ്മിത്തിൻെറ ആശാവഹമായ ലോകമല്ല പാതിരി മാൾത്തസ്സും ഊഹക്കച്ചവടക്കാരൻ റിക്കാർഡോയും കണ്ടതു്. എന്നെന്നും പട്ടിണിയിൽ കഴിയണം തൊഴിലാളികൾ: തൊഴിലാളിയും മുതലാളിയും വൈരികളാണ്; ഭൂവുടമ വ്യവസായിയുടെ എതിരാളിയാണ്; ഉപഭോക്താക്കളും വ്യവസായികളും തമ്മിൽ മൽപിടുത്തം—നെടുവീർപ്പിടുന്ന ലോകം!

## ബ്ലിങ്കോയുടെ കഥ

അതേ, പതിനെട്ടാം നൂററാണ്ടിലെ ലോകം അത്രയ്ക്കു വഷളായിരുന്നു. ഇടതുപക്ഷ മാസിക "ദി ലയൺ" ലോട്ടാം ഫാക്ടറിയിലെ പത്തുവയസ്സുകാരനായ, ആൺകുട്ടികളും പെൺകുട്ടികളുമടക്കമുള്ള, 80 അനാഥരിൽ ഒരുവനായ റോബർട്ട് ബ്ലിങ്കോയുടെ കഥ പ്രസിദ്ധപ്പെടുത്തി. ദിവസേന ഈ കുട്ടികൾക്കു കിട്ടിയിരുന്ന സമ്മാനം അടിയോടടിയായിരുന്നു, ശിക്ഷയായും സ്ഥിരോത്സാഹം വർദ്ധിപ്പിക്കുവാനും. ലിററൺ ഫാക്ടറിയിലേക്കു മാററപ്പെട്ടപ്പോൾ ബ്ലിങ്കോയ്ക്കുതോന്നി, ലോട്ടാം സ്വർഗ്ഗമാണെന്ന്. ലിററണിയിലെത്തിയ ബ്ലിങ്കോയ്ക്കു എച്ചിൽകുപ്പകളിൽനിന്ന് ഭക്ഷണം സമ്പാദിക്കുവാൻ നായ്ക്കളും പോക്കുകളുമായി യുദ്ധംചെയ്യേണ്ടിവന്നു. അടിയും ഇടിയും ചവിട്ടും എല്ലുന്നതിനറുതിയില്ല. മുതലാളി എല്ലിസ്നിട്ടാം ചെവിക്കുപിടിച്ചാൽ ചെവി തുളഞ്ഞുപോകും; ലൈംഗികമായ ചൂഷണത്തിന് അവൻ വിധേയനായി. ചെറിയ കുററത്തിനുപോലും കൈകൾ പുറകോട്ടു വച്ചിച്ചുകെട്ടി ബ്ലിങ്കോയെ കെട്ടിത്തൂക്കി അവൻെറ ചുമലിൽ ഭാരം കയററി. അധികം ഭക്ഷണം കഴിക്കാതിരിക്കുവാൻ അവൻെറ പല്ലുകൾ രാകിക്കളഞ്ഞു. മൃഗീയം! ദിവസത്തിൽ 16 മണിക്കൂർ പണിയെടുക്കണം തൊഴിലാളികൾ. വാച്ചുപയോഗിക്കുവാൻ പാടില്ല. ആവശ്യാനുസരണം ഫാക്ടറിയിലെ ക്ലോക്ക് പുറകോട്ടു തിരിയുകയും ചെയ്യും!

## നമ്മെ രക്ഷിക്കുന്നതാർ?

സാങ്കേതിക വിദ്യയുടെ വളർച്ച ഫാക്ടറികളിൽ തൊഴിലാളികൾക്കുപകരം യന്ത്രങ്ങൾ മതിയെന്ന നിലവരുത്തി. 1779ൽ എണ്ണായിരത്തിലധികംവരുന്ന ഒരു തൊഴിലാളിസംഘം ഫാക്ടറികളും യന്ത്രങ്ങളും തല്ലിത്തകർത്തു. ആർമഗ്ഗസ്ററിൻ—അവസാന

വിധിദിവസത്തിനു മുമ്പ്, ബൈബിൾ പറയുംപോലെ, നടക്കുവാൻ പോകുന്ന നന്മയുടേയും തിന്മയുടേയും ശക്തികൾ തമ്മിലുള്ള ഘോരസമരം തുടങ്ങിക്കഴിഞ്ഞെന്നു് ഭക്തന്മാർ അവകാശപ്പെട്ടു—സ്ഥിതിഗതികൾ നേരിൽ കണ്ടറിഞ്ഞ ആംഗ്ലേയകവി സൗഥേ (Southey) രേഖപ്പെടുത്തി: "ദരിദ്രർ ധനികരുടെ മേൽ അഴിച്ചുവിടുന്ന യുദ്ധത്തിൽനിന്നു്, ഈ അത്യാപത്തിൽനിന്നു് നമ്മെ രക്ഷിക്കുന്നതു് സൈന്യമാണു്. എത്രനാൾ സൈന്യം നമ്മെ രക്ഷിക്കും എന്ന ചോദ്യം സ്വയം ചോദിക്കുവാൻപോലും എനിക്കു ധൈര്യമില്ല." "ഈ രാഷ്ട്രത്തെ അടിയിൽനിന്നു് വെടിമരുന്നുവെച്ചു് തകർക്കുകയാണു്" നോവലിസ്റ്റു് വാൾട്ടർ സ്കോട്ടു് പിന്താങ്ങി.

## സ്വർഗ്ഗം ഇവിടെ

ശോകാത്മകമായ ലോകത്തിൻെറആശാദീപമെന്നോണം ഒരു പുതിയ ചിഹ്നം തല പൊക്കി.

ന്യൂ.ലനാർക്ക്!

കുന്നുംചരിവും കടന്നു മുന്നേറുന്ന ചരൽ നിരത്തിൽക്കൂടി സവാരിചെയ്തു ഭൂമിയിലെ ഈ സ്വർഗ്ഗം കാണാൻ സന്ദർശകർ വന്നെത്തുകയായി. പത്തു കൊല്ലത്തിനകം 29,000 സന്ദർശകർ 'വിസിറേറഴ്സ് ബുക്കി'ൽ ഒപ്പുവെച്ചു. റഷ്യൻ ചക്രവർത്തി സാർ നിക്കോളസ്, ജോൺ മാക്സമീലിയൻ എന്നീ ആസ്ത്രീയൻ രാജകുമാരന്മാർ, ചിന്തകന്മാർ, കലാകാരന്മാർ, രാഷ്ട്രനേതാക്കൾ എന്നിവർ സന്ദർശകരിൽ ഉൾപ്പെടുന്നു. ആ ഏഴു നില ഫാക്ടറിയിൽ ലോകത്തിൻെറ ആശകളും അഭിലാഷങ്ങളും കേന്ദ്രീഭവിച്ചു.

അവർ കണ്ടതോ? നിരനിരയായി നിൽക്കുന്ന വൃത്തിയുള്ള, ഭംഗിയുള്ള, കെട്ടിടങ്ങളിൽ തൊഴിലാളികൾ താമസിക്കുന്നു—കാററും വെളിച്ചവും കയറുന്ന രണ്ടു വലിയ മുറികൾ ഓരോ

കുടുംബത്തിനും. മനോഹരമായ തെരുവുകൾക്കിരുഭാഗത്തുമാണ് കെട്ടിടങ്ങൾ. എങ്ങും അഴുക്കില്ല. ഫാക്ടറിയും ശുചിയായി സൂക്ഷിച്ചിട്ടുണ്ട്. അകത്തു പ്രവൃത്തിയെടുക്കുന്ന ഓരോ തൊഴിലാളിയുടേയും മുകളിലായി മരക്കട്ടകൾ തൂങ്ങിക്കിടക്കുന്നു. പല നിറത്തിലുള്ള ത്രികോണക്കട്ടകൾ—നിറം വെള്ളയെങ്കിൽ തൊഴിലാളിയുടെ തൊഴിൽമേന്മ ഒന്നാന്തരം, മഞ്ഞയെങ്കിൽ 'നന്നു'; നീലയെങ്കിൽ 'അശ്രദ്ധ'; കറുപ്പെങ്കിൽ 'മോശം'. ഒററ നോട്ടത്തിൽ ഫാക്ടറി മാനേജക്ക് കാണാം എല്ലാ തൊഴിലാളികളേയും. തൊണ്ണൂറു ശതമാനവും വെള്ളമഞ്ഞക്കട്ടകളാണ്.

## ലോകത്തിൻെറ നന്മയാണ് നയം

പതിനൊന്നു വയസ്സിനു താഴെയുള്ള കുട്ടികൾ ഫാക്ടറിയിലില്ല. അതിൽ കൂടുതൽ പ്രായമുള്ള കുട്ടികൾ ദിവസത്തിൽ പത്തേമുക്കാൽ മണിക്കൂർ ജോലിചെയ്യുന്നു. ലൈംഗിക സദാചാര നിയമങ്ങൾ ലംഘിക്കുന്നവർ മാത്രം ശിക്ഷയ്ക്കു വിധേയരാണ്. മനുഷ്യൻെറ സാമൂഹ്യബോധത്തോടഭ്യർത്ഥിച്ചാണ് അച്ചടക്കം സാദ്ധ്യമാക്കുന്നതു്. ഫാക്ടറി മാനേജരുടെ വാതിൽ തുറന്നുകിടക്കുന്നു. തൻെറ ജോലിയുടെ മേന്മ രേഖപ്പെടുത്തിയ പുസ്തകം ഏതവനും പരിശോധിക്കാം. അനീതിക്കെതിരായി അപ്പീൽ ബോധിപ്പിക്കാം.

കൊച്ചുകുട്ടികളെല്ലാം എവിടെ? തൊഴിലാളികളെല്ലാം അവിവാഹിതരാണെന്നോ? പല സന്ദർശകരും ഈ സംശയം ഉന്നയിക്കാറുണ്ട്. ദൂരെയുള്ള കെട്ടിടത്തിൽനിന്നു് കളിയും ചിരിയും ഉയരുന്നു. കാണുന്ന മരങ്ങളുടേയും പക്ഷികളുടേയും പേരു പഠിക്കുകയാണ് കൊച്ചുകുട്ടികൾ. അല്പം മുതിർന്നവർ വ്യാകരണവുമായി മല്ലിടുന്നതുമാത്രം. പാട്ടും നൃത്തവും ഈ സ്കൂൾ ജീവിതത്തെ ആഹ്ലാദംകൊണ്ടു് നിറയ്ക്കുന്നു. ശിക്ഷയെന്നൊന്നില്ല. കുട്ടികളുടെ കഴിവുകൾ പുഷ്ടിക്കണം—അതാണ് വിദ്യാഭ്യാസം.

ഉപദേശമല്ല, ഉദാഹരണമാണു് മെച്ചം.

വല്ല ലാഭവുമുണ്ടോ ഇവിടത്തെ വ്യവസായത്തിൽനിന്നു? അതേയുള്ള ഏററവും ലാഭകരം! ഒരു പുണ്യവാളൻ മാത്രമല്ല, സമർത്ഥനായ വ്യവസായി കൂടിയാണു് അതിൻെറ ഉടമ— ബ്രിട്ടനിലെ ആദ്യത്തെ സോഷ്യലിസ്റ്റു്, നല്ലവനായ, ലനാർക്കിലെ, മിസ്റ്റർ റോബർട്ടു് ഓവൻ. അതെ, സ്വകാര്യസ്വത്തിൻെറ പരമശത്രു. പണം പാടില്ലെന്നു് വാദിക്കുന്നവൻ; "ലോകത്തിൻെറ നന്മയാണു് ധന"മെന്നു സമർത്ഥിക്കുന്നവൻ!

## യൂട്ടിലിറേററിയനിസം

ഓവനേക്കാൾ 23 വയസ്സു പ്രായം കൂടും ബ്രിട്ടീഷ് സാമൂഹ്യതത്വജ്ഞാനി ജെറമി ബെന്താമിനു്. ധനികനായ അഭിഭാഷകൻെറ മകനായ ബെന്താം നിയമം പഠിച്ചെങ്കിലും തൻെറ ജീവിതം മനുഷ്യഗണത്തിൻെറ നന്മയ്ക്കായി ഉഴിഞ്ഞിട്ടു. ആഡം സ്മിത്തിനെപ്പോലെ സ്വതന്ത്രമായ വ്യവസായ-വ്യാപാര നയത്തിൽ വിശ്വസിച്ച ഇദ്ദേഹം 'ഏററവും കൂടുതൽ പേർക്കു് ഏററവും കൂടുതൽ നന്മ' എന്ന ഹച്ചീസൺ സിദ്ധാന്തം സ്വീകരിച്ചു് 'ഉപയോഗിതയുള്ളതെല്ലാം നന്നു'' എന്ന തത്വം നിലനിർത്തി.

ഉപയോഗിത അളക്കുന്നതു പണം കൊണ്ടത്രേ. ഇദ്ദേഹത്തിൻെറ 'യൂട്ടിലിറേററിയൻ' തത്വജ്ഞാനമനുസരിച്ചു് ആവശ്യത്തിനു പണം സന്തോഷമുളവാക്കുന്നു; ആവശ്യത്തിനു പണമില്ലായ്മ ദുഃഖത്തിനിടയാക്കുന്നു. അമിതമായ ധനം സന്തോഷമുളവാക്കുന്നില്ല. ആവശ്യത്തിൽകവിഞ്ഞുള്ള ധനം സാധുക്കൾക്കു നൽകിയാൽ സാമൂഹ്യക്ഷേമം വർദ്ധിക്കുകയേയുള്ളു. അങ്ങനെ ബെന്താം സമത്വം പുലർത്തുന്ന ധനവിതരണം വേണമെന്നു ശഠിച്ചു.

പക്ഷേ ആഡംസ്മിത്തു് വാഴ്ത്തിയ 'പ്രകൃതിയുടെ അനു

ഗ്രഹങ്ങറം' എപ്പോഴം മനുഷ്യക്കായി പ്രവത്തിക്കുന്നില്ലെന്നു് ബെന്താമിനു തോന്നി അതിനാൽ പ്രകൃതിയുടെ അനുഗ്രഹങ്ങറം യുക്തിയുടെ അടിസ്ഥാനത്തിൽ മനുഷ്യനുതകുമാറാക്കണം. ഈ ചിന്തയുടെ പശ്ചാത്തലത്തിൽ അദ്ദേഹം പരിഷ്കാരങ്ങറം വരുത്തുവാൻ കളമൊരുക്കി. തൊഴിലാളി സംഘടനകളുടെ സ്വതന്ത്രമായ പ്രവത്തനം, ഇറക്കുമതിച്ചുങ്കം റദ്ദുചെയ്യൽ, ചില മതവിഭാഗങ്ങളോടുള്ള ചിററമ്മനയം റദ്ദാക്കൽ, പൊതുവിദ്യാഭ്യാസം വികസിപ്പിക്കൽ, വോട്ടവകാശം തൊഴിലാളികറംക്കു നൽകൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങറം സ്ഥാപിക്കൽ തുടങ്ങിയ പരിഷ്കാരങ്ങറംക്കു ബെന്താം പ്രചോദനം നൽകി.

## മുന്നൂറിൽ കുറഞ്ഞു് എനിക്കു വേണ്ട!

ബെന്താമിൻെറ തത്വചിന്ത ഓവനിലേയ്ക്കു പകന്നതായി തോന്നുന്നില്ല. വെയിൽസിൽ സാധുക്കളായ മാതാപിതാക്കന്മാരുടെ സന്താനമായി പിറന്ന ഓവൻ, ഒമ്പതാം വയസ്സിൽ ഒരു തുണിവ്യാപാരിയുടെ കൂടെക്കൂടി. പിന്നീടു് 18-ാം വയസ്സിൽ ഓവൻ നൂറു പവൻ മൂലധനമിറക്കി ഒരു വ്യവസായസ്ഥാപനം തുടങ്ങി. ഇക്കാലത്താണു് വലിയ തുണിമില്ലുടമയായ ഡ്രിംക്‌വാട്ടർ പിരിഞ്ഞുപോയ മാനേജരുടെ ഒഴിവിൽ യോഗ്യനായ ഒരു പുതിയ മാനേജരെ ആവശ്യമുണ്ടെന്നു പത്രങ്ങളിൽ പരസ്യംചെയ്തതു്. തുണിമില്ലുമായി യാതൊരു പരിചയവുമില്ലാത്ത ഓവൻ ആ ഉദ്യോഗത്തിൽ നിയമിതനായി.

അമ്പതു വർഷത്തിനുശേഷം മി. ഓവൻ എഴുതി: "തൊപ്പിയുംവെച്ചു ഞാൻ മി. ഡ്രിംക്‌വാട്ടറുടെ ആപ്പീസിലേക്കു കയറിച്ചെന്നു. എത്ര വയസ്സായി എന്ന ചോദ്യത്തിനു മേയ്മാസത്തിൽ 20 വയസ്സാകുമെന്നായിരുന്നു എൻെറ മറുപടി. ആഴ്ചയിൽ എത്ര പ്രാവശ്യം മദ്യപിക്കും? അതെൻെറ ജീവിതത്തിൽ

ഇന്നേവരെ ഉണ്ടായിട്ടില്ലെന്നു പറഞ്ഞു. ശമ്പളം എന്തു വേണം? കൊല്ലത്തിൽ മുന്നൂറു പവൻ. "മുന്നൂറോ?" അദ്ദേഹം കയർത്തു. "അതെ." "ഇന്നു കാലത്തു ഇതേ ഉദ്യോഗത്തിനു വന്നവർ ആവശ്യപ്പെട്ട ശമ്പളമെല്ലാം കൂട്ടിയാൽ മുന്നൂറു പവൻ വരില്ലല്ലോ." "മററുള്ളവർ ആവശ്യപ്പെടുന്നതല്ല ഞാനെന്താവശ്യപ്പെടണമെന്നു തീരുമാനിക്കുന്നതു്. മുന്നൂറിൽ കുറഞ്ഞു് എനിക്കീ ജോലി സ്വീകാര്യമല്ല."

## കടവും ധനവും

നീണ്ട മുഖം, നീണ്ട മൂക്കു്, സത്യസന്ധത പ്രഖ്യാപിക്കുന്ന വലിയ കണ്ണുകൾ, ചുണയും ചൊടിയും, സ്ഥിരോത്സാഹം— മാനേജരായി ഓവൻ നിയമിതനായി. ആറുമാസത്തിനകം മി. ഡ്രിംക്‌വാട്ടർ ബിസിനസ്സിൽ നാലിലൊരു ഭാഗത്തിൻെറ ഉടമസ്ഥാവകാശം ഓവനു നൽകി. അധികം താമസിയാതെ ന്യൂ ലനാർക്കിലെ പുതിയ തുണിമിൽ വിൽക്കുവാൻ പോകുകയാണെന്നു് ഓവനറിഞ്ഞു. പോരെങ്കിൽ, ആ മില്ലിൻെറ ഉടമസ്ഥൻ ഓവൻ പ്രേമിക്കുന്ന യുവതിയുടെ പിതാവുമായിരുന്നു. ആ യുവതിയെ വിവാഹം കഴിക്കുക, മില്ലു വാങ്ങുക— രണ്ടും അസാദ്ധ്യമായിത്തോന്നി. ഓവൻെറ കൈയിൽ പണമില്ല. മില്ലുടമ മി. ഡെയ്‌ൽ പരമഭക്തനും ഓവൻെറ സോഷ്യലിസ്റ്റാദർശത്തെ വെറുക്കുന്നവനുമാണു്. ഒരു ദിവസം ഓവൻ മി. ഡെയ്‌ലിൻെറ ഭവനത്തിലേക്കു കയറിച്ചെന്നു. അദ്ദേഹത്തിനു് ഒന്നല്ല, രണ്ടും കിട്ടി—കടമായി മില്ലും ധനമായി അദ്ദേഹത്തിൻെറ മകളേയും.

ഒരു കൊല്ലത്തിനകം ന്യൂ ലനാർക്ക് ലാഭകരമായിത്തീർന്നു. അഞ്ചുകൊല്ലത്തിനകം അതൊരു മാതൃകാഫാക്ടറിയായി. പത്തു കൊല്ലത്തിനകം ഈ സ്ഥാപനം 60,000 പവൻ ഓവനു നേടിക്കൊടുത്തു. ന്യൂ ലനാർക്ക് ലോകപ്രസിദ്ധമായി.

## സ്വഭാവത്തിന്മേൽ പ്രേരണ

നെപ്പോളിയൻ യുദ്ധങ്ങൾ കഴിഞ്ഞു. മാറത്തസ്സ് വിഭാവനംചെയ്ത അമിതോല്പാദനഫലമായുള്ള സാമ്പത്തികത്തകർച്ച അനുഭവപ്പെട്ടുകയായി. ബിസിനസ്സ് മന്ദീഭവിച്ചു. അപ്പവും രക്തവും ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളിലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ഗവമ്മെണ്ട് നിയോഗിച്ച വിദഗ്ദ്ധക്കമ്മിററി ഓവൻെറ അഭിപ്രായങ്ങൾ ആരാഞ്ഞു. നീണ്ട അമേരിക്കൻ പരുത്തി ഉപയോഗിച്ച ആദ്യത്തെ മില്ലുടമ; മുപ്പതാംവയസ്സിൽ ന്യൂലനാക്ക് വാങ്ങി പുതിയ യന്ത്രങ്ങളും സങ്കേതവിദ്യയും പ്രയോഗിച്ച് ലാഭമെടുത്ത യോഗ്യൻ; തൊഴിൽസമയം കുറച്ച്, കൂലി കൂട്ടി, പിഴമാത്രം ശിക്ഷയാക്കി, മുഴുവനും പണമായി കൂലി കൊടുക്കുന്നതിനു പകരം പോഷകാംശങ്ങളുള്ള ഭക്ഷണസാധനങ്ങൾ വാങ്ങാവുന്ന വിധം കൂപ്പണുകൾ നടപ്പാക്കിയ മഹാൻ; ലാഭം 5 ശതമാനമായി കുറയ്ക്കണമെന്നാവശ്യപ്പെട്ടുകയാൽ പഴയ പങ്കാളികൾക്കു പകരം ബെന്താമടക്കമുള്ള പുതിയ പങ്കാളികളെ സ്വീകരിച്ച പ്രതിഭാശാലി, മനുഷ്യസ്വഭാവം സാഹചര്യങ്ങളുടെ പ്രേരണയാൽ നന്നാക്കാമെന്നു വിശ്വസിച്ച ദാർശനികൻ—ഓവൻെറ അഭിപ്രായമറിയുവാൻ ഏവരും കാത്തുനിന്നു.

## സഹകരണ ഗ്രാമം

ഓവൻെറ പ്രതിവിധി: തൊഴിലാളികളുടെ ഉല്പാദനക്കഴിവു വദ്ധിപ്പിച്ചാൽ ദാരിദ്ര്യം കുറയും; 800–1200 പേരടങ്ങിയ സഹകരണ ഗ്രാമങ്ങളാണാവശ്യം. കൃഷിയും വ്യവസായവും ശാസ്ത്രീയാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഓരോ സഹകരണഗ്രാമവും സ്വയംപര്യാപ്തമാക്കണം. കുടുംബങ്ങൾക്കു താമസിക്കുവാൻ സമചതുരക്കെട്ടിടങ്ങൾ–പൊതുവായ വിശ്രമ

മുറികൾ, വായനമുറികൾ, അടുക്കളകൾ. മൂന്നു വയസ്സിനു മുക ളിലുള്ള കുട്ടികൾക്കു ബോർഡിങ്ങ് സ്കൂളുകൾ, പൂന്തോട്ടങ്ങൾ, അവയ്ക്കപ്പുറം കൃഷിയിടങ്ങൾ, ദൂരെ ഫാക്ടറികൾ. അങ്ങനെ ഓരോ സഹകരണഗ്രാമവും ആസൂത്രിതാരാമനഗരമാകണം. നല്ല പ്ലാൻ!

കമ്മിററിയംഗങ്ങൾ അമ്പരന്നുപോയി. ഓവൻെറ ആസൂ ത്രിത സ്വയംപര്യാപ്ത സഹകരണഗ്രാമപദ്ധതി അവർ ചവററു കൊട്ടയിൽ തള്ളി. പക്ഷേ ഓവൻ വിട്ടില്ല. ഓവൻ പ്ലാൻ പുനഃപരിശോധന ചെയ്യണമെന്ന പാർലമെൻറിലേയ്ക്കുള്ള ഭീമ ഹർജ്ജികളും, പ്ലാനിൻെറ വിശദാംശങ്ങൾ നൽകുന്ന ലഘുലേ ഖകളും—ഓവൻെറ സ്ഥിരോത്സാഹം വിജയിച്ചു. റിക്കാഡോ ഉൾപ്പെട്ട പാർലമെൻറ് കമ്മിററി പരിക്ഷണാർത്ഥം 96000 പവൻ ചെലവുവരുന്ന ഒരു ഓവനൈററ് ഗ്രാമം നിലവിൽ കൊണ്ടുവരുവാൻ ശ്രമിക്കുകയായി.

## അമേരിക്കയിലേക്കു്

ഓവൻ പ്ലാൻ പ്രായോഗികമല്ലെന്നു തോന്നിയെങ്കിലും, പ രീക്ഷിക്കേണ്ടതാണെന്നു് റിക്കാർഡോ അഭിപ്രായപ്പെട്ടു. പ ക്ഷേ, ബ്രിട്ടീഷ് രാഷ്ട്രം ഇതിനൊന്നിനും തയ്യാറല്ലായിരുന്നു. ഒരു പത്രമെഴുതി: "....ആയിരമായിരം കൊല്ലം പഴക്കമുള്ള ചെടികളാകുന്ന മനുഷ്യരെ...സമചതുരത്തിൽ പറിച്ചു നടുക എന്ന ഓവൻ പ്ലാൻ....എത്രമാത്രം സദുദ്ദേശമദ്ദേഹത്തിനുണ്ടെ ങ്കിലും, അപകടകാരിയാണ്....ഞങ്ങളെ വെറുതെ വിടുക ണം, ഞങ്ങളഭ്യർത്ഥിക്കുന്നു." വിപ്ലവകാരിയായതിനാൽ അമേ രിക്കയിൽ രക്ഷതേടേണ്ടിവന്ന വില്യം കോബററ് കോപിച്ചു, "ആസൂത്രിതദരിദ്രസമൂഹങ്ങൾ ..... സമാധാനം, സംതൃപ്തി, ദേ ശീയമേന്മ—എത്രയോ വിചിത്രം! അടികലശലും കശപിശയും എത്രമാത്രം... ഞാൻ വിടവാങ്ങുന്നു, മി. ഓവൻ."

വാശിക്കാരനാണ് ഓവൻ. വിട്ടുവീഴ്ചയില്ല. വിപ്ളവാത്മകങ്ങളായ തൻെറ സോഷ്യലിസ്റ്റ് ചിന്തകഠംക്ക സാക്ഷാല്ക്കാരം നൽകുവാൻ, ന്യൂലനാക്ക് വിററു പണമുണ്ടാക്കി, 53 വയസ്സുകാരൻ ഓവൻ അമേരിക്കയിലെത്തി. ഇൻഡ്യാനയിൽ 80,000 ഏക്കർ ഭൂമി വാങ്ങി 'ന്യൂഹാർമണി' എന്ന സഹകരണഗ്രാമം അദ്ദേഹം പടുത്തുയർത്തി. പ്രസിദ്ധമായ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിനു ബദലായി, ഓവൻെറ 'ന്യൂഹാർമണി' മാനസിക സ്വാതന്ത്ര്യ പ്രഖ്യാപനം പുറപ്പെടുവിച്ചു. അതിലെ ഉള്ളടക്കം: സ്വകാര്യ സ്വത്തിൽനിന്നും യുക്തിവിരുദ്ധമായ മതത്തിൽനിന്നും വിവാഹത്തിൽനിന്നും സ്വാതന്ത്ര്യം. ഓവൻ എല്ലായ്പോഴും സ്ഥലത്തുണ്ടായിരുന്നില്ല. ഗ്രാമാംഗങ്ങഠം കലഹിക്കുവാനും ശണ്ഠകൂടാനും തുടങ്ങി. എതിർസമൂഹങ്ങഠം ഉടലെടുത്തു. അവയിലൊന്നാണ് മാക്ലൂറിയൻ ഗ്രാമം. സ്വാർത്ഥത്തിൻെറ പിടിവലികളെ അതിജീവിച്ച് നാലു കൊല്ലം ഓവനെററ് സമൂഹം നിലനിന്നതാണത്ഭുതം!

പരാജയമടഞ്ഞു, ഈ പദ്ധതി. ഓവൻ ഭൂമി വിററു. ഈ സംരംഭം അദ്ദേഹത്തിൻെറ ധനത്തിൽ മുക്കാൽഭാഗവും നശിപ്പിച്ചു. പ്രസിഡണ്ട് ജാക്സൺ, മെക്സിക്കൻ ഭരണാധിപൻ സാൻടയാന എന്നിവർ ആദരവോടെ ഓവനെ സ്വീകരിച്ചു. ആദരവോടെ അദ്ദേഹത്തിൻെറ പ്ലാനുകഠം നിരസിച്ചു.

## വീണ്ടും ഇംഗ്ലണ്ടിൽ

ഓവൻ ഇംഗ്ലണ്ടിലേക്കു മടങ്ങി. പലരും അദ്ദേഹത്തെ പരിഹസിച്ചു. പക്ഷേ തൊഴിലാളിവർഗ്ഗം അദ്ദേഹത്തിൽ ഒരു തികഞ്ഞ നേതാവിനെ കണ്ടെത്തി. തൊഴിലാളി യൂണിയനുകഠം തലപൊക്കുകയായി അവ വിജയിച്ചില്ല. അദ്ദേഹം വ്യാവസായിക സഹകരണസംഘങ്ങളും ഉപഭോക്തൃ സഹകരണസംഘങ്ങളും കെട്ടിപ്പടുത്തു.

പണം ഉപയോഗിക്കാത്ത സമൂഹം കെട്ടിപ്പടുക്കാനുള്ള ശ്രമം നിലംപൊത്തിയതുപോലെ, വ്യവസായസഹകരണസംഘങ്ങളും പൊളിഞ്ഞു: പക്ഷേ, ഓവനു് ആശാവഹമായി തോന്നാത്ത മറെറാരു സംരംഭം വിജയിച്ചു— 24 'റോഷ്ഡെയിൽ മുന്നോടികൾ' സംഘടിപ്പിച്ച ഉപഭോക്തൃ സഹകരണസംഘം വേരുറപ്പിച്ചു. ഈ പ്രസ്ഥാനം വളൎന്നു പന്തലിച്ചു. ഓവൻെറ യത്നങ്ങൾ പിന്നീടു് ലേബർപാർട്ടിക്കു ശക്തി നൽകി എന്ന വസ്തുത മറക്കാവതല്ല.

അറുപത്തിരണ്ടു വയസ്സുകാരൻ ഓവൻ സാമൂഹ്യക്ഷേമത്തിൻേറയും സാമൂഹ്യപരിവൎത്തനത്തിൻേറയും ഉപകരണമെന്ന നിലയ്ക്കു് ആധുനിക ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ മുന്നോടിയായ 'ഗ്രാൻറ് യൂണിയൻ' പ്രസ്ഥാനം ആരംഭിച്ചു. കൂടിയ കൂലി, മെച്ചപ്പെട്ട പ്രവൎത്തനസൗകൎയ്യങ്ങൾ, പണമുപയോഗിക്കാത്ത സഹകരണസമൂഹങ്ങൾ എന്നീ ഓവൻെറ ആശയങ്ങൾ ഉൾക്കൊള്ളുന്ന 'ഗ്രാൻറ് യൂണിയൻ' അധഃപതിച്ചു. കേന്ദ്രത്തിൻെറ അനുവാദമില്ലാതെ പ്രാദേശികയൂണിററുകൾ തൊഴിൽമുടക്കുകൾക്കു മുതിൎന്നു. വൎഗ്ഗസമരമുണ്ടാക്കുന്നു ഓവൻ എന്നു് മററു നേതാക്കന്മാർ അദ്ദേഹത്തെ കുററപ്പെടുത്തി. പലരും അദ്ദേഹം നിരീശ്വരമതം പരത്തുകയാണെന്നു ചൂണ്ടിക്കാട്ടി പല ധനികസംഘടനകളും സംഘടനാവിരുദ്ധനിയമങ്ങൾ ഏൎപ്പെടുത്തണമെന്നു് ഗവൎമ്മേണ്ടിനോടാവശ്യപ്പെട്ടു. ഓവൻെറ പ്രസ്ഥാനത്തെ അടിച്ചമൎത്തുവാൻ ഗവൎമ്മേണ്ടു തയ്യാറായി.

## സ്ഥിരിചാലിസം

അറുപത്തിനാലാം വയസ്സിൽ പൊതുജീവിതത്തിൽനിന്നു് പിന്മാറിയ ഓവൻ പിന്നെ ഇരുപതു വൎഷം തൻെറ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ മടിച്ചില്ല. എതിൎപ്പുകൾ വകവെയ്ക്കാതെ വിക്ടോറിയാ രാജ്ഞി അദ്ദേഹത്തിനു കൂടിക്കാഴ്ച അനുവ

ദിച്ചു. പിന്നീട് 'സ്പിരിച്വലിസ'ത്തിലാണദ്ദേഹത്തിനു രസം തോന്നിയതു്. അതിനെപ്പററിയും അദ്ദേഹം ധാരാളം എഴുതി. ആത്മകഥയിൽകൂടി അദ്ദേഹം വ്യക്തമാക്കി, ലോകത്തിൻെറ ഭാവിയെപ്പററിയുള്ള തൻെറ ആശ നശിച്ചിട്ടില്ലെന്നു്.

അവിശ്വസനീയമായ ഓവൻെറ ജീവിതകഥയാണ് അദ്ദേഹത്തിൻെറ ആശയങ്ങളേക്കാളധികം നമ്മെ ആകർഷിക്കുന്നതു്. സാമ്പത്തികശാസ്ത്രജ്ഞനല്ലെങ്കിലും അദ്ദേഹം തെളിയിച്ചു, ലോകം പൊളിച്ചുപണിയണമെന്നു്. ഫാക്ടറിനിയമങ്ങൾ, ഗവമ്മേണ്ടു പാസ്സാക്കുന്നതിനു മുമ്പ്, പ്രായോഗികമാക്കി അവയുടെ മേന്മ കാട്ടിക്കൊടുത്തതു് ഓവനത്രേ. പരീക്ഷണങ്ങളിൽ അദ്ദേഹം വിശ്വസിച്ചു. മനുഷ്യൻ സാഹോദര്യത്തിലടിയുറച്ചു ജീവിക്കണമെന്നു് അദ്ദേഹം ശഠിച്ചു.

അദ്ദേഹത്തിൻെറ മകൻ (റോബർട്ട് ഡെയ്ൽ ഓവൻ) എഴുതിയ ഓവൻെറ ജീവചരിത്രത്തിൽ വിവരിച്ചിട്ടുള്ള ഒരു രംഗം താഴെ കൊടുക്കുന്നു:—

കുട്ടി കരഞ്ഞപ്പോൾ ഓവൻ ഭാര്യയോടു പറഞ്ഞു: "പ്രിയ കരോലിൻ, വാശിപിടിച്ചു കരയുന്ന അവനെ നിലത്തു നിത്തുക. കരച്ചിൽ കഴിഞ്ഞിട്ടെടുക്കാം."

"മണിക്കൂറുകളെടുക്കും അവൻെറ കരച്ചിൽ മാറാൻ."

"അങ്ങനെയെങ്കിൽ അവൻ കരയട്ടെ എന്നു വെയ്ക്കണം."

"അതവൻെറ ശ്വാസകോശത്തെ വ്രണപ്പെടുത്തും. അവൻ ഏങ്ങലടിക്കാൻ തുടങ്ങും."

"ഇല്ല ഭയപ്പെടാനില്ല. അവനു വേണ്ട ശിക്ഷണം നൽകാഞ്ഞാൽ വലുതാകുമ്പോൾ അതവനു നാശമാകും. സാഹചര്യങ്ങളുടെ സൃഷ്ടിയാണ് മനുഷ്യനെന്നോക്കണം."

സാഹചര്യങ്ങളുടെ സൃഷ്ടിയാണ് മനുഷ്യൻ—അതാണദ്ദേഹത്തിൻെറ സന്ദേശം. സാഹചര്യങ്ങളുണ്ടാക്കുന്നതോ? മനുഷ്യൻ തന്നെ. ലോകം അത്രയ്ക്കു നല്ലതോ ചീത്തയോ ആക്കുന്നതു് പരമാത്ഥമല്ലേ?

രസികനാണ് ഓവൻ. എന്നാൽ തലതിരിഞ്ഞവനാണ് സെയ്ൻറ് സൈമൺ. തനി ഭ്രാന്തനാണ് ഫൂറിയർ.

ഫ്രഞ്ചു വിപ്ലവത്തിനു രൂപം നൽകിയവരിൽ പ്രമുഖനായ റൂസ്സോ സ്വകാര്യസ്വത്തു് കളവുമുതലാണെന്നു പറഞ്ഞു. നോർമനാക്രമണംവരെ സ്വത്തു പൊതുമുതലായിരുന്നെന്നും വീണ്ടുമതു പൊതുമുതലാക്കണമെന്നും ജെറാൾഡ് വിൻസ്റ്റാൻലി ക്രോംവെല്ലിനോടപേക്ഷിച്ചു. ഫ്രഞ്ചുവിപ്ളവം ഭൂവുടമകളിൽനിന്നു് അധികാരമെടുത്ത് വ്യവസായി—വ്യാപാരിവർഗ്ഗത്തിനു നൽകി. വ്യാവസായിക വിപ്ളവത്തിൻെറ ഫലങ്ങൾ യൂറോപ്പിലെങ്ങും പ്രത്യാഘാതങ്ങളുളവാക്കി. തന്നിമിത്തം സാമ്പത്തികസമത്വത്തിനായി ജനങ്ങൾ ദാഹിച്ചു.

## ബാബീഫ്

സെയ്ൻറ് സൈമൻെറ സമകാലീനനാണ് ഫ്രാൻസ്വാ എമിലി ബാബീഫ്. ഫ്രഞ്ചുവിപ്ളവത്തെ പിന്താങ്ങി. "തലകൊയ്യൽ'' ഭരണത്തിനു പിന്തുണ നൽകി, നെപ്പോളിയനടക്കമുള്ള നേതാക്കന്മാക്കെതിരായി വിപ്ളവക്കൊടിയുയർത്തിയ, കമ്യൂണിസ്റ്റ് സമൂഹം ശക്തിയുപയോഗിച്ചുപോലും കെട്ടിപ്പടുക്കണമെന്നു് ആഹ്വാനം ചെയ്ത, ബാബീഫ് വധിക്കപ്പെട്ടു "എല്ലാം എല്ലാവക്കും ആസ്വദിച്ചാനന്ദിക്കുവാൻ അവകാശമുണ്ട്...സ്വകാര്യസ്വത്തു് ദേശസാൽക്കരിക്കണം.... ഫാക്ടറികളും വ്യവസായങ്ങളും പൊതുവുടമയിൽ നടക്കണം.... പിന്തുടച്ചാവകാശഫലമായി കിട്ടുന്ന സ്വത്തു് സമൂഹത്തിൻേറതാണ്.... ജോലി ചെയ്യുന്നവനേ പ്രതിഫലത്തിനവകാശമുള്ളു.... ഉല്പാദനവും വിതരണവും ഗവമ്മേണ്ടിൻെറ നിയന്ത്രണത്തിലാക്കണം.... ലിംഗപ്രായഭേദമനുസരിച്ച് ഓരോ തരക്കാക്കും ഒരേ തരത്തിലുള്ള വസ്ത്രം വേണം. കുട്ടികളെ മാതാപിതാക്കന്മാരിൽ

നിന്നു പിരിച്ചെടുത്തു് നിർമ്മാണാത്മകമായ വിദ്യാഭ്യാസം നൽകണം''—ഇവയാണു് ബാബിഫിൻെറ ആശയങ്ങൾ.

## ഇക്കാറിയ

ഈ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ഈററീൻ കാബേ ഒരു ഗ്രന്ഥ (Voyage to Icaria) മെഴുതി. ബാബിഫിനെക്കാളും 18 വയസ്സു കുറവാണു് ഫ്രഞ്ചു് വിപ്ളവ കാലത്തു് ജനിച്ച കാബേയ്ക്കു്. നിയമം പഠിച്ചു് മടങ്ങിവന്ന കാബേ ഗവമ്മേണ്ടു സർവ്വീസിൽ കയറി. കാബേയുടെ കഥാപാത്രമായ ഇക്കാറിയ മടങ്ങിവന്നിങ്ങനെ റിപ്പോർട്ടുചെയ്യുന്നു: "എല്ലാത്തിലും ഐകരൂപ്യമുള്ള ആ രാജ്യം ഭരിക്കുന്നതു് സാങ്കേതികവിദഗ്ദ്ധന്മാരാണു്. അവരുടെ ഏകാധിപത്യമാണവിടെ. നേക്കുനേക്കുള്ള തെരുവുകൾ; ഒരുപോലെ പതിനഞ്ചു വീടുകളുള്ള ചതുരങ്ങൾ; നിരത്തിനിരുഭാഗത്തുമുള്ള നടപ്പാതയിൽ ചില്ലുകൊണ്ടുള്ള മേൽപ്പുര; അടിച്ചുവാരുന്നതിനു യന്ത്രങ്ങൾ; എല്ലാം ഗവമ്മേണ്ടുടമയിൽ ... സമമായ ധനവിതരണം ...പത്രങ്ങളില്ല.... ഗവമ്മേണ്ടു് അംഗീകരിച്ച പുസ്തകങ്ങളേ വായിക്കാവൂ. ദശാംശത്തിൻെറ അടിസ്ഥാനത്തിലാണു് നാണയങ്ങളും അളവുകളും തൂക്കങ്ങളും ..."

അമ്പതു വർഷത്തിനകം "ഇക്കാറിയ" ഭൂമിയിൽ സൃഷ്ടിക്കാമെന്നു് കാബേ വിശ്വസിച്ചു. അദ്ദേഹം അതിനു തെരഞ്ഞെടുത്ത സ്ഥലം അമേരിക്കയാണു്. ടെക്സാസിൽ "ഇക്കാറിയ" മോഡൽ കോളനികൾ അദ്ദേഹം സ്ഥാപിച്ചു. പക്ഷേ മഞ്ഞപ്പനി അദ്ദേഹത്തിൻെറ പദ്ധതി തുലച്ചു. പിന്നീടു് ഇലിനോയ്യിൽ സ്ഥാപിതമായ 1500 അംഗങ്ങളുള്ള കോളനി ആഭ്യന്തരകലഹംമൂലം നാമാവശേഷമായി.

DISTRIBUTING LIBRARY
No.........
KOTTAYAM

## സെയ്ൻറ് സൈമൺ

ബാബീഫിൻേറയും കാബേയുടേയും ചിന്തകഠം തലതിരിഞ്ഞ സെയ്ൻറ് സൈമണിൽ സ്വാധീനം ചെലുത്തിയിരിക്കാം. ഹെൻറി ക്ലൊഡ് ഡിറോവ്റോയ്ഡി സെയ്ൻറ് സൈമൺപ്രഭുവും ബാബീഫും ഒരേ കൊല്ല (1760) ത്തിലാണ് ജനിച്ചതു്. ഷാർളിമെയ്ൻ ചക്രവത്തിയുടെ അനന്തരാവകാശിയെന്നഭിമാനിക്കുന്ന ഈ പ്രഭുകുമാരനെ അദ്ദേഹത്തിൻെറ അംഗരക്ഷകൻ ദിവസേന വിളിച്ചുണത്തുന്നതീവിധമാണ്: "മേസ്യേ ലീകോം തെ, ഇന്നു താങ്കഠംക്കു് വലിയ കാൎയ്യങ്ങഠം ചെയ്യുതീർപ്പാനുണ്ടു്."

ചരിത്രപുരുഷനാണെന്നു് സ്വയം വിശ്വാസംവന്നാൽ ഒരാഠം വിഷമിക്കുകയേയുള്ളു. ആ വഴി വന്ന ഒരു വണ്ടി പ്രഭുകുമാരൻെറ കളിക്കു വിഘാതമായി. കുമാരൻ വഴിയിൽ കമിഴ്ന്നു കിടന്നു— ഒരു തരം സത്യാഗ്രഹം. ആരാണ് ഈ ഇളമുറ പ്രഭുവിനെ എടുത്തു മാററുക! പ്രഭുകുമാരൻെറ മക്കടമുഷ്ടി കൂടിയതേയുള്ളു. കുബ്ബാന കൈക്കൊള്ളുവാനുള്ള പിതാവിൻെറ ആജ്ഞതെല്ലും കൂട്ടാക്കാത്ത സെയ്ൻ് സൈമണെ പ്രഭു ജയിലിലിലടയ്ക്കുകതന്നെ ചെയ്തു.

ലൂയി പതിനാറാമൻെറ രാജകീയാഡംബരങ്ങളുമായി കെട്ടിമറിയുന്ന, പ്രായപൂത്തി വന്ന, സെയ്ൻറ് സൈമണെ മോചിപ്പിച്ചതു് പുതിയൊരാശയമാണ്—ജനാധിപത്യം. പത്തിനെട്ടാം വയസ്സിൽ അമേരിക്കയിലെത്തിയ അദ്ദേഹം ജനാധിപത്യപക്ഷത്തു ചേന്നു ധീരമായി പോരാടി, ധീരതയ്ക്കുള്ള കീത്തിമുദ്ര കരസ്ഥമാക്കി. സ്വാതന്ത്ര്യം, സമത്വം എന്നീ ആദൎശങ്ങഠംക്കു വേണ്ടി വാദിക്കുകയായി അദ്ദേഹം.

## ജനാധിപത്യ സ്നേഹം

അമേരിക്കയിലെത്തിയ സെയ്ൻറ് സൈമൺ മെക്സിക്കോയിലെ വൈസ്രോയിയെ നിർബ്ബന്ധിക്കുകയായി, പനാ

മക്കനൊലിൻെറ മുന്നോടിയായിത്തീരുമായിരുന്ന ഒരു കനൽ കുഴിക്കുവാൻ. ഇതദ്ദേഹത്തിനു കീർത്തി നേടിക്കൊടുക്കുമായിരുന്നു. പക്ഷേ, ഈ പ്ലാൻ, പത്തിൽ ഒരു ഭാഗം പ്ലാനും, ഒമ്പതു ഭാഗം ആഗ്രഹവുമായിരുന്നു. ഈ വിപ്ലവകാരി താമസിയാതെ ഫ്രാൻസിലേയ്ക്കു മടങ്ങി.

ഫ്രഞ്ചുവിപ്ലവം കൊടുമ്പിരിക്കൊണ്ട കാലം. വിപ്ലവത്തിൽ വീറോടെ പൊരുതുന്ന ഇദ്ദേഹത്തെ ഫാറംവിയിലെ ജനങ്ങൾ മേയറാക്കുവാൻ ശ്രമിച്ചു. സെയ്ൻറ് സൈമൺ വഴങ്ങിയില്ല. പഴയ പ്രഭുവിനെ മേയറാക്കുന്നതു് ചീത്ത കീഴ്വഴക്കമാണെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടി. പിന്നെ എന്തുകൊണ്ടാണ് പെറോൺവാസികൾ അദ്ദേഹത്തെ ദേശീയപ്രതിനിധിസഭയിലേക്കു തെരഞ്ഞെടുത്തതെന്നറിഞ്ഞുകൂടാ. ഈ ജനപ്രതിനിധി, പ്രഭുക്കളെടക്കം എല്ലാവരുടേയും ബഹുമതികൾ റദ്ദു ചെയ്യണമെന്നാവശ്യപ്പെട്ടു.

അദ്ദേഹം സ്വയം തൻെറ പേരു് പൗരൻ സെയ്ൻറ് സൈമൺ എന്നാക്കി. വെറും വേഷമായിരുന്നില്ല അദ്ദേഹത്തിൻെറ ജനാധിപത്യസ്നേഹം. തികഞ്ഞ മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. വിപ്ളവത്തിനു മുമ്പു് പ്രഭുവിനു ചേർന്ന ആഡംബരത്തോടെ വെഴ്സെയ്ൽസിലേക്കു കുതിരവണ്ടിയിൽ കയറി പോകുകയായിരുന്നു സെയ്ൻറ് സൈമൺ. വഴിമദ്ധ്യേ ഒരു സാധുവായ കൃഷീവലൻെറ വണ്ടി ചളിയിൽ പൂഴ്ന്നു പോയതുകണ്ടു പ്രഭുകുമാരൻ താഴെയിറങ്ങി വണ്ടി ചളിയിൽനിന്നു കയററി, തൻെറ കുതിരവണ്ടി ഉപേക്ഷിച്ചു് ബാക്കിയുള്ള ദൂരം അദ്ദേഹം യാത്രചെയ്തതു് ആ കൃഷീവലൻെറ കൂടെയാണു്.

## കാറൽമാൻ ചക്രവർത്തി ഞാനാണു്

ഫ്രഞ്ചുവിപ്ലവം സെയ്ൻറ് സൈമൻെറ ജീവിതവീക്ഷണത്തിൽ വരുത്തിവെച്ച മാററം ആശ്ചര്യകരമത്രേ. മുമ്പദ്ദേഹ

ത്തിന്ന പള്ളിവക സ്വത്തുക്കറം ഊഹക്കച്ചവടത്തിന്ന വിധേയമാക്കി പണമുണ്ടാക്കുവാൻ വിഷമം തോന്നിയില്ല. വിദേശീയരുമായി ബന്ധപ്പെട്ട് വിപുലമായ ഒരു വിദ്യാഭ്യാസ പരിപാടി തയ്യാറാക്കിയതിന്ന് വിപ്ളവകാരികറം അദ്ദേഹത്തെ അറസ്റ്റു ചെയ്തു. എങ്ങനേയൊ അദ്ദേഹം ജയിൽ ചാടി. തനിക്കു രക്ഷ നൽകിയ ഹോട്ടലുടമയെ വിപ്ളവകാരികറം പിടികൂടിയെന്നറിഞ്ഞപ്പോറം, അദ്ദേഹം തിരികെ വന്നു. അധികാരികളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് അറസ്റ്റ് വരിച്ചു.

ജയിലറയിൽ അടയ്ക്കപ്പെട്ട അദ്ദേഹത്തിൻെറ ബുദ്ധിയിൽ ഒരു സ്വപ്നസ്വർഗ്ഗം വിടരുകയായി. അതും ഒരു സ്വപ്നത്തിൽക്കൂടി. ആ സ്വപ്നത്തെപ്പററി അദ്ദേഹം പറയുന്നതിങ്ങനെയാണ്: "ലക്സെംബർഗ്ഗ് കൊട്ടാരത്തിൽ തടവുകാരനായി കഴിഞ്ഞുകൂടുന്ന ഞാനൊരു സ്വപ്നം കണ്ടു. ഷാർളിമെയ്ൻ എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ അരുളിച്ചെയ്തു: "ലോകാരംഭം മുതൽ ഒരു കുടുംബത്തിനും ഏററവും പ്രതിഭാശാലിയായ ധീരനേയും തത്വചിന്തകനേയും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല. എൻെറ കുടുംബത്തിനാണ് ആദ്യമായി ആ ബഹുമതി ലഭ്യമായതു്. പ്രിയ മകനേ, യോദ്ധാവെന്ന നിലയിൽ എൻെറ വിജയങ്ങളും തത്വചിന്തകനെന്ന നിലയിൽ നിൻെറ വിജയങ്ങളും തുല്യമാണ്." തത്വചിന്തയിൽ ഷാർളിമെയ്ൻ (കാറൽമാൻ ചക്രവത്തി) ആണത്രെ സെയ്ൻറ് സൈമൺ.

## മദാം സ്റ്റെയ്ൽ

പിന്നെയൊന്നിനും അദ്ദേഹത്തിന്ന സമയം കിട്ടിയില്ല. കൈക്കൂലി കൊടുത്ത് തടവിൽനിന്നു രക്ഷപ്പെട്ട സെയ്ൻറ് സൈമൺ തീരുമാനമെടുത്തു, തൻെറ ധനമെല്ലാം ജ്ഞാനസമ്പാദനത്തിനായി ചെലവാക്കണമെന്ന്. അദ്ദേഹത്തിൻെറ ഭവ

നം കലാകാരന്മാരുടേയും ചിന്തകന്മാരുടേയും കേന്ദ്രമായി—ചിന്തകന്മാക്ക് വിരുന്നുകഠം; അവരുടെ പ്രവർത്തനങ്ങഠംക്കു പണം; അവരുമായി ചർച്ചകഠം— ജ്ഞാനമണ്ഡലത്തിൻെറ മുക്കും മൂലയും അദ്ദേഹം തപ്പുകയായി. ഭ്രാന്തു പിടിപ്പിക്കുന്ന പണി! ദാമ്പത്യം— ജ്ഞാനത്തിന്ന് അങ്ങനേയുമുണ്ടല്ലോ ഒരു മേഖല! ആ മേഖലയുടെ സൂക്ഷ്മാംശങ്ങളറിയാൻ അദ്ദേഹം വിവാഹം കഴിച്ചു.

അതൊരു മൂന്നു കൊല്ലത്തെ കരാറായിരുന്നു. ഒരു കൊല്ലം കൊണ്ടു് അദ്ദേഹം ഈ ഏർപ്പാടു മതിയാക്കി. ഭാര്യ വായാടിയാണ്; സ്നേഹിതന്മാരൊത്ത് അവഠം അമിതമായി മദ്യപാനം ചെയ്യും. ഒരു വിദ്യാഭ്യാസസ്ഥാപനമെന്ന നിലയിൽ വിവാഹത്തിൻെറ മതിൽക്കെട്ടിനകത്തുള്ളതെല്ലാം അദ്ദേഹം കണ്ടു കഴിഞ്ഞു. ഇനി മതി! അപ്പോഴേയ്ക്കും ഒരു പ്രതിഭാശാലിനി അദ്ദേഹത്തിൻെറ ഹൃദയത്തിലേക്കു കടന്നുവന്നു—മദാം ഡി സ്റ്റെയ്ൽ "ഈ മഹിളയ്ക്കു മാത്രമേ എൻെറ പദ്ധതികഠം ഉഠംക്കൊള്ളുവാൻ കഴിയുന്നുള്ളു", അദ്ദേഹം വിളംബരംചെയ്തു. പക്ഷേ, പിന്നീടു് അവരുടെ ബന്ധം ഒരു പ്രതിസന്ധിഘട്ടത്തിലെത്തി. 'സ്ഥിരോത്സാഹി, വികാരതീവ്രതയുള്ളവൻ. പക്ഷേ ലോകത്തിലെ ഏററവും വലിയ തത്വചിന്തകനല്ല' എന്ന തീർപ്പിലാണ് മദാം സ്റ്റെയ്ൽ എത്തിച്ചേർന്നതു്. ആ മഹിളയുടെ തീർപ്പ് സെയ്ൻറ് സൈമൺൻെറ ഹൃദയത്തിൽ കത്തിയിറക്കി. അദ്ദേഹത്തിൻെറ ഉത്സാഹം നശിക്കുകയായി.

## ദാരിദ്ര്യത്തിൽ

പണസ്സഞ്ചികൊണ്ടു് ജ്ഞാനത്തെ വലവീശിപ്പിടിക്കുക—പണസ്സഞ്ചിയുടെ കനം കുറയും. വിവാഹം ഇത്രയ്ക്കു പണച്ചെലവുള്ളതാണെന്ന് അദ്ദേഹമറിഞ്ഞില്ല. ധനമെല്ലാം കളഞ്ഞുകുളിച്ച് അദ്ദേഹം തൻെറ വേലക്കാരൻെറ ഔദാര്യത്തി

ന്മേൽ ജീവിക്കുകയായി. കിട്ടിയ ക്ലാക്കിൻെറ ജോലി അദ്ദേഹം കളഞ്ഞില്ല. സമയം കിട്ടുമ്പോഴെല്ലാം എഴുതും; എഴുതിയതെല്ലാം രക്ഷാധികാരികൾക്കു അയയ്ക്കും. കൂടെ ഒരു കത്തും.

"മേസ്യേ,"

ദൈവമാണേ, ഞാൻ പട്ടിണികിടന്നു മരിക്കുകയാണ്. വെറം അപ്പവും വെള്ളവും കഴിച്ച് 15 ദിവസം ഞാൻ ജീവിച്ചു. എൻെറ ഗ്രന്ഥങ്ങൾ അച്ചടിക്കുവാൻ വസ്ത്രങ്ങളൊഴിച്ചെല്ലാം ഞാൻ വിററു. എന്തിനുവേണ്ടി? എനിക്കുവേണ്ടിയല്ല—ജ്ഞാനത്തിനുവേണ്ടി. അപകടസന്ധിയിൽനിന്നു യൂറോപ്യൻ സംസ്കാരത്തെ രക്ഷിക്കുവാൻവേണ്ടി..."

ആരും സഹായത്തിനെത്തിയില്ല. "ഭ്രാന്തൻ", ചിലർ പറഞ്ഞു. "വിഡ്ഢി" മററു ചിലർ അഭിപ്രായപ്പെട്ടു. പ്രഭുത്വമുള്ള സ്വന്തം കുടുംബം 63 വയസ്സുകാരൻ സെയ്ൻറ് സൈമണ് പെൻഷൻ നൽകാമെന്നുവെച്ചു. ലോകം തന്നോടുചെയ്ത അനീതി ആ നീതിമാൻ സഹിച്ചില്ല. അദ്ദേഹം തോക്കു നിറച്ചു—സ്വയം വെടിവെച്ചു, തല തെറിച്ചുപോകത്തക്കവിധം. ആത്മഹത്യ! ആ യത്നവും ഫലിച്ചില്ല. ഒരു കണ്ണു നഷ്ടപ്പെട്ടെങ്കിലും, അഹംഭാവം വെടിയാതെ, ആത്മവീര്യം കുലയാതെ, ജ്ഞാനത്തിനുവേണ്ടി ആത്മാവിനെ അർപ്പിച്ചുകൊണ്ട്—രണ്ടു കൊല്ലംകൂടി അദ്ദേഹം ജീവിച്ചു. അവസാനനിമിഷമടുത്തു. ശിഷ്യന്മാരോടദ്ദേഹം പറഞ്ഞു: "ഓക്കുക, വലിയ കാര്യങ്ങൾ ചെയ്യണമെങ്കിൽ വികാരതീവ്രത വേണം". അദ്ദേഹം മറുഭാഗത്തേയ്ക്കു ചരിഞ്ഞു—മരിച്ചു! നാടകീയമായ ദുരന്തം!

## സിമോണിസം

എന്താണീ ദുരന്തത്തിൻെറ പിന്നിൽ? സെയ്ൻറ് സൈമൺ, അനേകം വാല്യങ്ങൾ വരുന്ന സാഹിത്യസൃഷ്ടികളിൽകൂടി, ഒരു അദ്ധ്മിസ്റ്റിക് മതം സ്ഥാപിച്ചു. സെയ്ൻറ് സി

മോണിസം! ഫ്രാൻസിൽതന്നെ ഈ മതത്തിനു് ഏഴു സഭാവിഭാഗങ്ങളുണ്ടായി. അതിൻെറ ശാഖകൾ ഇംഗ്ലണ്ടിലും ഫ്രാൻസിലും സ്ഥാപിതമായി. അദ്ദേഹത്തിൻെറ 'സാഹോദര്യക്കൂട്ടായ്മ'യിലമന്നവർ പ്രായഭേദമനുസരിച്ചു് 'പിതാക്കന്മാർ', 'പുത്രന്മാർ' എന്ന പേരിലറിയപ്പെട്ടു. അവർ ധരിച്ചിരുന്ന നീലയങ്കികൾ മററുസഹോദരന്മാരുടെ സഹായമില്ലാതെ ഇടുവാനോ അഴിക്കുവാനോ സാദ്ധ്യമല്ലാത്തവയായിരുന്നു.

ഈ മതം വേരുറച്ചില്ല. അതിനു വ്യക്തമായ നിബന്ധനകളില്ലായിരുന്നു.

"മനുഷ്യൻ ജോലി ചെയ്യണം. എന്നാൽ മാത്രമേ സമൂഹത്തിൻെറ അനുഗ്രഹങ്ങൾക്കർഹനാവൂ'' എന്നദ്ദേഹം വിധിച്ചു. തൻെറ മതത്തിൻെറ അടിസ്ഥാനം ശാസ്ത്രീയ-വ്യാവസായിക മുന്നേററമാണെന്നും, സാഹോദര്യത്തിൽനിന്നാണു് തൻെറ സഭയ്ക്കധികാരം കിട്ടുന്നതെന്നും, യുദ്ധം ഇല്ലാതാകണമെന്നും, ഒരേയൊരു പ്രതിനിധിസഭയിൽകൂടി നീതിമാന്മാരും ബുദ്ധിമാന്മാരും ഭരിക്കണമെന്നും, ശാസ്ത്രമാകണം വെളിച്ചം തരുന്നതെന്നും, സാന്മാർഗ്ഗികബോധം സാഹോദര്യത്തിൽനിന്നുയരണമെന്നും, പൊതുവുടമയിൽ വേണം വ്യവസായങ്ങളെന്നും, ഉപഭോക്തൃവ്യവസായങ്ങൾ മാത്രം സ്വകാര്യഉടമയിൽ മതിയെന്നും, ജോലിയുടെ അടിസ്ഥാനത്തിലാകണം കൂലിയെന്നും, മടിയന്മാരാണു് നരകത്തിനർഹരെന്നും അദ്ദേഹം സമർത്ഥിച്ചു. ഈ മതത്തിൽ ബുദ്ധിമാന്മാരും പുരോഗമനവാദികളും ഉല്പതിഷ്ണുക്കളും നൂറുകണക്കിനു ചേർന്നു. അവരിൽ പ്രമുഖരത്രേ അഗസ്റ്റെ കോംതെയും സൂയസ്സ് കനാലിൻെറ നിർമ്മാതാവായ ഫെഡിനാൻഡ് ഡി ലെസ്സപ്സും.

## ഫൂറിയർ

രൂപരേഖ തയ്യാറാക്കുന്നതിൽ സെയ്ൻറ് സൈമൺ വിജയിച്ചു. ആ രൂപരേഖയിൽ ഏററവും വ്യക്തമായി വിശദാംശങ്ങളും സൂക്ഷ്മാംശങ്ങളും ഉൾപ്പെടുത്തുവാൻ ചാൾസ് ഫൂറിയർ

മറന്നില്ല. ജീവിതവുമായി മല്ലിട്ട സാഹസികനാണ് സെയ്ൻറ് സൈമൺ. ജീവിതത്തിൽനിന്നു വിട്ടുമാറി, ഭാവനയിൽ മാത്രം സാഹസങ്ങളാക്കൊരുമ്പെട്ടവനാണ് ഫൂറിയർ. തന്നിമിത്തം ഫൂറിയറുടെ ജീവിതകഥയിൽ കാൎയ്യമായി ഒന്നുമില്ല.

ബസാങ്കോൺ വ്യാപാരിയുടെ മകനായി ജനിച്ച (1772 ഫൂറിയർ കച്ചവടക്കാരനെന്ന നിലയിൽ വിജയിച്ചില്ല. ജീവ) തത്തിൽ ഒന്നും അദ്ദേഹം ചെയ്തില്ല—കല്യാണംകഴിക്കുകപോലും. രണ്ടേ രണ്ടെണ്ണമാണ് അദ്ദേഹത്തിൻെറ ഹൃദയം കവൎന്നെടുത്തതു്— പുഷ്പങ്ങളും പൂച്ചകളും. ഇവ അദ്ദേഹത്തിൻെറ വൈകാരികജീവിതത്തിനു് പൂൎണ്ണത നൽകി. ഫൂറിയർ എഴുതി: "ഇരുപതു ശതാബ്ദങ്ങളിലെ രാഷ്ട്രീയവിഡ്ഢിത്തത്തെ പിന്നിടുവാൻ എനിക്കു മാത്രമെ കഴിഞ്ഞുള്ളു. നിലവിലുള്ളതും വരുവാനിരിക്കുന്നതുമായ തലമുറകഠം അവരനുഭവിക്കുന്ന സന്തുഷ്ടിക്കു് എന്നോടു കടപ്പെട്ടിരിക്കുന്നു." നല്ല പ്രവചനം! പരസ്യംചെയ്ത മണിക്കൂറുകളിൽ തൻെറ പദ്ധതികഠം പ്രായോഗികമാക്കുവാൻ പണസ്സഞ്ചിയുമായി തന്നെ സമീപിക്കുന്ന മുതലാളിയുടെ വരവു കാത്തു് ഫൂറിയർ വിഷമിച്ചു. അങ്ങനെ നീണ്ട പന്ത്രണ്ടു വർഷങ്ങഠം. മുതലാളിമാരാരും വന്നതേയില്ല.

## എവിടെയും താളലയം

മൎയ്യാദക്കാരുടെ ഭാഷയിൽ പറഞ്ഞാൽ ഇദ്ദേഹത്തിനെന്തോ കുഴപ്പമുണ്ടു്—ഒരു തരം ഭ്രാന്തു്. ഇതാ ഒരു ഫൂറിയർ ആശയം: 80,000 വർഷമാണ് ലോകത്തിൻെറ പ്രായം—40,000 വർഷക്കാലം മുകളിലേയ്ക്കു കയററം; 40,000 വർഷക്കാലം കീഴ്പോട്ടിറക്കം. രണ്ടിനും മദ്ധ്യേയാണ് (കണക്കു പിഴച്ചോട്ടെ—സാരമില്ല) ആനന്ദം കൊടുമുടിയിലെത്തുക. എട്ടു ദശകളിൽ അഞ്ചും നാം പിന്നിട്ടുകഴിഞ്ഞു—കലാപം, പിതൃഭരണം, അപരിഷ്കൃതം തുടങ്ങിയവ. ഇനിയത്തേതു ജീവിത

സൗകര്യങ്ങളനുഭവിക്കുവാൻ ഏവനും ഉറപ്പു കിട്ടുന്ന കാലം അഥവാ 'ഗാരൻടീയിസം' (കുറെ വാസ്തവമുണ്ടിതിൽ) അത്രേ. പിന്നീട്ട് മുകളിലേയ്ക്കുയരുന്ന സ്വരച്ചേർച്ച. കൊടുമുടിയിലെത്തുമ്പോഠം സ്വരച്ചേർച്ചയില്ലായ്മ. നാം കീഴ്പ്പോട്ടുന്നിറങ്ങുകയായി.

"നാം സ്വരച്ചേർച്ച (Harmony) യിലേക്കുയരുമ്പോഠം പുതിയ ചിഹ്നങ്ങഠം കാണും. ഉത്തരധ്രുവത്തിൽ കിരീടമുയരും; ഭംഗിയുള്ള മഞ്ഞുമഴ പെയ്യും; കടൽവെള്ളം 'മധുരമുള്ള ശീതളപാനീയ' (Lemonade) മാകും. ആറു ചന്ദ്രന്മാർ പ്രകാശം പരത്തും; പുതിയ സിംഹം വണ്ടി വലിക്കും; പുതിയ തിമിംഗലം കപ്പലുകഠം വലിയ്ക്കും; പുതിയ കരടികഠം, മൂട്ടകഠം, എലികഠം എന്നിവ മനുഷ്യസഹായത്തിനെത്തും; നാമോരോരുത്തരും 146 കൊല്ലക്കാലം ജീവിക്കും; അതിൽ 120 കൊല്ലക്കാലം ലൈംഗികബന്ധങ്ങളിൽനിന്നു് ആനന്ദമൂററിയെടുക്കും." ഭ്രാന്തൻ? ആയിരിക്കാം. പക്ഷേ അദ്ദേഹം പറയുന്നുണ്ടു് സമൂഹത്തെ എങ്ങനെ പുനഃസ്സംഘടിപ്പിക്കണമെന്നു്.

## ഒന്നു്, രണ്ടു്, മൂന്നാംക്ലാസ്സ്

എങ്ങനെ?

സമൂഹത്തെ പല 'ഫാലൻക്'സു്കളായി വിഭജിക്കുക. വലിയ മനോഹരമായ ഹോട്ടൽ (ഓവൻെറ സഹകരണഗ്രാമം പോലെ) —മുറികളുടേയും മററും വിശദവിവരങ്ങഠം അദ്ദേഹം തരുന്നുണ്ടു്. അതിനു ചുററും പാക്കുകഠം, കൃഷിയിടങ്ങഠം, വയലുകഠം; അപ്പുറം ഫാക്ടറികഠം. വരുമാനമനുസരിച്ചു ജീവിക്കുന്നതിനു് ഒന്നാം ക്ലാസ്സ്, രണ്ടാം ക്ലാസ്സ്, മൂന്നാം ക്ലാസ്സ് സൗകര്യങ്ങഠം, മുറിയിൽ ഭക്ഷണം വേണമെങ്കിലങ്ങനെ. അല്ലെങ്കിൽ ഭോജനശാലയിൽ പോകാം. സംസ്കാരം വളത്തുവാൻ മററുള്ളവരുമായി സമ്പക്കത്തിലേർപ്പെടാം. കേന്ദ്രീകരണ മാർ

ഗ്രേൺ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാം. അവിവാഹിതൻ ഫൂറിയർ കറികളുടെ സ്വഭാവം വിശദമാക്കുമ്പോൾ വായിൽ വെള്ളമൂറും.

ഏതാനും ദിവസം ഓരോരുത്തരും പണിയെടുക്കണം—അവനവനിഷ്ടപ്പെട്ട ജോലി. കുട്ടികളും അവക്കിഷ്ടപ്പെട്ട ജോലി ചെയ്യണം—അവർ റോഡുണ്ടാക്കും, പരിസരങ്ങൾ വൃത്തിയാക്കും, ചെടികൾ നനച്ചു പൂന്തോട്ടങ്ങളുണ്ടാക്കും, മാതാപിതാക്കളുടെ ഉച്ചാരണപ്പിശകുകൾ ശരിപ്പെടുത്തും. സ്നേഹപൂർവ്വം തൊഴിലാളികൾമത്സരിക്കും—ആരാണ് ഏററവും നന്നായി പണിയെടുക്കുന്നതു്? ഭൂമിയിലാകെ 2,985,984 'ഫാലൻക്സ്സ' കൾ വേണ്ടിവരുമെന്നാണ് ഫൂറിയറുടെ കണക്കു. "ഓംലെററു" പാചകരും "ഷാമ്പെയിൻ"പാചകരും ഉല്പാദകരും തമ്മിലുള്ള മത്സരം രസകരമായിരിക്കും!

## കൂടെ ബോണസ്സും

ലാഭമുണ്ടോ? ഓ, മുപ്പതു ശതമാനം! പോരെ? ആ ലാഭം സമൂഹത്തിനാണ് കിട്ടുക. കൂടുതൽ കിട്ടുന്നതിൽ പന്ത്രണ്ടിൽ അഞ്ചു ഭാഗം തൊഴിലാളികൾക്ക്, നാലു ഭാഗം മുതലാളികൾക്കു്, മൂന്നു ഭാഗം സംഘാടകർക്കു്. ഇതാകാം ബോണസ്സ്! കാലക്രമേണ എവനും ഫാലൻക്സിൻെറ ഉടമകളായിത്തീരും.

അമേരിക്കയിലും ഫ്രാൻസിലും ഫൂറിയറിസ്റ്റ് സംഘടനകൾ രൂപംകൊണ്ടു. ആൽബർട്ട് ബ്രിസ്ബെയ്ൻ, ഹൊരസ് ഗ്രീലി, ചാൾസ് ഏ ഡാന എന്നിവർ ഫൂറിയറുടെ ആശയങ്ങൾ സ്വീകരിച്ചു. ബ്രൂക്ഫാം എന്ന ഫൂറിയർ സ്ഥാപനത്തിൽ മാർഗരററ് ഫുള്ളർ, ഡാനിയേൽ ഹോഥോൺ, ബ്രോൺസൺ ആൽകോട്ട് തുടങ്ങിയ കീർത്തിമാന്മാർ അംഗത്വമെടുത്തു. ഒന്നും നീണ്ടുനിന്നില്ല, ചിലതെല്ലാം കാലത്തിൻെറ പ്രഹരങ്ങളെ ഏറെനാൾ അതിജീവിച്ചെങ്കിലും.

## പ്രൂധോൺ

ഫൂറിയർ ജനിച്ച മുപ്പതുവർഷത്തിലധികം കഴിഞ്ഞതിനു ശേഷമാണ് പേറെ ജോസഫ് പ്രൂധോൺ (Proudhon) ജനിച്ചതു് (1809). സമത്വത്തിനുവേണ്ടി നിലകൊണ്ട അദ്ദേഹം സ്വകാര്യസ്വത്തും ഗവമ്മേണ്ടും അനാവശ്യമാണെന്നു വാദിച്ചു. "ക്രമവും സ്വാതന്ത്ര്യവും ഒരുമിക്കുമ്പോൾ എല്ലാം ശരിപ്പെട്ടും. സ്വകാര്യസ്വത്തു് വെച്ചു വളത്തുന്നതു് ഗവമ്മേണ്ടാണ്. അതിനാൽ ഗവമ്മേണ്ടു വേണ്ട. പൊതുവുടമയെ തുലയ്ക്കുന്നവരാണ് കള്ളന്മാർ. തൊഴിലാളിക്ക് തൊഴിലിന്റെ ഫലം കൊടുക്കായ്കയാലാണ് സ്വകാര്യ സ്വത്തുണ്ടാകുന്നതു്." തന്റെ 'അനാക്കിസം' സമത്വസുന്ദരമായ ലോകം പണിയുമെന്നു് പ്രൂധോൺ അവകാശപ്പെടുന്നു. സഹോദരൻ സഹോദരനെ സ്നേഹിക്കും; സഹായിക്കും; സ്വാഭാവികമായി സമൂഹം താനേ വളരും. അനാക്കിസ്റ്റ് സിദ്ധാന്തങ്ങൾ യൂറോപ്യൻ തൊഴിലാളിപ്രസ്ഥാനത്തിൽ കാര്യമായ സ്വാധീനം ചെലുത്തി; ഫ്രാൻസിലും സ്പെയ്നിലും 'സിൻഡിക്കലിസ' യൂണിയനുകളും സ്ഥാപിതമായി; മാർക്സിയൻ തത്വസംഹിതയ്ക്കുപോലും അനുഭാഗികമായ പിന്തുണ നൽകി.

## ബ്ലാങ്ക്

പ്രൂധോണെക്കാളും രണ്ടു വയസ്സിളപ്പമുണ്ട് ലൂയി ബ്ലാങ്കിന്. തൊഴിലാളികൾ സംഘടിച്ചാൽ മാത്രമേ സാമൂഹ്യപരിവത്തനം സാദ്ധ്യമാകൂ എന്നു് അദ്ദേഹം വിശ്വസിച്ചു. നെപ്പോളിയന്റെ കീഴിൽ ധനകാര്യമന്ത്രിയായിരുന്നു ബ്ലാങ്ക്. ഇരുപത്തിയെട്ടാം വയസ്സിലദ്ദേഹം പത്രലേഖകനായി. ഫ്രഞ്ചുവിപ്ലവകാലത്തു് അദ്ദേഹം താൽക്കാലിക ഗവമ്മേണ്ടിലെ അംഗമായിരുന്നു. ഫ്രാൻസ് വിടുവാൻ നിബ്ബന്ധിതനായിത്തീന്ന ബ്ലാങ്ക്

നെപ്പോളിയൻ മൂന്നാമൻ അധികാരമേറെറടുത്തപ്പോഠം മടങ്ങി വന്നു; ദേശീയ പ്രതിനിധിസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗമായി. വിപ്ലവവിരോധിയായിരുന്നു ബ്ലാങ്ക്. അതേസമയം വിപ്ലവാത്മകങ്ങളായിരുന്നു അദ്ദേഹത്തിൻെറ ആശയങ്ങഠം. “കഴിവുപോലെ ഓരോരുത്തരിൽനിന്നും; ആവശ്യംപോലെ ഓരോരുത്തക്കും” എന്നതാണ് ബ്ലാങ്ക് സിദ്ധാന്തം.

ആദശ്സ്വഗ്ഗം ഭൂമിയിൽ പണിയാൻ കച്ചകെട്ടിയിറങ്ങിയ ഇവരുടെ ചിന്തകഠം ഏതുവിധം സമൂഹത്തിൽ സ്വാധീനംചെലുത്തിയെന്നു നോക്കാം.

നാല്പതു് ഫൂറിയർ സമൂഹങ്ങളും ഓവനൈററ് സമൂഹങ്ങടക്കം മററ 178 സമൂഹങ്ങളും അമേരിക്കയിൽ മാത്രം സ്ഥാപിതമായി. വിചിത്രമാണിവയുടെ വൈവിധ്യം! ചിലതു് സദാചാരത്തിൽ വിശ്വസിച്ചു. ചിലതു് വിശ്വസിച്ചില്ല. ചിലതു ലൈംഗികമായ അരാജകത്വം പുലത്തി. ചിലതു് മുതലാളിത്തവുമായി ഒട്ടിച്ചേന്നു. ചിലതു് അനാക്കിസ്റ്റ്സംഘടനകളായിരുന്നു. ഒഹായോവിലെ “ട്രംബുഠം ഫാലൻക്സ്” അടുത്തകാലത്തു് സ്ഥാപിതമായ “ലോംഗ് ഐലണ്ടു് ഫാലൻക്സ്—” ഇവഫൂറിയർ ചിന്താഗതി പുലത്തി. അതുപോലെതന്നെ പ്രസിദ്ധങ്ങളാണു് ബ്രൂക്ഫാം, ഒനീഡാ, ന്യൂ ഇക്കാറിയ എന്നിവ. ഉത്തരാമേരിക്കൻ ഫാലൻക്സ് (ന്യൂ ജെർസി) ഒരു ഡസൻ വർഷങ്ങഠം [1843–1855] നിലനിന്നു. പിന്നേയും 1930 വരെ തുടന്നുപോന്നു. അമേരിക്കൻ സാഹിത്യകാരൻ അലക്സാണ്ടർ വൂഠംകോട്ട് ഇവിടെയാണു് ജനിച്ചതു്.

## ഭൂമിയിലേയ്ക്കിറങ്ങിയ സ്വപ്നസ്വഗ്ഗം

ആദശസ്വപ്നങ്ങഠം തകന്നു. പക്ഷേ, അതിലൊന്നിൽ താമസിച്ചുനോക്കുവാൻ ആക്കാണു് കൗതുകമില്ലാത്തതു്! വിഡ്ഢികളുടെ സ്വഗ്ഗം? അല്ല. അനാറേറാഠം ഫ്രാൻസ് പറയുംപോലെ, ധീ

രന്മാരായ ദാൎശനികന്മാരില്ലെങ്കിൽ നാമിനിയും ആദിമമനുഷ്യരെപ്പോലെ ഗുഹകളിൽ താമസിക്കേണ്ടിവരും. സ്മിത്തും മാൽത്തസ്സും റിക്കാഡോവും കണ്ടെത്തിയ സാമ്പത്തികനിയമങ്ങൾ ക്രൂരങ്ങളും കരുണയില്ലാത്തവയുമാണ്. ഇവയിൽനിന്നു് മോചനമാൎഗ്ഗം തേടിയവർ ലോകത്തിൽ ചെലുത്തിയ ഗണ്യമായ പ്രേരണതന്നെ നമ്മുടെ ശ്രദ്ധയെ പിടിച്ചുനിൎത്തുന്നു. ഫ്രഞ്ച് രാജ്യതന്ത്രജ്ഞൻ നെക്കർ അഭിപ്രായപ്പെട്ടു: "രുചി അല്പത്തെക്കാൾ കുറവെങ്കിലും തരക്കേടില്ല, കൂടുതൽ പോഷകശക്തിയുള്ള ഭക്ഷണം വേണം. ഇതു സാദ്ധ്യമെങ്കിൽ രണ്ടുദിവസത്തിലൊരിക്കൽ ഭക്ഷണം കഴിച്ചാൽ മതിയാകുമല്ലോ." നല്ലൊരു ലോകം— പരിഷ്കൎത്താക്കളെല്ലാം ആ ലോകം പണിയുവാൻ തയ്യാറായി. ആദൎശസ്വൎഗ്ഗശില്പികൾ— ഭ്രാന്തന്മാരും തലതിരിഞ്ഞവരും സ്വപ്നംകാണുന്നവരും ആയാൽതന്നെയും— അവരുടെ ആത്മധൈൎയ്യത്തിനു മുമ്പിൽ നാം തലകുനിക്കുക! അമേരിക്കയുടെ 'ന്യൂ ഡീൽ' സാമ്പത്തികനയത്തിനും സ്കാൻഡിനേവ്യൻ സോഷ്യലിസ്റ്റാദൎശത്തിനും, ബ്രിട്ടനിലേയും ഇന്ത്യയിലേയും ക്ഷേമരാഷ്ട്രപ്രസ്ഥാനത്തിനും പ്രചോദനം നൽകിയതിവരാണ്.

അവർ സോഷ്യലിസ്റ്റുകളായിരുന്നു, അതും പ്രത്യേകാൎത്ഥത്തിൽ 1. ധനികവൎഗ്ഗത്തിന്റെ മാനസാന്തരത്തിൽകൂടി സോഷ്യലിസം കെട്ടിപ്പടുക്കാൻ ഉദ്യമിച്ചു, അക്രമത്തിൽകൂടിയല്ല, 2. സാമ്പത്തികമായ പരിവൎത്തനമാണ് ഏററവും അടിസ്ഥാനപരമായ പരിവൎത്തനമെന്നു് അവർ കണ്ടെത്തി. 3. അവർ നിൎദ്ദേശിച്ച മാൎഗ്ഗം നൂറു ശതമാനവും രചനാത്മകമായിരുന്നു —സ്നേഹം, സൗഹാൎദ്ദം, സാഹോദൎയ്യം, സമത്വം എന്നിവയിലൂന്നുന്ന മാൎഗ്ഗം.

# ഡെമോക്രാററിക്ക് സോഷ്യലിസം

മനുഷ്യൻ സ്വത്തിൻെറയല്ല, സ്വത്ത് മനുഷ്യ ൻെറയാണ് എന്നു വാദിച്ച ധനികനായ ചിന്തകൻ സിസ്മോണ്ടി; 'ആദ്ധ്യാത്മിക മൂലധനം ഉല്പാദകഘ ടകമാണെന്നു വാദിച്ച ജർമ്മൻ റൊമാൻറിക്ക് ആഡം മ്യൂളർ, ഉല്പാദനത്തെ പ്രോത്സാഹിപ്പിക്കുന്ന സാം സ്കാരിക കാലാവസ്ഥയിലൂന്നിയ പ്രൊഫസർ ലിസ്റ്റ്, ഗവർമ്മേണ്ട് സംരക്ഷണം പുരോഗതിക്കപേക്ഷ ണീയമാണെന്നു ശഠിച്ച 'കാരി'കൾ, ഡെമോക്രാ ററിക് സോഷ്യലിസത്തിൻെറ സ്ഥാപകനായ മിൽ.

വ്യാവസായിക മുതലാളിത്തം വേരുറപ്പിച്ച് അതിൻെറ ക്രൂര നഖങ്ങൾ സമൂഹശരീരത്തിൻെറ സൗന്ദര്യത്തെ ക്ഷതപ്പെടുത്തി. ഇതിനെതിരായി സോഷ്യലിസ്റ്റാശയങ്ങൾ ഉയന്നു. എന്നാൽ സോഷ്യലിസ്റ്റുകളിലധികംപേരും പഴയ ധനശാസ്ത്രജ്ഞന്മാരുടെ അടിസ്ഥാനപരമായ സാമ്പത്തിക സിദ്ധാന്തങ്ങൾ സ്വീ കരിക്കുകയാണ് ചെയ്തതു്. ഭൗതികമാണ് ധനം എന്നതിൽ ത ക്കമില്ല. ആദിമസമൂഹങ്ങൾ സഹകരണത്തിൽക്കൂടി വളൻവന്നു. സ്വാഭാവികമാണ് പ്രകൃതിനിയമങ്ങൾ. ഈ നിയമങ്ങൾ കണ്ടെ ത്തിയതോ? സാമാന്യാനുമാന (deductive logic)ത്തിൽക്കൂടി.

മാർക്സ് പോലും 'ക്ലാസ്സിക്കൽ' പാട്ടസിദ്ധാന്തവും കൂലി സിദ്ധാന്തവും മുറുകെ പിടിച്ചു.

'ക്ലാസ്സിക്കൽ' ധനശാസ്ത്രജ്ഞന്മാർ, സോഷ്യലിസ്റ്റുകൾ—ഇവക്കുപുറമെ മറെറാരുതരം ധനശാസ്ത്രജ്ഞന്മാർ പുതിയ വഴികൾ വെട്ടിത്തെളിയിച്ചു. 'ക്ലാസ്സിക്കൽ' ധനശാസ്ത്രജ്ഞന്മാരുടെ സമീപനരീതിയെത്തന്നെ വെല്ലുവിളിച്ചു അവർ. സ്മിത്ത്, റിക്കാർഡോ; മാൾത്തസ്സ് എന്നിവരുടെ സാമ്പത്തിക സിദ്ധാന്തങ്ങളെ അഴിച്ചുഴിച്ച് വ്യാഖ്യാനിച്ച് ഇവർ ധനശാസ്ത്രമണ്ഡലത്തെ വിപുലമാക്കി, സമ്പന്നമാക്കി.

## സിസ്മോണ്ടി

'ക്ലാസ്സിക്കൽ' സാമ്പത്തിക സിദ്ധാന്തങ്ങളെ നിശിതവിമർശനത്തിന് വിധേയമാക്കിയവരിൽ പ്രമുഖനത്രേ ജീൻ ചാൾസ് ലിയൊണാർഡ സിമോണ്ട് സിസ്മോണ്ടി (1773–1842) പിസാ നഗരത്തിൽനിന്നു സ്വിററ്സർലണ്ടിൽ എത്തി, ജനീവയിൽ താമസമുറപ്പിച്ച ഒരു ഇററാലിയൻ പ്രഭു കുടുംബത്തിലാണ് സിസ്മോണ്ടി ജനിച്ചതു്. ജനീവയിൽതന്നെ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം, അദ്ദേഹം ലിയോൺ നഗരത്തിൽ ബിസിനസ്സ് തുടങ്ങി; ആവശ്യത്തിലധികം പണമുണ്ടാക്കി; കച്ചവടത്തിൽനിന്നും വിരമിച്ച് ബാക്കി കാലം ചിന്തയുടെ മേഖലയിൽ പ്രവർത്തിച്ചു.

ഏറെയും ഒരു ചരിത്രകാരനായിരുന്നു സിസ്മോണ്ടി. ശ്രദ്ധ കേന്ദ്രീകരിച്ച് ചരിത്രത്തെ അപഗ്രഥിച്ചപ്പോൾ അദ്ദേഹം പുതിയ സാമ്പത്തിക സിദ്ധാന്തങ്ങൾ കണ്ടെത്തി. നാല്പത്തിയാറാം വയസ്സിലദ്ദേഹം തൻെറ ധനശാസ്ത്ര ഗ്രന്ഥം (New Principles of Political Economy, 1819) പുറത്തിറക്കി.

പുതിയതായി പലതുമദ്ദേഹം കണ്ടു: ധനശാസ്ത്രത്തിൻെറ

ഏതുകോട്ടേശം, 'ക്ലാസ്സിക്കൽ' സാമ്പത്തികശാസ്ത്രജ്ഞന്മാർ പറയുംപോലെ, ഭൗതികസമ്പത്തിനെപ്പററിയുള്ള പാഠമല്ല; പിന്നെയോ? മനുഷ്യഗണത്തിൻെറ ക്ഷേമമത്രേ. "സാമ്പത്തികബന്ധങ്ങൾ മനുഷ്യൻെറ സ്ഥിതി മാററുന്നു. സമ്പത്തിനെപ്പററി വ്യക്തമായ ധാരണയുണ്ടാകണമെങ്കിൽ നാമതിനെ മാനുഷികമായ സ്ഥിതിവിശേഷത്തിൻെറ പശ്ചാത്തലത്തിൽ നോക്കിക്കാണണം. അതായതു്, മനുഷ്യൻസ്വത്തിൻെറയാണോ, സ്വത്തു മനുഷ്യൻെറയാണോ എന്ന കാൎയ്യം വ്യക്തമാക്കണം." മനുഷ്യഗണത്തിൻെറ സാന്മാർഗ്ഗികവും ആത്മീയവും ഭൗതികവുമായ സുഖത്തിനാണു് സമ്പത്തു്.

## ആൎക്കാണീ ധനം?

എത്രമാത്രമുണ്ടു് ധനം? അതല്ല ചോദ്യം. ആൎക്കാണീ ധനം? അതാണു് ചോദിക്കേണ്ടതു്. "സമൂഹത്തിൻെറ ഏതെങ്കിലും ഭാഗം ദാരിദ്ര്യമനുഭവിക്കുന്നുണ്ടെങ്കിൽ രാഷ്ട്രത്തിൽ സമ്പൽസമൃദ്ധിയില്ല—തീർച്ച!" അങ്ങനെ സിസ്മോണ്ടി സാമ്പത്തികഭദ്രതയുള്ള ക്ഷേമരാഷ്ട്രത്തിലേക്കു വിരൽ ചൂണ്ടി.

മനുഷ്യൻെറ സ്വാതന്ത്ര്യം, ആഡംസ്മിത്തു് പറയുംപോലെ, കൊടുക്കൽ—വാങ്ങലുകൾക്കു സ്വയം പ്രവൎത്തിക്കുന്ന കമ്പോളസമ്പ്രദായത്തിനും ഇടയാക്കുന്നു എന്നതു ശരിതന്നെ. പക്ഷേ, ഈ സാമ്പത്തികപ്രക്രിയ സ്വാഭാവികമെങ്കിലും, സാമൂഹ്യക്ഷേമത്തിലവസാനിക്കുന്നില്ലെന്നു് സിസ്മോണ്ടി ചൂണ്ടിക്കാട്ടി. സൎവ്വതന്ത്രസ്വതന്ത്രമായ വ്യാപാരം— ഇതിനെ സിസ്മോണ്ടി എതിൎക്കുകതന്നെ ചെയ്തു. മാനുഷികമൂല്യങ്ങൾ ഭദ്രമാക്കി സമൂഹത്തിൻെറ ക്ഷേമം കാത്തുരക്ഷിപ്പാൻ പ്രവൎത്തിക്കണമെന്നു് അദ്ദേഹം ശഠിച്ചു. പൂൎണ്ണമായ സാമ്പത്തികസമത്വം സാദ്ധ്യമല്ല: സ്വകാൎയ്യസ്വത്തു് തുത്തുമാററുന്നതും ശരിയല്ല. അതേസമയം, ഭൂരിപക്ഷം ദാരിദ്ര്യമനുഭവിക്കുകയും ന്യൂനപക്ഷം ധനം കുമ്പാരംകൂട്ടുകയും ചെയ്യുന്നതു് വ്യക്തമായ അനീതിയാണെന്നദ്ദേഹം തറച്ചു പറഞ്ഞു.

## വിശേഷാനുമാനമാർഗ്ഗം

മാത്രമല്ല, ധനശാസ്ത്രം ഒരു ശാസ്ത്രമാകണമെങ്കിൽ അതിലെ സിദ്ധാന്തങ്ങൾ വിശേഷാനുമാന (Inductive logic) ത്തിൽ നിന്നുയരണം. ഇതാദ്യമായി ചൂണ്ടിക്കാട്ടിയതു് സിസ്മോണ്ടിയത്രേ ലോകത്തിൻെറ ശരിയായ അനുഭവങ്ങളാകണം—അതാണല്ലോ ചരിത്രം— ധനശാസ്ത്രത്തിൻെറ അടിസ്ഥാനം. പുതിയ സാമ്പത്തികക്രമത്തെസ്സംബന്ധിച്ച രണ്ടു സത്യങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി— ഒന്നു്: യന്ത്രങ്ങൾ തൊഴിലാളികളുടെ ആവശ്യം വെട്ടിച്ചുരുക്കുന്നതിനാൽ തൊഴിലില്ലായ്മ ഉണ്ടാകുന്നു; രണ്ടു്: അമിതോല്പാദനമുണ്ടാകുന്നതിനാൽ സാധനങ്ങൾക്കുള്ള ചോദനം കുറയുന്നു; തന്നിമിത്തം തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെടുന്നു. അങ്ങനെ തൊഴിലില്ലായ്മയുണ്ടാകുന്നതിൻെറ രണ്ടു കാരണങ്ങൾ അദ്ദേഹം വ്യക്തമാക്കി.

സിസ്മോണ്ടി മരിച്ചു. അന്നേവരെ ആരും അദ്ദേഹത്തിൻെറ വാക്കുകളെ അത്ര ഗണ്യമാക്കിയില്ല. പാശ്ചാത്യലോകത്തെസ്സംബന്ധിച്ചിടത്തോളം ഒരു പ്രവാചകനായിരുന്നു സിസ്മോണ്ടി. "ക്ഷേമരാഷ്ട്രം" എന്ന ആദർശത്തിലേക്കും ധനശാസ്ത്രം വിശേഷാനുമാനമാർഗ്ഗം സ്വീകരിക്കണമെന്ന വസ്തുതയിലേക്കും ആദ്യമായി വെളിച്ചംവീശിയ സിസ്മോണ്ടിയെ മറക്കാവതല്ല.

## ആഡം മ്യൂളർ

ബർളിനിലെ ഒരു പ്രമുഖ പ്രൊട്ടസ്റ്റൻറ് കുടുംബത്തിൽ ജനിച്ച ആഡം മ്യൂളർ (1779–1829) സിസ്മോണ്ടിയെക്കാൾ ആറു വയസ്സിനിളയവനായിരുന്നു. ജർമ്മൻ 'റൊമാൻറിക്' പ്രസ്ഥാനം തഴച്ചുവളരുന്ന കാലം. തത്വചിന്തയിലും സാഹിത്യത്തിലും ഈ പ്രസ്ഥാനം വരുത്തിയ പ്രത്യാഘാതങ്ങൾ കണ്ടു മ

നസ്സിലാക്കിയ മ്യൂളർ അതിൻെറ അടിസ്ഥാനതത്വങ്ങഠം ധന ശാസ്രൂത്തിൽ പ്രയോഗിക്കുകയായി. തൽഫലമായി ബ്രിട്ടീഷ് 'ക്ലാസ്സിക്കൽ' ചിന്തയോടുള്ള മ്യൂളറുടെ എതിർപ്പ് കൂടുതൽ അഗാധമായി.

ഈ റൊമാൻറിക് പ്രസ്ഥാനം ആത്മീയതയിൽനിന്നും 'മിസ്റ്റിക്' അനുഭൂതികളിൽനിന്നും ശക്തി നേടി. ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്നു; ആത്മാക്കളുടെ സമൂഹമാണ് നാം കാണുന്നതു്. സ്റ്റേററ് ഒരു ജീവിയാണ്—ജീവനുള്ള "ജീവി." വ്യക്തികളുടെ അവകാശങ്ങഠംക്കും ക്ഷേമത്തിനും അതീതമാണ് സ്റ്റേററ്. ജമ്മൻ ചിന്താഗതിയിലെ ഈ പ്രത്യേകതകഠം പല പാശ്ചാത്യചിന്തകരുടേയും കഠിനമായ ആക്ഷേപത്തിനു വിധേയമായിട്ടുണ്ട്. അക്രമം, ആക്രമണം, മനുഷ്യരെ തോക്കുകഠംക്കു തീററയാക്കുന്ന നാസിസം ഇവയ്ക്കു കാരണമായതു് ഈ ചിന്താഗതിയത്രേ എന്തായാലും, മ്യൂളറുടെ വ്യാഖ്യാനങ്ങളും ചിന്തകളും ചുഴിഞ്ഞുനോക്കിയാൽ കാണാം, അവ ആഡംസ്മിത്തിൻെറ . സാമ്പത്തികവ്യക്തിവാദത്തിനു മറുമരുന്നായിത്തീന്നെന്നു്.

## അഖണ്ഡമാണ് ജീവിതം

വ്യക്തികഠം തമ്മിലുള്ള പരിപൂണ്ണമായ സഹകരണം, ജീവിതത്തിലെ സാങ്കല്പികമായ പൂണ്ണത—ഇവയിൽ മ്യൂളർ തികച്ചും വിശ്വസിച്ചു. സിദ്ധാന്തപരമായ വിശകലനത്തിനായാൽ പോലും, സാമ്പത്തികമായ യത്നങ്ങളെ മതം, കല, രാഷ്ട്രവിജ്ഞാനീയം എന്നിവയിൽനിന്നു് ഒററപ്പെടുത്തുന്നതു് തെററാണെന്നദ്ദേഹം ചൂണ്ടിക്കാട്ടി.

എല്ലാം മനുഷ്യഗണത്തിനു് അനുപേക്ഷണീയമാണെന്നും ജീവിതത്തിൻെറ വിവിധ പ്രവൃത്തിമണ്ഡലങ്ങഠം തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നും അദ്ദേഹം സമത്ഥിച്ചു. സമൂഹത്തെ വ്യക്തികളായിക്കാണുവാൻ 'ക്ലാസ്സിക്കൽ' സാമ്പത്തികശാസ്രൂ

ജ്ഞന്മാർ ചെയ്ത യത്നം നിഷ്ഫലമായിപ്പോയതിൽ അദ്ദേഹത്തി ന്നു സഹതാപമില്ല. സമൂഹത്തിൽ പിളപ്പുണ്ടാക്കി, സാമൂഹൈക്യം നശിപ്പിക്കുകയല്ലേ മുതലാളിത്തം ചെയ്തതു്? അതു് മുതലാളികളേയും തൊഴിലാളികളേയും ചേരി തിരിച്ചു. തൊഴിലാളികളുടെ തൊഴിലിനുള്ള ഉപകരണങ്ങൾ മുതലാളിയുടെ കൈവശമാണെന്ന കാരണത്താൽ സമൂഹാംഗമായ മനുഷ്യൻെറ പ്രതിഭയെ ഇടിച്ചിറക്കുന്ന പരിതഃസ്ഥിതികളെയാണു് ആധുനികത്വം പുകഴ്ത്തുന്ന യന്ത്രങ്ങളും തൊഴിൽ വിഭജനവും സൃഷ്ടിച്ചതു്.

## ആത്മീയ മൂലധനം

തമ്മിൽതമ്മിൽ കലഹിക്കുന്ന കുറെ വ്യക്തികളൊരുമിച്ചാൽ സമൂഹമാകയില്ല. ഐക്യവും സംഘശക്തിയുമുള്ള ഒരു കൂട്ടായ്മയത്രേ സമൂഹം. ഭൌതികവസ്തുക്കളുടെ പ്രത്യേകതയല്ല ഉപയോഗിതക. ഭൗതികവസ്തുക്കളെ മനുഷ്യനുമായി ബന്ധിക്കുമ്പോൾ മാത്രമാണു് അതുളവാകുന്നതു്. അവയുടെ മൂല്യം, അഥവാ വില, സാമൂഹ്യമാകുന്നതാനും. "സാധനങ്ങൾക്കു മാത്രമല്ല വില; ഒട്ടനവധി ധനം കൈവരുത്തുന്ന രാജ്യതന്ത്രജ്ഞൻെറ വാക്കുകൾക്കുമുണ്ടു് വില ഹൃദയത്തെ പരിശുദ്ധമാക്കുന്ന പുരോഹിതൻെറ വാക്കുകൾക്കും സമൂഹത്തിൻെറ കഴിവുകളെ വിപുലീകരിക്കുന്ന പ്രതിഭാശാലികളായ കലാകാരന്മാരുടെ കൃതികൾക്കും വിലയുണ്ടു്." പണത്തിൻെറ വിലയോ? ഒരു സാധനമെന്ന നിലയിലല്ല പണത്തിനു വില. പണം അതിൻെറ സാമൂഹ്യമായ കർത്തവ്യം നിർവ്വഹിക്കുമ്പോൾ—കൊടുക്കൽ-വാങ്ങലുകൾ സമൂഹത്തിൽ സാധ്യമാക്കുമ്പോൾ—അതിനു വിലയുണ്ടു്. ഭൂമി, തൊഴിൽ, മൂലധനം എന്നിവ മാത്രമല്ല ഉല്പാദനഘടകങ്ങൾ. "ആധ്യാത്മികമൂലധനം" മറെറാരുല്പാദനഘടകമാണു്. എന്താണിതു്? ജീവിതത്തിൻെറ മാഹാത്മ്യം വർദ്ധിപ്പിക്കുമാറു് ഭൌതികഘടകങ്ങൾ ഒരുമിപ്പിക്കുന്ന

ഘടകമാണ് ആദ്ധ്യാത്മികമൂലധനം (Spiritual Capital) പുതിയ ആശയങ്ങൾ!

മ്യൂളറുടെ ആശയങ്ങൾക്ക് വിലയിരുത്തുവാൻ അന്നാരും തുനിഞ്ഞില്ല. ഒടുവിൽ അദ്ദേഹം ഒരു ഉദ്യോഗസ്ഥനായി—ഫ്രഞ്ച് വിപ്ലവത്തിൽനിന്നുയൻ . ആധുനികപ്രവണതകൾക്കെതിരായി യൂറോപ്പിൻെറ പഴയ സാമൂഹ്യ–രാഷ്ട്രീയക്രമത്തെ രക്ഷിക്കാൻ വന്നെത്തിയ പിന്തിരിപ്പൻ (ആസ്ത്രീയൻ രാജ്യതന്ത്രജ്ഞൻ) മെററർനിഷിൻെറ കീഴിൽ എങ്കിലും മുതലാളിത്തം സൃഷ്ടിക്കുന്ന ആത്മീയരോഗത്തിന്മേൽ ആദ്യമായി വിരൽ വെച്ചതു് മ്യൂളറത്രേ.

## ഫ്രഡറിക ലിസ്റ്റ്

മ്യൂളറേക്കാളും പത്തു വയസ്സിനു ഏളപ്പമുള്ള ഫ്രഡറിക ലിസ്റ്റിൻെറ (1789–1846) കഥ കൂടുതൽ ശോകാത്മകമാണ്. ജർമ്മൻ രാഷ്ട്രം ചെറിയ ചെറിയ കഷ്ണങ്ങളായി കുത്തഴിഞ്ഞു കിടക്കുന്ന കാലം. വുർട്ടൻബർഗ്ഗ് എന്ന ചെറിയ ജർമ്മൻ സംസ്ഥാനത്തിൽ ജനിച്ച ലിസ്റ്റ് തൻെറ പിതാവിൻെറ തോൽവ്യവസായത്തിൽ വ്യാപൃതനായി. പക്ഷേ പണമുണ്ടാക്കുന്നതിൽ താൽപര്യം തോന്നാഞ്ഞതിനാൽ അദ്ദേഹം ഗവമ്മേണ്ടുദ്യോഗം ഏറെറടുത്തു. അതും അദ്ദേഹത്തിനു പററിയില്ല. ഉന്നത വിദ്യാഭ്യാസം നേടിയ ലിസ്റ്റ് ത്യൂബിംഗൻ സർവ്വകലാശാലയിലെ ധനശാസ്ത്രവിജ്ഞാനീയ പ്രൊഫസറായി.

ജർമ്മൻ രാഷ്ട്രത്തിലെ ഓരോ സംസ്ഥാനവും ഒററതിരിഞ്ഞുനിന്നു് ഇറക്കുമതിച്ചുങ്കവും താരിപ്പുകളും ഏപ്പെടുത്തുകയായി. ലിസ്റ്റ് പ്രഖ്യാപിച്ചു, സംസ്ഥാനം ചെറുതാകയാൽ സ്വയംപര്യാപ്തത സാദ്ധ്യമല്ലെന്നു്; അതുകൊണ്ടു് ജർമ്മൻസംസ്ഥാനങ്ങളെല്ലാം യോജിച്ചു് സംരക്ഷണനികുതികളും താരിപ്പുകളും ഏപ്പെടുത്തണമെന്നു്. ഫലം: ലിസ്റ്റ് 'കമ്മ്യൂണിസ്റ്റു'കാരനായി മുദ്രയടിക്കപ്പെട്ടു; അദ്ദേഹത്തിനു തൻെറ പ്രൊഫസറുദ്യോഗം

നഷ്ടപ്പെട്ടു. ജോലി നഷ്ടപ്പെട്ട മുപ്പതുകാരൻ ലിസ്റ്റ് പരിഷ്കാരങ്ങൾക്കായി വാദിച്ചു. മൂന്നുകൊല്ലം തുടർച്ചയായി പരിഷ്കാരങ്ങൾക്കായി മുറവിളികൂട്ടിയ ലിസ്റ്റിനെ, രാജ്യദ്രോഹകുററം ചുമത്തി ഗവമ്മേണ്ടു് അറസ്റ്റുചെയ്തു. ശിക്ഷ: പത്തു മാസത്തെ ജയിൽവാസം. നാടുവിട്ടോളാം എന്ന കരാറിന്മേൽ പുറത്തിറങ്ങിയ ലിസ്റ്റ് അമേരിക്കയിലേയ്ക്കു കപ്പൽ കയറി. ലിസ്റ്റ് സ്വരാജ്യം വിട്ടു് പത്തു വേനലുകൾ കഴിയുംമുമ്പ് ലിസ്റ്റ് ആവശ്യപ്പെട്ട പരിഷ്കാരങ്ങൾ പ്രാബല്യത്തിൽ വന്നു. ജമ്മനി ഏകീകരിക്കപ്പെട്ടു.

## മൂന്നു തത്വങ്ങൾ

അമേരിക്കയിലെത്തിയ ലിസ്റ്റ് ധീരനായ ഫ്രെഞ്ചുസേനാനി ലഫായേററിൻെറകൂടെ രാഷ്ട്രം ചുററിനടന്നു കണ്ടു. കൃഷിഭൂമി വാങ്ങി പെൻസിൽവാനിയയിൽ താമസമായി. സ്വന്തം പത്രാധിപത്യത്തിൽ റീഡിങ്ങ് നഗരത്തിൽനിന്നൊരു പത്രം അദ്ദേഹം ഇറക്കി. ഒരു 'ആന്ത്രാസൈററ്' കല്ക്കരിഖനിയും അദ്ദേഹം കണ്ടെത്തി. ഈ കല്ക്കരിഖനിയെ കമ്പോളങ്ങളുമായി അടുപ്പിക്കുവാൻ തീവണ്ടിപ്പാത വന്നു. രാഷ്ട്രം ദേശീയവ്യവസായങ്ങളെ സംരക്ഷിക്കുവാൻ സംരക്ഷണനികുതികൾ ഏപ്പെടുത്തണം എന്ന തത്വത്തിലേക്കു പൊതുജനശ്രദ്ധ ആകർഷിക്കുവാൻ ശബ്ദമുയർത്തിയതു് പെൻസിൽവാനിയയത്രേ. ലിസ്റ്റ് ഈ തത്വത്തെ സ്വാഗതംചെയ്തു; ഇതിനുവേണ്ടി വാദിച്ചു. പക്ഷേ ഒന്നും അദ്ദേഹത്തെ തൃപ്തനാക്കിയില്ല. നാല്പത്തിമൂന്നാം വയസ്സിൽ ജമ്മനിയിലേക്കു മടങ്ങിയ ലിസ്റ്റ് തൻെറ ആശയങ്ങൾ ഒരു ഗ്രന്ഥത്തിൽകൂടി (The National System of Political Economy 1841) പ്രകാശിപ്പിച്ചു.

ഈ ഗ്രന്ഥത്തിൽ മൂന്നു സുപ്രധാനാശയങ്ങളുണ്ടു്. ഒന്നു്: സമ്പത്തുല്പാദിപ്പിക്കുവാനുള്ള കഴിവു് വ്യക്തികളുടെ സ്വാതന്ത്ര്യത്തെയല്ല, അതിനുതകിയ സാംസ്കാരിക പശ്ചാത്തലത്തെ ആശ്ര

യിച്ചിരിക്കുന്നു; പ്രകൃതിവിഭവങ്ങൾ, ശാസ്ത്രീയപുരോഗതി, സങ്കേതവിദ്യയുടെ വളച്ച്, കലകൾ, നല്ല നിയമങ്ങൾ, ജനങ്ങളുടെ ബുദ്ധിശക്തി, സാമ്രാജ്യികവും രചനാത്മകവുമായ ക്രമവല്ക്കരണം, വിവിധ വ്യവസായങ്ങളും തൊഴിലുകളും തമ്മിലുള്ള സ്വരച്ചേച്ച് എന്നിവയെ ആശ്രയിച്ചിരിക്കുന്നു എന്നു സാരം.

രണ്ട്: ലോകത്തിൽ സാമ്പത്തികമായ ഉല്പാദനക്കഴിവു കൂടിയതും കുറഞ്ഞതുമായ രാഷ്ട്രങ്ങളുണ്ട്. ഇംഗ്ലണ്ടിനെപ്പോലെയുള്ള വ്യവസായരാഷ്ട്രങ്ങളുടെ ഉല്പാദനശക്തിയോടു മത്സരിക്കുവാൻ വ്യാവസായികമായി അത്രയ്ക്കധികം വളരാത്ത ജർമ്മനിക്കും അമേരിക്കയ്ക്കും സാധിക്കുന്നില്ല. ഈ മത്സരത്തിൽ ശക്തിയുള്ളവർ ശേഷിക്കും എന്ന 'ക്ലാസിക്കൽ' സാമ്പത്തികസിദ്ധാന്തത്തെ ബന്ധിക്കുകതന്നെ ചെയ്തു ലിസ്റ്റ്. വൻ രാഷ്ട്രങ്ങളുമായി മത്സരിക്കുവാൻ പിൻനില രാഷ്ട്രങ്ങൾക്കു കഴിയുമാറ് പിൻനില രാഷ്ട്രങ്ങളിലെ ദേശീയവ്യവസായങ്ങളെ സംരക്ഷിക്കേണ്ട കടമ ഗവമ്മേണ്ടിനുണ്ടെന്നു ലിസ്റ്റ് സമത്ഥിച്ചു.

മൂന്ന്: ദേശീയസാംസ്കാരികവളച്ച്—എല്ലാം ഉൾക്കൊള്ളുന്ന രാഷ്ട്രത്തിൻെറ വികാസം—പല ദശകളിൽക്കൂടി മുന്നേറുന്നു. ഒരു ദശയിൽ ആവശ്യമായിത്തോന്നുന്ന പരിഷ്കാരങ്ങളല്ല മറെറാരു ദശയിൽ ആവശ്യമായി വരുന്നത്. തന്നിമിത്തം പിൻനില രാഷ്ട്രങ്ങൾക്ക് അവയുടെ ദേശീയവ്യവസായങ്ങളെ രക്ഷിക്കാനും വളത്താനും പല മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതായി വരുന്നു.

സത്യത്തിൽ, ഈ മൂന്നു തത്വങ്ങളും ആധുനികധനശാസ്ത്രജ്ഞന്മാർ സ്വീകരിക്കുന്നു, പ്രശംസിക്കുന്നു. ശ്ലാഘനീയമത്രേ ലിസ്റ്റിൻെറ സംഭാവന. സാംസ്കാരികവളർച്ചയെ ഇതരമണ്ഡലങ്ങളിലെ വളർച്ചയുമായി സമീകരിച്ച് കോത്തിണക്കി പുരോഗതി കൈവരുത്തുക; സാമ്പത്തികശക്തിയിൽ പിന്നണ

യിൽ നില്ക്കുന്ന രാഷ്ട്രങ്ങളിലെ ദേശീയവ്യവസായങ്ങളെ സംരക്ഷിക്കുക; തൊഴിലുകൾ തമ്മിലും വ്യവസായങ്ങൾ തമ്മിലും വിവിധ സാമ്പത്തികമണ്ഡലങ്ങൾ തമ്മിലും സ്വരച്ചേർച്ച കൈവരുത്തുക—ആധുനികലോകം ഈ തത്വങ്ങൾ സ്വീകരിച്ച് പ്രവൃത്തിയിൽ വരുത്തുകയാണിപ്പോൾ.

## മാത്യൂ കാരി

ലിസ്റ്റിൻെറ ശിഷ്യനും പ്രായത്തിൽ ഇരുപതു വയസ്സിനു മൂത്തവനുമത്രേ മാത്യു കാരി. (1760-1839) ഐർലണ്ടിൽ ഡബ്ലിൻ നഗരത്തിൽ ജനിച്ച മാത്യു കാരി ബാല്യത്തിൽ നഴ്സിൻെറ കൈയിൽനിന്നും വീഴുകയാൽ ചട്ടനായിപ്പോയി. പല ഭാഷകൾ പഠിക്കുന്നതിൽ കമ്പം തോന്നിയ മാത്യു കശാപ്പുകാരനായ പിതാവിൻെറ എതിർപ്പിനെ വകവെയ്ക്കാതെ അച്ചടിവിദ്യ പഠിക്കുവാനും ഗ്രന്ഥകാരനാകുവാനും തീരുമാനിച്ചു. പാരീസിലെത്തിയ അദ്ദേഹം ധീരനായ ലഫായെററിനെ കണ്ടുമുട്ടി. ബഞ്ചമിൻഫ്രാങ്ക്ളിനുവേണ്ടി അച്ചടിജോലി നോക്കി· ഐർലണ്ടിൽ തിരിച്ചെത്തി അദ്ദേഹം ഒരു പത്രം തുടങ്ങി, രാജ്യദ്രോഹത്തിനു ജയിലിലടയ്ക്കപ്പെട്ടു. ജയിൽ ചാടിയ മാത്യു ഒരു പെണ്ണിൻെറ വേഷത്തിൽ യാത്രചെയ്ത് ഐർലണ്ടിൻെറ അതിർത്തി കടന്ന് അമേരിക്കയിലേയ്ക്കു തിരിച്ചു. ലഫായെററ് കൊടുത്ത 100 ഡോളറും ഫ്രാങ്ക്ളിൻെറ സ്നേഹവും മൂലധനമാക്കി സ്വപ്രയത്നംകൊണ്ട് മാത്യു ദാരിദ്ര്യത്തിൽനിന്നു കരകേറി പ്രമുഖ പ്രസാധകനായിത്തീൻ.

രാഷ്ട്രം വ്യവസായങ്ങളെ പോററി വളർത്തണം. രാഷ്ട്രത്തിൻെറ സാമ്പത്തികമായ അടിത്തറ വ്യവസായങ്ങളാകണം. ആഭ്യന്തര സാമ്പത്തികവികസനപരിപാടികൾക്കു ഗവമ്മേണ്ട് പരിരക്ഷ നൽകണം. ഭൂവിതരണം പോലും ഗവമ്മേണ്ടിൻെറ ആഭിമുഖ്യത്തിൽ വേണം. സർവ്വപ്രധാനമായ കൃഷിവികാസത്തിന് ഗവമ്മേണ്ട് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യണം.

—ഒരു പുതിയ അമേരിക്കൻ സമ്പ്രദായത്തിൻെറ രൂപരേഖ തയ്യാറാക്കിയ മാത്യു കണ്ട ലോകം തികച്ചും ആശ നൽകുന്ന തായിരുന്നു

## ഹെൻറി കാരി

അദ്ദേഹത്തിൻെറ പുത്രനായ ഹെൻറി കാരി റിക്കാർഡിയൻ പാട്ടസിദ്ധാന്തം സ്വീകരിച്ചില്ല. എന്തുകൊണ്ട്? ഏററവും നല്ല ഭൂമിയാണ് കുടിയേറിപ്പാർപ്പുകാർ ആദ്യം കൃഷിക്കുപയോഗപ്പെടുത്തുക എന്നു റിക്കാർഡോ പറയുന്നു. ശരിയല്ല. പററിയതെന്നു തോന്നുന്ന ഭൂമിയാണ് കുടിയേറിപ്പാർപ്പുകാർ ആദ്യം കൃഷിക്കുപയുക്തമാക്കുന്നത്. മാത്രമല്ല, കൃഷിസമ്പ്രദായത്തിൽ സങ്കേതവിദ്യ വരുത്തിയേക്കാവുന്ന സീമാതീതമായ പുരോഗതി ഹെൻറി കാരി വിഭാവനംചെയ്തു. തന്നിമിത്തം കൃഷിവികസനത്തിൽ മൂലധനമാണ് കാര്യമായ പങ്കു വഹിക്കുവാൻ പോകുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. കൃഷി വികസിക്കുമ്പോഠം, നെട്ടംകൃഷിയും കട്ടംകൃഷിയും ശാസ്ത്രീയമാറ്റങ്ങഠം ഉപയുക്തമാക്കുമ്പോഠം, ഭക്ഷ്യോല്പാദനം വദ്ധിക്കുമെന്നും അതിനാൽ മാഠംത്തൂസിയൻ സിദ്ധാന്തം തെററാണെന്നും ഹെൻറി സമത്ഥിച്ചു.

മററു ചില കാര്യങ്ങളും തൻെറ ഗ്രന്ഥത്തിൽ (Principles of Social Science 1859) അദ്ദേഹം വിവരിച്ചു: ജനസംഖ്യാഭിവൃദ്ധിയും ബുദ്ധിശക്തിയിലുള്ള വദ്ധനയും സമീകരിച്ചാൽ ലോകത്തിന് നിരാശയ്ക്കു വകയില്ല. ഭൗതികസമ്പത്ത് മിതമായി മാത്രം ഉപയോഗിച്ച് അതിൻെറ നിലനില്പിനുവേണ്ട സാഹചര്യങ്ങഠം സൃഷ്ടിക്കണമെന്ന് ആദ്യമായി വാദിച്ചത് ശുഭാപ്തിവിശ്വാസമുള്ള ഹെൻറിയാണ്. പ്രകൃതിസമ്പത്ത് ധൂതാടി നശിപ്പിക്കരുതെന്ന് അദ്ദേഹം കശനമായ താക്കീതു നൽകി. ഈ താക്കീതിൻെറ ഫലമാണ് പരോക്ഷമായി പറഞ്ഞാൽ നമ്മുടെ വനമഹോത്സവം അല്ലേ?

## ഒരത്ഭുതബാലൻ

പത്തൊമ്പതാം നൂററാണ്ടിൻെറ പൊൻപുലരിയിലാണ് റിക്കാർഡോ, മാറത്തസ്സ്, ബന്താം എന്നിവരുടെ ആത്മസുഹൃത്തും, തത്വചിന്തകൻ, ചരിത്രകാരൻ, ലേഖകൻ എന്നീ നിലകളിൽ ലോകത്തിൻെറ ആദരവിനു പാത്രീഭൂതനുമായ സുപ്രസിദ്ധൻ ജേംസ് മില്ലിന് യോഗ്യനായ ഒരു പുത്രൻ ജനിച്ചതു്. ജേംസ് മിൽ പത്തൊമ്പതാം നൂററാണ്ടിലെ ചിന്തകന്മാരിൽ അഗ്രഗണ്യനായിരുന്നു. പുത്രൻെറ വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച പിതാവിൻെറ കീഴിൽ മകൻ ജോൺ സ്റ്റുവർട്ട് മിൽ വിദ്യയഭ്യസിച്ചു.

മൂന്നാം വയസ്സിൽ ജോൺ ഗ്രീക്കഭാഷ പഠിച്ചു. ഏഴാം വയസ്സിൽ ആ ബാലൻ പ്ലാറേറായുടെ കൃതികൾ വായിച്ചു. ഹെറഡോട്ടസ്സ്, സെനഫോൺ, ഡയോജിനീസ്സ്, ലെയർട്ടിയസ്സ്, ലൂഷ്യൻ എന്നിവരുടെ കൃതികൾ മനനംചെയ്ത ജോൺ, എട്ടാം വയസ്സിൽ ലത്തീൻ പഠിച്ചു. പന്ത്രണ്ടുവയസ്സു തികയുന്നതിനു മുമ്പ് വെർജിൽ, ഹോറസ്സ്. ലിവി, ഓവിഡ്, ടെറൻസ്, ലുക്രേഷ്യസ്, അരിസ്റ്റോട്ടിൽ, അരിസ്റ്റോഫെനസ്സ് എന്നിവരുടെ കൃതികൾ ഹൃദിസ്ഥമാക്കിക്കഴിഞ്ഞിരുന്നു. കൂടാതെ, ഗണിതശാസ്ത്രം അദ്ദേഹത്തിനു പൂർണ്ണമായും വഴങ്ങിക്കൊടുത്തു. തൻെറ സഹോദരീസഹോദരന്മാരെ പഠിപ്പിക്കേണ്ട ചുമതലയും ജോണിൽ നിക്ഷിപ്തമായി.

## അതിരുകവിഞ്ഞ വിദ്യാഭ്യാസം

ദിവസേന ജോൺ പിതാവിൻെറകൂടെ നടക്കാൻ പോകും; താൻ പഠിച്ചിരുന്നതിനെപ്പററിയെല്ലാം പിതാവുമായി ചർച്ചനടത്തും. ഇതിനിടയിൽ ഗ്രന്ഥരചനയ്ക്കും ആ ബാലൻ മുതിർന്നു —റോമാചരിത്രം, ലോകചരിത്രം, ഹോളണ്ടിൻെറ ചരിത്രം, കുറെ കവിതകൾ. "ഞാൻ ഗ്രീക്കഭാഷയിലൊന്നും എഴുതിയില്ല; ഗദ്യം പോലും. ലത്തീനിൽ ചിലതെല്ലാമെഴുതി....

എന്റെ പിതാവ് ഇക്കാൎയ്യത്തിൽ അശ്രദ്ധനായതുമൂലമല്ല..തീരെ സമയമില്ല'' എന്നത്രേ അദ്ദേഹം ആത്മകഥയിൽ പറയുന്നത്. സ്മിത്തിൻേറയും റിക്കാർഡോയുടേയും സിദ്ധാന്തങ്ങൾ,പിതാവ് എഴുതി പൂർത്തിയാക്കിയ ഗ്രന്ഥ(Political Economy)ത്തിലെ ഉള്ളടക്കം —എല്ലാം പിതാവും പുത്രനും തമ്മിലുള്ള ചർച്ചയ്ക്കു വിഷയമായി.

പന്ത്രണ്ടാം വയസ്സിൽ ജോൺ തർക്കശാസ്ത്രം പഠിച്ചു; ഹോബ്സിൻെറ ഗ്രന്ഥവുമായി ഗുസ്തിപിടിച്ചു. പിതാവ് മകനു വേണ്ടി ആസൂത്രണം ചെയ്ത വിദ്യാഭ്യാസ പദ്ധതിയിൽ ബാല്യകാലസുഹൃത്തുക്കൾക്കു സ്ഥാനമില്ല; ഒഴിവുദിവസങ്ങളില്ല. തനിക്കു കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസം മററു ബാലന്മാരുടേതിൽനിന്നു ഭിന്നമാണെന്നു ജോൺ മനസ്സിലാക്കിയില്ല. അത്ഭുതമെന്നേ പറയേണ്ടു, ഈ അതിരുകവിഞ്ഞ വിദ്യാഭ്യാസം ജോണിൻെറ പ്രതിഭയെ ഛിന്നഭിന്നമാക്കിയില്ല. മറിച്ച്, ലോകപ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങൾ രചിക്കുവാൻ അതദ്ദേഹത്തെ സഹായിച്ചു!

## ബുദ്ധിക്കു മാത്രം സ്ഥാനം

ഒരു വർഷം ഫ്രാൻസിൽ കഴിച്ചുകൂട്ടിയശേഷം ജോൺ ഇംഗ്ലണ്ടിലേക്കുമടങ്ങി, നിയമം പഠിക്കുവാൻ. പതിനേഴാം വയസ്സിൽ ജോൺ ഈസ്റ്റിന്ത്യാക്കമ്പനിയിൽ ഉദ്യോഗസ്ഥനായി. അടിക്കടി ഉദ്യോഗത്തിലുയൎന്നു അദ്ദേഹം. അദ്ദേഹത്തിൻെറ വരുമാനവും വിശ്രമസമയവും വൎദ്ധിച്ചു. അതോടെ ധാരാളമെഴുതുവാൻ സാവകാശം കിട്ടി. 1858-ൽ,52-ാം വയസ്സിൽ, കമ്പനി നിൎത്തലാക്കിയപ്പോൾ വൎഷത്തിൽ 1500 പവൻ പെൻഷൻ വാങ്ങി ജോലിയിൽനിന്ന് വിരമിക്കുവാനദ്ദേഹത്തിനു കഴിഞ്ഞു.

വയസ്സ് ഇരുപതു കഴിഞ്ഞിട്ടില്ല. ജോൺ പരിശ്രമശീലത്തിലും യത്നത്തിലും അടിയുറച്ചു മുന്നോട്ടു നീങ്ങി ബുദ്ധിയുടെ ലോകത്തിന്ന് അദ്ദേഹത്തെ സന്തുഷ്ടനാക്കുവാൻ കഴിയുകയില്ലെന്നായി. ലോകം വരണ്ടതും അരസികവുമാണെന്നദ്ദേഹത്തിന്നു തോന്നി. അതേ പ്രായത്തിലുള്ള മററു യുവാക്കന്മാക്ക് ബുദ്ധിപരമായ കാര്യങ്ങളിൽ രസം തോന്നിത്തുടങ്ങിയപ്പോഠം മില്ലിന്ന് അതിൽ മടുപ്പു തോന്നുകയായി. സ്ത്രീശരീരത്തിൽ സൌന്ദര്യം കണ്ടെത്തുവാൻ വെമ്പുകയായി അദ്ദേഹത്തിൻെറ ഹൃദയം

എങ്ങും മ്ലാനതയുടെ മൂടുപടം. അതകററുവാൻ, പിച്ചിക്കീറിക്കളയുവാൻ, ഗോയ്ഥെയുടേയും വേഡ്സ്വത്തിൻെറയും കൃതികഠം മിൽ വായിച്ചു. സെയ്ൻറ് സൈമൻേറയും ഹ്യൂറിയററുടേയും ഗ്രന്ഥങ്ങഠം അദ്ദേഹത്തിനിഷ്ടപ്പെട്ടു. തൻെറ പിതാവു് ബുദ്ധിക്കു നൽകുന്ന സ്ഥാനം അവരെല്ലാം ഹൃദയത്തിന്നു നൽകുന്നു. അക്കാലത്താണ് ബുദ്ധിമതിയായ ഒരു മഹിള മില്ലിൻെറ ഹൃദയത്തിലേയ്ക്കു കയറിവന്നത്.

## കാമുകി

ആരാണീ മഹിള? ഹാരിയററ് ടെയ്ലർ. അവരുടെ ഭത്താവ് മിസ്റ്റർ ടെയ്ലർ ജീവിച്ചിരിപ്പുണ്ട്. അദ്ദേഹത്തെ ഇരുവരും അവഗണിച്ചു. ഹാരിയററും മില്ലും പ്രണയബദ്ധരായി അഗാധമായ സ്നേഹം! ആ ബന്ധത്തിന്നു വിലങ്ങായി മി. ടെയ്ലർ നിന്നു. ഇരുപതു വയസ്സുകാരി ഹാരിയററ് വിഷമത്തിലായി—ഒരു ഭാഗത്ത് ഭത്താവ്, മറുഭാഗത്ത് കാമുകൻ. മി. ടെയ്ലർ ഒന്നുമറിഞ്ഞില്ലെന്ന മട്ടിൽ കഴിഞ്ഞുകൂടി. മില്ലിന്നു കാമുകിയേക്കാഠം രണ്ടു വയസ്സു കൂടും. അന്യോന്യം കത്തുകളയച്ചും, ഒരുമിച്ചു യാത്രചെയ്തും, ചിലപ്പോഴെല്ലാം ഒരുമിച്ചു

താമസിച്ചും– എല്ലാം സന്മാർഗ്ഗം വെടിയാതെതന്നെ — അവർ 22 വർഷങ്ങൾ തള്ളിനീക്കി. ഒടുവിൽ മി. ടെയ്ലർ മരിച്ചു. മിൽ ഹാരിയററിനെ വിവാഹം ചെയ്തു. സ്ത്രീകളെപ്പററിയുള്ള അകമഴിഞ്ഞ ആദരവിനും സ്ത്രീസ്വാതന്ത്ര്യത്തെപ്പററി എഴുതുന്നതിനും മില്ലിനു പ്രേരണ നൽകിയത് ഹാരിയററല്ലാതെ മററാരുമല്ല.

വളരെ വൈകിയിട്ടാണെങ്കിലും മില്ലിൻെറ വൈകാരിക ജീവിതത്തിൽ ഉണർവ്വും ഉന്മേഷവും വരുത്തുവാൻ ഹാരിയററിനു കഴിഞ്ഞു. മനുഷ്യഗണത്തിൻെറ അവകാശങ്ങൾപോലും പുതിയ കണ്ണുകൾകൊണ്ടു മിൽ കണ്ടു. മെക്കോളെയുടേയും കാർലൈലിൻേറയും സ്നേഹിതനായ മിൽ ബുദ്ധിയുടെ മണ്ഡലത്തിൽ ചിറകുവിടർത്തിപ്പറന്നു. ഹാരിയററ് മരിച്ചു. ഓർമ്മകൾ അയവിറക്കിക്കൊണ്ട് മിൽ രേഖപ്പെടുത്തി: "ഇപ്പോഴോ ഭാവിയിലോ എൻെറ യത്നങ്ങളെപ്പററി ചിന്തിക്കുന്നവർ ഇക്കാര്യം മറക്കരുത്. ഒരു ബുദ്ധിയുടേയും മനസ്സാക്ഷിയുടേയും ഫലമല്ല ഞാൻ; മൂന്നു ബുദ്ധികളുടേയും (തൻേറയും പിതാവിൻേറയും ഹാരിയററിൻേറയും) മൂന്നു മനസ്സാക്ഷികളുടേയും ഫലമാണ്"

പതിമൂന്നു വയസ്സിൽ മിൽ ധനശാസ്ത്രത്തെപ്പററി പഠിക്കാനുള്ളതെല്ലാം പഠിച്ചുകഴിഞ്ഞു. എല്ലാ സാമ്പത്തിക സിദ്ധാന്തങ്ങൾക്കും വിലയിരുത്തിക്കൊണ്ട് മുപ്പതു വർഷത്തിനുശേഷം തൻെറ ഗ്രന്ഥം (Principles of Political Economy) പുറത്തിറക്കി. വെറും ആറാഴ്ചകൾകൊണ്ടാണദ്ദേഹം അതെഴുതിയത്.

## മില്ലിൻെറ ഗ്രന്ഥം

ഈ ഗ്രന്ഥം അന്നേവരെ അറിയപ്പെട്ട സാമ്പത്തികജ്ഞാനവിജ്ഞാനങ്ങൾ ചീപ്പുകൊണ്ട് ചീകിനോക്കുന്നു; സിദ്ധാ

ന്തങ്ങളെല്ലാം വ്യക്തമായി വ്യാഖ്യാനിക്കുന്നു; 'ക്ലാസ്സിക്കൽ' സിദ്ധാന്തങ്ങൾ അതാതിൻെറ പശ്ചാത്തലത്തിൽ പരിശോധിക്കുന്നു. അതോടെ വ്യക്തമായ ഒരു പുതിയ കണ്ടുപിടുത്തവും. എന്താണത്? ധനശാസ്ത്രത്തിൻെറ പ്രവൃത്തിമണ്ഡലം ഉല്പാദനമാണ്, വിതരണമല്ല. ഇരുട്ടിൽനിന്ന് ധനശാസ്ത്രത്തെ എന്നെന്നേയ്ക്കുമായി അകററാൻ പര്യാപ്തമാണ് ഈ പുതിയ കണ്ടുപിടുത്തം.

ഉല്പാദനനിയമങ്ങൾ പ്രകൃതിയെ സംബന്ധിച്ചുള്ളവയാണ്. ഇക്കാര്യത്തിൽ നീക്കുപോക്കില്ല. സാധനങ്ങളും സേവനങ്ങളും ആവശ്യത്തിനു കുറവാണ് എന്നതും നമുക്കു തരുന്ന അനുഗ്രഹങ്ങളുടെ കാര്യത്തിൽ പ്രകൃതി പിശുക്കുപിടിക്കുന്നു എന്നതും സത്യങ്ങളാണ്. ഈ സത്യങ്ങൾ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് കഠിനാദ്ധ്വാനം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു.

എന്നാൽ സാമ്പത്തികസിദ്ധാന്തങ്ങൾക്ക് വിതരണവുമായി ബന്ധമില്ല. ധനം ഉല്പാദിപ്പിച്ചുകഴിഞ്ഞാൽ അതുകൊണ്ടെന്തുവേണമെങ്കിലും നമുക്കു ചെയ്യാം. മിൽ പറയുന്നു: "ഉല്പാദിപ്പിച്ചവയെല്ലാം അവിടെയുണ്ട്. ഇവയെ സംബന്ധിച്ച് സമൂഹത്തിനു് ഒററക്കെട്ടായോ അതിലെ വ്യക്തികളെന്ന നിലയിലോ എന്തു വേണമെങ്കിലും ചെയ്യാം. ഇഷ്ടംപോലെ ഇഷ്ടമുള്ള നിയന്ത്രണങ്ങളേർപ്പെടുത്തി അവ വിതരണം ചെയ്യാം.... അതിനാൽ വിതരണം സമൂഹത്തിലെ ആചാരങ്ങളും നിയമങ്ങളും അനുസരിച്ചിരിക്കും. സമൂഹം ഭരിക്കുന്നവരുടെ ചിന്തകളാണ് ഇതുവരേയും വിതരണസമ്പ്രദായത്തിനു രൂപം നൽകിയതു്. ഓരോ രാജ്യത്തിലും കാലഘട്ടത്തിലും ഓരോ തരത്തിലായിരുന്നു വിതരണം. മനുഷ്യഗണം തയ്യാറെങ്കിൽ വിതരണത്തിൽ കാര്യമായ വ്യത്യാസം വരുത്താം."

## തുരുമ്പുപിടിച്ച അനാസ്ഥ

സമൂഹത്തിൻെറ സ്വാഭാവികമായ പ്രവത്തനങ്ങൾ കൂലി നിരക്കു കുറയ്ക്കുകയോ പാട്ടം വദ്ധിപ്പിക്കുകയോ ചെയ്യുന്നു വരാം വേണമെങ്കിൽ സമൂഹം ആഗ്രഹിക്കുന്നവിധം ഈ നില മാററാം. ഇക്കാര്യത്തിൽ ധനശാസ്ത്രത്തിനൊന്നും ചെയ്യാനില്ല. അതായതു്, മനുഷ്യൻ ചെയ്യേണ്ടതു് അവൻതന്നെ ചെയ്യണം. തങ്ങളുടെ കുററങ്ങൾക്കും കുറവുകൾക്കും ധനശാസ്ത്രത്തെ പഴിച്ചിട്ടെന്തു ഫലം?

ആദർശസ്വർഗ്ഗവാദികളായ സോഷ്യലിസ്റ്റുകളുടെ കൂടെയല്ല മിൽ. ആദർശസ്വർഗ്ഗം ഭൂമിയിൽ സ്ഥാപിക്കുവാൻ നിലവിലുള്ള സമ്പദ്‌വ്യവസ്ഥയെ തകിടംമറിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടില്ല. നിലവിലുള്ള സമ്പദ്‌വ്യവസ്ഥയുടെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ടു് വിപ്ലവാത്മകങ്ങളായ പരിഷ്കാരങ്ങൾ വരുത്തുകയാണാവശ്യമെന്നു് അദ്ദേഹം വാദിച്ചു. "കലഹത്തിൽക്കൂടിയും കശപിശയിൽക്കൂടിയും ലോകം മുന്നേറണമെന്നതു് സ്വാഭാവികമാണെന്നു കരുതുന്നവർ എന്നിൽ കൗതുകമുളവാക്കുന്നില്ല. ഇക്കാണുന്ന കുറവുകളെല്ലാം വ്യാവസായിക പുരോഗതിയുടെ ഇന്നത്തെ ദശയിൽ അനുഭവപ്പെടുന്ന ചീത്തയായ ഫലങ്ങളത്രേ" എന്നാണു് മില്ലിൻെറ സ്പഷ്ടമായ അഭിപ്രായം.

അന്നത്തെ സമ്പദ്‌വ്യവസ്ഥ അദ്ദേഹത്തിലുളവാക്കിയ അവജ്ഞ മില്ലിൻെറ കണ്ണിൽ പൊടി വാരിയിട്ടില്ല. "പണ്ടാണെങ്കിൽ യുദ്ധം. ഇപ്പോൾ പണമുണ്ടാക്കുവാനുള്ള മത്സരം. യോഗ്യന്മാർ ശരിയായ മാർഗ്ഗനിർദ്ദേശം ചെയ്യുന്നതുവരെ, മനുഷ്യഗണത്തിൻെറ കഴിവുകൾ ആ വഴിയിലേക്കു തിരിയുന്നതുവരെ കാര്യങ്ങളങ്ങനെ തുടരും ...... മനുഷ്യർ തുരുമ്പുപിടിച്ച അനാസ്ഥയിൽ കഴിയുന്നതിനേക്കാൾ നല്ലതു് പണമുണ്ടാക്കുവാൻ

മത്സരിക്കുകയാണു്...... മനുഷ്യഹൃദയങ്ങൾ അസംസ്കൃതങ്ങളെങ്കിൽ, അസംസ്കൃതവികാരങ്ങളായിരിക്കും അവയ്ക്കാവേശം നൽകുന്നതു്" അല്ലേ?

## ഭാവിയിൽ ആശ

നടക്കുന്നപോലെ നടക്കട്ടെ. പക്ഷേ, ഭാവിയിൽ ആശയ്ക്കു് വഴിയുണ്ടു്. മനുഷ്യഗണത്തിനു് യുക്തിയിൽകൂടി അതിൻെറ ഭാവിക്കു് രൂപംകൊടുക്കുവാൻ കഴിയുമെന്നദ്ദേഹം വിശ്വസിച്ചു. മാൽത്തൂസിയൻ ഭൂതത്തെ ഭയന്നു് തൊഴിലാളിവർഗ്ഗം ജനവർദ്ധന നിയന്ത്രിക്കുമെന്നദ്ദേഹം കരുതി. നീതിപൂർവ്വമായ വിതരണം സാധ്യമാക്കുവാൻ മനുഷ്യർക്കു കഴിവുണ്ടു് എന്ന പരമാർത്ഥം പുരോഗതിയിലുള്ള അദ്ദേഹത്തിൻെറ വിശ്വാസത്തെ സുദൃഢമാക്കി. വ്യാവസായിക പുരോഗതി ലാഭം ഇല്ലാതാക്കുമെങ്കിലും, കാലക്രമത്തിൽ സാമ്പത്തികപുരോഗതിക്കുതകുന്ന അന്തരീക്ഷം അതു സൃഷ്ടിക്കും. ഗവർമ്മേണ്ടിടപെട്ടു് ഭൂവുടമയെ സ്വാഭാവികമായ അമിതപാട്ടം വാങ്ങുന്നതിൽനിന്നു് തടയും. പരമ്പരാഗതമായ സ്വത്തിന്മേൽ നികുതി ചുമത്തേണ്ടതു് ആവശ്യമാകും. ക്രമേണ മനുഷ്യൻ ധനത്തിനുവേണ്ടിയുള്ള മത്സരത്തിൽനിന്നു് പിന്മാറി ജീവിതത്തേയും കലകളേയും സമ്പന്നമാക്കുന്നതിൽ ശ്രദ്ധിക്കും. മില്ലിൻെറ ചിന്താഗതി ഏതുവഴിക്കു് നീങ്ങുന്നു എന്നു വ്യക്തമാണു്.

"പ്രകൃതിശക്തികളെ അനുസരിപ്പിക്കുവാൻ അതിലും ശക്തി കുറഞ്ഞ മനുഷ്യൻെറ ബുദ്ധി അവിശ്രാന്തം യത്നിക്കുകയാണു്. പ്രകൃതിയുടെ മേലുള്ള മനുഷ്യൻെറ അധികാരം ഇപ്പോൾതന്നെ ഗണ്യമാണു്—കാലക്രമേണ അതു വർദ്ധിക്കുകയും ചെയ്യും." ഈ പ്രവചനം അക്ഷരംപ്രതി ശരിയാണു്. സത്യാന്വേഷിയുടെ പ്രവർത്തനങ്ങളെല്ലാം, അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, ഉല്പാദനമാത്ര ആശയങ്ങൾ—അവയിൽനിന്നത്രേ

കണ്ടുപിടിത്തങ്ങൾ സംജാതമാകുന്നതു് ഉല്ലാദിപ്പിക്കുവാൻ തൊഴിലാളികളെ നല്ല ഭക്ഷണം സഹായിക്കുന്നതുപോലെ നല്ല വിദ്യാഭ്യാസം ചിന്തകരെ സഹായിക്കുന്നു ജീവിതത്തിലെ ശരിയായ ആനന്ദം വദ്ധിപ്പിക്കുന്നതെന്തും സാമ്പത്തികമായ ഉപയോഗിതയുള്ളതാണ്. സാമാന്യമായ ഉപയോഗിതയില്ലെങ്കിലും ജീവിതത്തിൽ ആനന്ദം പകരുന്ന പലതിനും സാമ്പത്തികമിച്ചമെന്നു പറയാം

## വൈവിധ്യം വേണം

ഭൗതികമായ പുരോഗതികൊണ്ടുമാത്രം കാൎയ്യമില്ല. അമേരിക്കയെ ഉദാഹരിച്ചുകൊണ്ടു മിൽ പറഞ്ഞു: "പുരുഷന്മാർ ഡോളറുകൾ വേട്ടയാടുക; സ്ത്രീകൾ ഡോളർ വേട്ടയാടുന്നവരെ സൃഷ്ടിച്ചിറക്കുക" എന്ന പദ്ധതി ഭാഗ്യദോഷം മാത്രമാണ്. ജോലിയെടുക്കാത്ത വൎഗ്ഗങ്ങളെ അദ്ദേഹം വെറുത്തു. വരുമാനത്തിലുള്ള ഉച്ചനീചത്വങ്ങൾ നീതിക്കു് നിരക്കുന്ന വിധത്തിൽ നികത്തണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. ഒന്നും ചെയ്യാതെ കൈയുംകെട്ടിയിരിക്കുന്ന ഗവമ്മേണ്ടു് നീതിക്കുവേണ്ടി സാമ്പത്തികരംഗത്തു പ്രവൎത്തിക്കുകതന്നെ വേണമെന്നു് അദ്ദേഹം ശഠിച്ചു. ആവശ്യാനുസരണം ഗവമ്മേണ്ടിൻെറ പ്രവൃത്തിമണ്ഡലം വികസിക്കണം.

സോഷ്യലിസം—ഡെമോക്രാററിക് സോഷ്യലിസം—വ്യക്തിസ്വാതന്ത്ര്യം പുലത്തുന്നതിനാൽ അതാണാവശ്യമെന്നു് മിൽ ചൂണ്ടിക്കാട്ടി. സ്വകാൎയ്യസ്വത്തിൻെറ ദൂഷ്യങ്ങൾ കാലക്രമേണ നീങ്ങുമെന്നു് അദ്ദേഹം ഉറപ്പു നൽകി. കമ്യൂണിസത്തെ ഒരു വിപത്തായി അദ്ദേഹം എണ്ണി. അതിനു സാമ്പത്തികമായ മേന്മയുണ്ടെങ്കിൽ സാംസ്കാരികമായ മേന്മ കുറവാണെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടി.

മിൽ വ്യക്തമാക്കുന്നു: "ഇന്നത്തെ സമൂഹത്തിൻെറ ചീത്തത്തങ്ങൾ കണക്കിലെടുത്തല്ല കമ്യൂണിസത്തിൻെറ മെച്ചങ്ങൾക്കു വിലയിരുത്തേണ്ടതു്...സ്വഭാവത്തിലുള്ള വ്യക്തിത്വത്തിനു പരിഗണന ലഭിക്കുമോ? പൊതുജനാഭിപ്രായത്തിൻെറ കരാളവാഴ്ച ക്ഷേമകരമാകുമോ? 'ഓരോരുത്തരും എല്ലാവക്കും വേണ്ടി, എല്ലാവരും ഓരോരുത്തക്കും വേണ്ടി' എന്നാകുമ്പോൾ എല്ലാം താഴ്ന്ന നിലവാരത്തിലേയ്ക്കിടിയുമോ? ചിന്തകൾ വികാരങ്ങൾ പ്രവൃത്തികൾ എന്നിവ ഒരേ തരമായിത്തീരുകയില്ലേ? ചോദ്യങ്ങളിവയാണു്. അഭ്രാന്തിനേയും വൈവിധ്യത്തേയും അവഗണിക്കുന്ന സമൂഹം തീർച്ചയായും പൂർണ്ണതയുള്ളതല്ല."

## സങ്കലിത സമ്പദ്‌വ്യവസ്ഥ

മില്ലിനു ശ്രദ്ധേയമായിത്തോന്നിയ ചിലതെല്ലാമുണ്ടു്. മത്സരമില്ലെങ്കിൽ കുത്തകവ്യാപാരത്തിൻെറ വാഴ്ചയാകും പിന്നെ. മടിയന്മാരെ സഹായിക്കുവാൻ അദ്ധ്വാനശീലരുടെ മേൽ നികുതി ചുമത്തുന്നതാണു് കവച്ച്. മത്സരത്തിൽ സമത്ഥൻ വിജയിക്കുന്നെങ്കിൽ അതിൽ തെററില്ല. വ്യക്തിസ്വാതന്ത്ര്യത്തെ ക്ഷതപ്പെടുത്താതെ മൊത്തത്തിൽ ജനക്ഷേമത്തെ വളത്തുന്ന ഡെമോക്രാററിക് സോഷ്യലിസമാണാവശ്യം. ഭാരതം സ്വീകരിച്ച 'സങ്കലിത സമ്പദ്‌വ്യവസ്ഥ' മില്ലിനിഷ്ടപ്പെടുമായിരുന്ന ഒന്നാണു്. ഡെമോക്രാററിക് സോഷ്യലിസ്റ്റായിരുന്നു മിൽ എന്നതിൽ സംശയമില്ല.

അറുപത്തിയേഴു വയസ്സുവരെ മിൽ ജീവിച്ചു. ബുദ്ധിമാന്മാരും ജനങ്ങളും അദ്ദേഹത്തെ ബഹുമാനിച്ചു. ചിന്തകന്മാർ ~~അദ്ദേഹത്തെ~~ ആരാധിച്ചു. മില്ലിൻെറ സോഷ്യലിസം യൂറോപ്പിലെ ഉല്പതിഷ്ണുക്കൾക്കെല്ലാം ശ്ലാഘനീയമായിത്തോന്നി. പാട്ടം, പാരമ്പര്യ സ്വത്തു് എന്നിവയിൽ നികുതി, തൊഴിലാളികളുടെ സ്വതന്ത്ര സഹകരണസംഘങ്ങളും തൊഴിലാളിയൂണിയനുകളും—

ഇവയെ അദ്ദേഹം പിന്താങ്ങി. ഡെമോക്രാററിക് സോഷ്യലിസത്തിലേക്കുള്ള വിപ്ലവാത്മകമായ പരിവര്‍ത്തനം പതുക്കെ, ക്രമേണ, ധൃതിയില്ലാതെ, വേണമെന്നദ്ദേഹം ശഠിച്ചു.

## എതിരാളികള സഹായം

മില്ലിന്‍െറ ഗ്രന്ഥം (Principles of Political Economy) ഒരു വിജയമായിരുന്നു. വില കൂടിയ ഏഴ് ഡ്യൂപ്ലിവാള്യ പതിപ്പുകഠം അദ്ദേഹത്തിന്‍െറ ജീവിതകാലത്തുതന്നെ വിററഴിഞ്ഞു. സാധാരണക്കാരുടെ ആവശ്യത്തിലേക്കു സ്വന്തം ചെലവില്‍ ഒരു വില കുറഞ്ഞ പതിപ്പ് അദ്ദേഹമിറക്കി. അദ്ദേഹത്തിന്‍െറ മരണത്തിനു മുമ്പുതന്നെ വിലകുറഞ്ഞ അഞ്ചു പതിപ്പുകഠം വിററഴിഞ്ഞു. ആഡംസ്മിത്തിന്‍െറ പിന്‍ഗാമിയായും റിക്കാര്‍ഡോയുടെ അവകാശിയായും പണ്ഡിതന്മാര്‍ അദ്ദേഹത്തെ ചിത്രീകരിച്ചു.

ഏററവും മുന്‍പന്തിയില്‍ നില്ക്കുന്നവയായിരുന്നു അദ്ദേഹത്തിന്‍െറ എല്ലാ കൃതികളും. തന്‍െറ എതിരാളിയായ ഹെര്‍ബര്‍ട്ട് സ്പെന്‍സറിനു പുതിയ ഗ്രന്ഥമിറക്കുവാന്‍ പണമില്ലാതെ വന്നപ്പോഠം ധനസഹായംചെയ്തതു് മില്ലാണ്. മില്‍ സ്പെന്‍സറിനയച്ച കത്തിന്‍െറ ഒരു ഭാഗം താഴെ ചേര്‍ക്കുന്നു:– "പൊതുവായ ഒരാവശ്യത്തിനുവേണ്ടി താങ്കഠം ആരോഗ്യവും യത്നവും സംഭാവനചെയ്തു. സഹകരണത്തിന്‍െറ പേരില്‍ എന്നാല്‍ കഴിവുള്ളതു ഞാന്‍ ചെയ്യുകയാണ്."

## ഷോടതിയില്‍ സമ്മാനം

അദ്ദേഹം അകമഴിഞ്ഞു സ്നേഹിച്ചു, പ്രിയതമ ഹാരിയററിനേയും സത്യാന്വേഷണത്തേയും. പാര്‍ലമെന്‍റംഗമായ തെരഞ്ഞെടുക്കപ്പെട്ട മില്‍ മനുഷ്യാവകാശങ്ങഠംക്കായി തീവ്ര

മായി വാദിച്ചു. തന്നിമിത്തം പിന്നത്തെ തെരഞ്ഞെടുപ്പിൽ അദ്ദേഹം പരാജിതനായി എന്നു കാര്യത്തിലും ഒരേയൊരു വ്യക്തിയുടെ അംഗീകാരമേ അദ്ദേഹം ആവശ്യപ്പെട്ടുള്ളൂ— ഹാരിയററിൻെറ.

ഹാരിയററിൻെറ മരണത്തെപ്പററി ആത്മകഥയിൽ മിൽ രേഖപ്പെടുത്തി: 'ജീവിതമാകുന്ന ഷോടതിയിൽ സമ്മാനം വാങ്ങിയ ഭാഗ്യവാൻ ഞാനാണു്. എനിക്കു മുമ്പു് മററാർക്കും ആ ഭാഗ്യമുണ്ടായില്ല ... അത്രയ്ക്കു വലുതാണു് എനിക്കനുഭവപ്പെട്ട നഷ്ടം."

1848-ലാണു് മില്ലിൻെറ സാമ്പത്തികശാസ്ത്രഗ്രന്ഥം വെളിച്ചം കണ്ടതു്. ആശയുടെ കിരണങ്ങൾ ചുററും പരത്തിയ ഈ ഗ്രന്ഥം ചരിത്രം സൃഷ്ടിച്ചു. 1848-ൽ തന്നെയത്രേ മറെറാരു ചെറിയ ലഘുലേഖ പ്രചരിച്ചതു്—കമ്യൂണിസ്റ്റു് മാനിഫെസ്റ്റോ. ഈ ലഘുലേഖ ഏററവും ചുരുങ്ങിയ വാക്കുകളിൽക്കൂടി, മിൽ വളർത്തിവിട്ട ആശയുടെ കിരണങ്ങളിന്മേൽ രാത്രിയുടെ ഇരുൾ പുരട്ടി.

# കാറൾ മാർക്സ്

ശാസ്ത്രീയ സോഷ്യലിസത്തിന്റെ പിതാവു്, ദ്വന്ദ്വാത്മക ഭൗതികവാദത്തിൽക്കൂടി ചരിത്രത്തെ അപഗ്രഥനംചെയ്തു് സുനിശ്ചിതമായ നാശത്തിലേക്കു നീങ്ങുന്ന മുതലാളിത്തത്തെ നിഷ്ഠുരണം വിശകലനം ചെയ്ത പണ്ഡിതൻ, 'ഞാൻ മാർക്സിസ്റ്റല്ല' എന്നു പ്രഖ്യാപിച്ച ധനശാസ്ത്രജ്ഞൻ, തൊഴിലാളികൾക്കു വോട്ടവകാശം നൽകിയ ഇംഗ്ലണ്ടിൽ സമാധാനപരമായ വിപ്ലവം നടക്കുമെന്നു് പ്രവചിച്ചവൻ, സ്നേഹിക്കുന്ന ഭർത്താവു്, ലാളിക്കുന്ന പിതാവു്, യോഗ്യനായ സ്നേഹിതൻ, പൂർണ്ണതകാണുവാൻ വെമ്പുന്നവൻ—മാർക്സു് ലോകത്തിനു് ഇന്നും ഒരു വെല്ലുവിളിതന്നെ!

ഭാവിയിലേക്കു വിരൽചൂണ്ടിക്കൊണ്ടു് കമ്യൂണിസ്റ്റു് മാനിഫെസ്റ്റോ പറഞ്ഞു: "ഭയങ്കരനായ ഒരു ഭൂതം യൂറോപ്പിൽ സഞ്ചരിക്കുന്നു—കമ്യൂണിസം. ഈ ഭൂതബാധ ഒഴിക്കുവാൻ പഴയ യൂറോപ്പിലെ ശക്തികളുടെ 'പരിശുദ്ധ'സഖ്യം സ്ഥാപിതമായിരിക്കുന്നു—മാർപ്പാപ്പ, റഷ്യൻ ചക്രവർത്തി, മെറ്റർനീഷ്, ഗൈസോട്ടു്, ഫ്രഞ്ചു വിപ്ലവകാരികൾ, ജർമ്മൻ പോലീസ് ചാരന്മാർ തുടങ്ങിയവരുൾപ്പെടുന്ന പരിശുദ്ധ സഖ്യം."

യൂറോപ്പിൽ ആ ഭൂതം സഞ്ചരിച്ചു. അതു് 1848–ൽപഴയ സാമൂഹ്യ–രാഷ്ട്രീയക്രമത്തെ കുലുക്കി. വിപ്ലവത്തിൻെറ സൂചനകൾ എവിടെയും! പാരീസ് തൊഴിലാളികളുടെ വിപ്ലവം രാജാവു് ലൂയിഫിലിപ്പിനെ രാജ്യംവിട്ടോടിച്ചു; ബൽജിയൻ രാജാവ് സ്ഥാനത്യാഗം ചെയ്യുവാൻ തയ്യാറായി. ബർലിനിൽ വെടിയുണ്ടകൾ ചീറിപ്പാഞ്ഞു. റോം, പ്രാഗ്, വിയന്ന—വിപ്ളവകാരികൾ അധികാരമേററടുക്കുമെന്നായി. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രഖ്യാപിച്ചു: "സ്വന്തം അഭിപ്രായങ്ങളും ലക്ഷ്യങ്ങളും മറച്ചുവെക്കുവാൻ കമ്യൂണിസ്റ്റുകാർ തയ്യാറല്ല. നിലവിലുള്ള സാമൂഹ്യബന്ധങ്ങൾ പിഴുതെറിഞ്ഞു് അക്രമമുപയോഗിച്ചു തങ്ങളുടെ ലക്ഷ്യങ്ങൾ പിടിച്ചുപററുമെന്നു് അവർ പരസ്യമായി പ്രഖ്യാപിക്കുന്നു. ഭരിക്കുന്ന വർഗ്ഗങ്ങളെ കമ്യൂണിസ്റ്റുവിപ്ലവം വിറപ്പിക്കട്ടെ! തൊഴിലാളിവർഗ്ഗത്തിനു് അവരുടെ ചങ്ങലയൊഴിച്ചു് ഒന്നും നഷ്ടപ്പെടാനില്ല. ഒരു ലോകംതന്നെ അവക്കു നേടിയെടുക്കേണ്ടതായുണ്ടു്."

ഭരിക്കുന്ന വർഗ്ഗം വിറച്ചു. കമ്യൂണിസം ഭീമാകാരംപൂണ്ടു നില്ക്കുന്നതുപോലെ തോന്നി. തൊഴിലാളികളുടെ വിപ്ലവഗാനങ്ങൾ കേട്ടു ജർമ്മൻ കവി ഹെൻറീഷ് ഹൈനേ എഴുതി: "നമ്മെപ്പോലെ മര്യാദയായി ജീവിക്കുന്നവക്കു് ഈ വിപ്ലവഗാനങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന പൈശാചികധ്വനി മനസ്സിലാവില്ല"

## പശ്ചാത്തലം

ഈ ലേഖനം ആധുനിക കമ്യൂണിസത്തിലേയ്ക്കോ സ്റ്റാലിനിസ്ററ്-ലെനിനിസ്ററ് തത്വസംഹിതകളിലേക്കോ അവയുടെ പ്രത്യാഘാതങ്ങളിലേക്കോ കടക്കുന്നില്ല. കമ്യൂണിസം പിറന്ന കാലത്തെ ചരിത്രപശ്ചാത്തലമാണിവിടെ പ്രതിപാദ്യം. നിരാശയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും ജന്മംകൊണ്ടു കമ്യൂണിസ്ററു വിപ്ലവത്തിനുള്ള ആ ആഹ്വാനം. ജെ. എസ്. മില്ലി

ൻെറ ഭാഷയിൽ, അന്നത്തെ ഫ്രഞ്ചുഗവമേണ്ട് "പുരോഗതിയോടവഗണന" കാട്ടുന്നു, സ്വാതന്ത്ര്യത്തിനും ചെററത്തരത്തിനും വേണ്ടി നിലകൊള്ളുന്നു. ജനകീയസ്ഥാപനങ്ങൾ, മാനുഷികസ്വാതന്ത്ര്യങ്ങൾ, രാഷ്ട്രീയൈക്യം—ഒന്നുമുണ്ടായിരുന്നില്ല മിക്ക യൂറോപ്യൻ രാജ്യങ്ങളിലും ദൈവത്തിൽനിന്നാണ് പരമാധികാരം കിട്ടിയതെന്നും ജനങ്ങളോടല്ല ദൈവത്തോടാണ് തങ്ങൾക്കു കടപ്പാടെന്നും വിശ്വസിക്കുന്ന രാജാക്കന്മാരുടെ താന്തോന്നിഭരണമായിരുന്നു പലേടത്തും. റഷ്യയിലെസാർഭരണം ഡിടോക്കിവിൽ പറയുംപോലെ, യൂറോപ്യൻ ഏകാധിപത്യത്തിൻെറ നെടുംതൂണായിരുന്നു.

വിപ്ലവം പലേടത്തും അടിച്ചമർത്തപ്പെട്ടു. ശിക്ഷണക്കുറവിനാൽ, അനൈക്യത്താൽ, വ്യക്തമായ ലക്ഷ്യമില്ലായ്കയാൽ 1848–ലെ കമ്യൂണിസ്റ്റ് വിപ്ളവം യൂറോപ്പിൽ പരാജയമടഞ്ഞു. രക്തച്ചൊരിച്ചിൽ, തെരുവുയുദ്ധങ്ങൾ,—വിപ്ളാവാഗ്നി ക്ഷണത്തിൽ കത്തിയടങ്ങി. മഹാനായ പ്രഷ്യൻ ചക്രവർത്തി പറഞ്ഞു, സാധാരണക്കാർ തരുന്ന കിരീടം താൻ സ്വീകരിക്കുകയില്ലെന്നു്.

## മാനിഫെസ്റ്റോ എന്തു പറഞ്ഞു?

ഏതാനും തൊഴിലാളിനേതാക്കന്മാർ രൂപംകൊടുത്ത "കമ്യൂണിസ്ററ് ലീഗ്" മാത്രം നിരാശപ്പെട്ടില്ല. വരുവാനിരിക്കുന്ന കമ്യൂണിസ്ററ് വിപ്ളവം വിജയിക്കുമെന്നു് അവർ ആത്മാർത്ഥമായി വിശ്വസിച്ചു. ഭരണകർത്താക്കൾ ഭൂഗർഭത്തിൽനിന്നുപോലും കമ്യൂണിസ്ററുകളെ പുകച്ചു പുറംകടത്തുകയായി. കമ്യൂണിസ്ററ് മാനിഫെസ്ററായുടെ പിന്നിലെ തത്വശാസ്ത്രമനുസരിച്ചു് വിപ്ളവം ആശാസ്യമാണ്, അനിവാര്യമാണ്. ആദർശസ്വർഗ്ഗവാദികളായ സോഷ്യലിസ്ററുകളെപ്പോലെ ഇവർ മനുഷ്യഹൃദയത്തോടല്ല, മനുഷ്യൻെറ ബുദ്ധിയോടാണ് ആവലാതിപ്പെട്ടതു്. ദയയില്ലാത്ത മുതലാളി തൊഴിലാളി സമരം

നടക്കുന്നു. ഇതിൽ ഏതു വർഗ്ഗമാണ് ജയിക്കേണ്ടതു്? സംശയമില്ല, തൊഴിലാളിവർഗ്ഗം.

ഭാവിപരിപാടിയാണ് കമ്യൂണിസ്ററ് മാനിഫെസ്റേറാ ഉരംക്കൊള്ളുന്നതു്. ഇതിൻെറ ശില്പികരം അനിവാര്യമെന്നു പറഞ്ഞ വിപ്ലവം വന്നെത്തുവാൻ എഴുപതുവർഷക്കാലം കാത്തിരിക്കേണ്ടിവന്നു. പശ്ചിമയൂറോപ്പിലാണവർ ശ്രദ്ധ കേന്ദ്രീകരിച്ചതു്. വിപ്ലവമുണ്ടായതോ? കിഴക്കൻ യൂറോപ്പിലെ റഷ്യയിലും.

## രണ്ടു സുഹൃത്തുക്കരം

ആരെല്ലാമാണ് കമ്യൂണിസ്ററ് മാനിഫെസ്റേറായുടെ പിന്നിൽ? ബുദ്ധിമാനും പ്രതിഭാശാലിയുമായ കാരം മാർക്സ്, അദ്ദേഹത്തിൻെറ ആത്മസുഹൃത്ത് ഫ്രഡറിക് ഏൻഗൽസ്.

രസികന്മാരായ ഇവർ വെറും മനുഷ്യരല്ല. മാർക്സ് പിന്നീട് ഒരു സ്ഥാപനമായി മാറി. ആ സ്ഥാപനത്തിൻെറ നിഴലായി ഏൻഗൽസ്. മാർക്സ് ഒരു മതസ്ഥാപകനായിരുന്നെങ്കിൽ ആ മതത്തിൻെറ മാപ്പാപ്പയാകുമായിരുന്നു ഏൻഗൽസ്. റഷ്യ അവരെ പുണ്യവാളന്മാരായി ഉയർത്തിയപ്പോരം, ലോകത്തിൻെറ മററു ഭാഗങ്ങളിലുള്ളവർ ക്രൂശിക്കപ്പെട്ടു. സത്യത്തിൽ രണ്ടു തരത്തിലുള്ള സ്വീകരണങ്ങളും അവർ അർഹിക്കുന്നില്ല. അവരുടെ ഗ്രന്ഥങ്ങരം തിരുവെഴുത്തല്ല; മ്ലേച്ഛസാഹിത്യവുമല്ല. 'ക്ലാസ്സിക്കൽ' ധനശാസ്ത്രചിന്താഗതിയുടെ തുടച്ചയാണവ. അവർ ലോകത്തെ വ്യാഖ്യാനിച്ചു. അവരുടെ ഗ്രന്ഥങ്ങളിൽ മെച്ചങ്ങളും കുറവുകളുമുണ്ടു്. വിപ്ലവകാരി മാർക്സ് ലോകത്തിൻെറമേൽ നിറഞ്ഞുനില്ക്കുന്നു. മാർക്സില്ലായിരുന്നെങ്കിൽ മറേറതെങ്കിലും സോഷ്യലിസത്തിൻെറ പ്രവാചകർ ആ സ്ഥാനം ഏറെറടുത്തേനെ. മാർക്സും ഏൻഗൽസും വിപ്ളവകാരികളായിരുന്നു അവർ വിഭാവനംചെയ്ത വിപ്ളവം അത്ര എളുപ്പത്തിൽ വന്നില്ല. എങ്കിലും മുതലാളിത്തത്തിനു ഗുസ്തിപിടിക്കേണ്ടിവന്നു, ധനശാസ്ത്രജ്ഞൻ മാർക്സുമായി. മുതലാളിത്തം നശിക്കും എന്ന മാർക്സി

യൻ പ്രവചനം ചരിത്രത്തിൽ അതിൻേറതായ മുദ്ര പതിപ്പിക്കുകയും ചെയ്തു.

## മാർക്ക്സും ഏൻഗൽസും

കാറം മാർക്സ്, ഫ്രെഡറിക് ഏൻഗൽസ് ഇവരെ നമുക്കു പരിചയപ്പെടാം.

കാഴ്ചയിൽ ഇവർ തമ്മിൽ സാമ്യമില്ല. വിപ്ളവകാരിയാണ് മാർക്സ് കാഴ്ചയിൽ: കറുത്ത നിറം, ആഴത്തിലിരുന്നു പ്രകാശിക്കുന്ന കണ്ണുകറം, തടിച്ച ശരീരം, കറുത്ത താടി, ദൃഢനിശ്ചയമാണ് മുഖത്തു തെളിഞ്ഞു കാണുന്നതു്. അദ്ദേഹത്തെ കാണണോ? വീട്ടിലേയ്ക്കു കയറിച്ചെല്ലുക. മുറിനിറയെ കടലാസ്സുകറം, അടുക്കും ചിട്ടയുമില്ലാതെ കിടക്കുന്നു. അവയുടെ നടുവിൽ മുഷിഞ്ഞ വേഷംധരിച്ച് സദാ പുകവലിച്ചുകൊണ്ടു് അദ്ദേഹമിരിക്കുന്നു. വേഗത്തിൽ എഴുതുന്ന അദ്ദേഹം മുതലാളിത്തത്തെ വെല്ലുവിളിക്കുകയാണ്.

മാർക്സും ഏൻഗൽസും വെറുക്കുന്ന മുതലാളിവർഗ്ഗത്തിൽ പെട്ടം ഏൽഗൽസ്. നല്ല ഉയരം, സുന്ദരൻ, വേഷത്തിലും ഭാവത്തിലും പ്രഭു തന്നെ. അഴകുള്ള ശരീരഘടന ഒരു കാലത്തു് അദ്ദേഹത്തിൻെറ വിനോദങ്ങറം വാറംപ്പയററം നായാട്ടുമായിരുന്നു. വൈസർനദി വിലങ്ങനെ നാലുപ്രാവശ്യം വിശ്രമമില്ലാതെ നീന്തിയിട്ടുണ്ടദ്ദേഹം.

രസികനായ ഏൻഗൽസ് കാര്യങ്ങറം ക്ഷണത്തിൽ ഗ്രഹിക്കും. ഇരുപതു് ഭാഷകറം അദ്ദേഹം സംസാരിക്കുമത്രേ. നല്ല വീഞ്ഞു് പഥ്യമാണ്. ജീവിതം നുകരുന്നതിൽ സമത്ഥൻ. തൊഴിലാളിവർഗ്ഗത്തോടാണ് മമതയെങ്കിലും ഭാര്യ മേരി ബേൺസും സഹോദരി ലിസിയും പ്രസിദ്ധ സ്കോട്ടിഷ് കവിയുടെ കുടുംബക്കാരികളാണെന്ന് വ്യക്തമാക്കാൻ അദ്ദേഹം കിണഞ്ഞു പരിശ്രമിച്ചു.

ഗൗരവക്കാരനാണ് മാർക്സ്—ഒന്നാന്തരം ജർമ്മൻ പണ്ഡിതൻ. പൂർണ്ണതയിഷ്ടപ്പെടുന്ന മാർക്സ് ഏതു വിഷയവും സാവധാനം സശ്രദ്ധം സമീപിച്ചു. മാർക്സിനു് ഒരുപന്യാസമെഴുതുക ശ്രമകരമാണ്. പൂർണ്ണതയാണ് അദ്ദേഹത്തിൻെറ ലക്ഷ്യം. നാലായിരത്തിലധികം ധാതുക്കളുള്ള അറബിഭാഷ മാത്രമേ ഏംഗൽസിനെ ബുദ്ധിമുട്ടിച്ചുള്ളു. ഇരുപതു കൊല്ലക്കാലം ശ്രമിച്ചിട്ടും മാർക്സിൻെറ ഇംഗ്ലീഷ് മെച്ചപ്പെട്ടില്ല. ഏതു വിഷയത്തിൻേറയും അഗാധതയിലേക്ക് എത്തിനോക്കിയതു മാർക്സായിരുന്നു. പ്രതിപാദ്യവിഷയത്തിനു മാർക്സ് ആഴം നൽകിയപ്പോൾ, ഏംഗൽസ് അതിനു് പരപ്പും ഭംഗിയും സംഭാവന ചെയ്തു.

ആയിരത്തിയെണ്ണൂററിനാല്പത്തിനാല്—അക്കൊല്ലമാണ് മാർക്സും ഏംഗൽസും രണ്ടാം പ്രാവശ്യം കണ്ടുമുട്ടിയതു്. അന്നുമുതൽ അവർ ആത്മസുഹൃത്തുക്കളായി. മാർക്സിൻെറ വീട്ടിലേക്കു കയറിച്ചെന്നു് അദ്ദേഹവുമായി സംഭാഷണത്തിലേർപ്പെട്ട ഏംഗൽസ് പത്തു ദിവസമെടുത്തു ചർച്ചയവസാനിപ്പിക്കുവാൻ. അതിനുശേഷം അന്യോന്യമറിയാതെ, ചർച്ചചെയ്യാതെ, തെററു തിരുത്താതെ, അവരൊന്നും പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

## മാഞ്ചെസ്റ്ററിൽ

കാൽവിൻെറ മതവിഭാഗത്തിൽചേർന്ന റൈൻലാൻഡിലെ ഒരു വ്യവസായിയായിരുന്നു കവിതയിൽ കമ്പം തോന്നിയ എൻഗൽസിൻെറ പിതാവ്. മതവും പണമുണ്ടാക്കലും തൻെറ മകനെ നേരെയാക്കുമെന്നു കരുതി പിതാവായ കാസ്പർ ഏംഗൽസിനെ ബ്രന്നനിലെ ഒരു പാതിരിയുടെകൂടെ താമസിപ്പിച്ചു. കയററുമതിബിസിനസ്സിൻെറ പ്രവർത്തനരീതി പഠിക്കുവാൻ. ഒന്നാന്തരം താമസസൗകര്യങ്ങൾ ഇഷ്ടപ്പെടുന്ന ഏംഗൽസ് 21-ാം വയസ്സിൽ കമ്മ്യൂണിസം സ്വീകരിച്ചു. ബി

സിനസ്സ് തുടരുവാൻ മാഞ്ചെസ്റ്റർ നഗരത്തിലെത്തിയ ഏൻഗൽസ് നഗരത്തിനകത്ത് മറെറാരു നഗരം കണ്ടു—മദ്യം, കറപ്പ്, വ്യഭിചാരം എന്നിവയിൽ ദാരിദ്ര്യദുഃഖത്തിനു പ്രതിവിധികാം കാണുന്ന മറെറാരു നഗരം. അദ്ദേഹത്തിൻെറ നിരീക്ഷണങ്ങാം പിന്നീട് ഒരു പുസ്തകമായി (The Condition of the Working Class in England in 1844) പുറത്തുവന്നു. "കൊള്ളില്ല ഈ നഗരം" എന്നദ്ദേഹം ഒരു സ്നേഹിതനോടു പറഞ്ഞപ്പോാം ആ സ്നേഹിതൻ ചൂണ്ടിക്കാട്ടി: "ശരി തന്നെ; എന്നിട്ടും എത്രമാത്രം പണമാണിവിടെ!" ക്ലാസ്സിക്കൽ ധനശാസ്ത്രജ്ഞന്മാരെ നിലവിലുള്ള സമ്പദ്‌വ്യവസ്ഥയുടെ മാപ്പുസാക്ഷികളാക്കുന്ന ഏൻഗൽസിൻെറ ഒരു പ്രബന്ധം പാരീസിലെ ഒരിടതുപക്ഷമാസികയുടെ പത്രാധിപക്ക് വളരെ ഇഷ്ടപ്പെട്ടു. പത്രാധിപർ: കാറം മാർക്സ്.

ലിബറൽ പാരമ്പര്യങ്ങളുള്ള കുബേര യഹൂദകുടുംബത്തിലാണ് മാർക്സ് ജനിച്ചതു് (1818). ട്രയർ (ജമ്മനി) നഗരത്തിലെ യോഗ്യനായ വക്കീൽപ്രമുഖനായിരുന്നു മാർക്സിൻെറ പിതാവ്. തൻെറ തൊഴിൽ വികസിപ്പിക്കുവാൻ അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു. ഉല്പതിഷ്ണുവായ അദ്ദേഹം ജമ്മനിയെ റിപ്പബ്ലിക്കാക്കുവാൻ നിയമവിരുദ്ധമായ ഒരു ഗൂഢസംഘടനവഴി പ്രവത്തിച്ചിരുന്നു. പിതാവിൻെറ ലൈബ്രറിയിലുള്ള ലോക ദിദറോ, വോാംട്ടയർ തുടങ്ങിയവരുടെ കൃതികാം മാർക്സിനു പ്രചോദനം നൽകി.

നിയമം പഠിക്കാൻ ബോൺ-ബെർലീൻ സവ്വകലാശാലകളിൽ ചേർന്ന മകൻ മാർക്സിനു് തത്വശാസ്ത്രത്തിലായിരുന്നു കമ്പം. ഹേഗലിൻെറ വൈരുദ്ധ്യവാദം എവിടേയും ചർച്ചാവിഷയമായിരുന്നു. പരിവത്തനത്തിൽക്കൂടി പുരോഗതി എന്ന ഹേഗലിൻെറ വിപ്ലവാത്മകമായ സിദ്ധാന്തം ഇതാണ്:

ആശയം അതിൻെറ നേരെ എതിരായതിനെ സൃഷ്ടിക്കുന്നു; പിന്നീട് രണ്ടും ഉൽഗ്രഥിച്ച് മൂന്നാമതൊരാശയമുണ്ടാകുന്നു; ഈ ആശയം അതിൻെറ എതിരായ ആശയത്തെ സൃഷ്ടിക്കുന്നു. അങ്ങനെ, ഈ പരിവത്തനപ്രക്രിയയാണ് നാം ചരിത്രത്തിൽ കാണുന്നതു്. ഈ 'ദ്വന്ദ്വാത്മക' (ഡയലക്ററിക്) പരിവത്തനം അനിവാര്യമാണ്.

## ഹെഗലിയൻ വൈരുദ്ധ്യവാദം

ഹെഗലിയൻ വൈരുദ്ധ്യവാദം 'ഇളമുറ ഹെഗലിയന്മാർ' എന്ന പേരിൽ ഒരു സംഘടന തുടങ്ങുവാൻ മാർക്സിനേയും കൂട്ടുകാരേയും പ്രേരിപ്പിച്ചു. നിരീശ്വരവാദം, സിദ്ധാന്തപരമായ കമ്മ്യൂണിസം എന്നീ വിഷയങ്ങൾ അവർ ചർച്ചചെയ്യുകയുണ്ടായി. 'ഡയലക്ററിക്' സമീപനമാർഗ്ഗമുപയോഗിച്ച് തത്വചിന്തകനാകാൻ തീരുമാനിച്ച മാർക്സിനു് ബോൺ സർവ്വകലാശാലയിൽ ഉദ്യോഗം നൽകാമെന്നു് പ്രൊഫസർ ബ്രൂണോ ബൗവർ ഏററു. പക്ഷേ, മതവിരുദ്ധനും ഭരണഘടനാപക്ഷപാതിയുമായ ബൗവർക്ക് അദ്ദേഹത്തിൻെറ ഉദ്യോഗം താമസിയാതെ നഷ്ടപ്പെട്ടു. അതോടെ മാർക്സിൻെറ ആശ നശിച്ചു.

പത്രപ്രവത്തനത്തിലേയ്ക്കു തിരിഞ്ഞ മാർക്സ് "റൈനിഷ് ത്സൈതുങ്ങ്" എന്ന പത്രത്തിൽ എഴുതിയ ലേഖനങ്ങളുടെ അടിസ്ഥാനത്തിൽ അതിൻെറ പത്രാധിപത്യം നേടി. അഞ്ചുമാസത്തിനുള്ളിൽ ആ ജോലി നഷ്ടപ്പെട്ടു. തന്നെ കാണാൻവന്ന ഏൻഗൽസിൻെറ തനി കമ്മ്യൂണിസ്ററ് വാദങ്ങൾ മാർക്സിനത്ര രുചിച്ചില്ല. മാർക്സാണ് ഏററവും വലിയ കമ്മ്യൂണിസ്ററ് എന്ന ആരോപണത്തിനു് മാർക്സിൻെറ മറുപടി ഇതായിരുന്നു:"കമ്മ്യൂണിസമെന്തെന്നു് എനിക്കറിഞ്ഞുകൂടാ. മറ്റിതലക്ഷ്യങ്ങളെ രക്ഷിക്കുക എന്ന ലക്ഷ്യം

പുലത്തുന്നഇൗ തത്വശാസ്ത്രത്തെ അവഹേളിക്കുക എളുപ്പമല്ല." മാർക്സിൻെറ മുഖപ്രസംഗങ്ങറം അധികാരികറംക്ക് രുചിച്ചില്ല. സാധുക്കറംക്കു കാട്ടിൽനിന്നു വിറകുവെട്ടാനുള്ള പരമ്പരാഗതമായ അധികാരത്തെ തുടച്ചുനീക്കുന്ന ഗവമ്മേണ്ടുനിയമത്തെ അദ്ദേഹം എതിർത്തു. അധികാരികറം അദ്ദേഹത്തിനു താക്കീതു നൽകി വീടുകളുടെ ദൗർലഭ്യത്തെപ്പററി മാർക്സ് എഴുതി അധികാരികളദ്ദേഹത്തിനു് ആപൽസൂചന നൽകി. റഷ്യൻ ചക്രവത്തി സാറിൻെറ ദുർഭരണത്തെപ്പററി എഴുതിയതോടെ പത്രത്തിൻെറ പ്രസിദ്ധീകരണം അധികാരികറം തടഞ്ഞു.

പാരീസിലെത്തി മറെറാരു പത്രത്തിൻെറ ആധിപത്യം ഏറെറടുത്ത മാർക്സിൻെറ അനുഭവം മറെറാന്നായിരുന്നില്ല. തന്മൂലം മാർക്സിൻെറ ശ്രദ്ധ ധനശാസ്ത്രത്തിലും രാഷ്ട്രവിജ്ഞാനീയത്തിലും കേന്ദ്രീകരിച്ചു പാശ്ചാത്യലോകത്തിൻെറ അനുഭവങ്ങളിൽനിന്നു് ഒരു തത്വശാസ്ത്രം മാർക്സിൻെറ ബുദ്ധിയിൽ രൂപം കൊള്ളുകയായി

അതാണ് "ഡയലക്ററിക്കൽ ഭൗതികവാദം." ഹേഗലിൻെറ പരിവത്തനതത്വം അഥവാ വൈരുദ്ധ്യവാദം—സദാ പരിവത്തനം—ഉറംക്കൊണ്ടതിനാൽ അതു് "ഡയലക്ററിക്കൽ"യി; സാമൂഹ്യ–ഭൗതികപശ്ചാത്തലത്തിനു് വിലയിരുത്തുന്നതിനാൽ ഭൗതികവും.

## ദ്വന്ദ്വാത്മക ഭൗതികവാദം

ജർമ്മൻ പ്രൊഫസ്സർ ഡ്യൂറിങ്ങിൻെറ വാദങ്ങറംക്കെതിരായി ഏൻഗൽസ് എഴുതി: "ചരിത്രത്തെപ്പററിയുള്ള ഭൗതികമായ ആശയം ഇങ്ങനെ തുടങ്ങുന്നു: ഉല്പാദനം, ഉല്പാദനഫലമായുണ്ടാവുന്ന സാധനങ്ങറം കൈമാറൽ—ഇവയാണ് ഏതു സാമൂഹ്യക്രമത്തിൻേറയും അടിസ്ഥാനം. സാധനങ്ങളുടെ വിത

രണത്തോടെ, അതിൻെറ അടിസ്ഥാനത്തിൽ, എല്ലാ സമൂഹങ്ങളും വർഗ്ഗങ്ങളായി തരംതിരിയുന്നു. എന്താണെല്ലാമുല്പാദിപ്പിക്കുന്നത്, എങ്ങനെയാണവ കൈമാറുന്നത് എന്നിവ സമൂഹത്തിലെ വർഗ്ഗങ്ങളേവയെന്ന് നിശ്ചയിക്കുന്നു. ഈ ചിന്താഗതിയനുസരിച്ച് സാമൂഹ്യപരിവത്തനവും രാഷ്ട്രീയവിപ്ലവവും മനുഷ്യൻെറ മനസ്സിലല്ല, അനന്തമായ സത്യവും നീതിയും പുലത്താനുള്ള തൃഷ്ണയിലല്ല. ഉല്പാദനത്തിലും വിതരണത്തിലും അനുവത്തിച്ചുപോരുന്ന രീതിയിലാണ് നാം കണ്ടെത്തുക. സാമ്പത്തികപരിവത്തനം തത്വശാസ്ത്രത്തിൽനിന്നല്ല ധനശാസ്ത്രത്തിൽനിന്നാണുത്ഭവിക്കുന്നത്."

ഈ ചിന്താഗതിയെ പിന്തുടരുവാൻ വിഷമമില്ല. മാർക്സ് പറയുന്നു: "ഏതു സമൂഹത്തിൻേറയും അടിസ്ഥാനം സാമ്പത്തികമാണ്. സാമ്പത്തികപ്രക്രിയയുടെ ഫലമായി വർഗ്ഗങ്ങൾ തരംതിരിയുന്നു. അങ്ങനെ തരംതിരിയുന്നത് സാമ്പത്തികാവശ്യങ്ങൾ സാധിച്ചുകിട്ടുവാനാണ്. സാമ്പത്തികാടിസ്ഥാനത്തിലുള്ള സമൂഹക്രമത്തെ നിയമങ്ങൾവഴി ഗവർമ്മേണ്ടും ഉപദേശംവഴി മതവും തത്വചിന്തയും പുലത്തുന്നു.

## സാമ്പത്തിക പ്രക്രിയ

സാമ്പത്തികബന്ധങ്ങളുടെ പ്രതിഫലനമത്രേ സാമൂഹ്യസ്ഥാപനങ്ങളും നിയമങ്ങളും മതവും ഗവമ്മേണ്ടുമെല്ലാം. സാമ്പത്തിക വളച്ചയുടെ ഏതു ദശയിലാണ് ഒരു സമൂഹം നില്ക്കുന്നത് എന്നതിൻെറ അടിസ്ഥാനത്തിലാകും സാമ്പത്തികമല്ലാത്ത മററു മണ്ഡലങ്ങളുടെ വികാസം. വേട്ടയാടൽദശയിൽ നില്ക്കുന്ന സമൂഹം വ്യാവസായികദശയിലെ സമൂഹത്തെപ്പോലെ നിയമങ്ങളിൽ അധിഷ്ഠിതമല്ല. ചിന്തയുടെ ക്രിയാത്മകതയും സദ്ശക്തിയും കാര്യക്ഷമതയും മാർക്സ് അംഗീകരിക്കുന്നു. എന്നിട്ടു് ചിന്തകളും ആശയങ്ങളും സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്നദ്ദേഹം വാദിക്കുന്നു.

ചലനാത്മകമാണ് സാമ്പത്തികപ്രക്രിയ. കാരണം, സാമ്പത്തികബന്ധങ്ങൾ സ്വതവേ പരിവർത്തനത്തിനു വിധേയമാണ്. അതിനാൽ ഒരു ദശയിലെ ചിന്തകളും ആശയങ്ങളും പുറകെ വരുന്ന ദശക്കു രൂപംകൊടുക്കുന്നു. മാർക്സ് എഴുതി: "മനുഷ്യർ അവരുടെ ചരിത്രം സൃഷ്ടിക്കുന്നു. അവക്കിഷ്ടമുള്ള വിധത്തിലല്ല; അവക്കിഷ്ടമുള്ളവിധം അവർ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നില്ല. പഴയ ദശയിലെ സാഹചര്യങ്ങൾ പുതിയ ദശക്കു ജീവൻ നൽകുന്നു."

ഈ 'ഡയലക്ററിക്കൽ' പ്രക്രിയ സാമൂഹ്യക്രമവും ചിന്തകളും തമ്മിലുള്ള ആഘാതപ്രത്യാഘാതങ്ങളെ മാത്രമല്ല ആശ്രയിക്കുന്നതു്. മററൊരു ശക്തിയേറിയ ഘടകംകൂടി പ്രവത്തിക്കുന്നുണ്ടു്: ചിന്തകളുടെ ലോകവും സാമ്പത്തികലോകവും താനേ വ്യത്യാസപ്പെടുന്നു. ഉദാ: രാഷ്ട്രീയമായ ഏകീകരണത്തിന്റേയും കണ്ടെത്തലുകളുടേയും ഫലമായി മധ്യശതകങ്ങളിൽ ഒററപ്പെട്ടു നിന്നിരുന്ന കമ്പോളങ്ങൾ കൈകോക്കുകയായി. കണ്ടുപിടുത്തങ്ങൾ കായികാദ്ധ്വാനത്തിന്റെ സ്ഥാനത്തു് യന്ത്രങ്ങളെ സ്ഥാപിച്ചു. പുതിയ വ്യാപാരസമ്പ്രദായവും യന്ത്രവൽകൃതവ്യവസായങ്ങളും ഫ്യൂഡലിസത്തെ നശിപ്പിച്ചു് ഫാക്ടറിസമ്പ്രദായം തുടങ്ങി. സാമ്പത്തികബന്ധങ്ങളിൽ വരുന്ന വ്യത്യാസം നോക്കുക. അതോടെ ചിന്താപരവും സാംസ്കാരികവുമായ പരിവത്തനം വന്നെത്തി. എല്ലാം പുതിയ വൎഗ്ഗങ്ങളെ സൃഷ്ടിക്കുന്നതിൽ സഹായിച്ചു. പുതിയ കമ്പോളം വ്യാപാരിവൎഗ്ഗത്തേയും പുതിയ ഫാക്ടറി തൊഴിലാളിവർഗ്ഗത്തേയും സൃഷ്ടിച്ചു.

## വൎഗ്ഗസമരം

പുതിയ വർഗ്ഗങ്ങൾ പഴയവയെ അകററി. ഫാക്ടറികൾ കൈത്തൊഴിൽശാലകളെ തട്ടിമാററി. താഴെയുള്ള വർഗ്ഗങ്ങൾ

മുകളിലുള്ളവയെ പിടിച്ചു നീക്കി മുന്നേറുകയായി. റിക്കാഡോയുടെ ഇംഗ്ലണ്ടിൽ രാഷ്ട്രീയാധികാരം കുത്തകയാക്കിയ ഭൂവുടമകൾ മുപ്പതുവർഷക്കാലം ധാന്യനിയമങ്ങൾ വെച്ചുപുലത്തി ലാഭമെടുത്തു. പിന്നീട് വ്യവസായിവർഗ്ഗം അധികാരം പിടിച്ചെടുത്തു. വർഗ്ഗങ്ങൾ തമ്മിലുള്ള സംഘട്ടനം സമരം, അനിവാര്യമെന്നു മാർക്സ് സമത്ഥിച്ചു.

പക്ഷെ, ചരിത്രം ആരുടെയും പക്ഷത്തല്ല. സമൂഹം ഉല്പാദിപ്പിക്കുന്ന ധനം പങ്കിട്ടെടുക്കുവാനുള്ള വർഗ്ഗങ്ങളുടെ സമരമാണ് ചരിത്രം. സാമൂഹ്യധനം പങ്കിടുന്ന സമ്പ്രദായം എപ്പോഴും പരിവത്തനത്തിനു വിധേയമാണുതാനും.

1848-ൽ മാർക്സും എൻഗൽസും കണ്ടതിതാണ് "വിപ്ലവം, സമരം, സംഘട്ടനം." ഇവ ഉണ്ടായേ പററൂ. സാമ്പത്തിക ബന്ധങ്ങൾ വ്യത്യാസപ്പെടുന്നതോടെ അവയിന്മേൽ കെട്ടിപ്പടുത്ത സാമൂഹ്യ-രാഷ്ട്രീയ ക്രമവും വ്യത്യാസപ്പെടുന്നു. സാമ്പത്തിക ബന്ധങ്ങളുടെ അടിസ്ഥാനം വ്യാവസായികോല്പാദനമാണ്. പക്ഷെ, അതിന്മേൽ കെട്ടിപ്പൊക്കിയിട്ടുള്ളത് സ്വകാര്യസ്വത്തുടമസമ്പ്രദായമാണ്. ഇവ രണ്ടും പൊരുത്തപ്പെടുന്നില്ല.

പൊരുത്തക്കേടോ? അതെ. ഫാക്ടറിസമ്പ്രദായം വർഗ്ഗാധിഷ്ഠിതമാണ്. സ്വത്തുടമസമ്പ്രദായം വ്യക്തികളുടെ ആഗ്രഹങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. അതുകൊണ്ടാണ് പൊരുത്തക്കേട്. ഫാക്ടറിസമ്പ്രദായം സാമ്പത്തികാസൂത്രണവും സാമൂഹ്യ പരിവത്തനവും ആവശ്യപ്പെടുന്നു സ്വകാര്യസ്വത്തുടമകൾ ഇവയെ എതിക്കുന്നു. മുതലാളിത്തവ്യവസ്ഥിതി സങ്കീണ്ണമായ നിയന്ത്രണവും മാർഗ്ഗനിർദ്ദേശവും ആവശ്യപ്പെടുന്നു. മുതലാളികൾ അവയിൽനിന്നുള്ള സ്വാതന്ത്ര്യം ആവശ്യപ്പെടുന്നു ഫലങ്ങൾ: ഒന്ന്, അനിയന്ത്രിതമായ അമി

ത്തോല്പാദനം സാമ്പത്തികത്തകർച്ചയിലേക്കു മുതലാളിത്തത്തെ നയിക്കുന്നു. അമിതോല്പാദനവും ആവശ്യത്തിനു ഉല്പാദനമില്ലായ്മയും മുതലാളിത്തത്തെസ്സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമാണു രണ്ടും: ഫാക്ടറിസമ്പ്രദായം സോഷ്യലിസത്തിൻെറ മുന്നോടിയായ തൊഴിലാളിവർഗ്ഗത്തെ സൃഷ്ടിക്കുന്നു. അങ്ങനെ മുതലാളിത്തംതന്നെ അതിൻെറ പരമശത്രുവായ തൊഴിലാളിവർഗ്ഗത്തെ തീററിപ്പോററുന്നു ഭാവിയിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടു മാർക്സും എൻഗൽസ്സും പറഞ്ഞു: "മുതലാളിത്തത്തിൻെറ പതനവും തൊഴിലാളിവർഗ്ഗത്തിൻെറ വിജയവും അനിവാര്യമാണു."

## ജെന്നി

പാരീസിൽവെച്ചല്ല കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ രചിക്കപ്പെട്ടത്. ഫ്രഞ്ച് തലസ്ഥാനത്തുനിന്നു മാർക്സ് പുറംതള്ളപ്പെട്ടു. വിവാഹിതനായിരുന്നു മാർക്സ്. ധനികനും മനുഷ്യസ്നേഹിയും ഉല്പതിഷ്ണുവും പ്രിവി കൗൺസിലറുമായ ബാരൻ ഫോൺ വെസ്റ്റ്ഫാലൻെറ മകളും തൻെറ ബാല്യകാലസഖിയുമായിരുന്ന ജെന്നിയെയാണു മാർക്സ് വിവാഹംചെയ്തത്. ഹോമറിനെപ്പററിയും ഷേക്സ്പിയറിനെപ്പററിയും മാർക്സ് ശ്രോതാവുമായി ചർച്ചചെയ്തിട്ടുണ്ട്. സെയ്ൻറ് സൈമൻെറ ആശയങ്ങളെ 'ശീശ്മ'യാണെന്നു പള്ളി വിധിച്ചെങ്കിലും വെസ്ററ്ഫാലൻപ്രഭു അവയെപ്പററി പ്രശംസിക്കുന്നത് മാർക്സ് കേട്ടിട്ടുണ്ട്. നഗരത്തിലെ സൗന്ദര്യറാണിയായ ജെന്നിയെ തടിയനായ മാർക്സ് കല്യാണംകഴിച്ചതിൽ ഒട്ടനവധി യുവാക്കന്മാർക്ക് മനഃപ്രയാസം തോന്നി. മാർക്സിൽ അനുരക്തയായി ജെന്നി. രണ്ടു കുടുംബങ്ങളും സമ്മതം മൂളി. പ്രഭു ചെയ്തതു് അക്രമമാണെന്നു പലരും കരുതി. മകളുടെ ഭാവി വിഭാവനം ചെയ്യാൻ പ്രഭുവിനു കഴിഞ്ഞില്ല ജയിലിൽ പോകേണ്ടിവ

ന്ന ജെന്നിക്ക് തന്റെ മെത്ത ഒരു വേശ്യയുമായി പങ്കിടേണ്ടി വന്നു. ഒരു കുട്ടി മരിച്ചപ്പോൾ ശവസംസ്കാരത്തിനുള്ള പണത്തിനു് അവൾക്കു് അയൽക്കാരനോടു യാചിക്കേണ്ടിവന്നു. ട്രയറിലെ ആഡംബരജീവിതമുപേക്ഷിച്ച ജെന്നിക്ക് ലണ്ടനിലെ വൃത്തികെട്ട ദരിദ്രസങ്കേതത്തിൽ രണ്ടു മുറികൾ വാടകയ്ക്കു വാങ്ങി ലോകത്തിന്റെ അരിശത്തിനു പാത്രമായ മാർക്സ് ഒരുമിച്ചു താമസിക്കേണ്ടിവന്നു. കടുത്ത ദാരിദ്ര്യപ്പിശാചിന്റെ പ്രഹരങ്ങൾ അവളെ ഭർത്താവോടു കൂടുതൽ അടുപ്പിച്ചതേയുള്ളു.

ജെന്നി അങ്ങേയററം സ്വഭർത്താവിനെ സ്നേഹിച്ചു. കളങ്കരഹിതമായിരുന്നു അവരുടെ ദാമ്പത്യം. മാർക്സ് — വാത്സല്യനിധിയായ പിതാവ്, സ്നേഹമുള്ള ഭർത്താവ്! കുറെ കാലത്തിനു ശേഷം: മാർക്സ് സുഖമില്ലാതെ കിടക്കുന്നു. ജെന്നി മരണശയ്യയിലും. അവരുടെ പുത്രി ചിത്രീകരിക്കുന്നതാണീരംഗം: "അമ്മ മുമ്പിലത്തെ വലിയ മുറിയിൽ. അടുത്ത മുറിയിൽ അപ്പനും....ആ പ്രഭാതം ഞാൻ മറക്കില്ല. അപ്പനു ശക്തി തോന്നി, അമ്മയുടെ മുറിയിലേക്ക് കടന്നുചെല്ലുവാൻ. അവരിരുവരും വീണ്ടും യൌവനം വീണ്ടെടുത്തപോലെ—യൌവനയുക്തയായ യുവതിയും പൊറുപൊറുക്കുള്ള യുവാവും വീണ്ടും ജീവിതമാസ്വാദിക്കാൻ തുടങ്ങുംപോലെ അല്ല—അനാരോഗ്യം കരണ്ടുതിന്നുന്ന വൃദ്ധനും മരണത്തെ സമീപിക്കുന്ന, ലോകത്തോടു യാത്രപറയുവാൻ വെമ്പുന്ന, മഹിളയും അല്ല അവർ...."

പാരീസിൽനിന്നും ബ്രസ്സൽസിൽനിന്നും പുറംതള്ളപ്പെട്ട മാർക്സ് കുടുംബത്തെ സ്വീകരിച്ചതു ലണ്ടനാണ്. ബ്രസ്സൽസ് പത്രത്തിന്റെ അവസാനപ്പതിപ്പ് ചുവന്ന മഷിയിൽ പുറത്തിറക്കി മാർക്സ് ലണ്ടനിലെത്തി. കൈയിൽ പണമില്ല. എൻഗൽസ് കടമായി എത്രമാത്രം പണം മാർക്സ് കുടുംബത്തിനു നൽകിയെന്നതിനു കണക്കില്ല. മാർക്സ്

കുടുംബം പിന്നേയും ദാരിദ്ര്യത്തിലാണ്ടു. അഞ്ചു കുടുംബാംഗങ്ങളും, പ്രഭു തന്റെ മകളുടെ സഹായത്തിനയച്ച ശമ്പളം പററാത്ത, പരിചാരിക ലഞ്ചനും.

## ലണ്ടനിൽ

മാർക്സിനു ജോലിയില്ല. അദ്ദേഹം ബ്രിട്ടീഷ് മ്യൂസിയത്തിലെ ലൈബ്രറിയിൽ കാലത്തു് പത്തുമണിമുതൽ വൈകുന്നേരം ഏഴുമണിവരെ ജോലിചെയ്യും. ഫൂറിയറിന്റെ തത്വസംഹിത സ്വീകരിച്ച ചാറൽസ് എ. ഡാനയുടെ പത്രാധിപത്യത്തിലുള്ള "ന്യൂയോക്ക് ട്രൈബ്യൂൺ'' എന്ന അമേരിക്കൻ പത്രത്തിൽ മാർക്സിന്റെ ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടുകയുണ്ടായി. അതിൽനിന്നു് പണവും കിട്ടി. മിക്ക ലേഖനങ്ങളും മാർക്സിനുവേണ്ടി ഏൻഗൽസ് എഴുതി. പിന്നീടു് ലേഖനങ്ങൾ മുടങ്ങി. കുടുംബസ്വത്തുക്കൾ വിററോ പണയംവെച്ചോ നിത്യജീവിതം കഴിക്കേണ്ടിവന്നു മാർക്സു് കുടുംബത്തിനു്. ലേഖനങ്ങളയയ്ക്കാൻ സ്റ്റാമ്പിനുപോലും പണമില്ലാതെ വിഷമിച്ചിട്ടുണ്ടു് മാർക്സ്. ബാക്കി വന്ന കോട്ടുപോലും പണയംവെച്ച മാർക്സ് പുറത്തിറങ്ങാൻ കഴിയാതെ വിഷമിച്ചിട്ടുണ്ടു്. പോരെങ്കിൽ, പ്രമേഹക്കുരുക്കളും! ഒരു ദിവസം ബ്രിട്ടീഷ് മ്യൂസിയത്തിൽനിന്നു് മടങ്ങിവന്ന നിരാശനായ മാർക്സ് പറഞ്ഞു: "മുതലാളിവർഗ്ഗത്തിനും എന്റെ പ്രമേഹക്കുരുക്കളോർമ്മിക്കുവാൻ അവസരമുണ്ടാകും.'' അന്നാണദ്ദേഹം തന്റെ 'ദാസ് കാപ്പിററൽ' (മൂലധനം) എന്ന ഗ്രന്ഥത്തിലെ ഏററവും നിർദ്ദയമായ അദ്ധ്യായമെഴുതി മുഴമിച്ചതു്.

കത്തുകൾവഴി മാർക്സ് ഏൻഗൽസുമായി ചർച്ചകൾ തുടർന്നു. ഒരു കത്തിതാ: "എന്റെ ഭാര്യയ്ക്കു് സുഖമില്ല. മകൾ ജെന്നി സുഖക്കേടിലാണ്. ലഞ്ചനു് എന്തോ ഞരമ്പുരോഗം. ഡോക്ടറെ വിളിക്കാൻ പണമില്ല. അപ്പവും ഉരുളക്കിഴങ്ങു

മായി എട്ടു ദിവസം പിന്നിട്ടു ഞങ്ങരം വത്തമാനപ്പത്രങ്ങരം വാങ്ങാൻ കാശില്ലാത്തതിനാൽ ഡാനയ്ക്കു് ഒന്നും എഴുതിയില്ല.... ഞാൻ തൊഴിലാളികളുടെ കൈയിൽനിന്നു് കടംവാങ്ങി—ഭയാനകം! നിവൃത്തിയില്ല. അല്ലെങ്കിൽ പട്ടിണികിടന്നു മരിക്കണം.... ..."

അവസാനകാലത്തു് അല്പം ആശ്വാസം കിട്ടി. മരിച്ചുപോയ ഒരു പഴയ സുഹൃത്തു് മരണപത്രപ്രകാരം മാർക്ക്സിനു് കുറെ പണം ഇഷ്ടദാനം ചെയ്തു. വലിയ തുക പൈതൃകമായി ക്കിട്ടിയ ഏംഗൽസും ആത്മസുഹൃത്തിനെ മറന്നില്ല. ആയിരത്തിയെണ്ണൂററിയെണ്പത്തൊന്നിൽ (മാർക്ക്സിനു 63 വയസ്സ്) ജെന്നി മരിച്ചു. രോഗിയായിക്കിടക്കുന്ന മാർക്ക്സിൻെറ മുഖത്തു നോക്കി ഏംഗൽസ് പറഞ്ഞു: "മാർക്ക്സ്, നിങ്ങളും മരിച്ചിരിക്കുന്നു" ഇല്ല, മുഴുവനായും ഇല്ല. രണ്ടുകൊല്ലംകൂടി അദ്ദേഹത്തിൻെറ ശരീരം ജീവിച്ചു. തൻെറ പെണ്മക്കരം തെരഞ്ഞെടുത്ത ഭത്താക്കന്മാരെ മാർക്ക്സ് ഇഷ്ടപ്പെട്ടില്ല. തൊഴിലാളിപ്രസ്ഥാനത്തിനകത്തുള്ള വടംവലികരം അദ്ദേഹത്തെ കുപിതനാക്കി. തൻെറ പരിവത്തനവാദത്തെ വളച്ചൊടിച്ച സുഹൃത്തുക്കളോടദ്ദേഹം പറഞ്ഞു: "ഞാൻ മാർക്ക്സിസ്റ്റല്ല:" മാർക്ക്സിസം പരിവത്തനത്തിൻെറ തത്വസംഹിതയാണു്. നൂററാണ്ടുകരംക്കുശേഷം വരുന്ന പരിവത്തനങ്ങരം എങ്ങനെ ഇപ്പോരം നോക്കിക്കാണും? ഒരുപക്ഷേ, ബഹിരാകാശയാത്രയുടെ ഈ കാലഘട്ടം കഴിഞ്ഞാൽ മനുഷ്യവർഗ്ഗവും ശുക്രനിവാസികളുടെ വർഗ്ഗവുമായിട്ടാകാം വർഗ്ഗസമരം!....അധികം താമസിയാതെ മാർച്ച്മാസത്തിലെ ഒരു സായാഹ്നത്തിൽ മാർക്ക്സ് ലോകത്തോടു യാത്രപറഞ്ഞു.

സഹനത്തിൻെറ ആ നീണ്ട കാലയളവിൽ മാർക്ക്സ് എന്തു ചെയ്തു?

മാർക്ക്സും ഏംഗൽസും തൊഴിലാളിവർഗ്ഗത്തെ സംഘടിപ്പിച്ചു. മാർക്ക്സു് രേഖപ്പെടുത്തി: "ഇന്നേവരെ തത്വചിന്ത

കർ ലോകത്തെ പല തരത്തിൽ വ്യാഖ്യാനിക്കുക മാത്രമേ ചെയ്തുള്ളു. അവർ ചെയ്യേണ്ടതു് ലോകത്തെ മാററിപ്പണിയുകയാണ്." ചരിത്രം മാററിയെഴുതേണ്ട ചുമതല അവർ തൊഴിലാളിപ്രസ്ഥാനത്തിനു നൽകി. തൊഴിലാളിവർഗ്ഗത്തിൻേറതാണു് ഭാവിലോകം

## മാർക്സും ഏംഗൽസും

അവർ കെട്ടിപ്പടുത്ത 70 ലക്ഷം അംഗങ്ങളുള്ള ആദ്യത്തെ 'ഇൻററർനാഷനൽ' തകർന്നു ഒരു വിഭാഗം വിപ്ലവകാരിയും പ്രസിദ്ധ വാശിയുമായ ബാക്കുനിൻെറ കൂടെ കൂടി. ന്യൂയോക്കിൽവെച്ചായിരുന്നു അതിൻെറ അവസാന സമ്മേളനം.

മാർക്സിസ്റ്റുകളെല്ലാം മാർക്സിൻെറ നേതൃത്വം സ്വീകരിച്ചു, ഏററവും അച്ചടക്കത്തോടെ. സാഹോദര്യത്തിൽ വിശ്വസിച്ച (ശാസ്ത്രത്തിലല്ല) വിററ്ലിങ്ങും ആത്മാർത്ഥ്യത്തിനു വില കല്പിച്ച ധീരനായ വില്ലിഷും പുറംതള്ളപ്പെട്ട അങ്ങനെ പലരും. കാരണം: മാർക്സിസ്റ്റ് നിരത്തിൽനിന്നു് അവർ തെററി മാറിയിരിക്കുന്നു. ഹൃദയം പട്ടാളച്ചിട്ടയ്ക്കു വിധേയമല്ലല്ലോ! സ്വകാര്യസ്വത്തു് കളവുമുതലാണെന്നു് സമർത്ഥിച്ച പ്രൂധോൺ തൊഴിലാളിപ്രസ്ഥാനത്തിൽ ചേരണമെന്നു് മാർക്സ് ശ്രമിച്ചു.

പ്രൂധോൺ ഇപ്രകാരം മറുപടി നൽകി: "നമുക്കൊരുമിക്കാം സമൂഹത്തിൻെറ നിയമങ്ങൾ തിരഞ്ഞുപിടിക്കുവാൻ.... ... അന്ധമായ വിശ്വാസങ്ങൾ തുടച്ചുമാററുന്ന നാം അന്ധമായ മറെറാരു വിശ്വാസം ജനങ്ങളിൽ കുത്തിവെയ്ക്കുകയോ? ദൈവത്തെ ഓർത്തു് അതരുതു്! എല്ലാ ആശയങ്ങളും വെളിയിലിറക്കി പരിശോധിക്കണമെന്ന നിങ്ങളുടെ അഭിപ്രായത്തെ ഞാനാദരിക്കുന്നു.......നമുക്കു് സഹിഷ്ണുതയെന്തെന്നു ലോകത്തിനു് കാട്ടിക്കൊടുക്കാം. ഒരു പുതിയ പ്രസ്ഥാനത്തിൻെറ നേതൃസ്ഥാനത്താണ് എന്നുവെച്ചു് ഒരു പുതിയ അസഹിഷ്ണുതയുടെ നേതാക്കളാകാൻ പാടില്ല നമ്മൾ.......എല്ലാ എതിർപ്പിനേയും

പ്രതിഷേധത്തേയും ഹാർദ്ദമായി സ്വീകരിക്കുക, പ്രോത്സാഹിപ്പിക്കുക; എല്ലാ ഒററപ്പെടുത്തലിനേയും മിസ്റ്റിസിസത്തേയും നിരുത്സാഹപ്പെടുത്തുക. ഈ കരാറിൻെറ അടിസ്ഥാനത്തിൽ നിങ്ങളുമായി യോജിക്കുവാൻ ഞാൻ തയ്യാറാണ്. അല്ലെങ്കിൽ സാദ്ധ്യമല്ല."

പ്രൂധോൻെറ "ദാരിദ്ര്യത്തിൻെറ തത്വചിന്ത" എന്ന ഗ്രന്ഥത്തെ മാർക്സ് "തത്വചിന്തയുടെ ദാരിദ്ര്യം" എന്ന മറുപടികൊണ്ട് നാമാവശേഷമാക്കി. രണ്ടാം ഇൻററർനാഷനൽ കുറേക്കൂടി സഹിഷ്ണുത പുലർത്തി. ബെർനാർഡ്ഷാ, റാംസേ മാക്ഡൊണാൾഡ്, പിൽസുഡ്സ്കി, ലെനിൻ, മുസ്സലിനി, ലവാൽ (!) എന്നിവർ അതിൽ പങ്കെടുത്തു. മോസ്കോയുടെ ആഭിമുഖ്യത്തിലുള്ള മൂന്നാം ഇൻറർനാഷനൽ സഹിഷ്ണുതയിലൂന്നിയില്ല.

## ആ മഹാഗ്രന്ഥം

തൊഴിലാളിപ്രസ്ഥാനം കെട്ടിപ്പടുത്ത അര ഡസൻ നേതാക്കന്മാരിൽ ഒരുവനെന്ന നിലയിൽ നാം മാർക്സിനെ ഓർത്തെന്നുവരില്ല. എന്തുകൊണ്ടദ്ദേഹത്തെ നാമോർക്കുന്നു? സോഷ്യലിസത്തെപ്പററി അദ്ദേഹമധികമെഴുതിയില്ല. ചുരുക്കത്തിൽ, മാർക്സിൻെറ സംഭാവന മുതലാളിത്തത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ പഠനമത്രേ.

മുതലാളിത്തം ആത്മഹത്യചെയ്യും, നശിക്കും. എങ്ങനെ? എന്താണതിൻെറ പിന്നിൽ പ്രവർത്തിക്കുന്ന നിയമങ്ങൾ?

മാർക്സിൻെറ "ക്യാപിററൽ" എന്ന ഗ്രന്ഥം ഈ ചോദ്യങ്ങൾക്കുത്തരം തരും. ക്യാപ്പിററൽ എഴുതിക്കഴിയുകയുണ്ടായില്ല. 1851: "അഞ്ചാഴ്ചയ്ക്കുള്ളിൽ എഴുതിക്കഴിയും"; 1859: "ആറാഴ്ചയ്ക്കുള്ളിൽ"; 1865: "കഴിഞ്ഞു". രണ്ടു കൊല്ലമെടുത്തു കൈയെഴുത്തുപ്രതി 'എഡിററ്' ചെയ്യുവാൻ. 1883-ൽ മാർക്സ് മരി

ച്ചപ്പോഠം രണ്ടു വാല്യങ്ങഠം ബാക്കിയുണ്ട് പൂർത്തിയാക്കുവാൻ. 1885–ൽ രണ്ടാം വാല്യവും 1894–ൽ മൂന്നാം വാല്യവും ഏൻഗൽസ് പുറത്തിറക്കി. 1910 വരെ അവസാന വാല്യം വെളിച്ചം കണ്ടില്ല.

2500 പേജുകഠം. ചെറിയ കാൎയ്യങ്ങഠംപോലും മാർക്സ് തുറന്നുകാട്ടി സൂക്ഷ്മതയ്ക്കു വലിയ വില കല്പിച്ച അദ്ദേഹം. എല്ലാ സാമ്പത്തികഗ്രന്ഥങ്ങളും മനനംചെയ്ത പണ്ഡിതൻ, എല്ലാ സിദ്ധാന്തങ്ങഠംക്കും വിലയിരുത്തിയ സമർത്ഥൻ! അടിക്കുറിപ്പുകഠം എത്രയെത്ര! ഭാഷയോ? തുളച്ചുകയറുന്നതു്. സാമ്പിളുകഠം: "മരിച്ച തൊഴിലാണ് മൂലധനം. അതു വാമ്പയറി (ഒരു തരം വാവൽ—രക്തരക്ഷസ്സ്) നെപ്പോലെ, ജീവിക്കുന്ന തൊഴിലിൻെറ രക്തമൂററിക്കുടിക്കുന്നു"; "മൂലധനം ഭൂമിയിലേയ്ക്കിറങ്ങിയതു് ആപാദചൂഡം ഓരോ സുഷിരത്തിൽനിന്നും ചോരയും ചെളിയും ഇററിററു വീഴ്ത്തിക്കൊണ്ടാണ്."

മുതലാളിത്തത്തിൻെറ അററകുററങ്ങഠം കാണുകയല്ല, മുതലാളിത്തവ്യവസ്ഥയ്ക്കകത്തുള്ള ചലനത്തിൻെറ നിയമങ്ങഠം (Laws of Motion) കണ്ടെത്തുകയാണ് മാർക്സിൻെറ ലക്ഷ്യം. അദ്ദേഹത്തിൻെറ യുക്തിയുടെ പാത എവിടെയും തെളിഞ്ഞുനിൽക്കുന്നു.

## രണ്ടു് ഗ്രൂസ്റ്റിക്കാർ

കുത്തകവ്യവസായം മുതലായ അനേകം ന്യൂനതകളുള്ള മുതലാളിത്തത്തെയാണ് മാർക്സ് അഴിച്ചുഴിച്ചു പരിശോധിക്കുന്നതു്. സാധനങ്ങളെല്ലാം അതാതിൻെറ ശരിയായ വിലയ്ക്കു വിൽ~~ക്ക~~പ്പെടുന്നു. ശരിയായ വിലയാണ് ആ സാധനത്തിൻെറ മൂല്യം (Value). ആഡം സ്മിത്തും റിക്കാർഡോയും പറഞ്ഞ പോലെ, ഒരു സാധനത്തിൻെറ മൂല്യം അതിലടങ്ങിയ തൊഴിലാണ്. പേന നിർമ്മിക്കുവാൻ പെൻസിൽ നിർമ്മിക്കുന്നതിനു

വേണ്ടതിൻെറ നാലിരട്ടി തൊഴിൽ വേണമെങ്കിൽ പെൻസി ലിൻെറ വിലയുടെ നാലിരട്ടിയാകും പേനയുടെ വില. നേരിട്ടു ള്ളതോ പരോക്ഷമോ (യന്ത്രങ്ങളിൽ നിക്ഷിപ്തമോ) ആകാം തൊഴിൽ.

ഗോദായിൽ എതിരാളികളായ രണ്ടു ഗ്രസ്ഥിക്കാർ നില്ക്കുന്നു: തൊഴിലാളിയും മുതലാളിയും. മുതലാളി ചീത്തയാളല്ല. മററു മു തലാളിമാരുമായുള്ള കിടമത്സരത്തിൽപെട്ട, ലാഭക്കൊതിയുള്ള, മൂലധനമുണ്ടാക്കുന്ന, വ്യവസായിയാണയാൾ. വ്യവസായിയാ യ മുതലാളിക്കു് മററു മുതലാളിമാരുടെ കിടമത്സരം മൂലം ലാ ഭം കിട്ടില്ലല്ലോ. ഹെയ്! അങ്ങനെയല്ല, ലാഭം കിട്ടും. ഉല്പാ ദിപ്പിക്കുന്ന സാധനങ്ങൾ ഗത്യന്തരമില്ലാത്തതിനാൽ മുതലാളി ശരിയായ വിലയ്ക്കു വില്ക്കുന്നു. തൊഴിലിൻെറ മൂല്യം തൊഴി ലെടുക്കുന്നവനെ ജീവിക്കുന്നതിനനുവദിക്കുന്ന മൂല്യമാണു്. തൊ ഴിലാളിയിൽ തൊഴിൽശക്തി നിത്തുവാൻ എത്രമാത്രം പണം വേണമോ, അതാണു തൊഴിലാളിയുടെ നിലനില്പിനാവശ്യമു ള്ള കൂലി (Subsistence Wages). കിട്ടാനുള്ള കൂലിയേ ചോ ദിക്കാവൂ. ആറു മണിക്കൂർനേരം സമുദായത്തിനാവശ്യമായ തൊഴിൽ ചെയ്യുന്ന തൊഴിലാളിക്കു ജീവിക്കുവാൻ ആറുറപ്പിക ആവശ്യമെങ്കിൽ, അയാൾക്കു് അത്രയും സമയത്തേക്കു കിട്ടുന്നതു ആറു രൂപ. അതിൽ കൂടില്ല.

പക്ഷേ, തൊഴിലാളി എട്ടു മണിക്കൂർ പണിയെടുക്കുന്നു. അ പ്പോൾ കിട്ടേണ്ടതു് 8 ക. കിട്ടുന്നതു്: 6ക. അതുകൊണ്ടു് മുത ലാളിയുടെ ലാഭം: 2 ക. ഈ രണ്ടുറപ്പിക 'മിച്ചമൂല്യ' (Surplus value) മത്രേ. തൊഴിലാളിക്കു കിട്ടേണ്ട രണ്ടു രൂപ മുതലാളി തട്ടി യെടുക്കുന്നു. പ്രതിഷേധിച്ചാലോ? പററില്ല. ഫാക്ടറിയും ഉപകര ണങ്ങളും മുതലാളിയുടേതാണു്. ഉപകരണങ്ങളി (യന്ത്രങ്ങളും) ല്ലാ തെ തൊഴിലാളിയെന്തു ചെയ്യും? മാർക്സ് ജീവിച്ചിരുന്ന കാല ത്തെ അന്തരീക്ഷം മാർക്സിൻെറ നിഗമനത്തെ ശരിവെക്കു

 നു. (1862-ൽ മാഞ്ചെസ്റ്ററിലെ ഒരു ഫാക്ടറിയിലെ തൊഴിലാളി ആഴ്ചയിൽ 84 മണിക്കൂർ ജോലിചെയ്തു; അതിനുമുമ്പ് എഴുപത്തിയെട്ടു മണിക്കൂർ മാത്രവും )

## പൊൻമുട്ടയിടുന്ന താറാവ്

കിട്ടുന്ന ലാഭം സംഭരിച്ച് മുതലാളികൾ ഉല്പാദനം വികസിപ്പിക്കുന്നു. എല്ലാ മുതലാളികൾക്കും തൊഴിലാളികളെ വേണം. അപ്പോൾ കൂലിനിരക്കു വർദ്ധിക്കില്ലേ? ഉവ്വ്. തന്നിമിത്തം മിച്ചമൂല്യം കുറയുന്നു. വർദ്ധിച്ച കൂലി ലാഭത്തെ തിന്നൊടുക്കുന്നു. ആഡം സ്മിത്തും റിക്കാർഡോയും പറഞ്ഞതിതുതന്നെ പക്ഷേ അവർ പറഞ്ഞു: കൂലി കൂടുമ്പോൾ തൊഴിലാളിവർഗ്ഗത്തിൽ ജനങ്ങളേറുന്നു, കൂലി ഇടിയുന്നു എന്ന്. ഈ പ്രതിവിധി അസംഭാവ്യമെന്നും മാൾത്തൂസ്സിയൻ സിദ്ധാന്തം "മനുഷ്യഗണത്തിൻെറ മേൽ ആരോപിച്ച അപവാദ''മാണെന്നും മാർക്സ് വാദിക്കുന്നു. എന്നിട്ട് അദ്ദേഹം മുതലാളി പ്രയോഗിക്കുന്ന പ്രതിവിധി ചൂണ്ടിക്കാണിക്കുന്നു. 'തൊഴിൽ ചുരുക്കുന്ന യന്ത്രങ്ങൾ' (Labour Saving Machines) മുതലാളി ഉപയോഗിക്കുന്നു. മുതലാളി തൊഴിലാളികളെ പിരിച്ചുവിടുന്നു. കൂലിനിരക്ക് കീഴ്പ്പോട്ടുന്ന് തൊഴിലാളിയുടെ കഷ്ടിപിഷ്ടി നില്പനില്പിനാവശ്യമുള്ള കൂലിയിൽ വന്നു നില്ക്കുന്നു.

പക്ഷെ യന്ത്രങ്ങൾ വാങ്ങുന്നതിന് പണം മുൻകൂറിറക്കണം. മൂലധനത്തിന്മേൽ പലിശ നഷ്ടം. 30 വർഷംകൊണ്ടു് 30,000 ക യുടെ തൊഴിലെടുക്കും യന്ത്രമെങ്കിൽ ഇന്നുതന്നെ 30,000 ക കൊടുത്ത് യന്ത്രം വാങ്ങണം. നഷ്ടം! ലാഭം കിട്ടണമെങ്കിൽ തൊഴിലാളികളാണ് നല്ലതു്. തൊഴിലാളികൾക്കുപകരം യന്ത്രങ്ങൾ— പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുകയാണ് മുതലാളികൾ.

പരമാൎത്ഥമിതാണ്: കൂടുതൽ യന്ത്രങ്ങറം ലാഭനിരക്ക കുറ ്ക്കുന്നു. ജനങ്ങളിൽ ബഹുഭൂരിപക്ഷവും തൊഴിലാളികളാണ്: വരുമാനം കുറയുന്നതോടെ അവക്ക സാധനങ്ങളും വാങ്ങാൻ കഴിവില്ലാതാകുന്നു. ക്രേതാക്കളുടെ സംഖ്യ കുറയുന്നു. സാധന ങ്ങറംക്ക ചെലവില്ല. പുറകെ വരുന്നു പാപ്പരത്തം, ഫാക്ടറി പൂ ട്ടിയിടൽ, ചെറിയ ഉല്പാദനശാലകറംക്ക നാശം, ചുരുങ്ങിയ വിലയ്ക്കുപോലും വിററഴിക്കാൻ ധൃതി!

## ദുരന്തനാടകം അവസാനിക്കുന്നു

വ്യവസായങ്ങറം യന്ത്രവൽകൃതമാകുന്നതോടെ കുറഞ്ഞ കൂ ലിക്ക തൊഴിലാളികറം വരുന്നു. കമ്പോളങ്ങളിൽ ചുരുങ്ങിയ വിലയ്ക്കു യന്ത്രങ്ങറം കിട്ടുന്നു. 'മിച്ചമൂല്യം' വീണ്ടും പ്രത്യക്ഷ പ്പെടുന്നു. പക്ഷേ പഴയപടി വീണ്ടും ആപൽഘട്ടം വന്നെത്തു ന്നു. രണ്ടാമത്തെ സാമ്പത്തികത്തകർച്ച ആദ്യത്തേതിനേക്കാറം ഗുരുതരമായിരിക്കും. പിന്നീട് പിന്നീട് വരുന്ന തകർച്ചകറം കൂ ടുതൽ കൂടുതൽ ആപൽക്കരമാണ്. എന്തുകൊണ്ടെന്നാൽ, ഓരോ സാമ്പത്തികത്തകർച്ച വരുമ്പോഴും വലിയ ഉല്പാദനശാലകറം ചെറിയവയെ ഏറെറടുക്കുന്നു. വലിയ ഉല്പാദനശാലകറം തല കുത്തി വീഴുമ്പോറം വരുന്ന നാശം ഗുരുതരമാകുമല്ലോ.

അങ്ങനെ ഒരു ദിവസം ആ ദുരന്തനാടകം അവസാനിക്കു ന്നു. തൊഴിലാളിവർഗ്ഗം വിപ്ലവക്കൊടിയുയൎത്തി സോഷ്യലിസ ഗീതങ്ങറം പാടുന്നു. സ്വകാൎയ്യസ്വത്തിൻെറ മരണകാഹളം ദൂരെ കേറംക്കാം. അപഹൎത്താക്കറം അപഹൃതരായി മാറുന്നു. സാമ്പത്തികാസൂത്രണത്തിൻെറ അഭാവം മുതലാളിത്തത്തിൻെറ പതനത്തെ ത്വരിതപ്പെടുത്തുന്നു.

ശുദ്ധമായ മുതലാളിത്തത്തിനു് രക്ഷയില്ലെങ്കിൽ, കുത്തക യും കഴുത്തറക്കുന്ന മത്സരവും കാപട്യവും നിറഞ്ഞ മുതലാളി ത്തം എങ്ങനെ രക്ഷപ്പെടും?

## ഗവമ്മേണ്ടു് അടന്നുവീഴും

ധനവിതരണത്തിൽ ആശാവഹമായ പരിവത്തനം സാദ്ധ്യമെന്നു് ജെ. എസ്. മിൽ കാര്യകാരണസഹിതം സമത്ഥിച്ചു. മാർക്സ് പറയുന്നു, അതു സാദ്ധ്യമല്ലെന്നു്. കാരണം? സാമ്പത്തികമണ്ഡലം ഭരിക്കുന്നവരാണു് രാഷ്ട്രത്തെ നിയന്ത്രിക്കുന്നതു്. എന്തായാലും മുതലാളിത്തം നശിക്കും. അതിന്റെ നാശത്തിൽ നിന്നു് അതിന്റെ പിൻഗാമി ജന്മംകൊള്ളും.

പിൻഗാമി എങ്ങനെയിരിക്കും? മാർക്സിന്നു് അധികമൊന്നും പറയാനില്ല. വർഗ്ഗരഹിതമായ സമൂഹം; എല്ലാം ദേശസാല്ക്കരിക്കും; എല്ലാം സമൂഹത്തിന്റേതാകും. ദേശസാല്ക്കരിച്ച ഫാക്ടറികളിലെ മേൽനോട്ടക്കാരുടെ വർഗ്ഗവും മേൽനോട്ടത്തിനു വിധേയമായ വർഗ്ഗവും തമ്മിൽ സമരമുണ്ടാകില്ലേ? ഇല്ല. അതിനാണു് തൊഴിലാളിവർഗ്ഗത്തിന്റെ ഏകാധിപത്യം സ്ഥാപിക്കുന്നതു്. അതിനുശേഷം കമ്യൂണിസം. ക്രമേണ ഗവമ്മേണ്ടു് ഉപയോഗശൂന്യമാകും; അടന്നുവീഴും. അത്രയും പറഞ്ഞു മാർക്സ് നിത്തി. ഡയലക്റ്റിക്കൽ പ്രക്രിയ ഏതുവിധം പ്രവത്തിക്കുമെന്നു് ആരറിഞ്ഞു?

കമ്യൂണിസത്തിന്റെ ശില്പി ലെനിനാണു്. മാർക്സ് മുതലാളിത്തത്തിന്റെ മരണമണി മുഴക്കിയെന്നു മാത്രം!

## അധികവും ശരി

മാർക്സ് മുതലാളിത്തമാതൃകയിലുള്ള ഒരു ലോകം സൃഷ്ടിച്ചു് അതിനെ 'അപഗ്രഥിച്ചു്' സാക്ഷാൽ മുതലാളിത്തലോകത്തിലേക്കു് വെളിച്ചം വീശി; മുതലാളിത്തത്തിലെ ദുഷ്പ്രവണതകളും ദൂഷ്യങ്ങളും ചൂണ്ടിക്കാട്ടി. ആപത്തിൽനിന്നു് അത്യാപത്തിലേക്കു നീങ്ങുന്ന മുതലാളിത്തം നശിക്കുമെന്നും വ്യക്തമാക്കി. അമേരിക്കൻ സാമ്പത്തികശാസ്ത്രജ്ഞന്മാരായ ജോർജ്ജ്

സിയോറം, ഷുപീററർ, ബ്രിട്ടീഷ് സാമ്പത്തികശാസ്ത്രജ്ഞന്മാരായ ഹോബ്സൺ, ഡോബ്, എഡ്വേഡ് ഹീമാൻ, ഡൊനാറംഡ് വാഗ്നർ എന്നിവർ ചൂണ്ടിക്കാട്ടുംപോലെ, മാർക്സിൻെറ പ്രവചനങ്ങളിലധികവും ശരിയായിരുന്നു എന്നതാണ് സത്യം.

മുതലാളിത്ത സമ്പദ്വ്യവസ്ഥയിൽ ലാഭം കുറയുമ്പോറം, മാർക്സ് പറയുംപോലെ, ലാഭം വദ്ധിപ്പിക്കുവാനുള്ള ഏകമാർഗ്ഗം വികാസമാണ്.

അതിനാൽ മുതലാളിത്തം പുതിയ സങ്കേതവിദ്യ സ്വീകരിക്കുന്നു. (അടുത്ത കാലത്ത് ഒരു കെമിക്കൽ കമ്പനി പത്തുകൊല്ലത്തിനു മുമ്പില്ലാതിരുന്ന സാധനങ്ങളുല്പാദിപ്പിച്ച് 60 ശതമാനം ലാഭമുണ്ടാക്കി.)

അമിതോല്പാദനവും ഉല്പാദനക്കുറവും മാറിമാറി വരുന്ന 'ബിസിനസ്സ് സൈക്കിറം' മാർക്സ് വ്യക്തമായി ചൂണ്ടിക്കാട്ടി—സാമ്പത്തികത്തകച്ചയിൽനിന്നു് സാമ്പത്തികത്തകച്ചയിലേക്കു്.

വലിയ വലിയ കുത്തകവ്യവസായശാലകറം പൊങ്ങിവന്നു, ചെറിയവയെ തച്ചുടച്ചോ വിഴുങ്ങിയോ വലുതായിക്കൊണ്ട്.

ഈ പ്രവചനങ്ങറം കൃത്യമായിയല്ലെങ്കിലും, മൊത്തത്തിൽ ശരിയായി. മുതലാളിത്തം നശിക്കും എന്ന പ്രവചനമോ? അവിടെയും മാർക്സ് തോററില്ല. റഷ്യ, ചൈന, കിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിൽ മുതലാളിത്തം നശിച്ചു. ജമ്മനിയിലും ഇററലിയിലും അതു ഫാസിസമായി മാറി. സ്കാൻഡിനേവ്യയിലും ബ്രിട്ടനിലും മുതലാളിത്തം ഭാഗികമായി ഉപേക്ഷിക്കപ്പെട്ടു. ഇന്ത്യയിലും ഏഷ്യയിലെ പല രാഷ്ട്രങ്ങളിലും

"മിശ്രസമ്പദ്‌വ്യവസ്ഥ" സ്വീകരിക്കപ്പെട്ടു. ശുദ്ധമുതലാളിത്തം, മാർക്‌സ് വിഭാവനംചെയ്തപോലെ, നശിക്കുന്നു!

എന്തുകൊണ്ട്? സ്ഥായിയായുള്ള അസ്ഥിരത, സാമ്പത്തികതകർച്ച, യുദ്ധം എന്നിവകൊണ്ട്. കൂടുതലായും സാമൂഹ്യമായ കാരണങ്ങളാൽ. ഇവയും മാർക്‌സിൻെറ പ്രവചനത്തിൽ പെടുന്നു. പ്രത്യേകിച്ചും മുതലാളികളുടെ ജിഹ്വയായ ഗവമ്മേണ്ടുള്ളതുകൊണ്ടത്രേ മുതലാളിത്തം നശിക്കുന്നത്. സ്ഥാപിതതാല്പര്യങ്ങൾക്കതീതമാണ് ഗവമ്മേണ്ടെങ്കിൽ, ജെ. എസ് മില്ലും മററും പറയുമ്പോലെ, മുതലാളിത്ത സമ്പദ്‌വ്യവസ്ഥ ശുദ്ധിചെയ്യപ്പെട്ടേക്കാം. ശുദ്ധിചെയ്യുമ്പോൾ അതു മുതലാളിത്തമല്ലാതാകുന്നു.

## ലോകം വിറച്ചു

അമേരിക്കൻ മുതലാളിത്തമോ? ഈ "പുതിയ മുതലാളിത്തം" വിജയിച്ചു! പാരമ്പര്യത്തിൻെറ കനത്ത ഹസ്തങ്ങൾ അവിടെ പ്രവർത്തിക്കുന്നില്ല. സാമ്പത്തികമായുണ്ടെങ്കിലും സാമൂഹ്യമായി അവിടെ വർഗ്ഗഭേദം ഇല്ലെന്നു പറയാം. ധനികദരിദ്രവ്യത്യാസം അവിടെ ഗുരുതരമല്ല. അധികാരവികേന്ദ്രീകരണം അമേരിക്കരിഷ്ടപ്പെട്ടു. സാമൂഹ്യപരിവർത്തനം അവർ സ്വാഗതംചെയ്തു. തൊഴിലാളിവർഗ്ഗത്തിൻെറ അവകാശങ്ങൾ അവിടെ അവഹേളനാർഹമാകുന്നില്ല. കമ്പനികളും കോടീശ്വരന്മാരും ലാഭത്തിൻെറ സിംഹഭാഗം ജീവകാരുണ്യപ്രവർത്തനങ്ങൾക്കു നൽകുവാൻ മടിക്കുന്നില്ല. അവിടെ പഴമയുടെ മരിച്ച കൈകൾ പ്രവർത്തിക്കുന്നില്ല. "വീര്യമുള്ള സാമൂഹ്യബോധം, പഴമയോടു വേർപെട്ട നവോന്മേഷം, സ്വാതന്ത്ര്യം നൽകിയ നല്ല ഭൗതികം, വലിയവനും ചെറിയവനും തമ്മിലുള്ള സാമൂഹ്യൈക്യം പ്രായോഗികതയിലുറച്ച കാഴ്ചപ്പാട് ഇവ അമേരിക്കയെ രക്ഷിക്കുന്നു" എന്നത്രേ ചിന്തകൻ എ. എൻ. വൈററ്ഹെഡ് പറയുന്നതു്.

മാത്രമല്ല, ലോകത്തിലെവിടേയും സാമൂഹ്യ-സാമ്പത്തിക സാംസ്കാരികബന്ധങ്ങളിൽ അനുനിമിഷം പരിവർത്തനം വന്നു കൊണ്ടിരിക്കുന്നു. തൻെറ പ്രവചനങ്ങളിൽകൂടി മാർക്സ് സൃഷ്ടിപരമായ പരിവർത്തനത്തിന്നു പ്രചോദനം നൽകി. ഏതാണ്ടൊരുനൂററാണ്ടുമുമ്പു ജീവിച്ച മാർക്സ് എങ്ങനെയറിയും, ഡയലക്ററിക്കൽ പ്രക്രിയ ഏതു വഴിക്കാണിപ്പോഠ ചലിക്കുന്നതെന്നു്? വിപ്ലവകാരി മാർക്സിൻെറ ഭീമാകാരംപൂണ്ട നിഴൽ കണ്ടു ലോകം വിറച്ചു. പക്ഷേ, ധനശാസ്ത്രജ്ഞൻ മാർക്സാണ് മുതലാളിത്തത്തെ സത്യത്തിൽ വെല്ലുവിളിച്ചതു്!

# ഹെൻറി ജോർജ്,
# ഹോബ്സൺ, മാർഷൽ

സാമൂഹ്യനയം സാമ്പത്തികശാസ്ത്രത്തിൽനിന്നു് മാററിനിർത്തണമെന്നു ശഠിച്ച കെയർനെസ്സ്; മനുഷ്യനെ തലയിൽ ലാഭചേതക്കണക്കുകഠം വഹിക്കുന്ന യന്ത്രമാക്കിയ കോർണോ, ഗോസൻ, വാഠംറസ്, മെങ്കർ; ഹാസ്യത്തിൽക്കൂടി പഴയ സാമ്പത്തിക നയങ്ങളെ തകർത്ത ബാസ്റ്റിയ; ഏക നികുതികൊണ്ടു് 'ക്ഷേമരാഷ്ട്രം' സാദ്ധ്യമാക്കാമെന്നു വാദിച്ച ഹെൻറി ജോർജ്ജ്; സമ്പാദ്യമിച്ചം അധികമുണ്ടായാൽ സാമ്രാജ്യത്വം ഉടലെടുക്കുമെന്നു് സമർത്ഥിച്ച ഹോബ്സൺ; മിതബോധത്തിൻെറ പേരിൽ സങ്കല്പ ലോകത്തിൽനിന്നു് താഴെയിറങ്ങുവാൻ മടിച്ച ആൽഫ്രഡ് മാർഷൽ.

മുതലാളിത്തത്തിൻെറ മരണമടുത്തെന്നും അതിൻെറ അനന്തരാവകാശി തൊഴിലാളിവർഗ്ഗമായിരിക്കുമെന്നും കാഠംമാർക്സ് പ്രവചിച്ചു. വൃദ്ധനായ മുതലാളിത്തത്തിനു് ഓരോ സുഖക്കേടു പിടിപെടുമ്പോഠം, ധനമെല്ലാം പൈതൃകമായി സ്വീകരിക്കേണ്ട

അനന്തരാവകാശി അടുത്തുകൂടും, വൃദ്ധൻ മരിക്കാറായോ എന്ന റിയുവാൻ. ബോധമില്ലാതെ കിടക്കുന്ന വൃദ്ധൻ കണ്ണു തുറക്കും, എണീററിരിക്കും, നടന്നു തുടങ്ങും. വൃദ്ധനു പിന്നെയും ബോധ ക്ഷയം; അവകാശി അടുത്തുകൂടും. വൃദ്ധൻ കണ്ണു തുറന്നു ചോദി ക്കും: "നീയെന്താ ഇത്ര അക്ഷമനായി എന്നെ കണ്ണുരുട്ടി നോ ക്കുന്നേ?"

വൃദ്ധൻ മരിച്ചില്ലെന്നു മാത്രമല്ല, കൂടുതൽ ആരോഗ്യം നേ ടുന്നതായും കാണപ്പെട്ടു. നരച്ച മുടികൾ കറുത്തു; ഇളകിയ പല്ലു റച്ചു; പഴയ വാതത്തിൻെറ ഉപദ്രവം കുറഞ്ഞു. ക്ഷീണം അവ കാശിക്കാണ്– ഈ നശിച്ച കാത്തിരിപ്പ്! 1886-ൽ നിയോ ഗിച്ച ബ്രിട്ടീഷ് രാജകീയക്കമ്മീഷൻ റിപ്പോർട്ടുചെയ്തു: "....തൊഴിലാളിവർഗ്ഗത്തിൻെറ സ്ഥിതി ഗണ്യമായി മെച്ചപ്പെട്ടി ട്ടുണ്ട്." ചരിത്രകാരൻ ആർണോൾഡ് ടോയൻബി എഴുതി: "1840-തൊഴിലാളിക്കു ജീവിക്കുവാൻ കൂലി കിട്ടുന്നില്ല....1875 ഇപ്പോൾ കൂലിയും ജീവിതച്ചെലവും ആദ്യമായി തുല്യാവസ്ഥ പ്രാപിച്ചിരിക്കുന്നു." തൊഴിൽ സമയവും കുറഞ്ഞിരിക്കുന്നു. മാർ ക്സിനുള്ള കത്തിൽ എൻഗൽസ് സമ്മതിക്കുന്നു: "ബ്രിട്ടീഷ് തൊഴിലാളിവർഗ്ഗം ബൂർഷ്വാ തൊഴിലാളിവർഗ്ഗമായിത്തീരുക യാണ്."

പ്രവാചകന്മാരെ മാററി നിർത്തി, കണ്ടെത്തലുകൾ വഴിയാ യും കണ്ടുപിടുത്തങ്ങൾ വഴിയായും വാണിജ്യവും വ്യവസായവും വികസിപ്പിച്ച് അന്നത്തെ ലോകം വലിയ ലാഭമെടുക്കുകയാ യി. എവിടെയും ആശയുടെ തിരികൾ ആളിക്കത്തി.

## കെയർനെസ്

'ക്ലാസ്സിക്കൽ' മാർഗ്ഗം സ്വീകരിച്ച് സാമ്പത്തികസിദ്ധാന്ത ങ്ങൾ പുനഃപരിശോധനചെയ്ത കെയർനെസ് (1823-1875) മില്ലിൻെറ പിൻഗാമിയാണ്. മിൽ മരിച്ചശേഷം രണ്ടുകൊല്ലം കൂടി അദ്ദേഹം ജീവിച്ചു. ഐറിഷ് പൗരനായ ജോൺ എലിയ

ട്ട് കെയർനെസ്, ഡബ്ലിൻ നഗരത്തിലെ ട്രിനിററി കോളേജ്വൽനിന്നു ബിരുദമെടുത്ത് ഡബ്ലിൻ ക്വീൻസ് കോളേജിലും ലണ്ടൻ യൂണിവേഴ്സിററി കോളേജിലും പ്രൊഫസ്സരുദ്യോഗംനോക്കി. ഉല്പാദനം, വിതരണം എന്നിവയെ മാത്രമേ സാമ്പത്തികശാസ്ത്ര പഠനം ഉൾക്കൊള്ളേണ്ടതുള്ളുവെന്നും, സാമൂഹ്യ നയങ്ങൾ അതിൻെറ ചട്ടക്കൂട്ടിൽ പെടുകയില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

സാമാന്യാനുമാനം (Deductive logic) സാമ്പത്തികശാസ്ത്രം സ്വീകരിക്കണമെന്നായിരുന്നു കെയർനെസ്സിൻെറ അഭിപ്രായം. മനുഷ്യൻെറ പ്രവൎത്തനങ്ങളെ പരീക്ഷണങ്ങൾക്കു വിധേയമാക്കാൻ സാദ്ധ്യമല്ലാത്തതിനാലാണ് വിശേഷാനുമാനം (Inductive logic) സാമൂഹ്യശാസ്ത്രങ്ങൾക്കു പററില്ലെന്നദ്ദേഹം ശഠിച്ചതു്. ഉദാ: “പരിപൂൎണ്ണമത്സരം” ഒരു സങ്കല്പമാണ്; നമ്മുടെ കമ്പോളത്തിൽ കച്ചവടക്കാർ തമ്മിലോ, വാങ്ങുന്നവർ തമ്മിലോ, കച്ചവടക്കാരും വാങ്ങുന്നവരും തമ്മിലോ പരിപൂൎണ്ണമായ മത്സരമില്ല— തീർച്ച. എങ്കിലും മേല്പറഞ്ഞ സങ്കല്പം “പരിപൂൎണ്ണമല്ലാത്ത മത്സര”ത്തെപ്പററി പഠിക്കുവാൻ നമ്മെ സഹായിക്കുന്നു. കൂലി കൊടുക്കുന്നതു് ഒരു ‘കൂലിഫണ്ടി’ൽനിന്നാണെന്നും, തൊഴിലാളികൾ വൎദ്ധിക്കുമ്പോൾ ഈ ഫണ്ടു കുറയുമെന്നും തന്മൂലം കൂലി കുറയുമെന്നും, തൊഴിലാളിയൂണിയനുകൾക്കു കൂലി വൎദ്ധിപ്പിക്കുവാൻ കഴിവില്ലെന്നും സമൎത്ഥിക്കുവാനദ്ദേഹം ശ്രമിച്ചു— സാമാന്യാനുമാനം സ്വീകരിച്ചതിനാലാണ് ഈ തെററു സംഭവിച്ചതു്. ചുരുങ്ങിയ പരിധിയിൽ മാത്രം മത്സരം പ്രവൎത്തിക്കുന്നതിനാൽ മൂലധനം, തൊഴിൽ എന്നിവ ലാഭമന്വേഷിച്ച് മററു വ്യവസായങ്ങളിലേക്കു പോകുവാനുള്ള സാദ്ധ്യത കുറവാണെന്നദ്ദേഹം ചൂണ്ടിക്കാട്ടി.

## എഡ്ജ്‌വത്ത്

മാർക്സ് മരിക്കുന്നതിനു രണ്ടു കൊല്ലം മുമ്പ് ഒരു ഗ്രന്ഥം

(Mathematical Psychics) പുറത്തിറങ്ങി. റിക്കാഡോയുടെ സ്നേഹിതയായ മരിയ എഡ്ജ്‌വത്തിൻെറ ഭാഗിനേയനും, പണ്ഡിതന്മാരിൽ പണ്ഡിതനും, ഓക്സ്‌ഫോഡ് ബിരുദധാരിയും, അവസാന ചോദ്യോത്തര പരീക്ഷയിൽ ചോദ്യത്തിനുത്തരം ചുരുക്കിപ്പറയണോ വിശദമായി പറയണോ എന്നു ചോദിച്ചതിനുശേഷം പ്രസക്തമായ ജ്ഞാനവിജ്ഞാനങ്ങൾ സ്പർശിച്ച് അരമണിക്കൂറുകൊണ്ടുത്തരം നൽകിയ വിദഗ്ദ്ധനുമായ ഫ്രാൻസിസ് കസീഡ്രോ എഡ്ജ്‌വത്താണ് ആ ഗ്രന്ഥത്തിൻെറ കത്താവ്. ഗണിതശാസ്ത്രംവഴി സാമ്പത്തികപ്രക്രിയകൾക്ക് സൂക്ഷ്മത നൽകാമെന്നു തെളിയിക്കുന്നതിനാണദ്ദേഹം യത്നിച്ചത്. സാമാന്യാനുമാനത്തിൻെറ മൂദ്ധന്യാവസ്ഥയാണല്ലോ ഗണിതശാസ്ത്രം.

സത്യത്തിൽ ഗണിതശാസ്ത്രവിധിപ്രകാരമല്ലായിരുന്നു അദ്ദേഹത്തിൻെറ ജീവിതത്തിലെ സാമ്പത്തികവശം പോലും. മററുള്ളവരുടെ കൂട്ടുകെട്ടിഷ്ടപ്പെടാത്ത എഡ്ജ്‌വത്ത് സ്വന്തം ക്ലബ്ബിലെ വിനോദങ്ങളിഷ്ടപ്പെട്ടു. അദ്ദേഹത്തിൻെറ ലൈബ്രറി പൊതുസ്വത്തായിരുന്നു—ഏവക്കും പുസ്തകങ്ങളെടുത്തുകൊണ്ടു പോകാം; സ്വന്തം കൃതികൾപോലും ആ ലൈബ്രറിയിലില്ല. സ്വന്തമുപയോഗത്തിനുപോലും സ്ഫടികപ്പാത്രങ്ങളില്ല; കടലാസ്സ്, പേന എന്നിവയും ആവശ്യത്തിനുപകരിക്കില്ല; സ്റ്റാമ്പുപോലുമില്ല. ചിന്ത—അതൊന്നു മാത്രം അദ്ദേഹത്തിന് ആനന്ദം നൽകി.

## മനുഷ്യർ സുഖാന്വേഷികൾ

എഡ്ജ്‌വത്തിൻെറ അഭിപ്രായങ്ങൾ രസാവഹമാണ്. നാണക്കാരനും വൈകാരികമായ ഇക്കിളി ഇഷ്ടപ്പെടുന്നവനുമായ ഈ ചിന്തകൻ പറഞ്ഞു, മനുഷ്യരെല്ലാം സുഖാന്വേഷികളാണെന്ന്; തൊഴിലാളിയേക്കാളും കൂടുതൽ സുഖാന്വേഷികൾ ഇടത്തരക്കാരും ധനികരുമാണെന്ന്; തൊഴിലാളി കൂടുതൽ സുഖ

മുണ്ടാക്കുവാനാണ് തൊഴിലാളിയൂണിയനുപയോഗിക്കുന്നതെന്ന്. എന്നാൽ തൊഴിലാളി യൂണിയൻെറ നേട്ടം മററൊരുത്തൻെറ നഷ്ടമാണെന്ന്, സുഖക്കുറവാണെന്ന്, അദ്ദേഹം മറന്നുപോയി. വ്യക്തി സ്വാതന്ത്ര്യമാണെങ്കിൽ തൊഴിലാളി യൂണിയൻ വേണമെന്നില്ലല്ലോ. മററൊരു വിഷമം—ഗണിതശാസ്ത്രം എവിടെ നിന്നു തുടങ്ങും? സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ ആദ്യമേയുണ്ട്. തന്മൂലം സമതുലനാവസ്ഥ കണ്ടെത്തുക സാദ്ധ്യമല്ല തൻെറ ഗണിതശാസ്ത്രമാര്ഗ്ഗമുപയോഗിച്ച് വികാരങ്ങളുടെ കുന്നുകളും നിഗൂഢങ്ങളായ ഉറവുകളും അളക്കാമെന്നദ്ദേഹം പറഞ്ഞു. തൻെറ നാട്ടിൽ ഭൂവുടമകളും കൃഷിക്കാരും തമ്മിൽ നടക്കുന്ന സമരം ഒരു സമവാക്യത്തിൽ അദ്ദേഹം തുറന്നുകാണിച്ചു.

മനുഷ്യർ സുഖാന്വേഷികൾ! സ്മിത്ത് തൻെറ ശവകുടീരത്തിൽ കിടന്നു ഞെരങ്ങും; റിക്കാർഡോയും മാൾത്തസ്സും കണ്ണുമിഴിക്കും; മാർക്സ് അരിശംകൊണ്ടു വിറയ്ക്കും! വര്ഗ്ഗങ്ങളെ സുഖാന്വേഷികളാക്കുക—അതവർ സഹിക്കില്ല.

മില്ലിൻെറ ശിഷ്യനായ രസികൻ സിഡ്ഗ്‌വിക്ക് പറഞ്ഞു, തനിക്കു ഭക്ഷണം കഴിക്കുവാൻ പററില്ലെന്ന്. കാരണം? തനിക്കു കിട്ടുന്നതും നഷ്ടപ്പെടുന്നതും കണക്കുകൂട്ടിയിട്ടു വേണ്ടേ ഭക്ഷണം കഴിക്കുവാൻ? പിന്നെ എന്തിനു കണക്കുകൂട്ടി? വിശന്നിട്ട്. ഈവിധമുള്ള കല്ലേറുകളൊന്നും എഡ്ജ്‌വർത്തിനെ സ്പർശിച്ചില്ല.

ബഹുരസമാണ് കണക്കുകൂട്ടൽ. മാർക്സിൻെറ കാലത്തുതന്നെ തൊഴിൽക്കൂലി കണക്കാക്കുവാൻ ജർമ്മൻ സാമ്പത്തികശാസ്ത്രജ്ഞൻ ത്യൂനൻ ഒരു സമവാക്യമുണ്ടാക്കി. ഒരു സമവാക്യംകൊണ്ട് എന്തിൻെറയും വില കണ്ടെത്താമെന്ന് ഫ്രഞ്ച് ധനശാസ്ത്രജ്ഞൻ വാൾറസ്സ് വാദിച്ചു

## ജെവൺസ്

ഈ വാദം പൂൎണ്ണമാക്കിയതു് മാഞ്ചെസ്റ്റർ സൎവ്വകലാശാല പ്രൊഫസർ സ്റ്റാൻലി ജെവൺസ് (1835-1882) ആണ്. വിലയിടിവുവരുത്തുന്ന സാമ്പത്തികത്തകൎച്ച ഗണിതശാസ്ത്രപ്രകാരം "വിഡ്ഢിത്തവും പരസ്പരവിരുദ്ധവു" മായി അദ്ദേഹം തള്ളി. ജീവിതമത്സരം സന്തോഷവും വേദനയും ചേൎന്നുള്ള കണക്കുകൂട്ടലാക്കി മാററി ജെവൺസ് പ്രഖ്യാപിച്ചു: "എൻെറ ധനശാസ്ത്രസിദ്ധാന്തങ്ങൾ ഗണിതശാസ്ത്രപരമാണ്" അതിനപ്പുറമുള്ളതെല്ലാം ഉപേക്ഷയിലേയ്ക്കു് അദ്ദേഹം എറിഞ്ഞു.

പഴമയുടെ പോക്കററുകളിൽനിന്നു് അദ്ദേഹം രണ്ടു ഗ്രന്ഥങ്ങൾ തപ്പിയെടുത്തു. തൻെറ ഗ്രന്ഥത്തിൻെറ രണ്ടു പതിപ്പുകളിറക്കിയിട്ടും (രണ്ടാമത്തേതു് ലളിതമാക്കി) ഒരൊററക്കോപ്പിപോലും വിററഴിക്കുവാൻ സാധിക്കാതെ മരിച്ച, സാമ്പത്തികശാസ്ത്രത്തിനു് സ്ഥിരപ്രതിഷ്ഠ നൽകിയ, ലിയോൺ സൎവ്വകലാശാലാ പ്രൊഫസർ ആൻടോയിൻ കോർണോ (1801-1877) യുടെ ഗ്രന്ഥമാണ് ഒന്നു്. ഗണിതശാസ്ത്രപരമായി സാമ്പത്തികസിദ്ധാന്തങ്ങൾ വ്യാഖ്യാനിച്ചു് പ്രസിദ്ധി നേടാമെന്നു വ്യാമോഹിച്ചു് പരാജയമടഞ്ഞ ജൎമ്മൻകാരനായ ഉദ്യോഗസ്ഥൻ ഹെർമൺ ഹൈൻറീഷ് ഗോസൻ(1810-1858) തൻെറ ഗ്രന്ഥത്തിൻെറ ആദ്യപതിപ്പു മുഴവനും നശിപ്പിച്ചെങ്കിലും ഒരു കോപ്പി ബ്രിട്ടീഷ് മ്യൂസിയത്തിൽ കടന്നുകൂടിയതു് ജെവൺസ് കണ്ടെടുത്തു. ഇതാണ് രണ്ടാമത്തെ ഗ്രന്ഥം.

## വെറും ഗവേഷണോപകരണം

കണക്കുകൂട്ടൽപ്രസ്ഥാനം വൃഥാവിലായില്ല ക്ലാസ്സിക്കൽ സാമ്പത്തികശാസ്ത്രജ്ഞന്മാർ ലഘുവാക്കി തള്ളിയ ചില സാമ്പത്തികപ്രക്രിയകളിലേയ്ക്കു കൂടുതൽ വെളിച്ചം വീശി;

ചില സൂക്ഷ്മാംശങ്ങൾ വ്യക്തമായി കണ്ടു. ത്രികോണത്തിൽ കൂടിയും നേർവരയിൽകൂടിയും മനുഷ്യസ്വഭാവം ചലിക്കണമെന്നില്ലല്ലോ. കുരങ്ങിനെ മെരുക്കിയെടുത്തു് ശിക്ഷണം നൽകി പഴക്കച്ചവടത്തിനിരുത്തി, വൈകുന്നേരം ശരാശരി ഇത്ര പണം കിട്ടുമെന്നു കരുതി ചെന്നു നോക്കിയപ്പോൾ കുരങ്ങും പഴവും അപ്രത്യക്ഷമായിരുന്നു എന്നു് പറഞ്ഞപോലെയാണു് മനുഷ്യസ്വഭാവത്തിൻെറ കഥ—അത്ര തീർച്ച പറയാൻ പററില്ല.

ഈ പരമാർത്ഥം മനസ്സിലാക്കിയ ലിയോൺ വാൾറസ് (1834–1910) സാമ്പത്തികശാസ്ത്രജ്ഞനുപയോഗിക്കുന്ന ഗണിതശാസ്ത്രം വെറും ഗവേഷണോപകരണം മാത്രമാണെന്നു് വ്യക്തമാക്കി. കൃഷിയുടെ മേഖലയിൽ സോഷ്യലിസമാണാവശ്യമെന്നദ്ദേഹം ചൂണ്ടിക്കാട്ടി. ഗണിതശാസ്ത്രത്തിലൂടെ സാമ്പത്തികശാസ്ത്രത്തെ സമ്പന്നമാക്കുന്നതിൽ വാശിക്കാരായിരുന്നു ആസ്ത്രിയക്കാരായ കാൾ മെങ്കർ, യൂജൻഫോൺ ബോംബൗവർ, ബ്രിട്ടീഷുകാരൻ ജോൺ ബെയിററ്സ് ക്ലാക്ക് എന്നിവർ.

## മാൻഡ്‌വിൽ

ഈ ഗണിതശാസ്ത്രജ്ഞന്മാരുടെ കൂടെ ചില പരമരസികന്മാരായ അരക്കിറുക്കന്മാരും അവിശ്വാസികളും വന്നെത്തി, സാമ്പത്തികശാസ്ത്രത്തെ സമ്പന്നമാക്കുവാൻ. നന്മ തിന്മയാണെന്നും തിന്മ നന്മയാണെന്നും സമർത്ഥിച്ച ബെർണാഡ് മാൻഡ്‌വിൽ പറഞ്ഞു, ധനികരുടെ ധൂർത്തടിമൂലം സാധുക്കൾക്ക് ജോലി കിട്ടുകയും സിൽക്ക്, മദ്യം, ചുരുട്ട് തുടങ്ങിയ വ്യവസായങ്ങൾ വികസിക്കുകയും ചെയ്യുന്നുവെന്ന്; തദ്വാരാ പൊതുക്ഷേമം വർദ്ധിക്കുന്നുവെന്ന്. കൊലചെയ്യുന്നവൻ പുരോഹിതനും, കുരിശുപിടുത്തക്കാരനും, മണിയടിക്കാരനും, ശവ

മഞ്ചമുണ്ടാക്കുന്നവനും, ശവം ചുമക്കുന്നവനും കുഴിതോണ്ടിക്കും പണിയുണ്ടാക്കിക്കൊടുത്ത്, സാമൂഹ്യസേവനമാണ് ചെയ്യുന്ന തെന്നു പറഞ്ഞ ബെർണാഡ്ഷാ ഒരുപക്ഷേ, മാൻഡ്‌വിൽ എഴുതിയ ഒരേടെങ്കിലും കണ്ടുകാണും. അപകടകാരിയാണ് മാൻഡ്‌വില്ലിൻെറഗ്രന്ഥം(Fable of Bees)എന്നു കോടതി വിധിച്ചത് വെറുതെയല്ല; മാൻഡ്‌വിൽ ശിക്ഷാർഹനായി.

മാർക്സിൻെറ വിശകലനം അരസികമായും, സ്മിത്തിൻെറ തത്വങ്ങൾ അപ്രസക്തമായും, മാൾത്തസ്സിൻെറ അമിതോല്പാദന സിദ്ധാന്തം അബദ്ധമായും, ആദർശസ്വപ്നവാദികളായ സോഷ്യലിസ്ററുകളുടെ ചിന്തകൾ വിഡ്ഢിത്തങ്ങളായും പുതിയ ഗണിതശാസ്ത്രജ്ഞന്മാർ കണക്കാക്കി. ഓവൻെറ മനുഷ്യത്വവും സെയ്ൻറ്സൈമൻെറ സാഹോദര്യവും ഫൂറിയറുടെ ദാർശനികത്വവും ഗണിതശാസ്ത്രത്തിനു വഴങ്ങില്ലല്ലോ!

## ബാസ്റ്റിയ

എന്നാൽ ധനശാസ്ത്രത്തിലെത്തിച്ചേൻന്ന പുതിയ പ്രവണതകൾക്ക് മറുമരുന്നായിരുന്നു ഫ്രഞ്ചുകാരൻ ഫ്രെഡറിക് ബാസ്റ്റിയ(1801–1850)യുടെ ചിരി. എത്രയോ കുറച്ചു വർഷങ്ങൾ മാത്രമാണദ്ദേഹം ജീവിച്ചത്. വെറും ആറുവർഷത്തെ സാഹിത്യസേവനം! ബാസ്റ്റിയ ചോദിച്ചു: "ലോകത്തിനു ഭ്രാന്തായോ? രണ്ടു രാഷ്ട്രങ്ങളെ കോർത്തിണക്കുവാനാണ് ചുരം—ഏററവും വേഗത്തിൽ സാധനങ്ങൾ മറുനാട്ടിലെത്തിക്കുവാൻ. എന്നിട്ട്? ആ വലിയ പർവ്വതത്തിൻെറ അടിയിൽക്കൂടിപ്പോകുന്ന ചുരത്തിൻെറ ഇരുഭാഗത്തും കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ നിന്നു വണ്ടി പിടിച്ചുനിർത്തി വിസ്തരിച്ച് പരിശോധിക്കുന്നു, അനേക മണിക്കൂർനേരം. മറുഭാഗത്ത് സാധനങ്ങളെത്തുമ്പോൾ പണ്ടത്തേക്കാൾ വൈകുന്നു. പിന്നെ എന്തിനാണ് ചുരം?"

വിഡ്ഢിത്തങ്ങഠം, വങ്കത്തങ്ങഠം എന്നിവ എവിടെയും മണത്തറിഞ്ഞ് പരസ്യമാക്കുക മാത്രമാണ് ബാസ്റ്റിയയുടെ ബുദ്ധിക്കു വ്യായാമം നൽകിയിരുന്നത്. ഫ്രഞ്ച് ജനപ്രതിനിധിസഭ പാരീസ്–മാഡ്രിഡ് തീവണ്ടിപ്പാതയെപ്പററി ചർച്ചചെയ്തു. മീസിമിയോ പറഞ്ഞു ബോർഃഡാ നഗരത്തിൽ ഒരു സ്റ്റേഷൻ വേണമെന്നും അത് ഫ്രാൻസിന് ധനമാർജ്ജിച്ചുകൊടുക്കുമെന്നും. തന്മൂലം തീവണ്ടിപ്പാത കുറെ വളഞ്ഞാലും തരക്കേടില്ലെന്നദ്ദേഹം വാദിച്ചു. ബാസ്റ്റിയ വിട്ടുകൊടുത്തില്ല: "നല്ല ആശയം! ബോർഡോയിൽ സ്റ്റേഷൻ വന്നാൽ ഫ്രാൻസ് സമ്പന്നമാകുമെങ്കിൽ ആങ്കേലി, പോയിററിയേഴ്സ് ടൂഴ്സ്, ഓർലിയൻസ് എന്നിവിടങ്ങളിലും സ്റ്റേഷനുകഠം വേണം, നമ്മുടെ രാഷ്ട്രത്തിൽ ധനം കുമ്പാരം കൂടാൻ. എല്ലാ സ്റ്റേഷനുകളിലും തീവണ്ടി നിർത്തണം.......'അങ്ങെത്താത്ത തീവണ്ടി' എന്ന് അതിനു പേരിടാം."

## ഹാസ്യ സമ്രാട്ട്

സാമ്പത്തികലോകത്തിലെ ഹാസ്യസമ്രാട്ടായ ബാസ്റ്റിയയുടെ ജീവിതം ചിരിയിൽനിന്നെത്രയോ ദൂരെയാണ്. ബയോണിൽ ജനിച്ച ബാസ്റ്റിയയ്ക്കു താമസിയാതെ മാതാപിതാക്കന്മാർ നഷ്ടപ്പെട്ടു. ക്ഷയരോഗം അദ്ദേഹത്തിൻെറ ആരോഗ്യത്തെ മർദ്ദിച്ചു സർവ്വകലാശാലയിൽനിന്നു ബിരുദമെടുത്ത ബാസ്റ്റിയ കച്ചവടത്തിലേർപ്പെട്ടു; തുലഞ്ഞു. കൃഷിയായാലോ? പരീക്ഷിച്ചു, പരാജയമടഞ്ഞു. സൈന്യത്തിൽചേർന്നു. തൻെറ സൈന്യവിഭാഗത്തെ നയിച്ച് ശത്രുവിൻെറ ഒരു കോട്ട പിടിച്ചു. ആ യത്നം വിഫലമായി. കോട്ടയ്ക്കകത്തുള്ള അധികാരികഠം അദ്ദേഹത്തിനും സൈന്യത്തിനും ഗംഭീരമായ വിരുന്നു നൽകി പറഞ്ഞയച്ചു കോട്ടകീഴടങ്ങിയതുമില്ല.

നിരാശനായ ബാസ്റ്റിയ ധനശാസ്ത്രവുമായി മല്ലിടുകയായി. ഒരു സുഹൃത്തിൻെറ നിർദ്ദേശപ്രകാരം തൻെറ ആശയ

ങ്ങൾ കടലാസ്സിലാക്കി ഒരു പരീസിയൻ മാസികയ്ക്കുദ്ദേ ശം അയച്ചുകൊടുത്തു. പ്രസിദ്ധീകൃതമായതോടെ ബാസ്റ്റിയ പ്രസിദ്ധനായി. പാരീസിലെത്തിയ ബാസ്റ്റിയയെപ്പററി ഡി. മോളിനേർ എഴുതി: "നീണ്ട തലമുടി, ചെറിയ തൊപ്പി, വള രെ വലിയ കോട്ട്, പൈതൃകമായിക്കിട്ടിയ കുട—തലസ്ഥാ നം കാണാൻ വന്ന സത്യസന്ധനായ ഉൾനാട്ടുകാരൻ!"

## ചാടിക്കടിക്കുന്ന പേന

എതിരാളികളെ ചാടിക്കടിക്കുന്ന ഒരു പേനയുണ്ടദ്ദേഹ ത്തിൻെറ കൈയിൽ. ജനപ്രതിനിധിസഭയിലെ ചർച്ചകൾ, മ ന്ത്രിമാരുടെ മറുപടികൾ, പ്രഖ്യാപനങ്ങൾ എന്നിവ പുറ ത്തിറങ്ങിയാൽ ബാസ്റ്റിയയുടെ പേന ചലിക്കുകയായി; ഫ്ര ഞ്ച് രാഷ്ട്രം ചിരിച്ചു ചിരിച്ചു മണ്ണുകപ്പുകയായി. 1840-ൽ ജനപ്രതിനിധിസഭ വിദേശസാധനങ്ങളിന്മേൽ നികുതി ചുമ ത്തി, ദേശീയവ്യവസായങ്ങളെ പരിപോഷിപ്പിക്കുവാൻ. ബാ സ്റ്റിയ എഴുതി:

"വെളിച്ചവുമായി ബന്ധപ്പെട്ട എല്ലാ സാധനങ്ങളും ഉ ല്പാദിപ്പിക്കുന്ന ഫ്രഞ്ചുല്പാദകരുടെ ഭീമഹർജ്ജി—

ഫ്രഞ്ച് ജനപ്രതിനിധിസഭാംഗങ്ങൾക്ക്. മാന്യരെ,

നമ്മുടെ ദേശീയകമ്പോളത്തിൽ അമിതമായി വന്നെത്തു ന്നതും വൻതോതിൽ വെളിച്ചമുല്പാദിപ്പിച്ച് വിലയില്ലാതെ വിൽക്കുന്നതും തദ്വാരാ വെളിച്ചമുല്പാദിപ്പിക്കുന്ന ദേശീയവ്യ വസായങ്ങളെ പരസ്യമായി തകക്കുന്നതുമായ വൻ വിദേശ വ്യവസായിയെപ്പററിയാണ് ഞങ്ങൾക്കു പറയുവാനുള്ളത്. ആ വിദേശവ്യവസായി സൂര്യനല്ലാതെ മററാരുമല്ല ... ആയതു കൊണ്ട് ഉടനടി നിയമനിർമ്മാണംവഴി വെളിച്ചം കടക്കുന്ന എല്ലാ ദ്വാരങ്ങളും സുഷിരങ്ങളും തുളകളും അടയ്ക്കുന്നതിനു ജനങ്ങളെ നിർബ്ബന്ധിക്കണമെന്നു ഞങ്ങളഭ്യർത്ഥിക്കുന്നു.

വിദേശീയസാധനങ്ങളുടെ വിലയും ദേശീയസാധനങ്ങളുടെ വിലയും തുല്യമാകുമാറ് ദേശീയവ്യവസായങ്ങളെ നിയമം വഴി സംരക്ഷിക്കുന്ന സ്ഥിതിക്ക്, വെളിച്ചം നിർമ്മിക്കുന്ന ഒട്ടനവധി ദേശീയവ്യവസായങ്ങളെ സഹായിക്കുമാറ് പകലും വീടുകൾക്കും കെട്ടിടങ്ങൾക്കുമകത്ത് കൃത്രിമവെളിച്ചം ലഭിക്കുന്നതിനു് വിളക്കുകൾ തുടങ്ങിയവ കത്തിക്കണമെന്നും അതുവഴി ദേശീയവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും സംരക്ഷിക്കുകയും തദ്വാരാ രാഷ്ട്രസമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്യണമെന്നും ഞങ്ങൾ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.''

ദേശീയവ്യവസായങ്ങൾ അമിതമായി സംരക്ഷിക്കുന്നതിനെതിരായി, സ്വതന്ത്രവ്യാപാരത്തിനുവേണ്ടി, ഇതിലും ശക്തിയായി ആരും വാദിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല

## ചായക്കപ്പിലെ കോളിളക്കം

രാഷ്ട്രം രാഷ്ട്രോന്നമനത്തിനായി കൂടുതൽ കൂടുതൽ ചെലവിടണമെന്ന് എവരും വാദിച്ചപ്പോൾ, ബാസ്റ്റിയ ഇടഞ്ഞു: "എന്ത്! രാഷ്ട്രത്തിന്റെ ചെലവിൽ എവരും ജീവിക്കണമെന്നാഗ്രഹിക്കുന്നു. രാഷ്ട്രം എവരുടെയും ചെലവിലും" ശരിയല്ലെ? വെറുതെയല്ല ബാസ്റ്റിയയുടെ ഗ്രന്ഥ(Economic Sophisms)ത്തിനു കമ്പോളത്തിൽ പിടിച്ചുപറിയായത്.

ബാസ്റ്റിയയുടെ വിമർശനങ്ങൾ ഗണ്യമായ സ്വാധീനം ചെലുത്തിയെന്നതാണ് പരമാർത്ഥം. സ്വതന്ത്ര തൊഴിലാളി യൂണിയനുകൾ ഇംഗ്ലണ്ടിലും ഫ്രാൻസിലും സ്ഥാപിക്കുന്നതിനു് അദ്ദേഹം നടത്തിയ യത്നം വിഫലമായി. കാരണം, അദ്ദേഹം ഒരു സംഘാടകനല്ലായിരുന്നു ഫ്രഞ്ച് ജനതയ്ക്കു് അദ്ദേഹത്തെ ഇഷ്ടപ്പെട്ടു. ആയിരത്തിയെണ്ണൂററിനാല്പത്തിയെട്ടിലെ മാർക്സിയൻ വിപ്ലവകാലത്തു് അദ്ദേഹം ഫ്രഞ്ച് ജനപ്രതിനിധിസഭയിലേക്കു് തെരഞ്ഞെടുക്കപ്പെട്ടു

ബാസ്റ്റിയ തൻെറ പുതിയ ഗ്രന്ഥത്തിൽ (Economic Harmonies) എഴുതി: "ഇക്കാണുന്ന കലഹവും കലാപവും ഉപരിപ്ലവവാസനകൾ മാത്രമാണ്. അതിനടിയിൽ വിവിധ വൎഗ്ഗങ്ങളിൽപെട്ട അനേകായിരം വ്യക്തികളുടെ സ്വാൎത്ഥലാഭത്തിനായുള്ള സാമ്പത്തികയത്നം മനുഷ്യഗണത്തിൻെറ ക്ഷേമത്തിനായി പ്രവൎത്തിക്കുന്നു........"

## ഞാൻ മരിച്ചിട്ടില്ല!

ഇത്രയുമായപ്പോഴേക്കും ക്ഷയരോഗമദ്ദേഹത്തെ കാൎന്നു തിന്നു. ശ്വാസോച്ഛ്വാസം ശ്രമകരമായി. ആരോഗ്യസംരക്ഷണത്തിനായി അദ്ദേഹം ഇററലിയിലെ പിസാനഗരത്തിൽ അഭയം തേടി. അവിടെവെച്ച് അദ്ദേഹം പത്രത്തിൽ വായിച്ചു: "പ്രസിദ്ധ സാഹിത്യകാരനും ഹാസ്യസമ്രാട്ടും ധനശാസ്ത്രജ്ഞനുമായ ബാസ്റ്റിയ മരിച്ചുപോയി" എന്തൊരനുഭവം! അദ്ദേഹം തൻെറ സ്നേഹിതനെഴുതി: "ദൈവത്തിനു സ്തുതി! ഞാൻ മരിച്ചിട്ടില്ല! വേദനയില്ലാതെ ആഹ്ലാദത്തോടെ ഞാൻ മരിക്കും, എൻെറ സ്നേഹിതന്മാർ സ്നേഹപൂൎവ്വം എന്നെപ്പററിയുള്ള ഓൎമ്മകൾ ഹൃദയത്തിൽ സൂക്ഷിക്കുമെങ്കിൽ. അല്ല, ആ ഓൎമ്മകൾ നിങ്ങളുടെ ഹൃദയത്തെ മുറിവേല്പിക്കുന്നുവെങ്കിൽ—ഞാൻ മരിക്കില്ല!" ഗ്രന്ഥം മുഴമിക്കുവാൻ അദ്ദേഹം യത്നിച്ചു. പററിയില്ല. ഒരു ദിവസം അദ്ദേഹം കിടക്കയിൽനിന്നെണീററില്ല. ബോധം തെളിഞ്ഞപ്പോൾ ബാസ്റ്റിയ അന്ത്യകൂദാശകൾ കൈക്കൊണ്ടു് മരിച്ചു. പുരോഹിതൻ പറഞ്ഞു, അദ്ദേഹത്തിൻെറ അവസാനവാക്കുകൾ ഇവയായിരുന്നുവെന്നു്: "സത്യം, സത്യം, സത്യം!"

ഹാസ്യം, ഫലിതം, നൎമ്മസംഭാഷണം—ഇവയായിരുന്നു ബാസ്റ്റിയയുടെ ആയുധങ്ങൾ. ഒരു പുതിയ പ്രസ്ഥാനത്തിൻെറ ജനയിതാവു്? അല്ല. പുതിയ കുരിശുയുദ്ധത്തിൻെറ നേതാവു്? അല്ല. തീവ്രവാദി? തീർച്ചയായും അല്ല ഭാവിയി

ലേക്ക വെളിച്ചം വീശുന്ന ഏതാനും പ്രശ്നങ്ങറം അദ്ദേഹമുന്ന യിച്ചു: അമിതമായ ഗവമ്മേണ്ടുസഹായം വ്യവസായങ്ങളെ ഗവമ്മേണ്ടിൻെറ സ്വാധീനത്തിൽ കൊണ്ടുവരികയില്ലേ? സാമ്പത്തികമണ്ഡലത്തിലെ സ്വകാര്യമേഖലയും പൊതുമേഖലയും തമ്മിൽ സംഘട്ടനമുണ്ടാകില്ലേ? സാമൂഹ്യക്ഷേമം വളത്തുന്ന മാനുഷികസ്വാതന്ത്ര്യത്തിൻെറ പ്രവത്തനം ഗവമ്മേണ്ടിടപെടൽ കൊണ്ടു് തകരാറിലാകില്ലേ?

ചോദ്യങ്ങറം നിലനിന്നു. ജെ. എസ്സ്. മില്ലിൻെറ ഗ്രന്ഥം സാമ്പത്തികശാസ്ത്രത്തിൻെറ ബൈബിളായി. ഗണിതശാസ്ത്രത്തിനു് "അഞ്ഞെത്താത്ത തീവണ്ടി"യുടെ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ല. അവസാനം ജെവൺസു് എഴുതി: "........രാഷ്ട്ര വിജ്ഞാനീയത്തിൻെറ കാര്യത്തിൽ (അതിനു ഗണിതശാസ്ത്രം പററില്ലല്ലൊ) ഞാനിന്നും ഇരുട്ടിലാണു്."

## ഹെൻറി ജോർജ്ജ്

എത്രയെത്ര തൊഴിലുകളദ്ദേഹം പിന്നിട്ടു! സാഹസികനായ സഞ്ചാരി, സ്വണ്ണമന്വേഷിക്കുന്നവൻ, അച്ചുനിരത്തുവിദഗ്ധൻ, ലേഖകൻ, ഗവമ്മേണ്ടുദ്യോഗസ്ഥൻ, പ്രഭാഷകൻ— പക്ഷേ കോളേജിൽ പോകുകയുണ്ടായില്ല: ഹെൻറി ജോർജ്ജ് (1839-1897). പതിമൂന്നാം വയസ്സിൽ സ്കൂളിൽനിന്നൊളിച്ചോടിപ്പോയ ഹെൻറി 'ഹിൻഡു' എന്ന കപ്പലിൽ 'ബോയ്' ആയി കയറിപ്പററി. ഒരാറം മരിക്കുന്നതു കണ്ട ബാലനായ ഹെൻറിക്കു് ജീവിതത്തിൽ നിരാശ തോന്നി. കൂട്ടുകാരനായ കുരങ്ങനെ ഉപേക്ഷിച്ചു് ഹെൻറി കപ്പൽകയറുകയാണുണ്ടായതു്. പൌരസ്ത്യരാജ്യങ്ങളിൽനിന്നു തിരിച്ചെത്തിയ ഹെൻറി തൻെറ നാടായ ഫിലഡെൽഫിയയിൽ ഒരച്ചടിശാല തുടങ്ങി. പത്തൊൻപതുകാരൻ ഹെൻറി വീണ്ടും കപ്പൽ കയറി, കാലിഫോർണിയയിലേക്കു്; സ്വണ്ണം അരിച്ചെടുത്തു് സ്വത്തുകാരനാകുവാൻ.

പോകുന്നതിനുമുമ്പ് അദ്ദേഹം തൻെറ കഴിവുകളെപ്പററി ഇങ്ങനെ ഡയറിയിൽ കുറിച്ചു: പ്രേമിക്കാനുള്ള കഴിവ്—വലുതു്; സന്താനോല്പാദനകഴിവു്—സാമാന്യം; രമ്യതയ്ക്കുള്ള കഴിവു്—വലുതു്; ജീവിക്കുവാനുള്ള കഴിവു്—ധാരാളം; ശ്രദ്ധ കേന്ദ്രീകരിക്കുവാനുള്ള കഴിവു്—വലുതു്. പട്ടിക തുടരുന്നു: ഭക്ഷണമകത്താക്കാനുള്ള കഴിവു്—പൂർണ്ണം; പണസമ്പാദനകഴിവു്—മോശം; ആത്മാഭിമാനം—നിറയെ; ജാഗരൂകത—വലുതു്; സ്വയം വിലയിരുത്താനുള്ള കഴിവു്—തരക്കേടില്ല.

ജാഗരൂകതയുടെ ഫലമാകാം, സ്വർണ്ണം കിട്ടായ്കയാൽ കപ്പൽജീവിതത്തിലേയ്ക്കദ്ദേഹം മടങ്ങി. ശ്രദ്ധ കേന്ദ്രീകരിക്കാനിഷ്ടപ്പെട്ടതുകൊണ്ടാകാം, അദ്ദേഹം സാൻഫ്രാൻസിസ്കോവിൽ അച്ചുനിരത്തുകാരനായി. അധികം താമസിയാതെ നെല്ലുകുത്തുമില്ലിലെ അളവുകാരനായി ഹെൻറി. വീണ്ടും തെണ്ടിത്തിരിഞ്ഞു്, സ്വർണ്ണം കണ്ടെത്താൻ പിന്നെയുമിറങ്ങി, പോക്കററിലൊന്നുമില്ലാതെ മടങ്ങിപ്പോന്നു ജീവിക്കാനുള്ള കഴിവു്—പൂർണ്ണം!

## പ്രധാന ലേഖകൻ

പ്രേമവികാരത്തിനുള്ള കഴിവു്— ധാരാളം. 'ഇസ്പേഡ്' താടിയുള്ള ഹെൻറി മധുരപ്പതിനേഴുകാരി ആനിഫോക്സിനേയും കൊണ്ടു കടന്നുകളഞ്ഞു, യുവത്വത്തിൻെറ രസമനുഭവിക്കുവാൻ. ഒരമളി പററി. ആനിയുടെ കനമുള്ള പെട്ടിയിൽ സ്വർണ്ണമാണെന്നാണ് ഹെൻറി കരുതിയതു്. തുറന്നുനോക്കിയപ്പോൾ നിറയെ കവിതാഗ്രന്ഥങ്ങൾ. നവദമ്പതികൾ പട്ടിണിയുമായി പടവെട്ടി. ആനി രണ്ടാമത്തെ കുഞ്ഞിനെ പ്രസവിച്ചു. അക്കാലത്തെപ്പററി ഹെൻറി എഴുതി: "ഞാൻ തെരുവിലേക്കിറങ്ങി, ആദ്യം കാണുന്നവനിൽനിന്നു് പണം ചോദിച്ചെടുക്കുവാൻ. ഒരു അപരിചിതനെ ഞാൻ പിടിച്ചുനിർത്തി അഞ്ചു ഡോളർ ഞാനാവശ്യപ്പെട്ടു. എന്തിനാണ് പണം? പ്രസവി

ച്ചുകിടക്കുന്ന എൻെറ ഭാൎയ്യയ്ക്കു് ആഹാരം കൊടുക്കുവാൻ. അയാറം പണം തന്നു. തന്നില്ലെങ്കിൽ, ഞാനയാളെ കൊല്ലുമായിരുന്നു—"

സാൻഫ്രാൻസിസ്കോ 'ടൈംസി'ലെ ഒരു കമ്പോസിററർ ലേഖനങ്ങളെഴുതി പത്രാധിപർ നോഹാ ബ്രൂക്കിനു് എത്തിച്ചുകൊടുക്കാറുണ്ടു്. മററു പത്രങ്ങളിൽനിന്നു പകൎത്തിയെടുത്തതാകുമോ എന്നു ഭയന്നു്, അവയിലൊന്നും ഈ ലേഖനങ്ങളിലില്ലെന്നു ബോദ്ധ്യംവരുത്തിയതിനുശേഷം മാത്രമേ അദ്ദേഹം അവ തൻെറ പത്രത്തിൽ പ്രസിദ്ധപ്പെടുത്താറുള്ളു. ആരാണീ കമ്പോസിററർ ഹെൻറി ജോർജ്ജു്? ജിജ്ഞാസയടക്കുവാൻ അദ്ദേഹം താഴെയിറങ്ങിച്ചെന്നു കണ്ടതോ? കുള്ളനായതിനാൽ ഒരു പെട്ടിയിന്മേൽ കയറിനിന്നു് അച്ചുനിരത്തുന്ന ചെമ്പിച്ചൊറുകുള്ള ചെറുപ്പക്കാരനെ. ഹെൻറിയെ റിപ്പോർട്ടറായി പത്രാധിപർ നിയമിച്ചു.

പ്രധാനലേഖകൻ എന്ന നിലയിൽ "സാൻഫ്രാൻസിസ്കോ പോസ്റ്റി"ൽ ചേൎന്ന ഹെൻറി തൻെറ ലേഖനങ്ങറംവഴി, "സൺറൈസ്" കപ്പലിലെ കപ്പിത്താനെയും മറെറാരുദ്യോഗസ്ഥനേയും കൊന്നു കടലിലെറിഞ്ഞ കേസ്സിലെ കുററവാളികളെ അറസ്റ്റുചെയ്യുവാനിടയാക്കി. അക്കാലത്താണദ്ദേഹം ജെ. എസ് മില്ലുമായി കത്തിടപാടുകളിൽ ഏൎപ്പെട്ടതു്. 'പോസ്റ്റ്' പത്രത്തെ ഇതിനിടയിൽ അതിൻെറ ഉടമസ്ഥർ മററാർക്കോ വിററു

## ദൎശനം! വെളിപാടു്!

അവിടെനിന്നിറങ്ങിയ ഹെൻറി ഗ്യാസ്മീററർ ഇൻസ്പെക്ടറായി നിയമിതനായി. ധാരാളം വിശ്രമസമയമുണ്ടായിരുന്നതിനാൽ അദ്ദേഹം ധനശാസ്ത്രം പഠിച്ചു. മിൽ ആയിരുന്നു അദ്ദേഹത്തിൻെറ ഗുരു. താമസംവിനാ ഹെൻറി ഒരു ധനശാസ്ത്രജ്ഞനായി അംഗീകരിക്കപ്പെട്ടു

കാലിഫോർണിയ സവ്വകലാശാലയിൽ ധനശാസ്ത്രപ്രൊഫസ്സറുടെ ഒഴിവിലേയ്ക്കു് പ്രസിദ്ധനായിക്കഴിഞ്ഞിരുന്ന ഹെൻറി ജോർജ്ജ് നിർദ്ദേശിക്കപ്പെട്ടു. നിയമനത്തിനുമുമ്പു് സ്ഥാപനം നടത്തുന്ന ബോർഡംഗങ്ങളും അദ്ധ്യാപകരും വിദ്യാർത്ഥികളുമടങ്ങിയ സദസ്സിൽ ഉദ്യോഗാർത്ഥി പ്രസംഗിക്കണമെന്നാണു് ചട്ടം. ആ പ്രസംഗം കുഴപ്പമുണ്ടാക്കി ഹെൻറി ജോർജ്ജ് പറഞ്ഞു: "തൊഴിലാളിവർഗ്ഗത്തെ ഉയന്ന കൂലിയിൽനിന്നു നീക്കിനിർത്തുന്നതു് ധനശാസ്ത്രമല്ല........അതിൽ ധനശാസ്ത്രത്തിനു പങ്കില്ല. (മുതലാളിവർഗ്ഗമാണെന്നാണു് സൂചന)........ധനശാസ്ത്രം പഠിക്കുവാൻ സാങ്കേതികപരിജ്ഞാനമോ ലൈബ്രറിയോ പരീക്ഷണശാലയോ പാഠപുസ്തകങ്ങളോ വേണ്ട." ഹെൻറിയുടെ ആശയങ്ങൾ അവർ സഹിച്ചില്ല. അദ്ധ്യാപകർ വേണ്ട. ഹെൻറിക്കുദ്യോഗം നഷ്ടപ്പെട്ടു.

ഹെൻറി വീണ്ടും ധനശാസ്ത്രപഠനത്തിലേപ്പെട്ടു. ഫലമോ? അദ്ദേഹമിങ്ങനെ രേഖപ്പെടുത്തുന്നു: "പകൽസമയം ഞാൻ തെരുവിൽകൂടി നടക്കുമ്പോൾ പൊടുന്നനവെ ഒരു ചിന്ത എൻെറ മുമ്പിൽ അവതരിച്ചു. ദശനം! വെളിപാടു്! നിങ്ങളിഷ്ടമുള്ള പേരിട്ടോളു അതിനു്. അതെന്നെ 'പുരോഗതിയും ദാരിദ്ര്യവും' (Progress and Poverty) എന്ന ഗ്രന്ഥമെഴുതുവാൻ പ്രേരിപ്പിച്ചു. ആ ദർശനമില്ലായിരുന്നെങ്കിൽ ഞാൻ പരാജയപ്പെട്ടുമായിരുന്നു........അങ്ങനെ രാത്രിയുടെ നിശ്ശബ്ദതയിൽ ഞാൻ ഒടുവിലെ പേജ് എഴുതിത്തീർത്തു. എന്നിട്ടു് മുട്ടിന്മേൽനിന്നു കൊച്ചുകുഞ്ഞിനെപ്പോലെ കരഞ്ഞു."

## അമിതപാട്ടം എന്ന വില്ലൻ

ഹെൻറിയുടെ ഹൃദയത്തിൽനിന്നത്രേ ആ ഗ്രന്ഥം ജീവൻകൊണ്ടതു്. അഭിലാഷങ്ങൾ നെടുവീപ്പുകൾ—രണ്ടിലും മുക്കിയെടുത്ത ആശയങ്ങൾ. ഒരു ശാസ്ത്രഗ്രന്ഥത്തിൻെറ അടുക്കും

ചിട്ടയും അതിലില്ല. എന്നാൽ വായിക്കുവാൻ ബഹുരസം—നോവൽപോലെ മുന്നോട്ടു നീങ്ങും.

ഹെൻറി പറഞ്ഞതിതാണ്: സമൂഹത്തിനു യാതൊരു സേവനവും ചെയ്യാത്ത ഏതാനുംപേർ സമ്പന്നരായിത്തീരുന്നു. പന്ത്രണ്ടുവർഷത്തിനകം ഒരു ഗ്രാമം പട്ടണമായിത്തീരുന്ന പക്ഷം, അവിടെ കുറെ ഭൂമി വാങ്ങി കൈയുംകെട്ടിയിരുന്നാൽ മതി, ധാരാളം പണമുണ്ടാക്കാം എന്തെല്ലാം സാധ്യമാകും? "പുതിയ നഗരത്തിൽ താങ്കൾക്കൊരു മനോഹരമായ വലിയ കെട്ടിടം, താമസിക്കുവാൻ....പക്ഷേ, വലിയ കെട്ടിടങ്ങൾക്കിടയിലുണ്ടാകും ഒരു അഗതിമന്ദിരം."

റിക്കാർഡോ ഇതെല്ലാം കണ്ടു. സമൂഹം വ്യവസായികളെ പിന്തള്ളി ഭൂവുടമകളെ സമ്പന്നരാക്കും. ഹെൻറി ഒരു പടികൂടി കടന്നു പറഞ്ഞു: ഈ സ്ഥിതിവിശേഷം വ്യവസായികളുടെ ലാഭം കരണ്ടെടുക്കും, തൊഴിലാളികളെ ദാരിദ്ര്യത്തിലാഴ്ത്തും. ഇതാണ് സാമ്പത്തികത്തകർച്ചയുടെ കാരണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഭൂവുടമയ്ക്കു് അമിതമായ പാട്ടം കിട്ടിയാൽ ഇത്രധികം കുഴപ്പമുണ്ടാകുമോ?

## ഒററമൂലിക

ഹെൻറിയുടെ ന്യായങ്ങൾ വ്യക്തമല്ല. വ്യവസായികളേയും തൊഴിലാളികളേയും ചൂഷണംചെയ്യുന്നതുകൊണ്ടാണ് അമിതമായ 'പാട്ട'മുണ്ടാകുന്നതെന്ന് അദ്ദേഹം ധരിച്ചുവശായി. അമിതമായ പാട്ടം ഭൂമിയെ സംബന്ധിക്കുന്ന ഊഹക്കച്ചവടങ്ങൾക്കിടംനൽകുന്നതിനാൽ, എല്ലാം നിലംപതിക്കുന്നു; വിലനിലവാരം ഇടിയുന്നു—ഇതാണ് ഹെൻറിയുടെ വാദം.

അമിതമായ പാട്ടമാണ് സമൂഹത്തിൻെറ കഥയിലെ വില്ലൻ. ഈ വില്ലനാണ് ദാരിദ്ര്യം സൃഷ്ടിക്കുന്നത്. ശരി.

ദാരിദ്ര്യത്തിൽനിന്നുള്ള മോചനമാൎഗ്ഗമേത്? ഭൂമിയിന്മേൽ ഒരേയൊരു ഭാരിച്ച നികുതി. വില്ലൻ "കസ്സുഡി"യിലാകും. ഈ നികുതി പാട്ടത്തിലെ സമ്പാദിക്കാതെ കിട്ടിയ ഭാഗം ഒപ്പിയെടുക്കുന്നു. അങ്ങനെ വില്ലൻ പരിഷ്ക്കൎത്താവായി മാറുന്നു: "കൂലിനിരക്കുയരും, മൂലധനത്തിൻെറ പ്രതിഫലം വൎദ്ധിക്കും; പാപ്പരത്തം നശിക്കും, ദാരിദ്ര്യം തുത്തുമാററപ്പെടും; ആവശ്യമുള്ളവൎക്കെല്ലാം തൊഴിൽ കിട്ടും; മനുഷ്യൻെറ കഴിവുകൾക്ക് പ്രവൎത്തനസ്വാതന്ത്ര്യം ലഭിക്കും; ഗവൎമ്മേണ്ട് ശുദ്ധമാകും, നാഗരികത അത്യുന്നതങ്ങളിലേയ്ക്കുയരും." സമൂഹത്തിൻെറ സൎവ്വവിധ അവശതകളും പരിഹരിക്കപ്പെടും. ഒന്നാന്തരം ഒററമൂലിക!

## ശരിയോ?

ഹെൻറിജോർജിൻെറ ആശയങ്ങൾക്ക് വിലയിരുത്തിനോക്കാം. പാട്ടവും പാപവും ഒരുമിപ്പിക്കുക; 'പാട്ട'ത്തെ പഴിക്കുക; ഒററമൂലികകൊണ്ട് ലോകം നന്നാക്കുക—ക്രാന്തദൎശിയായ ഹെൻറിക്കു മാത്രമേ അതു സാധിക്കൂ. ഹെൻറിയുടെ സ്ഥായിയായ ആശയം വ്യക്തമാണ്: വെറുതെയിരിക്കുന്ന ഭൂവുടമസ്ഥൻ അമിതമായ പാട്ടം കിട്ടുന്നു; ഉത്സാഹശീലനായ വ്യവസായിക്ക് ഒന്നും കിട്ടുന്നുമില്ല. പക്ഷേ, ഭൂമിയെ ആധാരമാക്കിയുള്ള ഊഹക്കച്ചവടങ്ങൾ സാമ്പത്തികത്തകൎച്ചയുണ്ടാക്കുന്നില്ല.

മാത്രമല്ല, പാട്ടം കൂടുമ്പോൾ മൂലധനം, കാർഷികകൂലി എന്നിവയും വൎദ്ധിക്കുന്നുണ്ട്. ഭൂമി വ്യക്തിയിൽനിന്ന് വ്യക്തിയിലേയ്ക്കു കൈമാറപ്പെടുന്നു. പുതിയ സങ്കേതവിദ്യ കാർഷികോല്പാദനം വൎദ്ധിപ്പിക്കുന്നു. പുതിയ കാർഷികോല്പന്നങ്ങൾ പുതിയ വ്യവസായങ്ങൾ ഉയൎത്തുന്നു. ചെറിയ കൃഷിക്കാർ രക്ഷപ്പെടുന്നു. 1929–ൽ അമേരിക്കൻ ദേശീയവരുമാന

ത്തിൻെറ ആറു ശതമാനം ആയിരുന്നു പാട്ടവരവ്; 1951-ൽ അത് മൂന്നു ശതമാനമായി കുറഞ്ഞു. പാട്ടം വൎദ്ധിച്ചു വൎദ്ധിച്ചു വരും എന്ന ഹെൻറിയുടെ നിഗമനം ശരിയായിരുന്നില്ല.

## ഒരുത്തൻ—ഭൂരിപക്ഷം

എന്തായാലും, ഒരു പ്രസംഗപര്യടനത്തിനു ശേഷം ലണ്ടനിൽനിന്നു് തിരിച്ചെത്തിയ ഹെൻറി ലോകപ്രസിദ്ധനായിരുന്നു. അദ്ദേഹത്തിൻെറ ഗ്രന്ഥം വാഴ്ത്തപ്പെട്ടു: "ഈ ശതാബ്ദത്തിലെ ഏററവും നല്ല ഗ്രന്ഥം" (ആർഗോനോട്ട്); "ആഡംസ്മിത്തിൻെറ ഗ്രന്ഥം മാത്രമേ ഇതിനു സമമായുള്ളു" (ന്യൂയോക്ക് ട്രൈബ്യൂൺ). "ഏററവും നീചവും വിഷമുള്ളതും വഷളുമായ ഗ്രന്ഥം," ഒരു പത്രം പറഞ്ഞു. അതും അദ്ദേഹത്തെ കീൎത്തിമാനാക്കി. ന്യൂയോക്കിലെ മേയർ തെരഞ്ഞെടുപ്പിൽ ഹെൻറി, തിയോഡോർ റൂസ്‌വെൽററിനെ തോല്പിച്ചു!

ഭൂമിയിന്മേൽ ഒരേയൊരു ഭാരിച്ച നികുതി! ഒരു സ്നേഹിതൻ ചോദിച്ചു: "യുദ്ധം —യുദ്ധം കൂടാതെ ഭൂവുടമ ഈ നികുതി തരില്ല. ശരിയല്ലെ?" ഹെൻറി പറഞ്ഞു: "യുദ്ധമെങ്കിൽ യുദ്ധം. തോക്കു ചൂണ്ടേണ്ടിവരില്ലെന്നു തോന്നുന്നു. എന്തായിലും യുദ്ധത്തിനു് ഇതിൽപരം ദിവ്യമായ ഒരു കാരണമുണ്ടാകാല്ല" ജേംസ് റസ്സൽ ടെയ്‌ലർ എഴുതി: "ഒരുത്തനെ ഭൂരിപക്ഷമാക്കി ഉയൎത്തുന്ന ധീരതയാണ് ഹെൻറിയുടേത്."

## അവസാന യാത്ര

എതിൎപ്പുകാറ തല പൊക്കി. തെരഞ്ഞെടുപ്പിൽ ഹെൻറിയെ സഹായിച്ച ഒരു കത്തോലിക്ക പുരോഹിതനെ മാർപ്പാപ്പ മഹറോൻ ചൊല്ലി പുറത്താക്കി. മാൎപ്പാപ്പയുടെ തീട്ടൂരം

വ്യക്തമാക്കി, ഭൂമി തൊട്ടുകളിക്കരുതെന്നു്. കുപ്രസിദ്ധി നേടിയ ഹെൻറിയുടെ നികുതിനിർദ്ദേശം ചർച്ചചെയ്യു് തൻെറ വായനക്കാരെ അവഹേളിക്കുവാൻ സാമ്പത്തിക ശാസ്ത്രജ്ഞൻ വാക്കർ വിസമ്മതിച്ചു. എതിർപ്പുകൾ ഹെൻറിയുടെ ഗ്രന്ഥത്തിൻെറ കോപ്പികൾ വിററഴിക്കുന്നതിൽ സഹായിച്ചതേയുള്ളു.

അനാരോഗ്യത്തേയും വാദ്ധക്യത്തേയും വകവെക്കാതെ ഹെൻറി വീണ്ടും (1897) മേയർ തെരഞ്ഞെടുപ്പിൽ മത്സരിച്ചു. പക്ഷേ, തെരഞ്ഞെടുപ്പിനു് ഏതാനും മണിക്കൂറുകൾ മുമ്പു് ഹെൻറി ജോർജ് ലോകത്തോടു വിടവാങ്ങി. ആയിരക്കണക്കിനാളുകൾ മതവിശ്വാസിയായിരുന്ന അദ്ദേഹത്തിൻെറ അന്ത്യയാത്രയിൽ പള്ളിയങ്കണംവരെ അകമ്പടിസേവിച്ചു.

## ഹോബ്സൺ

സാമ്രാജ്യത്വം കുതിച്ചുയന്നു. വിക്ടർ ഹ്യൂഗോ പറഞ്ഞു, മനുഷ്യത്വം ഫ്രാൻസിലാണു് ഉയന്നെഴുന്നേല്ക്കുകയെന്നു്. ലോകത്തിൻെറ ശ്രദ്ധ അമേരിക്കയിൽ കേന്ദ്രീകരിക്കുമെന്നു് തിയഡോർ റൂസ്‌വെൽററു് വ്യക്തമാക്കി ജമ്മൻ കൈസർ മുഷ്ടി ചുരുട്ടി. 19-ാംനൂററാണ്ടു പിരിഞ്ഞുപോകുന്നതിനു മുമ്പു് ബ്രിട്ടൻ 40 ലക്ഷം ച. നാഴിക സ്ഥലത്തെയും 8 കോടി ജനങ്ങളേയും സാമ്രാജ്യത്തിൽ ചേത്തു. ഫ്രാൻസ് 40 ലക്ഷം ച. നാ. സ്ഥലത്തെയും 4 കോടി ജനങ്ങളേയും. ജമ്മനി 10 ലക്ഷം ച. നാ. സ്ഥലത്തേയും 2 കോടി ജനങ്ങളേയും. ബൽജിയം 9 ലക്ഷം ച. നാ. സ്ഥലത്തേയും 3 കോടി ജനങ്ങളേയും. പോർച്ചുഗൽ 8 ലക്ഷം ച. നാ. സ്ഥലത്തേയും 90 ലക്ഷം ജനങ്ങളേയും.

"അമേരിക്കൻ കോളനികൾക്കു് സ്വാതന്ത്ര്യം നൽകുക" (ആഡം സ്മിത്ത്), "ധനികവഗ്ഗത്തെ ഊതി വീപ്പിക്കുന്ന കോളനികൾ" (റിക്കാർഡോ), "ബ്രിട്ടൻെറ കഴുത്തിൽ കെട്ടിയ അ

ർകല്ലാണ് കോളനികൾ" (ഡിസ്റേലി)—ഈ നില മാറി. രാഷ്ട്രത്തിൻെറ അഭിമാനം പുലത്തുന്നതു് സാമ്രാജ്യത്വമായി. "മനുഷ്യനന്മയ്ക്കായി നിലകൊള്ളുന്ന ഏററവും വലിയ ഘടകം "റോസ്ബറി പ്രഭു അതിനെ പുകഴ്ത്തി. മാർക്ക ട്വെയിൻ മറുപടി പറഞ്ഞു: "ശരിതന്നെ. ബ്രിട്ടീഷുകാരെപ്പററി തിരുവെഴുത്തിൽ പറയുന്നു: "വിനയമുള്ളവർ ഭാഗ്യവാന്മാർ; അവക്കു ഭൂമി പൈതൃകമായി ലഭിക്കും." കിപ്ലിങ്ങ് സാമ്രാജ്യത്വത്തെ പാടിപ്പുകഴ്ത്തി. മുതലാളിത്തത്തിൻെറ സ്വഭാവം മാറി. ഈ മാററത്തിൽ അന്തർലീനമായിക്കിടന്നു യുദ്ധം. രാഷ്ട്രങ്ങൾ വർഗ്ഗങ്ങളായി—കോളനികളുള്ള രാഷ്ട്രങ്ങൾ, കോളനികളില്ലാത്ത രാഷ്ട്രങ്ങൾ.

ഈ കണ്ടുപിടുത്തം ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രജ്ഞൻ ജോൺ. ഏ. ഹോബ്സൻേറതാണ്. മെലിഞ്ഞ ശരീരം, അനാരോഗ്യത്തെപ്പററി ആശങ്ക — വിക്കനായ ഹോബ്സൺ (1858–1940) ഓക്സ്ഫോർഡ് സർവ്വകലാശാലയിൽനിന്നു ബിരുദമെടുത്തു. "ധനമാണ് ജീവിതം'' എന്ന ഹാസ്യമൊഴി പൊഴിച്ച റസ്കിൻെറ ഗ്രന്ഥങ്ങളിൽനിന്നദ്ദേഹം സാമ്പത്തികശാസ്ത്രം മനുഷ്യത്വത്തിൻേറതാണെന്നറിഞ്ഞു; സഹകരണ തൊഴിലാളി സ്ഥാപനങ്ങൾക്കായി വാദിച്ചു.

## അവിശ്വാസി പുറത്തു്!

അരഭ്രാന്തൻ, മതപരമായി അവിശ്വാസി, പാരമ്പര്യങ്ങളെ അറുത്തെറിയുന്നവൻ, ധനശാസ്ത്രമണ്ഡലത്തിലെ 'പറയനാ'ണ് താനെന്നഭിമാനിക്കുന്നവൻ—ഹോബ്സൺ തൻെറ കൂട്ടുകാരനായി സ്വതന്ത്രചിന്തകനും വിജയിയായ വ്യാപാരിയും പർവ്വതാരോഹണവിദഗ്ദ്ധനുമായ (നംഗപർവ്വതത്തിൻെറ മുകളിൽ വെച്ചു് 1895-ൽ ഇദ്ദേഹം മരിച്ചു) ഏ. എഫ്. മമറിയെ സ്വീകരിച്ചു. "ബുദ്ധിപരമായ പർവ്വതങ്ങൾ കയറുന്നതിൽ സമത്ഥനാണ് മമറി'' ഹോബ്സൺ ചിരിച്ചു. അമിതമായി

മിച്ചമുണ്ടാകുക; ഈ സമ്പാദ്യമിച്ചം സമൂഹത്തിൽ വിതരണം ചെയ്യാൻ സാധിക്കായ്ക; സമൂഹത്തിന്ന് വാങ്ങാൻ കഴിവില്ലാത്തതിനാൽ നിർമ്മിക്കുന്ന സാധനങ്ങൾ ചെലവാകാതിരിക്കുക—സാമ്പത്തികത്തകർച്ച! എതിരായി തർക്കിച്ചെങ്കിലും, ഈ "മമറി സിദ്ധാന്തം" ഹോബ്സൺ സ്വീകരിച്ചു. ഈ സിദ്ധാന്തത്തിന് പൂർണ്ണരൂപം നൽകിക്കൊണ്ട് ഇരുവരുംകൂടി ഒരു ഗ്രന്ഥ (The Physiology of Industry) മിറക്കി.

ഈ സമ്പാദ്യമിച്ചമാണ് മൂലധനമായി മാറി വ്യാവസായികവികാസംവഴി കൂടുതൽ തൊഴിലാളികൾക്ക് ജോലി നൽകുന്നതെന്ന് ആഡം സ്മിത്ത് പറഞ്ഞില്ലേ? പണമിച്ചം തൊഴിലില്ലായ്മ സൃഷ്ടിക്കുകയോ? വിഡ്ഢിത്തം! ഹോബ്സൺ സിദ്ധാന്തം ധൂർത്തടിക്കലിനിടംകൊടുക്കില്ലേ? സാമ്പത്തികലോകം അന്തംവിട്ടു. ലണ്ടൻ സർവ്വകലാശാലയുടെ വികസനപ്രസംഗങ്ങൾ ചെയ്യുവാൻ ഹോബ്സണ് ലഭിച്ച ക്ഷണം പിൻവലിക്കപ്പെട്ടു. അവിശ്വാസി പുറത്ത്!

## മോചനമാർഗ്ഗം

ഈ പുറംതള്ളൽ ഫലപ്രദമായി. സാമ്രാജ്യത്വത്തെ വിശകലനം ചെയ്യുകയായി ഹോബ്സൺ. സാമ്പത്തിക ശാസ്ത്രജ്ഞൻ സാമൂഹ്യവിമർശകനായി. ആ വിമർശകൻ പറഞ്ഞു: "ഇന്നലത്തെ, തൊഴിലില്ലാത്തവരുടെ സമ്മേളനത്തിൽ അവർ കോപിച്ചു പറഞ്ഞതിതാണ്— അപ്പം, അപ്പം, അപ്പം!"

എന്താണ് മോചനമാർഗ്ഗം? അദ്ദേഹമെഴുതി: "രാഷ്ട്രത്തിൻെറ നാലു കോടി ജനങ്ങളെ ആഭ്യന്തരയുദ്ധത്തിൽനിന്നു രക്ഷിക്കുവാനാവശ്യം, മിച്ചംവരുന്ന ജനങ്ങളെ താമസിപ്പിക്കുവാൻ പുതിയ സ്ഥലങ്ങൾ നൽകുക,വ്യവസായങ്ങളിറക്കുന്ന സാധനങ്ങൾ വിററഴിക്കുവാൻ പുതിയ കമ്പോളങ്ങൾ സമ്പാദിക്കുക എന്നിവയാണ്. എല്ലായ്പ്പോഴും ഞാൻ പറഞ്ഞിട്ടുള്ളപോലെ, ഭക്ഷ്യപ്രശ്നപരിഹാരത്തിനാണ് സാമ്രാജ്യം."

ഹോബ്സന്റെ പുതിയ ഗ്രന്ഥം (Imperialism) പുറത്തിറങ്ങി. മാർക്സ് പറഞ്ഞു, മുതലാളിത്തം നശിക്കുമെന്ന്. ഹോബ്സൺ പറഞ്ഞു, അതു ലോകത്തെ നശിപ്പിക്കുകയും ചെയ്യുമെന്ന്. എങ്ങനെ? സ്വയം നാശത്തിൽനിന്നു രക്ഷപ്പെടാൻ മുതലാളിത്തം കോളനികൾ പിടിച്ചടക്കുന്നു. ഫലം: യുദ്ധം — കോളനിജനങ്ങളും കൊളോനിയൽ ശക്തികളും തമ്മിൽ, കോളനി പിടിച്ചെടുക്കുന്നതിനു മത്സരിക്കുന്ന സാമ്രാജ്യശക്തികൾ തമ്മിൽതമ്മിൽ. നാശത്തിൽനിന്നു രക്ഷപ്പെടാനാണ് മുതലാളിത്തം സാമ്രാജ്യത്വമായിത്തീരുന്നതു്; സാമ്രാജ്യത്വത്തെ ആശ്ലേഷിക്കുന്നതു്.

## സഹിഷ്ണുത യുദ്ധം ഒഴിവാക്കും

പ്രശ്നമിതാണ്: മുതലാളിത്തവ്യവസ്ഥയ്ക്കകത്തു് ധനികർ കൂടുതൽ ധനികരും ദരിദ്രർ കൂടുതൽ ദരിദ്രരുമായിത്തീരുന്നു; ധനികരുടെ സമ്പാദ്യമിച്ചം ഭൂരിപക്ഷം വരുന്ന ദരിദ്രരിലേയ്ക്കു പകരുന്നു. സമ്പദ്വ്യവസ്ഥ ഉല്പാദിപ്പിക്കുന്നതെല്ലാം ധനികർക്ക് വാങ്ങാൻ പററില്ലല്ലോ. ദരിദ്രർക്ക് വാങ്ങാൻ പണവുമില്ല. തന്മൂലം കെട്ടിക്കിടക്കുന്ന സാധനങ്ങൾ കോളനികളിൽ വിററഴിക്കേണ്ടതു് അത്യന്താപേക്ഷിതമായിത്തീരുന്നു. സത്യത്തിൽ കോളനികളാണ് കമ്പോളങ്ങൾ; കോളനികളാണ് സമ്പാദ്യമിച്ചം നിക്ഷേപിക്കുവാനുള്ള സ്ഥലവും.

ഹോബ്സന്റെ ന്യായങ്ങൾ മുതലാളി രാഷ്ട്രങ്ങൾ ചെവിക്കൊണ്ടില്ല—മണ്ടത്തരം! ജർമ്മൻ സാമ്പത്തികശാസ്ത്രജ്ഞൻ റെഡ്ബർട്ടസ്സും ജർമ്മൻ വിപ്ലവകാരി റോസാ ലക്സംബർഗ്ഗും ഈ സിദ്ധാന്തത്തിലേയ്ക്കു വിരൽ ചൂണ്ടിയെങ്കിലും, ഹോബ്സണോളം ആഴത്തിലേയ്ക്കും വ്യാപ്തിയിലേയ്ക്കും ഇറങ്ങിയില്ല. ഹോബ്സൺ സിദ്ധാന്തം ലെനിൻ സ്വന്തമാക്കി, കമ്മ്യൂണിസ്റ്റ് തത്വസംഹിതയിലൊതുക്കി.

ലെനിൻ സ്വീകരിച്ചില്ലെങ്കിലും ഹോബ്സൺ എഴുതി, സഹിഷ്ണുതയുണ്ടെങ്കിൽ യുദ്ധം ഒഴിവാക്കാമെന്ന്. എന്തായാലും, ഹോബ്സൺ സിദ്ധാന്തങ്ങൾ ശരിയെന്ന് 19–ാം നൂററാണ്ടിൻെറ രണ്ടാം പകുതിയിലേയും 20–ാം നൂററാണ്ടിൻെറ ഒന്നാം പകുതിയിലേയും ചരിത്രം തെളിയിച്ചു. "കോളനികൾ വേണം, കമ്പോളങ്ങൾ വേണം, അസംസ്കൃതസാധനങ്ങൾ വേണം" എന്ന വാദഗതി യുദ്ധത്തിനിടയാക്കി.

ഹോബ്സൺ പറഞ്ഞതു മുഴുവൻ ശരിയല്ല. പക്ഷേ കൂടുതലും ശരിയാണ്. മുതലാളിത്തം പിന്നെയും വളൎന്നു. സമൂഹത്തിലെ സാമ്പത്തികമായ–ഉച്ചനീചത്വങ്ങൾ കുറയുകയായി; ക്ഷേമരാഷ്ട്രസിദ്ധാന്തം പൊങ്ങിവന്നു; സാമ്രാജ്യത്വം ലാഭകരമല്ലാത്തതിനാൽ വൻശക്തികൾ അവ ഉപേക്ഷിച്ചു: അമേരിക്കയും റഷ്യയും സ്വതന്ത്രമായും ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിലും അവികസിതരാഷ്ട്രങ്ങളെ സഹായിച്ചു.

ഹോബ്സൺ എല്ലാം കണ്ടു. അദ്ദേഹം 1940-ൽ മരിച്ചു. പത്രങ്ങൾ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചു. ജീവിച്ചിരുന്നപ്പോൾ ഏവരും അവഗണിച്ച ഹോബ്സൺ, മരിച്ചപ്പോൾ കീൎത്തിമാനായി. അദ്ദേഹത്തിൻെറ മഹത്തായ ഗ്രന്ഥങ്ങൾ ലോകത്തിൻെറ ശ്രദ്ധയാകൎഷിച്ചു.

## ആൽഫ്രഡ് മാൎഷൽ

അതേ സമയം 'ക്ലാസ്സിക്കൽ' പാരമ്പര്യം പുലൎത്തുന്ന മറെറാരു സാമ്പത്തിക ശാസ്ത്രജ്ഞൻ ഉയൎന്നു. ബാങ്ക് ഓഫ് ഇംഗ്ലണ്ടിലെ കാഷ്യറുടെ മകൻ, പുരോഹിതനാകണമെന്ന മോഹമുപേക്ഷിച്ച് ഗണിതശാസ്ത്രത്തിൽ കേംബ്രിഡ്ജിൽനിന്നു ബിരുദമെടുത്ത അദ്ധ്യാപകൻ, പിന്നെയും ഊൎജ്ജതന്ത്രജ്ഞനാകണമെന്ന ആഗ്രഹം ഉൗത്തുമാററി കേംബ്രിഡ്ജ് സൎവ്വകലാശാലയിലെ ധനശാസ്ത്ര പ്രൊഫസ്സറായിത്തീൎന്ന മഹാൻ—

ആൽഫ്രഡ് മാഷ്ൽ (1842—1924) മരണംവരെ ഗവേഷണ വും പഠിക്കലും പഠിപ്പിക്കലുമായി കഴിഞ്ഞുകൂടി.

സോഷ്യലിസം ശക്തിയാർജ്ജിച്ചു. മുതലാളിത്തം പല പ്പോഴും അശക്തമായി. "പററിയ സാഹചര്യങ്ങൾ കൈവ രുമ്പോൾ എല്ലാം ശരിപ്പെട്ടും," മാഷ്ൽ ആശ്വാസം നൽകി. അദ്ദേഹത്തിൻെറ ഗ്രന്ഥം (Principles of Economics 1890) എവിടെയും ശ്രദ്ധയാകഷിച്ചു. 'ജനക്ഷേമം' ഒന്നുമാ ത്രമാണ് ധനശാസ്ത്രത്തിൻെറ ലക്ഷ്യമെന്നും പ്രത്യക്ഷമായോ പരോക്ഷമായോ മനുഷ്യനെപ്പററിയുള്ള പഠനമാണതെന്നും അ ദ്ദേഹം വ്യക്തമാക്കി. പരിഷ്കത്താവെന്ന നിലയിൽ യുക്തി യുക്തമായ ചിന്തകൊണ്ടും മുൻകരുതലിനുള്ള കഴിവുകൊണ്ടും സാമൂഹ്യ–രാഷ്ട്രീയ–സാമ്പത്തിക സ്ഥാപനങ്ങളെ ജനക്ഷേമല ക്ഷ്യത്തിലേയ്ക്കദ്ദേഹം നയിച്ചു. 'സാമ്പത്തിക മനുഷ്യൻ' എന്ന സങ്കല്പത്തെ തച്ചുടച്ച്, 'മുതലാളിത്തമത്സര'സമ്പ്രദായത്തെ അദ്ദേഹം പുകഴ്ത്തി. പക്ഷേ അതിൻെറ ന്യൂനതകൾ നഗ്ന മായി ചൂണ്ടിക്കാണിക്കുവാനദ്ദേഹം മറന്നതുമില്ല. ദാരിദ്ര്യം ന ശിപ്പിക്കുമാറ് സ്വകാര്യസ്വത്ത് വിനിയോഗിക്കണമെന്നദ്ദേ ഹം ആവശ്യപ്പെട്ടു. ഭൂമി, തൊഴിൽ, മൂലധനം എന്നീ ഉല്പാദ നഘടകങ്ങൾ നാലാമത്തേതായ സംഘടനയ്ക്കു വിധേയമാണെ ന്നും, സാമ്പത്തിക പ്രക്രിയയെ ജനക്ഷേമത്തിലേയ്ക്കു നയിക്കുന്ന തിൽ ഗവമ്മേണ്ടിനു സഹായിക്കാമെന്നും അദ്ദേഹം പറഞ്ഞു.

## സംഭാവന

ഉല്പാദനകാര്യത്തിൽ, ഭൂമിയെ സംബന്ധിച്ചിടത്തോളം പരിധി നിശ്ചയിക്കുന്നത് തൊഴിലാളിവഗ്ഗത്തിൻെറ സന്താ നോല്പാദനാക്കഴിവല്ല, പ്രതിഫലസങ്കോചനിയമ(Law of Diminishing Return)മാണ്. അതായത്, കൂടുതൽ കൂടുതൽ

മൂലധനവും തൊഴിലും ഭൂമിയിൽ നിക്ഷേപിച്ചാൽതന്നെയും, ഒരു ഘട്ടം മുതൽ, കിട്ടുന്ന വിളവ് കുറഞ്ഞു കുറഞ്ഞുവരും. അല്ലെങ്കിൽ ഒരേക്കർ ഭൂമിയിൽനിന്നു ലോകത്തിനാവശ്യമുള്ള ഭക്ഷണം മുഴുവൻ ഉല്പാദിപ്പിക്കാമല്ലോ. "നിലനില്പിനാവശ്യമുള്ള കൂലി" എന്നതിനു പകരം "മിതമായ കൂലി" എന്ന പദം അദ്ദേഹം സ്വീകരിച്ചു. മുതലാളിത്ത വ്യവസ്ഥയിൽ തൊഴിലാളികളുടെ കൂട്ടായ വിലപേശൽ അത്യന്താപേക്ഷിതമാണെന്നദ്ദേഹം സമർത്ഥിച്ചു.

ഗണിതശാസ്ത്രോപാധികൾ ധനശാസ്ത്രപഠനങ്ങളിൽ സൂക്ഷിച്ചുപയോഗിക്കണമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി. ഉല്പാദനഘടകങ്ങളെ സമതുലനാവസ്ഥയിൽ നിർത്തി ഉല്പാദനപ്രക്രിയയെ അപഗ്രഥിക്കുക(Equilibrium analysis)എന്നത് അദ്ദേഹത്തിൻെറ മഹത്തായ സംഭാവനയത്രേ. ദേശീയ ലാഭവീതം(National Dividend)ദേശീയ വരുമാനം (National Income)എന്നിവയിലേയ്ക്കദ്ദേഹം വിരൽ ചൂണ്ടി. മനുഷ്യൻെറ സന്മനസ്സ് സ്വകാര്യസ്വത്ത് ഇല്ലാതാക്കാൻ ശ്രമിക്കുമെന്നദ്ദേഹം പറഞ്ഞു. ഏതു വിഷയത്തിൻേറയും നന്മകളും തിന്മകളും തുറന്നുകാട്ടുവാൻ അദ്ദേഹം യത്നിച്ചു. മാർഷല്ലിയൻ സിദ്ധാന്തങ്ങൾ 'ക്ഷേമ സമ്പദ്‌വ്യവസ്ഥ' (Welfare Economy)എന്ന സങ്കല്പത്തിനു രൂപംനൽകി. സിദ്ധാന്തപരമായ അദ്ദേഹത്തിൻെറ സംഭാവനകൾ ഏററവും പ്രശംസനീയമാണ്.

പക്ഷേ—അതിപ്രധാനമാണ് ഈ പക്ഷേ—ഭാവിയെപ്പററി കാര്യമായൊന്നും മാർഷലിനു പറയാനില്ല. സത്യസന്ധനും അദ്ധ്വാനശീലനുമായ അദ്ദേഹം പറഞ്ഞു: "നിലവിലുള്ളസാമൂഹ്യ-സാമ്പത്തിക സ്വാധീനതകൾ ധനവിതരണത്തെ മെച്ചപ്പെടുത്തിയിട്ടുണ്ട്.... മുതലാളിത്ത സമ്പദ്‌വ്യവസ്ഥ സങ്കീർണ്ണവും അതീവലോലവുമാണ്....പെട്ടെന്നുള്ള വിപ്ലവാത്മകമായ പരിവർത്തനങ്ങൾ ഗുരുതരമായ അത്യാപത്ത് വരുത്തിവെയ്ക്കും.'' മൂല്യങ്ങളേയോ പുരോഗതിയേയോ അദ്ദേഹം

ചോദ്യംചെയ്യുന്നില്ല. മിതബോധത്തിൽനിന്നടലെടുത്ത വല്ലാ ത്തൊരിരുത്തം'

## ബുദ്ധിപരമായ ട്രാജഡി!

പ്രശ്നങ്ങളിലേയ്ക്കദ്ദേഹം കടന്നില്ല; കടന്നൽക്കൂട് ഇളക്കി വിടരുതല്ലോ! "കടന്നൽക്കൂട് ഇളക്കിവിടുക; അതു സമൂഹത്തെ നന്നാക്കും" എന്ന വോറംട്ടയറിൻെറ തത്വം അദ്ദേഹം അലക്ഷ്യമാക്കിത്തള്ളി. ഫലമോ? മാർഷലിൻെറ കാലഘട്ട ത്തിൽ നിന്ന് മുന്നോട്ടു നോക്കുക—ശക്തിയുപയോഗിച്ചുള്ള റഷ്യൻ വിപ്ലവം; സ്കാൻഡിനേവ്യ മധ്യ, യൂറോപ്പ്, ബ്രിട്ടൻ എന്നിവിടങ്ങളിൽ സംഭവിച്ച മുതലാളിത്തത്തിൻെറ പതനം; വമ്പിച്ച സാമ്പത്തികത്തകർച്ച; ക്ഷേമരാഷ്ട്രപ്രസ്ഥാനം; സാ മ്പത്തികാസൂത്രണം. ഒട്ടകപ്പക്ഷിയെപ്പോലെ, മാർഷൽ കണ്ണ ടച്ച്, തല പൂഴിയിൽ താഴ്ത്തി അനങ്ങാതിരുന്നു

അതേ, ബുദ്ധിപരമായ ട്രാജഡി! 20-ാംനൂററാണ്ടിനെ കലക്കിമറിക്കുന്ന വിപ്ലവങ്ങൾ വരുംമുമ്പ്, ലോകത്തെ സാ മ്പത്തികമായ പരിവർത്തനത്തിന് തയ്യാറാക്കുവാൻ അദ്ദേഹ ത്തിനു കഴിയുമായിരുന്നു, അദ്ദേഹം സ്മിത്തോ, റിക്കാർഡോ യോ, മില്ലോ ആയിരുന്നെങ്കിൽ! അതാണ് ട്രാജഡി. പ്രചാര ത്തിലുള്ള തീപിടിച്ച ചിന്തകൾക്ക് വിലയിരുത്തുകയത്രേ ചി ന്തകൻെറ ധർമ്മം. ആ വിലയിരുത്തലിൻെറ ഫലങ്ങൾ ലോ കത്തെ അറിയിക്കുകയും വേണം. എന്തു മുദ്ര വീണാലും, എന്തു സഹനങ്ങൾ വേണ്ടിവന്നാലും, സ്വരാജ്യത്തുനിന്നും സ്വസ മൂഹത്തിൽനിന്നും പുറംതള്ളപ്പെട്ടാലും, തൻെറ മഹത്തായ കർത്തവ്യത്തിൽനിന്നും ഒഴിഞ്ഞുമാറുക, ബുദ്ധിയും ഹൃദയവുമുള്ള ഒരു ചിന്തകനു സാധ്യമല്ല.

# തോർസ്റ്റെൻ വെബ്ലൻ:
# സവിശ്രമ വർഗ്ഗം

*സവിശ്രമ വഗ്ഗത്തെ ശസ്ത്രക്രിയയ്ക്കു വിധേയമാക്കി, അതുൾക്കൊള്ളുന്ന പുതിയ വർഗ്ഗങ്ങൾ തമ്മിലാണ് ഭാവിയിലെ വർഗ്ഗസമരമെന്ന് തുറന്നുകാട്ടിയ വെബ്ലൻ പിന്നീട് വ്യവസായിവർഗ്ഗത്തിന്റെ ശത്രു യന്ത്രമാണെന്നും അതിനാൽ വെറുതെയിരുന്നു വിശ്രമിക്കുന്ന വ്യവസായിവർഗ്ഗത്തെ സങ്കേതവിദ്യാവിദഗ്ദ്ധന്മാരുടെ വഗ്ഗം നാമാവശേഷമാക്കുമെന്നും പ്രവചിച്ചു.*

ആഡംസ്മിത്തിന്റെ ഗ്രന്ഥം പുറത്തുവന്നിട്ട് 125 വർഷങ്ങൾ കഴിഞ്ഞു. അത്രയും കാലംകൊണ്ട് സങ്കേതവിദ്യ ആയിരമിരട്ടി വികാസം പ്രാപിച്ചു. ക്ഷൌരക്കാരന്റെ കീഴിൽ വിദ്യയഭ്യസിച്ച ആർക്കറൈറ്റ് തന്റെ കണ്ടുപിടുത്തങ്ങൾവഴി സർ റിച്ചാർഡായി ഉയർത്തപ്പെട്ടു. താഴെ കിടന്നിരുന്നവർ ധൃതിയിൽ മുകളിലേക്ക് കയറി. പണക്കൊതി പുതിയ ലോക

ത്തിൽ പരന്നു. കോടീശ്വരൻ വാൻഡർബിൽററ് തനിക്കെതിരായി പ്രവർത്തിച്ച പങ്കാളികഠംക്കൊരു കത്തെഴുതി:

"മാന്യരെ,

എന്നെ നശിപ്പിക്കുവാനാണ് നിങ്ങളുടെ ശ്രമം. വിധി കിട്ടുവാൻ അധികം സമയമെടുക്കുന്നതിനാൽ, നിങ്ങഠംക്കെതിരായി ഞാൻ കേസ്സുകൊടുക്കുന്നില്ല. നിങ്ങളെ നേരിട്ടു നശിപ്പിക്കുവാനാണ് ഞാൻ തീരുമാനിച്ചിരിക്കുന്നതു്.

വിധേയൻ, കോർണീലിയസ്
വാൻഡർബിൽററ്."

വാൻഡർബിൽററ് തൻെറ എതിരാളികളെ നിഷ്പ്രയാസം നശിപ്പിച്ചു. ഒററ ഡോളർപോലും ചെലവാക്കാതെ ഹെൻറി റോജേഴ്സ്, വില്യം റോക്ക്ഫെല്ലർ എന്നിവർ ചേന്ന് അനാക്കോണ്ട കോപ്പർ കമ്പനി വാങ്ങി. അതിൻെറ ഉടമസ്ഥനായ ഡാലിക്ക് വിലയായി 39 കോടി ഡോളർ പിന്നീടു കൊടുത്തു. സ്വന്തമായി അവരിരുവരും 36 കോടി ഡോളർ ലാഭമെടുത്തു. എങ്ങനെ? നിലവിലില്ലാത്ത ഒരു "കടലാസ്സു കമ്പനി"യുണ്ടാക്കി, അതിൻെറ ഷെയറുകഠം ബാങ്കിനു ജാമ്യമായി കൊടുത്തു; പിന്നീടു് "അനാക്കോണ്ട കോപ്പർ കമ്പനി" വിററ് അവർ ലാഭമുണ്ടാക്കി. കോടീശ്വരൻ മോർഗൻ പറഞ്ഞു: "പൊതുജനങ്ങളോടു് എനിക്ക് യാതൊരു കടപ്പാടുമില്ല." ശരിതന്നെ. ധനശാസ്ത്രജ്ഞന്മാർ എന്തു പറഞ്ഞു? അദ്ധ്വാനശീലം, മിതവ്യയം, സംഘടിപ്പിക്കുവാനുള്ള കഴിവ്, ത്യാഗം, തീവ്രമായ യത്നം എന്നിവയാണ് കോടീശ്വരന്മാരായ വ്യവസായികളെ സൃഷ്ടിക്കുന്നതെന്ന്.

## ജന്മനാ അമേരിക്കൻ

പക്ഷേ, ഇതിൻെറ പിന്നിലെ രഹസ്യങ്ങളറിഞ്ഞിരുന്ന ഒരു ധനശാസ്ത്രജ്ഞനുണ്ടായിരുന്നു അമേരിക്കയിൽ. അദ്ദേഹം

സ്വയം പരിചയപ്പെടുത്തുന്നു: "ഞാൻ, തോർസ്റ്റെയ്ൻ വെബ്ലൻ, ജന്മനാ അമേരിക്കൻ പൌരൻ. സത്യത്തിൽ എനിക്കൊരിടത്തും പൌരത്വമില്ല."

ഇംഗ്ലീഷിലെ 'വി'യുടെ ആകൃതിയിൽ രണ്ടു ഭാഗത്തേക്കും ചീകിയ തലമുടി, മുകളിലേയ്ക്കു വരുന്തോറും പിന്നോട്ടു വലിയുന്ന നെററി പരന്ന മൂക്ക്, സൂക്ഷ്മതയും ലാഘവവുമുള്ള കണ്ണുകൾ, തടിച്ച ചുണ്ടുകൾ മറയ്ക്കുന്ന കത്രിക്കാത്ത മേൽമീശ, മോടിക്ക് 'പൂച്ചാം'താടി, നേർത്ത ശരീരം, വലിഞ്ഞുള്ള നടത്തം— വെബ്ലനെ കണ്ടാൽ ഒരു ഉൾനാട്ടുകാരനാണെന്നു തോന്നും. നിഷ്പക്ഷമായി, പുറത്താരും അറിയാത്ത രീതിയിൽ, സൂക്ഷ്മാംശങ്ങൾ അപഗ്രഥനം ചെയ്യാനുള്ള കഴിവത്രേ അദ്ദേഹത്തിൻെറ പ്രതിഭയുടെ സത്ത.

ആഡംസ്മിത്ത്, റിക്കാർഡോ, ഹോബ്സൺ, മാർക്സ് എന്നിവർ ലോകത്തിൻേറതാണ്; ലോകം അവരുടേതും. സമൂഹത്തിൻെറ അവിഭക്തഭാഗമാണവർ അവർ ലോകത്തെ സ്നേഹിച്ചു. അതിൻെറ ഭാവിക്കുവേണ്ടി അരിശംകൊണ്ടു. മറെറാരു ലോകത്തിൽനിന്നുള്ള സന്ദർശകനെപ്പോലെ വെബ്ലൻ വന്നെത്തി: ഇവിടത്തെ സംഭവവികാസങ്ങൾ, ദൂരെ മാറിനിന്നു നോക്കി, ഏററവും നിഷ്പക്ഷമായി അപഗ്രഥനം ചെയ്തു—ഒരു വിദേശി.

ഒട്ടനേകംപേർ ഈ പ്രതിഭാശാലിയെ സ്നേഹിച്ചു; അതിൽ കൂടുതൽ പേർ അദ്ദേഹത്തെ വെറുത്തു. പക്ഷെ, അദ്ദേഹം ലോകമാകുന്ന അപരിഷ്കൃതസമൂഹത്തിലെത്തിയ ഒരു മിഷനറിയായിരുന്നു. സത്യത്തിൽ, സ്നേഹിതന്മാരും അദ്ദേഹത്തിനില്ലായിരുന്നു. അദ്ദേഹത്തെ പൂർണ്ണമായി സ്നേഹിക്കുവാൻ ഒരു സ്ത്രീക്കും കഴിഞ്ഞില്ല.

## സ്വഭാവവൈചിത്ര്യം

വെബ്ലൻെറ സ്വഭാവവിശേഷങ്ങൾ വിചിത്രങ്ങളാണ്. ടെലഫോൺ ഉപയോഗിക്കില്ല; പുസ്തകങ്ങൾ അടുക്കിവെയ്ക്കില്ല; ഭക്ഷണം കഴിച്ചാൽ പാത്രങ്ങൾ കഴുകില്ല. പുസ്തകങ്ങൾ അവ വന്ന പെട്ടികളിൽതന്നെ ഇരിക്കും. ഏറെ ദിവസങ്ങൾ കഴിയുമ്പോൾ ഭക്ഷണമെടുക്കാൻ കഴുകാത്ത പാത്രമുണ്ടാകില്ല. അപ്പോൾമാത്രം എല്ലാം കഴുകിവെയ്ക്കും. സന്ദർശകരുണ്ടെങ്കിലും, മണിക്കൂറുകളോളം അദ്ദേഹം നിശ്ശബ്ദത പാലിക്കും തന്നിമിത്തം അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ആക്കും പിടികിട്ടുകയില്ല —ഭാര്യയ്ക്കുപോലും!

എല്ലാ വിദ്യാത്ഥികൾക്കും ഒരേ മാക്കാണ് വെബ്ളൻ കൊടുക്കുക സ്കോളർഷിപ്പ് വേണമെന്ന് പ്രത്യേകമാവശ്യപ്പെടുന്നവക്കുമാത്രം മാക്കു കൂട്ടിയിട്ടുകൊടുക്കും. കോളേജ് മേധാവിയുടെ ശകാരം കാരണം അദ്ദേഹം ഹാജരുള്ളവരുടെ കാർഡുകളും ഇല്ലാത്തവരുടെ കാർഡുകളും വേറെ വേറെ വെയ്ക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ അവസാനം അവയെല്ലാം എങ്ങനെയോ കൂടിക്കുഴയും. ഒരിക്കൽ ഒരു കൃഷിക്കാരൻെറ ചാക്കു വാങ്ങി, വെറും തമാശയ്ക്കുവേണ്ടി. അതിൽ കുറെ കടന്നലിനെ പിടിച്ചിട്ടുകൊടുത്തു ഒരു കൊച്ചുമിടുക്കി ചോദിച്ചു, അദ്ദേഹത്തിൻെറ പേരിൻെറ മുമ്പിലുള്ള ടി. ബി. എന്ന അക്ഷരങ്ങളുടെ പൊരുളെന്തെന്ന്. "ടെഡ്ഡി ബെയർ" (പഴന്തുണി നിറച്ച കളിക്കരടിപ്പാവ) എന്നായിരുന്നു വെബ്ളൻെറ മറുപടി. ആ കുട്ടി മാത്രം അദ്ദേഹത്തെ "ടെഡ്ഡി ബെയർ'' എന്നു വിളിച്ചുപോന്നു. മററാരും ധൈര്യപ്പെട്ടില്ല. വെബ്ളൻ 'എഡിററ്'' ചെയ്ത മാസികയിൽ ഒരു പ്രശസ്തനായ സാമൂഹ്യശാസ്ത്രജ്ഞൻ എഴുതിയ ലേഖനത്തിലേക്ക് ഒരു സുഹൃത്ത് അദ്ദേഹത്തിൻെറ ശ്രദ്ധയാകർഷിച്ചു "അതിൽ പ്രത്യേകതയുണ്ട്. സാധാരണ ഒരു പേജിൽ 400 വാക്കുകളുണ്ടാകും. പക്ഷേ ഇദ്ദേഹം

തന്ന ഓരോ പേജിലും 375 വാക്കുകഠം മാത്രം." എന്തായാലും സ്ത്രീകഠം അദ്ദേഹത്തെ ആകർഷിച്ചു; അദ്ദേഹം സ്ത്രീകളേയും. വിവാഹത്തിനു പുറമെയുള്ള ബന്ധങ്ങളെപ്പററി ഒരു സ്നേഹിതൻ ചോദിച്ചപ്പോഠം വെബ്ളൻ പിറുപിറുത്തു: "സ്ത്രീകഠം നിങ്ങളുടെ അകത്തു കയറിയാൽ നിങ്ങളെന്തുചെയ്യും?"

ഒററപ്പെട്ട ഈ വ്യക്തിക്കുള്ള ഏക മോചനമാർഗ്ഗം എഴുതുകയായിരുന്നു. അതും മൂർച്ചയുള്ള ഭാഷയിൽ, സാങ്കേതികപദങ്ങളുപയോഗിച്ചുതന്നെ. ശസ്ത്രക്രിയാവിദഗ്ദ്ധൻെറ കത്തിപോലെയാണ് വെബ്ളൻെറ ഭാഷ. 'പരോപകാരയത്നം' അദ്ദേഹത്തിൻെറ ഭാഷയിൽ "ഭൗതികപ്രേമലീലയിലൊരു പ്രയത്ന"മാണ്. മതം = വില്ക്കാവുന്ന ലോലമായ ചിന്തകഠം നിർമ്മിച്ച് അപാരതയിലെത്തിക്കൽ; പള്ളി = ഇവയുടെ ചില്ലറക്കച്ചവടസ്ഥലം. വാക്കിങ്ങ്സ്റ്റിക്ക് മററുവിധത്തിൽ ഉപയോഗിക്കേണ്ട കൈ ഉപയോഗിക്കുവാൻ പററില്ലെന്ന പരസ്യം. മാത്രമല്ല, ഈ ആയുധം "അക്രമവാസനയാൽ അനുഗൃഹീതരായവക്ക് സുഖം നൽകുന്നു"

## വിശ്വസനീയ നുണകഠം

ലോകത്തെപ്പററി വെബ്ലനു തോന്നിയതിതാണ്: "ഇതെന്താ ഇങ്ങനെ?" കഥയെപ്പററിയല്ല, അതിൻെറ പിന്നിലെ ഹസ്തങ്ങളെപ്പററി. അതാണ് വെബ്ലൻെറ ജിജ്ഞാസ. നാടകത്തെപ്പററിയല്ല, നടന്മാരെപ്പററിയാണ് അദ്ദേഹം ചിന്തിക്കുന്നത്. ഭൂലോകത്തെപ്പററി പഠിക്കുവാൻ മറെറാരു ഗ്രഹത്തിൽനിന്നെത്തിയ നരശാസ്ത്രജ്ഞനാണ് വെബ്ലൻ. നരശാസ്ത്രത്തിൻെറ സമീപനരീതിയാണ് അദ്ദേഹത്തിൻേറത്.

ഒററപ്പെട്ടുനിന്നുകൊണ്ടുള്ള വിശകലനരീതി ചെറുപ്പംമുതല്ക്കുതന്നെ വെബ്ലൻ ശീലിച്ചു. വിസ്കോൺസിനിൽ കുടി

യേറിപ്പാർത്ത നോർവീജിയൻ കാർഷിക കുടുംബത്തിൽ പിറന്ന വെബ്ലൻ ഒമ്പതു മക്കളിൽ നാലാമത്തെ ആൺകുട്ടിയായിരുന്നു. സ്വാതന്ത്ര്യമിഷ്ടപ്പെടുന്നവനെങ്കിലും മന്ദഗതിക്കാരനാണ് പിതാവ്; സ്നേഹംനിറഞ്ഞ ഹൃദയത്തിൻെറ ഉടമയാണ് അമ്മ. വെബ്ലൻെറ ഭാവനയെ നോർവീജിയൻ പുരാണങ്ങളിലേയ്ക്കു നയിച്ചത് അമ്മയാണ്. പകൽ മുഴുവനും വായനയിൽ മുഴുകുന്ന, മടിയന്മാരിൽ മടിയനായ, വെബ്ലനെ അമ്മ ശകാരിക്കും. മററു സഹോദരീസഹോദരന്മാർക്ക് കളിപ്പേരിടുന്നതെന്തിനാണെന്നു ചോദിച്ചുകൊണ്ട് വെബ്ലനിട്ട കളിപ്പേരുകറം മാഞ്ഞുപോയതുമില്ല. ഇളയ സഹോദരൻ അനുസ്മരിച്ചു: "എല്ലാ ചോദ്യങ്ങറംക്കും ഞൊടിയിടയിൽ ഉത്തരം പറയുന്ന ചേട്ടനെ എനിക്കു ബഹുമാനമായിരുന്നു...പിന്നീടാണ് ഞാനറിഞ്ഞത്, ചേട്ടൻ പറഞ്ഞതിലധികവും വിശപസനീയങ്ങളായ നുണകളായിരുന്നെന്ന്—ഏററവും നല്ല നുണകറം.

## പരാജയചരിത്രം

മററു നോർവീജിയൻ കുടിയേറിപ്പാർപ്പുകാരെപ്പോലെ വെബ്ലൻകുടുംബവും ദാരിദ്ര്യത്തിൽ കഴിഞ്ഞു—തുന്നിയുണ്ടാക്കിയ വസ്ത്രങ്ങറം; അടിയുടുപ്പുപയോഗിക്കുകയില്ല; കാപ്പിയും പഞ്ചസാരയും കണ്ടിട്ടേയില്ല. കോളേജിൽ പോകുന്നതുവരെ ഇംഗ്ലീഷ്ഭാഷ വെബ്ലനു് വഴങ്ങിക്കൊടുത്തില്ല. എല്ലാം തയ്യാറാക്കി, പണവും 'പൊതിച്ചോറം' ശരിപ്പെടുത്തി, വണ്ടി സവാരിക്കു തയ്യാറാക്കി പടിക്കൽ നിർത്തി, കൃഷിയിടത്തു പണി ചെയ്തിരുന്ന വെബ്ലനെ വിളിച്ച് "ഇനി കോളേജിലേയ്ക്കു്" എന്നു പറഞ്ഞപ്പോറം മാത്രമേ ആ യുവാവിനു് കാര്യം തിരിഞ്ഞുള്ളു.

മകനെ പുരോഹിതനാക്കണമെന്ന ഉദ്ദേശമായിരുന്നു പിതാവിനു്. ലൂഥറൻ വൈദികനാകുന്നതിനുള്ള ശിക്ഷണം

കാൾട്ടൻ കോളജ് നൽകുമെന്ന് അമ്മയും കരുതി പക്ഷേ, വിഗ്രഹധ്വംസകനായ വെബ്ലൻ അതിനു തയ്യാറല്ലായിരുന്നു. 'അവിശ്വാസികളെ ക്രിസ്തുവിനുവേണ്ടി എങ്ങനെ വീണ്ടെടുക്കും?' എന്ന ചർച്ചയിൽ സംബന്ധിച്ച വെബ്ലൻ പറഞ്ഞു, നരഭോജികൾ സമൂഹത്തെ സേവിക്കുന്നവരാണെന്ന്. വെറുതെയല്ല കോളേജ് പ്രിൻസിപ്പൽ പറഞ്ഞത്, വെബ്ലൻ മിടുക്കനും അപകടകാരിയുമാണെന്ന്. സാമ്പത്തികസിദ്ധാന്തങ്ങൾ ഗണിതശാസ്ത്രത്തിൽക്കൂടി വിശദമാക്കിയ ജോൺ ബെയ്ററ്സ് ക്ലാക്ക് വ്യക്തമാക്കി, വെബ്ലൻ ധനശാസ്ത്രപഠനത്തിനു പററിയവനല്ലെന്ന്.

ധനശാസ്ത്രപഠനത്തിനു പററാത്ത പതിനേഴു വയസ്സുകാരൻ വെബ്ലൻ കോളേജ് പ്രിൻസിപ്പലിൻെറ മകൾ എല്ലൻ റോൾഫിനെ പ്രേമിച്ചു. സ്പെൻസറുടെ കവിതകൾ വായിച്ചു കേൾപ്പിച്ച് വെബ്ലൻ ആ യുവതിയുടെ ദൈവവിശ്വാസം നശിപ്പിച്ചു; തൻെറ നിരീശ്വരത്വത്തിലേയ്ക്കു് അവളെ നയിച്ചു. രണ്ടുപേരും ഒരേ മതക്കാരായിത്തീർന്നപ്പോൾ വെബ്ളൻ അവളെ വിവാഹംചെയ്തു. പക്ഷേ, ആ ദാമ്പത്യം വിജയിച്ചില്ല.

വിവാഹിതനായ വെബ്ലൻെറ പുറകെ കൂടി, അദ്ദേഹത്തെ പണ്ടൊരിക്കൽ ചിമ്പാൻസി എന്നു വിളിച്ച ഒരു സുന്ദരി. അങ്ങനെ പല സ്ത്രീകളും. ശാശ്വതമായി ഒരു സ്ത്രീയെ സ്നേഹിക്കുക വെബ്ലനു് സാദ്ധ്യമല്ലായിരുന്നു. ഭാര്യ വേണം; വീട്ടുകാര്യങ്ങൾ നോക്കാൻ ആളു വേണമല്ലോ. വെബ്ളൻെറ അനാശാസ്യമായ സ്ത്രീസംസർഗ്ഗം ഭാര്യയെ പിണങ്ങിപ്പിരിഞ്ഞു സ്വഭവനത്തിലേക്കോടുവാൻ പലപ്പോഴും പ്രേരിപ്പിച്ചിട്ടുണ്ട്. വെബ്ളൻ പുറകെയെത്തും, എല്ലനോടു ക്ഷമ യാചിക്കുവാൻ. എല്ലാം മറന്നു് എല്ലൻ വെബ്ളൻെറ കൂടെ പോകും.

## വായിക്കും, വായിക്കും, തെണ്ടിത്തിരിയും

ഔദ്യോഗികജീവിതത്തിൽ വെബ്ളനെ അപജയങ്ങൾ പിന്തുടർന്നു. തനിക്കുവേണ്ടി ഒരു ഉയർന്ന ഉദ്യോഗത്തിനു ശ്രമി

കുവാൻ സമത്ഥനായ ഒരു വിദ്യാത്ഥിയെ വെബ്ളൻ നിയോഗിച്ചു. ആ ഉദ്യോഗം ആ വിദ്യാത്ഥി തട്ടിയെടുത്തു. മൊണ്ടാന സർവ്വകലാശാല വെബ്ളനെ പിരിച്ചയച്ചു. അദ്ദേഹം ജോൺ ഹോപ്കിൻസ് സവ്വകലാശാലയിൽ ചേൎന്നു, തത്വശാസ്ത്രം പഠിക്കുവാൻ. കിട്ടുമെന്നു കരുതിയ സ്കോളർഷിപ്പ് ഈ അവിശ്വാസിക്കു കിട്ടിയില്ല. "സവിശ്രമ"വർഗ്ഗത്തിൽപെട്ട, തലതൊട്ടപ്പന്മാരുള്ള, വിദ്യാത്ഥികൾക്കു മാത്രമേ അവിടെ സ്കോളർഷിപ്പുള്ളു എന്നത്രേ വെബ്ളൻ പിന്നീടു പറഞ്ഞതു്. താമസിയാതെ യെയ്ൽ സവ്വകലാശാലയിൽനിന്നും ഏറ്റവും കൂടുതൽ മാക്കു നേടി വെബ്ളൻ 'ഡോക്ടർ' ബിരുദമെടുത്തു.

മലമ്പനി പിടിപെട്ട സ്വഭവനത്തിലെത്തിയ വെബ്ളൻ സ്വകുടുംബത്തെ കലശലായി ഉപദ്രവിച്ചു. ഉഴാൻ കുതിരകളെ ഏറ്റവുമാവശ്യമുള്ളപ്പോൾ അവയെ കുതിരവണ്ടിയിൽ കെട്ടി വെബ്ളൻ സക്കീട്ടിനിറങ്ങും. മാതാപിതാക്കന്മാർ ശകാരിക്കുമ്പോൾ വെബ്ളൻ പറയും: "ഇവിടെ എല്ലാത്തിനും ക്ഷയരോഗമാണു്;...കാപട്യത്തിൽക്കൂടി മാത്രമേ വിജയമുള്ളു.'' തനിക്കു് തൊഴിലില്ലെന്ന സത്യം വിസ്മരിച്ചു് വെബ്ളൻ ചുററിത്തിരിയും, ജീവിതം നുകരുവാൻ. കുടുംബത്തിന്റെ പണസ്സഞ്ചിയിന്മേൽ ഒട്ടിപ്പിടിച്ച ഈ ഇത്തിക്കണ്ണിയെപ്പററി സ്വസഹോദരൻ രേഖപ്പെടുത്തി: "ഐക്യവും ഭദ്രതയും ദൈവവിശ്വാസവുമുള്ള ഒരു കുടുംബത്തിൽ പിറക്കുവാനുള്ള മഹാഭാഗ്യം വെബ്ളനുണ്ടായി എന്നതു് ആശ്വാസം നൽകുന്നു....വെബ്ളന്റെ ജീവിതം തികച്ചും അലസമായിരുന്നു.... അദ്ദേഹം തെണ്ടിത്തിരിയും, വായിക്കും; വായിക്കും, തെണ്ടിത്തിരിയും." ദിവസങ്ങൾ നീങ്ങി.

## നിരീശ്വരൻ, അവിശ്വാസി

വെബ്ളൻ ഗ്രന്ഥങ്ങൾ വായിച്ചു തള്ളി— ബൈബിൾ, നരവംശശാസ്ത്രഗ്രന്ഥങ്ങൾ, സാമൂഹ്യശാസ്ത്രഗ്രന്ഥങ്ങൾ, ധന

ശാസ്ത്രഗ്രന്ഥങ്ങൾ, മാസികകൾ, കവിതകൾ, അവിശ്വാസികളെഴുതിയ ഗ്രന്ഥങ്ങൾ. ഇടയ്ക്കിടയ്ക്ക് ജോലിചെയ്ത് അദ്ദേഹം പണമുണ്ടാക്കും; പൂന്തോട്ടം നട്ടു നനച്ചു പിടിപ്പിക്കും; പല ആശയങ്ങളെപ്പററിയും പിതാവുമായി ചർച്ച നടത്തും. ധാരാളം നടന്നു ജോലിയന്വേഷിച്ചു; ഒന്നും കിട്ടിയില്ല. വെബ്ലൻ കരുതി എല്ലൻെറ അമ്മാവൻ സ്വന്തം തീവണ്ടിക്കമ്പനിയിൽ തന്നെ സാമ്പത്തികവിദഗ്ധനായി നിയമിക്കുമെന്നു്. കഷ്ടകാലത്തിന്നു് ആ കമ്പനി പൊളിഞ്ഞു. ആ ആശയും നശിച്ചു. അയോവാ സർവ്വകലാശാലയിൽ വെബ്ളന്നു ജോലി കിട്ടുമായിരുന്നു പക്ഷേ നിരീശ്വരനാണു് അദ്ദേഹമെന്ന കീർത്തി അദ്ദേഹത്തിനു മുമ്പേ അവിടെ എത്തി. അതേ കാരണത്താൽ സെൻറ് ഓലാഫ് കോളേജിൽ ജോലിക്കപേക്ഷിച്ച വെബ്ളനെ അവസാന നിമിഷത്തിൽ അവർ പുറംതള്ളി. നീണ്ട ഏഴു വർഷങ്ങളായി വെബ്ളൻ ജോലിയില്ലാതെ കഷ്ടപ്പെടുന്നു. വയസ്സു മുപ്പത്തിനാലായി. കുടുംബാംഗങ്ങൾ തീരുമാനമെടുത്തു, വെബ്ളൻ വീണ്ടും പഠിക്കണമെന്നു്.

കോർണൽ സർവ്വകലാശാലയിലെത്തിയ വെബ്ളൻ യാഥാസ്ഥിതികനും ധനശാസ്ത്ര പ്രൊഫസറുമായ ലോറൻസ് ലാഫ്ളിൻെറ മുറിയിലേക്കു കടന്നുചെന്നു പറഞ്ഞു: "ഞാനാണു് തോർസ്റ്റെൻ വെബ്ളൻ— എനിക്കു്...." ലാഫ്ളിൻ, എന്തോ ഈ ചെറുപ്പക്കാരനിൽ ആകർഷകമായി കണ്ടു. അദ്ദേഹത്തിൻെറ കീഴിൽ വെബ്ളൻ ഗവേഷണത്തിലേർപ്പെട്ടു. പിറേറക്കൊല്ലം ലാഫ്ളിൻ ധനശാസ്ത്രപ്രൊഫസറായി ഷിക്കാഗോ സർവ്വകലാശാലയിൽ നിയമിതനായപ്പോൾ അദ്ദേഹത്തിൻെറ കീഴിൽ പ്രതിവർഷം 520 ഡോളർ ശമ്പളത്തിൽ വെബ്ളനും നിയമിതനായി. താമസിയാതെ ലാഫ്ളിൻ മരിച്ചു. അദ്ദേഹം ധനശാസ്ത്രത്തിനു നൽകിയ ഏററവും വലിയ സംഭാവന വെബ്ളനെ കണ്ടെത്തിയതായിരുന്നു.

# പ്രൊഫസ്സർ

മുപ്പത്തഞ്ചുകാരൻ വെബ്ളൻ ജോലിചെയ്യുന്ന സർവ്വകലാശാല, സത്യത്തിൽ, അദ്ദേഹം ഗവേഷണവിധേയമാക്കിയ 'സവിശ്രമവർഗ്ഗ'ത്തിന്റേതായിരുന്നു. കോടീശ്വരൻ റോക്ക്ഫെല്ലരുടെ സംഭാവനയത്രേ ഷിക്കാഗോ സർവ്വകലാശാല. പക്ഷേ, അവിടെ ചിന്താസ്വാതന്ത്ര്യം തടയപ്പെട്ടില്ല. അതിന്റെ പ്രസിഡണ്ടായ വില്യം ഹാർപ്പർ മററു സർവ്വകലാശാലകളിൽനിന്നു കൂടുതൽ ശമ്പളത്തിനു യോഗ്യന്മാരായ പ്രൊഫസർമാരെ തട്ടിയെടുക്കുന്നതിൽ മിടുമിടുക്കനായിരുന്നു. സാമൂഹ്യശാസ്ത്രജ്ഞൻ മോർഗൻ, ശരീരശാസ്ത്രജ്ഞൻ ജാക്സ് ലോബ്, വെളിച്ചത്തിന്റെ വേഗമളന്ന ആൽബർട്ട് മൈക്കിൾസൺ എന്നിവർ അക്കൂട്ടത്തിൽ പെടും. സഹായത്തിന് ഒന്നാന്തരം ലൈബ്രറിയുണ്ട്. വെബ്ളനു് 'എഡിററ്' ചെയ്യുവാൻ ഒരു മാസിക കിട്ടി. വെബ്ളന്റെ പേന ചലിക്കുകയായി.

വെബ്ളൻ മററുള്ളവരുടെ ശ്രദ്ധ തന്നിലേക്കാകർഷിച്ചു. അദ്ദേഹത്തിന്റെ പാണ്ഡിത്യം പരക്കെ അറിയപ്പെട്ടു. "ഇരുപത്തൊന്നു ഭാഷകളറിയാവുന്ന വെബ്ളൻ ഇതാ പോകുന്നു," ഒരു വിദ്യാർത്ഥി ചൂണ്ടിക്കാട്ടി. "സംഭവങ്ങളുടെ പിന്നിലാണദ്ദേഹത്തിന്റെ നോട്ടം— സമർത്ഥനാണ് വെബ്ളൻ" ഒരു പ്രൊഫസ്സർ വ്യക്തമാക്കി.

ആർക്കും വെബ്ളന്റെ ചിന്തകൾ പിടികിട്ടിയില്ല. അദ്ദേഹത്തിന്റെ പ്രതിഭ തന്നിലേക്കുതന്നെ പിൻവലിയുന്നതായി തോന്നി. പലരും അദ്ദേഹത്തിന്റെ ഭാര്യയോടു ചോദിച്ചു: "വെബ്ളൻ സോഷ്യലിസ്റ്റാണോ?" "നിശ്ചയമില്ല" എന്നായിരുന്നു എല്ലന്റെ മറുപടി. രസികനായ ഒരു വിദ്യാർത്ഥി വെബ്ളനോടുതന്നെ നേരിട്ടു ചോദിച്ചു: "പ്രൊഫസർ, താങ്കൾ ഏതെങ്കിലും കാര്യങ്ങൾ ഗൌരവപൂർവ്വം വീക്ഷിക്കാറുണ്ടോ?" വെബ്ളൻ പറഞ്ഞു: "തീർച്ചയായും. പക്ഷേ, ഇക്കാര്യം മററുള്ളവരോടു പറയരുതു്."

## കാമിനിമാർ, കാമുകിമാർ

ക്ഷീണിച്ചുതളൎന്നു് വെബ്ളൻ ക്ലാസ്സിലെത്തും. തലേരാത്രി അദ്ദേഹമിരുന്നു വായിക്കുകയും എഴുതുകയുമായിരുന്നു. ഡസൻ കണക്കിനു് വില കൂടിയ സിഗരററു് അദ്ദേഹം വലിച്ചിരുന്നു എന്നു് അദ്ദേഹത്തിൻെറ വിരലുകഠം തെളിയിക്കുന്നു. ഒരു വലിയ ജൎമ്മൻ ധനശാസ്ത്രഗ്രന്ഥം മേശമേലിരിപ്പുണ്ടു്. അദ്ദേഹം പഠിപ്പിക്കുന്ന രീതിയെപ്പററി ആൎക്കും മതിപ്പില്ല. വിദ്യാൎത്ഥികഠം എത്രമാത്രം കുറയുന്നുവോ അത്രയും നന്നു് എന്നാണു് ഭാവം. തൻെറ പ്രസംഗങ്ങഠം രസകരമാക്കുവാൻ അദ്ദേഹം ശ്രമിക്കാറില്ല. വിദ്യാൎത്ഥികളെ ഭയപ്പെടുത്തിയോടിക്കുന്നതിൽ വിരുതനുമാണു്. മതവിശ്വാസിയായ ഒരു വിദ്യാൎത്ഥിനിയോടദ്ദേഹം ചോദിച്ചു, എത്ര കുപ്പി മദ്യത്തിൻെറ വിലവരും ഒരു പള്ളിക്കു് എന്നു്. അദ്ദേഹം പറഞ്ഞ ഒരു വാക്യം ആവൎത്തിക്കുവാൻ ആവശ്യപ്പെട്ട ഒരു വിദ്യാൎത്ഥിയോടദ്ദേഹം പറഞ്ഞു, അതാവൎത്തിക്കുവാൻ യോഗ്യമല്ലെന്നു്. ഒരു ക്ലാസ്സിൽ ഒരു കുട്ടി മാത്രമായി!

ഷിക്കാഗോവിലെ സ്ത്രീകഠം വെബ്ളനെ ആകൎഷിച്ചതോടെ അദ്ദേഹത്തിൻെറ കുടുംബജീവിതം ആപത്തിലായി. ഒരു സുന്ദരിയേയുംകൊണ്ടു് വെബ്ളൻ കടന്നുകളഞ്ഞപ്പോഠം വിദ്യാൎത്ഥിസമൂഹം ഇളകിവശായി. പ്രസിഡണ്ടു് ഹാൎപ്പർ കോപിച്ചു. വെബ്ളൻ മറെറാരു ജോലി അന്വേഷിക്കുകയായി. ഒന്നുമറിഞ്ഞില്ലെന്ന മട്ടിൽ കഴിഞ്ഞു എല്ലൻ.

ഷിക്കാഗോവിൽ കഴിച്ചുകൂട്ടിയ പതിനാലു വൎഷങ്ങഠം വ്യൎത്ഥാവിലായില്ല. വെബ്ളനു് അനശ്വരമായ കീൎത്തി നേടിക്കൊടുത്ത "സ്വവിശ്രമവൎഗ്ഗത്തിൻെറ സിദ്ധാന്തം" ഉടലെടുത്തില്ലായിരുന്നെങ്കിൽ, ഷിക്കാഗോ സൎവ്വകലാശാലയ്ക്കു് വെബ്ളനെ നഷ്ടപ്പെട്ടമായിരുന്നു. ഇത്രയധികം കോളിളക്കം സൃഷ്ടിച്ച മറെറാരു ധനശാസ്ത്രഗ്രന്ഥമുണ്ടെന്നു തോന്നുന്നില്ല.

## വെബ്ലൻെറ ഗ്രന്ഥം

ശക്തിയുള്ള ഭാഷ, മൂർച്ച്യയുള്ള പദപ്രയോഗം, നർമ്മബോധം തിളങ്ങുന്ന വിവരണം, ചുഴിഞ്ഞിറങ്ങുന്ന അപഗ്രഥനം വെബ്ലൻെറ ഗ്രന്ഥം (Theory of the Leisure class) യാഥാസ്ഥിതിക സാമ്പത്തികശാസ്ത്രജ്ഞന്മാരെ ശക്തിയായി പിടിച്ചു കുലുക്കി. വായനക്കാക്ക് ഈ ഗ്രന്ഥം രസിച്ചു. സവിശ്രമവർഗ്ഗം—ധനികവർഗ്ഗം—സ്വയം പരസ്യം ചെയ്യുന്നു. എങ്ങനെ? ശ്രദ്ധയാകർഷിക്കുന്ന വിധം അമിതമായ ചെലവുചെയ്ത്, അമിതമായ വിശ്രമമെടുത്ത്, വെബ്ളൻ ഒട്ടനവധി ഉദാഹരണങ്ങളിൽകൂടി വ്യക്തമാക്കി, എത്രമാത്രം പണം ചെലവാക്കുന്നുവോ, എത്രമാത്രം പണം ദുർവ്യയം ചെയ്യുന്നുവോ, അത്രയ്ക്കു യരും സവിശ്രമവർഗ്ഗത്തിൻെറ കീർത്തിയും അന്തസ്സും എന്ന്; പൊതുജനങ്ങൾ അവക്കു സമൂഹത്തിൽ നൽകുന്ന സ്ഥാനമെന്ന്. സവിശ്രമവർഗ്ഗത്തിൽപെട്ട ബുദ്ധിജീവികൾ ആ ഗ്രന്ഥം വായിച്ചു ചിരിച്ചു— തങ്ങളുടെ തനിച്ഛായ!

'ക്ലാസ്സിക്കൽ' സാമ്പത്തികശാസ്ത്രജ്ഞന്മാർ പറഞ്ഞു, വ്യക്തികൾ അവരുടെ സ്വാത്ഥലാഭത്തിനായി അനവരതം യത്നിക്കുന്നുവെന്ന്. കൂലി കൂട്ടിയാൽ തൊഴിലാളിവർഗ്ഗം വദ്ധിക്കും; കൂലി കുറച്ചാൽ അവരുടെ സംഖ്യ ചുരുങ്ങും എന്നത്രേ മാൾത്തസ്സ് പറഞ്ഞത്. കിടമത്സരത്തിൽ ഭൂവുടമകൾ മുകളിലേക്കു സ്വയം ഉയരുന്നു; അദ്ധ്വാനശീലരായ വ്യവസായികൾ ഉയരുന്നുമില്ല എന്ന് റിക്കാർഡോ രേഖപ്പെടുത്തി. സവിശ്രമവർഗ്ഗത്തെ തുറന്നുകാട്ടി കളിയാക്കുന്ന ഈ ഗ്രന്ഥം പറഞ്ഞു, ചില ഭാഗ്യവാന്മാർ അധികം ജോലിയെടുക്കാതെ വിശ്രമം തൊഴിലായി സ്വീകരിച്ചു കഴിഞ്ഞുകൂടുന്നു— അവരാണ് സവിശ്രമവർഗ്ഗമെന്ന്.

## സവിശ്രമ - അലസവർഗ്ഗം

ലാഭക്കൊതിയും സ്വാത്ഥവും തലയിലേന്തി, എല്ലാം കണക്കുകൂട്ടി, എല്ലാ നിമിഷവും സാമ്പത്തികപ്രക്രിയയിൽ വ്യാപൃ

തരാണ് സവിശ്രമവർഗ്ഗാംഗങ്ങളെന്നു വെബ്ളൻ വിശ്വസി ച്ചില്ല. വിശ്രമിക്കുകയും അമിതമായി ചെലവുചെയ്യുകയും സമൂ ഹത്തിലെ സ്ഥാനമാനങ്ങരം കൈവശപ്പെടുത്തുകയുമാണ് പ ണിയെടുക്കുന്നതിനേക്കാളും മഹനീയമെന്നു സവിശ്രമവർഗ്ഗം വി ശ്വസിക്കുന്നു. ഇതാണവരുടെ വിശ്വാസപ്രമാണം.

നരവംശശാസ്ത്രഗ്രന്ഥങ്ങളിൽ വിവരിക്കുന്ന അപരിഷ്കൃ തസമൂഹങ്ങളിൽ സവിശ്രമവർഗ്ഗമില്ല. എല്ലാ വർഗ്ഗങ്ങളും അ വരവരുടെ തൊഴിൽ ചെയ്ത് സമൂഹത്തെ ആത്മാർത്ഥതയോടെ സേവിക്കുന്നു—തന്നിമിത്തം പ്രവൃത്തിയിലവർക്ക് അഭിമാനം; വ ന്നണയുന്ന തലമുറകരംക്ക് അനുഗ്രഹം. വിശ്രമം, അമിതമായ ദുർവ്യയത്തിൽകൂടി വിശ്രമം—ഇതു് ബഹുമതിയർഹിക്കുന്നതായി അവർ കണക്കാക്കുന്നില്ല.

പോളിനേഷ്യർ, പുരാതന ഐസ്ലണ്ടുകാർ, ഫ്യൂഡൽ ജപ്പാനിലെ ഷോഗുൺവർഗ്ഗം—ഇവരുടെ ഇടയിൽ മാത്രം സവി ശ്രമവർഗ്ഗമുണ്ടു്. സവിശ്രമവർഗ്ഗം അലസമല്ല. അവർക്കു പിടി പ്പതു പണിയുണ്ടു്. പണിയോ? മററുള്ളവരെ ചൂഷണം ചെ യ്യൽ—വക്രബുദ്ധി, കൗശലം, ശക്തി എന്നിവയുപയോഗിച്ച്.

## ഇന്നു് പണത്തിനുവേണ്ടി

കാലക്രമേണ ഈ മാർഗ്ഗം ബഹുമാനാർഹമായി. അവർക്കു പണമുണ്ടു്, ശക്തിയുണ്ടു്. സമൂഹത്തിൽ അത്യുന്നതമായ സ്ഥാനമുണ്ടു്. പണിയെടുക്കുന്നവരെ മണ്ടന്മാരായി അവർ കണക്കാക്കുന്നുമുണ്ടു്. മേല്പറഞ്ഞ അപരിഷ്കൃതവർഗ്ഗങ്ങളിൽ കാണുന്ന വിധമുള്ള സവിശ്രമവർഗ്ഗം, ആധുനികാമേരിക്കൻസമൂ ഹത്തിലും യൂറോപ്യൻ സമൂഹങ്ങളിലും കാണപ്പെടുന്നു അങ്ങ നെയെങ്കിൽ ഈ ആധുനിക—പരിഷ്കൃതസമൂഹങ്ങളും അപരി ഷ്കൃതമത്രേ ആധുനികസമൂഹവും അപരിഷ്കൃതഫ്യൂഡൽ

സമൂഹവും തമ്മിൽ വ്യത്യാസമില്ല. സത്യത്തിൽ ആധുനിക നാഗരികത പഴയ ഫ്യൂഡൽപാരമ്പര്യം പുലർത്തുകയാണ്.

കെട്ടിലും മട്ടിലും ആധുനികസവിശ്രമവർഗ്ഗം പണ്ടത്തേതിലും അല്പം പുരോഗമിച്ചിട്ടുണ്ട്. പക്ഷേ, ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ല. അന്നു പെണ്ണിനും പൊന്നിനുംവേണ്ടി; ഇന്നു് പണത്തിനുവേണ്ടി—ഇത്രയുമുണ്ടന്തരം. അപകടം ഇവിടെയല്ലതാനും.

സവിശ്രമവർഗ്ഗാംഗങ്ങളെ സാമാന്യജനങ്ങൾ ബുദ്ധിമാന്മാരായും സമർത്ഥന്മാരായും ശക്തന്മാരായും കണക്കാക്കുന്നു. അവരുടെ മാർഗ്ഗങ്ങൾ അനുമോദനാർഹമെന്നു് കരുതുന്നു. സവിശ്രമവർഗ്ഗത്തെ അനുകരിച്ചു് മററുള്ളവർ കാപട്യവും വക്രബുദ്ധിയും കൗശലവും വഞ്ചനയും ഉപയോഗിച്ചു് പണമുണ്ടാക്കുവാൻ ശ്രമിക്കുന്നു (ജോലി ചെയ്യുകയല്ല); പണം അമിതമായി ആഡംബരത്തിനുവേണ്ടി ചെലവാക്കുന്നു; അമിതമായ ധൂർത്തടിക്കൽ ആശാസ്യമെന്നു കരുതുന്നു. പടർന്നുപിടിക്കുന്ന ഈ ദുഷ്പ്രവണത അപകടം സൃഷ്ടിക്കുന്നു.

## അന്തസ്സിന്റെ അടിസ്ഥാനം

പക്ഷെ, കുറെ അധികമല്ലേ ഇപ്പറഞ്ഞതെല്ലാം? സവിശ്രമവർഗ്ഗത്തിൽ പെട്ടവർ അപരിഷ്കൃതരാണെന്നോ? കാര്യമുണ്ടു് വെബ്ളൻ പറയുന്നതിൽ. മഹത്തായ മാനുഷികമൂല്യങ്ങൾ അധഃപതിക്കുന്നു. കൂടുതൽ പേരും 'കസേരയുദ്യോഗ'ങ്ങൾക്കായി മുന്നോട്ടു വരുന്നു. ആധുനിക സവിശ്രമവർഗ്ഗത്തിന്റെ സാമ്പത്തികലക്ഷ്യം ഫ്യൂഡൽ പ്രഭുവർഗ്ഗത്തിന്റേതുതന്നെ. റോബട്ട് ലിൻഡ്, ഹെലൻലിൻഡ് എന്നിവർ 'മിഡിൽടൗണി'നെപ്പററി നടത്തിയ പഠനത്തിൽനിന്നു് വ്യക്തമാകുന്നതിതാണ്—ആവശ്യത്തിനു പണമില്ലാത്തപ്പോഴും,

കുറഞ്ഞ വരുമാനക്കാർ ആഡംബരവസ്തുക്കൾ വാങ്ങിയുപ യോഗിക്കുന്നു. "ഒരു നേരത്തെ ഭക്ഷണത്തിൽ കുറവു വരുത്താം. പക്ഷേ റിസ്റ്റ്‌വാച്ചും ടൂത്ത്പേസ്റ്റും, ടാല്ക്കംപൗഡറുമില്ലാ തെ പററില്ല." "വാടക കൊടുത്തിട്ട് രണ്ടുമാസമായി—സാര മില്ല; ഉടനടി റേഡിയോ വാങ്ങുകയാണാവശ്യം." "കോളേ ജിൽ ഫൈനോടുകൂടി ഫീസു കൊടുക്കാം; തൽക്കാലം കുറ ച്ചുകൂടി നല്ല രണ്ടു സാരിയും ഒരു 'പൊങ്ങച്ച'സഞ്ചിയും കൂ ടിയേ കഴിയൂ." വെബ്ളൻ വിഭാവനംചെയ്ത ദുഷ്പ്രവണ തകൾ!

## മത്സരത്തിൽനിന്നു ഭദ്രത

വെബ്ളൻെറ അവസാന നിഗമനത്തിലേയ്ക്കു നാം കട ക്കുന്നതേയുള്ളു. സവിശ്രമവർഗ്ഗത്തിലേക്കുയരുവാനുള്ള സാധാര ണക്കാരുടെ കീടമത്സരം സമൂഹത്തിനു് ഭദ്രത നൽകുന്നു. സമൂഹത്തിനു് ഭദ്രതയോ? അതെ. എങ്ങനെ? മാർക്സ് പറ ഞ്ഞു, പരസ്പരവിരുദ്ധങ്ങളായ താല്പര്യങ്ങൾ പുലർത്തുന്ന മുത ലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിൽ സംഘട്ടനമു ണ്ടാകുമെന്നു്. പക്ഷേ, ഈ സംഘട്ടനം ഇല്ലാതായി. എ ന്തുകൊണ്ടു്? തൊഴിലാളി വർഗ്ഗംമുതലാളിവർഗ്ഗമായി, സവി ശ്രമവർഗ്ഗമായി, ഉയരുവാൻ— സവിശ്രമവർഗ്ഗത്തെ അനുകരി ക്കുവാൻ—ശ്രമിക്കുന്നതുകൊണ്ടു്. 'സവിശ്രമവർഗ്ഗാം'ഗങ്ങളാ വാനാണു് താഴ്ന്നവരുടെയെല്ലാം ആഗ്രഹം: "എന്താ, അ യാളെപ്പോലെ എനിക്കും കൈയുംകെട്ടിയിരുന്നു കേമനായി കഴിഞ്ഞുകൂടാവുന്ന കാലമുണ്ടാവില്ലെന്നുണ്ടോ?" കാലമുണ്ടാകും; പലക്കും അതുണ്ടായിട്ടുണ്ടു്.

ബുദ്ധിജീവികളും ഉല്പതിഷ്ണുക്കളും വെബ്ളനെ ബഹുമാ നിക്കുകയായി. ചില ധനശാസ്ത്രജ്ഞന്മാർ പറഞ്ഞു, വെബ്

ളൻ ഒരു സോഷ്യലിസ്റ്റാണെന്നു്. ഒരു വാകൃത്തിലദ്ദേഹം മാർക്സിനെ പുകഴ്ത്തിയെങ്കിൽ, രണ്ടാമത്തേതിൽ, മാർക്സിനെ തരം താഴ്ത്തി വെബ്ളൻെറ സമീപനം വിടവില്ലാത്ത വിധത്തിൽ ശാസ്ത്രീയമായിരുന്നു.

## ഉല്പാദനയന്ത്രത്തിൻെറ ശത്രു?

"ബിസിനസ്സ് സമ്പ്രദായ" (Theory of Business Enterprise 1904)ത്തെപ്പററിയുള്ള വെബ്ളൻെറ ഗ്രന്ഥം പുറത്തിറങ്ങി. സ്മിത്തിനു ശേഷം വന്ന ഏതാണ്ടെല്ലാ ധനശാസ്ത്രജ്ഞന്മാരും പറഞ്ഞു, വൃവസായിവർഗ്ഗത്തിൻെറ ശ്രമഫലമാണു് സാമ്പത്തികപുരോഗതിയെന്നു്. വെബ്ളൻെറ അഭിപ്രായത്തിൽ, വൃവസായിവർഗ്ഗമാണു് സമ്പദ്‌വൃവസ്ഥയെ തുരങ്കംവെക്കുന്നത്. യന്ത്രം സമൂഹത്തെ അടക്കി ഭരിക്കുന്നു—ഒരേ നിറം, ഒരേ ഗുണം, ഒരേ വില തുടങ്ങിയ സവിശേഷതകളുള്ള സാധനങ്ങൾ. ചുരുക്കത്തിൽ, സാമ്പത്തികോല്പാദനം യന്ത്രം പറയുംപോലെ നടക്കുന്നു. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതു സാങ്കേതികവിദഗ്ദ്ധന്മാരും.

യന്ത്രങ്ങൾ അവയുടെ സാമ്പത്തികമായ ജോലി ശരിക്കു ചെയ്യുന്നു എന്നു കരുതുക. വൃവസായി ഇതിനിടയിൽ എവിടെ വരുന്നു? യന്ത്രങ്ങൾ ഉല്പാദനം നടത്തുന്നു. അവയ്ക്കു് വിലയും ലാഭവുമായി ബന്ധമില്ല. അതുപോലെത്തന്നെ, യന്ത്രങ്ങളുടെ പ്രവർത്തനം ശരിപ്പെടുത്തുന്ന സങ്കേതവിദഗ്ദ്ധന്മാർക്കും. വൃവസായി സങ്കേതവിദഗ്ദ്ധനല്ലല്ലൊ'

പരമാർത്ഥത്തിൽ, സവിശ്രമവർഗ്ഗാംഗങ്ങളായ വൃവസായികൾക്കു് ഉല്പാദനത്തിലോ സങ്കേതവിദ്യയിലോ രസമില്ല; പണം കുമ്പാരം കൂട്ടുന്നതിലേ അവർക്കു രസമുള്ളു. തന്നിമിത്തം വൃവസായികൾ തങ്ങളുടെ ലക്ഷ്യം പ്രാപിക്കുന്നതിനു

ചെയ്യുന്നത് ഉല്പാദനയന്ത്രത്തിൻെറ പ്രവൎത്തനത്തിൽ ഇടങ്കോലിടുക എന്നതാണ്. അങ്ങനെ വ്യവസായികൾ ഉല്പാദനപ്രവൎത്തനത്തിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു, ഉല്പാദനത്തിൽ കുറവുവരുത്തുന്നു — അതിൽനിന്നു ലാഭമെടുക്കുന്നു. വെള്ളം കലക്കി മീൻ പിടിക്കുകയാണവർ. വെള്ളം കലക്കിയാൽ, മീൻ കിട്ടിയെന്നു വരാം, കിട്ടിയില്ലെന്നും വരാം. മീൻ കിട്ടണമെങ്കിൽ വെള്ളം കലക്കണം —തീൎച്ച! അപ്പോൾ ഉല്പാദനയന്ത്രത്തിനെതിരായി പ്രവൎത്തിച്ചാണ് വ്യവസായിവൎഗ്ഗം (സവിശ്രമവൎഗ്ഗം) ലാഭമെടുക്കുന്നതു്, ധനം സമ്പാദിക്കുന്നതു്.

## ഫാഷിസം

വ്യക്തമായി പറഞ്ഞാൽ, വെബ്ളൻെറ നിഗമനം ഇതാണ്: "സവിശ്രമവൎഗ്ഗത്തിൻെറ (വ്യവസായിവൎഗ്ഗവും ഇതിൽ പെടും) ശത്രു യന്ത്രമാണ്; യന്ത്രം നടത്തുന്നവർ സങ്കേതവിദഗ്ധന്മാരുടെ വൎഗ്ഗവും. സമൂഹത്തിൽ പരസ്പരവിരുദ്ധങ്ങളായ താല്പൎയ്യങ്ങൾ പുലൎത്തുന്ന രണ്ടു വൎഗ്ഗങ്ങൾ—സങ്കേതവിദഗ്ധന്മാരുടെ വൎഗ്ഗം, വ്യവസായികളുടെ (സവിശ്രമ) വൎഗ്ഗം. അങ്ങനെ സമൂഹത്തിൽ രണ്ടു പുതിയ വൎഗ്ഗങ്ങൾ തലപൊക്കി

മൂന്നു ഗ്രന്ഥങ്ങൾ (The Engineers and Price System, Absentee Ownership and Business Enterprise, The Technicians and Revolution) കൂടി അദ്ദേഹം പുറത്തിറക്കി. ഇവയിൽകൂടി വെബ്ളൻ വിഭാവനംചെയ്ത വിപ്ലവത്തിൻെറ വിശദാംശങ്ങൾ നമുക്കു ലഭിക്കുന്നു.

സങ്കേതവിദഗ്ധന്മാരാണല്ലോ യന്ത്രവൽകൃതവ്യവസായങ്ങൾ വഴി ഉല്പാദനം സാധ്യമാക്കുന്നതു്! പക്ഷേ, ഉല്പാദനവുമായി യാതൊരു ബന്ധവുമില്ലാത്ത വ്യവസായികൾ

(സവിശ്രമവർഗ്ഗം) ലാഭമെല്ലാം തട്ടിയെടുക്ക
സങ്കേതവിദഗ്ദ്ധന്മാരുടെ വർഗ്ഗം ശരിക്കു മ
അവർ വ്യവസായങ്ങളുടെ ഉടമസ്ഥാവകാശവും
ഏറ്റെടുക്കും. (ചൂഷണപാരമ്പര്യമില്ലാത്ത ഇ
ത്തെ സോഷ്യലിസത്തിലേയ്ക്കു നയിച്ചെന്നു വരും.)
വിദഗ്ദ്ധന്മാർ ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും ചുമ
തല ഏറ്റെടുത്തില്ലെങ്കിൽ? സവിശ്രമവർഗ്ഗം മററുള്ളവരെ
കൂടുതൽ ചൂഷണംചെയ്യും; അതിനായി നഗ്നമായ ബലമുപ
യോഗിക്കും. ഫലം: ഫാഷിസം.

## വിവാഹമോചനം

ഇപ്രകാരം സംഭവിക്കുമെന്നു് വിശ്രമവർഗ്ഗം കരുതുന്നില്ല.
കരുതുന്നതു് ഒന്നു്; അനുഭവം മറെറാന്നു്—ഇതാണല്ലോ ലോ
കസ്ഥിതി. ഹാസ്യത്തിൽക്കൂടിയുള്ള വെബ്ളന്റെ ശകാരം
സവിശ്രമവർഗ്ഗത്തെ രസിപ്പിച്ചു.

വെബ്ളന്റെ കീർത്തി യൂറോപ്പിലെത്തി. ഒരു വിരു
ന്നിൽവെച്ചു് വെബ്ളനുമായി നോർവേയിലെ രാജാവു് സം
ഭാഷണം നടത്തി. ഈ സംഭവം അദ്ദേഹത്തിന്റെ വൃദ്ധമാതാ
വിനെ സന്തോഷിപ്പിച്ചതിനവതിയില്ല! പക്ഷേ വെബ്ളന്റെ
അനാശാസ്യമായ സ്ത്രീഭ്രാന്തു് വർദ്ധിച്ചതേയുള്ളു. ഷിക്കാ
ഗോ സർവ്വകലാശാല വെബ്ളനെ പുറംതള്ളുമെന്നു തീർച്ച
യായി.

അഗാധമായ പാണ്ഡിത്യം, അസാധാരണമായ നിർവ്വികാ
രത, അസാമാന്യമായ ലൈംഗികാവേശം—വെബ്ലന്റെ കീർത്തി
അദ്ദേഹത്തിനു മുമ്പേ സഞ്ചരിച്ചു. സാൻഫ്രാൻസിസ്കോവിലെ
സ്റ്റാൻഫോർഡ് സർവ്വകലാശാല അദ്ദേഹത്തെ ധനശാസ്ത്രപ്രൊ
ഫസ്സറായി സ്വീകരിച്ചു വീട്ടിൽ മരുമകളാണെന്ന നാട്യ

യുവതിയെപ്പററി ഒരു സ്നേഹിതൻ സൂ
...വെബ്ളൻ പറഞ്ഞു: "അവളെൻെറ മരുമക

...ൃ എല്ലൻ വിവാഹമോചനം നേടി. എത്രയെത്ര സ്ത്രീ
...ളുടെ കത്തുകളാണ് വെബ്ളൻെറ പോക്കററിൽനിന്ന് ആ മഹിള എടുത്തിരിക്കുന്നതു്! എത്രയെത്ര രാത്രികളാണ് ആ മഹിളയുടെ ഹൃദയം വ്രണപ്പെടുത്തിയതു്! ഒരിക്കൽ എല്ലന് ഗർഭമുണ്ടെന്നു് സംശയം തോന്നിയപ്പോറം അവരെ വീട്ടിലേക്കയയ്ക്കുവാൻ വെബ്ളൻ മറന്നില്ല. വിവാഹമോചനമല്ലാതെ ഗത്യന്തരമില്ലായിരുന്നു എല്ലന്. സ്നേഹിതയ്ക്കയച്ച ഒരു കത്തിൽ ആ മഹിള എഴുതി: "വിവാഹമോചനനിശ്ചയപ്രകാരം അദ്ദേഹമെനിക്കു് പ്രതിമാസം 25 ഡോളർ തരണം. അതും തരികയുണ്ടാകില്ല." എല്ലൻെറ പ്രവചനം പിഴച്ചില്ല.

## വെബ്ളനിസത്തിൻെറ കാലഘട്ടം

വിവാഹമോചനത്തോടെ വെബ്ളൻ സ്ഥലം വിട്ടു. മിസ്സൂറിസവ്വകലാശാലയിൽ പ്രൊഫസ്സറുദ്യോഗം സ്വീകരിച്ച വെബ്ളൻ, സ്നേഹിതനായ ധനശാസ്ത്രജ്ഞൻ ഡാവൻപോർട്ടിൻെറകൂടെ താമസിച്ചു്, ധൃതിയിൽ ഒരു ഗ്രന്ഥ (The Higher Learning in America)മെഴുതി അതിൻെറ ശരിയായ പേര് "സവ്വകലാശാലാവിദ്യാഭ്യാസം ദൂഷിപ്പിക്കുന്നതിനെപ്പററി ഒരു പഠനം" എന്നാണെന്നു് വെബ്ളൻ തന്നെ ഒരിക്കൽ പറഞ്ഞു. അതാകാം!

അദ്ദേഹത്തിൻെറ രസകരമായ "ജമ്മൻ സാമ്രാജ്യത്വം" എന്ന ഗ്രന്ഥം യുദ്ധകാലപ്രചാരണാത്ഥം ഗവമ്മേണ്ട് പരസ്യം ചെയ്തെങ്കിലും, അമേരിക്കയേയും ബ്രിട്ടനേയും വെബ്ളൻ പരിഹസിക്കുന്നതിനാൽ തപാൽവഴിക്കുള്ള ഈ ഗ്രന്ഥ

ത്തിൻെറ വിതരണം തപാൽവകുപ്പ് തടഞ്ഞു. മുമ്പൊരിക്കൽ സ്വരാജ്യസ്നേഹം അപരിഷ്കൃതസമൂഹത്തിൻെറ പാരമ്പര്യമാണെന്നാക്ഷേപിച്ച വെബ്ളൻ, തൻെറ സേവനങ്ങൾ ഗവമ്മേണ്ടിനർപ്പിച്ചു. നല്ല ശമ്പളം കിട്ടുന്ന അപ്രധാനമായ ഒരുദ്യോഗം നൽകി ഗവമ്മേണ്ട് അദ്ദേഹത്തെ മാററി നിർത്തി. മാത്രമല്ല, വ്യവസായികളുടെ മേൽ നികുതി വേണമെന്ന അദ്ദേഹത്തിൻെറ നിർദ്ദേശം സ്വീകരിച്ചതുമില്ല

ഒന്നാം മഹായുദ്ധം കഴിഞ്ഞു. ലേഖകൻ, പ്രാസംഗികൻ എന്നീ നിലകളിൽ അദ്ദേഹം വിജയിച്ചില്ല. എച്ച്. എൽ. മെങ്കൻ എഴുതുന്നു: "വെബ്ളനിസം വിലസുന്ന കാലഘട്ടം—വെബ്ളൻ പക്ഷക്കാർ, വെബ്ളൻ ക്ലബ്ബുകൾ, വെബ്ളൻ പ്രതിവിധികൾ .. വെബ്ളൻ യുവതികൾ പോലും ..." ഇതൊന്നും വെബ്ളനെ അലട്ടിയില്ല

## നീണ്ട സായാഹ്നത്ത്

വ്യക്തിപരമായി വെബ്ലൻ വിഷമിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ ശിഷ്യന്മാരും ധനശാസ്ത്രജ്ഞന്മാരുമായ വെസ്ലി മിച്ചലും ഇസഡോർ ലൂബിനും സഹായത്തിനോടിയെത്തി. റഷ്യൻ വിപ്ലവം സാങ്കേതികവിദഗ്ദ്ധന്മാരുടെ വർഗ്ഗത്തിനു വിജയം നൽകുമെന്ന് അദ്ദേഹം ആശിച്ചു: ആശ ഫലിച്ചില്ല.

വെബ്ലൻെറ രണ്ടാം ഭാര്യ ഭ്രാന്താലയത്തിൽ രക്ഷ തേടി. അമേരിക്കൻ ധനശാസ്ത്രസംഘടനയുടെ അദ്ധ്യക്ഷപദം അദ്ദേഹം നിരസിച്ചു, "എനിക്കാവശ്യമുണ്ടായിരുന്നപ്പോൾ നിങ്ങളതു തന്നില്ല" എന്നു പറഞ്ഞുകൊണ്ട്. ബാല്യകാലസ്മരണകളാകാം അദ്ദേഹത്തെ കാലിഫോർണിയയിലേക്കു മടങ്ങുവാൻ പ്രേരിപ്പിച്ചതു്. അവിടെ പുതിയതായി വാങ്ങിയ വീട്ടിൽ, ഓടിനടക്കുന്ന എലികളെ ഉപദ്രവിക്കാതെ, വിദൂരതയിൽ കണ്ണുംനട്ട് വെബ്ലൻ ഇരിപ്പുറപ്പിച്ചു.

എഴുപതു കഴിഞ്ഞ വെബ്ളൻ എഴുത്തു നിർത്തി. നീണ്ട'സാബത്തു'' അദ്ദേഹം ലംഘിക്കുകയില്ലത്രേ, മരണംവരെ. ലോകത്തിൽനിന്നദ്ദേഹം കൂടുതൽ ഒററപ്പെട്ടു. 1929-ൽ എഴുപത്തിരണ്ടാമത്തെ വയസ്സിൽ വെബ്ളൻ മരിച്ചു. മരണപത്രത്തിൽ അദ്ദേഹമിങ്ങനെ പറഞ്ഞിരുന്നു: "ഞാൻ മരിച്ചാൽ എത്രയും വേഗത്തിലും ഏററവും ചുരുങ്ങിയ ചെലവിലും എൻെറ മൃതശരീരം ദഹിപ്പിക്കണം. ചാരം കടലിലെറിയണം....സ്മാരകങ്ങളൊന്നും പാടില്ല; ജീവചരിത്രമോ പ്രതിമയോ ചിത്രമോ അരുതു്,.... എനിക്കു വന്നതോ എൻെറയോ ആയ കത്തുകൾ പ്രസിദ്ധം ചെയ്യാം; അവ ആക്കും ഉപയോഗിക്കാം." മരണപത്രപ്രകാരം തന്നെ എല്ലാം നടന്നു. ഒന്നുമാത്രം: അദ്ദേഹത്തിൻെറ ഓർമ്മകൾ നിലനിത്തുവാൻ മററുള്ളവർ യത്നിച്ചു.

## വിലയിരുത്തൽ

വെബ്ളൻെറ സംഭാവനകൾക്കു് മൊത്തത്തിൽ വിലയിരുത്തുന്നതു് നന്നായിരിക്കും. പ്രവചനത്തെ(The Technicians & Revolution)സംബന്ധിച്ചിടത്തോളം മാർക്സിനു പററിയ അബദ്ധംതന്നെ വെബ്ളനും പററി. ഡെമോക്രാററിക് സമ്പ്രദായവും അതുൾക്കൊള്ളുന്ന സമ്പദ്വ്യവസ്ഥയും പുതിയ ഒരു വഴിക്കു തിരിച്ചു. സവിശ്രമവർഗ്ഗത്തിൻെറ ചൂഷണവാസന തടയപ്പെടുമെന്നു് വെബ്ളനറിഞ്ഞില്ല. എങ്കിലും, പുതിയ വർഗ്ഗങ്ങളിലേക്കു വിരൽ ചൂണ്ടിയതു് വെബ്ളനാണ്. വെസ്ലി മിച്ചൽ പറയുന്നു: "ഏതോ മറെറാരു ലോകത്തിൽനിന്നു വന്ന സന്ദർശകനായ വെബ്ളൻ നമ്മിൽ ചെലുത്തിയ പ്രേരണ നമ്മെ അസ്വസ്ഥരാക്കി. ലോകത്തിൻെറ മേൽ ചെങ്കോൽ നടത്തുന്ന പരോക്ഷമായ ശക്തികളെ അതിലംഘിച്ചു് മനുഷ്യഗണത്തെ രക്ഷിക്കുവാൻ പാടുപെട്ട മറെറാരു പ്രതിഭാശാലിയെ ലോകം കണ്ടിട്ടില്ല. അതുപോലെതന്നെ ഗവേഷണമണ്ഡലം വികസിപ്പിച്ച മറെറാരു പ്രതിഭാശാലിയേയും." സാമ്പത്തികോല്പാദന

ത്തിൻെറ കാതലിൽ അദ്ദേഹം വിരൽ വെച്ചു. സവിശ്രമവർഗ്ഗത്തിൻെറ പ്രവത്തനക്രമത്തെപ്പററി വെബ്ളൻ പറഞ്ഞതു് ശരിയായിരുന്നു. സാമൂഹ്യ-സാമ്പത്തിക സ്ഥാപനങ്ങളിന്മേൽ ആധുനികധനശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ ഇന്നു പതിഞ്ഞുകാണുന്നതിന്നിടയാക്കിയതു് വെബ്ളനാണു്.

## കോമൺസ്

വെബ്ളൻെറ സമകാലികനാണു് ജോൺ ആർ. കോമൺസ്(1862–1945) അദ്ദേഹം സാമ്പത്തികസ്ഥാപനങ്ങൾ വിശകലനംചെയ്തു. കചാക്കർ ക്രിസ്ത്യൻ വിഭാഗത്തിൽപെട്ട പിതാവു് പത്രലേഖകനായിരുന്നു. മാതാവു് പ്രസ്ബിററീരിയൻ മതവിഭാഗാംഗവും. ജോലിചെയ്തു് പണമുണ്ടാക്കിയും അമ്മയുടെ അക്ഷീണപരിശ്രമഫലമായും ഒമ്പർലീൻ സവ്വകലാശാലയിൽനിന്നു് കോമൺസ് ബിരുദമെടുത്തു. അനുഭവത്തിൽ സിദ്ധാന്തവും പ്രവത്തനവും തമ്മിലുള്ള വ്യത്യാസത്തെപ്പററിയായിരുന്നു കോമൺസിൻെറ പഠനം. കാലികപ്രശ്നങ്ങൾ വിദ്യാത്ഥികളുമായി ചർച്ചചെയ്യുന്നു എന്ന കാരണത്താൽ ഒരു വർഷത്തിനകം വെസ്ലിയൻ സവ്വകലാശാലയിലെ ഉദ്യോഗം അദ്ദേഹത്തിനുപേക്ഷിക്കേണ്ടിവന്നു. ഇൻഡ്യാനാ സവ്വകലാശാലയിൽ ഉദ്യോഗം സചീകരിച്ച കോമൺസ് സഹകരണപ്രസ്ഥാനത്തിലും സാമൂഹ്യക്ഷേമപ്രവത്തനങ്ങളിലും ശ്രദ്ധ ചെലുത്തി.

## സാമ്പത്തിക സ്ഥാപനങ്ങൾ

സൈറാക്യൂസ് സവ്വകലാശാലയിലെ ധനശാസ്ത്ര പ്രൊഫസറായിത്തീൻ കോമൺസ്, ധനശാസ്ത്രം സാമൂഹ്യശാസ്ത്രത്തിൻെറ ഭാഗമാണെന്ന അഭിപ്രായഗതിയെ മാനിച്ചു്, തൻെറ ഗ്രന്ഥം (A Sociological view of Sovereignty) വഴി

ഒരു കാര്യം വ്യക്തമാക്കി: പൊതുജനങ്ങളുടെ ക്ഷേമവും അവകാശങ്ങളും ലംഘിക്കപ്പെടുന്നതിനാൽ ജനങ്ങൾ ഗവമ്മേണ്ടിൻെറ ഇടപെടൽ ക്ഷണിക്കുന്നു. ഈ കയ്പുള്ള ഗുളിക സൈറാക്യൂസ് സർവ്വകലാശാലാധികൃതർ സഹിച്ചില്ല. കോമൺസ് പുറംതള്ളപ്പെട്ടു. സാമ്പത്തികസ്ഥാപനങ്ങളെപ്പററി പഠിക്കുവാൻ ഐക്യസംസ്ഥാന വ്യാവസായികക്കമ്മീഷൻ കോമൺസിനെ നിയോഗിച്ചു. വീണ്ടും വിസ്കോൺസിൻ സർവ്വകലാശാലയിൽ ചേൎന്ന കോമൺസ് പതിനൊന്നു വാല്യങ്ങൾ വരുന്ന അമേരിക്കൻ വ്യാവസായികസമൂഹത്തിൻെറ ചരിത്ര (A Documentary History of American Industrial Society) വും അമേരിക്കൻ തൊഴിലാളിവർഗ്ഗത്തിൻെറ ചരിത്ര (History of Labour in U. S. A.) വും എഴുതി. ആധുനിക വ്യാവസായിക കോർപ്പറേഷൻപോലെ തന്നെ അത്യന്താപേക്ഷിതമാണ് തൊഴിലാളിപ്രസ്ഥാനവും എന്നദ്ദേഹം സമത്ഥിച്ചു. മററൊരു ഗ്രന്ഥം (Institutional Economics) ബാങ്കിങ്ങ്സമ്പ്രദായവും നാണ്യസമ്പ്രദായവും പഠനവിധേയമാക്കി. ഈ സ്ഥാപനങ്ങളിലെ ജനാധിപത്യ നിയന്ത്രണങ്ങളെന്തെന്നദ്ദേഹം വ്യക്തമാക്കി. സിദ്ധാന്തപരമായി അപഗ്രഥനംചെയ്തു് സാമ്പത്തികസ്ഥാപനങ്ങളിലേയ്ക്കു് കൂടുതൽ വെളിച്ചം വീശിയ മററൊരു പ്രതിഭാശാലി സുപ്രസിദ്ധ പണ്ഡിതനും ലഖ്നൗ സർവ്വകലാശാലാ സാമ്പത്തിക ശാസ്ത്രപ്രൊഫസറുമായ ഡോക്ടർ രാധാകമൽ മുക്കർജിയത്രേ.

## മിച്ചൽ

വെബ്ളൻെറ ശിഷ്യൻ വെസ്ലി ക്ലെയർ മിച്ചൽ (1874–1948) വിശേഷാനുമാനമാർഗ്ഗം, ഭൌതികശാസ്ത്രത്തിലെന്നപോലെ, സാമ്പത്തികശാസ്ത്രത്തിലും സ്വീകരിച്ചു. അദ്ദേഹവും സാമ്പത്തികസ്ഥാപനങ്ങളെപ്പററി പഠിച്ചു. കൂലി, നാണ്യവ്യവസ്ഥ എന്നിവയെപ്പററിയുള്ള അദ്ദേഹത്തിൻെറ ഗ്രന്ഥ

ങ്ങരം ശ്രദ്ധാഹ്മാണ്. അദ്ദേഹം സ്വീകരിച്ച വിശേഷാൻ മാനമാർഗ്ഗത്തിൻെറ മേന്മ താമസിയാതെ ലോകത്തിനു ബോദ്ധ്യപ്പെട്ടു. വിലക്കയററത്തിൽനിന്നു് വിലയിറക്കത്തിലേക്കും, വിലയിറക്കത്തിൽനിന്നു് വിലക്കയററത്തിലേക്കും. അങ്ങനെ സാമ്പത്തികത്തകച്ച്യയിൽനിന്നു് സാമ്പത്തികത്തകച്ച്യയിലേക്കു് ഉരുളുന്ന "ബിസിനസ്സ് ചക്ര''ത്തെപ്പററി(Business Cycles) യുള്ള അദ്ദേഹത്തിൻെറ പഠനങ്ങരം സാമ്പത്തികശാസ്ത്രത്തിനു മറക്കുവാൻ വയ്യ.

വെബ്ളനുമായി താരതമ്യപ്പെടുത്തുമ്പോരം, കോമൺസും മിച്ചലും അത്ര കേമന്മാരല്ല. സാമ്പത്തികപ്രക്രിയയുടെ ചില ഭാഗങ്ങരം ചൂണ്ടിക്കാണിച്ചെങ്കിലും, അവയുടെ പിന്നിലെ രഹസ്യങ്ങളിൽ അവർ വിരൽ വെച്ചില്ല. അവർ മാർഗ്ഗത്തിലൂന്നി; വെബ്ളൻ പരമാത്ഥങ്ങളിലും. സമൂഹത്തിലെ എല്ലാ കുറവുകളും ഒരേ സമയം കണ്ടു് അവയ്ക്കു വിലയിരുത്തി എന്നതാണു് വെബ്ളൻെറ മേന്മ

# കെയ്ൻസിയൻ വിപ്ലവം

ചർച്ചിൽ, റൂസ്‌വെൽററ്, ഷാ, പിക്കാസൊ, റസ്സൽ മുതലായവരുടെ സ്നേഹിതൻ, കലാശില്പങ്ങാക്കു വിലയിരുത്തുന്നതിൽ സമത്ഥൻ, നാഷണൽ ഗ്യാലറിയുടെ ട്രസ്റ്റി, കീത്തികേട്ട ഗണിതശാസ്ത്രജ്ഞൻ, തിയേററർ ഉടമസ്ഥൻ, കോടീശ്വരൻ, ബാങ്ക് ഓഫ് ഇംഗ്ലണ്ടിൻെറ ഡയറക്ടർ, പ്രസിദ്ധ നത്തകി ലിഡിയ ലോപ്പോകോവയുടെ ഭത്താവ്, സാമ്പത്തിക തകർച്ചയുടെ രഹസ്യം കണ്ടെത്തി സാമ്പത്തികരംഗത്തു വിപ്ലവാത്മകമായ പരിവത്തനം കൈവരുത്തി മുതലാളിത്തത്തിൻെറ ആയുസ്സു നീട്ടിയ ധനശാസ്ത്രജ്ഞൻ—സ്വതന്ത്രലോകത്തിനു് ഇദ്ദേഹത്തെ വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

മരിക്കുന്നതിനു് ഏതാനും വഷങ്ങാക്കു മുമ്പു് വെബ്‌ളൻ ചെറിയ തോതിൽ ഊഹക്കച്ചവടത്തിലേർപ്പെട്ടു. ആദ്യം കുറെ പണം കിട്ടി; പിന്നീടു് അതിലധികം നഷ്ടപ്പെട്ടു. ഏതായാലും അദ്ദേഹമവലപിച്ച സവിശ്രമവർഗ്ഗത്തിൻെറ ദുസ്സ്വഭാവം അദ്ദേഹത്തിലും കടന്നുകൂടി

അമേരിക്ക സമ്പൽസമൃദ്ധിയിലേക്കുയന്നു. പ്രസിഡണ്ടു്

ഹൂവർ പ്രഖ്യാപിച്ചു: "ദൈവസഹായമുണ്ടെങ്കിൽ, ദാരിദ്ര്യത്തെ ഈ രാഷ്ട്രത്തിൽനിന്നു കരകടത്താവുന്ന സുദിനം നമ്മുടെ കാഴ്ചപ്പാടിൽ എത്തിക്കഴിഞ്ഞു." ഡെമോക്രാററിക് പാർട്ടി നേതാവ് റാസ്കോബ് ഇങ്ങനെ കണക്കുകൂട്ടി: "ആഴ്ചയിൽ 15 ഡോളർ മിച്ചമുണ്ടാക്കി അതു കമ്പനി ഷെയറുകളിൽ നിക്ഷേപിക്കുന്ന ഒരു അമേരിക്കന് 20 വർഷങ്ങൾക്കുശേഷം ലഭിക്കുന്നതു് എണ്പതിനായിരം ഡോളറാണ്. മാസന്തോറും തന്റെ നിക്ഷേപത്തിൽനിന്നു കിട്ടുന്നതു് 400 ഡോളറും. അവൻ ധനികൻ തന്നെ!"

ആദരണീയനായ ധനശാസ്ത്രജ്ഞൻ ഇർവിങ്ങ് ഫിഷർ (1867-1946) പ്രഖ്യാപിച്ചു: "സാമ്പത്തിക പുരോഗതിയുടെ അനശ്വരമായ പീഠഭൂമിയിൽക്കൂടി നാം മുന്നോട്ടു പോവുകയാണ്." രണ്ടാഴ്ച കഴിഞ്ഞതേയുള്ളു. സമ്പദ്‌വ്യവസ്ഥ അപകടത്തിലായി; സാമ്പത്തികനിലവാരം പീഠഭൂമിയിൽനിന്നു് സാമ്പത്തികത്തകർച്ചയുടെ മൈതാനത്തിലേക്കു ചാടി. ഹോട്ടലിലെത്തുന്നവരോട് മാനേജർ ചോദിച്ചു: "എട്ടാം നിലയിലാണോ മുറി വേണ്ടതു്? ഉറങ്ങാനോ കീഴ്പ്പോട്ടു ചാടാനോ?"

## സാമ്പത്തികത്തകർച്ച

ആഡം സ്മിത്ത് വിചാരിച്ചു, പുതിയ ലോകത്തിൽനിന്നു് സ്പെയിൻകാർ കൊണ്ടുവരുന്ന സ്വർണ്ണവും വെള്ളിയുമാണു് വിലക്കയററമുണ്ടാക്കുന്നതെന്നു്. അവ സത്യത്തിൽ പണമാണല്ലോ. യെയ്ൽ സർവ്വകലാശാലയിലെ പ്രൊഫസ്സർ ഇർവിങ്ങ് ഫിഷർ വ്യക്തമാക്കി, അമിതമായ പണപ്പെരുപ്പം വിലക്കയററവും അമിതമായ പണച്ചുരുക്കം വിലയിറക്കവും സൃഷ്ടിക്കുന്നുവെന്നു്. ഒരു സാധനത്തെസ്സംബന്ധിച്ചിടത്തോളം പ്രദാനം (Supply) അങ്ങനെതന്നെ നിൽക്കുന്നു എന്നു സങ്കല്പിക്കുക. പ്രചാരത്തിലുള്ള പണത്തിന്റെ ആകത്തുക (പണം കൈമാറുന്നതിന്റെ

വേഗവും ചെക്ക്, ബില്ല് തുടങ്ങിയവയും ഇതിൽ ഉൾപ്പെട്ടത്തണം) ഇരട്ടിച്ചാൽ, സാധനത്തിൻെറ വില ഇരട്ടിക്കും. പണത്തിൻെറ പരിമാണസിദ്ധാന്തത്തിന് (Quantity theory of money) പൂർണ്ണരൂപം നൽകിയത് ഇർവിങ്ങ് ഫിഷറാണ്. "വില്പനയ്ക്കുള്ള സാധനങ്ങളുടെ തുകയിൽ മാററമില്ലാത്തപ്പോൾ, പ്രചാരത്തിലുള്ള പണത്തിൻെറ തുകയിൽ വരുന്ന മാററമനുസരിച്ച് വിലനിലവാരത്തിലും മാററം സംഭവിക്കും." പക്ഷേ, പ്രയോഗത്തിൽ ഈ സിദ്ധാന്തം അത്ര ശരിയല്ലെന്നു വന്നു.

വിലനിലവാരം, സാമ്പത്തികത്തകർച്ചയുടെ ഫലമായി അതിവേഗം ഊന്നിറങ്ങുകയായി. തൊഴിലില്ലായ്മ രാഷ്ട്രത്തിനു പൊറുക്കാൻ വയ്യാത്തവണ്ണം പടർന്നുപിടിച്ചു "എൻെറ കൈയിലുണ്ട് അഞ്ചു ഡോളർ" എന്ന പല്ലവി പാടിയ അമേരിക്ക "സ്നേഹിതാ, കുറച്ചു ചില്ലറ തരൂ" എന്നു യാചിക്കേണ്ടിവന്നു. എന്താണിങ്ങനെ? ആക്കും തീർത്തുപറയുവാൻ കഴിഞ്ഞില്ല. ലോകത്തിൻെറ ക്ഷമ നശിച്ചു.

## വിഷമ വൃത്തം

തൊഴിലില്ലായ്മ എന്ന വിപത്തിനെ മുതലാളിത്തവ്യവസ്ഥയിൽനിന്നു് നീക്കംചെയ്യുവാൻ, മാർഷലിൻെറ അനന്തരാവകാശിയെന്നു കീർത്തി നേടിയ കേംബ്രിഡ്ജ് സർവ്വകലാശാലാ പ്രൊഫസ്സർ എ. സി. പിഗുവിൻെറ നേതൃത്വത്തിൽ 'ക്ഷേമ സമ്പദ്‌വ്യവസ്ഥ' എന്ന ധനശാസ്ത്രത്തിലെ പുത്തൻ പ്രസ്ഥാനം ഉടലെടുത്തു. ഭൂരിപക്ഷത്തിൻെറ ക്ഷേമം സംരക്ഷിക്കുവാൻ ഏതേതു നയങ്ങളാണ് ഗവൺമെണ്ടു സ്വീകരിക്കേണ്ടതെന്നു് പിഗു തൻെറ ഗ്രന്ഥ (The Economics of Welfare) ത്തിൽ വ്യക്തമാക്കി. ദേശീയോല്പന്നം, ദേശീയവരുമാനം എന്നീ ആശയങ്ങളിലേക്ക് അദ്ദേഹം കൂടുതൽ വെളിച്ചം വീശി

പണപ്പെരുപ്പ-പണച്ചുരുക്ക വിഷമവൃത്തത്തെ മുറിച്ചെറിഞ്ഞു ദേശീയവരുമാനം വർദ്ധിപ്പിക്കുവാൻ ഗവർമ്മേണ്ടിൻെറ ചെലവിലുള്ള പൊതുമരാമത്തു പ്രവൃത്തികൾ സഹായിക്കുമെന്നു് അദ്ദേഹം പറഞ്ഞു. ലേബർ എക്സ്ചേഞ്ചുകൾ, ദേശീയസാമൂഹ്യ ഇൻഷ്വറൻസ് എന്നിവ ഏർപ്പെടുത്തണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു.

മാർക്സിൻെറ 'മൂല്യ'സിദ്ധാന്തം (Value theory) ഖണ്ഡിക്കുവാൻ തയ്യാറെടുത്ത ഗണിതശാസ്ത്രജ്ഞനും സാമൂഹ്യപരിഷ്കർത്താവുമായ ജോൺഗുസ്തവു് വിക്സെൽ (1851–1921) പണപ്പെരുപ്പ–പണച്ചുരുക്ക വിഷമവൃത്തത്തെപ്പററി ചരിത്രപരമായി പഠിച്ചു. പണം മിച്ചമുണ്ടാക്കുക—അതാണല്ലോ ആക്കമാവശ്യം. സമ്പാദ്യമിച്ചം മൂലധന സാധനങ്ങളിന്മേൽ (വീടുകൾ, ഫാക്ടറികൾ, യന്ത്രങ്ങൾ) നിക്ഷേപിച്ചെന്നുവരാം. നിക്ഷേപ (Investment) ത്തിനേക്കാൾ കൂടുതലാണു് സമ്പാദ്യമിച്ചമെങ്കിൽ, ചോദനം കുറയും, വിലയിടിയും. നിക്ഷേപത്തേക്കാൾ കുറവാണു് സമ്പാദ്യമിച്ചമെങ്കിൽ, മറിച്ചാകും അനുഭവം. വിക്സെൽ തുടങ്ങിവെച്ച ഈ പഠനം പിന്തുടരുകയായി മിർഡൽ, ലണ്ട്ബർഗ്, ഔളിൻ തുടങ്ങിയ സ്വീഡിഷ് സാമ്പത്തികശാസ്ത്രജ്ഞന്മാർ.

## ഒരു സകലകലാവല്ലഭൻ

സമൃദ്ധിക്കിടയിൽ തൊഴിലില്ലായ്മ— വിരോധാഭാസം! ഇതെന്തെന്നു് വിവരിക്കേണ്ട ചുമതല "കുപിതനും" ഇടതുപക്ഷക്കാരനുമായ ഒരു പ്രതിഭാശാലിയിൽ നിക്ഷിപ്തമായി. അദ്ദേഹം എല്ലാ മണ്ഡലങ്ങളിലും ചികഞ്ഞു നോക്കുകയായി, കാരണം കണ്ടെത്തുവാൻ. ദിവസം അരമണിക്കൂർ മാത്രം ചെലവാക്കി അദ്ദേഹം ക്ഷണത്തിൽ 5 ലക്ഷം പവൻ സമ്പാദിച്ചു അദ്ദേഹത്തിൻെറ ഗണിതശാസ്ത്രഗ്രന്ഥത്തെപ്പററി ബെർട്രണ്ടു്

റസ്സൽ പറഞ്ഞു, "ഇതു് പുകഴ്ത്തുന്നതു് അധികമാവുക വയ്യ" എന്നു്.

ഭാര്യയായി ഈ കേംബ്രിഡ്ജ് പ്രൊഫസ്സർ തെരഞ്ഞെടുത്തതു് പ്രസിദ്ധയായ ഒരു നർത്തകിയെയാണ്. ഉന്നതന്മാരായ ബുദ്ധിശാലികളുൾപ്പെട്ട "ബ്ളൂംസ്ബറി ഗ്രൂപ്പി"ലെ അംഗം; ഒരു ലൈഫ് ഇൻഷ്വറൻസ് കമ്പനിയുടെ അദ്ധ്യക്ഷൻ; അന്താരാഷ്ട്രീയ നയങ്ങൾക്ക് രൂപം നൽകുന്നതിൽ അതിസമർത്ഥൻ; ആധുനിക കലാപ്രവണതകളുൾക്കൊള്ളുന്ന, നല്ല ചിത്രകാരന്മാർ വരച്ച, ചിത്രങ്ങൾ വാങ്ങുന്ന കലാപ്രേമി; സ്വന്തമായി ഒരു തിയേററർ പണിതു് നല്ല നാടകങ്ങൾ അരങ്ങത്തു കൊണ്ടുവരുന്നതിൽ ഉത്സാഹമുള്ളവൻ; ന്യൂട്ടൻെറ ഹസ്തലിഖിതഗ്രന്ഥങ്ങൾ ശേഖരിക്കുന്ന 'ക്ലാസ്സിസിസ്റ്റ്'; ബാങ്ക് ഓഫ് ഇംഗ്ലണ്ടിൻെറ ഡയറക്ടർ പദവിയിലേക്കുയർത്തപ്പെട്ടവൻ; ചർച്ചിൽ, റൂസ്‌വെൽററ്, ബെർണാർഡ്ഷാ, പിക്കാസോ മുതലായവരുടെ സ്നേഹിതൻ; ജയിക്കുവാൻവേണ്ടി മാത്രം 'ബ്രിഡ്ജ്' കളിക്കുന്നവൻ—തികച്ചും പ്രതിഭാശാലിയായ ഈ മഹാൻ ഒരിക്കൽ പറഞ്ഞു: "കുറെക്കൂടി ഷാമ്പെയ്ൻ അകത്താക്കാൻകൂടി കഴിഞ്ഞിരുന്നെങ്കിൽ!"

ഇദ്ദേഹമാണ് ജോൺ മെയ്നാഡ് കെയ്ൻസ്. കുടുംബപാരമ്പര്യത്തിൽ വിശ്വസിക്കുന്ന കെയ്ൻസിൽ പത്തുപന്ത്രണ്ടു മിടുമിടുക്കന്മാരുടെ കഴിവുകൾ ഒരുമിച്ചു. കാൾമാർക്സ് മരിച്ച കൊല്ലമാണ് കെയ്ൻസിൻെറ ജനനം. ഭിന്നാഭിരുചിക്കാരായ ഈ രണ്ടു പ്രതിഭാശാലികളും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ ഏററവുമധികം സമ്മർദ്ദംചെലുത്തി. നിരാശത മാർക്സിനെ കാർന്നുതിന്നു; കെയ്ൻസിൽ ആശ കുതിച്ചുയർന്നു—ജീവിതത്തെസ്സംബന്ധിച്ചിടത്തോളം. മുതലാളിത്തത്തെ തകർക്കുവാൻ യത്നിച്ചു മാർക്സ്; മുതലാളിത്തത്തെ ഉടച്ചുവാർത്തു കെയ്ൻസ്. മാർക്സ് പരാജയത്തിൻെറ വക്കത്തെത്തി; കെയ്ൻസ് സാമാന്യത്തിലധികം വിജയിച്ചു.

## ജ്വലിച്ചുയരുന്ന പ്രതിഭ

നാലര വയസ്സിൽ കെയ്ൻസ് സ്വന്തം പലിശയുടെ അത്ഥം വിവരിച്ചു. ആറു വയസ്സിൽ കെയ്ൻസ് സ്വന്തം ബുദ്ധിയുടെ പ്രവത്തനത്തെപ്പററി ആലോചിക്കുകയായി തന്റെ പുസ്തകക്കെട്ട് ചുമക്കുന്ന വിദ്യാത്ഥിക്ക് പ്രതിഫലമായി അയാളുടെ 'ഹോം വക്ക്' കെയ്ൻസ് ചെയ്തുകൊടുത്തു പോന്നു.

പതിന്നാലാം വയസ്സിൽ കെയ്ൻസ് ഈററൻ പബ്ലിക സ്കൂളിലെ 'സ്കോളർഷിപ്പ്' കൈക്കലാക്കി. അവിടേയും അദ്ദേഹത്തിന്റെ പ്രതിഭ തഴച്ചുവളന്നു. ഏതു വിഷയത്തിലും മത്സരത്തിലും സമ്മാനം കെയ്ൻസിനാണ്. ശക്തനായ വാശി, ബുദ്ധിമാനായ വിദ്യാത്ഥി, നമ്മബോധമുള്ള കൂട്ടുകാരൻ —കെയ്ൻസ് വിജയിച്ചു. നല്ല വസ്ത്രം, ഒന്നാന്തരം മദ്യം, വീര്യമുള്ള മേൽമീശ— ജീവിതം നുകരുന്നതിനിവ സഹായിച്ചു. കേംബ്രിഡ്ജ് സവ്വകലാശാലയാണ് ഏററവും പ്രശസ്തമായ വിജയം അദ്ദേഹത്തിനു നേടിക്കൊടുത്തത്. പ്രൊഫസ്സർ മാർഷൽ നിർബ്ബന്ധിച്ചു, കേംബ്രിഡ്ജ് വിടരുതെന്ന്. പ്രൊഫസ്സർ പിഗു ആഴ്ചയിലൊരിക്കൽ അദ്ദേഹമൊന്നിച്ച് പ്രാതൽ കഴിക്കുന്ന പതിവു പുലത്തി. കേംബ്രിഡ്ജ് യൂണിയന്റെ സെക്രട്ടറിയായിത്തീന്ന കെയ്ൻസിനെ ലിയൊനാഡ് വൂൾഫും ലിററൺ സ്റ്റ്റാച്ചിയും തേടിപ്പിടിച്ച് "ബ്ലൂംസ്ബറിഗ്രൂപ്പി"ൽ ചേത്തു. ഗ്രൂപ്പംഗങ്ങൾ ഒരുമിച്ച് കുന്നും മലയും കയറിയിറങ്ങി പുസ്തകങ്ങൾ വാങ്ങി വായിച്ചു രസിച്ചു, വെളുക്കാറാവുന്നതുവരെ ചർച്ചകൾ നടത്തി, കെയ്ൻസിന്റെ പ്രതിഭ ജ്വലിച്ചു.

## ഇന്ത്യൻ നാണ്യപ്രശ്നങ്ങൾ

വിദ്യാഭ്യാസം പൂത്തിയാക്കിയ കെയ്ൻസിനെ ഭാവി തുറിച്ചുനോക്കി. ജോലിയില്ല, പണവുമില്ല. അദ്ദേഹം സ്റ്റാ

ച്ചിക്കെഴുതി: "ഒരു തീവണ്ടിക്കമ്പനി തുടങ്ങുക—അതാണെനിക്കു വേണ്ടത്." തീവണ്ടിക്കമ്പനി തുടങ്ങാൻ പററിയില്ല. അതിനാലദ്ദേഹം സിവിൽ സർവ്വീസ് പരീക്ഷക്കിരുന്നു. അതും ഏററവും വെറുപ്പോടെ. സ്ട്റാച്ചിയുടെ സഹോദരി ചോദിച്ചു: "നിങ്ങൾ തോററുപോകുമെന്നാണോ ഭയം?" കെയ്ൻസ് പറഞ്ഞു: "തോല്ക്കില്ല. ആദ്യത്തെ പത്തു പേരിൽ ഞാനുണ്ടാകും" രണ്ടാമനായി കെയ്ൻസ് ജയിച്ചു. കിട്ടിയതിൽ ഏററവും കുറഞ്ഞ മാർക്ക് ധനശാസ്ത്രത്തിലായിരുന്നു.! കാരണം? "കടലാസ്സു നോക്കിയവർക്ക് എന്നോളം പിടിയില്ല ധനശാസ്ത്രത്തിൽ" എന്നായിരുന്നു കെയ്ൻസിൻെറ മറുപടി!

ലണ്ടനിലെ ഇന്ത്യാ ഓഫീസിലാണ് അദ്ദേഹം നിയമിതനായത്. മേലധികാരിയുടെ അഹങ്കാരം അദ്ദേഹം സഹിച്ചില്ല. ജോലി രാജിവെച്ച് കെയ്ൻസ് കേംബ്രിഡ്ജിൽ വീണ്ടും ചേർന്നു. ഇന്ത്യാ ഓഫീസിൽനിന്നു കിട്ടിയ സൂക്ഷ്മവിവരങ്ങൾ ഉപയോഗിച്ച് കെയ്ൻസ് ഒരു ഗ്രന്ഥം (Indian Currency and Finance) ഇറക്കി. ഒരു 'മാസ്റ്റർപീസാ'ണിതെന്ന് ഏവരും സമ്മതിച്ചു. 29 വയസ്സുകാരൻ കെയ്ൻസ് ഇന്ത്യൻ നാണയങ്ങളെപ്പററി അന്വേഷിക്കുവാൻ നിയുക്തമായ രാജകീയ കമ്മീഷണിലെ അംഗമായി. അതും ഇത്ര ചെറുപ്പത്തിൽ!

"ഇക്കണോമിക്ക് ജേർണ്ണലി"ൻെറ പത്രാധിപത്യം കെയ്ൻസിൽ നിക്ഷിപ്തമായി. 33 വർഷക്കാലം കെയ്ൻസിൻെറ നേതൃത്വത്തിൽ ഈ പ്രസിദ്ധീകരണം തഴച്ചുവളർന്നു. "ബ്ളൂംസ്ബറി ഗ്രൂപ്പ്" സ്വന്തമായി ഒരു കെട്ടിടവും പുതിയ തത്വസംഹിതയും അസാമാന്യകീർത്തിയും നേടിക്കഴിഞ്ഞിരുന്നു. റോജർ ഫ്രൈ, ക്ലൈവ്ബെൽ, ഈ എം. ഫോർസ്റ്റർ, വെർജീനിയ വൂംഫ് എന്നിവർ ആ ഗ്രൂപ്പിൽ പ്രവർത്തിക്കുകയായി, കെയ്ൻസിൻെറ നേതൃത്വത്തിൽ.

ധനകാര്യാലയത്തിലെ ഉയന്ന ഉദ്യോഗസ്ഥനായിത്തീന്ന കെയ്ൻസിനെപ്പററി ഒരു കഥയുണ്ട്. ട്രഷറി സെക്രട്ടറി കെയ്ൻസിനോടു പറഞ്ഞു: "സ്പാനിഷ് നാണ്യത്തിന് വില കയറുകയാണു്. നമ്മുടെ കൈയിൽ അതു കുറച്ചുണ്ടല്ലോ."

"ഇല്ല"

"ഇല്ലെന്നോ?"

"അതെ. ഞാൻ അതെല്ലാം വിററു, അതിൻെറ വിലക്കയററം തടയുവാൻ." ട്രഷറി സെക്രട്ടറി അന്തംവിട്ട് നിന്ന നിലയിൽ നിന്നു. കെയ്ൻസിൻെറ മാഗ്ഗം ഫലിച്ചു. സ്പാനിഷ് നാണ്യത്തിൻെറ വിലക്കയററം നിലച്ചു

## സൗന്ദര്യറാണി

യുദ്ധം വിജയിക്കുന്നതിനു് കെയ്ൻസ് നൽകിയ സംഭാവനയെപ്പററി അദ്ദേഹത്തിൻെറ(ധനശാസ്ത്രജ്ഞനായ) ജീവചരിത്രകാരൻ റോയ് ഹെരാസ്സ് പറയുന്നതിങ്ങനെയാണു്: ഫ്രാൻസ് ബ്രിട്ടനു കൊടുക്കാനുള്ള പണത്തിനു് പകരമായി ഒന്നാന്തരം കലാകാരന്മാർ—ഗോഗിൻ, മാണേ തുടങ്ങിയവർ—വരച്ച മികച്ച ചിത്രങ്ങൾ തന്നാൽ മതിയെന്നായിരുന്നു കെയ്ൻസിയൻ പ്ലാൻ. പ്ലാൻ ഫലിച്ചു മാത്രമല്ല, കെയ്ൻസ് സ്വന്തമായി ഒരു 'സെസാൻ' ചിത്രം വാങ്ങുകയും ചെയ്തു.

ലണ്ടനിൽ തിരിച്ചെത്തിയ കെയ്ൻസ് ഒരു 'ബാലേ' നൃത്തം കണ്ടു; അതിലെ സൗന്ദര്യറാണിയായ ലിഡിയ ലോപ്പോകോവയേയും. തുടന്നു്, ഒരു വിരുന്നിൽവെച്ച് ലിഡിയ കെയ്ൻസിനോടു പറഞ്ഞു: "ഇവിടത്തെ കാലാവസ്ഥ എനിക്കു പററുന്നില്ല. ഈ ആഗസ്റ്റ്മാസത്തിൽ ഞാൻ ബ്രിട്ടൻ വിടുകയാണു്."

യുദ്ധം കഴിഞ്ഞു പാരീസ് സന്ധിസമ്മേളനത്തിൽ സംബന്ധിക്കുന്ന ധനകാര്യമന്ത്രിയുടെ ഡെപ്യൂട്ടിയായി കെയ്ൻസും പോയി. അമേരിക്കൻ പ്രസിഡണ്ട് വിൽസനെ തൻെറ അഭിപ്രായഗതിയിലേക്ക് ഫ്രഞ്ച് നേതാവ് ക്ലെമെൻസോ കൊണ്ടുവരുന്നതു കെയ്ൻസ് കണ്ടു. ഏററവും വൈരാഗ്യബുദ്ധിയോടെയാണ് ഈ സന്ധി നിർമ്മിക്കപ്പെട്ടുന്നതു്.

## നിർഭാഗ്യകരമായ സന്ധി

കെയ്ൻസ് അമ്മയ്ക്കെഴുതി: "ഞാൻ ക്ഷീണിച്ചവശായി. ഇതിനു കാരണം ഭാഗികമായി ജോലിയും ഭാഗികമായി നിരാശതയുമാണ്..... സന്ധി നിർഭാഗ്യകരമായിപ്പോയി. ആപത്തു വിളിച്ചുവരുത്താനേ അതിനു കഴിവുള്ളു." യുദ്ധക്കടം കൊടുത്തു തീർക്കുവാൻ കഴിയാതെ വിഷമിക്കുന്ന ജർമ്മനി അന്താരാഷ്ട്രീയക്കമ്പോളത്തിൽനിന്നു വിദേശനാണ്യം സമ്പാദിക്കുവാൻ ദുഷിച്ച മാർഗ്ഗങ്ങൾ തേടും. ഇതു് കെയ്ൻസൊഴിച്ച് ആരും മുൻകൂട്ടി കണ്ടില്ല. കെയ്ൻസ് ജർമ്മൻ രാഷ്ട്രത്തിൻെറ സൈനികമായ കുതിച്ചുയരലും മുൻകൂട്ടി കണ്ടു

നിരാശനായ കെയ്ൻസ് രാജിവെച്ചു. സമാധാനസന്ധി ഒപ്പുവെയ്ക്കുന്നതിനു മൂന്നു ദിവസംമുമ്പ് കെയ്ൻസ് തൻെറ ഗ്രന്ഥം (The Economic Consequences of Peace) പുറത്തിറക്കി. തീപ്പൊരി പറപ്പിക്കുന്ന ഈ ഗ്രന്ഥം അദ്ദേഹത്തിനു കീർത്തി നേടിക്കൊടുത്തു നോവലുപോലെ രസകരമായ ഈ ഗ്രന്ഥത്തിൽ കെയ്ൻസ് പറഞ്ഞു: അവർ പകപോക്കുകയാണ്; യൂറോപ്പിൻെറ പരമപ്രധാനമായ നവീകരണത്തെപ്പററി അവർ ചിന്തിക്കുന്നില്ല. കെയ്ൻസ് എഴുതി: "ഗതിവേഗതയുള്ള സാമ്പത്തികത്തകർച്ച യൂറോപ്പിനെ ഗ്രസിക്കും ...പട്ടിണി കിടക്കുന്ന ജനങ്ങൾ പെട്ടെന്നു മരിച്ചെന്നു വരില്ല....പട്ടിണി ചില രാഷ്ട്രങ്ങളിൽ അനാസ്ഥയും നിരാശതയും വരുത്തുമെ

ങ്കിൽ, മററു ചില രാഷ്ട്രങ്ങളിൽ ആളിക്കത്തലുകളുണ്ടാകും....ഈ അപകടത്തിനെതിരായി നമ്മുടെ കഴിവുകളും ആത്മവീര്യവും ദാർശനികതത്വവും ഒരുമിക്കണം.” ആയിരത്തിത്തൊള്ളായിരത്തിയിരുപത്തിനാലിലെ ഡാവസ്സ്പ്ലാൻ വന്നതോടെ കെയ്ൻസ് പറഞ്ഞതെല്ലാം ലോകത്തിനു ബോദ്ധ്യപ്പെട്ടു.

## തിരക്കിനിടയിൽ വിവാഹം

സാമ്പത്തികത്തകച്ച്യ്ക്കിടയിൽ ഊഹക്കച്ചവടത്തിനിറങ്ങിയ കെയ്ൻസിനു് എല്ലാം നഷ്ടപ്പെട്ടു. ബാങ്കറായ ഒരു സ്നേഹിതൻെറ സഹായത്തോടെ പിന്നീടു് കെയ്ൻസ് 20 ലക്ഷം പവൻ സമ്പാദിച്ചു. കാലത്തു് കിടക്കയിൽ എണീററിരുന്നു് 15 മിനിററുസമയംകൊണ്ടു് കെയ്ൻസു് തീരുമാനമെടുക്കും, ഏതേതു ഷെയറുകൾ വാങ്ങണമെന്നും വില്ക്കണമെന്നും ലക്ഷപ്രഭുവായിത്തീർന്ന കെയ്ൻസു് നിശ്ചയിച്ചു, ഇനിയുള്ള കാലം ധനശാസ്ത്രത്തിനായി ഉഴിഞ്ഞിടണമെന്നു്. മറെറാരു റിക്കാർഡോതന്നെ!

പണം തനിക്കു മാത്രമല്ല ആവശ്യം; താനിഷ്ടപ്പെടുന്ന സ്ഥാപനങ്ങൾക്കും പണം വേണം. കേംബ്രിഡ്ജിലെ കിങ്ങ്സു് കോളേജിൻെറ ‘ബർസർ’ എന്ന നിലയിൽ ;അദ്ദേഹം 30,000 പവൻെറ ഫണ്ടു് 3,80,000 പവനായി വികസിപ്പിച്ചു. ഒരു നിക്ഷേപടസ്റ്റും അദ്ദേഹം നടത്തി. പക്ഷേ, സ്വന്തമായി ഒരു തീവണ്ടിക്കമ്പനി നടത്തിയില്ല.

‘മാഞ്ചസ്റ്റർ ഗാർഡിയൻ’ പത്രത്തിലെഴുതുക, കേംബ്രിഡ്ജിൽ പഠിപ്പിക്കുക, പുതിയ പുസ്തകങ്ങൾ വായിക്കുക, നല്ല നല്ല കലാകാരന്മാരുടെ ചിത്രങ്ങൾ വാങ്ങുക — കെയ്ൻസു് സമയമില്ലാതെ കുഴങ്ങി. ആ തിരക്കിനിടയിൽ അദ്ദേഹം ലിഡിയയെ വിവാഹംചെയ്തു. തട്ടിൻമുകളിലെ കോലാഹലം കേട്ടു് പി

ന്നീടൊരിക്കൽ ഒരു സുഹൃത്ത് ചോദിച്ചു, എന്തായിരുന്നു അതെന്ന്. "ലിഡിയ അവളുടെ കല വിട്ടുകളയുവാൻ തയ്യാറില്ല" എന്നായിരുന്നു കെയ്ൻസിൻെറ മറുപടി!

## നാം മരിച്ചുപോയിട്ടുണ്ടാകും

ലിഡിയ സുന്ദരിയാണ്. പൊക്കം കൂടിയ കെയ്ൻസ് അത്ര സുന്ദരനല്ലതാനും. ത്രികോണാകൃതിയിലുള്ള, ജിജ്ഞാസ തെളിഞ്ഞുനില്ക്കുന്ന മുഖം; തടിച്ച ചുണ്ട്; അന്തസ്സുള്ള കത്രിച്ചു നിർത്തിയ മേൽമീശ; നമ്മെ നിരാശരാക്കുന്ന താട; തറഞ്ഞു കയറുന്ന കണ്ണുകൾ; നീണ്ട മൂക്ക്—കെയ്ൻസ് എന്തായാലും കാഴ്ചയിൽ പ്രത്യേകതയുള്ളവനാണ്. മററുള്ളവരുടെ കൈവിരലുകൾ അദ്ദേഹത്തെ ആകർഷിക്കുന്നു എന്നതാണ് മറെറാരു പ്രത്യേകത. ഇതുകൊണ്ടാകാം, അദ്ദേഹമിരിക്കുമ്പോൾ കൈ കെട്ടിയിരിക്കും, ഒരു കൈ മറേറ കൈയിലെ കോട്ടിൻെറ കൈയ്യുകത്ത് ഒളിപ്പിച്ചുകൊണ്ട്. ഈ ദുസ്വഭാവത്തിൽനിന്ന ദ്ദേഹത്തിനു് മോചനം ലഭിച്ചില്ല.

കെയ്ൻസിൻെറ പ്രതിഭ എവിടെയും അംഗീകരിക്കപ്പെട്ടു. പ്രസിഡണ്ട് റൂസ്‌വെൽററ് തൻെറ ഒരു സ്നേഹിതനെഴുതി: "ഞാൻ കെയ്ൻസിനെ കണ്ടു. എനിക്കദ്ദേഹത്തെ ഇഷ്ടപ്പെട്ടു." ഒരിക്കൽ 'ക്വാണ്ടം സിദ്ധാന്ത'ത്തിൻെറ ശില്പിയായ മാക്സ് പ്ലാങ്ക് അദ്ദേഹത്തോടു പറഞ്ഞു, തനിക്കു ധനശാസ്ത്രം പഠിക്കണമെന്നായിരുന്നു ആഗ്രഹമെന്ന്. ബർട്രണ്ട് റസ്സലും ഇതേ അഭിപ്രായം അദ്ദേഹത്തോടു പ്രകാശിപ്പിച്ചിട്ടുണ്ട്. പക്ഷേ, റസ്സൽ കരുതി, ധനശാസ്ത്രം വേണ്ടതിലേറെ എളുപ്പമാണെന്ന്.

കെയ്ൻസ് തൻെറ അടുത്ത ഗ്രന്ഥ (Tract on Monetary Reform 1922) ത്തിൽകൂടി വിശദമാക്കി, ഓരോ രാഷ്ട്രവും അതിൻെറ ലോഹനാണ്യവ്യവസ്ഥയിന്മേലുള്ള നിയന്ത്ര

ണം നഷ്ടപ്പെടുമ്പോഠം കുററം ചാരുന്നതു് അന്താരാഷ്ട്രീയ സ്വർണ്ണനാണ്യവ്യവസ്ഥയിന്മേലാണെന്നു്. "ദീർഘകാലയളവിൽ എല്ലാം ശരിപ്പെട്ടു"മെന്നു പറഞ്ഞ ഇർവിങ്ങ് ഫിഷറിനു്, കെയ്ൻസ് കൊടുത്ത തിരിച്ചടി മറക്കാവതല്ല. "ദീർഘകാലയളവിൽ നാമെല്ലാം മരിച്ചുപോയിട്ടുണ്ടാകും' എന്നായിരുന്നു കെയ്ൻസിൻെറ മറുപടി.

## എന്തുകൊണ്ടു് സാമ്പത്തികചക്രങ്ങഠം

ഏഴുകൊല്ലങ്ങഠംക്കു ശേഷമാണു് കെയ്ൻസിൻെറ ഏററവും ശ്രദ്ധേയമായ ഗ്രന്ഥം (Treatise on Money 1930) പുറത്തു വന്നതു്. അതിലെ പ്രമേയമിതാണു്: എന്തുകൊണ്ടു് വ്യാപാര–വ്യവസായമണ്ഡലം ചിലപ്പോഠം മെച്ചപ്പെടുന്നു, ചിലപ്പോഠം മങ്ങുന്നു? സമൃദ്ധി, സാമ്പത്തികത്തകച്ച്—ഈ വിഷമവൃത്തം ഉരുളുന്നു, സാമ്പത്തികമണ്ഡലത്തിൻെറ ക്രമം തെററിയ ശ്വാസോച്ഛ്വാസംപോലെ. ഉദാ: ഇംഗ്ലണ്ടിലെ ബിസിനസ് 1801–ൽ മന്ദം, 1802–ൽ മെച്ചം; 1808–ൽ മന്ദം, 1810–ൽ മെച്ചം;—എന്താണിങ്ങനെ?

സാമ്പത്തികമണ്ഡലത്തിൽ പ്രവത്തിക്കുന്ന മനഃശാസ്ത്രപരവും മാനുഷികവുമായ പ്രവണതകളാണു് ഇതിനു കാരണമെന്നു് ഹാർട്ട്‌ലി വിഥേഴ്സ് അടക്കം പലരും സമത്ഥിക്കാൻ മുതിന്നു. സ്റ്റാൻലി ജെവൺസ് വിചിത്രമായ ഒരു സിദ്ധാന്തവുമായി മുന്നോട്ടുവന്നു—വിലക്കയററം മുതൽ വിലക്കയററംവരെയുള്ള കാലയളവും സൂര്യനിൽ പുള്ളിക്കുത്തുകഠം ആദ്യം പ്രത്യക്ഷപ്പെട്ടതിനുശേഷം പിന്നീട്ട് പ്രത്യക്ഷപ്പെടുന്നതിനുള്ള കാലയളവും തമ്മിൽ വിശ്വസനീയമായ സാമ്യം അദ്ദേഹം കണ്ടു. അതിനാൽ സൂര്യനിലെ പുള്ളിക്കുത്തുകളാണു് വിലക്കയററത്തിനു് കാരണമെന്നു് അദ്ദേഹം തറച്ചു പറഞ്ഞു. സൂര്യനിലെ പുള്ളിക്കുത്തുകഠം സാമ്പത്തികമണ്ഡലത്തിൽ സ്വാധീനം ചെലുത്തുന്നതെങ്ങനെ? അവ കാലാവസ്ഥയെ നിയന്ത്രിക്കുന്നു; അതു

വഴി വ്യവസായങ്ങൾക്ക് അസംസ്കൃതപദാർത്ഥങ്ങൾ നൽകുന്ന കൃഷിയേയും. പക്ഷേ, താമസിയാതെ കണക്ക പിഴച്ചു. വിലക്കയററം പിന്നീട് സൂര്യനിലെ പുള്ളിക്കുത്തുകൾക്കായി കാത്തുനില്ക്കാതായി.

വന്നു വന്നു മാൾത്തസ്സ് കണ്ട പ്രത്യേകതയിലേയ്ക്കാണ് നാം എത്തുന്നത്—അമിതോല്പാദനം. റിക്കാർഡോ അതു ചിരിച്ചു തള്ളി; മിൽ അതു വിശ്വസിച്ചതുമില്ല. സമ്പാദ്യമിച്ചം കുഴപ്പം സൃഷ്ടിക്കുമെന്ന് അവരാരും വിചാരിച്ചതുപോലുമില്ല. അവർ കരുതി: മിച്ചമുണ്ടാകുന്ന പണം വ്യവസായവികസനത്തിനുപയോഗപ്പെടും, കൂടുതൽ പണമുണ്ടാക്കുന്നതിനുവേണ്ടി.

## സമൃദ്ധി അളക്കുക.

പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തിലെത്തിയപ്പോൾ സമ്പദ്‌വ്യവസ്ഥയുടെ ഘടനയിൽ വ്യത്യാസം വന്നു. ധനവിതരണം മെച്ചപ്പെട്ടു. സമ്പാദ്യമിച്ചമുണ്ടാക്കിയവരെല്ലാം അതു നിക്ഷേപിച്ചതുമില്ല. അതായത്, സമ്പാദ്യമിച്ചവും നിക്ഷേപവും സമീകരിക്കപ്പെട്ടില്ല. നിക്ഷേപിച്ചാൽ മാത്രമല്ലേ വ്യവസായ–വ്യാപാരവികസനമുണ്ടാകൂ? തന്മൂലം ഉല്പാദനം കുറഞ്ഞു. മാൾത്തസ്സിൻെറ നിഗമനം ശരിയായിരുന്നു

ഒരു രാഷ്ട്രത്തിൻെറ സമൃദ്ധിയളക്കേണ്ടത് സ്വർണ്ണംകൊണ്ടല്ല. ദാരിദ്ര്യമുള്ള ഇന്ത്യയിൽ സ്വർണ്ണം (ആഭരണങ്ങൾ തുടങ്ങിയവ) അത്ര കുറവല്ല. രാഷ്ട്രത്തിൻെറ സമൃദ്ധിയളക്കേണ്ടത് കെട്ടിടങ്ങൾ, ഫാക്ടറികൾ തുടങ്ങിയ ഭൗതികവിഭവങ്ങൾകൊണ്ടുമല്ല. ഇവയൊന്നും 1930–കളിലെ സാമ്പത്തികതകർച്ച ബാധിച്ച രാഷ്ട്രങ്ങളിൽ തേഞ്ഞുമാഞ്ഞുപോയിരുന്നില്ല. രാഷ്ട്രത്തിൻെറ സമൃദ്ധി അവിടത്തെജനങ്ങളുടെ വരുമാനത്തെ അപേക്ഷിച്ചിരിക്കുന്നു. രാഷ്ട്രത്തിൻെറ ആകെയുള്ള വരുമാനം ചുരുങ്ങുമ്പോൾ സാമ്പത്തികതകർച്ചയായി.

## സമ്പാദ്യവും നിക്ഷേപവും

ഒരുത്തന്റെ വരുമാനം മറ്റൊരുത്തന്റെ നഷ്ടമാണ്. മാസാവസാനം കമ്പനി മാനേജക്ക് 500ക. ലഭിക്കുമ്പോഠം, കമ്പനിക്കു 500ക. നഷ്ടമാണ്; 75ക. ആ ഉദ്യോഗസ്ഥൻ വീട്ടുവാടക കൊടുക്കുമ്പോഠം അയാഠം ആ സംഖ്യ നഷ്ടപ്പെടുന്നു; വീട്ടുടമസ്ഥന് 75ക. കിട്ടുന്നു. അങ്ങനെ പണം കൈമാറുന്നു. നിങ്ങളുടെ വരുമാനം മററാരുടേയോ നഷ്ടമാണ്. പണം കൈമാറലാണ് സമ്പദ്‌വ്യവസ്ഥയ്ക്കു് ആരോഗ്യം നൽകുന്നത്. പക്ഷേ, നമ്മുടെ വരുമാനത്തിലൊരുഭാഗം നാം കൈമാറുന്നില്ല. ഇതാണ് സമ്പാദ്യമിച്ചം.

വരവിൽ ഒരു ഭാഗം മാററിവെച്ചാൽ, അത്രയും കുറവേ ചെലവു ചെയ്യുന്നുള്ളു. ഒട്ടനവധിപേർ അങ്ങനെ ചെയ്താൽ, വരവുള്ളതു ചെലവുചെയ്യുക (സമ്പാദ്യമിച്ചം വ്യാവസായിക വികസനത്തിൽ നിക്ഷേപിക്കുക)എന്ന സ്വാഭാവികമായ ഒഴുക്കിനുതടസ്സമുണ്ടാകുന്നു തലയിണയ്ക്കടിയിൽ പൂഴ്ത്തിയ 100ക നോട്ട് മേല്പറഞ്ഞ ഒഴുക്കിനെ തടയുന്നു. സമ്പാദ്യമിച്ചം കമ്പനിയിലോ, ബാങ്കിലോ, ഇൻഷ്വറൻസ് കമ്പനിയിലോ നിക്ഷേപിച്ചാൽ, അതു പരോക്ഷമായി വ്യാവസായിക-വ്യാപാര വികസനത്തിനു ലഭിക്കുന്നു. ബാങ്കുകളും മററും ബിസിനസ്സുകാക്ക് പണം കൊടുക്കുമല്ലോ.

ചെലവാക്കിയത് തിരിച്ചുകിട്ടിയാൽ—ഉല്പാദനത്തിലിറക്കിയ പണം വില്പനവഴി തിരികെക്കിട്ടിയാൽ—കഴിഞ്ഞകൊല്ലത്തേതുപോലെ സാമ്പത്തികപ്രക്രിയ ഇക്കൊല്ലവും മുന്നോട്ടുനീങ്ങും. പക്ഷേ, പുതിയ യന്ത്രങ്ങഠം വാങ്ങുക, പുതിയ വ്യവസായങ്ങഠം തുടങ്ങുക, പഴയ ഫാക്ടറികഠം വികസിപ്പിക്കുക— എന്നിവയാണാവശ്യമെങ്കിൽ സമ്പാദ്യമിച്ചം മൂലധനമാകേണ്ടതുണ്ട്

## വ്യാവസായിക സാഹസികത്വം

മിതവ്യയശീലമുള്ള ഒരു സമൂഹം സമ്പാദ്യമിച്ചമുണ്ടാക്കുന്നു. അതേ സമയം, ബിസിനസ്സ് വികസിപ്പിക്കുവാനുള്ള സാദ്ധ്യതയില്ലാതേയും വരുന്നു. ഇതാണ് തകരാറുണ്ടാക്കുന്നതു്. ഇന്ത്യയിൽ ഇന്നു് റേഡിയോവ്യവസായത്തോളം സാധ്യതകളില്ല ഗ്രാമഫോൺ വ്യവസായത്തിനു്. എല്ലാ വ്യവസായങ്ങളും ഗ്രാമഫോൺവ്യവസായത്തിൻെറ നിലയിലാണെങ്കിൽ? സാമ്പത്തികത്തകർച്ച വന്നെത്തും.

സാമ്പത്തികത്തകർച്ച വരുന്നത് സമ്പാദ്യമിച്ചം വ്യവസായ—വ്യാപാരവികാസത്തിനു് ഉപയുക്തമാക്കാൻ കഴിയാതെ വരുമ്പോഠം മാത്രമാണ്. അതായതു്, സമ്പാദ്യമിച്ചം തലയിണയ്ക്കു താഴെ നാം പൂഴ്ത്തിവെച്ചാൽ എന്തു സംഭവിക്കുമോ അതു സംഭവിക്കുന്നു എന്നു സാരം.

ലാഭക്കൊതികൊണ്ടു് വീർപ്പുമുട്ടുന്ന മുതലാളിമാരല്ല, പുതിയ വ്യവസായങ്ങഠം വേണ്ട, പുതിയ യന്ത്രങ്ങഠം വേണ്ട മുതലായ തീരുമാനങ്ങളെടുക്കുന്നവരാണ് കുഴപ്പം സൃഷ്ടിക്കുന്നതു് ഇവരാണ് തങ്ങളറിയാതെ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്നതു്. റഷ്യയിൽ സാമ്പത്തികത്തകർച്ചയില്ല—അവിടെ എല്ലാ തീരുമാനങ്ങളും എടുക്കുന്നത് ഗവമ്മെണ്ടാണ്. എന്നാൽ മുതലാളിത്തലോകത്തിൽ തീരുമാനമെടുക്കുന്നവർ സ്വകാര്യവ്യക്തികളാണ്. സാമ്പത്തികസ്വാതന്ത്ര്യത്തിനു് നാം നൽകുന്ന വിലയാണ് സാമ്പത്തികത്തകർച്ച.

കെയ്ൻസ് തൻെറ ഗ്രന്ഥത്തിൽ സമ്പാദ്യമിച്ചവും സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിനുവേണ്ടിയുള്ള നിക്ഷേപവും തമ്മിലുള്ള ബന്ധം പ്രസ്പഷ്ടമാക്കി. കെയ്ൻസിനു മുമ്പു പല ധനശാസ്ത്രജ്ഞന്മാരും ഈ ബന്ധം ചൂണ്ടിക്കാണിച്ചിട്ടു

ണ്ട്. എന്നാൽ കെയ്ൻസാണ് ഈ ബന്ധത്തിൻെറ പ്രാധാന്യം ഏററവും വ്യക്തമാക്കിയത്. "വ്യാവസായികസാഹസികത്വം (Enterprise) നിലവിലുണ്ടെങ്കിൽ മിതവ്യയശീലത്തിനെന്തു സംഭവിച്ചാലും ധനം വർദ്ധിക്കുന്നു. വ്യാവസായികസാഹസികത്വം ഉറങ്ങിപ്പോയാൽ മിതവ്യയശീലം എന്തു ചെയ്താലും ധനം കുറഞ്ഞു കുറഞ്ഞു വരുന്നു." ചുരുക്കിപ്പറഞ്ഞാൽ, സാമ്പത്തികസാഹസികത്വമത്രേ നമ്മുടെ സമ്പാദ്യമിച്ചത്തെ സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിനുപയോഗിക്കുന്നതു്, സമ്പാദ്യമിച്ചവും നിക്ഷേപവും സമമാക്കുന്നതു്.

## 'സേഫ്ടി സ്വിച്ച്' അവിടെയില്ല

പക്ഷേ ഒന്നുണ്ട്: കമ്പോളത്തിലെത്തുന്ന സമ്പാദ്യമിച്ചത്തിനു് അതിൻേറതായ വിലയുണ്ട്—പലിശ. സമ്പാദ്യമിച്ചം വലുതെങ്കിൽ പലിശ കുറയുന്നു. (സമ്പാദ്യമിച്ചം ചെറുതാണെങ്കിൽ പലിശ കൂടുന്നു.) സാമ്പത്തികത്തകർച്ചയിലേക്കടുക്കുന്ന കാലത്ത് ചുരുങ്ങിയ പലിശയ്ക്ക് മൂലധനം വാങ്ങി വ്യവസായവികസനം സാധ്യമാക്കാം അങ്ങനെ സാമ്പത്തികത്തകർച്ചയിൽനിന്നു് രാഷ്ട്രത്തെ രക്ഷപ്പെടുത്താനുള്ള 'സേഫ്ടി സ്വിച്ച്' അതിനുള്ളിൽതന്നെയുണ്ട്.

1930-ലെ സാമ്പത്തികത്തകർച്ച വന്നണഞ്ഞതോടുപ്പാടം പലിശനിരക്കു കുറഞ്ഞു. എന്നിട്ടും ആ 'സേഫ്ടി സ്വിച്ച്' പ്രവർത്തിച്ചില്ല. എന്തുകൊണ്ട്?

കെയ്ൻസിൻെറ പുതിയ ഗ്രന്ഥം അദ്ദേഹത്തിൻെറ തലയിൽ രൂപംകൊള്ളുകയായി. ബെർണാഡ് ഷായുടെ നിർദ്ദേശപ്രകാരം മാർക്സിൻേറയും ഏംഗൽസിൻേറയും കൃതികളെല്ലാം കെയ്ൻസ് വായിച്ചു. അദ്ദേഹത്തിനവ ഇഷ്ടപ്പെട്ടതുമില്ല. 1935-ൽ കെയ്ൻസ് ഷാക്കെഴുതി: "എൻെറ മന

സ്സിൻെറ ഗതിയറിയണമെങ്കിൽ....ഞാനൊരു ഗ്രന്ഥം രചിക്കണമെന്നു കരുതുന്നു. അത് പത്തു കൊല്ലത്തിനകം സാമ്പത്തികചിന്തയെ വിപ്ലവാത്മകമായ പരിവർത്തനത്തിലേക്കു നയിക്കും."

കെയ്ൻസിൻെറ നിഗമനം തെററല്ലായിരുന്നു. അദ്ദേഹത്തിൻെറ തലയിൽ കരുപ്പിടിച്ച ആ ഗ്രന്ഥം (The General Theory of Employment, Interest and Money) വെളിച്ചം കണ്ടു. എന്താണ് കെയ്ൻസിൻെറ തീർപ്പ്?

നേരത്തേ പറഞ്ഞ ആ 'സേഫ്ടി സ്വിച്ച്' അവിടെ കാണുന്നില്ല. എവിടെപ്പോയി? സാമ്പത്തികത്തകർച്ചയിൽ നിന്നു സമ്പദ്‌വ്യവസ്ഥയ്ക്ക് സ്വയം രക്ഷപ്പെടുവാൻ കഴിയുകയില്ലെന്നോ? ഇല്ല. സമ്പാദ്യമിച്ചം (Savings) ചുരുങ്ങിയ പലിശയ്ക്കു കിട്ടുകയില്ലേ? ഇല്ല. സമ്പാദ്യമിച്ചമുണ്ടാക്കിയവർപോലും സാമ്പത്തികത്തകർച്ചയിൽ അടിതെററി വീണുപോയി. അതിനാൽ, വരുമാനമെല്ലാം ചെലവാക്കേണ്ടിവന്നു, ജീവിക്കുവാൻ. സമ്പാദ്യമിച്ചംപോലും അവർ ചെലവാക്കിപ്പോയി. കഷ്ടം! വലിയ ചില അമേരിക്കൻ കോർപ്പറേഷനുകൾ 1929-ൽ 2.6 ബില്യൻ ഡോളർ സമ്പാദിച്ചു. മൂന്നു വർഷത്തിനു ശേഷം അവയ്ക്ക് 6 ബില്യൻ ഡോളർ വീതം നഷ്ടം വരികയായി. കെയ്ൻസ് പറഞ്ഞതു ശരിയാണ്. സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിന് സാധ്യതയില്ല. സാമ്പത്തികത്തകർച്ച ആ 'സേഫ്ടി സ്വിച്ച്' പോലും വിഴുങ്ങിയിരിക്കുന്നു.

## തകർച്ചയിൽനിന്നു രക്ഷ?

സമ്പദ്‌വ്യവസ്ഥ എങ്ങനെ തകർച്ചയിൽനിന്നു രക്ഷപ്പെടും?

ഏവക്കും സാധനങ്ങളും സേവനങ്ങളും വേണം; അവ കിട്ടാനില്ല; വാങ്ങാൻ പണവുമില്ല. ചോദനമനുസരിച്ചാണ് പ്രദാനം. കമ്പോളത്തിൽ വില എന്ന ഉപാധിയുപയോഗിച്ച് ചോദനവും പ്രദാനവും സമീകരിക്കപ്പെടുന്നു. പട്ടിണികിടക്കുന്ന തൊഴിലാളികൾ "സാമ്പത്തികപ്പൂജ്യ"ങ്ങളായി മാറുന്നു.

വ്യാവസായിക നിക്ഷേപം കുറഞ്ഞു കുറഞ്ഞു വരുന്നു. അത്, കെയ്ൻസിൻെറ ഭാഷയിൽ, മൂന്നു പതനങ്ങളിൽക്കൂടി കടന്നുപോകുന്നു: 1 പുതിയൊരവസരം ലഭിക്കുമ്പോൾ—പുതിയ തീവണ്ടിപ്പാത, പുതിയ വ്യവസായം എന്നിവ തുടങ്ങുവാൻ—മൂലധനം നിക്ഷേപിക്കുന്നു. 2. അമിത മൂലധനനിക്ഷേപം വരാതെ മുൻകരുതലോടെ വ്യവസായങ്ങൾ വികസിപ്പിക്കുന്നു. 3. ഈ വക വ്യവസായങ്ങൾ സമൂഹത്തിൻെറ ആവശ്യങ്ങൾ സാധിപ്പിക്കുന്നതിനാൽ സാർവ്വത്രികമായ അനാസ്ഥ.

ഒരു വ്യവസായത്തിന് വികസനസാധ്യതയില്ലെങ്കിൽ മറെറാരു വ്യവസായം തുടങ്ങരുതേ? അത് സാധ്യമെങ്കിൽ സാമ്പത്തികത്തകർച്ച വരില്ലല്ലോ. പുതിയൊരു കണ്ടുപിടുത്തം, പുതിയ സങ്കേതവിദ്യ, ജനങ്ങൾ ആവശ്യപ്പെടുന്ന പുതിയൊരു സാധനം നിർമ്മിക്കൽ— ഈ സാഹചര്യങ്ങൾ വേണം പുതിയ വ്യവസായം തുടങ്ങുവാൻ. ഈ സാഹചര്യങ്ങളില്ല, സാമ്പത്തികത്തകർച്ചയിലേക്ക്.

സംക്ഷേപിച്ചു പറഞ്ഞാൽ: 1. സാമ്പത്തികത്തകർച്ച അവിടെ നില്ക്കും. അതിനെ രക്ഷപ്പെടുത്താൻ ഒന്നും അതിലില്ല. 2. രാഷ്ട്രത്തിൻെറ സമൃദ്ധി വ്യാവസായികനിക്ഷേപത്തെ ആശ്രയിച്ചിരിക്കുന്നു. 3. നിലവിലുള്ള സമ്പദ്‌വ്യവസ്ഥ സമൂഹത്തിൻെറ ആവശ്യങ്ങൾ പൂർണ്ണമായി തൃപ്തിപ്പെടുത്തുന്നതിനാൽ സമ്പദ്‌വ്യവസ്ഥ വികസിക്കുന്നില്ല. ഈ ഘട്ടത്തിൽ വ്യാവസായിക നിക്ഷേപത്തിനൊന്നും ചെയ്യാൻ കഴിയുന്നില്ല.

## ഗവമ്മേണ്ടു മുന്നിട്ടു വരണം

കെയ്ൻസ് പ്രതിവിധികരം നിർദ്ദേശിക്കുന്നുണ്ട്. ഗവമ്മേണ്ട് മൂലധനം നിക്ഷേപിച്ച് പൊതുമരാമത്തുപണികരം തുടങ്ങണം പുതിയ വ്യവസായങ്ങരം ആരംഭിക്കണം. ഗവമ്മേണ്ട് സമൂഹത്തിൻെറ രക്ഷിതാവ് എന്ന നിലയിൽ മുൻകൈയെടുക്കണം. പ്രസിഡണ്ട് റൂസ്‌വെൽററിൻെറ 'ന്യൂഡീൽ' പദ്ധതികളെ കെയ്ൻസ് മുക്തകണ്ഠം പ്രശംസിച്ചു. അമേരിക്കൻഗവമ്മേണ്ട് ഈ രംഗത്തിറങ്ങിയത് സ്വകാര്യ വ്യവസായനിക്ഷേപങ്ങരം 94ശതമാനം ഇടിഞ്ഞിറങ്ങിയപ്പോരം മാത്രമാണ്. പുനരുദ്ധാരണത്തിനുള്ള ആദ്യത്തെ പടിയാണിത്.

വാഷിങ്ങ്ടൺ നഗരത്തിൽ വെച്ച് പ്രസിഡണ്ട് റൂസ്‌വെൽററിനെ കണ്ട്(1934) രണ്ടു വർഷം കഴിഞ്ഞതിനു ശേഷമാണ് കെയ്ൻസ് തൻെറ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. കെയ്ൻസ് നിർദ്ദേശിച്ച പ്രതിവിധി യുക്തിയുക്തം തന്നെ. സമ്പദ്‌വ്യവസ്ഥയുടെ വികാസം സ്വയമേവ സാദ്ധ്യമല്ലെങ്കിൽ ഗവമ്മേണ്ട് മുൻകൈയെടുക്കണം. സമൃദ്ധിയുടെ കാലത്ത് പഴയ കുപ്പികളിൽ കറൻസിനോട്ടു നിറച്ച് ഗവമ്മേണ്ട് കുഴിച്ചിടട്ടെ; സാമ്പത്തികത്തകച്ചയുടെ കാലത്ത് അവ കുഴിച്ചെടുത്ത് പൊതുമരാമത്തു പ്രവത്തനങ്ങളിൽക്കൂടി സമൂഹത്തിൽ വിതരണം ചെയ്യട്ടെ.

## പുനരുദ്ധാരണം

എന്തായിരിക്കും ഫലം? വാങ്ങുവാനുള്ള ശക്തി ഉപഭോക്താക്കരംക്കു ലഭിക്കുന്നു അവർ സാധനങ്ങളും സേവനങ്ങളും ആവശ്യപ്പെടുന്നു ചോദനമാണല്ലോ പ്രദാനത്തിൻെറ നിദാനം. ഉപഭോക്താക്കരം കമ്പോളത്തിൽ ഉന്ന

യിക്കുന്ന ചോദനം ഉപഭോക്തൃവ്യവസായങ്ങളെ വികസിപ്പിക്കുന്നു. സമ്പദ്‌വ്യവസ്ഥ വികസിക്കുകയായി. ഗവമ്മേണ്ടിൻെറ ഈ യത്നം എന്നെന്നും നിലനില്ക്കണമെന്നു കെയ്ൻസ് പറയുന്നില്ല. ആവശ്യമുള്ളപ്പോൾ സമ്പദ്‌വ്യവസ്ഥയെ ഗവമ്മേണ്ടു സഹായിക്കണമെന്നു മാത്രം. 1936-ൽ മാത്രം പൊതുമരാമത്തുപ്രവത്തനങ്ങൾ വഴി അമേരിക്കൻ ഗവമ്മേണ്ട് 13ബില്യൻ ഡോളർ സമൂഹത്തിൽ വിതരണംചെയ്തു. സമൂഹത്തിൻെറ ഭുജപേശിയിൽ ഒരു 'ഇൻജെക്ഷൻ'! സമ്പദ്‌വ്യവസ്ഥ അതിൻെറ ആരോഗ്യം വീണ്ടെടുത്തു. താമസിയാതെ സ്വകാര്യസ്ഥാപനങ്ങൾ സമ്പാദ്യമിച്ചമുണ്ടാക്കി മൂലധനമിറക്കി മൂന്നിൽ രണ്ടു ഭാഗം കോട്ടവും തീത്തു, മൂന്നു വർഷത്തിനകം ദേശീയ വരുമാനവും ദേശീയോപഭോഗവും (Consumption) 50 ശതമാനം ഉയന്നു.

പുനരുദ്ധാരണം പെട്ടെന്നു സാധ്യമാകാഞ്ഞതിന് രണ്ടു കാരണങ്ങളുണ്ട്. ഒന്ന്: ഗവമ്മേണ്ടു പദ്ധതികൾ, തോതിനെ സംബന്ധിച്ചിടത്തോളം, തൊഴിലില്ലായ്മ പൂണ്ണമായും പരിഹരിക്കുവാൻ പര്യാപ്തമായിരുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം അമേരിക്കൻ ഗവമ്മേണ്ടിൻെറ ചെലവിടൽ 103 ബില്ല്യൻ ഡോളറായി ഉയന്നു. എല്ലവക്കും തൊഴിൽ ലഭിച്ചെങ്കിലും, അതോടുകൂടി പണപ്പെരുപ്പം വന്നണഞ്ഞു: ഗവമ്മേണ്ടിൻെറ ചെലവിടൽ എത്രമാത്രമാകാം എന്നത് അനുഭവത്തിൽനിന്നേ പഠിക്കാൻ പററൂ. രണ്ട് ഗവമ്മേണ്ട് സാമ്പത്തികരംഗത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ ജനങ്ങൾ ഭയന്നുപോയി. അവർ ലഹളകൂട്ടി: "അരുത്!" "അതിരു കടന്ന ഗവമ്മേണ്ടിടപെടൽ", "ഗവമ്മേണ്ട് ഈ വിധത്തിൽ കൈകടത്തിയാൽ....." സോഷ്യലിസസ്ഥാപനമാണ് റൂസ്‌വെൽററിൻെറ ലക്ഷ്യമെന്ന് പലരും തെററിദ്ധരിച്ചു.

## ഉയിര്‍ത്തെഴുന്നേല്പ്

പ്രതിഷേധശബ്ദങ്ങളുയരന്നു. സോഷ്യലിസമാണോ ലക്ഷ്യം? മാര്‍ക്സ് പറഞ്ഞപോലെ, മുതലാളിത്തത്തിന്റെ പതനം സമാഗതമായോ? കുഴപ്പം സൃഷ്ടിക്കുന്നത് വെബ്ലന്‍ വര്‍ണ്ണിച്ച പുതിയ വര്‍ഗ്ഗസമരമല്ലേ? ഗത്യന്തരമില്ലാതെ, ഹിററ്ലരം മുസ്സോലിനിയും തുടങ്ങിവെച്ച ഫാഷിസത്തിന്റെ തിരപ്പുറപ്പാടായോ? കെയ്ന്‍സ് കുലുങ്ങിയില്ല മുതലാളിത്തത്തിന്റെ രക്ഷയാണദ്ദേഹത്തിന്റെ ലക്ഷ്യം. ഗവമ്മേണ്ട സഹായമില്ലാതെ മുതലാളിത്തത്തിന്റെ ഉയിര്‍ത്തെഴുന്നേല്പ് സാദ്ധ്യമല്ല.

കെയ്ന്‍സ് എഴുതി. "എനിക്കെങ്ങനെ കമ്യൂണിസ്റ്റാകാന്‍ കഴിയും! ആധുനിക ലോകത്തിന് പ്രായോഗികമല്ലാത്ത, ശാസ്ത്രീയമല്ലാത്ത സമീപനരീതി പുലര്‍ത്തുന്ന, കാലഹരണപ്പെട്ട പാഠപുസ്തകമാണ് വിമര്‍ശനാതീതമായ അവരുടെ ബൈബിൾ.... മത്സ്യത്തിനു പകരം ചളി, ബുദ്ധിജീവികളടങ്ങുന്ന മുതലാളിവര്‍ഗ്ഗത്തിനു പകരം തൊഴിലാളിവര്‍ഗ്ഗം, മാനുഷികമൂല്യങ്ങളെ ഉയര്‍ത്തിപ്പിടിക്കാത്ത തെററായ മാര്‍ഗ്ഗം!"

കെയ്ന്‍സിന്റെ അപഗ്രഥനം ശാസ്ത്രീയമാണ്: സിദ്ധാന്തം യുക്തിയുക്തം; പ്രതിവിധികൾ ആശാസ്യം; ലക്ഷ്യം മുതലാളിത്തത്തിന്റെ ഉയിര്‍ത്തെഴുന്നേല്പ്.

## ഏതുരോഗംകൊണ്ടു കുഴപ്പമില്ല

വിപ്ലവം സൃഷ്ടിച്ച തന്റെ ഗ്രന്ഥം എഴുതുന്നതിനിടയ്ക്ക് അദ്ദേഹം കേംബ്രിഡ്ജില്‍ ഒരു തിയേററര്‍ പണിയിച്ചു. ആദ്യം കുറെ നഷ്ടം സഹിച്ചെങ്കിലും കലാപരമായി ഒരു വിജയമായിരുന്നു അതു്. ഭാര്യ ലിഡിയ ഈ തിയേറററില്‍വെച്ച് പല ഷേക്‌സ്പിയര്‍ നാടകങ്ങളില്‍ അഭിനയിച്ചിട്ടുണ്ട്. പിന്നീടദ്ദേഹത്തിന് ലാഭമുണ്ടാക്കിക്കൊടുത്തതു് തിയേറററില്‍തന്നെ

സ്ഥാപിതമായ റസ്റ്റോറാണ്ടും കുറഞ്ഞ വിലയ്ക്കു ഷാമ്പെയ്ൻ വില്ക്കുന്ന 'ബാറു'മാണ്.

അൻപത്തിനാലുകാരൻ കെയ്ൻസ് ഹൃദ്രോഗബാധിതനായി. കിടക്കയിൽ കിടന്നുകൊണ്ട് അദ്ദേഹം ഊഹക്കച്ചവടത്തിലേർപ്പെട്ടു, ബിസിനസ്സ് ചെയ്തു; ലേഖനങ്ങളെഴുതി; മാസിക എഡിററ് ചെയ്തു. ആരോഗ്യം ക്ഷതപ്പെട്ടെങ്കിലും കഴിവുകൾക്ക് ക്ഷതം പററിയില്ല.

രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുമെന്ന ഘട്ടമായി. തനിക്കെതിരായി ഒരു ഇടതുപക്ഷ വാരികയിൽ—ആ വാരികയുടെ പത്രാധിപസമിതിയിൽ അംഗമാണ് കെയ്ൻസ്—പ്രസിദ്ധംചെയ്തിരുന്ന കത്തുകൾക്ക് മറുപടിയായി അദ്ദേഹമെഴുതി: "സോഷ്യലിസ്റ്റ്! അങ്ങനെയൊരു വ്യക്തിയുണ്ടാകുവാൻ വഴിയില്ല. അയാളുടെ നിലനില്പിൽ എനിക്കു വിശ്വാസമില്ല."

യുദ്ധം വന്നു ഗവമ്മേണ്ടുദ്യോഗം സ്വീകരിക്കുവാൻ അനാരോഗ്യം അദ്ദേഹത്തെ സമ്മതിച്ചില്ല. പക്ഷേ, ധനകാര്യാലയത്തിലെ വലിയ മുറിയിൽ കിടത്തി അദ്ദേഹത്തിൻെറ ആശയങ്ങൾ കറന്നെടുക്കുവാൻ ഗവമ്മേണ്ടു തയ്യാറായി. അദ്ദേഹത്തിൻെറ പുതിയ ഗ്രന്ഥ (How to Pay for War?) ത്തിൽ കൂടി ഒരു പുതിയ പദ്ധതി രൂപംകൊണ്ടു. എവരുടേയും ശമ്പളത്തിൻെറ ഒരു ഭാഗം ഗവമ്മേണ്ടു ബോണ്ടായി നൽകുക—യുദ്ധാനന്തരം പണമാക്കി മാററാവുന്ന ബോണ്ട്. നാണയപ്പെരുപ്പം തടയുവാനുള്ള വഴിയാണിത്. ബോണ്ടു കൊടുക്കുന്നതുകൊണ്ട് അത്രയും പണം ആരും ചെലവാക്കുകയില്ലല്ലൊ. യുദ്ധാനന്തരം കിട്ടുന്ന ഈ പണം മൂലധനമായി മാറുകയും ചെയ്യും. തന്മൂലം സാമ്പത്തികത്തകർച്ച സംഭവിക്കുകയില്ല. ഈ നിർദ്ദേശം രാഷ്ട്രത്തിനു സമർപ്പിച്ചുകൊണ്ട് അദ്ദേഹം എഴുതി: "ലെനിൻ പറഞ്ഞു, മുതലാളിത്തവ്യവസ്ഥയെ നശിപ്പിക്കുവാനുള്ള

മാർഗ്ഗം അതിലെ നാണ്യവ്യവസ്ഥയെ തകിടംമറിക്കുകയാണെന്നു്......ലെനിൻ പറഞ്ഞതു ശരിയാണു്. നാണ്യവ്യവസ്ഥയെ തകിടംമറിക്കുവാൻ കഴിഞ്ഞാൽ എല്ലാ മണ്ഡലങ്ങളിലും വന്നെത്തുന്ന അതിൻെറ ആഘാതപ്രത്യാഘാതങ്ങൾ നശീകരണായുധങ്ങളായി മാറും."

## കൈയടികൾ, ഹർഷാരവം

ലിഡിയ ഭർത്താവിൻെറ ആരോഗ്യം കാത്തു സൂക്ഷിച്ചു. ആറു പ്രാവശ്യം അവർ ഭർത്താവിനേയുംകൊണ്ടു് അമേരിക്കയിലേയ്ക്കു പറന്നു, യുദ്ധാനന്തരം വരുന്ന സാമ്പത്തികപുനരുദ്ധാരണത്തിൻെറ രൂപരേഖ തയ്യാറാക്കുവാൻ. സ്വതന്ത്രരാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണത്തിൻെറ അടിസ്ഥാനത്തിലാകണം യുദ്ധാനന്തരപുനരുദ്ധാരണമെന്നു് അദ്ദേഹം വ്യക്തമാക്കി. അദ്ദേഹത്തിൻെറ ശ്രമങ്ങൾ വൃഥാവിലായില്ല — അന്താരാഷ്ട്രീയ ബാങ്കും അന്താരാഷ്ട്രീയ നാണ്യനിധിയും ഉടലെടുത്തു. ബ്രെട്ടൻവുഡ്സ് സമ്മേളനത്തിൽ ഏററവുമധികം സ്വാധീനം ചെലുത്തിയതു കെയ്ൻസാണു്. കേംബ്രിഡ്ജ് കിങ്ങ്സ് കോളേജും ഓക്സ്ഫോർഡ് ന്യൂ കോളേജും തമ്മിലുള്ള മൈത്രിയുടെ 500-ാംവാർഷികയോഗത്തിൽ പ്രസംഗിച്ചുകൊണ്ടു് കെയ്ൻസ് പറഞ്ഞു: "രണ്ടു സ്ഥാപനങ്ങൾ തമ്മിലുള്ള ഈ മൈത്രി രാഷ്ട്രങ്ങൾ തമ്മിലുള്ള മൈത്രിയായി വികസിക്കുന്നുവെങ്കിൽ ലോകത്തിനു രക്ഷയുണ്ടു്." ഹർഷാരവവും കൈയടികളും അദ്ദേഹത്തിൻെറ വാക്കുകളെ പുകഴ്ത്തി. കലാശില്പങ്ങൾക്കും സാമ്പത്തികസ്ഥാപനങ്ങൾക്കും രാഷ്ട്രങ്ങൾ തമ്മിലുള്ള മൈത്രിക്കും വിലയിരുത്തുന്ന ഈ മഹാനെ ഏവരും ആദരിച്ചു.

## അത്ര ഭാഗ്യമില്ല!

ആദരാഞ്ജലി സമർപ്പിക്കുകയായി ലോകം. അദ്ദേഹം ലോർഡ് കെയ്ൻസായി എഡിൻബറോ, സോർബോൺ

തുടങ്ങിയ സർവ്വകലാശാലകൾ അദ്ദേഹത്തിനു് ബഹുമതിബിരുദങ്ങൾ നൽകി. നാഷണൽ ഗ്യാലറിയുടെ ട്രസ്റ്റിയായി അദ്ദേഹം നിയമിതനായി. അദ്ദേഹത്തിൻെറ കീർത്തി ലോകത്തിലെവിടെയും പരന്നു യുദ്ധാനന്തര പുനരുദ്ധാരണത്തിനു് അമേരിക്കൻ വായ്പ ബ്രിട്ടനു നേടിക്കൊടുത്തു ലണ്ടനിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തോടു് ഒരു പത്രപ്രതിനിധി ചോദിച്ചു: "നമ്മുടെ രാജ്യം അമേരിക്കയുടെ 49-ാം സംസ്ഥാനമായിക്കഴിഞ്ഞോ?" ചിരിച്ചുകൊണ്ടു് കെയ്ൻസു് പറഞ്ഞു: "ഇല്ല, നമുക്കത്രയ്ക്കു ഭാഗ്യമില്ല."

ആയിരത്തിത്തൊള്ളായിരത്തിനാല്പത്താറിൽ ആ കഥ കഴിഞ്ഞു. വായിക്കുവാനും വിശ്രമിക്കുവാനുംവേണ്ടി അദ്ദേഹം സസ്സെക്സിലെത്തി. വിശ്രമത്തിനുശേഷം കേംബ്രിഡ്ജ് പ്രൊഫസ്സറെന്ന നില തുടരുവാനായിരുന്നു തീരുമാനം. ഒരു ദിവസം വെളുപ്പിനു് 63-കാരൻ കെയ്ൻസു് വളരെനേരം ചുമച്ചു. ലിഡിയ ഓടിയെത്തി. കെയ്ൻസു് ലോകത്തോടു വിടവാങ്ങി.

വെസ്റ്റ്മിൻസ്റ്റർ ആബിയിൽ അദ്ദേഹത്തിൻെറ മൃതദേഹം ആഭാടപൂർവ്വം സംസ്കരിക്കപ്പെട്ടു. തൊണ്ണൂററിമൂന്നു വയസ്സുള്ള അദ്ദേഹത്തിൻെറ പിതാവും വൃദ്ധമാതാവും ശവസംസ്കാരകർമ്മത്തിൽ സംബന്ധിച്ചു. ഉത്തമനായ ഈ ബുദ്ധിനേതാവിൻെറ ചരമത്തിൽ രാഷ്ട്രം ദുഃഖിച്ചു

## കെയ്ൻസിൻെറ രഹസ്യം

തൻെറ ഗുരുനാഥനായ മാർഷലിനെപ്പററി കെയ്ൻസു് രേഖപ്പെടുത്തിയതു് പൂർണ്ണമായും കെയ്ൻസിനും ബാധകമാണു്. കെയ്ൻസു് എഴുതി: "ഇത്രയ്ക്കു് ഉന്നതമായ പ്രതിഭ വേണ്ട ധനശാസ്ത്രം പഠിക്കുവാൻ. ഭൌതികശാസ്ത്രങ്ങളേതെങ്കിലും പഠിക്കുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ ധനശാസ്ത്രം

എളുപ്പമാണ് —അധികമാക്കും ഉന്നതരാകാൻ കഴിയാത്ത എളുപ്പമുള്ള ശാസ്ത്രം! പക്ഷേ, പ്രതിഭാശാലിയായ ധനശാസ്ത്രജ്ഞനിൽ ചില ഗുണങ്ങൾ ഒരുമിക്കണം അദ്ദേഹം ഏറെക്കുറെ ഗണിതശാസ്ത്രജ്ഞനാകണം, ചരിത്രകാരനാകണം, രാജ്യതന്ത്രജ്ഞനാകണം, തത്വചിന്തകനുമാകണം; സാമാന്യാനുമാനത്തിലേക്ക് വിശേഷാനുമാനത്തിൽനിന്നുയരണം; ഒരേ അല്പനിമിഷത്തിൽ വാസ്തവത്തിനും സിദ്ധാന്തത്തിനും വിലയിരുത്തണം; ഭാവിയുടെ ഗുണത്തിനായി ഭൂതകാലത്തിൻെറ വെളിച്ചത്തിൽ വർത്തമാനകാലം നോക്കിക്കാണണം.........”

ഇതുതന്നെയായിരുന്നു കെയ്ൻസിൻെറ പ്രതിഭയുടെ രഹസ്യം!

# മുതലാളിത്തം നശിക്കുകയാണോ?

കുത്തക വ്യവസായസ്ഥാപനങ്ങൾ വ്യവസായങ്ങളെല്ലാം കൈയടക്കുമോ? —ബെറ്ൾ, മീൻസ്

വ്യവസായ വികസനത്തിൽ സാഹസത്തിനുള്ള സ്ഥാനം നശിക്കുകയല്ലേ? —ബേൺഹാം

ഗവമ്മേണ്ടിടപെടലും പദ്ധതികളും അടിമത്തത്തിലേക്കുള്ള വഴി തെളിയിക്കുകയല്ലേ? —ഹായക്

സാമ്പത്തികപുരോഗതിയിലേക്കു മുതലാളിത്തത്തെ നയിക്കുന്നതു് ജനവദ്ധനയാണ്. അതെവിടെ? —ഹാൻസൻ

**ലോ**കം മുന്നോട്ടു നീങ്ങി. രണ്ടു മഹായുദ്ധങ്ങളെ അതു തരണം ചെയ്തു. രണ്ടായിത്തിരിഞ്ഞ ശക്തിചേരികൾ മാരകങ്ങളായ അണ്വായുധങ്ങൾ കൈയിലേന്തി മുഖത്തോടുമുഖം നോക്കി തയ്യാറെടുത്തുനിന്നു. അതേസമയം സ്വതന്ത്ര നിഷ്പക്ഷരാഷ്ട്രങ്ങൾ മൂന്നാം മഹായുദ്ധത്തെ തടയുവാനും തങ്ങളുടെ അവികസിത സമ്പദ്‌വ്യവസ്ഥയെ കഴിവതും വേഗം സാമ്പത്തികാസൂത്രണ മാർഗ്ഗേണ സമൃദ്ധിയിലേക്കുയത്തുവാനും യത്നിക്കുകയായി. ശക്തിചേരികൾക്കകത്തുള്ള രാഷ്ട്രങ്ങൾ പൊതുലക്ഷ്യങ്ങൾക്കു വേണ്ടി സഹകരിച്ചു. ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ

ലോകത്തിന്റെ പൊതുവായ ആവശ്യങ്ങൾ സാധിച്ചു കിട്ടുവാൻ ശക്തിചേരികൾ ഒന്നിച്ചു. ഒട്ടനവധി സ്വാധീനങ്ങൾ പുതിയ ലോകത്തിനു് രൂപം നൽകി.

## ക്രി. പി. 2030-ൽ

സാമ്പത്തികത്തകർച്ച അതിന്റെ അഗാധതലത്തിലേക്കു നീങ്ങിയപ്പോൾ അതിൽനിന്നുള്ള മോചനമാർഗ്ഗം നിർദ്ദേശിക്കുക മാത്രമല്ല കെയ്ൻസ് ചെയ്തതു്. അദ്ദേഹം ഭാവിയിലേക്കു കണ്ണോടിച്ചു. സമത്വസുന്ദരവും സാമ്പത്തികഭദ്രതയുള്ളതുമായ ഒരു പുതിയ ലോകം ഉടലെടുക്കുമോ? ഈ പ്രശ്നങ്ങളിലേക്കു വെളിച്ചം വീശിയതു് കെയ്ൻസിന്റെ പുതിയൊരു ഗ്രന്ഥ (Economic Possibilities for our Grandchildren) മത്രേ.

എന്തെല്ലാം സാദ്ധ്യതകളാണു് ഭാവിയുടെ ഗർഭത്തിൽ? സാമ്പത്തിക സുവർണ്ണദശ 2030-ൽ സാജാതമാകുമെന്നാണു് കെയ്ൻസിന്റെ പ്രവചനം. അന്നു് അടിസ്ഥാനപരമായ സാമ്പത്തികപ്രശ്നം താനേ പരിഹരിക്കപ്പെട്ടും, ഏവക്കും സമൃദ്ധി നൽകിക്കൊണ്ടു്. ഭക്ഷണം, ഉടുതുണി, കിടപ്പിടം, ആധുനിക സുഖസൗകര്യങ്ങൾ എന്നിവ ആക്കും ലഭിക്കും.

കെയ്ൻസിനെ സംബന്ധിച്ചിടത്തോളം ഇതു സ്വാഭാവികമല്ലാത്ത ഒരു കാഴ്ചപ്പാടത്രേ. ഒന്നാം മഹായുദ്ധത്തിനു ശേഷം ലോകജനത തന്നത്താൻ അഭിനന്ദിച്ചുകൊണ്ടിരുന്നപ്പോൾ അപകടസൂചന നൽകിയതു് കെയ്ൻസാണു്. നശിക്കുമെന്നു മാർക്സ് വിധിയെഴുതിത്തള്ളിയ മുതലാളിത്തത്തിന്റെ മേൽ ആയിരത്തിത്തൊള്ളായിരത്തിമുപ്പതിൽ ഇടിത്തീ വീണപ്പോൾ മുതലാളിത്തം നശിക്കില്ലെന്നു് തറച്ചു പറയുവാൻ കെയ്ൻസിനുമാത്രമേ കഴിഞ്ഞുള്ളു. സാമ്പത്തികത്തകർച്ചയിൽനിന്നു് രക്ഷപ്പെടുവാനുള്ള മാർഗ്ഗം മുതലാളിത്തം അന്വേഷിച്ചപ്പോൾ വിരൽ ചൂണ്ടിയതും കെയ്ൻസ് തന്നെ.

## വിശ്രമവേളയിൽ എന്തുചെയ്യും?

മുന്നോട്ട കുതിച്ചുപായുകയാണ് ശാസ്ത്രങ്ങൾ, പ്രകൃതിയുടെ മേൽ പുതിയ വിജയങ്ങൾ പ്രഖ്യാപിച്ചുകൊണ്ട്. പുതിയ സങ്കേതവിദ്യ ഉല്പാദനം അനേകമിരട്ടി വർദ്ധിപ്പിക്കുന്നു. ഉയരുന്ന ഉല്പാദനനിലവാരത്തിന്ന് ഒരു നൂററാണ്ടുകൂടി അനുസ്യൂതമായി മുന്നോട്ട നീങ്ങുവാൻ കഴിഞ്ഞാൽ മുതലാളിത്തത്തിൻെറ വളച്ച്യയും നിലനിൽപ്പും ശാശ്വതമാകും. ബ്രിട്ടീഷ്ജനതയുടെ ഉല്പാദനക്കഴിവുമാത്രം ഏഴരയിരട്ടി വർദ്ധിക്കുമെന്ന് കെയ്ൻസ് കണക്കുകൂട്ടി. 2030-ൽ നൂതനയന്ത്രങ്ങളുപയോഗിക്കുന്ന വ്യക്തി തൻെറ മുത്തച്ഛനെ അപേക്ഷിച്ച് അതിമാനുഷനായിരിക്കും. കെയ്ൻസ് ഭാവിയിലേക്കു തൻെറ കണ്ണുകളുയർത്തി.

ധനശാസ്ത്രം അന്ന് ഉല്പാദനവർദ്ധനവിൻെറ ശാസ്ത്രമാകും. സാധനങ്ങളുടേയും സേവനങ്ങളുടേയും ദൗർലഭ്യമാണ് ധനശാസ്ത്രത്തിൻെറ നാരായവേര് എന്ന വാദം ചരിത്രം വിഴുങ്ങിക്കളയും. ആ വാദത്തിൻെറ ആഘാതപ്രത്യാഘാതങ്ങൾകൊണ്ടു നിറയും ചരിത്രത്തിൻെറ പിന്നേടുകൾ. പുതിയമനുഷ്യൻെറ പ്രധാന പ്രശ്നമെന്താകാം? ഭക്ഷണമില്ല? അല്ല. വിശ്രമമില്ല? അല്ല. തനിക്കു കിട്ടുന്ന വിശ്രമവേളയിൽ എന്തു ചെയ്യും എന്നതാകും അന്നത്തെ മനുഷ്യൻെറ പ്രധാന പ്രശ്നം. ഈ ദിവാസ്വപ്നത്തിൽനിന്നു കെയ്ൻസിനെ ഉണർത്തിയതു് ഇരുണ്ടിരുണ്ടു വന്ന സാമ്പത്തികത്തകർച്ചയും പടർന്നുപിടിച്ച തൊഴിലില്ലായ്മയുമത്രേ.

## വർഗ്ഗസമരം നടന്നില്ല— കാരണം?

ഭാവിയെ ഒരു നോക്കു കാണുന്നതിൽ തെററില്ല. നിരാശതയിലേയ്ക്കെറിയപ്പെട്ട മനുഷ്യന് ജീവിക്കുവാൻ പ്രചോദനം നൽകുന്നതു് ആശ ഒന്നു മാത്രമാണ്. പതിനേഴാം ശതകത്തിൽ കലഹത്തിൻേറയും കശപിശയുടേയും കലാപത്തിൻേറയും വല

യത്തിൽനിന്നു മുതലാളിത്തം എങ്ങനെ മുന്നേറിയെന്നു് ആഡം സ്മിത്ത് വ്യക്തമാക്കി. മാറാത്തസ്സും റിക്കാഡോയും തറച്ചു പറഞ്ഞ 'ആപൽഘട്ടം' തരണംചെയ്തു് ജനതതിയുടെ അഭിലാഷങ്ങൾ ഊതിക്കത്തിക്കുവാൻ പര്യാപ്തമായ മില്ലിന്റെ നിഗമനങ്ങൾ മുതലാളിത്തത്തെ ആഹ്ലാദത്തിന്റെ വസ്ത്രങ്ങളണിയിച്ചു. അതേ സമയംതന്നെ മാർക്സ് മുതലാളിത്തത്തെ ശാസ്ത്രീയമായി അപഗ്രഥിച്ചു് അതു സ്വയം നശിക്കുമെന്നു് പ്രവചിച്ചു. മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള സമരത്തിൽ, മുതലാളിത്തത്തെ നശിപ്പിച്ചു് തൊഴിലാളിവർഗ്ഗം വിജയിക്കുമെന്നും, മുതലാളിത്തത്തിന്റെ സ്ഥാനം കമ്യൂണിസം കൈയടക്കുമെന്നും മാർക്സ് ധരിച്ചു. വർഗ്ഗസമരം മറെറാരു രീതിയിലായിരിക്കുമെന്നു് വെബ്ലൻ ചൂണ്ടിക്കാട്ടി. പുതിയ വർഗ്ഗങ്ങൾ— സങ്കേതവിദഗ്ധന്മാരുടെ വർഗ്ഗവും സവിശ്രമവർഗ്ഗവും ഉടലെടുത്തുകഴിഞ്ഞെന്നും, അവർ തമ്മിലാണു് വർഗ്ഗസമരം നടക്കുകയെന്നും, അതിൽ സങ്കേതവിദഗ്ധന്മാരുടെ വർഗ്ഗം അധികാരമേറെറടുക്കുവാൻ സാദ്ധ്യതയുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. സാധാരണക്കാർ സവിശ്രമവർഗ്ഗത്തെ അനുകരിക്കുകയാലാണു് മാർക്സ് വിഭാവനംചെയ്ത വർഗ്ഗസമരം നടക്കാതിരുന്നതെന്നും പരോക്ഷമായി അദ്ദേഹം പറയാതിരുന്നില്ല.

## ഇന്നു് എങ്ങനെ?

നാശത്തിന്റെ വക്കിലെത്തിയ, സാമ്പത്തികത്തകർച്ചയിൽ പെട്ടു് ഓജസ്സും തേജസ്സും നശിച്ച, മുതലാളിവർഗ്ഗത്തിനു് വിപ്ലവാത്മകമായ തന്റെ സിദ്ധാന്തത്തിൽകൂടി മോചനമാർഗ്ഗം നിർദ്ദേശിച്ചതു് കെയ്ൻസാണു്. എന്തായാലും ആധുനിക ശാസ്ത്രജ്ഞന്മാരുടെ അപഗ്രഥനങ്ങളിലേക്കു് നാം കടക്കുമ്പോൾ, കഴിഞ്ഞ കാലമല്ല, കാലഹരണപ്പെട്ട പ്രവചനങ്ങളുമല്ല, ലോകത്തിന്റെ ഭാവിയാണു് തുലാസ്സിൽ തൂങ്ങുന്നതു്.

കഴിഞ്ഞകാലം ഇന്നത്തെ കാലഘട്ടത്തിലേക്കു വെളിച്ചം

വീശുന്നു. നമുക്കറിയേണ്ടതു് മുതലാളിത്തം ഇന്നെവിടെ നില്ക്കുന്നു എന്നാണു്. അതിൻെറ ഇനിയത്തെ ചലനം എങ്ങോട്ടു്? ആ ചലനത്തിൻെറ ചൂണ്ടുപലകകൾ ഏവ? എവിടെ?

മുതലാളിത്ത വ്യവസ്ഥയിൽ ഏററവും മുന്നണിയിൽ നില്ക്കുന്ന രാജ്യം അമേരിക്കയത്രേ! സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന അവികസിതരാഷ്ട്രങ്ങൾക്കു് അമേരിക്കയുടെ നിലവാരത്തിലേക്കുയരാമെന്നായിട്ടുണ്ടു്. അമേരിക്കയിലെ സ്ഥിതി എന്തു്?

## അമേരിക്കയിൽ

അവിടത്തെ ജനങ്ങളിൽ ഒരു വിഭാഗത്തിൻെറ കാര്യം ഇന്നും പരുങ്ങലിലാണു്. സത്യത്തിൽ 1950 സമൃദ്ധിയുടെ വർഷമായിരുന്നു. അന്നു് പത്തു് അമേരിക്കൻ കുടുംബങ്ങളിലെന്നിനു് ആഴ്ചയിൽ പത്തു ഡോളർ മാത്രമേ വരുമാനമുണ്ടായിരുന്നുള്ളു. ഈ ഇനത്തിൽ ആരെല്ലാം പെടും? പ്രായം കൂടിയവർ, അംഗഭംഗമുള്ളവർ, സുഖക്കേടുകാർ, ഫലപുഷ്ടിയില്ലാത്ത ഭൂമി കൃഷിചെയ്യുന്നവർ, നീഗ്രോകളിൽ അധികംപേരും.

ഈ ജനവിഭാഗത്തിൻെറ നേരെ മുകളിൽ മറെറാരു ജനവിഭാഗമുണ്ടു്. അധികം മെച്ചമല്ല ഇവരുടെ സ്ഥിതി. ആകെ ഒമ്പതു കുടുംബങ്ങളിൽ ഒന്നിനു് ശരിയായ കിടപ്പിടമോ ഭക്ഷണമോ ഉടുതുണിയോ കിട്ടുന്നില്ല. വല്ലപ്പോഴും മാത്രം അവർ സിനിമയ്ക്കു പോകുന്നു. കുടുംബത്തിൻെറ ശരാശരി വരുമാനം ആഴ്ചയിൽ 45 ഡോളർ വരും. അതായതു്, ഒരംഗത്തിനു് ആഴ്ചയിൽ എല്ലാ ആവശ്യങ്ങൾക്കുംകൂടി പത്തു ഡോളർ.

ആകെ നോക്കിയാൽ കാൽഭാഗം കുടുംബങ്ങൾക്കും ദേശീയസമൃദ്ധിയിൽ പങ്കില്ല. അവരെ സംബന്ധിച്ചിടത്തോളം ഉന്നതമായ അമേരിക്കൻ ജീവിതനിലവാരം വേദനിപ്പിക്കുന്ന തമാശ മാത്രമാണു്. അമേരിക്കയിലെ സ്ഥിതി ഇതാണെങ്കിൽ മററു രാഷ്ട്രങ്ങളിലെ സ്ഥിതി പറയേണ്ടതില്ലല്ലോ.

## മുതലാളിത്തം ചലിക്കുന്നു

അമേരിക്കയിലെ സമൃദ്ധി താരതമ്യേന ഒരു പരമാത്ഥമാണ്. ഇനിയത്തെ 20 വഷങ്ങൾകൂടി ഇതേ സാമ്പത്തികപുരോഗതി അനുസ്യൂതം നിലനിത്തുവാൻ കഴിഞ്ഞാൽ അമേരിക്ക സമ്പൽസമൃദ്ധമാകും; ശരിതന്നെ. പക്ഷേ, മുതലാളിത്തവ്യവസ്ഥിതിയിൽ മാററം സംഭവിക്കുകയില്ലെന്നുണ്ടോ?

ചലനാത്മകമാണ് മുതലാളിത്തവ്യവസ്ഥിതി അതിൽ വ്യത്യാസങ്ങൾ വരുന്നു. പല വഴിക്കു തിരിയുന്നു അതിൻെറ വികാസം. അവയിൽ ചിലതു് അനാശാസ്യമാണെന്നു് സ്പഷ്ടം. ഒളിഞ്ഞുകിടക്കുന്ന ഈ വഴികൾ ചൂണ്ടിക്കാണിക്കുവാൻ ആധുനിക ധനശാസ്ത്രജ്ഞന്മാർ യത്നിച്ചു. ഏവക്കും സാമ്പത്തികസംരക്ഷ, ഏവക്കും ആധുനിക സുഖസൌകയ്യങ്ങൾ—ഈ ലക്ഷ്യത്തിലേക്കുള്ള സമ്പദ്‌വ്യവസ്ഥയുടെ പ്രയാണത്തെ തടസ്സപ്പെടുത്തുന്ന ശക്തികളേവ? അവ എങ്ങനെ പ്രവത്തിക്കുന്നു?

## കോർപറേഷൻ വിപത്ത്

ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തിരണ്ട്—അപകട സൂചന! അപകട സൂചന നൽകിയതു് ധനശാസ്ത്രജ്ഞന്മാരായ അഡോൾഫ് ബെറ്ൾ, ഗാർഡ്‌നർ മീൻസ് എന്നിവരാണ്. അവർ ചേൎന്നെഴുതിയ ഗ്രന്ഥ (The Modern Corporation and Private Property) ത്തിൽകൂടി മുതലാളിത്തവ്യവസ്ഥിതിയിലെ ഏററവും അപകടകരമായ ഒരു പ്രവണതയിലേക്കു വിരൽ ചൂണ്ടി. അവർ വിശദമാക്കി, മേല്പറഞ്ഞ പ്രത്യേകതയിൽകൂടി മുതലാളിത്തലോകം അമ്പതുകൊല്ലം മുന്നോട്ടു നീങ്ങിയാൽ മുതലാളിത്തം താനേ നശിക്കുമെന്നു്. മുതലാളിത്തത്തെസ്സംബന്ധിച്ചിടത്തോളം, അത്യുഗ്രാധികം ആത്മഹത്യാപരമാണ് ഈ പ്രവണത.

ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തിരണ്ടിൽ അമേരിക്കയിലെ സംഘടിതമായ വ്യവസായങ്ങളിൽ പകുതിയും വെറും 200 വലിയ കമ്പനികളുടെ കൈയിലായി. ബാക്കിയുള്ള വ്യവസായങ്ങൾ 30 ലക്ഷം ചെറിയ കമ്പനികളുടെ കൈയിലും. ആയിരത്തിത്തൊള്ളായിരത്തമ്പതിൽ മേല്പറഞ്ഞ ഇരുന്നൂറ് ഭീമന്മാർ വ്യവസായങ്ങളിൽ മുക്കാൽഭാഗവും പിടിച്ചെടുക്കുമെന്നു് ബെറ്ൾ, മീൻസ് എന്നിവർ കരുതി ആയിരത്തിത്തൊള്ളായിരത്തിയെഴുപത്തഞ്ചിൽ എന്താകും സ്ഥിതി? അവർ പറയുവാൻ കൂട്ടാക്കിയില്ല. എങ്കിലും കാര്യം വ്യക്തമാണു്. മേല്പറഞ്ഞ ഇരുന്നൂറു ഭീമന്മാർ കൂടി അമേരിക്കൻ സാമ്പത്തികമേഖലയെ അടക്കി ഭരിക്കും.

## ഇവരുടെ രാജവാഴ്ച

ബെറ്ൾ, മീൻസ് എന്നിവർ തങ്ങളുടെ നിഗമനത്തിനു് പിൻബലം നൽകുവാൻ ധാരാളം സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിക്കുന്നുണ്ടു്. മേല്പറഞ്ഞ ഈ ഇരുന്നൂറു കമ്പനികളിൽ ഏററവും ശക്തൻ അമേരിക്കൻ ഐക്യനാടുകളിലെ 21 സംസ്ഥാനങ്ങളേക്കാൾ സമ്പന്നമാണു്! തീൻമേശയ്ക്കു ചുററുമിരുന്നു് ഇരുന്നൂറു കുത്തകക്കമ്പെനികൾ അമേരിക്കൻ സാമ്പത്തികമണ്ഡലത്തെസ്സംബന്ധിച്ച് വിധിനിർണ്ണായകമായ തീരുമാനങ്ങളെടുക്കുമ്പോൾ സാമ്പത്തികസ്വാതന്ത്ര്യം അസ്തമിക്കും; സ്വതന്ത്രമായ സാമ്പത്തികപ്രവർത്തനമില്ലാതാകും.

ആഡം സ്മിത്ത് വാഴ്ത്തിയ മത്സരമെവിടെ? മത്സരമില്ല അതിനു ബദലായി കമ്പനികൾ തമ്മിലുള്ള സഹകരണമാണു് നാം കാണുന്നതു്. അങ്ങനെയെങ്കിൽ, ഉപഭോക്താക്കളുടെ സ്ഥിതിയെന്തു്? മുതലാളിത്തവ്യവസ്ഥിതിയിൽ 'ഉപഭോക്താവാണു് രാജാവു്' 'ഉപഭോക്താവിൻേറതാണു് പരമാധികാരം' എന്നല്ലേ പറയാറുള്ളതു്? തങ്ങൾക്കു വേണ്ട സാധനങ്ങളും

സേവനങ്ങളും ഏവയെന്നു തീരുമാനിച്ച് വ്യവസായങ്ങളുടെ മുമ്പിൽ ചോദനം വെയ്ക്കുന്നത് ഉപഭോക്താക്കളാണ്. അവ പ്രദാനംചെയ്യുന്നത് വ്യവസായങ്ങളും. വ്യവസായങ്ങൾ മത്സരിക്കുന്നു, ഉപഭോക്താക്കളെ സന്തോഷിപ്പിക്കുവാൻ, തൃപ്തിപ്പെടുത്തുവാൻ. എന്നാൽ കുത്തകക്കമ്പെനികൾ രാജവാഴ്ച നടത്തിയാൽ ഉപഭോക്താവിൻെറ നിലയെന്ത്? സുപ്രധാനമാണ് ഈ ചോദ്യം.

## വരുമാനത്തിനുള്ള ടിക്കറുകൾ

അവിടേയും അവസാനിക്കുന്നില്ല. ഉല്പാദനം നടത്തുന്ന കമ്പനികൾ അവയുടെ ഉടമകളുടെപോലും താല്പര്യങ്ങൾ കണക്കിലെടുക്കുന്നില്ല. വ്യവസായികൾ തമ്മിലുള്ള പരമ്പരാഗതമായ മത്സരമാണ് കമ്പോളസമ്പ്രദായത്തിനു രൂപം നൽകിയത്. അന്ന് വ്യവസായികളായിരുന്നു വ്യവസായസ്ഥാപനങ്ങളുടെ ഉടമകൾ, എന്നാൽ ഇന്ന് അമേരിക്കൻ ടെലഗ്രാഫ് ആൻറ് ടെലഫോൺ കമ്പനിയോ പെൻസിൽവാനിയാ റെയിൽറോഡ് കമ്പനിയോ നടത്തുന്നവർ അവയുടെ ഉടമകളല്ല. ആദ്യം പറഞ്ഞ കമ്പനിക്ക് നൂറിലൊന്ന് ഉടമസ്ഥാവകാശം പോലുമില്ല. രണ്ടാമതു പറഞ്ഞ കമ്പനിക്ക് മൂന്നു ശതമാനം പോലും ഉടമസ്ഥാവകാശമില്ല. ആരാണ് ശരിയായ ഉടമകൾ? ഷെയറുകൾ വാങ്ങിയിട്ടുള്ളവരാണ് ശരിയായ ഉടമകൾ. അവർ രാഷ്ട്രത്തിൻെറ ഒരററംമുതൽ മറേറയററംവരെ പരന്നുകിടക്കുന്നു. ചിലർ ഒരു ഷെയർ മാത്രം എടുത്തിട്ടുണ്ട്; ചിലർ പത്തു മാത്രം; ചിലർ നൂറ്, ചിലർ ആയിരമോ അതിലധികമോ. സത്യത്തിൽ ഈ ഷെയറുടമകൾക്ക് കമ്പനിയുടെ പ്രവർത്തനവുമായി ഒരു ബന്ധവുമില്ല. ഷെയറുടമകൾക്കാവശ്യം ഡിവിഡണ്ട് മാത്രമാണ്. ചുരുക്കത്തിൽ ഷെയറുകൾ വരുമാനത്തിനുള്ള ടിക്കറുകളായി അധഃപതിച്ചിരിക്കുന്നു.

# ഒരു പുതിയ വർഗ്ഗം

ഇങ്ങനെ മുന്നോട്ടു നീങ്ങുന്ന മുതലാളിത്തം മുതലാളിത്തമേയല്ല. മാനേജർ തൻെറ ശമ്പളം പതിന്മടങ്ങു വർദ്ധിപ്പിച്ചാൽ ഷെയറുടമകൾക്കൊന്നും ചെയ്യാൻ പററില്ല. കമ്പനി മാനേജർമാർ കഴിവതും മത്സരം ഒഴിവാക്കി കമ്പനികൾ നടത്തിപ്പോരുന്നു. കമ്പനിയുടെ ഉടമസ്ഥാവകാശം വെറും മിഥ്യ മാത്രം.

ഈ പാരമാർത്ഥത്തിലേക്കു വിരൽ ചൂണ്ടിയതു് പ്രൊഫസർ ജെയ്ംസ് ബേൺഹാമിൻെറ ഗ്രന്ഥ (The Managerial Revolution) മാണു്. "പ്രഫഷണൽ മാനേജർമാർ വ്യവസായമണ്ഡലം ഭരിക്കുന്നു. പുതിയ മുതലാളിത്തത്തിൻെറ സവിശേഷതയാണിതു്. റഷ്യൻ വ്യവസായമാനേജർമാരും ജർമ്മൻ നാത്സി വ്യവസായമാനേജർമാരും അമേരിക്കൻ വ്യവസായമാനേജർമാരും തമ്മിൽ തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്?

ആപൽസൂചന പിന്നേയും മുഴങ്ങി. മുഴക്കിയതോ, ഡോക്ടർ ഫ്രെഡറിക് ഹായക്. അമിതമായ സാമ്പത്തികാസൂത്രണംവഴിയായുള്ള ഗവമ്മേണ്ടിടപെടലിനെ കുററപ്പെടുത്തിക്കൊണ്ടു് ഹായക് എഴുതിയ ഗ്രന്ഥ (Road to Serfdom) ത്തെപ്പററി കെയ്ൻസ് രേഖപ്പെടുത്തി: "....ആസൂത്രണം വേണ്ടെന്നല്ല; കുറച്ചു് ആസൂത്രണമാണു് വേണ്ടതെന്നല്ല, കൂടുതൽ ആസൂത്രണമാണു് ഇപ്പോൾ വേണ്ടതെന്നു് ഞാൻ പറയും........പക്ഷേ ആസൂത്രണവിധേയമായ ജനത താങ്കൾ പറയുന്ന രീതിയിലുള്ള സാന്മാർഗ്ഗികമൂല്യങ്ങൾ സ്വീകരിക്കണം. സാന്മാർഗ്ഗികമൂല്യങ്ങളുമായി ബന്ധംപുലത്തുന്ന സാമാന്യമായ സാമ്പത്തികപദ്ധതിയുടെ ആവിഷ്കരണം ആശാസ്യമാണെന്നു ഞാൻ കരുതുന്നു. പക്ഷേ, പലരും സാമ്പത്തികാസൂത്രണം ദൈവത്തെ സേവിക്കലല്ല, സാത്താനെ സേവിക്കലാണെന്നു പറയുന്നു. ഇതാണു് ശാപം."- ആസൂത്രണം വരുത്തിവെക്കുന്ന ആപത്തിനെപ്പററിയാണു് ഹായക് പറയുന്നതു്. അതുകൊണ്ടാണു് കെയ്ൻ

സ് പറഞ്ഞതു്, ഒരേ സമയംതന്നെ താൻ ഹായക്കിൻെറ ഗ്രന്ഥം ഇഷ്ടപ്പെടുകയും വെറുക്കുകയും ചെയ്യുന്നുവെന്നു്.

സാമ്പത്തികാസൂത്രണം വേണ്ട എന്ന വാദത്തെ കെയ്ൻസ് എതിർക്കുന്നു. എന്നാൽ സാമ്പത്തികാസൂത്രണത്തിൽ അന്തർലീനമായ അപകടങ്ങളെ സംബന്ധിച്ചിടത്തോളം ഹായക്കിൻെറ ന്യായങ്ങളുമായി യോജിക്കുകയും ചെയ്യുന്നു. രണ്ടാം ലോകമഹായുദ്ധകാലത്തു് ഗവമ്മേണ്ടു് സാമ്പത്തികാസൂത്രണം വിപുലമായ തോതിൽ ഏർപ്പെടുത്തിയപ്പോൾ ഹായക് അതിനെ അപലപിച്ചു എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ടു്. അദ്ദേഹത്തിൻെറ ന്യായങ്ങൾ ശ്രദ്ധേയങ്ങളാണു്.

## ആസൂത്രണദോഷങ്ങൾ

തൻെറ മാതൃദേശമായ മദ്ധ്യയൂറോപ്പിൽ സംഭവിച്ചതെന്തെന്നു് അദ്ദേഹം മറക്കുന്നില്ല. മദ്ധ്യയൂറോപ്പിൻെറ ദാരുണമായ അനുഭവം മറക്കാനാകാത്ത വിധം ഹായക്കിൻെറ ഉപബോധമനസ്സിൽ തങ്ങിനില്പുണ്ടു്. സാമ്പത്തികമണ്ഡലത്തിൽ വന്നെത്തിയ 'ഫാസിസ'ത്തിൻെറ പുറപ്പാടു് അദ്ദേഹം കണ്ടതാണു്. അതുകൊണ്ടത്രേ ഹായക് പറയുന്നതു് ഗവമ്മേണ്ടിനു് സൂചി കുത്താൻ സ്ഥലം കൊടുത്താൽ അവിടെ തൂമ്പ കടത്തുമെന്നു്. സ്വതന്ത്രമായ കമ്പോളസമ്പ്രദായത്തിൽ കൈകടത്തുവാൻ ഗവമ്മേണ്ടിനു് ഒരിക്കൽ അവസരം നൽകിയാൽ പിന്നെ ഗത്യന്തരമില്ല; അതിൻെറ എല്ലാ വിഭാഗങ്ങളിലും ഗവമ്മേണ്ടു് നിയന്ത്രണങ്ങളേർപ്പെടുത്തും. ഒടുവിൽ ഗവമ്മേണ്ടിൻെറ 'സാമ്പത്തിക ഫാഷിസ'ത്തിനു വിധേയമാകും രാഷ്ട്രം. എന്നാൽ ചില കാര്യങ്ങളിൽ ഗവർമ്മേണ്ടിടപെടൽ ആശാസ്യമാണെന്നു് ഹായക് കരുതുന്നു—ജനക്ഷേമപദ്ധതികൾ, സാമ്പത്തികസമത്വം സാദ്ധ്യമാക്കൽ, സാമ്പത്തികത്തകർച്ചയിൽ നിന്നു് രാഷ്ട്രത്തെ മോചിപ്പിക്കുവാനുള്ള പുനരുദ്ധാരണനടപടികൾ. പക്ഷേ ഗവർമ്മേണ്ടിൻെറ നേരിട്ടുള്ള സാമ്പത്തിക പ്രവത്തനങ്ങൾ അപകടമുണ്ടാക്കുമെന്നാണു് ഹായക്കിൻെറ ഭയം.

ഇന്നേവരെയുള്ള ലോകത്തിൻെറ അനുഭവംവെച്ചുനോക്കുമ്പോറം ഗവർമ്മേണ്ടിൻെറ നേരിട്ടുള്ള സാമ്പത്തികമായ പ്രവത്തനവും നിയന്ത്രണവും വദ്ധിക്കുവാനേ സാദ്ധ്യതയുള്ളു. ഇതാണ് ചരിത്ര പരമായ സത്യം.

## ആസൂത്രണമെന്ന നേർവര

പരമാൎത്ഥത്തിൽ ആസൂത്രണശില്പികറംക്ക് ഇതിൽ പ ങ്കില്ല. അവർ ഗവമ്മേണ്ടു കൈകടത്തലിൻെറ ബഹുമുഖമായ വികാസം വിഭാവനംചെയ്തിട്ടുമില്ല. ചില പ്രത്യേക മേഖലക ളിൽ മാത്രം ഗവമ്മേണ്ടിൻെറ ഇടപെടലും മൂലധനമിറക്കലും ആവശ്യമാണ് എന്നത്രേ അവർ പറഞ്ഞതു്. സാമ്പത്തികമ ണ്ഡലമാകുന്നകൂടാരത്തിൽ ഗവമ്മേണ്ടാകുന്ന ഒട്ടകത്തിനു് സ്ഥാ നം നൽകിയാൽ പിന്നെ എന്തു സംഭവിക്കുമെന്നു് അവർ ഓ ത്തില്ല. ഉരുക്കുല്പാദനം, കയററുമതി—ഇറക്കുമതിനിയന്ത്രണം തുടങ്ങിയ കാര്യങ്ങളിൽ ഗവമ്മേണ്ടിടപെടൽ സാധ്യമാകു മാറു് അവർ പദ്ധതികറം തയ്യാറാക്കി എന്നു മാത്രം. അവർ തീ ച്ച്യയായും കുററക്കാരല്ല.

സാമ്പത്തികപ്രവത്തനം ജീവിതത്തിലെ എല്ലാ മേഖലകളു മായി അനിഷേധ്യ ബന്ധം പുലത്തുന്നു. അതിൻെറ ആഘാത പ്ര ത്യാഘാതങ്ങറം ബുദ്ധിപരവും സാന്മാർഗ്ഗികവും ആത്മീയവുമാ യ എല്ലാ ഘടകങ്ങളേയും പരോക്ഷമായി സ്പശിക്കുന്നു. വ ലിയ ആറംക്കൂട്ടം. ഈ ആറംക്കൂട്ടത്തിൽക്കൂടി ഒരു നേർവര വ രച്ച് അപ്പുറത്തെത്താമോ? ആറംക്കൂട്ടത്തിൽക്കൂടി 400 അടി നടന്നാൽ മതി അപ്പുറത്തെത്തുവാൻ. ശരിതന്നെ. ഒന്നു പരീ ക്ഷിച്ചുനോക്കുമ്പോളറിയാം, അതു സാദ്ധ്യമല്ലെന്നു്. പല രേയും തട്ടിമാററണം, പലരുമായി കശപിശ പറയണം. ചിലർ നേർവരയിൽക്കൂടി നടക്കുന്ന വ്യക്തിയെ തള്ളിമാററിയെ

നുവരാം. അങ്ങേയററത്തെത്തുമ്പോഠം നമുക്കു ബോദ്ധ്യമാകും എത്രപേരുടെ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും നാം അവതാത്തിലാക്കിയെന്നു്. ആസൂത്രിതമല്ലാത്ത സമൂഹത്തെ ഭാഗികമായി ആസൂത്രണവിധേയമാക്കുന്നതു്, നേർവര വരച്ചു് ജനത്തിരക്കിൽകൂടി നടന്നു് അപ്പുറത്തെത്തുന്നതുപോലെയാണു്.

## ശൃംഖലാബന്ധം

ഉരുക്കുല്പാദനമേഖല മാത്രമാണു് ആസൂത്രണത്തിനു് വിധേയമാക്കുന്നതെന്നു കരുതുക ഒന്നും ഭയപ്പെടാനില്ല. പക്ഷേ, ഉരുക്കുല്പാദനത്തിനു വേണ്ട കല്ക്കരി കിട്ടുന്നില്ല. അതിനും പ്ലാൻ വേണം. ഉരുക്കുല്പാദനശാലകളിൽ ആവശ്യത്തിനു് യന്ത്രങ്ങളില്ല. യന്ത്രങ്ങളുടെ ഉല്പാദനത്തിനു് ഫാക്ടറികളുണ്ടാക്കി, പ്ലാൻ അനുസരിച്ചു് യന്ത്രങ്ങഠം ഉല്പാദിപ്പിക്കണം. മാത്രമല്ല, ഗവമ്മേണ്ടുപദ്ധതി പ്രവത്തിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിലാളികളെ തെരഞ്ഞെടുക്കൽ, അവക്കു സങ്കേതശിക്ഷണം നൽകൽ, അവരുടെ ശമ്പളം, അച്ചടക്കം, മേൽനോട്ടം, താമസസൌകര്യങ്ങഠം— എല്ലാററിനും പ്ലാൻ വേണം. ഉരുക്കുല്പാദിപ്പിച്ചാൽ പോരാ, അതു വേണ്ട സ്ഥലങ്ങളിൽ എത്തിക്കണം—അതിനും വേണം പ്ലാൻ. അവയുടെ പ്രവത്തനം കേന്ദ്രീകരിക്കുകയായി. കൂടാതെ ഉരുക്കുല്പാദനത്തിൽ ഏതെങ്കിലും കാരണവശാൽ (തൊഴിൽമുടക്കു്, കല്ക്കരികിട്ടായ്ക, യന്ത്രങ്ങളുടെ കുറവ്) പദ്ധതി പ്രവത്തിക്കാതിരുന്നാൽ അതിൻെറ പ്രത്യാഘാതങ്ങഠം സമ്പദ്‌വ്യവസ്ഥയെ മുഴവൻ ബാധിക്കും. അങ്ങനെ വരുമ്പോഠം ദേശീയസമ്പദ്‌വ്യവസ്ഥ മുഴുവനും സാമ്പത്തികാസൂത്രണത്തിനു വിധേയമാക്കേണ്ടിവരും. ഫലം: ഫാഷിസം. ഇതാണു് ഹായിക്കിനു പറയുവാനുള്ളതു്.

അവസാനം, ലെനിൻ പറഞ്ഞപോലെ, ചോദ്യങ്ങളുന്നയിക്കേണ്ടിവരും— ആർ ആക്കുവേണ്ടി പ്ലാൻചെയ്യുന്നു? ആർ

ആക്കവേണ്ടി എന്തു നിർദ്ദേശിക്കുന്നു, എന്തു തെരഞ്ഞെടുക്കുന്നു, എന്തു മാററിവെയ്ക്കുന്നു, എന്തുല്പാദിപ്പിക്കുന്നു? ആർ ആരാണ്? ഈ ചോദ്യങ്ങളുടെ അന്തത്തിൽ ആപത്ത് ഭീമാകാരം പൂണ്ടു നില്ക്കുന്നു—അത് മുതലാളിത്തത്തെ നശിപ്പിക്കും, വ്യക്തിസ്വാതന്ത്ര്യത്തേയും നശിപ്പിക്കും. അപ്പോൾ ജനകീയരാഷ്ട്രത്തിലെ പൗരൻ എന്തു ചെയ്യും എന്നാണ് ഹായക് ചോദിക്കുന്നത്.

## കൂമ്പടഞ്ഞു?

ആദ്യത്തെ രണ്ട് അപകടസൂചനകൾ പോരാ എന്ന മട്ടിൽ മൂന്നാമതൊരു അപകടസൂചനകൂടി—മുതലാളിത്തത്തിനിനി വികസിക്കുവാൻ കഴിയുമോ? അതിൻെറ കൂമ്പടഞ്ഞുപോയില്ലേ?

യോഗ്യനായ ചിന്തകൻ, തികച്ചും പണ്ഡിതൻ, അമേരിക്കരുടെ ബഹുമാനത്തിനു പാത്രീഭൂതൻ, ഹാർവാഡ് സർവ്വകലാശാലയിലെ പ്രശസ്തനായ പ്രൊഫസ്സർ, 'അമേരിക്കൻ കെയ്ൻസ്' എന്നു കീർത്തി നേടിയ പ്രതിഭാശാലി, ഡോക്ടർ അൽവിൻ ഹാൻസൻ ആണ് ഈ ചോദ്യമുന്നയിച്ചത്. കുത്തക വ്യവസായ-വ്യാപാരകോർപ്പറേഷനുകളെപ്പററി അന്വേഷണം നടത്തുന്ന ഔദ്യോഗികക്കമ്മിററിയുടെ മുമ്പിൽ മൊഴികൊടുക്കുകയായിരുന്നു ഡോക്ടർ ഹാൻസൻ. അദ്ദേഹം കമ്മിററിയോഗത്തെ ഒരു ചർച്ചായോഗമാക്കി മാററി. കമ്മിററിയുടെ അദ്ധ്യക്ഷൻ പറഞ്ഞു: "ഡോക്ടർ ഹാൻസൻ, ഈ ചർച്ചയിൽ നമുക്കെല്ലാം അനുഭവപ്പെടുന്ന രസംകൊണ്ട്, എല്ലാ ഭാഗത്തും നാം കമ്മിററിയുടെ നിയമങ്ങൾ ലംഘിക്കുകയാണ്........"

തീർച്ചയായും, ഏററവും രസകരമായിരുന്നു ചർച്ച. ഏററവും അനാശാസ്യമായ വിധം വ്യത്യാസപ്പെടുകയാണ് മുതലാളിത്തത്തിൻെറ പശ്ചാത്തലം. മുതലാളിത്തത്തെ മുന്നോട്ടു

നയിച്ച ഒഴുക്കിൻെറ ശക്തി അടിക്കടി ക്ഷയിച്ചുവരുന്നു —ക്ഷയിച്ച് ക്ഷയിച്ചില്ലാതാകുമോ?

മുതലാളിത്തത്തെ മുന്നോട്ടു നയിക്കുന്ന ശക്തിയേത്? ഹാൻസൻെറ മറുപടി കേട്ടാൽ പാതിരി മാറംത്തസ്സ് തൻെറ ശവകുടീരത്തിൽ കിടന്നു മന്ദഹസിക്കും. 'ജനവദ്ധന'യാണ് ആ ശക്തി എന്നത്രേ ഹാൻസൻ പറയുന്നത്. പക്ഷേ, പാതിരി മാറംത്തസ്സിൻെറ മന്ദഹാസം പെട്ടെന്ന് അമർഷമായി മാറും.

## ആവശ്യത്തിനു് ജനവദ്ധനയില്ല.

മനുഷ്യൻെറ സാമ്പത്തിക പുരോഗതിക്കു തടസ്സമായി നില്ക്കുന്നത് ജനവദ്ധനയാണെന്ന് മാറംത്തസ്സ് വിശ്വസിച്ചു. ജനവദ്ധനവിനെ മറെറാരു കാഴ്ചപ്പാടിൽനിന്നു് ഹാൻസൻ സമീപിക്കുന്നു. ഹാൻസൻപറയുന്നു, സാമ്പത്തിക പുരോഗതി നിശ്ചലമാകുമ്പോറം അതിനെ മുന്നോട്ടു നയിക്കുന്നത് ജനവദ്ധനയാണെന്ന്. ജനസംഖ്യ വദ്ധിക്കുമ്പോറം കൂടുതൽ കൃഷിയിടം വേണം. കൂടുതൽ തുണി, കൂടുതൽ വീടുകറം, കൂടുതൽ നിത്യോപയോഗസാധനങ്ങറം—അങ്ങനെ എന്തും കൂടുതലാവശ്യമുണ്ട്. അതിത്തിവരമ്പുകറം ലംഘിക്കാത്ത ജനവദ്ധനയാണ് മുതലാളിത്തത്തെ മുന്നോട്ടു നയിക്കുന്നത്.

ഇതുവരേയും ജനവദ്ധന ആവശ്യത്തിനുണ്ടായിരുന്നു. പക്ഷേ, കഴിഞ്ഞ മുപ്പതു വർഷങ്ങളിലെ സെൻസസ് കണക്കുകളിൽനിന്ന് അനാവശ്യമായ ഒരു സൂചന അടത്തിയെടുക്കുവാൻ കഴിയും—ജനവദ്ധനനിരക്ക് കുറയുകയാണ്, കുറഞ്ഞുകുറഞ്ഞില്ലാതാകുകയാണ്. ഇംഗ്ലണ്ടിലും ഫ്രാൻസിലും ജനവദ്ധന നിന്നുപോയിരിക്കുന്നു! അമേരിക്കയും ഈ ഘട്ടത്തിലേയ്ക്കു നീങ്ങുകയാണ്.

അമേരിക്കയുടെ കഥയെടുക്കാം സാമ്പത്തികത്തകർച്ച്ച യുടെ കാലത്ത് 80 ലക്ഷം പുതിയവരാണ് വന്നുചേൻതു്— സാധാരണയിൽ പകുതിയായിരുന്നു ഈ ജനവദ്ധന. ഇതു കാരണമാണ് സാമ്പത്തികത്തകർച്ചയിൽനിന്നുള്ള കുതിച്ചുയരൽ പ്രയാസമായിത്തീൎന്നതെന്നു് ഡോക്ടർ ഹാൻസൻ പറയുന്നു. 1940–50 കാലഘട്ടത്തിൽ ജനവദ്ധന ഏതാണ്ട് 60 ലക്ഷമായിരുന്നു—സാധാരണയിൽ മൂന്നിലൊരു ഭാഗം. തന്നിമിത്തം മൂന്നിലൊരു ഭാഗം ചോദനമേ കമ്പോളത്തിൽ വന്നെത്തിയുള്ളു. ഇനിയത്തെ കാൽനൂററാണ്ടു കാലം കൊണ്ട് ജനവദ്ധന നിശ്ചലമായിത്തീൎന്നേക്കാനിടയുണ്ട്.

## നിശ്ചലാവസ്ഥ

ഇത്രയുമറിഞ്ഞിരുന്നെങ്കിൽ മാറംത്തസ്സിനു സമാധാനമായേനേ! പക്ഷേ, ഹാൻസൻ നിരാശനായി. സമ്പാദ്യമിച്ചം വ്യവസായങ്ങളിൽ നിക്ഷേപിക്കുവാനുള്ള പ്രചോദനം നശിക്കുകയാണ്. ആഡം സ്മിത്ത് മുതൽ കെയ്ൻസം വരെയുള്ള എല്ലാ ധനശാസ്ത്രജ്ഞന്മാരും മൂലധനനിക്ഷേപം മുതലാളിത്തത്തെ മുന്നോട്ടു തള്ളുന്ന ശക്തിയാണെന്നു കണക്കാക്കി. ജനവദ്ധനയില്ലാതെ വന്നാൽ മൂലധനനിക്ഷേപം ആവശ്യമില്ലെന്ന നില വന്നണയുമല്ലോ! അപ്പോഠം “അമേരിക്കൻ സ്വപ്നം” വെറും മരീചികയായി പരിണമിക്കുകയില്ലേ?

പുതിയ സങ്കേതവിദ്യയും കണ്ടുപിടുത്തങ്ങളും മൂലധനനിക്ഷേപത്തിനു് പുതിയ മാർഗ്ഗങ്ങഠം സൃഷ്ടിക്കുകയില്ലേ? ഉവ്വ്. പക്ഷേ, കണ്ടുപിടുത്തങ്ങഠം, പുതിയ സങ്കേതവിദ്യ എന്നിവ മുഖേനയുള്ള വ്യാവസായിക വികാസങ്ങഠം പൊടുന്നനവേ പ്രത്യക്ഷപ്പെടുന്നു— വ്യാവസായികവിപ്ലവ കാലഘട്ടം, വൈദ്യുതീകരണത്തിൻെറ കാലഘട്ടം, മോട്ടോർകാർ നിമ്മാണ കാലഘട്ടം തുടങ്ങിയവ. എന്നിട്ടോ? എല്ലാം നിലയ്ക്കുന്നു, നിശ്ചലമായിത്തീരുന്നു.

ഈ നിശ്ചലാവസ്ഥയിൽനിന്നു മുന്നോട്ടു നീങ്ങുവാനുള്ള മാർഗ്ഗം? സ്വതന്ത്രമായ കമ്പോളസമ്പ്രദായത്തിൻെറ മുന്നോട്ടുള്ള ഗതിയടഞ്ഞു. മുതലാളിത്തം ഇനി സ്വയം ചലിക്കുകയില്ല മുതലാളിത്തത്തെ മുന്നോട്ടു നീക്കുവാൻ ഗവമ്മേണ്ടിനു മാത്രമേ ഇനി സാധിക്കുകയുള്ളു. ഗവമ്മേണ്ടിൻെറ നിയന്ത്രണത്തിൽ വേണം മുതലാളിത്തം ഇനി മുന്നോട്ടു ചലിക്കുവാൻ.

## ഭാവി എങ്ങനെ?

ഒട്ടനവധി പ്രശ്നങ്ങറം ബാക്കിയുണ്ട്—നാണയവ്യവസ്ഥ, വിദേശവ്യാപാരം, പൊതുക്കടം, തൊഴിലാളികളുടെ ജീവിതനിലവാരം എന്നിവ ഉന്നയിക്കുന്ന പ്രശ്നങ്ങളും പരിഹരിക്കപ്പെടണം. എന്തായാലും, മുതലാളിത്തം അഭിമുഖീകരിക്കുന്ന ഈ പ്രശ്നങ്ങറം കാറം മാർക്സിൻെറ ഹൃദയത്തെ ആഹ്ലാദംകൊണ്ടു നിറയ്ക്കുവാൻ പര്യാപ്തമാണ്.

മേല്പറഞ്ഞ മൂന്നാപത്തുകളും മുതലാളിത്ത വ്യവസ്ഥയിൽ നിന്നു താനേ തല പൊക്കിയവയാണ്. കുത്തകമുതലാളിത്തത്തെപ്പററി ബെറ്ലം, മീൻസ് എന്നിവർ പ്രകാശിപ്പിച്ച ആശങ്ക അസ്ഥാനത്തല്ല. യുദ്ധകാലത്തു് സ്വകാര്യ വ്യവസായങ്ങളുടെ മേൽ ഗവമ്മേണ്ടു് സമ്മർദ്ദം ചെലുത്തി, ഗവമ്മേണ്ടു പദ്ധതികറം നടപ്പിലാക്കുവാൻ. ഡോക്ടർ ഹായക്കിൻെറ ഭയവും അസ്ഥാനത്തല്ല— തീർച്ച! ജനവദ്ധനയില്ലായ്മ മുതലാളിത്തത്തിൻെറ മുന്നോട്ടുള്ള ഗതി തടയും. ഗവമ്മേണ്ടിൻെറ മൂലധന നിക്ഷേപത്തിനും ധനവിയോഗത്തിനും മാത്രമേ നിശ്ചലാവസ്ഥയിൽപെട്ട മുതലാളിത്തത്തെ മുന്നോട്ടു തള്ളുവാൻ സാധിക്കു എന്ന ഹാൻസൻെറ നിഗമനവും ലോകത്തിൻെറ ശ്രദ്ധയെ പിടിച്ചുനിർത്തുന്നു. ഭയാനകമാണ് വരുവാനിരിക്കുന്ന ആപത്തുകറം!

## കമ്പോളസ്വരൂപം

നമുക്കൊന്നു മറുഭാഗത്തേക്കു കടന്നു നോക്കാം. ഡോക്ടർ ക്ലെയർ വിൽകോക്സ് കമ്പോളത്തെപ്പററി നമുക്കു് ഏകദേശരൂപം തരുന്നുണ്ടു്.

"ഉപഭോക്താവിൻെറ ഒരു ഡോളർ. അതിൽ മുപ്പതു സെൻറ് ഭക്ഷണത്തിനു പോകുന്നു. ഏതെങ്കിലും 'ബ്രാൻഡ്' അപ്പം വാങ്ങാം. അല്ലെങ്കിൽ രണ്ടായിരത്തിലധികം വ്യവസായികളിൽനിന്നു് ഭക്ഷണം ചുരുക്കാനുള്ള മാവുപൊടി വാങ്ങാം.... മാട്ടിറച്ചിയാണെങ്കിൽ നാലു പ്രധാന 'പാക്കിങ്ങ്' കമ്പനികളിൽനിന്നു വരുന്നു. പോക്കിറച്ചി അഞ്ഞൂറുകച്ചവടക്കാരിൽനിന്നു്. ആട്ടിറച്ചി അറുനൂറു കച്ചവടക്കാരിൽനിന്നു്. സോസേജ് ആയിരത്തിരുന്നൂറു കച്ചവടക്കാരിൽനിന്നു്. പുറമേ കോഴിയിറച്ചിയും മീനും.... പത്തു സെൻറ് വസ്ത്രധാരണത്തിനു പോകുന്നു. പുരുഷന്മാരുടെ ചെരുപ്പ് 200കമ്പനികളിൽനിന്നു്, സ്ത്രീകളുടെ മേൽജ്ജൊഡ് ഇരുനൂറു കമ്പനികളിൽനിന്നു്, സ്ത്രീകളുടെ ഉടുപ്പുകൾ മുന്നൂററമ്പതു കമ്പനികളിൽനിന്നു്, പുരുഷന്മാരുടെ വസ്ത്രങ്ങൾ തൊള്ളായിരം കമ്പനികളിൽനിന്നു്....ഇരുപതുസെൻറ് വീടിനു്—വാടകയ്ക്കു് അല്ലെങ്കിൽ വാങ്ങാൻ. ഈ മേഖലയിലും ഗണ്യമായ മത്സരമുണ്ടു്.... അഞ്ചു സെൻറ് വീടലങ്കരിക്കാൻ— ഈ മേഖലയിലും കാര്യമായ മത്സരമുണ്ടു്."

ചുരുക്കിപ്പറഞ്ഞാൽ, അമേരിക്കൻകമ്പോളത്തിൽ വ്യവസായികൾ തമ്മിൽ ഗണ്യമായ മത്സരമുണ്ടു്. രണ്ടുമൂന്നു കുത്തകവ്യവസായശാലകൾ ഒരുസാധനത്തിൻെറ പ്രദാനം കൈയടക്കുമ്പോൾ അതിനു് 'ഓളിഗോപോളി' എന്നു് പറയുന്നു. അവ തമ്മിലും മത്സരമുണ്ടു്—ഉരുക്കിനെതിരായി അലുമിനിയം, അ

ലൂമിനിയത്തിനെതിരായി ചില്ല്, ചില്ലിനെതിരായി കോൺക്രീററ്. ഇവിടെയും ഉല്പാദകർ തമ്മിൽ മത്സരമുണ്ട്.

## കുത്തകയുടെ മെച്ചം

മത്സരിക്കുന്ന 'ഓളിഗോപോളികൾ!' കുത്തകവ്യാപാരശാലകൾ അത്ര മോശമല്ലെന്നു ഡോക്ടർ. ജോൺ കെ. ഗാൽബ്രെയ്ത്ത് (ഇന്ത്യയിലെ അമേരിക്കൻ അമ്പാസഡറായിരുന്നു) സമർത്ഥിക്കുന്നു. വ്യക്തികൾ തമ്മിലുള്ള മത്സരത്തേക്കാളും മെച്ചമാണ് മേല്പറഞ്ഞ മത്സരം. മത്സരം കഴിവതും ഒഴിവാക്കുന്ന കുത്തകവ്യവസായ–വ്യാപാരസ്ഥാപനങ്ങൾ തൊഴിലാളികളുടെ ജീവിതനിലവാരമുയർത്തുവാനും സാധനങ്ങൾ മേന്മയുള്ളവയാക്കുവാനും യത്നിച്ചിട്ടുണ്ട്. ഏതു വ്യവസായമാണോ ഏതാനും കുത്തകവ്യവസായശാലകളുടെ കൈയിലകപ്പെട്ടുന്നതു് ആ വ്യവസായമാണ് ഏററവുമധികം പണം ഗവേഷണത്തിനായി വിനിയോഗിക്കുന്നത്; ആ വ്യവസായംതന്നെയാണ് പുതിയ സങ്കേതവിദ്യ പ്രായോഗികമാക്കുന്നതും പുരോഗമനപരമായ തൊഴിൽനയം അനുവർത്തിക്കുന്നതും.

ഗാൽബ്രെയ്ത്ത് പറയുന്നത് ശരിയാകാം. കുത്തകവ്യവസായത്തിനു് അതിൻേറതായ മേന്മകളുണ്ട്. വ്യവസായത്തിൻെറ വലുപ്പം അനുകൂലമായ പ്രത്യേകസാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. പക്ഷേ, ബെററ്ൾ, മീൻസ് എന്നിവർ ചൂണ്ടിക്കാണിച്ച പ്രശ്നം അവശേഷിക്കുന്നു. ഭാവിയിൽ കുത്തകവ്യവസായസ്ഥാപനങ്ങൾ, മത്സരത്തെ നശിപ്പിച്ച് എല്ലാം കൈയടക്കുകയില്ലേ? ഉദാ:ജനറൽ മോട്ടോർസ് സ്ഥാപനം 1951-ൽ 7.5 ബില്യൻ (ഒരു ബില്യൻ=നൂറു കോടി) ഡോളറിനുള്ള ബിസിനസ്സ് ചെയ്തു—യുദ്ധകാലത്തുള്ളതിൽ അഞ്ചിരട്ടി. 1961-ൽ അതു 35 ബില്യൻ ഡോളറായും 1971—ൽ അതു 175 ബില്യൻ ഡോളറായും വദ്ധിക്കുകയില്ലെന്നു് ആക്ക് പറയാൻ കഴിയും?

## സാധ്യ ാണോ?

വമ്പൻ കുത്തകവ്യവസായസ്ഥാപനങ്ങൾക്ക് എത്ര മാത്രം വളരാൻ കഴിയും? കുറെ കഴിയുമ്പോൾ അവയുടെ വളർച്ച മുരടിക്കുമോ? മുരടിക്കുന്നപക്ഷം പിന്നിൽ വരുന്ന സ്ഥാപനങ്ങൾക്ക് അവ വഴിമാറിക്കൊടുക്കുമോ? എന്തായാലും പുതിയ പുതിയ വ്യവസായശാലകൾ വളർന്നുവരുന്നുണ്ട്. അവയുടെ എണ്ണം 10 ലക്ഷത്തിലധികം വരും. അവ തമ്മിൽ മത്സരവുമുണ്ട്. ചെറിയ വ്യവസായസ്ഥാപനങ്ങൾ വളരട്ടെ: അത്രയും കാലം നമുക്കാശയുണ്ട്. എന്നാൽ, ഇവയുടെ വളർച്ച നശിക്കുകയും സാമ്പത്തികമണ്ഡലമാകെ കുത്തകവ്യവസായ സ്ഥാപനങ്ങൾ കൈയടക്കുകയും ചെയ്താൽ, സുനിശ്ചിതമാണ് മുതലാളിത്തം നേരിടേണ്ടിവരുന്ന അപകടം.

നാം മടങ്ങി ഡോക്ടർ ഹാൻസൻ ഉന്നയിച്ച പ്രശ്നത്തിലേക്കു വരുന്നു. അമേരിക്കൻ സമ്പദ്‌വ്യവസ്ഥ വികസിക്കണം; ഇടിഞ്ഞ ജീവിതനിലവാരത്തിൽ കഴിയുന്ന ആ കാൽഭാഗം ജനത ഉയർന്ന ജീവിതനിലവാരത്തിലെത്തണം. പക്ഷെ, ബിസിനസ്സിനു മാത്രം മുതലാളിത്തത്തെ മുന്നോട്ടു നീക്കുവാൻ കഴിയുമോ? ഇന്നത്തെപ്പോലെ അമേരിക്കൻ വ്യവസായങ്ങൾക്ക് 60 ബില്യൻ ഡോളർ മൂലധനമിറക്കി തുടർന്നു പോകുവാൻ കഴിയുമോ? “സാധ്യമല്ല” എന്നത്രേ ധനശാസ്ത്രജ്ഞന്മാർ പറയുന്നത്. അങ്ങനെയെങ്കിൽ പദ്ധതികൾ ആസൂത്രണം ചെയ്ത്, ഗവർമ്മേണ്ട് പണം ചെലവിട്ട് സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിന് പ്രചോദനം നൽകേണ്ടിവരും. കാൽ നൂററാണ്ടിന് ശേഷം മൂലധനനിക്ഷേപം ഒരു ട്രില്യൻ (ഒരുലക്ഷം കോടി) ഡോളറായി വികസിക്കണമെന്നോർക്കുമ്പോൾ, വിഷാദച്ഛായ പരക്കുന്നതിൽ അത്ഭുതമില്ലല്ലോ.

## പ്രചോദനം ഗവർമ്മേണ്ടിൽനിന്നു്.

മുതലാളിത്തത്തിന് മോചനമാർഗ്ഗമില്ലെന്ന് തെളിച്ചു പറയുവാൻ സാധ്യമല്ല. സങ്കേതവിദ്യ അണുശക്തിയും മററും ഉപയുക്തമാക്കുന്നതിൽനിന്നുണ്ടാകുന്ന വിപ്ലവാത്മകമായ സാധ്യതകരം മുൻകൂട്ടി കാണുക സാധ്യമല്ല. ഡോക്ടർ ഹാൻസൻ മുതലാളിത്തത്തെ മുന്നോട്ടു നീക്കുന്നതിനു കാരണഭൂതമായി കരുതുന്ന ജനവദ്ധന ആഫ്രോ—ഏഷ്യൻ രാഷ്ട്ര ങ്ങളിൽ കുറവല്ല. ഈ കാരണങ്ങളാൽ ആശങ്കയ്ക്കവകാശമില്ലെന്നു വരാം.

എന്നാൽ ഹാൻസൻ മറെറാരു കാര്യത്തിലേയ്ക്കു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു—മുതലാളിത്തത്തിൻെറ പശ്ചാത്തലം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. 1. അവികസിത രാഷ്ട്രങ്ങരം വൻ മുതലാളിത്തരാഷ്ട്രങ്ങരം നൽകുന്ന കരാറിൽ ഒപ്പുവെക്കുവാൻ തയ്യാറല്ല. സാമൂഹ്യവും രാഷ്ട്രീയവുമായ കാരണങ്ങരം ഇതിനു പിന്നിലുണ്ടു്. 2. പണ്ടത്തെപ്പോലെ വൻവ്യവസായങ്ങരം സാഹസങ്ങരംക്ക് തയ്യാറില്ല. സാഹസങ്ങരംക്കൊരുമ്പെട്ടാൽ അധ:പതനം സുനിശ്ചിതമാകുമെന്നവ കരുതുന്നു. 3. കഴിഞ്ഞ പത്തുകൊല്ലക്കാലത്ത് അമേരിക്കൻ ഉരുക്കുകമ്പനികരം ഉല്പാദനം വദ്ധിപ്പിച്ചത് ഗവമ്മേണ്ടിൻെറ സമ്മർദ്ദംമൂലമത്രേ. പരമാത്ഥത്തിൽ ഉല്പാദനം വികസിപ്പിക്കണമെന്ന് ആ കമ്പനികരംക്കു തോന്നിയില്ല. പ്രചോദനം ഗവമ്മേണ്ടിൽനിന്നു വരേണ്ടതായിട്ടാണിരിക്കുന്നത്.

## അടിമത്തത്തിലേയ്ക്കു്

വ്യവസായമേഖലയിലെ ഗവമ്മേണ്ടുപദ്ധതികരം പിൻനിലരാഷ്ട്രങ്ങരംക്ക് സഹായകമാകും. അമേരിക്കയിൽ ഗവമ്മേണ്ടുപദ്ധതികരം നടപ്പിൽവരുത്തുന്ന പക്ഷം, തന്മൂലം ചില മേഖലകളിലെ ഉല്പാദനം വികസിക്കുന്ന പക്ഷം അ

വികസിതരാഷ്ട്രങ്ങളുടെ വികാസത്തിനു് അതു് സഹായകമായെന്നുവരാം. എന്നാൽ ഡോക്ടർ ഹാൻസനു് ഉത്തരം നൽകുന്ന നാം അവസാനം ഡോക്ടർ ഹായക് ഉന്നയിക്കുന്ന ചോദ്യത്തിലെത്തുന്നു —സാമ്പത്തികമണ്ഡലത്തിലെ ഗവർമ്മേണ്ടുകൈകടത്തൽ അവസാനം നമ്മെ അടിമത്തത്തിലേക്കു നയിക്കുകയില്ലേ?

സമ്പന്നമായ സമ്പദ്‌വ്യവസ്ഥയിൽ ആവശ്യമായി വരുന്ന ഗവർമ്മേണ്ടു് പദ്ധതികൾ നമ്മെ അടിമത്തത്തിലേക്കു നയിക്കുകയില്ലെന്നു് ഹാർവാർഡ് സർവ്വകലാശാലാ പ്രൊഫസർ സെയ്മൂർ ഹാരിസ്സ് കരുതുന്നു. പ്രൊഫസർമാരായ ജോൺ ക്ലാർക്കും ഡേവിഡ് മക്ഫോർഡ് റൈററും പറയുന്നതിങ്ങനെയാണു്: "കെയ്ൻസിയൻ വിപ്ലവഫലമായുണ്ടായ കണക്കുകൂട്ടലനുസരിച്ച് മുതലാളിത്തം വളരുവാനാണു്, മുരടിക്കുവാനല്ല, സാദ്ധ്യത. അതുകൊണ്ടു് ആശയോടും ആത്മാർത്ഥതയോടുംകൂടി പ്രവർത്തിക്കുകയാണു് നമ്മുടെ ധർമ്മം."

പക്ഷേ, വിമർശിക്കുവാൻ ഏതു ചിന്തകനും സ്വാതന്ത്ര്യമുണ്ടു്.

# ക്ഷേമരാഷ്ട്രം

ലാഭപൂജ, പരസ്യത്തിൽക്കൂടി കൃത്രിമമായി മനുഷ്യാവശ്യങ്ങൾ സൃഷ്ടിക്കുക – വ്യക്തിയിലധിഷ്ഠിതമായ ഈ പുതിയ മതം സാമൂഹ്യാവശ്യങ്ങളെ അവഗണിക്കുന്നുവെന്നു് ഗാൽബ്രെയ്ത്ത്; മുതലാളിത്തം നശിക്കും– അതു സാമ്പത്തികമായ കാരണങ്ങൾകൊണ്ടാകില്ലെന്നു് ഷുംപീററർ. ക്ഷേമരാഷ്ട്രനിർമ്മാണം സാദ്ധ്യമോ? അതിൻെറ വിജയം ഏതെല്ലാം ഘടകങ്ങളെ ആശ്രയിച്ചിരിക്കും?

മുതലാളിത്തവ്യവസ്ഥിതിയെ വിശകലനംചെയ്തു പഠിക്കുന്നതിനു നാം ഉപയുക്തമാക്കിയതു് അമേരിക്കൻ ഐക്യസംസ്ഥാനങ്ങളെയാണു്. ജനാധിപത്യരാഷ്ട്രങ്ങളിൽ ഏററവും വില കൂടിയ ജീവിതനിലവാരം പുലർത്തുന്നതു് അമേരിക്കയത്രേ. ജനകീയരാഷ്ട്രങ്ങളിലധികവും ഇടത്തോട്ടോ വലത്തോട്ടോ ചായുന്നതുകൊണ്ടും തനി മുതലാളിത്തം അമേരിക്ക പുലർത്തുന്നതിനാലും നാം അമേരിക്കയെ പഠനവിധേയമാക്കി. ഇതര മുതലാളിത്തരാഷ്ട്രങ്ങൾ ജീവിതനിലവാരത്തിൻെറ കാര്യത്തിൽ അമേരിക്കയോടു കിടപിടിക്കാനാണു് ശ്രമിക്കുന്നതു്.

“എല്ലാവർക്കും തൊഴിൽ, പൂർണ്ണമായ സാമൂഹ്യഭദ്രത” എന്ന

മുദ്രാവാക്യം ഉയൎത്തിയതു് കെയ്ൻസാണു്. അതിൻെറ അടി സ്ഥാനത്തിലായിരുന്നു കെയ്ൻസിയൻ വിപ്ലവം. കെയ്ൻസിയൻ സിദ്ധാന്തങ്ങളുടെ ഫലമായി പല മുതലാളിത്തരാഷ്ട്രങ്ങളും–ബ്രിട്ടൻ, ഇന്ത്യ തുടങ്ങിയവ–'ക്ഷേമ സമ്പദ്‌വ്യവസ്ഥ'യും 'സാമ്പത്തിക ജനാധിപത്യ'വും 'മിശ്ര സമ്പദ്‌വ്യവസ്ഥ'യും 'സോഷ്യലിസമാതൃക'യും ലക്ഷ്യങ്ങളായി സ്വീകരിച്ചു. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിലെ വൈവിദ്ധ്യം നമ്മെ ആശ്ചര്യപ്പെടുത്തുന്നു.

പക്ഷേ—ഒന്നിലധികം 'പക്ഷേ'കൾ നാം കേട്ടുകഴിഞ്ഞു–ബെറ്ൾ, മീൻസ് എന്നിവർ പറഞ്ഞ ഏതാനും കുത്തകവ്യവസായസ്ഥാപനങ്ങളുടെ വളർച്ച സ്വതന്ത്രമായ മത്സരത്തെ വിഴുങ്ങുന്ന പക്ഷം, ഡോക്ടർ ഹാൻസൻ പറഞ്ഞപോലെ മുതലാളിത്തവ്യവസ്ഥയ്ക്കു ജീവൻ നൽകുന്ന ജനവൎദ്ധന നിന്നുപോകുന്ന പക്ഷം, ഡോക്ടർ ഹായക് പറയുംപോലെ ഗവൎമ്മേണ്ടിൻെറ സാമ്പത്തികാനുസൂത്രണം വളൎന്നു വളൎന്നു സാമ്പത്തികമണ്ഡലമാകെ കൈയടക്കുന്നപക്ഷം മുതലാളിത്തത്തിൻെറ പതനമാകും ഫലം. മററൊരു ആപൽക്കരമായ സവിശേഷത അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽനിന്നടർത്തിയെടുക്കുവാൻ പ്രൊഫസ്സർ ഗാൽബ്രെയ്ത്ത് മടിക്കുന്നില്ല.

## പുതിയ മതം

അമേരിക്കയിൽ അയവില്ലാത്ത വിഗ്രഹാരാധന പുലർത്തുന്ന ഒരു പുതിയ മതം ഉടലെടുത്തിരിക്കുന്നു. അവിടത്തുകാർ ഒരു പുതിയ ദൈവത്തെ ആരാധിക്കുന്നു. പുതിയ ദൈവമോ? ലാഭം! ലാഭപൂജ അവിടെ അവിശ്രാന്തം നടക്കുകയാണു്. ഏതാണോ ലാഭകരം; അതു നന്നു്. ഏതാണോ ലാഭം നൽകാത്തതു്, അതു ചീത്ത. വ്യക്തികളുടേയും ജീവിതലക്ഷ്യം ഇതുതന്നെ. ഏതുല്പാദനമാണോ ഏററവും ലാഭകരം അതാണു് മനുഷ്യാവശ്യത്തെ തൃപ്തിപ്പെടുത്തുന്നതു്.

തൻെറ വിഖ്യാതഗ്രന്ഥത്തിൽ (The Affluent Society 1958) കൂടി ഈ പുതിയ മതത്തെ വിശകലനംചെയ്യുകയാണ് പ്രൊഫസ്സർ ഗാൽബ്രെയ്ത്ത്. ഈ സാമ്പത്തിക മതം വിജയിക്കണമെങ്കിൽ അമേരിക്കൻ രാഷ്ട്രം ഒരു പുതിയ സിദ്ധാന്തം സ്വീകരിക്കണം — വ്യക്തിയുടെ ലാഭത്തിനു വേണ്ടി ഉല്പാദിപ്പിക്കുന്നതെന്തും വാങ്ങുവാൻ ജനങ്ങൾ തയ്യാറാകണം. അതിനുള്ള ഉപാധിയാണ് പരസ്യം.

പരസ്യത്തിനുവേണ്ടി മാത്രം അമേരിക്ക വർഷന്തോറും ഒരു ബില്യൻ ഡോളറിലധികം ചെലവാക്കുന്നു. ഈ സംഖ്യതന്നെ മൊത്തം ദേശീയോല്പന്ന (Gross National Product) ത്തിൻെറ നല്ലൊരു ഭാഗം വരും. സ്വതന്ത്രരായ ഉപഭോക്താക്കളിൽ ഏററവുമധികം പ്രേരണ ചെലുത്തുന്ന ഒരു വൻശക്തിയാണ് പരസ്യം. ഉല്പാദനത്തിനു പ്രചോദനം നൽകുന്നതു് പരസ്യം മാത്രമാണ്. ചുരുക്കിപ്പറഞ്ഞാൽ. ഉല്പാദനത്തേയും തദ്വാരാ മുതലാളിത്തത്തേയും മുന്നോട്ടു നീക്കുന്നതു് പരസ്യമൊന്നു മാത്രമാണ്.

## കൃത്രിമമായ ആവശ്യം

ഇത്രയുമായാൽ നിലവിലുള്ള ധനശാസ്ത്രസിദ്ധാന്തങ്ങളും അവയുടെ പ്രയോഗവും തല കുത്തി നിൽക്കുകയായി. ചോദനമുണ്ടാക്കുക— ഇതാണ് പരസ്യത്തിൻെറ കൃത്യം. ചോദനം കൃത്രിമമായി ഉണ്ടാക്കുകയാണു് പരസ്യം ചെയ്യുന്നതു്. അങ്ങനെ വരുമ്പോൾ നടൻെറ കൃത്രിമമീശപോലെയാകും ചോദനം; സമ്പദ്‌വ്യവസ്ഥതന്നെ കൃത്രിമമാകും. പുതിയ കാർ, പുതിയ ടെലിവിഷൻ സെററ്, പുതിയ തുണിയലക്കു യന്ത്രം— വാങ്ങുക! വാങ്ങുക! വാങ്ങുക! എവിടെയും പരസ്യം; എല്ലാ മാർഗ്ഗമുപയോഗിച്ചും പരസ്യം. പരസ്യമല്ലാതെ മറെറാന്നല്ല വ്യക്തികളുടെ ആവശ്യങ്ങളേവയെന്നു് നിശ്ചയിക്കുന്നതു്.

അപ്പോഠം മനുഷ്യാവശ്യങ്ങഠം എവിടെ നിന്നുണ്ടാകുന്നു? പരസ്യങ്ങളിൽനിന്നു്. സാമ്പത്തികസമൃദ്ധി അനുഭവിക്കുന്ന സമൂഹമാണു് അമേരിക്ക. അവിടെ മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളെല്ലാം സാധിച്ചുകിട്ടിയിട്ടുണ്ടു്. പരസ്യമില്ലെങ്കിൽ മനുഷ്യാവശ്യങ്ങളില്ല, ഉല്പാദനവുമില്ല. ലാഭത്തിനുവേണ്ടി ഉല്പാദിപ്പിക്കുക — ഈ പാവകളിയിലെ പാവകളാണു് ഉപഭോക്താക്കളും അവരുടെ ആവശ്യങ്ങളും അവർ കമ്പോളത്തിൽ വെക്കുന്ന ചോദനവും. അപ്പോഠം "ഉപഭോക്താവാണു് രാജാവു്" "ഉപഭോക്താവിനാണു് പരമാധികാരം'' എന്നിവയെല്ലാം അത്ഥശൂന്യം. മനുഷ്യാവശ്യങ്ങഠം സാധിക്കുവാനാണു് ഉല്പാദനമെന്നും, ഉപഭോക്താവിൻെറ ആവശ്യങ്ങളാണു് ഏതേതുല്പാദിപ്പിക്കണമെന്നു തീരുമാനിക്കുന്നതെന്നും, ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തുന്നതിനാണു് ഉല്പാദകർ മത്സരിക്കുന്നതെന്നും ധനശാസ്ത്രജ്ഞന്മാർ വാദിച്ചിരുന്നതിൽ കഴമ്പില്ല. അതുകൊണ്ടാണു ധനശാസ്ത്രസിദ്ധാന്തങ്ങഠം, അമേരിക്കയെ സംബന്ധിച്ചിടത്തോളം, തലകുത്തി നിൽക്കുകയാണെന്നു പറഞ്ഞതു്.

ആദ്യം മനുഷ്യാവശ്യങ്ങഠം പരസ്യംവഴി സൃഷ്ടിക്കുക കൃത്രിമമായി സൃഷ്ടിച്ച ഈ മനുഷ്യാവശ്യങ്ങഠം സാധിപ്പിക്കുവാൻ ഉല്പാദനം നടത്തുക— രസകരമായ ഏപ്പാടു്! ഈ രംഗസംവിധാനത്തെ ചോദ്യം ചെയ്യുന്നതു മതവിരുദ്ധമാണു്: "എത്ര നാളിതു പൂണ്ണപ്രായരായ വ്യക്തികളെ സംബന്ധിച്ചിടത്തോളം തൃപ്തികരമായ ദേശീയോദ്ദേശ്യമാകും?'' എന്നത്രേ ഗാൽബ്രെയ്ത്തു് ചോദിക്കുന്നതു്.

## സമൂഹത്തിൻെറ ആവശ്യങ്ങഠം

അദ്ദേഹം ചോദിക്കുന്നതിലത്ഥമുണ്ടു്. ഈ പുതിയ സാമ്പത്തികമതത്തിനു് ഗണ്യമായ കുറവുകളുണ്ടു്. ലാഭത്തിനുവേണ്ടി മാത്രമുള്ള ഉല്പാദനം സമൂഹത്തിൻെറ എല്ലാ ആവശ്യങ്ങളും സാധിപ്പിച്ചുതരുന്നില്ല. അതായതു്, വ്യക്തിയുടെ

ആവശ്യങ്ങറം സാധിപ്പിക്കുന്നു; സമൂഹത്തിൻെറ ആവശ്യങ്ങറം സാധിപ്പിക്കുന്നുമില്ല. നഗരത്തിൽ അടിഞ്ഞുകൂടുന്ന അഴുക്കുകറം ഉത്തുമാററുക, തെരുവുകളിൽ വൈദ്യുതീകരണം സാദ്ധ്യമാക്കുക ഭവനങ്ങറം നിർമ്മിക്കുക, പാർക്കുകറം തയ്യാറാക്കുക തുടങ്ങിയ സാമൂഹ്യാവശ്യങ്ങറം സാധിച്ചുകിട്ടുന്നില്ല. അതുപോലെതന്നെ സമൂഹത്തിൻെറ പ്രാഥമികാവശ്യങ്ങളായ രാജ്യരക്ഷ, വിദ്യാഭ്യാസം, നിയമപാലനം എന്നിവയും.

സാമൂഹ്യാവശ്യങ്ങറം നിർവ്വഹിക്കുന്നതിന് വ്യക്തികളെ ചുമതലപ്പെടുത്തുവാൻ നിവൃത്തിയില്ല. ലാഭത്തിനല്ലാതെ അവരൊന്നും ചെയ്യില്ല. മാത്രമല്ല, പുതിയ മതത്തിൽ വിശ്വസിക്കുന്ന വ്യക്തി മേല്പറഞ്ഞ പ്രവർത്തനങ്ങറം ഉല്പാദനമായി കണക്കാക്കുന്നില്ല. തന്നിമിത്തം പൊതുവായ സാമൂഹ്യാവശ്യങ്ങറം സാധിപ്പിച്ചാൽ സമൂഹം അത്യന്തം ദരിദ്രമായിത്തീരുമെന്ന് വ്യക്തികറം വിശ്വസിക്കുന്നു. അമേരിക്കയിൽ തൃപ്തികരമായ ഒരു വിദ്യാഭ്യാസ സമ്പ്രദായംപോലുമില്ലെന്ന് ഗാൽബ്രെയ്ത്ത് കരുതുന്നു.

രാജ്യരക്ഷയ്ക്കു പണം ചെലവാക്കി ചെലവാക്കി മുതലാളിത്തരാഷ്ട്രം മുടിയുമെന്നാണ് മാർക്സിസ്റ്റ് പ്രവചനം. പരമാർത്ഥം, അമേരിക്കയെ സംബന്ധിച്ചിടത്തോളം, നേരെ മറിച്ചാണ്. രാജ്യരക്ഷയ്ക്കുവേണ്ടി ഗവർമ്മേണ്ടു പണം ചെലവിടുന്നത് ഏററവും വെറുപ്പോടുകൂടി പൗരന്മാർ വീക്ഷിക്കുന്നു. അണ്വായുധ ഗവേഷണത്തിൽ റഷ്യ മുന്നേറിയിട്ടുപോലും, റഷ്യൻ സ്പുട്ട്നിക്കുകറം ബഹിരാകാശത്തിലേക്ക് വിജയകരമായി വിക്ഷേപണംചെയ്തിട്ടുപോലും, “ശക്തിയിൽ നിന്നുകൊണ്ടു വിലപേശുക” എന്ന തത്വം അമേരിക്ക അംഗീകരിച്ചിട്ടുപോലും, പ്രസിഡണ്ട് ഐസൻഹോവറുടെ 40 ബില്യൻ ഡോളർ (ദേശീയോല്പന്നത്തിൻെറ 10ശതമാനം) രാജ്യരക്ഷാബജററ് 38 ബില്യൻ ആയി കോൺഗ്രസ്സ് വെട്ടിക്കുറച്ചത് അടുത്തു നടന്ന സംഭവം മാത്രമാണ്.

ഈ പുത്തൻ പ്രവണതകൾ മുതലാളിത്തത്തിൻെറ പശ്ചാത്തലത്തെ ഗണ്യമായി മാററിമറിക്കുന്നു. എങ്കിലും ഒരാശ്വാസമുണ്ട്— മുതലാളിത്തത്തിൻെറ തലപ്പത്തു നിൽക്കുന്ന അമേരിക്ക പോലും, ഗാൽബ്രെയ്ത്തിൻെറ ഗ്രന്ഥം തെളിയിക്കുന്ന പോലെ ആത്മാത്ഥമായ ആത്മപരിശോധനയ്ക്കു തയ്യാറാണ്. ആത്മപരിശോധനയിൽനിന്നുതന്നെയാണ് ഇന്നുവരേയും മുതലാളിത്തം ശക്തിനേടിയിട്ടുള്ളതു്.

## എങ്ങോട്ട് ?

ഇനി എങ്ങോട്ട്?

ജോസഫ് ഷുംപീററിൻേറതാണ് ആ ശബ്ദം. നാടകത്തിനുതകിയ ഗദ്യമാണദ്ദേഹത്തിൻെറ ഭാഷ. അദ്ദേഹത്തിൻെറ പ്രസംഗങ്ങളിൽ ആംഗ്യങ്ങൾക്ക് അതിപ്രധാനമായ സ്ഥാനമുണ്ട്. ഈ ആസ്ട്രിയൻ പ്രൊഫസർ ബഹു രസികനാണ്. ഹാർവാർഡ് സവ്വകലാശാലയിലെ അദ്ദേഹത്തിൻെറ വിദ്യാത്ഥികൾ പറയുന്നു, അദ്ദേഹം പ്രതിപാദ്യവിഷയത്തിൻെറ നടുക്കുവെച്ചാണ് പ്രസംഗം തുടങ്ങുകയെന്നു്. ഏതു വിഷയമാണ് ഷുംപീററർ കൈകാര്യംചെയ്യുക എന്നു പ്രവചിക്കുവാൻ സാദ്ധ്യമല്ലത്രേ

സാമ്പത്തികവളർച്ചയിലേക്കു വെളിച്ചംവീശുന്ന അദ്ദേത്തിൻെറ ഗ്രന്ഥങ്ങൾ (Theory of Economic Development, Business Cycles) പുറത്തിറങ്ങിയപ്പോൾ സാമ്പത്തികലോകം ഞെട്ടിപ്പോയി. ഇരുപത്തേഴുകാരൻ ഷുംപീററുടെ ചരിത്രപരമായ കാഴ്ചപ്പാട് കോളിളക്കം സൃഷ്ടിച്ചു. മുപ്പതു വയസ്സിൽ ഷുംപീററർ സാമ്പത്തികത്തകച്ചകൾ മുതലാളിത്തത്തിൻെറ ആരോഗ്യത്തിനു് അനുപേക്ഷണീയമായ സ്നാനമാണെന്നു സമത്ഥിച്ചപ്പോൾ ധനശാസ്ത്രജ്ഞന്മാർ അത്ഭുതപ്പെട്ടു. ഇടയ്ക്കിടയ്ക്കു മുതലാളിത്തത്തെ കഴുകി വൃത്തിയാക്കണമല്ലോ. ആ കൃത്യം നിവ്വഹിക്കുകയത്രേ സാമ്പത്തികത്തകർച്ചകൾ.

ഷുംപീററുടെ പ്രസിദ്ധി അടിക്കടി വർദ്ധിച്ചു. മരിക്കുന്നതിനു കുറച്ചു കാലം മുമ്പാണദ്ദേഹം, മുതലാളിത്തത്തിൻെറ ഭാവിയിലേയ്ക്കു വിരൽ ചൂണ്ടിക്കൊണ്ടു് ഒരു ഗ്രന്ഥം (Capitalism, Socialism, Democracy 1942) പ്രസിദ്ധീകരിച്ചതു്. അദ്ദേഹത്തിൻെറ മരണാനന്തരം മാത്രമാണു് ധനശാസ്ത്രതത്വങ്ങൾക്കെല്ലാം വിലയിരുത്തിക്കൊണ്ടുള്ള മറെറാരു ബൃഹത്തായ ഗ്രന്ഥം (History of Economic Analysis 1954) വെളിച്ചം കണ്ടതു്.

## മുതലാളിത്തത്തിനു ഭാവിയുണ്ടോ?

ഷുംപീററും കെയ്ൻസും ഒരേ വർഷത്തിലാണു് ജനിച്ചതു്—മാർക്സ് മരിച്ച കൊല്ലം. വിയന്ന സർവ്വകലാശാലയിൽ നിന്നു് 23-ാം വയസ്സിൽ നിയമശാസ്ത്രത്തിൽ ഡോക്ടറേററ് എടുത്ത ഷുംപീററർ പിന്നത്തെ രണ്ടുകൊല്ലം കെയ്റോ നഗരത്തിൽ വക്കീലായി ജോലിനോക്കി. പിന്നീടദ്ദേഹം സെർനോവിററ്സ്, ഗ്രാസ്സ് എന്നീ സർവ്വകലാശാലകളിൽ പഠിപ്പിച്ചു. ഒന്നാം ലോകമഹായുദ്ധാവസാനത്തിൽ അദ്ദേഹം കൊളംബിയ സർവ്വകലാശാലയിൽ പ്രൊഫസറായിരുന്നു. കുറെക്കാലമദ്ദേഹം ആസ്ത്രീയൻ ധനകാര്യമന്ത്രിയായിരുന്നിട്ടുണ്ടു്. പിന്നീടു് ബീഡൽമാൻ ബാങ്കിൻെറ പ്രസിഡണ്ടും. വീണ്ടും ബോൺ സർവ്വകലാശാലയിൽ നിയമിതനായ ഈ ധനശാസ്ത്രജ്ഞൻ 1932-ൽ ഹാർവാർഡ് സർവ്വകലാശാലയിലെ ധനശാസ്ത്രവിഭാഗമേധാവിയായി ആയിരത്തിത്തൊള്ളായിരത്തിയമ്പതിൽ 67-ാം വയസ്സിൽ മരിച്ചു.

ധനശാസ്ത്രത്തെസ്സംബന്ധിച്ചിടത്തോളം അദ്ദേഹം യാഥാസ്ഥിതികനായിരുന്നു. അതേ സമയംതന്നെ മാർക്സിയൻ സിദ്ധാന്തങ്ങളിൽ കഴമ്പുണ്ടെന്നദ്ദേഹം വിശ്വസിച്ചു. മുതലാളിത്തത്തിൻെറ അനാരോഗ്യം കണ്ടറിയുവാനും അതിൻെറ പിന്നിലെ കാരണങ്ങൾ മനസ്സിലാക്കുവാനും അദ്ദേഹത്തിനു

കഴിഞ്ഞു. മുതലാളിത്തത്തിൻെറ വിമർശകരേയും ഷുംപീററർ വെറുതെ വിട്ടില്ല.

## നാശം — എന്തുകൊണ്ടു്?

സാർവ്വത്രിക സ്വയംപര്യാപ്തത എന്ന കെയ്ൻസിയൻ ലക്ഷ്യത്തെ സാക്ഷാല്ക്കരിക്കുന്ന ഒരുതരം മുതലാളിത്തത്തെപ്പററി അദ്ദേഹമെഴുതി. മുതലാളിത്തത്തിൻെറ പതനം സാമ്പത്തികമായ കാരണങ്ങൾമൂലമാകുകയില്ലെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. മുതലാളിത്തം നിലനില്ക്കുമോ? "ഇല്ല. എനിക്കു തോന്നുന്നില്ല" എന്നായിരുന്നു ഷുംപീററരുടെ മറുപടി.

എന്തുകൊണ്ടു്? ധൈര്യത്തോടെ പ്രതിബന്ധങ്ങളുമായി മല്ലിട്ടു്, നഷ്ടം സഹിച്ചുപോലും പുതിയ ആശയങ്ങൾ പ്രയോഗിക്കുവാനും പുതിയ പരീക്ഷണങ്ങൾ നടത്തുവാനും തയ്യാറുള്ള പ്രതിഭാശാലികളായ സംഘാടകർ കുറഞ്ഞു കുറഞ്ഞു വരുന്നു. ആ ധീരന്മാരുടെ വർഗ്ഗത്തെ അവർ വളർത്തിയ നാഗരികത നശിപ്പിച്ചിരിക്കുന്നു. ഇന്നു് വ്യവസായമണ്ഡലത്തിൽ വർത്തിക്കുന്നവരുടെ ദൃഷ്ടിയിൽ ധീരന്മാരായ സംഘാടകർ വിഡ്ഢികളായിത്തീർന്നിരിക്കുന്നു.

ജയ്ംസ് ബേൺഹാം പറയുമ്പോലെ, ധീരന്മാരായ സംഘാടകരുടെ അനന്തരാവകാശികൾ വെറും ബിസിനസ് മാനേജർമാരാണു്. ശരിയായ ഉടമകളെ തൃണവൽക്കരിച്ചു് ഇവർ വ്യവസായങ്ങൾ നടത്തിപ്പോരുന്നു. ഭീരുത്വമത്രേ കൂടുതലായും ഇവരുടെ സ്വഭാവവിശേഷം. തികച്ചും യാഥാസ്ഥിതികരാണു് ഇവർ. സുരക്ഷിതത്വത്തിൻെറ പേരിൽ ഇവർ സാഹസങ്ങൾക്കു തയ്യാറില്ല. തന്നിമിത്തം മുതലാളിത്തം പഴഞ്ചനായിത്തീരുന്നു. കാലക്രമത്തിൽ അതു മങ്ങിമാഞ്ഞു മറയും. ഒരു 'വിടവാങ്ങൽ വിരുന്നിനു'കൂടി സമയം നൽകാതെ മുതലാളിത്തം അപ്രത്യക്ഷമായിത്തീരും.

## കാരണം സാമ്പത്തികമല്ല

മുതലാളിത്തത്തിൻെറ പതനത്തിനുള്ള കാരണം തീർച്ചയായും സാമ്പത്തികമല്ല എന്നത്രേ ഷുംപീററർ പറയുന്നതു്. എന്തായാലും ഒരു കാര്യം തീർച്ച—സാമ്പത്തികപ്രക്രിയ മാത്രമല്ല ചരിത്രം സൃഷ്ടിക്കുന്നതു്. സാമ്പത്തികപ്രക്രിയ മാത്രമല്ലെന്നു് മാർക്സ്തന്നെ വ്യക്തമാക്കിയിട്ടുണ്ടു്. ഇതാണു് ഷുംപീറററിൻെറ ഏററവും മഹത്തായ സംഭാവന. ഇക്കാരണത്താലാണു് മാർക്സിയൻ തത്വസംഹിതയോടു് ഷുംപീറററിനു പ്രതിപത്തി.

ചരിത്രം സൃഷ്ടിക്കുന്നതു് സാമ്പത്തികപ്രക്രിയ മാത്രമല്ല. പിന്നെ മറെറന്തെല്ലാമുണ്ടു്? മുതലാളിത്തത്തിൻെറ വരവിനു മുമ്പു് 'ആദ്യം അധികാരം പിന്നെ ധനം' എന്നായിരുന്നു നില. കുറച്ചുപേരുടെ ധീരകൃത്യങ്ങളായിരുന്നു ചരിത്രം സൃഷ്ടിച്ചതു്. പിന്നീടു് സാമ്പത്തികവിപ്ലവം വന്നു—'ആദ്യം ധനം പിന്നെ അധികാരം' എന്നായി പുതിയ നില. സാമ്പത്തികമത്സരത്തിൽ വിജയിച്ചവർ ധനികരായി; അവക്കധികാരം ലഭിച്ചു. സാമ്പത്തികമത്സരം കമ്പോളത്തിൽ കേന്ദ്രീഭവിക്കുകയാൽ സാമൂഹ്യപുരോഗതി സാദ്ധ്യമായി.

## സമൂഹത്തിൻെറ ആവശ്യങ്ങൾ

ധനശാസ്ത്രജ്ഞന്മാർ പല കാഴ്ചപ്പാടുകളിൽനിന്നും ഈ മത്സരത്തിൻെറ ഭാവി നോക്കിക്കണ്ടു. ആഡം സ്മിത്ത് പറഞ്ഞു, മൂലധനം സംഭരിക്കലാണു് ഈ മത്സരത്തിൻെറ പ്രത്യേകതയെന്നു്. റിക്കാർഡോയും മാൽത്തസ്സും പറഞ്ഞു, അതു് ജനവദ്ധനവാണെന്നു്. മാർക്സ് പറഞ്ഞു, അതു് മുതലാളി—തൊഴിലാളി സമരമാണെന്നു്. വെബ്ലൻ പറഞ്ഞു, അതു് സങ്കേതവിദഗ്ദ്ധന്മാരുടെ വർഗ്ഗവും വ്യവസായികളുടെ വർഗ്ഗവും തമ്മിലുള്ള സമരമാണെന്നു്. മിൽ പറഞ്ഞു, സമൂഹത്തിനു

ധനവിതരണം മെച്ചപ്പെടുത്തുവാൻ കഴിവുണ്ടെന്നും തന്മൂലം മത്സരത്തിനതിൽ സ്ഥാനമില്ലെന്നും. ഹോബ്സൺ പറഞ്ഞു, അമിതമായ മൂലധനശേഖരം സാമ്രാജ്യത്വത്തിലേക്ക് മുതലാളിത്തത്തെ നയിക്കുമെന്ന്.

കുറെ കാലത്തേക്ക് ഈ സാമ്പത്തികസൂചനകൾ ശരിയെന്നു തോന്നി. വളർന്നുവന്ന സമൂഹത്തിനു പലതും അനുഭവപ്പെട്ടു—ജനവദ്ധന, വർഗ്ഗസമരം, സാമ്രാജ്യത്വം തുടങ്ങിയവ. എന്നാൽ മുതലാളിത്തത്തിന്റെ ഭാവി നിശ്ചയിക്കുന്നതു് സമൂഹത്തിനു ഭാവിയിലുണ്ടാകുന്ന ആവശ്യങ്ങളാണ്. അതിൽ പാരമ്പര്യത്തിനും മനഃപൂർവ്വമായ മാർഗ്ഗനിർദ്ദേശത്തിനും അത്ര പ്രസക്തിയില്ല. കായലിലേയ്ക്കിറക്കിയ വഞ്ചി എവിടെയാണടുക്കേണ്ടതു്? ആവശ്യംപോലെ എവിടെയുമടുക്കാം. അതുകൊണ്ടാണ് മിൽ തറച്ചുപറഞ്ഞതു്, ധനവിതരണം സമൂഹത്തിന്റെ കൃത്യമാണെന്നു്, അതിൽ സാമ്പത്തികനിയമങ്ങൾക്ക് പങ്കില്ലെന്നു്. ഗവമ്മേണ്ടിന്റെ സാമ്പത്തികാസൂത്രണം, ഗവമ്മേണ്ടുവ്യവസായങ്ങളിലിറക്കുന്ന മൂലധനം, കുത്തകവ്യവസായങ്ങളെ നിയന്ത്രിക്കൽ—ഇവ സാമ്പത്തികനയങ്ങൾ എന്നതിലേറെ സാമൂഹ്യവും സദാചാരപരവുമായ നയങ്ങളത്രേ. ഇനിമേൽ സാമ്പത്തികശക്തികളാണ് മുതലാളിത്തത്തിന്റെ ഭാവി നിശ്ചയിക്കുക എന്നു് തികച്ചും പറയാൻ സാധ്യമല്ല.

## രണ്ടു ഘടങ്ങൾ

മുതലാളിത്തവ്യവസ്ഥിതിയുടെ ഭാഗധേയം നിശ്ചയിക്കുന്നതിൽ രണ്ടു ഘടകങ്ങൾക്കു ഗണ്യമായ പങ്കുണ്ടെന്നു തോന്നുന്നു.

ഒന്നു്: പുറമേയുള്ള പ്രശ്നം.

ഇരുപതാം നൂററാണ്ടിന്റെ പകുതിയിലെത്തിയപ്പോൾ സാമ്രാജ്യങ്ങൾ മാതൃരാഷ്ട്രങ്ങൾക്ക് നഷ്ടം വരുത്തുകയായി;

സാമ്രാജ്യങ്ങൾ തകർന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആഫ്രോ-ഏഷ്യൻ വിപ്ലവങ്ങൾ ഒട്ടനവധി സ്വതന്ത്രരാഷ്ട്രങ്ങൾക്കു രൂപം നൽകി. സാമ്പത്തികമായി ഇവയെല്ലാം പിൻനിലരാഷ്ട്രങ്ങളാണു്. ദാരിദ്ര്യത്തിൽനിന്നു രക്ഷപ്പെടുവാനുള്ള മാർഗ്ഗം ഈ രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം വ്യവസായവല്ക്കരണമത്രെ. അതിനു് അവിടത്തെ ഗവമ്മേണ്ടുകൾ പദ്ധതികൾ ആസൂത്രണം ചെയ്തു് പ്രവൎത്തിപ്പിക്കുകയാണു്. അതായത്തു്, ഈ പുതിയ രാഷ്ട്രങ്ങളിൽ വ്യവസായിവർഗ്ഗമല്ല ഗവമ്മേണ്ടുകളാണു് സാമ്പത്തിക പുരോഗതി കൈവരുത്തുവാൻ മുൻകൈയെടുക്കുന്നതു്. മാത്രമല്ല, ഗവമ്മേണ്ടിനു് വ്യവസായവല്ക്കരണം നേടിക്കൊടുക്കുന്ന പുതിയ ധനം സാമൂഹ്യക്ഷേമപ്രവൎത്തനങ്ങൾക്കുപയുക്തമാകുന്നു.

ഈ പുതിയ ആഫ്രോ-ഏഷ്യൻ രാഷ്ട്രങ്ങളിലെ സമ്പദ് വ്യവസ്ഥ ഏതു വഴിക്കാണു് നീങ്ങുന്നതു്? മുതലാളിത്തത്തിലേക്കാകാം— തീർച്ച പറയുവാൻ വയ്യ.

അമേരിക്കൻ മുതലാളിത്തം സമ്പൽസമൃദ്ധിയുടെ ഒരു ദ്വീപാണു്. ചുററുമുള്ള മുതലാളിത്തരാഷ്ട്രങ്ങളെ പട്ടിണിയും ദാരിദ്ര്യവും ഞെരുക്കുന്നു. ആപൽഘട്ടത്തിൽ അമേരിക്കൻസഹായം ഈ രാഷ്ട്രങ്ങൾക്കു ലഭിക്കുമായിരിക്കാം. എന്നാൽ അമേരിക്കൻ മുതലാളിത്തത്തിൻെറ പതനം എവിടെയും മുതലാളിത്തത്തെ നശിപ്പിക്കും,

രണ്ടു്: അകത്തുള്ള പ്രശ്നം.

മാതൃകാപരമായ മുതലാളിത്തജനാധിപത്യമായി അമേരിക്ക നിലകൊള്ളുന്നു. ഏതു തരത്തിലുള്ള ജനാധിപത്യഭരണമാണു് അമേരിക്ക ആവശ്യപ്പെടുന്നതു്, അതു തെരഞ്ഞെടുക്കുവാൻ അമേരിക്കയ്ക്കു് സ്വാതന്ത്ര്യമുണ്ടു്. അങ്ങനെ നോക്കുമ്പോൾ സാമൂഹ്യ- സാമ്പത്തിക പ്രശ്നങ്ങളെല്ലാം പരോക്ഷമായി രാഷ്ട്രീയപ്രശ്നങ്ങളായി മാറുന്നു സാമ്പത്തികനീതി പുലത്തു

വാൻ, സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുവാൻ, അമേരിക്ക തയ്യാറുണ്ടോ? വലിയ കുത്തകവ്യവസായസ്ഥാപനങ്ങൾ, സാമ്പത്തികമത്സരപൂരിതമായ ചെറിയ വ്യവസായസ്ഥാപനങ്ങൾ—ഏതാണ് അമേരിക്കയ്ക്കു വേണ്ടത്? സാമ്പത്തികത്തകർച്ചകൾ വേണമോ? അമേരിക്ക നേരിടേണ്ട ചോദ്യങ്ങളാണിവ.

- ഏററവും ഇടതുഭാഗത്ത് കമ്മ്യൂണിസം, അല്പം വലത്തോട്ടു മാറി സോഷ്യലിസം, അല്പംകൂടി വലത്തോട്ടു മാറി "ക്ഷേമരാഷ്ട്ര"ങ്ങൾ, വലതുഭാഗത്ത് മുതലാളിത്തം. ലോകം നാലുഭാഗത്തുനിന്നും വരുന്ന സമ്മർദ്ദങ്ങൾക്കും സ്വാധീനങ്ങൾക്കും വിധേയമാണ്. ഈ പ്രേരണകളെല്ലാംതന്നെ കരുത്തേററവയുമാണ്. എല്ലാ പ്രേരണകളും സാമ്പത്തികമല്ലതാനും.

## പുനർവീക്ഷണം

മനുഷ്യസമൂഹത്തെ ഒന്നടങ്കം നോക്കിക്കാണുന്ന കാഴ്ചപ്പാടാണ് സമൂഹത്തിനാവശ്യം; ആധുനികപൌരനും ആവശ്യം. സാമ്പത്തികസ്വാതന്ത്ര്യത്തിൻെറ പേരിൽ രാഷ്ട്രീയവും സാമൂഹ്യവും വൈകാരികവും ആത്മീയവുമായ മൂല്യങ്ങൾ കളഞ്ഞുകുളിക്കുവാൻ ആധുനികപൌരൻ തയ്യാറില്ല. മുതലാളിത്തത്തെ വെറുതെ വിട്ടാൽ അതു സ്വയം ശരിപ്പെട്ടുകൊള്ളും എന്നു വിശ്വസിക്കുവാനും വഴി കാണുന്നില്ല. എന്താണ് പോംവഴി? മുതലാളിത്തത്തിൻെറ നന്മകളും സോഷ്യലിസത്തിൻെറ നന്മകളും കൂട്ടിച്ചേർത്ത് "ക്ഷേമരാഷ്ട്രം" കെട്ടിപ്പടുത്താലോ? ബ്രിട്ടനും ഇന്ത്യയും ഈ മാർഗ്ഗത്തിലേയ്ക്കു നീങ്ങുകയാണ്.

എന്താണ് "ക്ഷേമരാഷ്ട്രം" എന്ന ആദർശത്തിൻെറ പിന്നിൽ? ചരിത്രസത്യങ്ങളിന്മേലാണ് ഇതു കെട്ടിപ്പടുത്തിരിക്കുന്നത്. ലോകത്തിൻെറ അനുഭവങ്ങളാണ് ഈ സങ്കല്പത്തിനു പ്രചോദനം നൽകിയത്.

മുതലാളിത്തം ഒരു വളച്ച്യയാണ്. സാഹചര്യങ്ങളുടെ സമ്മർദ്ദമനുസരിച്ച് അതു വളന്നു. വ്യക്തിസ്വാതന്ത്ര്യം സാമൂഹ്യമായ വൈവിധ്യം—രണ്ടും അതിനു വളം നൽകി. ആത്മപരിശോധനയ്ക്കും പുതിയ പരീക്ഷണങ്ങൾക്കും അവസരം നൽകുന്നു എന്നതാണ് അതിൻെറ മറെറാരുപ്രത്യേകത. സ്വാതന്ത്ര്യമിഷ്ടപ്പെടുന്നതുകൊണ്ടും സ്വാതന്ത്ര്യമനുഭവിക്കുന്നതു കൊണ്ടും ഏറ്റവുവ്യക്തമായ രൂപത്തിൽ ധീരമായിത്തന്നെ ധനശാസ്ത്രജ്ഞന്മാക്ക് അവരുടെ നിഗമനങ്ങൾ അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നു നാം ഓക്കേണ്ടതുണ്ട്.

## ജീവൻെറ അപ്പം

ക്രിസ്തു പറഞ്ഞു: "ഞാൻ ജീവൻെറ അപ്പമാണ്". ഗാന്ധിജി പറഞ്ഞു: "വിശക്കുന്നവൻെറ മുമ്പിൽ ദൈവം അപ്പത്തിൻെറ രൂപത്തിൽ പ്രത്യക്ഷപ്പെടണം." മനുഷ്യജീവിതത്തിൻെറ അടിസ്ഥാനം സാമ്പത്തികമാണെന്നു സമ്മതിക്കാം ക്രിസ്തു ജീവൻെറ അപ്പമായതു് ജീവനിവിടെയുള്ളതു കൊണ്ടാണ്. വീര്യമുള്ള ജീവൻ വീര്യത്തോടെ നിലനില്ക്കണമെങ്കിൽ സാമ്പത്തികമായ കഴിവുവേണം; അതിനുപരിയായി ബുദ്ധിപരവും ആദ്ധ്യാത്മീകവുമായ വീര്യം ആ ജീവനിലേക്ക് ആവാഹിക്കണം. അപ്പോഴേ സ്വാതന്ത്ര്യം സ്വാതന്ത്ര്യമാകൂ. ജീവൻ സ്വാതന്ത്ര്യത്തിൻെറ ജീവനാണ്.

പ്രാമാണികന്മാരായ ധനശാസ്ത്രജ്ഞന്മാർ തങ്ങൾ ജീവിച്ച കാലഘട്ടത്തെ അപഗ്രഥിച്ചു, ഭാവിയിലേക്കു വിരൽ ചൂണ്ടി. ആഡംസ്മിത്ത്, റിക്കാർഡോ, മാൾത്തസ്സ് എന്നിവരല്ല, സ്വപ്നസ്വർഗ്ഗം കെട്ടിപ്പടുത്ത സോഷ്യലിസ്റ്റുകളായ ഓവൻ, സെയ്ൻറ് സൈമൺ, ഫൂറിയർ എന്നിവരാണ് മനുഷ്യസമൂഹത്തെ ആസകലം നോക്കിക്കണ്ടു് പ്രതിവിധികൾ നിർദ്ദേശിച്ചതു്. അവരുടെ ആശയങ്ങൾ പരീക്ഷണാഹമായ

എന്നതു തന്നെ ലോകത്തിൻെറ മേൽ അവരുടെ ആശയങ്ങൾക്കുണ്ടായ സ്വാധീനം വ്യക്തമാക്കുന്നു.

ഇതേ കാഴ്ചപ്പാടുതന്നെയാണ് കാൾ മാർക്സും ഫ്രെഡറിക് എംഗൽസും പുലർത്തിയത്. മനുഷ്യജീവിതത്തിൻെറ വിവിധമണ്ഡലങ്ങളിലേയ്ക്കവർ വെളിച്ചം ചൊരിഞ്ഞു. മാർക്സിൻെറ വിശകലനം മുതലാളിത്തത്തെ ആത്മപരിശോധനയ്ക്കു തയ്യാറാക്കി. ഇതേ കാഴ്ചപ്പാടുതന്നെയാണ് കെയ്ൻസും ഷുംപീററും സ്വീകരിച്ചത്—ജീവിതത്തെ അവർ ഒന്നായി കണ്ടു; ഓരോ മണ്ഡലത്തിലും പ്രവർത്തിക്കുന്ന ശക്തികൾക്കവർ വിലയിരുത്തി, സ്വന്തം നിഗമനങ്ങൾ അവർ ലോകത്തിനു കാഴ്ചവെച്ചു. ഷുംപീററർ വ്യക്തമാക്കി, മുതലാളിത്തത്തെ മുന്നോട്ടു തള്ളുന്നതിനുള്ള പ്രചോദനം നിലവിലില്ലെന്ന്, അത് അധഃപതിക്കുമെന്ന്, തേഞ്ഞുമാഞ്ഞില്ലാതാകുമെന്ന്.

## മൂന്നുതരം രാഷ്ട്രങ്ങൾ

സ്വതന്ത്രമായ ചിന്ത, കൂടെക്കൂടെയുള്ള ആത്മപരിശോധന, ജനഭരണം, പുതിയ സാഹചര്യങ്ങൾ സൃഷ്ടിക്കുവാനുള്ള വളർച്ച— ഇവയാണ് മുതലാളിത്തരാഷ്ട്രങ്ങൾക്ക് വീറും ഉന്മേഷവും ചൈതന്യവും നൽകിയത്.

ആധുനിക മുതലാളിത്തവ്യവസ്ഥയിൽ മൂന്നു തരം രാഷ്ട്രങ്ങൾ നിലവിലുണ്ട്: 1. ഏതു പ്രവൃത്തിമണ്ഡലത്തിലും 'ലിബറിസം' പുലർത്തുന്ന അമേരിക്ക; 2 പഴയ കൊളോണിയൽ രാഷ്ട്രങ്ങൾ; 3. പുതിയ സ്വതന്ത്രരാഷ്ട്രങ്ങൾ.

• അമേരിക്കൻ മുതലാളിത്തത്തിൻെറ നിലനില്പിന് നാലു പ്രധാന കാരണങ്ങളുണ്ട്— സാമ്രാജ്യത്വവിരുദ്ധപാരമ്പര്യം; ആദിമഅമേരിക്കൻ സമൂഹങ്ങൾ ഉണർത്തിവിട്ട സമത്വവും

സ്വാതന്ത്ര്യവാഞ്ഛരനയും; ചരിത്രപരവും വൈകാരികവുമായ വൈവിധ്യത്തിൽ ഏകത്വം കാണമാനുള്ള ആകാംക്ഷ, സാർവ്വത്രികമായ സാമ്പത്തികസമൃദ്ധിയും ശക്തിയാർജ്ജിച്ച മധ്യവർഗ്ഗവും. അയവുള്ള അമേരിക്കൻ മുതലാളിത്തം ജനകീയമാർഗ്ഗത്തിലൂന്നുന്നു; രാഷ്ട്രങ്ങളുടെ സഹകരണത്തിൽ വിശ്വസിക്കുന്നു.

പഴയ യൂറോപ്യൻ കൊളോനിയൽ രാഷ്ട്രങ്ങൾ സാമ്രാജ്യങ്ങൾ ഉപേക്ഷിച്ചു, അല്ലെങ്കിൽ ഉപേക്ഷിക്കുകയാണ്. മാർക്സ് വിഭാവനംചെയ്ത വർഗ്ഗസമരം അവക്കനുഭവപ്പെട്ടു. ഹോബ്സൺ പറഞ്ഞതപോലെ മുതലാളിത്തത്തിൻെറ വികാസം സാമ്രാജ്യങ്ങൾ സൃഷ്ടിച്ചു. സാമൂഹ്യക്ഷേമപദ്ധതികൾ വഴി അവിടങ്ങളിലെ മധ്യവർഗ്ഗം ശക്തിനേടി. സുശക്തമായ മധ്യവർഗ്ഗമാണല്ലോ ജനകീയഭരണത്തിൻെറ നട്ടെല്ല്! പക്ഷേ സമൃദ്ധിയിലെത്താത്ത ഈ രാഷ്ട്രങ്ങൾ അമേരിക്കൻ സാമ്പത്തികമതം സ്വീകരിച്ചാൽ ആത്മീയമരുഭൂമികളിലാകും ചെന്നെത്തുക. അതിനാൽ അവിടങ്ങളിലെ ഗവമ്മേണ്ടുകൾക്ക് സോഷ്യലിസ്റ്റാശയങ്ങൾ ഭാഗികമായി സ്വീകരിക്കേണ്ടിവന്നു; "ക്ഷേമരാഷ്ട്ര"സിദ്ധാന്തത്തിലേക്ക് അവ നീങ്ങുകയായി. ജീവിതനിലവാരമുയർത്തുക, സാമ്പത്തികമായ പൊക്കത്താഴ്ചകൾ കഴിവതും നികത്തുക, പൊതുക്ഷേമത്തെ സംരക്ഷിക്കുക, ധനവിതരണം സാമൂഹ്യനീതിക്ക നിരക്കുന്നതാക്കുക, വ്യക്തിസ്വാതന്ത്ര്യം നിലനിർത്തുക, വൈവിധ്യം സംരക്ഷിക്കുക—ക്ഷേമരാഷ്ട്രസിദ്ധാന്തം ഈ രാഷ്ട്രങ്ങൾ സ്വീകരിച്ചു.

വൃദ്ധനായ ലോയ്ഡ് ജോർജിനോട്ട് ഒരു പത്രലേഖകൻ ചോദിച്ചു, അദ്ദേഹം തൻെറ ജീവിതത്തിൽ ബ്രിട്ടനു ചെയ്ത ഏററവും മഹത്തായ സേവനം ഏതാണെന്നു്. എന്തായിരിക്കാം മറുപടി? ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടനു വിജയം നേടി

കൊടുത്തു? സമാധാന സമ്മേളനത്തിൽവെച്ചു് ബ്രിട്ടീഷ് താൽപര്യങ്ങളെ സംരക്ഷിച്ചു? ഒന്നുമല്ല. "തൊഴിലാളി–മുതലാളി സമരം ഞാൻ ലഘൂകരിച്ചു, മയപ്പെടുത്തി. സമത്വത്തിന്റെ അടിസ്ഥാനത്തിൽ ധനവിതരണം കാര്യക്ഷമമാക്കുവാൻ എനിക്കു കഴിഞ്ഞു'' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. സത്യത്തിൽ 1909–ലെ ബ്രിട്ടീഷ് ബജററ് ഒരു ജനകീയ ബജററായിരുന്നു. അതിനു രൂപം നൽകിയതു് പ്രധാനമന്ത്രി ലോയ്ഡ് ജോർജ്ജും.

മൂന്നാമത്തെ ഇനത്തിൽ പെടുന്ന പുതിയ സ്വതന്ത്രരാഷ്ട്രങ്ങൾ—ഇന്ത്യ ഇക്കൂട്ടത്തിൽ പെടും— ഗവമ്മേണ്ടിന്റെ നേതൃത്വത്തിൽ സാമ്പത്തികാസൂത്രണംവഴി ക്ഷേമരാഷ്ട്രം കെട്ടിപ്പൊക്കുകയായി. സോഷ്യലിസ്റ്റ് മാതൃകയാണ് ഇന്ത്യ സ്വീകരിച്ചിട്ടുള്ളതു്. മററു രാഷ്ട്രങ്ങളുടെ അനുഭവങ്ങൾ കണക്കിലെടുത്തു്, എത്ര ശതമാനം മുതലാളിത്തവും എത്ര ശതമാനം സോഷ്യലിസവും കൂട്ടിച്ചേത്ത്് ക്ഷേമരാഷ്ട്ര നിമ്മാണം സാധ്യമാക്കണം എന്നതാണ് ഈ രാഷ്ട്രങ്ങളുടെ പ്രശ്നം. വ്യക്തിക്കു സ്വാതന്ത്ര്യം, സമൂഹത്തിനു ഭദ്രത, സാവ്വത്രികമായ ക്ഷേമം, ജനകീയസിദ്ധാന്തങ്ങളിൽനിന്നു വ്യതിചലിക്കാതെയുള്ള വളച്ച്, വൈവിധ്യത്തിൽകൂടി ഏകത്വം— ഈ ലക്ഷ്യങ്ങളിലേക്കു നീങ്ങുകയാണ് ഭാരതത്തെപ്പോലുള്ള സ്വതന്ത്രരാഷ്ട്രങ്ങൾ. ഏററവും സരസമായ ഭാഷയിൽ പണ്ഡിററ് നെഹ്റു 'ക്ഷേമരാഷ്ട്ര'ത്തിനു നിവ്വചനം നൽകി: "...ഓരോ പൗരന്റേയും വയറു നിറയ്ക്കുക മാത്രമല്ല, ഓരോ കണ്ണിൽനിന്നും ഓരോ തുള്ളി കണ്ണുനീരും ഒപ്പിയെടുക്കുകയാണ് അതു്."

## പരിമിതികൾ

പക്ഷേ, ക്ഷേമരാഷ്ട്രത്തിനും അതിന്റേതായ പരിമിതികളുണ്ട്. രണ്ടര നൂററാണ്ടുകൾക്കു മുമ്പ് സാമ്രാജ്യത്വമുപേക്ഷിച്ചു ക്ഷേമരാഷ്ട്രത്തിലേയ്ക്കു നീങ്ങിയ സ്വീഡന്റെ

കഥയെടുക്കുക. അനുഭവസമ്പന്നയായ ഈ ചെറിയ രാഷ്ട്രം പടിപടിയായി വേഗത്തിൽ ക്ഷേമരാഷ്ട്രമായിത്തീൎന്നു.

പക്ഷെ, ഈ രാഷ്ട്രത്തിൻെറ പ്രധാന ന്യൂനതകൾ ചിന്തകന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. സാമൂഹ്യഭദ്രത ഏററവുമധികമാകയാലാകാം, സാഹസത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും പ്രകാശനമാൎഗ്ഗങ്ങൾ കുറവായതിനാലാകാം, സമ്പൽസമൃദ്ധി പൂൎണ്ണമായതിനാൽ വികാസമാൎഗ്ഗം കാണായ്കയാലാകാം, സ്വീഡനിലാണ് ലോകത്തിൽ ഏററവും കൂടിയ ആത്മഹത്യാനിരക്ക്. മദ്യപാനമാണ് അവിടത്തെ ഏററവും കടുത്ത സാമൂഹ്യപ്രശ്നം. സ്വയംസംതൃപ്തരായതിനാൽ ജീവിതത്തിലെ വിവിധമണ്ഡലങ്ങളിൽ പുതിയ വഴികൾ വെട്ടുവാൻ അവൎക്കു കഴിയുന്നില്ല. ഒരുപക്ഷേ, അവർ കുറേക്കൂടി ദരിദ്രരാണെങ്കിൽ, സാമൂഹ്യഭദ്രതയനുഭവിക്കാത്തവരെങ്കിൽ, മദ്യപാനം നിയന്ത്രിക്കുന്നവരെങ്കിൽ, സ്വീഡിഷ് രാഷ്ട്രത്തിൻെറ പുരോഗതി മേന്മയുള്ളതായിത്തീരുന്നേ. സ്വീഡൻ ക്ഷേമരാഷ്ട്രത്തിൻെറ മെച്ചങ്ങളും കോട്ടങ്ങളും പ്രസ്പഷ്ടമാക്കുന്നു. എന്നാലും 'ക്ഷേമരാഷ്ട്ര' സിദ്ധാന്തം പുതിയ അമേരിക്കൻ സാമ്പത്തികമതത്തേക്കാളും മെച്ചപ്പെട്ടതുതന്നെ.

## പരിവൎത്തനദശ

ചുരുക്കിപ്പറഞ്ഞാൽ, മുതലാളിത്തം ഒരു പരിവൎത്തനദശയിൽക്കൂടി കടന്നുപോകയാണ്. പരിവൎത്തനത്തിനു ശേഷം അതു മുതലാളിത്തമായിരിക്കുമോ എന്ന് കണ്ടുതന്നെ അറിയണം. അനാസ്ഥ, ഭീരുത്വം, സ്വയംസംതൃപ്തി, സാഹസികമനോഭാവമില്ലായ്മ, വൈവിധ്യത്തിനു വേണ്ടത്ര പ്രാധാന്യം നല്കായ്ക, പുതിയ സാഹചര്യങ്ങളുമായി ഇണ

ങ്ങിച്ചേരുവാനുള്ള വൈമനസ്യം, സാമൂഹ്യാദ്ധ്യാത്മികമൂല്യങ്ങളോടുള്ള അവഗണന തുടങ്ങിയ ദുഷ്പ്രവണതകൾ മുതലാളിത്തരാഷ്ട്രങ്ങളെ ഞെരുക്കുന്നു. ഷുംപീററർ പറയുംപോലെ മുതലാളിത്തത്തിന്റെ പതനം സാമ്പത്തിക കാരണങ്ങൾമൂലമായെന്നു വരില്ല. എന്തായാലും വിപ്ലവാത്മകമായ പരിവർത്തനത്തിൽക്കൂടി കടന്നുപോരികയാണ് മുതലാളിത്തം. അതേ സമയം കമ്യൂണിസ്റ്റ്ചേരിയിലും, പ്രത്യക്ഷമായും പരോക്ഷമായും പരിവർത്തനം നടക്കുന്നുണ്ട്. രണ്ടു ശക്തിച്ചേരികളുടേയും സഹകരണം സാധ്യമാക്കുന്ന അന്താരാഷ്ട്രീയമേഖലയും തുറന്നുകിടക്കുന്നു. വിപ്ലവാത്മകമായ ഈ പരിവർത്തനം ഉററുനോക്കുകയാണ് സാമ്പത്തികശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും.

# SELECT BIBLIOGRAPHY.


1. Joseph Schumpeter ... History of Economic Analysis
2. Paul A. Samuelson ... Economics - An Introductory Analysis
3. Gide & Rist ... A History of Economic Doctrines
4. McConnell ... Economists Past & Present
5. Eric Roll .. A History of Economic Thought
6. Crossman R. H. S. ... Plato Today
7. Cannan ... A Review of Economic Theory
8. Heilbroner ... Great Economic Thinkers
9. O'Brien. G. ... Essay on Medieval Economic Thinking
10. Heckscher ... Mercantilism
11. Higgs ... Physiocrats
12. Johnson E. A. G. ... Predecessors of Adam Smith
13. Bonar. J. .. Malthus and His Work
14. Rae. J. ... Life of Adam Smith
15. Stewart. D. ... Biographical Memoir of Adam Smith
16. Beales H. L. ... The Early English Socialists
17. Brogan D. W, ... Proudhon
18. Hamilton M. A. ... Mill
19. Dorfman J. ... Veblen and His America
20. Hobson J. A. ... Veblen
21. Pigou (Ed) ... Memorials of Marshall
22. Edward Heimann ... History of Economic Doctrines
23. August Kelly ... Lecture Notes on Types of Economic Theory
24. Wagner ... Social Reformers
25. Karl Polanyi ... The Great Transformation

26. R. H. Tawney ... Religion and the Rise of Capitalism
27. Max Weber ... The Protestant Ethic and the Spirit of Capitalism
28. Paul Mantoux ... The Industrial Revolution
29. Keynes ... Essays in Biography
30. Alexander Gray ... The Socialist Tradition
31. Podmore. F. ... Robert Owen
32. Mill ... Autobiography
33. Edmund Wilson .... To The Finland Station
34. Paul M. Sweezy .... The Theory of Capitalist Development
35. Viking .... The Portable Veblen
36. Roy Harrod .... Life of John Maynard Keynes
37. Seymour Harris .... The New Economics (Symposium)
38 Berle & Means .... The Modern Corporation & Private Property
39 Thurman Arnold .... Folklore of Capitalism
40. John K. Galbraith .... American Capitalism : The Concept of Countervailing Power
41. ,, ,, .... The Affluent Society
42. Schumpeter .... Capitalism, Socialism & Democracy
43. Hayek .... Road to Serfdom
44. John Maurice Clark .... Alternative to Serfdom
45. Taylor & Lang .... On the Economic Theory of Socialism
46. Dobb .... Studies in Development of Capitalism
47. Ludwig Von Mises .... Socialism
48. Joan Robinson .... Essay on Marxian Economics
49 Wootton. B. .... Freedom under Planning
50, Higgins ... Economic Development

# സൂചിക


അകചിനാസ്, തോമസ്സ് 38
അന്തസ്സിന്റെ അടിസ്ഥാനം 201–2
അനിശ്ചിതാവസ്ഥ 8
ആക്ക്റൈറ് 59, 60, 188
ആഡംസ്മിത്ത് 6, 9, 27, 35, 36–65, 165, 181, 188, 213, 240, 243
ആഡംമ്യൂളർ 116–9,
ആഡിങ്ങ്ടൺ 64
ആത്മീയ മൂലധനം 118–9
ആനിഹോക്സ് 174–5
ആൽകോട്ട് 109
ഇക്കാറിയ 100
ഉത്സവച്ചന്ത 13
എഡ്ജ്വത്ത് 163–5
എഡ്ജ്വത്ത്, മിസ്സ് 77–8
എല്ലൻ, വെബ്ളർ 205-6
ഏൻഗൽസ്, ഫ്റെഡെറിക്ക് 138–40, 140–60, 227
ഓവൻ, റോബർട്ട് 89-99
കമ്പോളസമ്പ്രദായം 11–12, 38, 55–65
കസേരയുദ്യോഗം 201
കഴുത്തിലെ കനം 63–4
കലഹിക്കുന്ന വർഗ്ഗം 5
കാല്വര 24, 27
കാലിക്കൊ 24, 27
കാർലൈൽ 69
കാരി, മാത്യൂ 122–3
കാരി, ഹെൻറി 123
കിങ്ങ്, ഗ്രിഗറി 66
കിപ്ലിങ്ങ് 181
കീൻ, റോബർട്ട് 15
കുറച്ചു ഭരിക്കുക 62–3
കെയ്ൻസ് 3, 212–239, 240, 245–6, 251, 264, 266, 271
കെററ്, റോബർട്ട് 26
കെയർനസ്സ് 162–3
കൊളംബസ്സ് 28, 29, 33
കോറംബർട്ട് 16, 34, 40, 41
കോളറിഡ്ജ് 82
കോബെററ്, വില്യം 95
കോംതെ, അഗസ്റ്റെ 106
കോർണൊ 166
കോമൺസ്, ജോൺ 209–210
കൈസർ 180
ക്ലാർക്ക് 167, 194, 257
ക്വെനെ 35, 42, 51
ക്ലെനഹോൺ 37
ക്ലെമൻസൊ 220
ക്യാപ്പിററൽ 152–5
ക്ഷേമരാഷ്ട്രം 258–75
ഗാൽബ്രെയ്ത്ത് 254, 259–63
ഗോഡ്വിൻ, വില്യം 67, 68, 69
ഗോസൻ 166
ഗ്രെൻവിൽ 64
ഗ്രേഷ്യസ്, ഹ്യൂഗൊ 41
ഗ്ലട്ട് 75–6
ചർച്ചിൽ 216
ജനസംഖ്യ 61, 67–68, 74
ജെന്നി 147–165
ജെഫേർസൺ 42, 51

ജെവൺസ് 166-7, 223
ജോർജ്ജ്, ലോയിഡ് 272-3
ജോർജ്ജ്, ഹെൻറി 173-180
ജോൺസൺ, സാമുവൽ 52
ടർഗൊ (ടർഗോട്ട്) 35, 51
ടെയ്ലർ, ജെ. ആർ. 179
ടോയിൻബി 162
ടൗൺഷെൻഡ് 49-50
ട്വെയിൻ, മാക്ക് 181
ഡാന 109
ഡാവൻപോർട്ട് 206
ഡിസ്റേലി 181
ഡോബ് 158
ഡേയിൽ 93
ഡെമോക്രാററിക്ക് സോഷ്യലിസം 113-134
ഡൂറിങ് 143
ഡിഫൊ, ഡാനിയേൽ 45
ഡ്യൂപോൺണ്ട് 43, 51
ഡ്രെയിക്ക് 29, 33
ത്യൂനൻ 20
ദാരിദ്ര്യം ധനം 58-9
ധനശാസ്ത്രം മൂശയിൽ 1-35
ധൂത്തടിക്കൽ 201
നവോത്ഥാനം 29, 31
നാളെ 8
നെഹ്റു 273
നെക്കർ 112
നെയ്ത്തുവ്യവസായം 23
ന്യൂഡീൽ 112
ന്യൂഹാർമണി 96
പട്ടിണി 7
പിഗു 217
പിക്കാസൊ 216
പിൽസൂഡ്സ്കി 152
പാരമ്പര്യം 10
പാപ്പർമാർ 25-6
പാലി, വില്യം 67
പെററി, വില്യം 17
പിററ് 64, 67
പ്ലാങ്ക്, മാക്സ് 222
പുതിയ പനി 32
പ്രകൃതി 41
പ്രൂധോൺ 110, 151
ഫാഷിസം 2 3-4, 232
ഫൂറിയർ 99, 106-9
ഫുള്ളർ, മാർഗരററ് 109
ഫിസിയോക്രാററിസം 42-3
ഫിഷർ, ഇർവിങ് 213-4
ഫ്രാൻസ് 13, 16, 22
ഫ്രാൻസ്, അനാറേറാൾ 111
ഫ്രാങ്ക്ളിൻ 52, 122
ഫോർസ്റ്റർ, ഇ. എം. 218
ഫ്യൂഡലിസം 21-2, 38
ഫ്യൂഗ്ഗർ കുടുംബം 18
ഫ്രൈ, റോജർ 218
ബക്ക്, എഡ്മണ്ട് 52, 64
ബട്ടൻ 23-4, 27
ബാദൻ ജില്ല 15
ബാർട്ടൻ 19
ബാറിങ് 71
ബാബീഫ് 99-100
ബാസ്റ്റിയ 168-173
ബർട്രസ്സ്, റെസ്സൽ 183
ബുള്ളിയണിസ്റ്റ്സ് 33, 39
ബോഡിൻ, ജീൻ 39
ബോസ്വൽ 49
ബോണാർ, ജേ. സ് 73
ബെൽ, ക്ലൈവ് 216

ബെറൽ–മീൻസ് 243-4 252, 259
ബെൺഹാ , ജേംസ് 245, 265
ബിങ്ങ്, ജോൺ 59
ബിസ്നസ്സ് സമ്പ്രദായം 203
" ചക്രം 211
ബൗവ്വർ ബ്രൂണൊ 142
ബൗവ്വർ, ബോം 167
ബ്രൂക്ക്, നോഹ 175
ബ്രിസ്ബെയിൻ 109
ബ്ലാങ്ക്, ലൂയി 110-111
മൺ, തോമസ്സ് 34, 39, 40
മക്കിയവെല്ലി 38-9
മർക്കൻടിലിസം 41, 54, 62
മത്സരം 56-65
മക്കുള്ളര'യൻ 96
മമറി, എ. എഫ്. 181
മത്സരത്തിൽനിന്നു ഭദ്രത 202-3
മാക്ററ് സമ്പ്രദായം 11-12
മാംത്തസ്സ് 66-86, 165, 224, 240, 250, 267, 270
മാക്കിൻടോഷ്, ജേംസ് 86
മാർക്സ്, കാറം 134-160, 165, 183, 190, 202, 215, 216 227, 232, 240, 252, 264 271
മാഷൽ, ആൽഫ്രഡ് 184-187, 214, 217, 235-6
മാൻഡ്‌വിൽ 167-8
മിസ്സിസ്സിപ്പി കമ്പനി 32
മിരാബൊ 42
മിൽ, ജെ. എസ്. 124-34, 157, 214, 224, 240, 264, 267
മിച്ചൽ, വെസ്‌ലി 207, 210-11
മിർഡൽ 215
മുതലാളിത്തം 33
മുസ്സലീനി 152, 232
മുക്കർജി, രാധാകമൽ 210
മൂന്നു മാർഗ്ഗങ്ങൾ 9-12
മൂന്നു ഘടകങ്ങൾ 19
മൂലധനം 20, 60
മെങ്കർ, കാറം 167
മെങ്കൻ, എച്ച്. എൽ. 207, 208
യുട്ടോപ്പിയ 61, 87-112
യൂട്ടിലിറേററിയനിസം 91-2
രാഷ്ട്രങ്ങളുടെ ധനം 52-65
രാഷ്ട്രീയഗണിതം 17, 33
ലഹായററ് 122
ലവാൽ 152
ലൺഡ്ബെർഗ്ഗ് 215
ലാഭം 11, 17-9
ലാഭേച്ഛ 31, 45, 55
ലാഭപൂജ 259-61
ലക്സംബർഗ്ഗ്, റോസ 183
ലിൻഡ്, റോബർട്ട് 201
ലിൻഡ്, ഹെലൻ 201
ലെസ്സപ്സ് 106
ലോ, ജോൺ 32
ലോക്ക്, ജോൺ 42
ലോംബെ 44
ലോപ്പോക്കോവ, ലിഡിയ 219, 221, 222, 232-34
ലെനിൻ 152, 233, 248
ലൂബിൻ ഇസഡോർ 207
ലിസ്റ്റ് ഫ്രെഡറിക 119-122
വർഗ്ഗസമരം 144-7
വാററ്, ജെയിംസ് 44, 49
വാംപോൾ, ഹൊരസ്സ് 49
വാക്കർ, സാമുവൽ 60, 180
വാഗ്നർ 158

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 330 : 109 Acc. No. 82011

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M 330.109
Cl.No. PET-D Acc.No. 82011
Author പീറ്റർ ഡെംസി
Title ധനശാസ്ത്ര പ്രവേശിക

M 330.109 82011
PET - D

പീറ്റർ ഡെംസി
ധനശാസ്ത്ര പ്രവേശിക
ജീവചരിത്രങ്ങളിലൂടെ